# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികൾ രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിന്റെ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകൾക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിന്റെ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിന്റെ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങൾ നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാഥമിക സർവ്വേകൾ തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകൾ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിന്റേതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിന്റെ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദന്തവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

*കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.*


### വാല്യം 1

**പാറശ്ശാല ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

### വാല്യം 2

**പെരുങ്കടവിള ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

### വാല്യം 3

**അതിയന്നൂർ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

### വാല്യം 4

**നേമം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

### വാല്യം 5

**തിരുവനന്തപുരം റൂറൽ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

### വാല്യം 6

**കഴക്കൂട്ടം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

### വാല്യം 7

**വെള്ളനാട് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

### വാല്യം 8

**നെടുമങ്ങാട് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

### വാല്യം 9

**വാമനപുരം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

### വാല്യം 10

**കിളിമാനൂർ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

### വാല്യം 11

**ചിറയിൻകീഴ് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

### വാല്യം 12

**വർക്കല ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

വാല്യം 13

## ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

വാല്യം 14

## കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

വാല്യം 15

## ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

വാല്യം 16

## വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

വാല്യം 17

## പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

വാല്യം 18

## അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

വാല്യം 19

## കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

വാല്യം 20

## ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

വാല്യം 21

## ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

വാല്യം 22

## അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

വാല്യം 23

## മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

വാല്യം 24

## ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

വാല്യം 25

## ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

വാല്യം 26

## മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

വാല്യം 27

## പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

വാല്യം 28

## കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

വാല്യം 29

## ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

വാല്യം 30

## റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

വാല്യം 31

## കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

വാല്യം 32

## പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

വാല്യം 33

## പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

വാല്യം 34

## കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

വാല്യം 35

## തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

വാല്യം 36

## പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

വാല്യം 37

## കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

വാല്യം 38

## ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

വാല്യം 39

## അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

വാല്യം 40

## ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ.
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

വാല്യം 41

## വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

വാല്യം 42

## ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

വാല്യം 43

## ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപ്പാട്
8. ചെറുതന
9. വീയപുരം

വാല്യം 44

## മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

വാല്യം 45

## ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

വാല്യം 46

## മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

വാല്യം 47

## വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരുത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

വാല്യം 48

## കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

വാല്യം 49

## ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

വാല്യം 50

## ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

വാല്യം 51

## ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

വാല്യം 52

## ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

വാല്യം 53

## പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

വാല്യം 54

## പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

വാല്യം 55

## മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

വാല്യം 56

## വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

വാല്യം 57

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

വാല്യം 58

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

വാല്യം 59

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

വാല്യം 60

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

വാല്യം 61

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

വാല്യം 62

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

വാല്യം 63

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

വാല്യം 64

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

വാല്യം 65

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

വാല്യം 66

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

വാല്യം 67

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

വാല്യം 68

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

വാല്യം 69

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കൂറപ്പടി

വാല്യം 70

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

വാല്യം 71

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൂതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

| വാല്യം 85 |
|---|

## ഒല്ലൂക്കര ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

| വാല്യം 86 |
|---|

## പുഴക്കൽ ബ്ലോക്ക്
*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

| വാല്യം 87 |
|---|

## മുല്ലശ്ശേരി ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

| വാല്യം 88 |
|---|

## തളിക്കുളം ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

| വാല്യം 89 |
|---|

## അന്തിക്കാട് ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

| വാല്യം 90 |
|---|

## ചേർപ്പ് ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കുർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

| വാല്യം 91 |
|---|

## കൊടകര ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

| വാല്യം 92 |
|---|

## ഇരിങ്ങാലക്കുട ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

| വാല്യം 93 |
|---|

## വെള്ളാങ്ങല്ലൂർ ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

| വാല്യം 94 |
|---|

## മതിലകം ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

| വാല്യം 95 |
|---|

## കൊടുങ്ങല്ലൂർ ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

| വാല്യം 96 |
|---|

## മാള ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

| വാല്യം 97 |
|---|

## ചാലക്കുടി ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

| വാല്യം 98 |
|---|

## തൃത്താല ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

| വാല്യം 99 |
|---|

## പട്ടാമ്പി ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. വിളയൂർ

### വാല്യം 100

## ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

### വാല്യം 101

## ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

### വാല്യം 102

## മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

### വാല്യം 103

## അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

### വാല്യം 104

## പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി

### വാല്യം 105

## കുഴൽമന്ദം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

### വാല്യം 106

## ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

### വാല്യം 107

## കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

### വാല്യം 108

## നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

### വാല്യം 109

## ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

### വാല്യം 110

## മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

### വാല്യം 111

## നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളിക്കാവ്

### വാല്യം 112

## കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

### വാല്യം 113

## വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

വാല്യം 114

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

വാല്യം 115

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

വാല്യം 116

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

വാല്യം 117

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

വാല്യം 118

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

വാല്യം 119

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

വാല്യം 120

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

വാല്യം 121

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

വാല്യം 122

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

വാല്യം 123

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

വാല്യം 124

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

വാല്യം 125

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

വാല്യം 126

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

വാല്യം 127

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

**വാല്യം 128**

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

**വാല്യം 129**

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

**വാല്യം 130**

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

**വാല്യം 131**

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പ ന ങ്ങാ ട്
8. കൂരാച്ചുണ്ട്

**വാല്യം 132**

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

**വാല്യം 133**

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

**വാല്യം 134**

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

**വാല്യം 135**

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

**വാല്യം 136**

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

**വാല്യം 137**

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

**വാല്യം 138**

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

**വാല്യം 139**

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

**വാല്യം 140**

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

വാല്യം 141

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

വാല്യം 142

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

വാല്യം 143

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

വാല്യം 144

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

വാല്യം 145

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ലി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

വാല്യം 146

## കുത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

വാല്യം 147

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

വാല്യം 148

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

വാല്യം 149

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

വാല്യം 150

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

വാല്യം 151

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

വാല്യം 152

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

# നഗരസഭകൾ

**വാല്യം 153**

## തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

**വാല്യം 154**

## കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

**വാല്യം 155**

## പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

**വാല്യം 156**

## ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

**വാല്യം 157**

## കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

**വാല്യം 158**

## ഇടുക്കി ജില്ല

1. തൊടുപുഴ

**വാല്യം 159**

## എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

**വാല്യം 160**

## തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

**വാല്യം 161**

## പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

**വാല്യം 162**

## മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

**വാല്യം 163**

## കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

**വാല്യം 164**

## വയനാട് ജില്ല

1. കൽപ്പറ്റ

**വാല്യം 165**

## കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

**വാല്യം 166**

## കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

# സമഗ്ര വികസന രേഖ

# അഗളി ഗ്രാമ പഞ്ചായത്ത്

सत्यमेव जयते






TRANSECT WALK - 13-11-1996 - 9 A.M. TO 4. P.M.

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി
# അഗളി ഗ്രാമപഞ്ചായത്ത്

ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ

# സമഗ്ര വികസനരേഖ

# അഗളി ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

| പേര് | | വാർഡുനമ്പർ | |
|---|---|---|---|
| 1. | കെ. ചെല്ലൻ | 1 | എസ്.ടി. സംവരണം |
| 2. | എൻ. സുലൈമാൻ | 2 | ജനറൽ |
| 3. | എസ്.കെ. ബാലകൃഷ്ണൻ | 3 | എസ്.സി. സംവരണം |
| 4. | ആർ. ഗോപാലൻ | 4 | ജനറൽ |
| 5. | ഇ. ജെ. ആന്റണി | 5 | ജനറൽ |
| 6. | റോസ്‌ലി മാത്യു | 6 | വനിതാസംവരണം |
| 7. | കെ. ആർ. രവീന്ദ്രദാസ് | 7 | ജനറൽ |
| 8. | വിജയസുധ | 8 | എസ്.ടി. വനിതാ സംവരണം |
| 9. | ലീലാദാസ് | 9 | വനിതാ സംവരണം |
| 10. | കെ. മല്ലൻ | 10 | എസ്. ടി. സംവരണം |
| 11. | രുഗ്മിണി രാജൻ | 11 | വനിതാ സംവരണം |
| 12. | സരളാസുന്ദരൻ | 12 | എസ്.ടി. വനിതാസംവരണം |
| 13. | എം. ഐ. ജോർജ് | 13 | ജനറൽ |

19

# സമർപ്പണം

നാടിൻെറ നൻമക്കായ് ഫലേച്ഛകൂടാതെ പ്രവർത്തിച്ച് ജീവപ്ലവമായപ്പോൾ ചേരിപ്രദേശത്തേക്ക് തള്ളപ്പെട്ടവനും തങ്ങളുടെ അദ്ധ്വാനശേഷി തുച്ഛവിലക്കു വിറ്റ് ജീവിക്കുന്ന തൊഴിലാളികളും മണ്ണിനെ പൊന്നാക്കി മാറ്റുന്ന കർഷകരും ഉൾപ്പട്ട പഞ്ചായത്തു നിവാസികളുടെ കരുത്തുറ്റ സംഘ ശക്തിക്കുമുന്നിൽ ഈ ഉത്തരവാദിത്വം നിറവേറ്റാനുള്ള നിങ്ങളുടെ ശക്തിയിൽ ഉള്ള ഉത്തമവിശ്വാസത്തോടെ അഗളി ഗ്രാമപഞ്ചായത്തിൻെറ ഈ സമഗ്ര വികസന രേഖ സമർപ്പിക്കുന്നു.


20

# പഞ്ചായത്ത് പൊതുവിവരം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | അഗളി ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | അഗളി, കള്ളമല. |
| ബ്ലോക്കുപഞ്ചായത്ത് | അട്ടപ്പാടി |
| അസംബ്ലി മണ്ഡലം | മണ്ണാർക്കാട് |
| വിസ്തീർണ്ണം | 310 ചതുരശ്ര കി.മി |
| അതിരുകൾ | വടക്ക്: ഭവാനിപ്പുഴ |
| | കിഴക്ക്: ശിരുവാണിപ്പുഴ |
| | തെക്ക്, പടിഞ്ഞാറ്: മണ്ണാർക്കാടുപഞ്ചായത്ത് |
| | ആകെ. എസ്.സി. എസ്.ടി |
| ജനസംഖ്യ: | 32738 1422 9507 |
| പുരുഷൻമാർ | 6937 730 4748 |
| സ്ത്രീ | 7082 692 4759 |
| ജനസാന്ദ്രത | 106 |
| അക്ഷരാഭ്യാസം ഉള്ളവർ | 19503 10479 പുരു 9024സ്ത്രീ |
| വാർഡുകൾ | 13 |
| പ്രസിഡണ്ടിന്റെ പേര് | രുഗ്മിണിരാജൻ |
| വൈസ് പ്രസിഡണ്ടിന്റെ പേര് | രവീന്ദ്രദാസ് |
| സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | സുലൈമാൻ. എൻ. |


സ്വന്തം രാജ്യത്തിന്റെ നിർമ്മിതിയിൽ തങ്ങൾക്കും ഫലപ്രദമായൊരു പങ്കുണ്ടെന്ന് പരമ ദരിദ്രനുപോലും അനുഭവപ്പെടുന്നൊരു ഭാരതം ഉയർന്ന വർഗ്ഗക്കാരോ താഴ്ന്ന വർഗ്ഗക്കാരോ ഇല്ലാത്തൊരു ഭാരതം. എല്ലാ സമുദായങ്ങളും പരിപൂർണ്ണ രഞ്ജിപ്പിൽ കഴിയുന്നൊരു ഭാരതം കെട്ടിപ്പടുക്കുന്നതിനുവേണ്ടി ഞാൻ പ്രവർത്തിക്കും

മഹാത്മാ ഗാന്ധി




എല്ലാവരുടേയും ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള വിഭവങ്ങൾ പ്രകൃതിയിലുണ്ട്. ആരുടേയും ദുരയെ തൃപ്തിപ്പെടുത്തുവാനുള്ളതൊട്ടില്ലതാനും.

മഹാത്മാ ഗാന്ധി



രാഷ്ട്ര ശിൽപി





ശ്രീ. ഇ.എം.എസ്.

ആസൂത്രണ ഉപദേശക സമിതി

ചെയർമാൻ



ശ്രീ.ഇ.കെ.നായനാർ

ആസൂത്രണ സമിതി ചെയർമാൻ

# ഭരണ സമിതി



ശ്രീമതി. രുഗ്മിണിരാജൻ

പഞ്ചായത്ത് പ്രസിഡണ്ട്



ശ്രീ. കെ.ആർ.രവീന്ദ്രദാസ്

വൈസ് പ്രസിഡണ്ട്



ശ്രീ. എൻ.സുലൈമാൻ

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



ശ്രീ. പി.വി.കരുണാകരൻ

സെക്രട്ടറി



വാർഡ് - 1

കെ.ചെല്ലൻ



വാർഡ് - 3

എസ്.കെ.ബാലകൃഷ്ണൻ



വാർഡ് -4

ആർ.ഗോപാലൻ



വാർഡ് - 5

.ജെ.ആന്റണി



വാർഡ് - 6

റോസിലി മാത്യു



വാർഡ് - 8

വിജയസുധ



വാർഡ് - 9

ലീലാദാസ്



വാർഡ് - 10

എം.മല്ലൻ



വാർഡ് - 12

സരളസുന്ദരൻ



വാർഡ് - 13

എം.ഐ.ജോർജ്ജ്

# വിഷയവിവരം


| വിഷയം | | പേജ് |
|---|---|---|
| 1. | ആമുഖം | 12 |
| 2. | സാമൂഹ്യസാംസ്കാരിക ചരിത്രം | 15 |
| 3. | കൃഷിയും ജലസേചനവും | 19 |
| 4. | മൃഗസംരക്ഷണം | 31 |
| 5. | വ്യവസായം | 42 |
| 6. | ഊർജ്ജം | 47 |
| 7. | ഗതാഗതം | 50 |
| 8. | വിദ്യാഭ്യാസം | 60 |
| 9. | പൊതുജനാരോഗ്യം | 70 |
| 10. | കുടിവെള്ളം | 73 |
| 11. | പാർപ്പിടം | 78 |
| 12. | സാമൂഹ്യക്ഷേമം | 82 |
| 13. | വനിതാ ക്ഷേമം | 86 |
| 14. | പട്ടിക ജാതി/ പട്ടികവർഗ്ഗക്ഷേമം | 89 |
| 15. | സംസ്ക്കാരം | 96 |
| 16. | സഹകരണം | 100 |
| 17. | വിഭവസമാഹരണം | 110 |
| 18. | പൊതുനിർദ്ദേശങ്ങൾ | 115 |
| 19. | ഉപസംഹാരം | 116 |

## പഞ്ചായത്തിൽ നിന്നുള്ള മറ്റു ജനപ്രതിനിധികൾ:

**ബ്ലോക്കു പഞ്ചായത്തു മെമ്പർമാർ**

സർവ്വശ്രീ:

1. റോസമ്മ സബാസ്റ്റ്യൻ
2. കെ.വി. ഇബ്രാഹിം
3. പി.സി. ബേബി
4. പാപ്പയ്യൻ എം.

**ജില്ലാപഞ്ചായത്തുമെമ്പർ**

ശ്രീ. പി. ചാമി

**എം.എൽ. എ.**

ശ്രീ. ജോസ് ബേബി

**എം.പി:**

ശ്രീ. എൻ. എൻ. കൃഷ്ണദാസ്

**എഡിറ്റിംഗ്**

| | | |
|---|---|---|
| 1. | രുഗ്മിണി രാജൻ | പഞ്ചായത്തുപ്രസിഡണ്ട് |
| 2. | കെ. ഷണ്മുഖൻപിള്ള | (ഡി. ആർ. പി.) |
| 3. | വി. ദാസ് | (ഡി. ആർ. പി.) |
| 4. | എം. എം. സിബി | കാരറ |
| 5. | പി.സി. ജോയി | കാരറ |
| 6. | ശ്രീ. ഉസ്മാൻ | (സോയൽ കണ്സർവേഷൻ) |
| 7. | ശ്രീ. ശശി | (കൃഷിഭവൻ) |
| 8. | കെ. കൃഷ്ണൻകുട്ടി | (ഐ.സി.ഡി.എസ്.) |
| 9. | കെ. കെ. വിജ.ൻ | (ഗോട്ട്ഫാം) |
| 10. | ശ്രീ. ഷാജി | (കൊ: ഓ. കോളേജ്, അഗളി) |
| 11. | ജെ. മത്തായിക്കുട്ടി | (കൊ. ഓ. കോളേജ്, അഗളി) |
| 12. | കുമാരി സുലേഖ | (പഞ്ചായത്തു ലൈബ്രേറിയൻ) |

## വിഷയവിവരം


| വിഷയം | | പേജ് |
|---|---|---|
| 1. | ആമുഖം. | |
| 2. | സാമൂഹ്യസാംസ്കാരിക ചരിത്രം | |
| 3. | കൃഷിയും ജലസേചനവും | |
| 4. | മൃഗസംരക്ഷണം | |
| 5. | വ്യവസായം | |
| 6. | ഊർജ്ജം | |
| 7. | ഗതാഗതം | |
| 8. | വിദ്യാഭ്യാസം | |
| 9. | പൊതജനാരോഗ്യം | |
| 10. | കുടിവെള്ളം | |
| 11. | പാർപ്പിടം | |
| 12. | സാമൂഹ്യക്ഷേമം | |
| 14. | പട്ടിക ജാതി/ പട്ടികവർഗ്ഗക്ഷേമം | |
| 15. | സംസ്ക്കാരം | |
| 16. | സഹകരണം | |
| 17. | വിഭവസമാഹരണം | |

# ആമുഖം

**1947** ആഗസ്റ്റ് 15 ാം തീയതി ഇന്ത്യ സ്വതന്ത്രയായി. അടിമത്തത്തിൻെറ നുകം ഇന്ത്യൻ ജനതയുടെ കൂട്ടായ്മയുടെ ശക്തിയും സമ്രാജ്യത്വത്തിനു ലോകത്തുണ്ടായ തിരിച്ചടി ഉളവാക്കിയ ക്ഷയവും മൂലം എടുത്തു മാറ്റാൻ കഴിഞ്ഞു. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ സർക്കാൻ അധികാരത്തിൽ വന്നു. രണ്ടു നൂറ്റാണ്ടു കാലചൂഷണം ചെയ്യപ്പെട്ട ഒരു രാജ്യം വികസന പ്രവർത്തന ങ്ങൾക്കു വേണ്ടി സഹായഭ്യർത്ഥനയുമായി മുതലാളിത്ത രാജ്യങ്ങളെ ആശ്രയിക്കേണ്ടി വന്നു. ഉപാധിരഹിത സഹായം ആരും തന്നില്ല. എന്നാൽ സോവ്യറ്റ് സോഷ്യലിസ്റ്റു റഷ്യ സഹായം വാഗ്ദാനം ചെയ്തു. അങ്ങിനെ ആ നാട്ടിലെ പഞ്ചപൽസരപ ദ്ധതികളുടെ രീതിയിൽ നമ്മളും പദ്ധതികൾ ആവിഷ്ക്കരിച്ചു.

സ്വാതന്ത്ര്യത്തിൻെറ 50 ാം വയസ്സിലേക്കു കടക്കു മ്പോഴും നമ്മൾ സമഗ്ര വികസനത്തിൻെറ നാലയല ത്തുതന്നെ. പദ്ധതികൾ മുകളിൽ നിന്ന് പ്രഖ്യാപിക്കുകയും ജനപങ്കാളിത്തം ഇല്ലാതെ ബ്യൂറോക്രസി പദ്ധതികൾ പൂർത്തിയാക്കുകയും ചെയ്തു. ഭരണഘടനാ വാഗ്ദാന ങ്ങളൊന്നും പ്രാവർത്തിക മാക്കപ്പെട്ടില്ല. ഭരണഘടന യിലെ നിർദ്ദേശകതത്വത്തിൽ പറയുന്ന അധികാരവി കേന്ദ്രീകരണം പോലും ഭാഗികമായി നടപ്പിലായത് 45-ാം വയസ്സിലാണ്. മതേതര ജനാധിപത്യസോഷ്യലിസ്റ്റ് ഇന്ത്യ' ഇന്നും മതേതരത്വം, ജനാധിപത്യം, സോഷ്യലിസം എന്നിവ ഉൾക്കൊണ്ടിട്ടില്ല. ഭൂപരിഷ്ക്കരണമോ മിച്ചഭൂമി വിതരണമോ ദാരിദ്ര്യനിർമ്മാർജ്ജനമോ സമ്പൂർണ്ണ സാക്ഷരതയോ ഒന്നും നേടാൻ ഇന്ത്യക്കു കഴിഞ്ഞിട്ടില്ല. എങ്കിലും ഇന്നത്തെ അവസ്ഥയിലേക്കെങ്കിലും ഇന്ത്യയെ എത്തിച്ചത് രാഷ്ട്രശില്പിയായ നെഹ്റുവിൻെറ ആസൂത്രിത പഞ്ചപൽസര പദ്ധതികളാണ്.

പക്ഷെ, ആ ആസൂത്രണം മുകളിൽനിന്നും കീഴോട്ടാ യിരുന്നു. പല ഘടകങ്ങളിലും ഇന്ത്യയുടെ മറ്റു സംസ്ഥാന ങ്ങളിൽനിന്നും വ്യത്യസ്ഥമായ കേരളം അതായത് ഭൂപരിഷ്ക്ക രണം നടത്തിയ, സൗജന്യവിദ്യാഭ്യാസം നടപ്പിലാക്കിയ, സമ്പൂർണ്ണ സാക്ഷരതനേടിയ മതേതരത്വവും ജനാധിപത്യവും നിലനിർത്തിയ കേരളം നമ്മുടെ തലകുത്തി നില്ക്കുന്ന ആസൂത്രണത്തെ നേരെ നിർത്താൻ നിശ്ചയിച്ചിക്കുന്നു. ത്രിതല പഞ്ചായത്തു സംവിധാനത്തിലൂടെ പദ്ധതിയടങ്കൽ തുകയുടെ 35.40 ശതമാനം ജനങ്ങൾ ചർച്ചചെയ്തു സ്വരൂപി ക്കുന്ന വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാനായി നീക്കിവച്ചിരിക്കുന്നു. ലോകത്തിനുതന്നെ മാതൃകയായ ഈ രീതിയെയാണ് ജനകീയാസൂത്രണം എന്ന പേരിലറിയ പ്പെടുന്നത്.

കാട്ടിൽനിന്ന് കാട്ടിലേക്ക് റോഡുവെട്ടി പണം കൈപ റ്റിയും ഒരേ റോഡിൻെറ സ്ഥലനാമം മാറ്റി എഴുതി പുതിയ റോഡാ ക്കിമാറ്റിയും പണിപൂർത്തിയാക്കാതെ മുഴവൻ പണം കൈപറ്റിയും 500 രൂപയുടെ ആനുകൂല്യത്തിൻ 100 രൂപാകൈ ക്കൂലിചോദിച്ചുവാങ്ങിയും അഴിമതിക്ക് കുപ്രസിദ്ധിയാർജിച്ച അഗളി പോലുള്ള പഞ്ചായത്തിൽ ജനകീയാസൂത്രണം പ്രാവർത്തികമാകുന്നതോടെ അഴിമതിക്ക് കടിഞ്ഞാണിടാൻ കഴിയും എന്നതിൽ തർക്കമില്ല. ജാതിമതരാഷ്ട്രീയ വ്യത്യാസമില്ലാതെ ജനങ്ങൾ ഒറ്റക്കെട്ടായി നാടിൻെറ വികസന പ്രക്രിയയിൽ പങ്കാളി കളാകുമ്പോൾ ഉണ്ടാകുന്ന നേട്ടമാണിത്. 9-ാംപഞ്ചവൽസര പദ്ധതി നടപ്പിലാകുമ്പോൾ ജനപങ്കാളിത്തം,

നടത്തിപ്പിനെക്കുറിച്ചുള്ള വിശകലനം, വിലയിരുത്തൽ, സാമൂഹ്യ കണക്കുപരിശോധന എന്നിവ നടപ്പിലാകുന്നു. അതോടെ അഴിമതിക്ക് കടിഞ്ഞാണ് വീഴുകയും നിർമാണ പ്രവർത്തനത്തിന് ഗുണമേൻമ ഉണ്ടാവുകയും ചെയ്യുന്നു.

പുനർപ്പണദിനത്തോടനുബന്ധിച്ച് ചിന്നപ്പറമ്പിൽ താറുമാറായികിടന്നിരുന്ന റോഡ് ഗതാഗതയോഗ്യമാക്കി (5.5 കി.മി. ദൂരം) പണിതീർത്ത സംഭവം ജനങ്ങളുടെ ഐക്യത്തിൻെറയും ആവേശത്തിൻെറയും ഉത്തമോദാഹരണമാണ്.

പദ്ധതിവിഹിതമായി പഞ്ചായത്തിനുകിട്ടുന്നതുക, പഞ്ചായത്തിൻെറ നികുതി ജില്ലാ പഞ്ചായത്തുകൾ വഴി നടപ്പാക്കുന്ന പദ്ധതികൾ, ബ്ലോക്കുപഞ്ചായത്തുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ, ബ്ലോക്കു പഞ്ചായത്തുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ, സംസ്ഥാനസർക്കാർ നേരിട്ടു നടത്തുന്ന വികസന പ്രവർത്തനം, കേന്ദ്രഗവൺ മെണ്ടിൽ നിന്നും ലഭിക്കുന്ന ടി. എസ്സ്. പി ഫണ്ട് ഇ. എ. എസ്സ് ഫണ്ട് മറ്റുവികസന ഏജൻസികൾ മുഖേന ലഭിക്കുന്ന ഫണ്ട് ഡി.പി. ഇ. പി. ചിലവഴിക്കുന്നത്, എച്ച്. ഡി. എസ്സ് (ഹിൽ ഏരിയ ഡവലപ്മെൻറ് സൊസൈറ്റി ജപ്പാൻ ഫണ്ട്) ഇതിനു പുറമേ ജനങ്ങൾ സംഭാവനയായും, വിഭവമായും, പ്രവർത്തിയായും നല്കുന്ന സേവനം, മറ്റു സന്നദ്ധ പ്രവർത്തനങ്ങൾ ഇങ്ങനെ വലിയ ഒരു തുകയുടെ വികസന പ്രവർത്തനമാണ് നടക്കാൻ പോകുന്നത്.

പഞ്ചായത്തിൻെറ കാർഷികമേഖല, ജനവാസം, ജലസ്രോതസ്സ് മൺതരം എന്നിവയെക്കുറിച്ചറിയാൻ ഒരു പഠനപര്യടനം നടത്തുകയുണ്ടായി. ശ്രീ. വി. ദാസ്, കെ. ഷണമുഖൻ പിള്ള, രവീന്ദ്രദാസ്(വൈ. പ്രസി) മല്ലൻ (മെമ്പർ) തങ്കച്ചൻ, ഭൂപനേന്ദ്രൻ രാജീവ്, സജിജോൺ എന്നിവർ ഭവാനിപ്പുഴയോരത്തുനിന്ന് (താവളം) യാത്ര ആരംഭിച്ചു. ദിക്കുകളറിയാൻ വടക്കുനോക്കിയന്ത്രവും വിവരങ്ങൾ രേഖപ്പെടുത്താൻ ഭൂപടവും കരുതിയായിരുന്നു. യാത്ര. താവളത്തുനിന്നും കൂക്കംപാളയം, റാവുട്ടൻ മല, കണ്ടിയൂർ, ദുണ്ടൂർ, ദോണിഗുണ്ട, കാരണ, പോത്തുപ്പാടിവഴി ശിരുവാണിപ്പുഴയിൽ (17 കി.മി ദൂരം) എത്തി പര്യടനം അവസാനിപ്പിച്ചു. നെടുകെ യാത്ര സംഘടിപ്പിച്ചില്ല. പര്യടനവേളയിൽ കൃഷിക്കും കുടിവെള്ളത്തിനും ഉപയോഗിക്കാവുന്ന ജലസ്രോതസ്സ് കണ്ടെത്താനും ഭൂമിയുടെ ചരിവ്, ജനവാസം കരിമണ്ണ്, മണൽ കലർന്ന മണ്ണ് ചെമ്മണ്ണ്, തരിശു സ്ഥലം, കൃഷിരീതി കൃഷി ഇനം എന്നിവ നേരിട്ടുബോധ്യപ്പെട്ട് ഇവ സൂചിപ്പിക്കുന്ന ഭൂപടം ഉണ്ടാക്കി. നാടിൻെറ ഒരു ക്രോസ് സെക്ഷൻ കണ്ടെത്താൻ കഴിഞ്ഞു. നാടിൻെറ ഭൂ സംബന്ധമായ വിവരം ശേഖരിക്കാനുള്ള ലളിതമായ ഈ രീതി ഇന്നാട്ടുകാർക്ക് ഒരു പുത്തനറിവായിരുന്നു. (1 ഭൂപടം, 2, ഗ്രാഫ്)

പുതിയ പഞ്ചയത്തീരാജ് സംവിധാനത്തിൽ പഞ്ചായത്തു രൂപീകരിക്കപ്പെട്ടു എങ്കിലും പഞ്ചായത്തു വികസസമിതിയും വാർഡുതല വികസന സമിതിയും രൂപീകരിക്കപ്പെട്ടിട്ടില്ല. ഇത്തരം സമിതികൾ രൂപീകരിക്കുകകയും വികസന പ്രവർത്തനത്തിന് നേതൃത്വം നല്കാൻ തയ്യാറാക്കുകയും വേണ്ടതാണ് അതുപോലെ പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകരുടെ ഒരു സമിതിയും, ആരോഗ്യരംഗത്തും, വിദ്യാഭ്യാസരംഗത്തും സാംസ്ക്കാരിക രംഗത്തും ത്യാഗബുദ്ധിയോടും സേവന തല്പരതയോടും പ്രവർത്തിക്കുന്ന കർമ്മ സമിതികളും രൂപീകരിച്ചുപ്രവർത്തിക്കണം. ശുചിത്വം, വിദ്യാഭ്യാസ നിലവാരം, മദ്യപാനം, വികസന പ്രവർത്തനങ്ങൾക്കുള്ള വിവിധ സ്കീമുകൾ എന്നിവയെക്കുറിച്ചുള്ള ബോധവൽ ക്കരണം നിശ്ചയദാരഢ്യത്തോടെ നടപ്പിലാക്കേണ്ടതാണ്.

വികസന പ്രവർത്തനങ്ങളെ കുറിച്ചുള്ള പഞ്ചായത്തു തലവിവരം എല്ലാ ഡിപ്പാർട്ടുമെൻറുകളും പ്രത്യേകം രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. പൊതുജനങ്ങൾക്കു പരിശോധിക്കാവുന്ന രീതിയിൽ പഞ്ചായത്തിൽ നടത്തുന്ന വികസന പ്രവർത്തനങ്ങളുടെയും ക്ഷേമപ്രവർ ത്തനങ്ങളുടെയും വരുമാനത്തിൻെറയും വിവരം പ്രത്യേകം രേഖപ്പെടുത്തി പ്രത്യേക മുറിയിൽ സൂക്ഷിക്കപ്പെടുന്നു. തികച്ചും ജനകീയമെന്നർത്ഥം.

1996 സെപ്തംബർ 27 മുതൽ ഒക്ടോബർ വരെ ദിവസങ്ങളിലായി ഗ്രമസഭകൾ ചേർന്നു. 109 പേർ മുതൽ 316 പേർ വരെ പങ്കെടുത്ത ഗ്രമസഭകൾ സജീവമായിരുന്നു. തങ്ങളുടെ ഗ്രമത്തിൻെറ

## ഗ്രാമസഭകൾ ചേർന്നതിൻെറ വിവരം

| വാർഡ് | സ്ഥലം | തീയതി | പങ്കെടുത്തവർ |
|---|---|---|---|
| 1. | ജയ തിയേറ്റർ കോട്ടത്തറ | 27.9യ96 | 118 |
| 2. | പഞ്ചായത്തു കമ്മ്യുണിറ്റി ഹാൾ ഭൂതി വഴി | 3.10.96 | 233 |
| 3. | സ്റ്റാർ തിയേറ്റർ അഗളി | 4.10.96 | 142 |
| 4. | ജി. ടി. എസ്. കൗണ്ടിക്കൽ | 30.9.96 | 167 |
| 5. | യുവശക്തിക്ലബ് ദോണി ഗുണ്ട് | 7.10.96 | 175 |
| 6. | ജി.എൽ. പി. എസ്. കാരറ | 5.10.96. | 250 |
| 7. | കതിരംപതി ഊര് | 8.10.96 | 240 |
| 8. | വിമലഭവൻ എൽ. പി. എസ്. ചിറ്റൂർ | 5.10.96 | 110. |
| 9. | മൗണ്ട് കാർമൽ എച്ച്. എസ്. ജല്ലിപ്പാറ | 2.10.96 | 286 |
| 10. | ഗീതാതിയേറ്റർ താവണം | 28.9.96 | 177 |
| 11. | ജി.യു. പി. എസ്. കുക്കംപാളയം | 02.10.96 | 316 |
| 12. | ജി. എൽ. പി. എസ്. കുക്കംപാളയം | 29.9.96 | 156 |
| 13. | സെൻറ് ജോർജസ് എൽ.പി. എസ്. കള്ളമല. | 6.10.96 | 236 |

സമഗ്ര വികസനത്തിന് രൂപരേഖയുണ്ടാക്കാൻ കക്ഷിരാഷ്ട്രീയത്തിനും ജാതിമത ഭേദത്തിനും അതീതമായി ഒരുപുതിയ വികസന സംസ്ക്കാരം രൂപം കൊണ്ടതിൻെറ ഉത്തമ ദൃഷ്ടാന്തമാണ് ഗ്രമസഭകൾ. ഗ്രാമസഭകളിൽ നിന്നുലഭിച്ച നിർദ്ദേശങ്ങളും സർക്കാൻ ഡിപ്പാർട്ടുമെൻറുകളിൽനിന്നു ലഭ്യമായ ദ്വിതല സ്ഥിതിവിവരകണക്കും 8-ാം പദ്ധതികയുടെ ഡിപ്പാർട്ടുമെൻറ് റിവ്യു റിപ്പോർട്ടും പഠന പര്യടനത്തിൽ കണ്ട വസ്തുതാ വിവരവും ചേർത്ത് പഞ്ചായത്തുതലത്തിൽ ക്രോഡീകരിക്കപ്പെട്ട കരടുരേഖ 25.11.96 നു ചർച്ച ചെയ്തു. കരടുചർച്ചാ യോഗം പ്ലാനിംഗ് സെക്രട്ടറി ശിവാനന്ദ് ഐ. എ. എസ്. ഉദ്ഘാടനം ചെയ്തു. ചർച്ചയിൽ പങ്കെടുക്കുകയും ചെയ്തു ജില്ലാകലക്ടർ ശ്രീ. എസ്.ജി.കെ. കിഷോർ ഐ. എ. എസ്. യോഗത്തെ അഭിവാദ്യം ചെയ്തു. ചർച്ചയിലൂടെരൂപപ്പെടുത്തിയ റിപ്പോർട്ട് 26.11.96ന് പഞ്ചായത്തുസമിതി ചില പുതിയ നിർദ്ദേശങ്ങൾ കൂട്ടിചേർത്ത് അംഗീകരിച്ചു. ആ വികസനരേഖയാണ് ഈ സെമിനാറിൽ സമർപ്പിക്കുന്നത്.

# 2
# സാമൂഹ്യ സാംസ്ക്കാരിക ചരിത്രം

കേരള സംസ്ഥാനത്തിൽ പാലക്കാടു ജില്ലയിൽ കണ്ണാർക്കാടു താലൂക്കിലെ അട്ടപ്പാടി ബ്ലോക്കു പഞ്ചായത്തിലുള്ള അഗളി ഗ്രാമപഞ്ചായത്ത് ഒരു പിന്നോക്ക പ്രദേശമാണ്. അഗളി പഞ്ചായത്തിൻ വ്യക്തമായ അതിരിട്ടു കൊണ്ട് കിഴക്കോട്ട് ഒഴുകുന്ന ഭവാനിപ്പുഴയും ശിരുവാണിപ്പുഴയും പഞ്ചായത്തിൻെറ കിഴക്കുവടക്കു മൂലയിൽ ഒന്നുചേർന്ന് തമിഴ്നാട്ടിലൂടെ ഒഴുകി ബംഗാൾ ഉൾക്കടലിൽ പതിക്കുന്നു. കുന്നുംമലയും താഴ്വരയും മലയിടുക്കും കാടും ചേർന്ന കനകം വിളയുന്ന ഭൂമിയാണു ഈ പ്രദേശം സൈലൻറ് വാലി വടക്കു പടിഞ്ഞാറ് അതിരിടുന്നു. വൻ കാടുകളും നീരൊഴുക്കുകളും കൊണ്ട് ഹരിത ശോഭയാർന്ന ഈ പ്രദേശം പട്ടികവർഗ്ഗവിഭാഗം ജനങ്ങൾ മാത്രം പാർത്തിരുന്ന സ്ഥലമാണ്. ഇപ്പോള കുടിയേറ്റ കർഷകരും പട്ടിക ജാതി പട്ടിക വർഗ്ഗവിഭാഗവും കൂടാടായ് ജീവിക്കുന്ന ഇന്ത്യയുടെ ഒരു പരിഛേദമായിട്ടുണ്ട്. വിവിധ ഭാഷകളും സാംസ്ക്കാരവും മതങ്ങളും സൗഹാർദ്ധമായി കഴിഞ്ഞു കൂടുന്ന ഈ പ്രദേശം മതേതര ഇന്ത്യയുടെ സാംസ്ക്കാരിക പാരമ്പര്യം ഉൾക്കൊള്ളുന്നു.

ഈ പഞ്ചായത്ത് അടുത്ത കാലംവരെ ചരിത്ര താളു കളിൽ സ്ഥാനം പിടിച്ചിരുന്നില്ല. 1980-നു ശേഷം ലോക ശ്രദ്ധയാകർഷിക്കുന്ന സംഭവവികാസങ്ങൾ ഉണ്ടായിട്ടു മുണ്ട്. രാഷ്ട്രീയ സാമൂഹ്യപ്രവർത്തകരിൽനിന്നും നാട്ടറിവുകളുടെ അടിസ്ഥാനത്തിലും ചില ഡിപ്പാർട്ടുമെൻറു രേഖകളിൽ നിന്നും ലഭ്യമായ ചില പഴയ കാല സംഭവങ്ങളും വസ്തുതകളുമാണ് ഈ പഞ്ചായത്തിൻെറ ചരിത്രമായികണക്കാക്കാവുന്നത്.

1956 നവംബർ ഒന്നിന് ഐക്യകേരളം രൂപപ്പെടുന്ന തുവരെ അഗളി പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശം മുഴുവൻ മദ്രാസ് സ്റ്റേറ്റിൻെറ കീഴിലായിരുന്നു. വള്ളുവനാടു താലൂക്കിലായിരുന്നു ഈ പഞ്ചായത്ത് ഉൾപ്പെട്ടിരുന്നത് എന്നാൽ വള്ളവനാടൻ സാംസ്കാരിക പാരമ്പര്യം ഒട്ടില്ലാതാനും. കേരള രൂപീകരണത്തോടെ പെരിന്തൽമണ്ണ താലൂക്കിലും, മലപ്പുറം ജില്ല രൂപീകരിച്ചതോടെ മണ്ണാർക്കാടു താലൂക്കിലും പെട്ടു.

ഇന്ന് അഗളി പഞ്ചായത്തിലുള്ള ജനസംഖ്യയിൽ 29 ശതമാനം മാത്രമെ പട്ടികവർഗ്ഗമായ ആദിമ നിവാസികളു ള്ളു. കുറുമ്പ, മുഡുഗ, ഇരുള വിഭാഗത്തിൽ പ്പെട്ട ആദിമ നിവാസികളിൽ കുറമ്പ വിഭാഗം വൻകാടു കളിൽ താമസിച്ചിരുന്നവരാണ്. ഇന്നും ഈ വിഭാഗം വന പ്രദേശങ്ങളിൽ നിന്നും ഇറങ്ങിവരാൻ വിസമ്മതിക്കുന്നു. എന്നാൽ മുഡുഗ ഇരുളാ വിഭാഗത്തിൽപെട്ടവർ തമിഴ് ചുവയുള്ള ഭാഷ സംസാരിക്കുന്നവരും ജനങ്ങളുമായി ഇടപെടുവാൻ വൈഷമ്മ്യം പ്രകടിപ്പിക്കാത്ത വരുമാണ്. 1600-1700 കാലഘട്ടത്തിൽ ടിപ്പുവിൻെറ പടയോട്ടകാല ത്ക്കാരമട, കോയമ്പത്തൂർ ഭാഗത്തു നിന്നും ഭയന്ന് അട്ടപ്പാടിവനപ്രദേശത്തേക്ക് ഓടിപ്പോന്നവരിൽപ്പെട്ട താണ്. മുഡുഗ, ഇരുള വിഭാഗം എന്നാണ് നാട്ടറിവ്. വഡുഗർ എന്ന പിന്നോക്ക വിഭാഗവും ഈ കൂട്ടത്തിൽ പ്പെടും. ഇവർ കിണ്ണക്കര ഭാഗത്തുനിന്നും വന്നവരാണ്. ബ്രിട്ടീഷു ഭരണക്കാലത്തം സായ്പിൻെറ എസ്റ്റേറ്റിൽ പണിയെടുക്കാൻ കൊണ്ടുവരപ്പെട്ടവരും ആർ. എൻ. പാലാ ട്ടിൻെറ പണിക്കാരായ് വന്നവരുമാണ് ഇന്ന് അട്ടപ്പാടിയിലുള്ള തമിഴ് ജനവിഭാഗത്തിൻെറ മുൻഗാമികൾ എന്ന് കരുതപ്പെടുന്നു. അട്ടപ്പാടി പ്രദേശം കേരളത്തിൽ പെട്ടതിനുംശേഷമാണ് കൂടുതൽ മലയാളി സെറ്റിലെഴ്സ് കുടിയേറിപ്പാർത്തത്.

ഈ പ്രദേശത്തു താമസിച്ചിരുന്ന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ആദിമനിവാസികൾ വളക്കൂറുള്ള മണ്ണിൽ മാറി മാറി കൃഷി ചെയ്തും വനവിഭവങ്ങൾ ശേഖരിച്ചും ജീവി

ച്ചുപോന്നു. കൂട്ടായി താമസിച്ചിരുന്നതുകൊണ്ട് ആ സ്ഥലം ഊര് എന്നു വിളിച്ചിരുന്നു. ഊരുമൂപ്പനും ഭണ്ഡാരിയും മണ്ണുക്കാരനും അടങ്ങുന്ന ഒരു നേതൃനിര പരമാധികാരമുള്ള ഭരണ നേതൃത്വം ആയിരുന്നു. ലിപി ഇല്ലാത്ത സംസാര ഭാഷ ഉപയോഗിച്ച് ആശയ വിനിമയം നടത്തി യിരുന്നു. ഈ സ്വൈര ജീവിതത്തിന് ഭംഗം നേരിട്ടിട്ട് ഏതാണ്ടു ഒന്നരനൂറ്റാണ്ടാകുന്നു.

ഏകദേശം 1860 നോടടുത്ത് കോഴിക്കോട് സാമൂതിരി മണ്ണാർക്കാടു മൂപ്പിൽ സ്ഥനത്തിൻ വലിയ പൂഞ്ചോലയു (ഭവാനിപ്പുഴ) ചെറിയ പൂഞ്ചോലയും (ശിരുവാണിപ്പുഴ) ഉൾക്കൊള്ളുന്ന അട്ടപ്പാടി പ്രദേശം നല്കപ്പെട്ടതോടെ ജൻമ മൂപ്പിൽ നായർക്കായി മാറി. കിണ്ണക്കര, മൂത്തി ക്കുളം കലടിക്കോടുവരെ നീണ്ടുകിടക്കുന്ന ഭൂഭാഗം മുഴുവനും മൂപ്പിൽ നായരുടെ ജൻമഭൂമിയായി, മാറി. ജൻമിയുടെ കാര്യസ്ഥർ അട്ടപ്പാടിയിൽ ആധിപത്യം സ്ഥാപിച്ചതോടെ ഈ ഭൂവിഭാഗം അസ്വസ്ഥമേഖലയായി മാറി. മദ്രാസ് സ്റ്റേറ്റിൻറ കീഴിലായി രുന്നപ്പോൾ 'കൊട്ടക്കാടുകരം' (ആവണക്കു കൃഷിക്കുള്ള കരം) എന്ന ഒരു കരം മാത്രമെ ഉണ്ടായിരുന്നുള്ളൂ എന്ന് പറയപ്പെടുന്നു. മൂപ്പിൽ നായർ 5000 ഏക്കർ സ്ഥലം പാർക്കർ സായ്പിൻ ലീസിനു കൊടുത്തതായി പറയപ്പെടുന്നു (ഇപ്പോഴത്തെ ഭവാനി എസ്റ്റേറ്റ്) ഒമ്മല, കള്ളമല ഭാഗം മണ്ണാർക്കാട്ടുള്ള കുഞ്ഞ യൻ സാഹിബിൻ ലീസിനു കൊടുത്തിരുന്നതായി അറിയുന്നു. അവിടെ പ്രവേശനം പാസ്സ് മൂലം നിയന്ത്രിച്ചിരുന്നു. കുറുപ്പധി കാരി ആയിരുന്നു. ആദ്യത്തെ അധി കാരി. അധികാരി സ്ഥാനം പാരമ്പര്യവകാശമായിരുന്ന. മേനോൻ സ്ഥാനം മേനോൻമാർക്കു മാത്രമെ ലഭിച്ചിരുന്നുള്ളൂ.

ഒരു കൊത്തുക്കാടിൻ 3 രൂപാ ജൻമിഭോഗമായി കൊടുക്കമായിരുന്നു. (ഈ കൊത്തു ക്കാടുതന്നെയാണോ മുകളിൽ സൂചിപ്പിച്ച കൊട്ടുക്കാടു കരം എന്നു സംശയിക്കേണ്ടിയിരിക്കുന്നു). ജൻമിയുടെ ഭൂമിയിൽ വീടുവച്ചു കൃഷി ചെയ്യുന്നതിനു മാത്രമെ ജനങ്ങൾക്കു അവകാശമുണ്ടാ യിരുന്നുള്ളൂ. വളർത്തു മൃഗങ്ങളുടെ ചാണകംപോലും ഉപയോഗിക്കാൻ അവകാശമുണ്ടായിരുന്നില്ല. പുളികാട്ട് ഏലം, ചാണകം, പുളിഞ്ചിക്ക, കൊഴിഞ്ഞ മാൻ കൊമ്പ്, ആനക്കൊമ്പ് എന്നിവ ശേഖരിക്കാൻ മൂപ്പിൽ നായർ കരാറുകൊടുക്കുക യായിരുന്നുപതിവ്. 'സിഗരറ്റ്സുബ്ബയ്യൻ' എന്ന ഒരാളായിരുന്നു മുഖ്യ കരാറുകാരൻ സ്വന്തം വളപ്പിലുള്ള പുളി പറിയ്ക്കാനോ ചാണകം ഉപയോഗിച്ച് കൃഷി ചെയ്യാനോ സാധിക്കാത്തതിലും കാടുവെട്ടിത്തെളിച്ച് കൃഷി നിലം ഒരുക്കാൻ ജൻമിയെ പ്രീണിപ്പിക്കേണ്ടിവരുന്നതിലും അമർഷം ഉണ്ടായിരുന്ന ജനവിഭാഗം 1950-നു ശേഷം പ്രതിഷേധങ്ങൾ പ്രകടിപ്പിച്ചു തുടങ്ങി. പുളിപറിക്കാനും ചാണകം ഉപയോഗിക്കാനും ഭൂമിയിൽ അവകാശം സ്ഥാപിക്കാനും തങ്ങൾക്ക് അവകാശമുണ്ടെന്ന ബോധം മലയാളികൾ കുടിയേറ്റക്കാരായ് വന്നതോടടെയാണ് വ്യാപകമായത്. 1955 കാല ഘട്ടത്തിൽ പുളിപറിക്കാനുള്ള അവകാശം സ്ഥാപിക്കാ നുള്ള സമരം തുടങ്ങിയതായി പഴമക്കാർ ഓർമ്മിക്കുന്നു. കരാറുകാരനെ പുളി പറിക്കുന്നതിൽ നിന്നും തടസ്സപ്പെടുത്തിയതിൻ ജൻമിയുടെ ആളുകൾ കുതിരപ്പുറത്തുവന്ന് ചാട്ടകൊണ്ട് അടിച്ച് ഓടിച്ചിരുന്നു. 1962 ൽ കൊങ്ങശ്ശേരി കൃഷ്ണൻ പുളി മരത്തിൽ അധികാരം സ്ഥാപിക്കാനും ജൻമിയുടെ മർദ്ദനത്തിനും എതിരായി ജനങ്ങളെ സംഘടി പ്പിക്കുകയും നിരാഹാരം അനുഷ്ടിക്കുകകയം ചെയ്ത തായി വ്യക്തമായും ഇന്നാട്ടുകാർ നന്ദിപൂർവ്വം സ്മരിക്കുന്നുണ്ട്. അതോടൊപ്പം തന്നെ ഭൂമിയിൽ അവകാശം സ്ഥാപിക്കാനും സമരം നടന്നിരുന്നു. ഈ ഭൂസമരവുമായി ബന്ധപ്പെട്ട് അറസ്ററുവരിച്ച് 20 ദിവസം ജയിലിൽ കിടന്നിരുന്ന ഗിരി വർഗ്ഗക്കാരിൽ ഇന്നു ജീവിച്ചിരിക്കുന്നത് കാവുണ്ടിക്കൽ ഊരിലെ ശ്രീ. ബിണ്ണൻ, മാത്രമാണ്. 'എങ്കൾ ഭൂമി എങ്കൾക്ക് എന്തുവ ന്നാലും വിടമാട്ടെ' എന്ന മുദ്രാവാക്യം പട്ടികവർഗ്ഗവി ഭാഗം ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട സമരചരിത്രത്തിൻെറ സ്മാരകമായിര ഇന്നും പ്രതിധ്വനിക്കുന്നു. ജനിച്ചുവളർന്ന മണ്ണിൽ അവകാശം സ്ഥാപിച്ച് ക്രയവിക്രയം നടത്താനുള്ള സ്വാതന്ത്ര്യം ലഭിച്ച് ആദ്യത്തെ കേരള മന്ത്രസഭ ഓർഡിനൻസിലൂടെ ഒറ്റ പാട്ടക്കാരനും ഒഴിപ്പിക്കപ്പെടരുത് എന്നു പ്രഖ്യാപി ച്ചതിനു ശേഷമാണ്. എന്നിട്ടും വൈകിമാത്രമെ അതായത് വീണ്ടും സമരം ചെയ്തു മാത്രമെ അത് സ്ഥാപിച്ചെടുക്കാൻ കഴിഞ്ഞതുള്ളു. പാട്ടച്ചീട്ട് എന്നു പറയപ്പെടുന്ന എം. ആർ. മാത്രമാണ് അതുവരെ കൈവശം തെളിയിക്കാനു ണ്ടായിരുന്നു ഏക രേഖ.

മദ്രാസ് സ്റ്റേറ്റായിരുന്ന കാലത്ത് നടന്ന ആദ്യത്തെ തെരഞ്ഞെടുപ്പിൽ ഈ പഞ്ചായത്തുൾപ്പെടുന്ന നിയോജക മണ്ഡലത്തിൽ നിന്നും ഇടതു പക്ഷസ്ഥആനാർത്ഥിയായ കെ. സി. ഗോപാനുണ്ണി സ്വന്തം സഹോദരനനെത്തന്നെ പരാജയപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ടു. കേരള രൂപീകര ണത്തിനു ശേഷം നടന്ന ആദ്യത്തെ തെരഞ്ഞെടുപ്പിലും ഇടതു പക്ഷസ്ഥാനാർത്ഥികൊങ്ങശ്ശേരി കൃഷണനാണു തെരഞ്ഞെടുക്കപ്പെട്ടത്.

1962-ൽ പഞ്ചായത്തു രൂപീകരിക്കപ്പെട്ടപ്പോൾ അട്ടപ്പാടിക്കാകെ ഒരു പഞ്ചായത്തായിരുന്നു. ആദ്യത്തെ

പഞ്ചായത്തു പ്രസിഡണ്ട് ശ്രീ. കന്തസ്വാമി ആയിരുന്നു. ആ പഞ്ചായത്തു ബോർഡിൽ മാരിമുത്തു, ആണ്ടി, കൊറ്റായി, സൊടുങ്കമുപ്പൻ, രങ്കൻ, കാശിമുത്തു, രാമസ്വാമി കൗണ്ടർ എന്നിവർ മെമ്പർമാരായിരുന്നു. 3. പട്ടികവർഗ്ഗമെമ്പർമാർ ഉണ്ടായിരുന്നു. പിന്നീട് അട്ടപ്പാടി മൂന്നു പഞ്ചായത്തായി വിഭജിക്കപ്പെട്ടു. 1969 മുതൽ 1982 വരെ ശ്രീ. കൊറ്റായി ആയിരുന്നു പ്രസിഡണ്ട്. '82 മുതൽ '89 വരെ ശ്രീ. വി. എം. അബ്രഹാം പ്രസിഡണ്ടായിരുന്നു. '89 മുതൽ '95 വരെയുള്ള ബോർഡിൽ ബാബുതോമസ്സ് രണ്ടുവർഷവും ശ്രീ. മുരുകേശൻ 3 വർഷവും പ്രസിഡണ്ടായി. ശ്രീ. മുരുകേശൻ പ്രസിഡണ്ടായിരിക്കെ അപകടത്തിൽ മരണപ്പെട്ടതുമൂലം ശ്രീ. അല്ലൻ പ്രസിഡണ്ടിൻെറ ചാർജ്ജ് വഹിച്ചിരുന്നു.

ഈ പ്രദേശത്തെ പ്രധാന ആഘോഷം ശിവരാത്രി ദിവസമുള്ള മല്ലീശ്വരൻ വിളക്കാണ്. മുൻകാലങ്ങളിൽ കോഴിക്കോടു സാമൂതിരി മല്ലീശ്വരൻ കൊടുമുടിയിൽ വിളക്കുവയ്ക്കാനുള്ള എണ്ണയും തിരിയും കൊടുത്തിരുന്നു. മല്ലീശ്വരൻ മുടിയിലെ കത്തുന്ന വിളക്ക് കോഴിക്കോട്ടുനിന്നാൽ കാണാം എന്നുള്ളത് സത്യമാണ്. വ്രതം നോറ്റ് ആണ് ഉൽസവത്തിൽ പങ്കെടുക്കുന്നത് .മൂപ്പിൽ സ്ഥാനത്ത് കാഴ്ചവയ്ക്കുന്ന പതിവും ഉണ്ടായിരുന്നു. ഈ പ്രദേശത്തുകാർ പണ്ട് പങ്കെടുത്തിരുന്ന മറ്റൊരുൽസവമാണ മണ്ണാർക്കാടുപൂരം. അന്ന് ഇവിടെനിന്നും വട്ടികവർഗ്ഗവിഭാഗം ധാന്യങ്ങൾ മൂപ്പിൽ സ്ഥാനത്തിന് കാഴ്ചവയ്ക്കുകയും പകരം ഭക്ഷണത്തിനുള്ള അരിയും മറ്റുസാധനങ്ങളും മൂപിപതി സ്ഥാനം നല്കുകയും ചെയ്യുമായിരുന്നു. പൂരത്തോടനുബന്ധിച്ച് ചെട്ടിവേല എന്ന ഒരു ഇനം ഉണ്ട്. തമിഴ്നാട്ടിൽ നിന്ന് അട്ടപ്പാടിവഴി മണ്ണാർക്കാടെത്തിയ ചെട്ടിയാർമാരെ മൂപ്പിൽ നായർ സ്വീകരിച്ചംഗീകരിച്ച് താമസിപ്പിച്ചതിൻെറ ഓർമ്മയ്ക്കായാണ് ചെട്ടിവേല നടക്കുന്നത്. തമിഴ് നാട്ടിൽനിന്ന് മണ്ണാർക്കാട്ടേയ്ക്കുള്ള യാത്രയിൽ ചെട്ടിയാർമാർ അട്ടപ്പാടിയിൽ താവണം അടിച്ച സ്ഥലമാണ് ഇന്നത്തെ അഗളി പഞ്ചായത്തിലെ താവളം എന്നും ടിപ്പുസുൽത്താൻ താവളം അടിച്ച സ്ഥലമാണ് എന്നും രണ്ടഭിപ്രായമുണ്ട്. പട്ടികവർഗ്ഗം പൂരത്തിനുവരുമ്പോൾ കൊണ്ടുവരുന്ന അധിക ധാന്യങ്ങൾ കുറഞ്ഞ വിലയ്ക്കു ശേഖരിച്ച് അധിക വിലയ്ക്കു വിറ്റ് പണക്കാരായതാണ് ചെട്ടിയാർമാരിൽ ഇന്നത്തെ ധനികരിൽ മിക്കവരും.

1939 -42 കാലത്ത് സ്ഥാപിച്ച മൂന്നു സ്കൂളുകളിലാണ് അന്ന് വിദ്യാഭ്യാസം ആരംഭിച്ചത് . ഇന്ന് സർക്കാർ എയിഡഡ്, അൺഎയിഡഡ് മേഖലകളിലായി 16 സ്കൂളുകൾ ഉണ്ട്.

ആദ്യകാല ആധ്യാപകർ വേലായുധൻ മാസ്റ്ററും ഗോപാലകൃഷ്ണൻ മാസ്റ്ററും ആണ്.

ലോക ശ്രദ്ധയാകർഷിച്ച സംഭവമായി അറിയപ്പെടുന്നത് മൂച്ചിക്കുണ്ട് മരംമുറിയും സൈലൻറ് വാലി പദ്ധതിയും ആയി ബന്ധപ്പെട്ട പ്രക്ഷോഭങ്ങളാണ്. വി. എം. അബ്രഹാം (പഞ്ചായത്തു പ്രസിഡണ്ട്) നേതൃത്വം നല്കിയ ആ പ്രക്ഷോഭസമരങ്ങളുടെ ഭാഗമായും മറ്റു പരിസ്ഥിതി പ്രവർത്തകരുടെ സഹായത്താലും വനം കൊള്ളയുടെ ആക്കം കുറയ്ക്കാനും സൈലൻറ് വാലി പദ്ധതി ഉപേക്ഷിക്കാനും ഇടയായി. പകരം അന്നത്തെ പ്രധാനമന്ത്രി ആയിരുന്ന ശ്രീമതി. ഇന്ദിരാഗാന്ധി സൈലൻറുവാലി നാഷണൽ പാർക്കായി പ്രഖ്യാപിക്കുകയും ചെയ്തു.

1959-ലാണ് ആദ്യത്തെ ബസ്സ് സർവ്വീസ് ആരംഭിച്ചത്. കല്ലടി ബസ്സ് ആണ് ആദ്യം സർവ്വീസ് നടത്തിയത്. 1961-ലെ മലയിടിച്ചിലിൽ താല്ക്കാലികമായി ബസ്സ് സർവ്വീസ് മുടങ്ങി. അന്നത്തെ കലക്ടർ മാധവമേനോൻ ഇടിഞ്ഞമലമാന്തിച്ച് രക്ഷാപ്രവർത്തനം നടത്തുകയുണ്ടായി. 1967 ലാണ് കെ. എസ്സ്. ആർ. ടി.സി. ബസ്സ് ആദ്യമായി വരുന്നത്.

കൂടപ്പെട്ടിയിൽ ആനപിടിക്കാൻ വാരിക്കുഴി ഉണ്ടായിരുന്നു. കരാറുകൊടുത്താൻ ആനയെ പിടിക്കാം. കിട്ടുന്ന ആനയെ കെട്ടുന്ന സ്ഥലമാണ് ആനകെട്ടി. യഥാർത്ഥത്തിൽ ആനകെട്ടി ഇന്നത്തെ ഗുളിക്കടവാണ്. ഗുളിക്കടവും നക്കുപതിയും. കേരള രൂപീകരണത്തോടെ ആനകെട്ടി അതിർത്തി സ്ഥലമായിമാറി.

അധികാരിപ്പടിയിൽ നിന്നും കൃഷിയാവശ്യത്തിൻ കിളച്ചപ്പോൾ കിട്ടിയ പീരങ്കി കോഴിക്കോട് ഹജൂർ കച്ചേരിയിൽ സൂക്ഷിച്ചിട്ടുണ്ട്. ഇന്നത്തെ വില്ലേജാഫീസ് ഇരിക്കുന്ന സ്ഥലത്തും കോട്ടത്തായിലും കോട്ടയുണ്ടാ യിരുന്നു എന്നു കരുതപ്പെടുന്നു. സായ്പ് താമസിച്ചിരുന്ന ഓടിട്ടവലിയ വീടിനാണ് കോട്ട എന്ന് പറയപ്പെട്ടിരുന്നത്. മണ്ണാർക്കാട്ടുനിന്നും മുക്കാലിയിൽ എത്തിയാൽ ഒരു ഊരിൽ നിന്ന് അടുത്ത ഊരിലേക്ക് മൂപ്പൻെറ നേതൃത്വ ത്തിൽ എടുത്തുകൊണ്ടുപോയിരുന്നു. സായ്പിൻെറ മുഴുവൻ ചെലവും മൂപ്പിൽനായർ വഹിച്ചിരുന്നു.

1960-നും ശേഷമാണ് ആശുപത്രിയും പോലീസ്

സ്റ്റേഷനും ഉണ്ടായത്. മലേറിയ ഉണ്ടായിരുന്നു. ഇന്നാട്ടുകാർ ബ്രിട്ടീഷുകാരാനായ ഡോ: മാറാസായ്പിനേയും ഭാര്യയേയും ഇന്നും ഓർമ്മിക്കുന്നുണ്ട്.

ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധി ഇവിടം സന്ദർശിച്ചിട്ടുണ്ട്. അതുമൂലം നായ്ക്കർ പടിയിൽ ഒരു ഹെലിപ്പാട് ഉണ്ട്. മുൻ പ്രധാനമന്ത്രി ചന്ദ്രശേഖറിന് ഇവിടെ പദയാത്ര കേന്ദ്രം എന്നറിയപ്പെടുന്നസ്വന്തം സ്ഥലം ഉണ്ട്. ഇടക്കിടെ സന്ദർശിക്കാറുമുണ്ട്.

ഇൻഡ്യൻ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് ഇവിടെ പ്രക്ഷോഭ സമരങ്ങളൊന്നും ഉണ്ടായിട്ടില്ല. അഗളി രങ്കയ്യകൗണ്ടർ ഗ്രാമഫോണ് ഉണ്ടായിരുന്നു. തമിഴ്നാട്ടിൽ നിന്നും വരുൻ സ്വാതന്ത്ര്യസമര പ്രവർത്തകർ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട ഗ്രാമഫോൺ റിക്കാർഡുകൾ കേൾപ്പിച്ചി രുന്നു. ഗാന്ധിജിയുടെ പല്ല് കൊഴഞ്ഞ സംഭവം ഗ്രാമ ഫോണിലൂടെ കേട്ടറിഞ്ഞതായി ബിണ്ണൻ ഓർമ്മിക്കുന്നു.

നമ്മുടെ ചരിത്രപഠനരീതി വിചിത്രമാണ്. അമേരി ക്കൻ പ്രസിഡണ്ടിൻെറ പേര് നമ്മൾക്കറിയാം. ഡയാന യുടെ കാമുകൻെറ പേരറിയാം. എന്നാൽ 13 ാം വാർഡു കാർക്ക് 1 ാം വാർഡുമെമ്പറിൻെറ പേരറിയില്ല. മുത്തച്ഛൻെറ അച്ഛൻെറ അച്ഛൻെറ പേരറിയില്ല. 25 വർഷംമുമ്പു അയൽ പക്കത്തുതാമസിച്ചവരുടെ പേരറിയില്ല. ഈ സാഹചര്യത്തിൽ പിന്നോക്ക പ്രദേശമായ അട്ടപ്പാടിയിൽ ചരിത്ര രേഖകളൊന്നുമില്ല. ഡിപ്പാർട്ടുമെൻറടിസ്ഥാന ത്തിലും പൂർവ്വ ചരിത്രം ഇല്ല. നാട്ടറിവിനെ ആശ്രയിച്ചാണ് ഈ രേഖ ഉണ്ടാക്കിയത്. ഇന്നുനിസ്സാരമെന്നു തള്ളുന്ന പലതും നാളെ ചരിത്ര സംഭവമാകാം. അതുകൊണ്ട് വസ്തതകൾ സൂക്ഷിച്ചുവയ്ക്കുന്നതിനും അതുവരും തലമുറയെ പഠിപ്പിക്കുന്നതിനു തയ്യാറാവുകയും വേണം.

# 3
# കൃഷി ജലസേചനം

**310** ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ള അഗളി പഞ്ചായത്ത് പാലക്കാട് ജില്ലയുടെ വടക്ക് കിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്നു. ഭവാനിപ്പുഴ ഈ പഞ്ചായ ത്തിൻെറ വടക്ക് ഭാഗത്തും ശിരുവാണിപ്പുഴ പഞ്ചായ ത്തിൻെറ കിഴക്ക്ഭാഗത്തും മണ്ണാർക്കാട് പഞ്ചായത്ത് തെക്ക് പടിഞ്ഞാറും ഈ പഞ്ചായത്തിൻ അതിരിടുന്നു. പശ്ചിമഘട്ടപർവ്വതനിരകളുടെ ഭാഗമാണ് ഈ പഞ്ചായത്ത് സമതലങ്ങളും നിമ്നോന്നത പ്രദേശങ്ങളും ചേർന്ന ഭൂമിയുടെ പൊതുവായ ചരിവ് വടക്ക് കിഴക്കോട്ടാണ്. മൊത്തം ഭൂവിസ്തൃതിയുടെ 47 ശതമാനവും മുപ്പത്തിയഞ്ച് ശതമാനത്തിൽ കൂടുതൽ ചരിവുള്ള പ്രദേശങ്ങളാണ്. 40 ശതമാനം പതിനഞ്ച്മുതൽ 35 ശതമാനം വരെ ചരിവുള്ളതും മൂന്ന് ശതമാനത്തോളം 5 മുതൽ 10 വരെ ശതമാനം ചരിവുള്ളതും ബാക്കി 5 ശതമാനത്തിൽ താഴെ ചരിവുള്ളതുമാണ്.

ശരാശരി വർഷപാതം 900 മില്ലിമീറ്ററാണ് പടിഞ്ഞാറൻ ഭാഗങ്ങളിൽ ശരാശരിയിലും കൂടുതൽ മഴലഭിക്കുന്നു ണ്ട്. (മുക്കാലിഭാഗം 2360 മില്ലിമീറ്റർ). ശരാശരി ഊഷ്മാവ് 23 $0^C$ മുതൽ 33 $0^C$വരെയാണ്. മൊത്തം 5314 കർഷക കുടുംബ ങ്ങളാണുള്ളത്.

പ്രധാനമായും കരിമണ്ണ്, ചുവന്നമണ്ണ്, ചരൽ കലർന്ന മണ്ണ്, ചെളിമണ്ണ്, മണൽകലർന്ന മണ്ണ് എന്നിവയാണ് കണ്ടു വരുന്നത്. ചില പ്രദേശങ്ങളിൽ മണ്ണ് നനയുമ്പോൾ പശയുള്ളതായും ഉണങ്ങുമ്പോൾ പാറപോലെ ഉറച്ചതായും മാറുന്നു. പരുത്തി, നിലക്കടല, തെങ്ങ്, കമുക്, കുരുമുളക്, വാഴ, നെല്ല്, കശുമാവ്, കാപ്പി, ഏലം, കരിമ്പ്, റബ്ബർ തുടങ്ങി എല്ലാത്തരം കൃഷികളും ചെയ്തുവരുന്നു. കൃഷി യോഗ്യമായ ഭൂമിയുടെ ഏതാണ്ട് പകുതി മാത്രമേ കൃഷിചെയ്യുന്നുള്ളൂ.

| ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
|---|---|
| ഒരു ഹെക്ടറിൽ താഴെ | 1634 |
| ഒരുഹെക്ടറിനും 2 ഹെക്ടറിനും ഇടയിൽ | 1110 |
| 2 ഹെക്ടറിൻ മുകളിൽ | 2570 |
| ആകെ | 5314 |

ആവലംബം: സെക്കണ്ടറി ഡാറ്റ

| നമ്പർ | കൃഷി | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|---|
| 1 | നെല്ല് | 120 |
| 2 | തെങ്ങ് | 350 |
| 3 | കമുക് | 250 |
| 4 | കുരുമുളക് | 2000 |
| 5 | കശുമാവ് | 200 |
| 6 | പരുത്തി | 950 |
| 7 | നിലക്കടല | 950 |
| 8 | വാഴ | 250 |
| 9 | ഇഞ്ചി | 250 |
| 10 | മഞ്ഞൾ | 150 |
| 11 | കപ്പ | 500 |
| 12 | കരിമ്പ് | 45 |
| 13 | കാപ്പി | 810 |
| 14 | ഏലം | 110 |
| 15 | റബ്ബർ | 150 |
| 16 | പയർ വർഗ്ഗങ്ങൾ | 515 |
| 17 | റാഗി, ചോളം തുടങ്ങിയവ | 200 |
| 18 | മറ്റ് കിഴങ്ങ് വർഗ്ഗങ്ങൾ | 150 |
| 19 | പച്ചക്കറിവിളകൾ | 100 |
| 20 | മറ്റുള്ളവ | 150 |
| | ആകെ | 8200 |

അവലംബം: കൃഷിഭവൻ രേഖകൾ.

ജെല്ലിപ്പാറ, കുറുക്കൻകുണ്ട്, ഒമ്മല, പാറ വളവ് തുടങ്ങിയ സ്ഥലങ്ങൾ തേയിലകൃഷിക്ക് യോജിച്ചതാണെങ്കിലും അതിനുള്ള ശ്രമങ്ങൾ നടന്നുകാണുന്നില്ല. മഴയെ ആശ്രയിച്ചാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. ജലസേചന സൗകര്യം പഞ്ചായത്ത് പ്രദേശത്ത് വളരെ പരിമിതമാണ്. പഞ്ചായത്തിൻെറ ഒരു ഭാഗത്ത് വരൾച്ചയു ള്ളപ്പോൾ മറുഭാഗത്ത് അതിവർഷം മൂലം വിളകൾ നശിക്കുന്നത് സർവ്വസാധാരണമാണ്.

## പ്രധാനകൃഷികളുടെ അവസ്ഥയും പ്രശ്നങ്ങളും:

### 1. നെല്ല്:

ഒന്നാം വിളയായി 120 ഹെക്ടർസ്ഥലത്തും രണ്ടാം വിളയായി 100 ഹെക്ടർ സ്ഥലത്തുമാണ് നെല്ല് കൃഷി ചെയ്തുവരുന്നത്. പ്രധാനവിത്തിനങ്ങൾ മസൂറി, കുഞ്ഞൂ ഞ്ഞ്, I-R.50, I-R-20, പവിഴം, ഐശ്വര്യ എന്നിവയാണ് ചുരുക്കം സ്ഥലങ്ങളിൽ അത്യുല്പാദന ശേഷിയുള്ള സങ്കരയിനം വിത്തുകളും ഉപയോഗിക്കുന്നു. ശരാശരി ഉല്പാദനം ഒന്നാം വിളയ്ക്ക്ഹെക്ടറിൻ 2800 കി. ഗ്രാമുംസ്ഥണ്ടാം വിളയ്ക്ക് 3100 കി. ഗ്രാമുമാണ്.

കൃഷിഭവൻെറ കീഴിൽ ഇപ്പോൾ കക്കുപ്പടിയിൽ മാത്രമേ പാടശേഖരസമിതി രജിസ്റ്റർ ചെയ്തിട്ടുളളു.

#### പ്രശ്നങ്ങൾ:

ജലസേചനത്തിനുളള സൗകര്യക്കുറവ്.

തൊഴിലാളികളെ കിട്ടാനില്ല. ഉള്ളവർക്ക് കൂലികൂടുതൽ

രാസവള - കീടനാശിനിളുടെ അമിതമായ വില.

കാലാവസ്ഥയുടെ അസന്തുലിതാവസ്ഥ, വന്യമൃഗങ്ങളുടെ ശല്യം, നല്ല വിത്തിനങ്ങൾ കിട്ടുന്നില്ല.

പെതുവേ നെൽ കൃഷി ലാഭകരമല്ലാത്തതിനാൽ കർഷകർ വാഴ, കമുക്, തെങ്ങ് എന്നീ കൃഷികളിലേക്ക് തിരിയുന്നതിനാൽ ക്രമാനുഗതമായി നെൽകൃ കുറഞ്ഞുവരുന്നു.

### 2. തെങ്ങ്:

ഭവാനി, ശിരുവാണിപ്പുഴകളുടെ തീരപ്രദേശങ്ങളിലാണ് പ്രാനമായും ഈ കൃഷി കേന്ദ്രീകരിച്ചിരിക്കുന്നത്.

കൂടുതലും നാടൻ ഇനങ്ങളാണ് കൃഷി ചെയ്യുന്നത്. ചില പ്രദേശങ്ങളിൽ തെങ്ങുകൾ തമ്മിലുള്ള അകലം തൃപ്തികരമല്ല. പൊതുവെ ശരാശരി ഉല്പാദനം 62 എണ്ണമാണ്. ജല സേചന സൗകര്യമുള്ള സ്ഥലങ്ങളിൽ ഇതിലും കൂടുതത് ലഭിക്കാറുണ്ട്. പുതുതായി ധാരാളം സ്ഥലങ്ങളിൽ തെങ്ങ് കൃഷി വ്യാപിച്ച് വരുന്നുണ്ട്. ഉയർന്ന തോതിലുള്ള സബ് സിഡിയാണ് ഈ വർദ്ധനവിന് കാരണമെന്ന് അനുമാനിക്കാം. കൃഷി ഭവന്റെ ആഭിമുഖ്യത്തിൽ അംഗീകാരമുള്ള രണ്ട് നഴ്സറികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽനിന്നും ഗുണമേൻമയേറിയ തൈകൾ മിതമായ വിലയ്ക്ക് ലഭിക്കുന്നുണ്ട്.

കുമ്പ് ചീയലാണ് തെങ്ങിനെ ബാധിക്കുന്ന പ്രധാന രോഗം. തക്കസമയത്ത് പ്രതിവിധി ചെയ്തില്ലെങ്കിൽ തെങ്ങ് പാടെ നശിച്ച് പോകും. ചെമ്പൻചെല്ലി, കൊമ്പൻ ചെല്ലി എന്നീ കീടങ്ങളുടേയും ആക്രമണം കണ്ട്വരുന്നുണ്ട്.

**പ്രശ്നങ്ങൾ:**

പഞ്ചായത്തിനുള്ളിൽ ഒരൊറ്റ കേരസംക്ഷണ സമിതിയേ പ്രവർത്തിക്കുന്നുള്ളു. പ്രവർത്തന മേഖല വിസ്തൃതമായതിനാൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്നില്ല.

നാളികേര വികസബോർഡിൽനിന്നും അുവദിക്കുന്ന സബ്സിഡിയഥാകാലം ലഭിക്കുന്നില്ല.

തെങ്ങിന് രോഗം ബാധിച്ചിട്ടുണ്ടോയെന്നറിയാൻ ഇടയ്ക്കിടയ്ക്ക് തെങ്ങിൽ കയറാൻ കഴിവുള്ളവരെ കിട്ടാനില്ല. കയറുന്നവർക്ക് കൂലി കൂടുതൽ

ജല സേചനാവശ്യത്തിൻ പമ്പ് സെറ്റ്, കുളം എന്നിവയ്ക്ക് ധനസഹായം ലഭിക്കാനുള്ള ബുദ്ധിമുട്ട്.

രോഗബാധയെ തുടർന്ന് നശിക്കുന്ന തെങ്ങിന് മതിയായ നഷ്ടപരിഹാരം ലഭിക്കുന്നില്ല.

നാളികേരത്തിനും മറ്റ് ഉല്പന്നങ്ങൾക്കും ന്യായമായ വില ലഭിക്കുന്നില്ല.

**3. കമുക്:**

കള്ളമല, ജെല്ലിപ്പാറ, ഒമ്മല, ദോണിഗുണ്ട്, കാരറ, ചിറ്റൂർ, മുക്കാലി തുടങ്ങിയ, മഴ ധാരാളം ലഭിക്കുന്ന പ്രദേശങ്ങളിലാണ് കമുക് കൃഷി വ്യാപകമായിട്ടുള്ളത്. അടയ്ക്കക്ക് സാമാന്യം നല്ല വില ഇപ്പോൾ കിട്ടുന്നുണ്ട്. പണ്ട് അട്ടപ്പാടി അടയ്ക്കക്ക് ഡിമാൻഡ് കുറവായിരുന്നു. മാഹാളി രോഗബാധ എല്ലാ സ്ഥലങ്ങളിലും കണ്ടുവരുന്നു. ജില്ലയുടെ ഇതര ഭാഗങ്ങളിൽ നിന്നും ഇവിടെ വന്ന് തോട്ടങ്ങൾ പാട്ടത്തിനെടുത്തവർ കൃത്യമായി മരുന്ന് തളിച്ച് കൊണ്ടിരിക്കുന്നതിനാൽ രോഗബാധ ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിഞ്ഞു. ഒരു ഹെക്ടറിൽ നിന്നും ശരാശരിയുല്പാദനം ഏകദേശം 11 ടണ്ആണ്. കാസറ ഗോഡൻ, മംഗള എന്നിവയ്ക്ക് പുറമേ ചില സ്ഥലങ്ങളിൽ സുമംഗള, മോഹിത് നഗർ എന്നിവയും പ്രചരിച്ച് വരുന്നു.

**പ്രശ്നങ്ങൾ:**

രോഗബാധയ്ക്കെതിരെ മരുന്ന തളിക്കാൻ ചെലവ് കൂടുതൽ, തൊഴിലാളികളുടെ ലഭ്യത കുറവ്. കൂലി കൂടുതൽ.

നല്ലയിനം നടീൽ വസ്തുക്കൾ സമയത്തിന് കിട്ടുന്നില്ല.

വിപണകേന്ദ്രങ്ങളുടെ അപര്യാപ്തതമൂലം ന്യായമായ വില ലഭിക്കുന്നില്ല. കർഷകർ ചൂഷണത്തിൻ വിധേയ രാവുന്നു.

**4. കുരുമുളക്:**

ഒരുകാലത്ത് കർഷകന് ഏറ്റവും കൂടുതൽ സാമ്പത്തിക നേട്ടം ഉണ്ടാക്കിക്കൊടുത്തിരുന്ന ഈ കൃഷിയുടെ ഇപ്പോഴത്തെ നിലവളരെ ശോചനീയമാണ്. ദ്രുതവാട്ടം കാരണം 800 ഓളം ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണ മായും നശിച്ചുകഴിഞ്ഞു. തന്നിമിത്തം കർഷകർ മറ്റ് കൃഷികളിലേക്ക് തിരിയാൻ നിർബന്ധിതരായി. തനി കൃഷികൂടാതെ തെങ്ങ്, കമുക് എന്നിവയിൽ ഇടവിളയായും വീട്ടുവളപ്പുകളിലും കുരുമുളക് കൃഷി ചെയ്തു വരുന്നു. പ്രധാന ഇനങ്ങൾ കരിമുണ്ട, പന്നിയൂർ 1, ചെറിയ കാണിക്കാൽ, നീല മുണ്ടി, അറക്കളം മുണ്ടി, ബാരൻ കോട്ട, ഉതിരൻകോട്ട എന്നിവയാണ് അത്യുല് പാദന ശേഷിയുള്ളതും രോഗ-കീട പ്രതിരോധ ശക്തിയുൾവതുമായ പുതിയ ഇനങ്ങൾ ഇവിടെ വേണ്ടത്ര പ്രചാരത്തിലില്ല. മൂന്ന് കുരുമുളക് സംരക്ഷണസമിതികൾ പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്നുണ്ട്.

**പ്രശ്നങ്ങൾ:**

അടിക്കടിയുണ്ടാടവുന്ന പ്രകൃതിക്ഷോഭങ്ങൾ താങ്

കാലുകളെ നശിപ്പിക്കുന്നു.

ധ്രുതവാട്ടം മൂലം വഞാപകമായി കൃഷി നശിച്ച് കൊണ്ടിരിക്കുന്നു.

നല്ലയിനം നടീൽവസ്തുക്കൾ ലഭിക്കുന്നില്ല.

തുരിശ്, കുമ്മായം, കുമിൾനാശിനി എന്നിവയ്ക്ക് വില കൂടുതൽ

മതിയായ നഷ്ടപരിഹാരം ലഭിക്കുന്നില്ല.

റോക്കർ സ്പെയറുകൾ വാങ്ങാൻ കർഷകർക്ക് കഴിയുന്നില്ല.

കുരുമുളക് പുനരുദ്ധാരണ പുതുകൃഷി പദ്ധതികൾ കാര്യക്ഷമമല്ല.

ശാസ്ത്രീയമായി കുരുമുളക് സംസ്ക്കരിക്കുന്നതിനുള്ള അറിവില്ലായ്മ മൂലം ഗുണമേൻമകുറയുന്നു. വിലകുറയുന്നു.

മാർക്കറ്റ് വിലകിട്ടുന്നില്ല. കച്ചവടക്കാർ ഒത്ത് കളിച്ച് കൃത്രിമമായി വില ഇടിക്കുന്നു.

**5. കശുമാവ്:**

കൂടുതലും നാടൻ ഇനങ്ങളാണ് കൃഷി ചെയ്യുന്നത് വരൾച്ചയെ അതിജീവിക്കാൻ കഴിവുള്ളതും ഉർജ്ജിത പരിചരണമുറകൾ ആവശ്യമില്ലാത്തതുമായ ഒരു കൃഷിയാണിത്. അട്ടപ്പാടിയിലെ മൊട്ടക്കുന്നുകളെ പച്ചപിടിപ്പിക്കാൻ പറ്റിയ ഒരു കൃഷിയാണിത്. സമുദ്രനിരപ്പിൽ നിന്നുള്ള ഉയരക്കൂടുതലും കാലാവസ്ഥയുടെ പ്രത്യേകതയും കൊണ്ട് സീസൺ വൈകിയാണ് ഇവിടെ കശുമാവ് പൂക്കുന്നത്. ഇതുമൂലം തോട്ടണ്ടിയുടെ ഗുണത്തേയും തദ്വാര വിലയേയും സാരമായി ബാധിക്കുന്നു. തേയില കൊതുകിൻെറ ആക്രമമാണ് ഈ കൃഷിയെ ബാധിക്കുന്നത്.

**പ്രശ്നങ്ങൾ:**

ഭൂപ്രകൃതിക്ക് അനുയോജ്യമായി, നേരത്തെ പുഷ്പിക്കുന്ന തരം നടീൽ വസ്തുക്കൾ ലഭിക്കുന്നില്ല.

ഇപ്പോൾ നടന്ന് വരുന്ന കശുമാവ് വ്യാപനപദ്ധതി അപര്യാപ്തമാണ്.

തേയിലകൊതുകിൻെറ ആക്രമണത്തിനെതിരെ കൃഷിഭവൻ വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സസ്യസംരക്ഷണപദ്ധതികൾ പരിമിതമാണ്.

സീസണിൽ തോട്ടണ്ടി സംഭരിക്കാൻ നടപടിയില്ല.

സർക്കാർ നിശ്ചയിക്കുന്നു വില ലഭിക്കുന്നില്ല.

**6. പരുത്തി:**

കാലാവസ്ഥ അനുകൂലമായാൽ വളരെ ലാഭകരമായ കൃഷിയാണിത്. കേരളത്തിൽ അട്ടപ്പാടി, ചിറ്റൂർ, കൊഴിഞ്ഞാമ്പാറ പ്രദേശങ്ങളിലാണ് പരുത്തികൃഷിയുള്ളത്. പരുത്തികൃഷിക്ക് അനുയോജ്യമായ കരിമണ്ണ് പഞ്ചായത്തിൻെറ മിക്കഭാഗങ്ങളിലും കണ്ടുവരുന്നു. മഴയെ ആശ്രയിച്ചാണ് പ്രധാനമായും ഇവിടെ പരുത്തി കൃഷി ചെയ്യുന്നത്. ചിലസ്ഥലങ്ങളിൽ ജലസേചനം നടത്തിയും കൃഷി ചെയ്യുന്നുണ്ട്. സാധാരണയായി മേയ് ജൂണ് മാസങ്ങളിലാണ് കൃഷിയിറക്കുന്നത്. ഡിസംബർ മുതൽ ഫെബ്രുവരി വരെയാണ് വിളവെടുപ്പ് കാലം. ശരാശരി ഉല്പാദനം ഒരു ഹെക്ടറിൽ നിന്നും ഒരു ടണ്ണാണ്. ജലസേചന സൗകര്യമുള്ളിടങ്ങളിൽ 1500 കിലോഗ്രാം വരെ കിട്ടാറുണ്ട്.

കീടങ്ങളുടെ ആക്രമണമാണ് ഈ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നത്. അശാസ്ത്രീയമായി കീടനാശിനികൾ ഉപയോഗിക്കുന്നതുകൊണ്ട് കീടങ്ങളുടെ പ്രതിരോധ ശക്തിവർദ്ധിക്കുന്നതിൻ പുറമേ വർദ്ധിച്ച തോതിലുള്ള പരിസരമലിനീകരണവും മറ്റ് ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാവുന്നുണ്ട്. ഏറ്റവും കൂടുതൽ ചൂഷണത്തിൻ വിധേയരാകുന്ന ഒരു വിഭാഗമാണ് പരുത്തി കർഷകർ. വൻകിട കമ്പനികളുടെ ഏജൻറുമാർ, കൃഷിയിറക്കാൻ കാലമാവുമ്പോൾ കർഷകർക്ക് പണവും ഗുണനിലവാരം കുറഞ്ഞ വിത്തും മറ്റും നൽകുകയും ചെയ്യുന്നു. ഇത്തരം ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന കർഷകർ വിളവെടുക്കുമ്പോൾ ഏജൻറുമാർ നിശ്ചയിക്കുന്ന വിലയ്ക്ക് ഉല്പന്നങ്ങൾ

അവർക്ക് തന്നെ വിൽക്കാൻ നിർബന്ധിതരാകുന്നു. ഈ കൃഷിയെ ബാധിക്കുന്ന മറ്റൊരു പ്രധാന പ്രശ്നം. കാലാവസ്ഥയുടെ അസന്തുലിതാവസ്ഥയാണ് വിളവെടുപ്പിൻ തൊട്ട് മുൻപ് മഴ പെയ്താൽ പരുത്തിയുടെ ഗുണമേൻമ കുറയുകയും കർഷകർക്ക് കനത്തനഷ്ടം സംഭവിക്കുകയും ചെയ്യും. മരുന്ന് തളിക്കാനുള്ള പവർ സ്പെയറുകളുടെ എണ്ണം കുറവായതിനാൽ അമിത വാടക വാങ്ങികർഷകരെ നിരന്തരം ചൂഷണം ചെയ്യുന്ന ഒരു ലോബിതന്നെ ഇവിടെ പ്രവർത്തിക്കുന്നു. പരുത്തി ഒരു ശുദ്ധവിളയാണ്.

**പ്രശ്നങ്ങൾ:**

ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ആവശ്യത്തിൻ വായ്പലഭിക്കാൻ ബുദ്ധിമുട്ട്.

കാർഷികോപകരണങ്ങൾക്ക് അമിതമായ വാടക

വളരെ കൂടുതൽ പ്രവശ്യം കീടനാശിനികളും ഉപയോഗി ക്കേണ്ടിവരുന്നു. വില വളരെകൂടുതൽ.

ആവശ്യമായ ബോധവല്ക്കരണമില്ല.

ഇടത്തട്ടുകാർ ചൂഷണം ചെയ്യുന്നു.

ഇടവിളകൾക്കം യോജിച്ച വിത്തുകൾ ലഭ്യമല്ല.

**7.നിലക്കടല:**

സാമ്പത്തിക മേഖലയിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്ന മറ്റൊരു കാർഷിക വിളയാണിത്. മെയ് ജൂണ് മാസങ്ങളിലാണ് സാധാരണയായി കൃഷിയിറക്കുന്നത്. വിളവെടുപ്പ് ആഗസ്റ്റ് സെപ്തംബർമാസങ്ങളിലും. ജലസേചന സൗകര്യമുള്ള ചുരുക്കം ചില സ്ഥലങ്ങളിൽ നവംബർ ഡിസംമ്പർ മാസങ്ങളിലും കൃഷി ചെയ്യാറുണ്ട്. ശരാശരി ഉല്പാദനം ഹെക്ടറിൽ ഒന്നര ടണ്ണാണ്. പ്രധാനയിനങ്ങൾ T.M.V. - 1, T.M.V. - 2 എന്നിവയാണ്. ഈ പ്രദേശത്തെ കടലവിപണിയെ നിയന്ത്രിക്കുന്നത് അയൽ സംസ്ഥാനത്തിലെ ലോബികളാണ്.

**പ്രശ്നങ്ങൾ:**

കൃഷിഭവൻ വഴി നടപ്പിലാക്കിവരുന്ന T.M.O.P (ടെക്നോളജി മിഷൻ ഓയിൽ പ്രൊഡക്ഷൻ പ്രോഗ്രാം) ഫലപ്രദമല്ല. ഈ പദ്ധതി മുഖേന വിതരണം ചെയ്യുന്ന വിത്തിന്റെ വില മാർക്കറ്റ് വിലയേക്കാൾ കൂടുതലാണ്.

ശാസ്ത്രീയമായ കൃഷി മുറകളെക്കുറിച്ച് അറിവില്ല.

അയൽ സംസ്ഥാന ലോബികളാണ് വിപണിനിയന്ത്രിക്കുന്നത് അതിനാൽ ന്യായമായ വില ലഭിക്കുന്നില്ല.

**8. വാഴ:**

വളരെയധികം ലാഭകരമായ കൃഷിയാണിത്. വേണ്ടത്ര ജലസേചനസൗകര്യവും സർക്കാരാ തലത്തിൽനിന്ന് പ്രോൽസാഹനവും ലഭിക്കുകയാണെങ്കിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കാൻ കഴിയും. നേന്ത്രൻ, റോബസ്റ്റ്, ചെങ്കദളി, പൂവൻ, പാളയങ്കോടൻ തുടങ്ങി എല്ലാവിധ ഇനങ്ങളും കൃഷി ചെയ്തുവരുന്നു. കള്ളമല, മുക്കാലി, ജെല്ലിപ്പാറ, കാരറ, ദോണിഗുണ്ട്, ചിറ്റൂർ, താവളം എന്നീ പ്രദേശങ്ങളിലാണ് വാഴകൃഷി അധികമായും കേന്ദ്രീകരിച്ചിരിക്കുന്നത്. ശരാശരി ഉല്പാദനം ഹെക്ടറിൻ 12.5 ടണ് ആണ്.

**പ്രശ്നങ്ങൾ:**

കാലാകാലങ്ങളിലുണ്ടാവുന്ന പ്രകൃതിക്ഷോഭംമൂലം വിളനശിക്കുന്നു. മതിയായ നഷ്ടപരിഹാരം കിട്ടുന്നില്ല.

സിഗാടോക്ക (കരിച്ചിൽ)രോഗം പരക്കെ ബാധിക്കുന്നു.

ഗുണമേൻമയുളള നടീൽ വസ്തുക്കൾ കിട്ടാനില്ല.

താങ്ങ് കാലുകൾ കിട്ടാനില്ല. രാസവളങ്ങളുടെ അമിതമായ വില

വിപണനസൗകര്യമില്ലായ്മ

ഗതാഗത സൗകര്യങ്ങളുടെ പരിമിതി.

ജലസേചന സൗകര്യക്കുറവ്

**9. മറ്റ് കാർഷിക വിളകൾ:**

ധാരാളം മഴ ലഭിക്കുന്ന മുക്കാലി, കള്ളമല, ജെല്ലിപ്പാറ, കാരറ പ്രദേശങ്ങളിലാണ് ഇഞ്ചികൃഷി വ്യാപകമായിട്ടുള്ളത്. മാരൻ, വയനാടൻ ഇനങ്ങളാണ് പൊതുവേ കൃഷി

ചെയ്തുവരുന്നത്. ചീയൻ രോഗമാണ് ഇഞ്ചികൃഷിയെ കാര്യമായി ബാധിക്കുന്നത്. മഞ്ഞൾ കൃഷിക്ക് കർഷകർ വേണ്ടത്ര ശ്രദ്ധകൊടുക്കുന്നില്ലയെന്നാണ് തോന്നുന്നത്. കുടിയേറ്റക്കാരുള്ള സ്ഥലങ്ങളിലെല്ലാംതന്നെ കപ്പകൃഷി ചെയ്തുവരുന്നു. വേണ്ടത്ര ശ്രദ്ധയോ പരിചരണമോ ഇല്ലാത്തതുകൊണ്ട് ഉല്പാദനം പൊതുവേ കുറവാണ്.

ജലസേചന സൗകര്യമുള്ളസ്ഥലങ്ങളിൽ മാത്രമാണ് കരിമ്പ് കൃഷിയുള്ളത്. സ്ഥായിയായ വില നിലവാരമില്ലായ്മയും ജലസേചന സൗകര്യക്കുറവും കാരണം ഈ കൃഷിയുടെ വിസ്തൃതി കുറഞ്ഞുവരുന്നു. പ്രധാനമായും നാടൻ മാർഗ്ഗങ്ങളുപയോഗിച്ച് കരിമ്പ് ആട്ടി ശർക്കരയുണ്ടാക്കി വിപണനം നടത്തുകയാണ് ചെയ്യുന്നത്. സർക്കാർ തലത്തിൽ വേണ്ടത്ര പ്രോൽസാഹനം ഈ കൃഷിക്ക് ലഭിക്കുന്നില്ല. വ്യാവസായികാടിസ്ഥാനത്തിൽ കരിമ്പ് കൃഷി പ്രോൽസാഹിപ്പിച്ചാൽ തൊഴിലില്ലായ്മയും പരിഹരിക്കുന്നതോടൊപ്പം തന്നെസുസ്ഥിരമായ സാമ്പത്തിക അടിത്തറ കെട്ടിപ്പടുക്കാൻ സാധിക്കും.

സഹകരണാടിസ്ഥാനത്തിൽ അട്ടപ്പാടി ഫാമിംഗ് സൊസൈറ്റിയുടെ കീഴിൽ ചിണ്ടുക്കി, കരുവാര, പോത്തുപ്പാടി ഫാമുകളിലും എൻ. എസ്. എസിൻെറ എസ്റ്റേറ്റിലുമാണ് കാപ്പികൃഷി വ്യാപകമായിട്ടുള്ളത്. കൂടാതെ ജെല്ലിപ്പാറ, മുണ്ടൻപാറ, കാരറ, ചിറ്റൂർ, കള്ളമല എന്നീഭാഗങ്ങളിലായി ചുരുക്കം ചിലകർഷകരും നല്ല രീതിയിൽ ഈ കൃഷി ചെയ്തുവരുന്നു. കാപ്പികൃഷിക്ക് അനുയോജ്യമായ കാലാവസ്ഥയുള്ള ഈ പ്രദേശത്ത് കൂടുതൽ സ്ഥലങ്ങളിലേക്ക് കൃഷി വ്യാപിക്കേണ്ടിയിരിക്കുന്നു.

ഫാമിംഗ് സൊസൈറ്റിയുടെ എസ്റ്റേറ്റുകളിലും സ്വകാര്യതോട്ടങ്ങളിലും ഏലം കൃഷി ചെയ്തുവരുന്നു.

റാഗി, ചോളം, തുടങ്ങിയ ധാന്യങ്ങളും കിഴങ്ങ് വർഗ്ഗങ്ങളായ ചേന, ചേമ്പ്, കാച്ചിൽ തുടങ്ങിയവയും മുളക് തക്കാളി ബീൻസ്, വെണ്ട, വഴുതിന,പാവൽ, പയർ, ഉള്ളി തുടങ്ങി എല്ലാത്തരം പച്ചക്കറികളും കൃഷി ചെയ്യുന്നുണ്ട്. വർഷത്തിൽ ഏതാണ്ട് എല്ലാ കാലങ്ങളിലും പച്ചക്കറി കൃഷി നടത്താറുമുണ്ട്. ഇവിടെ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ഏജൻറുമാർ മുഖാന്തിരം പാലക്കാട് മണ്ണാർക്കാട് തുടങ്ങിയ പ്രദേശങ്ങളിലാണ് വിപണനം നടത്തുന്നത്.

**പ്രശ്നങ്ങൾ:**

നല്ലയിനം നടീൽ വസ്തുക്കളുടെ ലഭ്യതകുറവ്

ശാസ്ത്രീയമായ കൃഷി രീതികളെ ക്കുറിച്ചുള്ള അജ്ഞത കരിമ്പ് കൃഷി വ്യാപിപ്പിക്കാൻ നടപടികളില്ല.

വിപണസൗകര്യമില്ല. ഉല്പാദനച്ചെലവിൻ അനുയോജ്യമായ വില കിട്ടുന്നില്ല.

ജലസേചനത്തിനുള്ള സൗകര്യക്കുറവ്.

മണ്ണ് പരിശോധനാ സൗകര്യങ്ങളുടെ കുറവ്.

**മണ്ണ് - ജല സംരക്ഷണം**

കേന്ദ്രഗവൺമെണ്ടിൻെറ സാമ്പത്തിക സഹായത്തോട് കൂടി 'നദീതട പദ്ധതി' (റിവർ വാലി പ്രോജക്ട്) പ്രകാരം കുന്താപദ്ധതിയുൾപ്പെടുത്തി, ഭവാനി, ശിരുവാണി എന്നീ പുഴകളിലേക്ക് നീരൊഴുക്കുള്ള പ്രദേശങ്ങളിൽ 1967 -68 മുതൽ മണ്ണ് ജല സംരക്ഷണപരിപാടികൾ നടത്തിവരുന്നു. കുന്താപദ്ധതിയിൽപ്പെട്ട 12 നീർമറികൾ ഈ പഞ്ചായത്തിലാണ്. ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ തന്നെ ഏകദേശം 70 ശതമാനത്തോളം വരുന്ന സ്ഥലങ്ങളിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. നടപ്പിലാക്കിയ സ്ഥലങ്ങളിൽ ശാസ്ത്രീമായ രീതിയിൽ ഗുണഭോക്താക്കൾ ഉപയോഗിക്കാത്തതുകൊണ്ടും പിന്നീ ടുള്ള പരിചരണവും അറ്റകുറ്റപ്പണികളും യഥാനസരം ചെയ്യാത്തതുകൊണ്ടും ഉദ്ദേശിച്ചു ഫലം കിട്ടിയിട്ടില്ല. നെല്ലിപ്പുഴയിലേക്ക് നീരൊഴുക്കുള്ള പടിഞ്ഞാറൻ പ്രദേശ ങ്ങളിൽ കാര്യമായ മണ്ണ് ജല സംരക്ഷണ പരിപാടികൾ നടന്നിട്ടില്ല.

**പ്രശ്നങ്ങൾ:**

മേൽമണ്ണ് ഒഴുകിപ്പോകുന്നു. തോട്, പുഴ എന്നിവയുടെ അരികുകൾ ഇടിഞ്ഞ് കൃഷി നാശമുണ്ടാകുന്നു.

പുഴ, തോട്, എന്നിവയിലെ ഒഴുക്കിൻെറ വേഗത കുറയ്ക്കാനുള്ള മാർഗ്ഗങ്ങളുടെ അപര്യാപ്തത.

**കൃഷിഭവൻ**

1987 സെപ്തംബർ ഒന്നിനാണ് പഞ്ചായത്തിൽ കൃഷിഭവൻ നിലവിൽ വന്നത്. വിസ്തൃതമായ പഞ്ചായത്ത് ആയതിനാൽ ഒരു കൃഷി ആഫീസറും 3 കൃഷി അസി

സ്റ്റൻറുമാരുമുള്ള ഈ സ്ഥാപനത്തിൻെറ പ്രവർത്തനം എല്ലാ പ്രദേശങ്ങളിലും പൂർണ്ണമായ തോതിൽ എത്തിയിട്ടില്ല. വൈവിധ്യമാർന്ന കൃഷികൾ ചെയ്യുന്ന ഈ പ്രദേശത്തെ കർഷകരുടെ ആശാകേന്ദ്രമായ കൃഷിഭവൻെറ പ്രവർത്തനം കുറെ കുടി ഊർജ്ജസ്വലമാക്കേണ്ടതാണ്.

കൃഷി ഭവനിൽനിന്നും 95-96, 96-97 വർഷങ്ങളിൽ വിതരണം ചെയ്ത കാരഷികോപകരണങ്ങളുടെ പട്ടിക

| ക്രമനമ്പർ | ഉപകരണങ്ങൾ | എണ്ണം |
|---|---|---|
| 1 | റോക്കർ സ്പ്രേയർ | 18 |
| 2 | പവർ സ്പ്രേയർ | 3 |
| 3 | നാപ്സാക് സ്പ്രേയർ | 4 |
| 4 | പമ്പ് സെറ്റുകൾ | 22 |
| 5 | മണ്വെട്ടി | 120 |
| 6 | ഇരുമ്പ് കലപ്പ | 38 |
| 7 | തെങ്ങ് കയറ്റയന്ത്രം | 1 |

**സാധ്യതകൾ**

1. ശാസ്ത്രീയ കൃഷി രീതികളെക്കുറിച്ച് കർഷകരെ ബോധവാൻമാരാക്കാൻ സെമിനാറുകൾ, ചർച്ചാ ക്ലാസ്സുകൾ, പരിശീലനങ്ങൾ എന്നിവ നടത്തുക.

2. വിവധ കൃഷികളുടെ ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുക.

3. അഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കുക.

4. സഹകരണാടിസ്ഥാനത്തിൽ കൃഷി ഭവൻെറ നേരിട്ടുള്ള നിയന്ത്രണത്തിൽ അത്യുല്പാദന ശേഷിയുള്ള നടീൽ വസ്തുക്കൾ ഉണ്ടാക്കി വിതരണം നടത്തുന്നതിൻ ഒരു കേന്ദ്രീകൃത നേഴ്സറിയും മറ്റ് ഭാഗ ങ്ങളിൽ ആവശ്യമായ നഴ്സറികളും സ്ഥാപിക്കുക. യഥാസമയത്ത് നടീൽ വസ്തുക്കൾ ലഭ്യമാക്കുക.

5. പഞ്ചായത്തിൻെറ വിസ്തീർണ്ണം കണക്കിലെടുത്ത് കൃഷിഭവൻെറ എണ്ണം കൂട്ടുക. കൂടുതൽ ജീവനക്കാരെ നിയമിക്കുക. കൃഷിഭവൻ വാഹന സൗകര്യം ഏർപ്പെടുത്തുക.

6. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സഹകരണ സംഘങ്ങളുടെ കീഴിൽ കൂടുതൽ രാസവള കീടനാശിനി ജൈവവള വില്പനശാലകൾ തുറക്കുക.

7. കൃഷിഭവനിൽ ക്കൂടി നൽകിവരുന്ന രാസവള കീടനാശിനി സബ്സിഡി വർദ്ധിപ്പിക്കുകയും കർഷകർക്ക് നേരിട്ട് നൽകുകയും ചെയ്യുക.

8. ജൈവവള ഫാക്ടറി സ്ഥാപിക്കുക.

9. നെൽകൃഷിക്ക് ഇപ്പോള നിലവിലുള്ള ഒരു ഹെക്ടറിൻ 250 രൂപയെന്ന ഉല്പാദന ബോണസ് കാലികമായി ഉയർത്തുക.

10. വിള ഇൻഷുറൻസ് പദ്ധതി എല്ലാ കർഷകർക്കും ഗുണകരമായി വിധത്തി നടപ്പിലാക്കാൻ വ്യവസ്ഥകൾ ലഘൂകരിക്കുക, ഏജൻറുമാർക്ക് ഇൻസെൻറീവ് വർദ്ധിപ്പിക്കുക.

11. ആവശ്യമായ സ്ഥലങ്ങളിൽ പുതിയ കോണ്ടൂർ ബണ്ടുകൾ നിർമ്മിക്കുകയും പൊളിഞ്ഞ് പോയവ റിപ്പയർ ചെയ്യുകയും വാർഷിക അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക.

12. സ്ഥലം നിരപ്പാക്കാൻ സാമ്പത്തിക സഹായം നൽകുക.

13. തോട്, പുഴ എന്നിവയുടെ സൈഡ് കെട്ടി സംരക്ഷിക്കുക.

14. മണ്ണൊലിപ്പ് തടയുന്ന തരത്തിലുള്ള കൃഷിരീതികൾ പ്രചരിപ്പിക്കുക.

15. ധനകാര്യസ്ഥാപനങ്ങളിലെ വായ്പാ നടപടികൾ ലഘൂകരിക്കുക. പട്ടിക വർഗ്ഗഭൂമി പ്രശ്നം, ദേശസാൽകൃത വനഭൂമിപ്രശ്നം, മിച്ചഭൂമി പ്രശ്ന എന്നിവ വായ്പ ലഭിക്കുന്നതിൻ കരഷകർക്ക് തടസ്സമായി നിൽക്കാതിരിക്കാൻ അടിയന്തിരമായി ഇത്തരം

പ്രശ്നങ്ങൾ പരിഹരിക്കുക.

16. ട്രാക്ടർ , ട്രില്ലർ, സ്പ്രെയർ ,തെങ്ങുകയറ്റ യന്ത്രം, പമ്പ് സെറ്റ് മുതലായ കാർഷികോപരണങ്ങൾ സൗജന്യ നിരക്കിൽ കൃഷി ഭവൻ മുഖാന്തിരം വിതരണം ചെയ്യുക.

17. കാർഷികാവശ്യത്തിനുള്ള വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക. നടപടിക്രമങ്ങൾ ലഘൂകരിക്കുക. എല്ലാത്തരം കൃഷിക്കുമുള്ള വൈദ്യുതി സൗജന്യമാക്കുക.

18. വന്യമൃഗങ്ങളിൽനിന്നുള്ള കൃഷി നഷ്ടത്തിന്റെ ധനസഹായത്തിന്റെ തോത് വർദ്ധിപ്പിക്കുക. കൃഷി സ്ഥലത്തോട് ചേർന്ന് കിടക്കുന്ന വനപ്രദേശങ്ങളിൽ ട്രഞ്ചുകൾ നിർമ്മിക്കാൻ വനം വകുപ്പിനെ പ്രേരിപ്പിക്കുകയും സോളാർ പാനൽ ഉപയോഗിച്ച് വൈദ്യുത വേലി നിർമ്മിച്ച് വന്യമൃഗങ്ങളിൽ നിന്നും കർഷകരെ സംരക്ഷിക്കുക.

19. അനുയോജ്യമായ സ്ഥലങ്ങളിൽ കുറ്റിമുല്ല ഓർക്കിഡ് കൃഷി പ്രോൽസിഹിപ്പിക്കുക. പൂക്കൾ, ശേഖരിക്കാനും വിപണനം നടത്താനും അഗളിയിൽ ഒരു കേന്ദ്രം തുടങ്ങുക.

20. അഗളി കേന്ദ്രമാക്കി ഒരു റെഗുലേറ്റഡ് മാർക്കറ്റ് സ്ഥാപിക്കുക.

21. അഗളി കേന്ദ്രമാക്കി ഒരു സ്പിന്നിംഗ് മിൽ തുടങ്ങുക.

22. സഹകരണാടിസ്ഥാനത്തിൽ കടല എണ്ണആട്ട് വ്യവസായം, പഞ്ചസാര ഫാക്ടറി, തൊണ്ട് സംസ്ക്കരണയൂണിറ്റ് എന്നിവ സ്ഥാപിക്കുക.

23. കാലിത്തീറ്റ നിർമ്മാണ ഫാക്ടറി സ്ഥാപിക്കുക.

24. അത്യുല്പാദന ശേഷിയുള്ള പച്ചക്കറി വിത്തുകൾ എല്ലാകുടുംബങ്ങൾക്കും ലഭ്യമാക്കുക. പഞ്ചായത്തിനുള്ളിലെ എല്ലാ പച്ചക്കറി കൃഷിക്കാരേയും സംഘടിപ്പിച്ച് ഒരു സമിതിയുണ്ടാക്കുക. പൊതു മേഖലയിൽ പച്ചക്കറി വിപണനകേന്ദ്രങ്ങൾ സ്ഥാപിക്കുക.

25. സമയബന്ധിതമായി എല്ലാ കൃഷിയിടങ്ങളിലേയും മണ്ണ് പരിശോധിക്കാനായി സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ സംവിധാനം ഏർപ്പെടുത്തുക.

26. പാടശേഖരസമിതികൾ രൂപീകരിച്ച് കൃഷിഭവൻ വഴി ട്രാക്ടർ, ട്രില്ലർ, കൊയ്ത്ത് മതിയന്ത്രങ്ങൾ വിതരണം ചെയ്യുക.

27. വയലുകളിൽ 2 ാം വിളയ്ക്ക് ശേഷം പയർ, ഡെയിഞ്ച എന്നിവയുടെ കൃഷി പ്രോൽസാഹിപ്പിക്കുക.

28. എല്ലാവാർഡിലും കേര കുരുമുളക് സംരക്ഷണ സമിതികൾ രൂപീകരിക്കുക.

29. സമൂഹജല സേചന പദ്ധതിയുടെ നിബന്ധനകൾ ലഘൂകരിച്ച് രണ്ടോമൂന്നോ കർഷകരെ ഉൾപ്പെടുത്തി 5 ഹെക്ടർ ആയി നിജപ്പെടുത്തി പദ്ധതി ആവിഷ്ക്കരിക്കുക.

30. നാളികേര വികസന ബോർഡിൽനിന്നും അനുവദിക്കുന്ന സബ്സിഡികൾ, യഥാസമയം, നൽകുക. നാളികേരസംഭരണന്ദ്രേം, എണ്ണയാട്ട് വ്യവസായം, കയറുല്പ്ന്നങ്ങൾ നിർമ്മിക്കാനുള്ള ഫാക്ടറി എന്നിവ തുടങ്ങുക.

31. തുരിശ്, കുമ്മായം, എന്നിവ 50 ശതമാനം സബ്സിഡിയോട് കൂടി കൃഷിഭവൻ മുഖാന്തിരം നൽകുക, കുരുമുളക് പുനരുദ്ധാരണ പദ്ധതി, പുതുകൃഷി പദ്ധതി എന്നിവയുടെ വ്യാപ്തി വർദ്ധിപ്പിക്കുക. കുരുമുളക് സംസ്ക്കരണത്തിൻ ബോധവല്ക്കരണം നടത്തുക.

32. കശുവണ്ടി സംഭരണകേന്ദ്രം തുറക്കുക. തറവില നിശ്ചയിക്കുക.

33. പരുത്തി കർഷകസംഘങ്ങൾ രൂപീകരിക്കുക. പരുത്തി കൃഷിക്ക് ഇടവിളയായി മൂപ്പ് കുറഞ്ഞ തുവര കൃഷി പ്രോൽസാഹിപ്പിക്കുക. പരുത്തി സംഭരണ കേന്ദ്രം തുറന്ന് ചൂഷണം അവസാനിപ്പിക്കുക.

34. കടലവിത്തിന്റെ വിലമാർക്കറ്റ് വിലയ്ക്ക് തുല്യമാക്കുക.

35. കൃഷി വകുപ്പ് വഴി നടപ്പിലാക്കിവരുന്ന 'ഏറിയാ എക്സ്പാൻഷൻ പ്രോഗ്രാം ' ഈ പഞ്ചായത്തിലും നടപ്പിലാക്കുക.

36. തേയിലകൃഷി ആരംഭിക്കാൻ 'ഉപാസി' പോലുള്ള ഏജൻസികളുടെ സഹായം ലഭ്യമാക്കുക. കൃഷി തുടങ്ങആൻ ആഗ്രഹിക്കുന്നകർഷകർക്ക് സാമ്പത്തിക സഹായം നൽകുക. തേയില സംസ്ക്കരണയൂണിറ്റ് സ്ഥാപിക്കുക.

37. അഗളി കേന്ദ്രമാക്കി വിവിധ കാർഷികോല്പ്പന്നങ്ങൾ വിറ്റഴിക്കാൻ ഒരു ആഴ്ചച്ചന്ത തുടങ്ങുക.

38. സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം ഡ്രിപ് ഇറിഗേഷൻ സൗകര്യമുണ്ടാക്കാൻ സാമ്പത്തിക സഹായം നൽകുക.

സമതലങ്ങളിലുള്ള പത്തോളം പഞ്ചായത്തുകളുടെ വിസ്തീർണ്ണം അഗളി പഞ്ചായത്തിനുണ്ട്. ധാരാളം കൊച്ചുകൊച്ചരുവികളും തോടുകളും നിറഞ്ഞ പശ്ചിമ ഘട്ടപർവ്വതനിരകളുള്ള പ്രദേശമായതുകൊണ്ട് ഒരു ചോലയിൽനിന്നും വെള്ളം കൃഷി സ്ഥലങ്ങളിലെത്തിക്കാൻ മലകൾ തടസ്സങ്ങളായിനില്ക്കുന്നു. അതുപൊലെ തന്നെ മലമുകളിൽ ഉള്ള കൃഷിയിടങ്ങളിലേക്ക് വെള്ള് എത്തിക്കാൻ ചെക്കുഡാമുകളേക്കാൾ ഉപകാരപ്രദം ലിഫ് ഇറിഗേഷൻ പദ്ധതിയാണ്. ഭവാനി, ശിരുവാണി എന്നീ പ്രധാന നദികളിൽ നിന്നും കൃഷിക്കുപയുക്തമായ രീതിയിൽ ജലം തിരിച്ചുവിടാൻ വൻകിട ജല സേചന പദ്ധതി കൊണ്ടേകഴിയൂ. ഇതിനായി ശിരുവാണിപ്പുഴയിൽ തുടങ്ങാൻ നിശ്ചയിച്ച് കോടികൾ ചിലവഴിച്ച എ.വി. ഐ. പി. പദ്ധതി തമിഴ്നാടുമായുള്ള തർക്കത്തെ തുടർന്നു നിർത്തി വയ്ക്കപ്പെട്ടിരിക്കുന്നു. ഭവാനിപ്പുഴയിൽ ഡാം കെട്ടുന്നതുസംബന്ധിച്ച് പരിസ്ഥിതി പ്രശ്നം തടസ്സം ഉണ്ടാക്കിയതുമൂലം വേണ്ടെന്നുവയ്ക്കുകയും ചെയ്തിരിക്കുകയാണ്. ഈ കാരണങ്ങളാൽ ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ ഫലപ്രദമാണ്. അവ ഇനം തിരിച്ച് വാർഡടിസ്ഥാനത്തിൽ താഴെപട്ടികപ്പെടുത്തിയിരിക്കുന്നു.

## ലിഫ്റ്റ് ഇറിഗേഷനുള്ള നിർദ്ദേശങ്ങൾ:

| ക്രമനമ്പർ | വാർഡ് നമ്പർ | നിർദ്ദേശിക്കപ്പെട്ട സ്ഥലം | കൃഷി ചെയ്യാവുന്ന കൂടുതൽ പ്രദേശം |
|---|---|---|---|
| 1. | 1 | നായ്ക്കർ പാടിമേട് (50 എച്ച്. പി. മോട്ടോർ | 1000 ഏക്കർ |
| 2 | | പട്ടിമേളം | 125 ഹെക്ടർ |
| 3 | | വെള്ളമാരി | 130 ,, |
| 4. | | വടകോട്ടത്തറ | 350 ,, |
| 5. | 2. | നരസിമുക്ക് (ഭവാനിപ്പുഴ) | 250 ,, |
| 6 | | ഭൂതിവഴി (ശിരുവാണിപ്പുഴ) | 300 ,, |
| 7 | 4 | കുറവൻ കണ്ടി | 200 ,, |
| 8 | | പിലാമരം | 300 ,, |
| 9 | 4,5 | കുന്നൻചാള | 250 ,, |
| 10 | 4 | ആലാംകണ്ടിതോട് | 500,, |
| 11 | | ചെറുനാലി | 500 ,, |
| 12 | | എരക്കര | 500 ,, |
| 13 | 5 | മന്തിമല | |
| | 7 | മേട്ടുവഴി ഊർ കുളം (പല്ലിയറ) | 300 ഏക്കർ |
| | | നെല്ലിപ്പതി | 300 ,, |
| | 8. | ചിറ്റൂർ ശിരുവാണി | 250 ഹെക്ടർ |
| | | ഷോളയൂർ പഞ്ചായത്തിലെ 9 ാം വാർഡ് | 300 ,, |
| | | പോത്തുപ്പാടി | 250 ,, |
| | | ആട്ടറ (കുളം നിർമ്മിച്ച്) | |
| | 11. | കുക്കംപാളയം (പുനർനിർമ്മാണം) | 300 ഏക്കർ |

ചെക്കുഡാം

| ക്രമനമ്പ് | സ്ഥലം | കനാൽ | കൂടുതൽ കൃഷി |
|---|---|---|---|
| 1. | കാരറതോട് മുന്നൂർ ഭാഗം | 1. കി.മി | 250 ഏക്കർ |
| 2. | ദൂണ്ടൂർ പാലത്തിനടുത്ത് | ,, | 150,, |
| 3. | ദൂണ്ടൂർ ഊരിൻെറ ഭാഗം | ,, | 200,, |
| 4. | ഉപ്പുങ്കരപള്ളം നാരവിളയിൽ | | 200 |
| 5. | നക്കുപ്പതികാളിയമ്മൻ കോവിൽ | 100 | |
| 6. | ഗുളിക്കടവ് അത്തിമരപള്ള(2) | 4.കി.മി. | 100 |
| 7. | കണ്ടിയൂർ മാമണതോട് | 125 | |
| 8. | ഓടപ്പെട്ടിതോട് | 150 | |
| 9. | കണ്ടിയൂർ കുരിശുപള്ളി | 100 | |
| 10. | വിലങ്ങൻ മുക്ക് | 150 | |
| 11. | മുരുക്കും ചോല | 125 | |
| 12. | ഓന്തൻമലയൽനിന്നും വരുന്നതോട് | 150 | |
| 13. | മൺപാറ ഊരിൻെറ സമീപം | 125 | |
| 14. | ചിണ്ടക്കി സ്കുളിനു സമീപം | ബസപയൻകനാലിൻെറ പുനരുദ്ധാരണം 4 കി.മി | 120 ഹെക് |
| 15. | ചിറ്റൂർ നീർമറി ചെക്കുഡാം(2) | 200 ഏ. | |
| 16. | കുറവൻപാടി കെട്ടേക്കാട് | | 100 ഏ |
| 17. | ചെമ്മണ്ണൂർ തോട് ക്രേസ്ബാർ ചീർപ്പ് | 100 | |
| 18. | അടിയകണ്ടിയൂർ | | |
| 19. | കൊല്ലം കടവ് ഊർ | | |
| 20. | അഗളി താഴെ യൂരിനടുത്ത് | കനാൽ നീട്ടണം | |
| 21. | ഉപ്പുങ്കരപള്ളം (പഴനികൗണ്ടർ വീടിനുസമീപം) | | |
| 22. | നാരായണം സ്വാമിയുടെ വീടിനടുത്ത്. | | |
| 23. | ഉപ്പുങ്കരപള്ളം ചുക്കിയുടെ വീടിനടുത്ത് | | |
| 24. | എലിപ്പാറ | 2. കി.മി ഇരുപുറം | |
| 25. | ഉപ്പും കരപള്ളം | | |
| 26. | പല്ലിയംവലിയതോട് (കതിരംപുതിഊരം) | | |
| 27. | പല്ലിയം ചെറിയതോട് (പളയറോഡിനു സമീപം) | | |
| 28. | ചിറ്റൂർ (വിദ്യാധരൻെറ വീടിനു സമീപം) | | |
| 29. | കെട്ടേക്കാട് (മോഹൻെറ വീടിനു സമീപം) | | |

A9

| | | |
|---|---|---|
| 30. | ചിറ്റൂർ കതിരംപതി തോട് പഞ്ച. കിണറിനു സമീപം | |
| 31. | ദൈവകുണ്ടിൽ ചെക്കുഡാം 1.കി.മി | |
| 32. | ദോണിഗുണ്ട് മില്ലിനടുത്ത് | |
| 33. | ഇടിഞ്ഞിമല കരറ തോട്ടിൻ (പുനരുദ്ധാരണ പണി) | 500 മീ. കനാൽ |
| 34. | ഓടപ്പെട്ടി യൂനസിൻെറ വീടിൻെറയടുത്ത് കനാൽ നീട്ടണം | |
| 35. | താഴെ ഒമ്മല മുസ്ലീംപള്ളി കനാൽ | |
| 36. | മാണിക്കുഞ്ഞിൻെറ ഭാഗത്തുകനാൽ | |
| 37. | ജല്ലിപ്പാറ പള്ളിപ്പരിസരത്തു | |
| | കൊല്ലംകടവ് ഊരിനു പടിഞ്ഞാറുവശം ചെമ്മണ്ണൂർ കോളനിക്കു മുകൾവശം ചെക്കുഡാം പുനരുദ്ധരിക്കൽ പണി | |
| 38. | അഗളി വില്ലേജാഫീസ് കനാൽ നീട്ടൽ 2. കി.മി. | |
| 39. | കാവക്കൽ കനാൽ റിപ്പയർ നീട്ടൽ | |
| 40. | നക്കുപ്പതി പിരിവിലെ ചെക്കുഡാം റിപ്പയർ | |
| 41. | മുക്കാലി ചോലക്കാട് പുതിയ ചെക്കുഡാം | |
| 42. | ചെമ്മണ്ണൂർ തുമ്പാം കുഴി ജയിംസിൻെറ സ്ഥലത്ത് | |
| 43. | പല്ലിയായിൽ നിന്നും നെല്ലപ്പതി ഊരിലേക്ക് കനാൽ ഇരുഭാഗത്തേക്കും നീട്ടണം. | |

| ക്രമനമ്പർ | കുളങ്ങൾ | കൂടുതൽ കൃഷി |
|---|---|---|
| 1. | നരസിമുക്ക് സദാശിവകൗണ്ടരുടെ പറമ്പിലുള്ള കിണർ പുനരുദ്ധാരണപണി. | 50 ഏക്കർ |
| 2. | രാജഗിര | 60 |
| 3. | വീരന്നൂരിൽ കുളം | 50 |
| 4. | ചിറ്റൂർ (വിലാസിനിയുടെ കുളം വലുതാക്കണം | |
| 5. | നരസിമുക്കു രംഗസ്വാമിയുടെ സ്ഥലത്ത് കുളം | 150 |
| 6. | കറാച്ചിമരക്കാട് കുളം | 25 |
| 7. | കൽക്കണ്ടിറോഡിൻെറ ഇടതുവശം ബാലകൃഷ്ണൻെറ സ്ഥലത്ത് | 250 |
| 8. | പല്ലിയറ ഭാഗത്ത് ശ്രീ രാമൻെറ സ്ഥലത്ത് | 50 ഏക്കർ |
| 9. | കാവുണ്ടിക്കൽ ഇരട്ടക്കുളംകാളിയപ്പ ചെട്ടിയാർ സ്ഥലം. | 100 |

കൂടാതെ മണ്ണൊലിപ്പും വർഷപാതവും മൂലം മണ്ണൊലിച്ചും മണ്ണിടിഞ്ഞും തോടിൻെറയും പുഴയുടേയും സൈഡ് ഇടിഞ്ഞ് ആഴം കുറയുക. കൃഷി നശിക്കുകയും ചെയ്യുന്നതു പരിഹരിക്കാൻ സൈഡ് വാൾ കെട്ടിയും കനാൽ അടിവശവും ഇരുവശവും കോൺക്രീറ്റ് ചെയ്യുതം സംരക്ഷിക്കേണ്ടതാണ. സർവ്വേനടത്തി കൃത്യമായി നീളം കണക്കാക്കിയിട്ടില്ല.

മലം ചരുവിലൂടെയുള്ള നീർച്ചാലുകളിലൂടെ മണ്ണൊലിച്ചുവന്ന് റോഡിൽ അപകടം വരുത്തിവയ്ക്കുന്നതോടെ പുഴയോ നികരുകയും ചെയ്യുന്തുതടയാൻ ഇത്തരം ചാലുകൾ കോണ്ക്രീറ്റു ചെയ്തോ തടയിണ നിർമ്മിച്ചോ മണ്ണൊലിപ്പു തടയാനുള്ള സംരംഭം ഉണ്ടാവേണ്ടതാണ്.

# 4. മൃഗസംരക്ഷണം

അഗളി പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും ഒരു ആടുവളർത്തൻ കേന്ദ്രവും സഞ്ചരിക്കുന്ന ഒരു മൃഗാശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ മൃഗാശുപത്രിയും സഞ്ചരിക്കുന്ന മൃഗാശുപത്രിയും (മൊബയിൽ ഫാം എയിഡ് യൂണിറ്റ്) കന്നുകാലികരഷ്കർക്ക് ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും സൗജന്യമായി നൽകിവരുന്നു.

കേരളത്തിൽ ഇപ്പോൾ നശിച്ചുകൊണ്ടിരിക്കുന്ന മലബാറി വംശത്തിൽപെട്ട ആടുകളുടെ നിലനിൽപ്പും അട്ടപ്പാടി ബ്ലാക്ക്" എന്ന ഒരു പുതിയ ഇനം ഉണ്ടാക്കിയെടുക്കുന്നതും ലക്ഷ്യമാക്കിയാണ് ആട് വളർത്തൽ കേന്ദ്രം പ്രവർത്തിക്കുന്നത്

കന്നുകാലി സമ്പത്ത് കൊണ്ട് അനുഗ്രഹീതമായ ഒരു പഞ്ചായത്താണിത്. ബഹുഭൂരിപക്ഷം വീടുകളിലും ഒരു കറവമാടെങ്കിലുമുണ്ട്

പട്ടിക 1

അഗളി പഞ്ചായത്തിൽ ഒരുമൃഗാശുപത്രിയും ഒരു മൊബയിൽ ഫാം എയിഡു യൂണിറ്റും കൂടാതെ കാലിവസന്ത നിർമ്മാർജ്ജന പദ്ധതിയുടെ ഒരു യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. ആഗളി മൃഗാശുപത്രി 8.2. 1964 ൽ സ്ഥാപിതമായതാണ്. ഈ ആശുപത്രിക്ക് സ്വന്തമായി 88 സെൻറ സ്ഥലവും കെട്ടിടത്തിൻ ചുറ്റുമതിലും ജീവനക്കാർക്ക് താമസസൗകര്യവും ഇപ്പോൾ ഉണ്ട്. അആശുപത്രി സ്ഥാപിതമായതിനു ശേഷം നാടൻ കന്നുകാലികളുടെ എണ്ണം വളരെ കുറവായിട്ടുണ്ട്. എങ്കിലും വംശവർദ്ധനവിനുവേണ്ട പശുക്കളെ കാളകളോടൊപ്പം വിടുന്ന പഴയ സമ്പ്രദായം ഇപ്പോഴും നിലവിലുണ്ട്. വിവിധ വാർഡുകളിലായി 171 ഓളം വിത്തുകാളകളുള്ളതായി പട്ടികയിൽനിന്നു മനസ്സിലാക്കാം. 1.4. 1995 മുതൽ 31. 3. 96വരെ കൃത്രിമ ബീജസങ്കലനം നടത്തിയ കണക്ക് കൂടി പരിശോധിക്കുന്നത് ഉചിതമായിരിക്കും.

| ക്രമനമ്പർ | ഇനം | ആകെ എണ്ണം | കൃത്രിമബീജസങ്കലനം നടത്തിയവ | രണ്ടിൽകൂടുതൽ പ്രാവശ്യം കൃത്രിമ ബീജസങ്കലനം നടത്തേണ്ടിവന്നവ |
|---|---|---|---|---|
| 1. | പശു. | 979 | 872 | 107 |
| 2. | കിടാരി | 47 | 35 | 12 |
| 3. | എരുമ | 64 | 54 | 10 |
| 4. | ആകെ | 1090 | 961 | 129 |

അവലംബം: സെക്കണ്ടറി ഡാറ്റാ

പട്ടിക 1

| വാർഡ് | കാള നാടൻ | | കാള സങ്കരം | | പശുനാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | | പട്ടി |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | കോലാട് | ചെമ്മരിയാട് | |
| 1. | 6 | 336 | 7 | 96 | 64 | 95 | 74 | 29 | 12 | 7 | 2 | 528 | 73 | 152 |
| 2. | 83 | 36 | 2 | 82 | 27 | 54 | 81 | 46 | 4 | | | | | 256 |
| 3. | 6 | 182 | | 20 | 162 | 125 | 48 | 16 | 8 | 2 | 3 | 174 | 1 | 29 |
| 4. | | 11 | 2 | 36 | 4 | 10 | 58 | 32 | | | | 2325 | 10 | 906 |
| 5. | | | | | 128 | 125 | | | | | | 550 | | 338 |
| 6. | 1 | 3 | 1 | 50 | 4 | 2 | 180 | 105 | 16 | 112 | 13 | 210 | | 242 |
| 7. | | 118 | 3 | 88 | 28 | 30 | 148 | 147 | 2 | 3 | 2 | 280 | | 422 |
| 8. | | | 2 | 52 | 86 | | 206 | 32 | 14 | 5 | | 552 | | 965 |
| 9. | 1 | 64 | 12 | 102 | 133 | 59 | 170 | 47 | 29 | 10 | 2 | 163 | | 251 |
| 10. | 25 | 109 | 2 | 51 | 14 | 2 | 103 | 17 | 6 | 4 | 2 | 925 | | 339 |
| 11. | 16 | 91 | | 36 | 186 | 30 | 126 | 24 | 8 | 2 | 6 | 210 | | 526 |
| 12. | 1 | 9 | | 27 | 33 | 25 | 44 | 25 | 6 | 3 | 6 | 151 | | 83 |
| 13. | 1 | | | 70 | 2 | 1 | 259 | 136 | | 3 | 2 | 303 | 63 | 240 |
| ആകെ | 140 | 959 | 31 | 710 | 871 | 558 | 1497 | 656 | 105 | 151 | 38 | 6371 | 147 | 4749 |

അവലംബം: മൃഗാശുപത്രി രേഖകൾ 1995 ലെ ലൈവ് സ്റ്റോക്ക് സെൻസസ്

പഞ്ചായത്തിൻെറ ഒരു കോണിൽ സ്ഥിത ചെയ്യുന്ന അഗളി മൃഗാശുപത്രിയിൽ മൃഗങ്ങളെ എത്തിക്കാനുള്ള വിഷമമായിരിക്കാം കർഷകരെ ഇതിൽനിന്നും പിന്തിരിപ്പിക്കുന്നത്.

## മൃഗസംരക്ഷണവകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ:

**1. പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി.**

കന്നുകാലികർഷകരുടെ 6 മാസം മുത്ത 1.5 വയസ്സു വരെ പ്രായമുള്ള നല്ലയിനം കന്നുകുട്ടികളെ പാൽ സൊസൈറ്റികൾ മുഖേന തെരഞ്ഞെടുത്ത് ഇൻഷ്വർ ചെയ്ത് പകുതി വിലക്ക് തീറ്റ, മീനെണ്ണ, വിര മരുന്നുകൾ എന്നിവ നൽകുക. പ്രസവങ്ങൾ തമ്മിലുള്ള ഇട വേളകുറയ്ക്കുക എന്നതാണ് ലക്ഷ്യം

**2, കാലിവസന്ത നിർമ്മാർജ്ജനപദ്ധതി**

മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വരുന്നകന്നുകാലികളിൽ പ്രതിരോധ കുത്തിവെയ്പ് നടത്തുന്ന പദ്ധതിയാണിത്. സംസ്ഥാനാതിർത്തികളിൽ പ്രധാനമായി പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ അഗളിയിൽ ഒരു സ്ഥാപനം പ്രവർത്തിക്കുന്നു.

**3. കാലി രോഗ നിർമ്മാർജ്ജന പദ്ധതി**

സാംക്രമിക രോഗങ്ങളിൽനിന്ന് രക്ഷനേടുന്നതിന് കന്നുകാലികളിൽ പ്രതിരോധ കുത്തിവെപ്പുകൾ നടത്തുന്ന പദ്ധതി.

**4.കാലി രോഗനിർമ്മാർജജ്ജനപദ്ധതി**

പേവിഷബാധ ഏറിയ പങ്കും നായ്ക്കളിൽ കൂടിയാണ് ഉണ്ടാവുന്നത് 50 ശതമാനം സബ്സിഡിയോട് കൂടിനായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ്പുകൾ നടത്തിവരുന്നു. 1.4.95 മുതൽ 31.3.95 വരെയ 43 നായ്ക്കൾക്കാണ് പ്രതിരോധ കുത്തിവെയ്പുകൾ നട്തിയിട്ടുള്ളത് 4749 നായ്ക്കൾ ഉള്ളതിൽ പ്രതിരോധ കുത്തിവെയ്പ് നടത്തിയവയുടെ എണ്ണം വളരെ ശുഷ്കമാണ്.

**5.കന്നുകാലി വികസനത്തിനുള്ള മൃഗ സംരക്ഷണ സേവനങ്ങൾ**

കന്നുകരാലി വികസനത്തിനുവേണ്ടി മൃഗസംരക്ഷണ വകുപ്പും പാൽസൊസൈറ്റികളും കന്നുകാലികളെ വാങ്ങുന്നതിനുംവളർത്തുന്നതിനും സാമ്പത്തിക സഹായങ്ങൾ ചെയ്യുന്നുണ്ട്.

**6.പന്നിവളർത്തൽ വികസന പദ്ധതി.**

പന്നിവളർത്താൻ ജനങ്ങളിൽ താല്പര്യം ജനിപ്പിക്കുന്നതിനുവേണ്ടി തുടങ്ങിയിട്ടുള്ള ഒരു പദ്ധതിയാണ്

**7. ആടുവളർത്തൽ**

' പാവപ്പെട്ടവൻെറ പശു' എല്ലാ അർത്ഥത്തിലും പ്രായോഗികമാക്കുന്നതിൻ ഉതകുമാർ ആടുകളർത്താൻ ജനങ്ങളിൽ താല്പ്യം ജനിപ്പിക്കലാണം ലക്ഷ്യം. നല്ലഇനം ആട്ടിൻ കുട്ടികളെ ഉല്പാദിപ്പിക്കലും സംരക്ഷണവും ഇതിൻെറ മുഖ്യഘടകമാണ്.

**8.വികസനവും പരിശീനവും, വിജ്ഞാനവ്യാപനവും.**

കന്നുകാലി.കർഷകർക്ക് പരിശീലനവും അറിവും നേടുന്നതിനുവേണ്ടി നടപ്പിലാക്കിയിരിക്കുന്നു.

**9. കാലിത്തീറ്റ മിശ്രണം.**

ചുരങ്ങിയ ചിലവിൽ ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ച് കാലിത്തീറ്റ മിശ്രണം ഉണ്ടാക്കുന്നതിൻ കർഷകനിൽ താല്പര്യം ജനിപ്പിക്കുന്നതിനും, നല്ലതും ഗുണമേൻമയുള്ളതും ആയ കാലിത്തീറ്റ ഉണ്ടാ്ന്നതിനുമുള്ള പദ്ധതി

**10. സമീകൃതാഹാര നിർമ്മാണം.**

കന്നുകാലികളുടെ ആരോഗ്യം നിലനിർത്തുന്നതിനും ഉതകുന്ന വിധത്തി കന്നുകാലികൾക്ക് ആവശ്യമായ ആഹാര സാധനങ്ങൾ കൃത്യമായ അളവിലും തോതിലും ലഭ്യമാകുന്നതിനും വേണ്ടിയുള്ള ഒരു പദ്ധതിയാണ്.

**11. മുയൽ ഉല്പാദന പദ്ധതി.**

കർഷകരിൽ മുയൽ വളർത്തലിൽ താല്പര്യം ജനിപ്പിക്കുന്നതിൻ നല്ല ഇനം. വർഗ ഗുണമുള്ള മുയൽ കുഞ്ഞുങ്ങളെ നല്കി വളർത്തിയെടുക്കാൻ ഉദ്ദേശിച്ചുള്ളത്.

സ്കൂൾ വിദ്യാർത്ഥികൾക്ക് മുയൽ കുഞ്ഞുങ്ങളെ നല്കുകയും 1 വർഷത്തിനുശേഷം രണ്ടു കുഞ്ഞുങ്ങളെ വിദ്യാർത്ഥികൾ മൃഗാശുപത്രികളിൽ തിരികെ തരുകയും ചെയ്യുന്നു.

## 12. ഇറച്ചിക്കോഴി വ്യാപകമാക്കൽ പരിപാടി.

കുടുംബത്തിലെ സ്ത്രീകൾക്കും കുട്ടികൾക്കും ചെയ്യാൻ കഴിയുന്ന വിധത്തി നല്ല ഇനം ഇറച്ചിക്കോഴികുഞ്ഞുങ്ങളെ നല്കി കുറഞ്ഞ കാലം കൊണ്ട് കൂടുതൽ ഭാരം ലഭ്യമാകുന്ന തരം കോഴികുഞ്ഞുങ്ങളെ ധനകാര്യസ്ഥാപനങ്ങൾ മുഖേന പ്രവർത്തിക്കുന്നുണ്ട്.

സാമ്പത്തിക സഹായം നല്കി നടപ്പാക്കിവരുന്നു.

## 13. വീട്ടുവളപ്പിലെ കോഴിവളർത്തൽ

സത്തീകളിൽ സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതി പ്രകാരം കുറഞ്ഞ ചെലവിൽ മുട്ടക്കോഴിവളർത്തുന്നതിനും അതുവഴി സാമ്പത്തിക പുരോഗതി കൈവരിക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പാക്കിവരുന്നു. സ്കൂൾ വിദ്യാർ ഥികളിൽ കോഴിവളർത്തലിൽ താല്പര്യം ജനിപ്പിക്കുന്നതിനുവേണ്ടി വിദ്യാലയങ്ങളിൽ പൗൾട്രിക്ലബ്ബുകൾ

### പട്ടിക 2

### വളർത്ത് പക്ഷികൾ

| വാർഡ് | | പൂവൻകോഴി | | പിടക്കോഴി | താറാവ് |
|---|---|---|---|---|---|
| | | നാടൻ | ഇംപ്രൂവ്ഡ് | മുട്ട ഇടുന്നത് | മുട്ട ഇടാത്ത് |
| 1. | 125 | 6 | 300 | 53 | |
| 2. | 101 | 5 | 324 | 11 | |
| 3. | 60 | 3 | 214 | 30 | 4 |
| 4. | 627 | 144 | 2082 | 175 | |
| 5. | 291 | | 321 | 374 | |
| 6. | 195 | 248 | 711 | 232 | |
| 7. | 202 | 18 | 562 | 72 | |
| 8. | 613 | 5 | 837 | 105 | 2 |
| 9. | 600 | 47 | 720 | 883 | |
| 10 | 441 | 101 | 1300 | 31 | 3 |
| 11. | 375 | 159 | 782 | 423 | |
| 12. | 101 | 12 | 100 | 44 | |
| 13. | 454 | 5 | 1139 | 141 | |
| ആകെ | 4085 | 753 | 9392 | 2574 | 9 |

അവലംബം:1995 ലെ ലൈവ് സ്റ്റോക്ക് സെൻസസ്.

**14. താറാവുകൃഷി**

വീട്ടുവളപ്പിലെ കുളങ്ങൾ, തോടുകൾ എന്നിവ ഉപയോഗപ്പെടുത്തി താറാവു വളർത്തൽ ഊർജ്ജിതപ്പെടുത്തൽ.

**15. ബീജസങ്കലനസൗകര്യങ്ങൾ വികസിപ്പിക്കൽ.**

പ്രത്യുൽപാദന ശേഷിയുള്ളതും ഗുണമേൻമയുള്ളതുമായ കന്നുകഗാലികളെ വളർത്തിയെടുക്കുന്നതിൻ ഗുണമേൻമയുള്ള കാളകളുടെ കുട്ടികളെ നിലനിർത്തുന്നതിനും വളർത്തുന്നതിനും ഉതകുമാണ് എല്ലാ പഞ്ചായത്തുകളിലും കൃത്രിമ ബീജ സങ്കലനസൗകര്യം ഉണ്ട്. കന്നുകാലികളിൽ ഉണ്ടാകാവുന ഗർഭാശയരോഗങ്ങൾതടയാൻ കഴിയും.

**16. വാക്സിൻ നിർമ്മാണം.**

കന്നുകാലികളിൽ ഉണ്ടാകാവുൻ പകർച്ച വ്യാധികളിൽ നിന്നുംമോചിക്കുന്ന പ്രവർത്തനം എന്ന നിലയിൽ കുത്തിവെയ്പുകൾ നടത്തുന്നതിനാവശ്യമായ മരുന്നുകൾ (വാക്സിൻകൾ) നിർമ്മിച്ചു വിതരണം. ചെയ്യുന്നു.

**17. രോഗഗവേഷണം**

കന്നുകാലികളിൽ ഉണ്ടാകാവുന്ന രോഗങ്ങളെക്കുറിച്ചു പഠിക്കുന്നതിനും അതിൻ പ്രതിവിധി തേടുന്നതിനും വേണ്ടിയുള്ള സംരംഭം

**പട്ടിക 3**

**അഗളിപഞ്ചായത്തിലെ കന്നുകാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ**

| ക്രമനമ്പ്ര് | രോഗങ്ങൾ | ചികിൽസയ്ക്ക് എത്തിയ എണ്ണം | | | |
|---|---|---|---|---|---|
| | | പശു | എരുമ | ആട് | കോഴി |
| 1. | ദഹനസംബന്ധം | 835 | 47 | 172 | 143 |
| 2. | ശ്വാസകോശസംബന്ധം | 141 | 1 | 3 | |
| 3. | ഉപാചയസംബന്ധം | 74 | | | |
| 4. | ത്വക് രോഗം | 26 | | | |
| 5. | ധാതുലവണങ്ങളുടെ അഭാവം | 84 | | | |
| 6. | പരാദരോഗങ്ങൾ | 1739 | 174 | 129 | 6 |
| 7. | പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 123 | | 4 | |
| 8. | വന്ധ്യത | 150 | 1 | 1 | |
| 9. | അകിട് വീക്കം | 103 | | | |
| 10. | മുടന്തൻപനി | 51 | | | |
| 11. | മറ്റ് രോഗങ്ങൾ | 272 | 2 | 6 | |

അവലംബം: മൃഗാശുപത്രിരേഖകൾ 1.4.95 മുതൽ 31. 3. 96. വരെ

**18. സ്വകാര്യമേഖലകളിൽ ഹാച്ചറിയും കന്നുകാലി വളർത്തലും.**

ധനകാര്യസ്ഥാപനങ്ങളുടെ സഹായത്തോടുകൂടി സ്വയം തൊഴിൽ കണ്ടെത്തുന്നതിനും അതുവഴി മൃഗസമ്പത്തും സാമ്പത്തികവും മെച്ചപ്പെടുത്തൽ

അഗളി പഞ്ചായത്തിൽ ഒരു വരഷം ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ അളവം (ക്ഷീരവ്യവസായ സഹകരണ സംഘങ്ങളിൽ നിന്ന് ലഭ്യമായത്) 31, 02,480 ലിറ്റർ.

വിറ്റുവരവ് ഇനത്തിൽ ലഭിക്കുന്ന തുക

31, 02,480 X 11= 3,41,27,280 രൂപ

**പാൽഉല്പാദനം**

**വിവിധ ക്ഷീരവ്യവസായ സഹകരണസംഘങ്ങളുടെ സ്ഥിത വിവരക്കണക്ക്**

| ക്രമനമ്പ്ര് | സ്ഥാപനത്തിന്റെ പേർ | മെമ്പർ ഷിപ്പ് | ഒരുവർഷത്തെ ഉല്പാദനം |
|---|---|---|---|
| 1. | ചിറ്റൂർ | 452 | 1,26,720 ലിറ്റർ |
| 2. | മുക്കാലി | 673 | 53,46,00,, |
| 3. | അഗളി | 698 | 2,70,000 |
| 4. | മുണ്ടൻപാറ | 1000 | 11,03,760 ,, |
| 5. | താവളം | 635 | 6,48,360 ,, |
| 6. | പല്ലിയറ (അവ്കോസ്) ലഭ്യമല്ല | 2,26,800 ,, | |
| 7. | കണ്ടിയൂർ( ,,) | ,, | 1,92,240 ,, |

അവലംബം: സെക്കണ്ടറി ഡാറ്റാ

**മാംസോൽപാദനം**

പൊതു അറവുശാല ഇല്ല. ഈ പഞ്ചായത്തിൽ ഉല്പാ ദിപ്പിക്കുന്ന മാംസത്തിന്റെ സ്ഥിതി വിവരണക്കണക്ക് പട്ടിക നോക്കുക.

| ക്രമനമ്പ്ര് | ഒരുവർഷം കശാപ്പുചെയ്യുന്ന മൃഗങ്ങളുടെ എണ്ണം | | | | | | ഉല്പാദിപ്പിക്കുന്ന മാംസത്തിന്റെ തൂക്കം | മാംസത്തിന്റെ വില. രൂപ (ശരാശരി) |
|---|---|---|---|---|---|---|---|---|
| | അറവുശാലകളുടെ എണ്ണം | ആട് | കാള | പോത്ത് | പശു | എരുമ | | |
| 1. | നാല് (4) | 840 | | | | | 31,500 Kg | 28,35,00൦ |
| | | | 840 | | | | 8,400 Kg | 29,4000 |
| | | | | 180 | | | 1800Kg | 63,000 |
| | | | | | 120 | | 1200Kg | 4,200 |
| | | | | | | 120 | 1200Kg | 4,200 |

ഇവയിൽ അഗളി പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന 70 ശതമാനവും ബാക്കിയുള്ളവ സമീപ പഞ്ചായത്തുകളിൽ നിന്ന ലഭിക്കുന്നു.

**മുട്ട ഉല്പാദനം**

അഗളി പഞ്ചായത്തിൽ ഒരു മാസം രണ്ടുലക്ഷം കോഴി മുട്ട ഉപയോഗിക്കുന്നുണ്ട്. അവയിൽ ഏകദേശം ഒരു ലക്ഷം കോഴിമുട്ട മാത്രമേ ഇവിടെ ഉല്പാദിപ്പിക്കുന്നുള്ളൂ. ബാക്കിയുള്ളവ കോയമ്പത്തൂരിൽ നിന്ന് ഇറക്കുമതി നടത്തി കടകളിലൂടെ വിറ്റഴിക്കുന്നു.

**മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് അംഗീകാരം**

വകുപ്പിന്റെ കീഴിൽ കന്നുകാലികർഷകരെ ആദരിക്കൽ പരിപാടി ഇപ്പോഴില്ല. പാൽ സൊസൈറ്റികളുടെ കീഴിൽ വരുന്ന കന്നുകാലി കർഷകരുടെ കന്നുകാലികളിൽ ഏറ്റവും നല്ല പശു, പശുക്കുട്ടി, കാള, കാളക്കുട്ടി, കിടാരി, എരുമ, എരുമക്കുട്ടി, പോത്ത് എന്നിവയുടെ മൽസരവും സമ്മാനങ്ങളും നല്കാറുണ്ട്.

കന്നുകാലികളിൽ ഉണ്ടാകുന്ന സാംക്രമിക രോഗങ്ങൾക്ക് പ്രതിരോധകുത്തിവയ്പ്പുകൾ സൗജന്യനിരക്കിൽ നടത്തിക്കൊടുക്കുന്നുണ്ട്. പാൽസൊസൈറ്റികൾ മുഖേന കന്നുകാലികൾക്ക് പ്രതിരോധ കുത്തിവയ്പ്പും കന്നുകാലികളിൽ വന്ധ്യതാനിവാരണ ക്ലാസ്സും സെമിനാറും ക്യാമ്പും സംഘടിപ്പിക്കുന്നുണ്ട്.

**പ്രശ്നങ്ങൾ**

1. കർഷകരുടെ എല്ലാ കന്നുകുട്ടികളേയും ഈ പദ്ധതിയിൽ കൊണ്ടുവരുവാൻ കഴിയുന്നില്ല. എല്ലാ കർഷകർക്കും ഇതിന്റെ ഗുണം ലഭിക്കുന്നില്ല. പശുക്കളിൽ പ്രസവകാലദൈർഘ്യം കൂടുന്നു.

2,3 കന്നുകാലികർഷകർക്ക് പ്രതിരോധകുത്തി വയ്പ്പുകളെ കുറച്ച് അറിവില്ലായ്മ, കുത്തിവയ്പ്പിച്ചാൽ പാൽ കുറയും എന്ന തെറ്റിദ്ധാരണ

4. പേനായ്ക്കളുടെ എണ്ണം പെരുകുന്നു. പേവിഷബാധകൂടുന്നു.

5. കന്നുകാലി വികസനത്തിനുവേണ്ടി നടത്തുന്ന പദ്ധതികൾ ഇപ്പോഴത്തെ സംവിധാനത്തിൽ നിന്നും മാറ്റം വരുത്തണം. ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തന പരിധികൾ കുറച്ചു കൂടി വ്യാപിപ്പിക്കണം.

6. പന്നിവളർത്തലിൽ കർഷകർക്ക് താല്പര്യം ഇല്ല.

   വിപണന സൗകര്യം ഇല്ല.

7. ആടുകൾക്ക് പൊതുമേച്ചിൽ പുറങ്ങൾ ഇല്ല.

8. കന്നുകാലി വളർത്തലും സാദ്ധ്യതകളും പരിശീലനവും ഇപ്പോഴത്തെ സ്ഥിതിക്ക് ലഭ്യമാകുന്നില്ല. കാലിത്തീറ്റ മിശ്രണത്തെക്കുറിച്ച് കർഷകർക്കുള്ള ആജ്ഞത, താല്പര്യമില്ലായ്മ

10. സമീകൃതാഹാരം എന്തെന്ന് ഭൂരിപക്ഷം കർഷകർക്കും അറിയില്ല.

11. നല്ലയിനം മുയൽക്കുഞ്ഞുങ്ങളെ കിട്ടുന്നില്ല.

12. ഇറച്ചിക്കോഴി വിപണന സൗകര്യമില്ലായ്മ. ചിലവുകൂടുതൽ. പരിപാലന പരിശീലനക്കുറവ്.

13. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ലഭ്യമല്ല. പ്രാദേശിക തലങ്ങളിൽ മുട്ടശേഖരണം ഇല്ല.

14. പഞ്ചായത്തിൽ ആവശ്യമായ ബീജസങ്കലന കേന്ദ്രങ്ങളുടെ കുറവ്

15. ആവശ്യമായ വാക്സിനുകളുടെ ലഭ്യതക്കുറവ്

16. ആവശ്യമായ കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നില്ല. കന്നുകാലിവളർത്തലിൽ സാമ്പത്തിക ബുദ്ധിമുട്ട് കൂടുന്നു.

**മാംസോല്പാദനം**

അശാസ്ത്രീയവും വൃത്തിഹീനവുമായ അറവുശാലകൾ. പൊതുനിരത്തുവക്കിൽ അറവുശാലകൾ സ്ഥാപിച്ചിരിക്കുന്നതിനാൽ യാത്രാക്ലേശവും ദുർഗന്ധവും ഉണ്ടാക്കുന്നു. ഗുണമേൻമയുള്ള മാംസം ലഭിക്കുന്നില്ല.

അഗളി ഹൈസ്കൂൾ കേന്ദ്രീകരിച്ച് തൊഴിലാധി

ഷ്ഠിതമാക്കിയ ദ്വിവൽസര ലൈവ് സ്റ്റോക്ക് മാനേജ് മെൻറ് കോഴ്സ് നടത്തിവരുന്നുണ്ട്. ഓരോവർഷവും മുപ്പതോളം അഭ്യസ്ഥവിദ്യർ പുറത്തുവരുന്നുണ്ട്. ഇവർ പാസ്സായ കോഴ്സിനു തുടർന്നു പഠിക്കുന്നതിൻ സൗകര്യം ഇല്ലാത്തതിനാൽ മറ്റുപല കോഴ്സുകളിലേക്ക് മാറിപ്പോകുന്നു. ഈ അവസ്ഥമാറ്റിയെടുക്കുന്നതിൻ ഇവരെ പാൽ സൊസൈറ്റികളിലും മൃഗസംരക്ഷണ ഉപകേന്ദ്രങ്ങളിലും നിയമിച്ച് കൃത്രിമ ബീജസങ്കലനം പരിപാടികളും മറ്റും മൃഗസംരക്ഷണ പ്രവൃത്തികളും നടത്തിക്കാവുന്നതാണ്.

**സാധ്യതകൾ**

1. കന്നുകുട്ടിപരിപാലന പദ്ധതി ഉദാരവൽക്കരിച്ച് തുടരണം.

2, 3 കാലിവസന്ത നിർമ്മാർജ്ജന പദ്ധതിയുടെ പ്രവർത്തനമേഖല വിപുലീകരിക്കണം. കന്നുകാലികർഷകരിൽ ബോദവൽക്കരണം പഞ്ചായത്തും, ക്ഷീരവ്യവസായ സഹകരണസംഘങ്ങളും മുൻകൈയെടുത്തു നടത്തണം.

4. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കാൻ പഞ്ചായത്ത് അധികാരികൾ കുറെക്കൂടെ ശ്രദ്ധിക്കണം. എല്ലാ വളർത്തുനായ്ക്കൾക്കും ലൈസൻസ്നിർബന്ധമാക്കുക സൗജന്യമായി പ്രതിരോധ കുത്തിവയ്പ്പുകൾ നടത്തുക.

5. എല്ലാ ക്ഷീരവ്യവസായ സഹകരണസംഘങ്ങളും സ്വന്തം ജാമ്യത്തിൽ ക്ഷീരകർഷകർക്ക് കറവപ്പശുക്കളെ വാങ്ങാൻ സാമ്പത്തിക സഹായം നൽകുക.

എല്ലാ കന്നുകാലികളെയും ഇൻഷ്വർ ചെയ്യാൻ (ഗ്രൂപ്പ് ഇൻഷ്വറൻസ്) സ്വകര്യം ഉണ്ടാക്കുക. ഇൻഷ്വറൻസ് പ്രീമിയം ലഘൂകരിക്കുക.

കന്നുകാലികളെ വാങ്ങുന്നതിൻ ധനകാര്യ സ്ഥാപനങ്ങളുടെ നിയമതടസ്സങ്ങൾ ഒഴിവാക്കുക.

പ്രതിമാസം 750 രൂപയിത കുറഞ്ഞ വരുമാനമുള്ള താല്പര്യമുള്ള കന്നുകാലികർഷകർക്ക് സൗജന്യനിരക്കിൽ ധനകാര്യസ്ഥാപനങ്ങളിലൂടെ വായ്പകൾ അനുവദിക്കുക.

6. നല്ലയിനം പന്നിക്കുട്ടികളെ സൗജന്യനിരക്കിൽ ലഭിക്കാനുള്ള സൗകര്യം വർദ്ധിപ്പിക്കുക. പന്നിവളർത്തലിൽ ബോധവൽക്കരണം നടത്തുക. സർക്കാരിൻെറ നേതൃത്വത്തിൽ വിപണനകേന്ദ്രങ്ങൾ തുടങ്ങുക.

7. നല്ലയിനം ആട്ടിൻ കുട്ടികളെ എല്ലാഗ്രാമങ്ങളിലും സൗജന്യമായി നൽകുക. വാർഡ് അടിസ്ഥാനത്തിൽ ആടുകൾക്കുള്ള മേച്ചിൽ സ്ഥലങ്ങൾ വേർതിരിച്ചിടുക. ആടുകൾക്ക് തീറ്റക്കുള്ള പ്ലാവ് മുരുക്ക്, വേങ്ങ തുടങ്ങിയ വൃക്ഷത്തൈകൾ നട്ടു വളർത്താനുള്ള ബോധവൽക്കരണം നടത്തുക, 'അട്ടപ്പാടി ബ്ലാക്ക്' മുട്ടനാടിനെ എല്ലാവാർഡുകളിലും സൗജന്യമായി നൽകുക.

8. കന്നുകാലി വികസനവും പരിശീലനവും വിജ്ഞാനം വ്യാപകമാക്കുന്നതിൽ ജില്ലകൾ തോറും കർഷക പരിശീലന കേന്ദ്രങ്ങൾ തുടങ്ങുകയും ആവശ്യമായ വിവരങ്ങൾ അടിങ്ങിയ സിനിമാ പ്രദർശനം വാർഡുകൾ തോറും നടത്തുക.

9. പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന ചോളം, ക്പ്പ, കരിമ്പിൻ ചണ്ടി, നിലക്കടല, എള്ള് എന്നിവ ഉപയോഗിച്ച് സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റാമിശ്രണ ഫാക്ടറി തുടങ്ങേണ്ടത് അത്യാവശ്യമാണ്. വർദ്ധിച്ചുവരുന്ന കാലിത്തീറ്റയുടെ വിലയിൽ നിന്ന് വളരെക്കുറഞ്ഞ നിരക്കിൽ കർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്യാൻ കഴിയും. ഇങ്ങനെ വന്നാൽ പഞ്ചായത്തിൽ ഉല്പാദനം കൂടുകയും (കാർഷിക മേഖലയിലും, മൃഗസംരക്ഷണ മേഖലയിലും) തൊഴിലവസരങ്ങൾ വർദ്ധിക്കുകയും ചെയ്യും.

10. സമീകൃതാഹാര നിർമ്മാണ ബോധവൽക്കരണ സെമിനാറുകൾ ക്ഷീരവ്യവസായ സഹകരണസംഘങ്ങളുടേയും മൃഗാശുപത്രിയുടേയും സമയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുക.

11. നല്ലയിനം മുയൽ കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ നൽകുകയും ധനകാര്യസ്ഥാപനങ്ങളിലൂടെ കുറഞ്ഞ പലിശയ്ക്ക് ദീർഘകാലവായ്പകൾ അനുവദിക്കുകയും ചെയ്യുക.

12, 13, നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാകും വിധം

എല്ലാവാർഡുകളിലും ഓരോ എഗ്ഗർ നഴ്സറി യൂണിറ്റും (മുട്ടക്കോഴി ഉല്പാദനയൂണിറ്റ്) ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളുടെ ഹാച്ചറിയും തുടങ്ങിയാൽ വനിതകൾക്ക് തൊഴിൽ സാദ്ധ്യതകൾ വർദ്ധിക്കുകയും സാമ്പത്തിക വളർച്ച കൈവരിക്കാനും കഴിയും.

**കൃത്രിമ ബീജസങ്കലന സൗകര്യങ്ങൾ വികസിപ്പിക്കൽ**

കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും കന്നുകാലികർഷകർക്ക് സൗജന്യസേവനം ലഭിക്കുന്നതിൻ താഴെപറയുന്ന മേഖലകളിൽ മൃഗാശുപത്രികൾ സ്ഥാപിക്കുക.

1. കൽക്കണ്ടി.
2, ചിറ്റൂർ
3, മുണ്ടംമ്പാറ
4, താവളം.

എല്ലാ ക്ഷീരവ്യവസായ സഹകരണസംഘങ്ങളിലും കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ തുടങ്ങുക ആവശ്യമായ ജീവനക്കാരെ നിയമിക്കുക.

അഗളി കേന്ദ്രീകരിച്ച് ഒരു വെറ്ററിനറി പോളിക്ലിനിക് ആരംഭിക്കുക മൊബയിൽ ഫാം എയിഡ് യൂണിറ്റിൻ ഒരു പുതിയ ജീപ്പ് അനുവദിക്കുക.

അഗളി പഞ്ചായത്തിൽ അംഗീകൃത അരവുശാല പഞ്ചായത്തിൻെറ നേതൃത്വത്തതി ആരംഭിപ്പിക്കണം.

എല്ലാ അറവുശാലകൾക്കും ലൈസൻസ് ഏർപ്പെടുത്തണം. ഗുണമേൻമ ഉറപ്പുവരുത്തുന്നതിൻ കശാപ്പു ചെയ്യാനുദ്ദേശിക്കുന്ന കന്നുകാലികളെ വെറ്ററിനറി ഡോക്ടറുടെ വിദഗ്ധ പരിശോധനക്കു വിധേയമാക്കണം. പൊതുനിരത്തുവക്കിൽ ഉള്ളതും വൃത്തിഹീനമായതുമായ അറവുശാലകൾ നിരോധിക്കുക.

അംഗീകൃതമല്ലാത്ത അറവുശാലകൾ നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുക.

അറവുശാലകളിൽ നിന്നും ലഭിക്കുന്ന തുകൽ എല്ല്, രക്തം എന്നിവ ഉപയോഗിച്ച് വ്യവസായശാലകൾ ആരംഭിക്കുക. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക.

അഗളി പഞ്ചായത്തിൽ ആവശ്യമായ മുട്ട ഉല്പാദിപ്പിക്കുന്നതിൻ നല്ലഇനം കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുന്ന തിനുള്ള സംവിധാനം ഏർപ്പെടുത്തുക. എല്ലാ ഗ്രാമങ്ങളിലും. (വാർഡുകൾ) ഓരോ എഗ്ഗർ നഴ്സറിയൂണിറ്റ് ആരംഭിക്കുക ഉല്പാദിപ്പിക്കുന്ന കോഴിമുട്ട പ്രാദേശികാടി സ്ഥാനത്തിൽ ശേഖരിക്കാൻ സംവിധാനമുണ്ടായാൽ മുട്ട ഉല്പാദകരിൽ ആവേശം ജനിപ്പിക്കുകയും അതുവഴി മുട്ട ഉല്പാദനം കൂട്ടാനും കഴിയും. വനിതകൾക്ക് തൊഴിലവസരങ്ങൾ വർദ്ധിക്കുകയും വനിതകളിൽ സമ്പാദ്യശീലം വളർത്താനും ഉതകും.

**ക്ഷീരവികസന വകുപ്പ്**

കന്നുകാലി വളർത്തലിൽ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, നല്ലയിനം കന്നുകാലികളെ വളർത്തി എടുക്കുന്നതും ലക്ഷ്യമാക്കി പ്രവർതതിക്കുന്നു. കന്നുകാലികളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിൻ വേണ്ട ധാതുലവണമിശ്രിതങ്ങളും സബ്സിഡിനിരക്കിൽ വിതരണം നടത്തുന്നു. ക്ഷീരോല്പാദനം ലാഭകരമാക്കുന്നതിൻ നല്ല ഇനം. തീറ്റപ്പുൽ വിത്ത് വിവിധ ഇനം നടീൽ വസ്തുക്കളും രാസവളസബ്സിഡിയും അനുവദിക്കുന്നുണ്ട്.

കഴിഞ്ഞരണ്ടുവർഷക്കാലത്തിനിടയിൽ അഗളി പഞ്ചായത്തിൽ ക്ഷീരവികസനവകുപ്പിൽനിന്ന് നടപ്പാക്കിയ പദ്ധതികളും വിതരണം ചെയ്ത നടീൽ വസ്തുക്കളും അനുബന്ധമായ ചേർത്തിട്ടുണ്ട്.

പട്ടിക 1

## ക്ഷീരവികസന വകുപ്പ് അഗളി പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

| ക്രമനമ്പ്ര് ഇനം | 1995 96 വിസ്തീർണ്ണം/എണ്ണം | സബ്സിഡി/രൂപ | 1996 97. വിസ്തീർണ്ണംഎണ്ണം. | സബ്സിഡിരൂപ |
|---|---|---|---|---|
| 1. പുൽകൃഷി (G.L. M + Cmgo + S410) | 7.8 Ha/ 6.5 Ha | 3900/6500 | 8. A Ha 9.Ha | 4200/900 |
| 2. പയർ | 9.25Ha | 2775 | 3.8 | 1140 |
| 3. ചോളം | 3.Ha | 2100 | | |
| 4. ട്രൈവാക്സ് | | | | |
| 5. മിനറൽ മിക്സ്ചർ | | | 405 Kg | |
| 6. വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി | 2 Ha | 29500 | 2 Ha | 29000 |
| 7. വൈക്കോൽ സംപുഷ്ടീകരണം | 94 | 47000 | | |
| 8. വൈക്കോൽ നിർമ്മാണം | 1 | 200 | | |
| 9. സൈലേജ് | 1 | 625 | 1 | 625 |
| 10. SC/S സ്കീം TSP SCP | | | 126000 | |
| 11. സെമിനാറുകൾ | | | 1 | |
| 12. കന്നുകാലി പ്രദർശനം | 1 | 900 | 1 | 900 |
| 13. ചർച്ചാക്ലാസ്സുകൾ | 26 | 5200 | 25 | 5000 |
| 14. ക്ഷീരോല്പന്ന നിർമ്മാണ പ്രദർശനം | 26 | 2600 | 25 | 2500 |
| 15. നാടൻ ക്ഷീരോല്പന്നയൂണിറ്റുകൾ | | | | |
| 16. സംഘം രൂപീകരണം | | | | |
| 17. ശുദ്ധമായ പാലുൽപാദന കിറ്റുകൾ വിതരണം | | | | |
| 18. കെട്ടിട നിർമ്മാണ സബ്സിഡി | | | | |
| 19. ഫർണിച്ചർ സബ്സിഡി | | | | |
| 20. ഫോൾഡർ ബാങ്ക്/കാറ്റിൽ ഫീഡ് മിക്സിങ്ങ്യൂണിറ്റ് | | | 1 | 1,00,000 |
| 21. പാൽപരിശോധനയന്ത്രം | 2 | 30,000 | 1 | 12,000 |
| 22. വിതരണം ചെയ്ത മിൽക്ക്കാനുകൾ | | | | |
| 23. ഡയറിഫാം യൂണിറ്റ് (മോഡൽ) | 1 | 7000 | 1 | 7000 |
| 24. ജീവാണുവളം | | | | |
| 25. വിറ്റാമിൻ എ. | | | | |
| 26. തൊഴുത്ത് | 36 | 45000 | 11 | 13750 |
| 27. കൃത്രിമ ബീജദാനം | | | | |

**പ്രശ്നങ്ങൾ**

കന്നുകാലകർഷകർ ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും പാൽ ശീതീകരണകേന്ദ്രത്തിൽ എത്തുന്നില്ല. ഇത് ഉല്പാദനം കുറയ്ക്കുന്നു.

ഉൽപാദിപ്പിക്കുന്നപാലിന് ന്യായമായ വില ലഭിക്കുന്നില്ല.

മോഡൽ ഡയറി ഫാം യൂണിറ്റുകളുടെ കുറവ്

## മൽസ്യബന്ധനം

നമ്മുടെ പഞ്ചായത്തിൽ ഒരു തൊഴിൽ എന്നരീതിയിൽ മതസ്യബന്ധനം ഇല്ല. കായലോ കടലോ ഇല്ലാത്ത ഒരു ജില്ലയാണ് പാലക്കാട് ജില്ല. അതുകൊണ്ടുതന്നെ മലയോര പ്രദേശമായ ഇവിടെ മൽസ്യബന്ധനത്തിനു സാധ്യതകളില്ല.

എന്നാൽ നിലവിലുള്ള കുളങ്ങളിൽ ഉൾനാടൻ മതസ്യ ക്കൃഷി നടത്തുവാന കഴിയും. ശുദ്ധജലമസ്ത്യക്കൃഷി പ്രോൽസാഹിപ്പിച്ചുകൊണ്ട് മൽസ്യം വളർത്തി ആദായം ഉണ്ടാക്കാൻ കഴിയുന്ന ഒരു പദ്ധതി ഉണ്ടാവേണ്ടതാണ്.

എന്നാൽ വിദേശനാണ്യം നേടാൻ കഴിയുന്ന ആതായത് കയറ്റുമതി സാദ്ധ്യതകളുള്ള ഒരു മൽസ്യക്കൃഷി രീതി ഇവിടെയും നടപ്പിലാക്കാവുന്നതാണ്. ഉൾനാടൻ ജലാശയങ്ങളിലുള്ളതും മറ്റു ആകർഷകമായതുമായ മതസ്യം വളർത്തി പ്രജനനം ചെയ്യിച്ച് വിദേശ രാജ്യങ്ങളിലക്ക് കയറ്റി അയക്കാവുന്നതാണ്. അത്തരം ഒരു സ്ഥാപനം നമ്മുടെ ജില്ലയിൽ വടക്കഞ്ചേരിയിൽ ഉള്ളതായി അറിയുന്നു. അതുപോലെ ഒരു സ്ഥാപനം ഉണ്ടാക്കാൻ മുൻകൈയെടുക്കാവുന്നതാണ്. വീടുകളിൽ മിനി അക്വേറിയം ഉണ്ടാക്കുന്നതു പ്രോൽസാഹിപ്പിച്ചാൽ പ്രാദേശികമായും വിപണി ഉണ്ടാവും.

**പൊതുനിർദ്ദേശം**

അഗളി പഞ്ചായത്തിൽസ്ഥിതിചെയ്യുന്ന പാൽ ശീതീകരണകേന്ദ്രത്തിറെ ശേഷി വർദ്ധിപ്പിക്കുക. രണ്ടുനേരവും പാൽ ശേഖരിക്കുക. പാലിന് ന്യായമായ വില ലഭ്യമാക്കുക. മോഡൽ ഡയറിഫാമുകൾ എല്ലാവാർഡുകളിലും തുടങ്ങുക.

# 5. വ്യവസായം

വ്യാവസായികമായി വളരെ പിന്നിൽ നിൽക്കുന്ന ഒരു പഞ്ചായത്താണിത്. ചെറുകിട ദരിദ്രകർഷകരും കർഷകത്തൊഴിലാളികളുമാണ് ഭൂരിഭാഗവും. വ്യാവസായിക സംരംഭങ്ങൾക്ക് അനുകൂലമായ സാചര്യമുണ്ടെങ്കിലും പുതിയ വ്യവസായങ്ങൾ തുടങ്ങാനുള്ളശ്രമങ്ങളൊന്നും തന്നെ കാണുന്നില്ല. നിലവിലുള്ള നാമമാത്രമായ വ്യവസായ സ്ഥാപനങ്ങൾവേണ്ടത്ര പ്രോൽസാഹനം ലഭിക്കാത്തതിനാൽ പീഡിത വ്യവസായങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ അവസ്ഥ മാറ്റിയെടുക്കേണ്ടിയിരിക്കുന്നു.

**നിലവിലുള്ള വ്യവസായ സ്ഥാപനങ്ങൾ**

| വാർഡ് | ഉടമസ്ഥത | പ്രവർത്തനങ്ങൾ | നിലവിലുള്ള അവസ്ഥ |
|---|---|---|---|
| 1. | സ്വകാര്യം | നൂലിൽ ചായം മുക്കൽ | നന്നായി പ്രവർത്തിക്കുന്നു. |
| | ,, | ഗ്ലൂക്കോസ്നിർമ്മാണം | പൂട്ടിക്കിടക്കുന്നു. |
| 2. | സഹകരണ മേഖല | ചൂരൽ കൊണ്ടുള്ള ഉപകരണം, ചൂല് | വിപണനസാദ്ധ്യത കുറവ് |
| 33. | സ്വകാര്യം | കുടിൽ വ്യവസായം (കുട്ട, പനമ്പ്) | അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവ് |
| 4. | ,, | പപ്പടനിർമ്മാണം, | തരക്കേടില്ല |
| 5. | ,, | രാമച്ചംകൊണ്ട് വിശറി, പായ നിർമ്മാണം | വിപണന സാദ്ധ്യത കുറവ് |
| 6. | ,, | ,, | ,, |
| 7. | ,, | ഇഷ്ടികനിർമ്മാണം. | തരക്കേടില്ല. |
| 8. | സഹകരണമേഖല | ഔഷധസസ്യങ്ങൾ | പ്രവർത്തിക്കുന്നില്ല. |
| 9. | ,, | കൈത്തറി | പ്രവർത്തനം തുടങ്ങിയില്ല. |

ഇവയ്ക്കുപുറമേ സ്വകാര്യ വ്യക്തികൾ സിമൻറ് കട്ടിള, ജനൽ ഹോളോബ്രിക്സ് എന്നിവ നിർമ്മിച്ച് വിപണനം നടത്തുന്നു. വളരെക്കുറച്ചു എണ്ണയാട്ടുന്നമില്ലുകളും പ്രവർത്തിക്കുണ്ട്. ചിരട്ട, മരം, പ്ലാസ്റ്റിക് എന്നിവകൊണ്ട് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന ധാരാളം കലാകാരൻമാർ പല ഭാഗങ്ങളിലായി ചിതറിക്കിടക്കുന്നുണ്ടെങ്കിലും ഇവരെ ഏകോപിപ്പിച്ച് ആവശ്യമായ പരിശീലനം നൽകാനോ ഒരു വ്യവസായ സംരംഭം തുടങ്ങാനോ ശ്രമം നടത്തിയിട്ടില്ല.

ഈ പ്രദേശത്ത് ഉല്പാദിപ്പിക്കുന്ന പരുത്തി, കരിമ്പ്, കപ്പ, കടല, ചോളം, നേന്ത്രക്കായ, അടയ്ക്ക പല തരം പഴവർഗ്ഗങ്ങൾ, കശുവണ്ടി, ഇഞ്ചി എന്നിവ തമിഴ്നാട്ടിലേക്കാണ് കയറ്റിപ്പോകുന്നത് ഇടത്തട്ടുകാരുടെ ചൂഷണം കാരണം ഉല്പാദകർക്ക് മാന്യമായ വില ലഭിക്കുന്നില്ലയെന്ന് മാത്രമല്ല. വേഷം മാറിയെത്തുന്ന ഇത്തരം ഉല്പന്നങ്ങൾ അധിക വിലകൊടുത്ത് വാങ്ങേണ്ടിവരുകയും ചെയ്യുന്നു. ഇക്കാരണങ്ങളാൽ ഒരേ വസ്തുവിൻെറ രണ്ട് തലങ്ങളിലുമുള്ള ലാഭം അയൽസംസ്ഥാനത്തിലേക്ക് പോകുന്നു. ഇതിൻ പകരം പ്രാദേശികമായി പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങിതൊഴിൽ മേഖല പുഷ്ടിപ്പെടുത്തേണ്ടിയിരിക്കുന്നു.

**പ്രശ്നങ്ങൾ:**

പരുത്തി, കരിമ്പ്, തുടങ്ങിയ വ്യാവസായിക പ്രാധാന്യമുള്ള ഉല്പന്നങ്ങൾ അയൽ സംസ്ഥാനങ്ങളിലേക്ക് പോകുന്നു.

കാർഷികോല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നില്ല.

വ്യവസായ മേഖലയുടെ മുരടിപ്പ്

തൊഴിലില്ലായ്മ

കാലിത്തീറ്റയുടെ ലഭ്യതക്കുറവ്

വ്യാവസായികമായി പിന്നോക്കാവസ്ഥ.

കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്നു.

**സാദ്ധ്യതകൾ**

**1. പരുത്തി വ്യവസായം**

**പരുത്തി സംസ്ക്കരണയൂണിറ്റ്:** ധാരാളം പരുത്തി കൃഷിയുള്ളതിനാൽ സാധ്യതയുള്ള വാർഡുകളിൽ സംസ്ക്കരണയൂണിറ്റുകൾ തുടങ്ങുക.

**നൂല് ഉല്പാദനം :** വിവിധ സംസ്കരണയൂണിറ്റുകളിൽ നിന്നുള്ള പരുത്തി ശേഖരിച്ച് നൂല് ഉല്പാദിപ്പിക്കാനുള്ള യൂണിറ്റുകൾ തുടങ്ങുക.

**വസ്ത്ര നിർമ്മാണം:** നൂല് ശേഖരിച്ച് വസ്ത്ര നിർമ്മാണ ശാല തുടങ്ങുക.

സഹകരണമേഖലയിൽ ഇത്തരം സ്ഥാപനം തുടങ്ങിയാൽ പരുത്തി കർഷകർക്ക് മാന്യമായ വില കിട്ടുമെന്ന് മാത്രമല്ല. ധാരാളം പുതിയ തൊഴിൽ സംരംഭങ്ങൾ ഉണ്ടാവുന്നതോടൊപ്പം പഞ്ചായത്തിനുള്ളിൽ ആവശ്യമുള്ള വസ്ത്രം ഇവിടെ തന്നെ നിർമ്മിക്കാനും സാധിക്കും.

**2. പഞ്ചസാര ഫാക്ടറി**

നിലവിലുള്ള കരിമ്പ് കൃഷി വ്യാപിപ്പിച്ച് കൊണ്ട് ഒരു പഞ്ചസാര ഫാക്ടറി പഞ്ചായത്ത് അടിസ്ഥാനത്തിലോ ബ്ലോക്ക് അടിസ്ഥാനത്തിലോ സഹകരണ മേഖലയിൽ തുടങ്ങണം. അട്ടപ്പാടിക്ക് ആവശ്യമായ പഞ്ചസാര ഉല്പാദിപ്പിക്കാം. തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാം.

**3. ഗ്ലൂക്കോസ് ഫാക്ടറി**

ഇവിടെ ഉല്പാദിപ്പിക്കുന്ന കപ്പ തമിഴ്നാട്ടിലേക്ക് കയറ്റി അയക്കുന്നത് ഒഴിവാക്കി പഞ്ചായത്തടിസ്ഥാനത്തിലോ ബ്ലോക്കടിസ്ഥാനത്തിലോ ഗ്ലൂക്കോസ് ഫാക്ടറി തുടങ്ങേണ്ടതാണ്.

**4. കാലിത്തീറ്റ ഫാക്ടറി**

പരുത്തി സംസ്ക്കരണം നടത്തുന്നതുവഴി ലഭിക്കുന്ന പരുത്തിക്കുരു, ഗ്ലൂക്കോസ് ഫാക്ടറിയിൽ നിന്നും ലഭിക്കുന്ന കപ്പച്ചണ്ടി, പഞ്ചസാര ഫാക്ടറിയിൽനിന്നും ലഭിക്കുന്ന കരിമ്പിൻ ചണ്ടി, ചോളം, കടലപ്പിണ്ണാക്ക്, തേങ്ങപ്പിണ്ണാക്ക് എന്നിവ ചേർത്ത ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കാനുള്ള സാദ്ധ്യതയുണ്ട്. കുറഞ്ഞ ചെലവിൽ ക്ഷീരകർഷകർക്ക് കാലിത്തീറ്റ കിട്ടുന്നതോടൊപ്പം തൊഴിൽ സാദ്ധ്യത വർദ്ധിക്കുന്നു.

5.ഓയിൽ മില്ല്

അസംസ്കൃത വസ്തുക്കളായ കടല, നാളികേരം എന്നിവ ലഭ്യമായതിനാൽ പഞ്ചായത്ത് അടിസ്ഥാനത്തിലോ ബ്ലോക്കടിസ്ഥാത്തിലോ ഓയിൽമില്ല് സ്ഥാപിക്കേണ്ടതാണ്. കർഷകർക്ക് ന്യായമവില ലഭിക്കുമെന്നതിൻ പുറമേ തൊഴിൽ സാദ്ധ്യത വർദ്ധിക്കും. തമിഴ്നാട്ടിൽ നിന്നുള്ള എണ്ണ ഇറക്കുമതി ഒഴിവാക്കാം.

6.തേയില ഫാകടറി

ജെല്ലിപ്പാറ, കാരറ, കള്ളമല ഭാഗങ്ങളിൽ തേയില കൃഷി വ്യാപിപ്പിക്കാൻ ശ്രം നട്ക്കുന്നുണ്ട്. സാദ്ധ്യതയുള്ള മറ്റ് മേഖലക്ളിലേക്ക് കൃഷി വ്യാപിപ്പിക്കാൻ ശ്രമിക്കേണ്ടതും ജെല്ലിപ്പാറ ആസ്ഥാനമാക്കി തേയില ഫാക്ടറി സ്ഥാപിക്കേണ്ടതുമാണ്. തരിശ് ഭൂമിയിൽ കൃഷി വികസിപ്പിക്കുന്നതിൻ പുറമേ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാം.

7. ജൈവവള ഫാക്ടറി

രാസവളങ്ങളുടെ വില വർദ്ധനവ് കർഷകരെ വല്ലാതെ അലട്ടുകയാണ്. ജൈവവള പ്രയോഗം വ്യാപിക്കാത്തത് ഭൂമിയുടെ ചരിവുകാരണമാണെന്ന് കർഷകർഅഭി പ്രായപ്പെടുന്നു. ഒരു ദിവസം നാലു ലോറി നിറയെ ചാണകം, ആട്ടിൻ കാട്ടം, കോഴികാഷ്ടം എന്നിവ മലപ്പുറം ജില്ലയിലേക്ക് കൊണ്ടുപോകുന്നു. പച്ചിലധാരാളം ലഭിക്കുന്നു പ്രദേശമാണിത്. ഈ സാഹചര്യത്തിൽ ജൈവവളനിർമ്മാണ വിതരണ സൗര്യംവർദ്ധിപ്പിക്കേണ്ടതാണ്. രാസവളത്തിൻെറ അമിത പ്രയോഗം മണ്ണിൻെറ ഘട്ടനയിൽ വ്യത്യാസം ഉണ്ടാക്കുകും മണ്ണിര മറ്റു ക്രിമികീടങ്ങൾ എൻിവയുടെ നാശ ത്തിനും ഇടയാക്കുന്നു. ഇതുപരിഹരിക്കാൻ സഹകര ണാടിസ്ഥാനത്തിലോ, പ്രാദേശികാടിസ്ഥാനത്തിൽ സ്വകാര്യമായോ ജൈവവള നിർമ്മാണം പ്രോൽസാഹിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

8. അടയ്ക്കാ സംസ്ക്കരണ വ്യവസായം

ധാരാളം സുഗന്ധ വിളകൾ ഉള്ള ഒരു പഞ്ചായത്താണിത്. അടയ്ക്ക, ഇഞ്ചി എന്നിവ സംസ്കരിക്കുന്നതിനുള്ള ഒരു യൂണിറ്റ് അത്യാവശ്യമാണ്. മറ്റു സുഗന്ധ ദ്രവ്യങ്ങളായ ഏലം കുരുമുളക്, ഗ്രാംപൂ എന്നിവയും കൃഷി ചെയ്യുന്നുണ്ട്. ഇതിനെല്ലാത്തിനും ഉതകുന്ന രീതിയിൽ ഒരു സംസ്കരണ യൂണിറ്റ് സ്ഥാപിക്കാനുള്ള സ്ഥലവും മറ്റു സഹായങ്ങളും 13 ാം വാർഡിലെ ജനം വാഗ്ദാനം ചെയ്തിട്ടുണ്ട്.

9. സിമൻറ് ഇഷ്ടിക,കട്ടിള, വെൻറിലേറ്റർ നിർമ്മാണയൂണിറ്റ്

ഇന്ന് വീടുനിർമ്മാണത്തിൻ വ്യാപകമായി മരസാധനങ്ങൾ ഉപയോഗിക്കപ്പെടുന്നു. ഇത് വനനശീകരണത്തിനു ഒരു കാരണവുമാകുന്നുണ്ട്. ചെലവുകുറഞ്ഞ വീടുനിർമ്മാണത്തിൻ സിമൻെറുകൊണ്ടുണ്ടാക്കുന്ന കട്ടിള, ജനൽ ഇഷ്ടിക എന്നിവഉപയോഗിച്ചുവരുന്നുണ്ട്. ഈടുനിൽപ്പിനും ഇത്സഹായകരമാണ്. പ്രത്യേകിച്ച് പരിരക്ഷ നൽകാൻ ശ്രമിക്കാത്ത പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള വീടുനിർമ്മാണത്തിനും മറ്റും ഇത്തരം സാധനങ്ങൾ ഉപയോഗിക്കാനവുന്നതാണ്. ഇതിനായി സിമൻറുപയോഗിച്ചുള്ള ഇത്തരം സാധനങ്ങൾ ഉണ്ടാക്കാനുള്ള ഒരു ഫാക്ടറി സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കണം.

10. കൊക്കൂൺ വ്യവസായം

അഗളിയിൽ വിജയകരമായിനടത്താൻ കഴിയുന്ന ഒരു വ്യവസായമാണ് കൊക്കൂണ് വ്യവസായം. പട്ടുനൂൽ കൃഷിക്ക് ആവശ്യമായ മൾബറിച്ചെടി വളർത്താൻ പറ്റിയ മണ്ണും കാലാവാസ്ഥയുമാണ് ഇപ്പോൾ തന്നെ കൊക്കൂൺ ഉല്പാദനം ഉണ്ട്. ഇത് കോയമ്പത്തൂർ കൊണ്ടുപോയേ വില്ക്കാൻ പറ്റു. റീലിംഗ്യൂണിറ്റ് സ്ഥാപിച്ചാൽ ഇവിടെത്തന്നെ പട്ടുനൂൽ ഉല്പാദിപ്പിക്കാവുന്നതാണ്. പട്ടുനൂലുല്പാദന യൂണിറ്റ് സ്ഥാപിച്ചാൽ തൊഴിലവസരം വർദ്ധിപ്പിക്കുകയും കർഷകർക്ക് ആശ്വസമാവുകയും ചെയ്യും.

11. കുടിൽ വ്യവസായം

അഗളിയിൽ ധാരാളം പേർ തയ്യൽ പരിശീലനം ലഭിച്ച് തൊലില്ലാതെ നില്ക്കുന്നു. ചെറുനാരങ്ങ, വള്ളിനാരങ്ങ, ഇഞ്ചി, വെളുത്തുള്ളി, മാങ്ങ എന്നിവ ഇവിടെ ധാരാളം ലഭ്യമാണ്. നേന്ത്രക്കായ് കൃഷി വ്യാപകമായുണ്ട്. ഈ സാഹചര്യം ഉപയോഗപ്പെടുത്തി, റെഡിമെയ്ഡുവസ്ത്ര നിർമ്മാണം, അച്ചാർ നിർമ്മാണം ചിപ്സ് നിർമ്മാണം എന്നിവ കുടിൽ വ്യവസായമായി ചെയ്യാവുന്നതാണ്. ഇതിന് കുടിലിൽ ഉല്പാദിപ്പിക്കുന്ന വസ്തുക്കൾ ശേഖരിച്ച് പാക്കറ്റിലും കുപ്പികളിലുമാക്കി വിപണിയിലെത്തിക്കുന്ന

ഒരുമാതൃസ്ഥാപനം ഉണ്ടാവണം. ഈ സ്ഥാപനം ഗുണനില വാരം നിശ്ചയിച്ച് മാർക്കറ്റ് കണ്ടെത്തണം. ഈ രീതിയിൽ കുടിൽ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്ന ഒരു സഹകരണ വ്യവസായസ്ഥാപനം ഉണ്ടാവേണ്ടതാണ്. ഇതിന്റെ കീഴിൽ പഴ സംസ്ക്കരണം, ജാം സ്ക്വാഷ് നിർമ്മാണം എന്നിവയും സോപ്പുനിർമ്മാണം കരകൗശലവസ്തുനിർമ്മാണം എന്നിവയും ഉൾപെപ്പടുത്താവുന്നതാണ്.

**12. ഫർണീച്ചർ വ്യവസായം**

അഗളി പഞ്ചായത്തിൽ വീട്ടുപകരണങ്ങൾ നിർമ്മിച്ചു വില്ക്കുന്ന ഒരു സ്ഥാപനം ഇന്നില്ല. ഫോറസ്റ്റ് ഏരിയ എന്ന സ്ഥിതിയ്ക്ക് ഇവിടെ ഈർച്ചമില്ലുകളോ ഫർണീച്ചർ സ്റ്റാളുകളോ അനുദിക്കപ്പെടുന്നില്ല. ആയതിനാൽ ഫോറസ്റ്റു ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ ഡിപ്പാർട്ടുമെൻറ് പിടിച്ചെടുക്കുന്ന മരങ്ങളും ക്ലിയർ ഫെല്ലിംങ്ങ് നടത്തുന്ന മരങ്ങളും ശേഖരിക്കുന്ന ഡിപ്പോയും അതോടൊനുബന്ധിച്ചം ഈർച്ചമില്ലും സ്ഥാപിച്ച് ഫർണീച്ചർ നിർമ്മാണവും ചൂരൽ ഉപയോഗിച്ചുള്ള ഫർണീച്ചർ നിർമ്മിച്ച് വിപണനം നടത്തുന്ന ഒരു സ്ഥാപനം ഉണ്ടാവാൻ നടപടി സ്വീകരിക്കാവുന്നതാണ്. മെറ്റൽ ഫർണീച്ചർ നിർമ്മാണ സ്ഥാപനവും ഉണ്ടാവാൻ ശ്രമം നടത്തി തൊഴിലവസരം ഉണ്ടാവാൻ ശ്രമിക്കേണ്ടതാണ്.

**13. കുമ്മായ ച്ചൂള**

വാവസായികാടിസ്ഥാനത്തിൽ കുമ്മായ നിർമ്മാണത്തിനുളള സ്ഥാപനം ഉണ്ടാവേണ്ടതാണ്. കുമ്മായം ഉണ്ടാക്കാനുതകുന്ന ഒരുതരം കല്ല് ഇവിടെ സുലഭമാണ്. ഇത്തിൽ നീറ്റി പാക്കററിലാക്കി വിൽക്കാൻ സാധ്യതകളേറെയാണ്.

**14. വനവിഭവ വ്യവസായം**

നിലവുലുള്ള ഗിരജൻ സൊസൈറ്റകളിലൂടെ വനവിഭവങ്ങളായ തേൻ, കൊങ്കില്ലം, ചീനിക്കായ് എന്നിവ സംഭരിച്ചു സംസ്ക്കരിക്കുന്ന വ്യവസായം ഫലപ്രദമാക്കിയാൽ (ഇന്ന് ഈ സൊസൈറ്റി നിർജാജീവാവസ്ഥയിലാണ്) കുറേ പേർക്ക് തൊഴിലും വരുമാനവുംഉണ്ടാക്കാൻ സാധിക്കും.

**15. ട്രൈസം IRDP**

തൊഴിൽ പരിശീലനം നൽകുന്നു ട്രൈസം അത്തരം പരിശീലനം ലഭിച്ചവർക്ക് IRDP വഴിയുള്ള തൊഴിൽ സംരംഭത്തിനുള്ള ആനുകൂല്യങ്ങൾ വാങ്ങിക്കൊടുക്കാനും അത്തരം സംരംഭത്തിന്റെ ഉല്പന്നങ്ങൾ ശേഖരിച്ച് IRDP മേളകളിലൂടെയും അല്ലാതെയും വിറ്റഴിക്കാനുള്ള ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കേണ്ടതാണ്.

## ടൂറിസം വ്യവസായം

പ്രകൃതി ഭംഗിയുളള ഒരു പഞ്ചായത്താണ് അഗളി ഗ്രാമ പഞ്ചായത്ത്. മലകളും പുഴകളും വെള്ളച്ചാട്ടവും തുരുത്തും എല്ലാം ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ കഴിയുന്ന പ്രകൃതിയുടെ വരദാനമാണ്. അട്ടപ്പാടിബ്ലോക്കിന്റെ കീഴിൽ മൂന്നു പഞ്ചായത്തുകളെയും ഉൾപ്പെടുത്തി പദ്ധതി ആവിഷ്ക്കരിക്കാവുന്നതാണ്. ഭവാനിപ്പുഴയിൽ പട്ടിമേളത്ത് ഉള്ള തുരുത്തിൻ പൂന്തോട്ടം നിർമ്മിച്ചാൽ വലിയ ഒരു ആകർഷണകേന്ദ്രമാകും. ചെറിയ കോട്ടേജുകളും വള്ളിക്കുടിലകളും പണിത് വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാം. റോപ്പ് വേയും തൂക്കുപാലവും പണിത് ആകർഷണീയമാക്കാവുന്നതാണ്. പ്രാചീനമായ ഇവിടുത്തെ ഭക്ഷണം (റാഗിക്കളി, ചോളംകൊണ്ടുള്ള പലഹാരം പച്ചിലക്കറി) ഇതെല്ലാം ടൂറിസ്റ്റുകളെ ആകർഷിക്കാനുതകുന്നതാണ്. സൈലൻറ് വാലി നാഷണനൽ പാർക്കിനോടനുബന്ധിച്ച് വന്യമൃഗസംരക്ഷണവും പക്ഷി വളർത്തുകേന്ദ്രവും കൂടിസ്ഥീപിച്ചാൽ വൻ ടൂറിസ്റ്റുകേന്ദ്രമായ് ഈ പേദേശം വളരും. നിർമ്മാണപ്രവർത്തനം വഴിയും വാടകവണ്ടി ഓടിക്കുന്നതുവഴിയും ഗൈഡായും പാചകതൊഴിലായും ധാരാളം തൊഴിലവസരം ഉണ്ടാക്കാനും പഞ്ചായത്തിനുവരുന്ന മാനം വർദ്ധിപ്പിക്കാനും ഉതകും.

## മിഠായി നിർമ്മാണ യൂണിറ്റ്

അഗളിയിൽ കപ്പലണ്ടി, എള്ള്, ചേളം, തേൻ, വെല്ലം എന്നിവ സുലഭമാണ്. എല്ലാ കടകളിലും ഈ സാധനങ്ങൾ കൊണ്ടുള്ള മിഠായികൾ ധാരാളമായി വിറ്റഴിക്കുന്നു. ഈ സാഹചര്യത്തിൽ ഇത്തരം വിഭവങ്ങൾ ഉപയോഗപ്പെടുത്തി കപ്പലണ്ടിമിഠായി എള്ളുണ്ട തുടങ്ങിയവ നിർമ്മിച്ച് പായ്ക്കറ്റുകളിലാക്കുന്ന ഒരു വ്യവസായ യൂണിറ്റ് ഉണ്ടായാൽ വൻ വിപണനസാധ്യത ഉണ്ടാവുകയും തൊഴിലവസരം ഉണ്ടാക്കാൻ കഴിയുകയം ചെയ്യും. ഈ വ്യവസായ മുൻ സൂചിപ്പിച്ച കുടിൽ വ്യവസായത്തിൽ ഉൾപ്പെടുത്തിയും ചെയ്യാവുന്നതാണ്. ഫാസ്റ്റ് ഫുഡ് സമ്പ്രദായവും പായ്ക്കറ്റ് പലഹാരങ്ങൾക്ക് പ്രിയം കൂടുകയും ചെയ്യുന്ന സാഹചര്യ

ത്തിൽ ഇതോടൊപ്പം കുഴലപ്പം, അച്ചപ്പം, മുറുക്ക് എന്നിവയുണ്ടാക്കാനും തേങ്ങയും കൊക്കോയും ഉപയോഗപ്പെടുത്തിയുള്ള മിഠായികളും പാലുകൊണ്ടുള്ള ഉല്പന്നങ്ങളും ഉണ്ടാക്കി വിൽക്കാവു ന്നതാണ്. ഇതോടനുബന്ധിച്ച് ലേബൽ, പ്ലാസ്റ്റിക് കവർ, പിക്കപ്ബാഗ്, ബത്തിക്കൂട് തീപ്പെട്ടിക്കൂട് എന്നിവ കൂടി നിർമ്മിച്ച് വിതരണം ചെയ്യാൻ സാധിച്ചാൽ വലിയ ഒരുകുടിൽ വ്യവസായ ശ്ര്യംഖലതന്നെ വളർന്നുവരും. ഈ സ്ഥാപന ത്തിനുതന്നെ കോഴിമുട്ട ശേഖരിച്ച് വിപണവും നടത്താവുന്നതാണ്. സഹകരണമേഖലയിൽ തുടങ്ങുന്ന ഈ സ്ഥാപനം വൻ ലാഭമുണ്ടാക്കാനും തൊഴിലില്ലായ്മയും (പ്രത്യേകിച്ച് സ്ത്രീകൾക്ക്) പട്ടിണിയും ദാരിദ്ര്യവും ഇല്ലാത്താനും ഇടയാക്കും.

മേൽ സൂചിപ്പിച്ച വ്യവസായ സംരഭങ്ങൾ തുടങ്ങാൻ താല്പര്യമുള്ള വ്യക്തികളുടെ ഒരു ലിസ്റ്റുണ്ടാക്കി യോഗം വിളിച്ചുകൂട്ടി സാങ്കേതി വൈദഗ്ദ്യം ഉള്ളവരെക്കൊണ്ട് പരിശീലനം കൊടുപ്പിച്ച് സ്ഥലം ഗതാഗതസൗകര്യം ഊർജ്ജം എന്നിവ ലഭ്യമാക്കി പ്രോൽസാഹിപ്പിക്കേണ്ടതും ഈരീതി ഒരു സ്ഥിരം സംവിധാനമായി തുടരുകയും ചെയ്യുന്നത് പഞ്ചായത്തിൻെറ വ്യാവസായിക ഭൂപടം വികസിപ്പിക്കുന്നതിന് സഹായകരമായിരിക്കും.

# 6.
# ഊർജ്ജം

**3 1 0** ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള അഗളി പഞ്ചായത്തിൽ വൈദ്യുതി എത്താത്ത പല മേഖലകളും ഉണ്ട്. അഗളിയിൽ മാത്രമാണ് അസിസ്ററൻറ് ഇഞ്ചിനീയറുടെ കാര്യാലയം ഉള്ളത്.

1. പഞ്ചായത്തിൻെറ ഭൂരിഭാഗസ്ഥലങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല. പലകോളനികളിലുംപല കാർഷിക മേഖലകളിലും നിലവിൽ വൈദ്യുതീകരിച്ചുള്ള വഴിയോരങ്ങളിൽപോലും വഴിവിളക്കുകൾ ഇല്ലാത്ത അവസ്ഥയാണ് ഉള്ളൽ.

2. പഞ്ചായത്തിൽ ഏതാണ്ട് അമ്പത് വീടുകളിൽ മാത്രമേ പാചകത്തിനാവശ്യമായ ഗ്യാസ് കണക്ഷന് ലഭിച്ചിട്ടുളളൂ. ബാക്കിയുള്ള വീടുകളിൽ പാചകത്തിന് വിറകിനെയാണ് ആശ്രയിക്കുന്നത്. വിറകിൻെറലഭ്യത വളരെ കുറവാണ്.ഇന്ധനമായി വിറക് ധാരാളം ഉപയോഗിക്കുന്നൽ മൂലം കാട് നശിക്കുകയും തന്മൂലം പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാവുകയം ചെയ്യുന്നതിന് പുറമെ അടുപപിലെ പുക സ്ത്രീകളുടെ ആരോഗ്യത്തെ കാര്യമായി ബാധിക്കുന്നുണ്ട്.

3. അഗളി പഞ്ചായത്തിൽ ചുരുക്കം ചില വീടുകളിൽ മാത്രമേ ഗോബർ ഗ്യാസ് പ്ലാൻറ് നിലവിലുള്ളൂ.

4. നാമമാത്ര വീടുകളിൽ സൗരോർജ്ജം ഉപയോഗിക്കുന്നുണ്ട്.

**ഉപഭോക്താക്കളുടെ എണ്ണം.**

| | |
|---|---|
| ഗാർഹികം | 1038 |
| വ്യാപാരം | 362 |
| വ്യാവസായികം | 35 |
| കാരഷികം | 205 |
| മൊത്തം | 2640 |

അവലംബം: സെക്കണ്ടറി ഡാററ

**കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ളവരുടെ എണ്ണം.**

| | |
|---|---|
| ഓരഡിനറി | 39 |
| ഓ.റ്റി.പി. | 72 |
| ഓ.വൈ. ഇ.സി. | 07 |

അവലംബം: സെക്കണ്ടറി ഡാറ്റ

**അവസാനം നൽകിയ കണക്ഷൻെറ അപേക്ഷാതീയതി.**

| | |
|---|---|
| ഓർഡിനറി | 3.10.1996 |
| ഓ.റ്റി.പി. | 14.8.1995 |
| ഓ.വൈ.ഇ.സി. | 19.9.1996 |

അവലംബം : സെക്കണ്ടറി ഡാറ്റ

വളരെ വിസ്തൃതമായ പഞ്ചായത്തിനുള്ളിലെ വഴിവിളക്കുകളുടെ എണ്ണം വളരെക്കുറവാണ്. ഗൗരവമായ പരിചിന്തനം ഇക്കാര്യത്തിൽ ആവശ്യമാണെന്ന് പട്ടിക പരിശോധിച്ചാൽ ബോധ്യമാകും.

**സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം.**

| | |
|---|---|
| ബൾബ് 40 വോൾട്ട് | 179 |
| ട്യൂബ് | 44 |

അവലംബം: സെക്കണ്ടറി ഡാറ്റ.

9-ാം വാർഡിൽ വഴിവിളക്കുകളേയില്ല. പ്രതിമാസം സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പഞ്ചായത്തു 3633 രൂപ ചെലവഴിക്കുന്നുണ്ട്.

പഞ്ചായത്തിനുള്ളിൽ വൈദ്യുതി വിതരണത്തിന് മൊത്തം 36 എൽ. ടി. ട്രാൻസ്ഫോർമറുകളാണുള്ളത്. മിനിമം ഗ്യാരൻറിയിൽ ഒപ്പ് വച്ച് വർഷങ്ങളായി കാത്തിരിക്കുന്നവർ ധാരാളമുണ്ട് സംസ്ഥാനത്തെ മൊത്തം ബാധിച്ചിട്ടുള്ള രൂക്ഷമായ വൈദ്യുതി പ്രതിസന്ധിയെ തരണം ചെയ്യാൻ പ്രദേശികമായിട്ടുള്ള ഊർജ്ജസ്രോതസ്സുകളെ കണ്ടെത്തേണ്ടിയിരിക്കുന്നു.

**പ്രശ്നങ്ങൾ**

1. പഞ്ചായത്ത് പരിധിക്കുള്ളിലെ വാർഡുകളുടെ പല മേഖലകളിലും വൈദ്യുതി എത്തിച്ചിട്ടില്ല.

ഇത് കാർഷിക പുരോഗതിക്ക് തടസ്സം നിൽക്കുന്നു.

2. സ്ട്രീറ്റ് ലൈററില്ലാത്ത വാർഡുകൾ പോലുമുണ്ട്
3. മിനിമം ഗ്യാരൻറിയിൽ ഒപ്പ് വെച്ചവർക്ക് കണക്ഷന് ലഭിക്കാനുണ്ട്.
4. ട്രാൻസ്ഫോർമറുകൾക്ക് കപ്പാസിറ്റിക്കുറവുണ്ട്.
5. മണ്ണാർക്കാട് നിന്നും അഗളിയിലേയ്ക്കുള്ള 11 കെ.വി. സിംഗിൾ സർക്യൂട്ട് ലൈന് പര്യാപ്തമല്ല. പ്രസരണ നഷ്ടം കൂടുന്നു.
6. വൈദ്യുതി ഉപഭോക്താക്കൾക്ക് വേണ്ടത്ര ബോധവല്ക്കരണം ലഭിക്കുന്നില്ല.
7. വിറകിന് വേണ്ടി മരം മുറിക്കുന്നതിനാൽ വന നശീകരണത്തിൻെറ വേഗത കൂട്ടുന്നു.
8. ദക്ഷത കൂടിയ അടുപ്പുകളും പ്രചാരത്തിലില്ല.
9. ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കാനുള്ള സാദ്ധ്യതകളെക്കുറിച്ച് ജനങ്ങൾക്ക് വേണ്ടത്ര അറിവില്ല.

**സാദ്ധ്യതകൾ**

1. കാർഷികാവശ്യത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള മുഴുവൻ ആളുകൾക്കും യുദ്ധകാലാടിസ്ഥാനത്തിൽ കണക്ഷൻ നൽകുക.
2. ഇതുവരെയും വഴിവിളക്കുകൾ സ്ഥാപിച്ചിട്ടില്ലാത്ത 9 ാം വാർഡിൽ വഴിവിളക്ക് സ്ഥാപിക്കുക. എല്ലാവാർഡുകളിലും വഴിവിളക്കകളുടെ എണ്ണം വർദ്ധിപ്പിക്കുകയും പ്രധാനജംഗ്ഷനുകളിൽ സോഡിയം വേപ്പർ ലാംബുകൾ സ്ഥാപിക്കുകയം ചെയ്യുക
3. മണ്ണാർക്കാട് സബ്സ്റേറഷനിൽ നിനും അഗളിയിലേക്കുളള 11 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ ഡബിൾ ലൈൻ ആക്കുക.
4. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുക.
5. അഗളിയിൽ 66 കെ.വി. സ്റേറഷൻ സ്ഥാപിക്കുക.
6. അപകടാവസ്ഥയിലുള്ള പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.
7. പ്രസരണനഷ്ടം കുറയ്ക്കാൻ വൈദ്യുത ലൈനുകളിൽ മുട്ടിനിൽക്കുന്ന മരക്കൊമ്പുകൾ ജനപങ്കാളിത്തത്തോടെ മുറിച്ചു മാററുക.
8. ദക്ഷത കൂടിയ അടുപ്പുകൾ പ്രചരിപ്പിക്കുക. പഞ്ചായത്ത് അടിസ്ഥാനത്തിൽ അടുപ്പ് നിർമ്മാണത്തിന് പരിശീലനം നൽകുക.

9. ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കാൻ സാമ്പത്തിക സഹായം നൽകുക. ബോധവല്ക്കരണം നടത്തുക.

10. വിറകിന്‌വേണ്ടിമരം വച്ച് പിടിപ്പിക്കാൻ വ്യക്തികളെ പ്രേരിപ്പിക്കുക. ജന പങ്കാളിത്തത്തോട് കൂടി തരിശ് ഭൂമികളിൽ വനവൽക്കരണം നടപ്പിലാക്കുക.

11.ആഗളി കേന്ദ്രമാക്കി ഒരു ഡീസൽ നിലയം സ്ഥാപിക്കുക.

12. എല്ലാ കോളനികളും വൈദ്യുതീകരിക്കുക.

13.കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള മില്ലുകൾ സ്ഥാപിക്കുക (സ്ഥലനിർണ്ണയം പട്ടികയിൽ)

| വാർഡ് | കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാവുന്ന സ്ഥലങ്ങൾ | എണ്ണം. |
|---|---|---|
| 1. | വണ്ണാന്തറമേട്, പട്ടിമേളം, വടക്കോട്ടത്തറ | 3 |
| 4. | കാവുണ്ടിക്കൽ, മാമണ | 2 |
| 5. | മന്തിമല | 1 |
| 6. | ഇടിഞ്ഞമല, കാററ്വളവ്, കാരറ | 3 |
| 7. | കതിരംപതി, പല്ലിയറ, ഗുഡ്ഡയൂർ കയറ്റം | 3 |
| 9. | തുമ്പപ്പാറ, കണ്ടിയൂർ മല, മഞ്ഞച്ചോല, അച്ചൻമുക്കിനടുത്തുള്ള മുനിമല, | 4 |
| 11. | അശോകപ്പാറ, കണ്ടിയൂർ, അടിയകണ്ടിയൂർ കുന്ന്, കൊല്ലംകടവ് | 4 |
| 12. | കക്കുപ്പടി തിയേറ്ററിന് മുൻവശത്തുള്ള കുന്ന് | 1 |
| 13 | ഓന്തമ്മല | 1 |
| | ആകെ | 22 |

14. ചെറിയ വെള്ളച്ചാട്ടങ്ങളിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കുക.

(ദോണിഗുണ്ട്, നക്കുപ്പതി, ദൈവക്കുണ്ട്, ചോലക്കാട്, കരുവാര, പാണച്ചോല (ചിണ്ടക്കി) , ഓന്തൻമല, മന്ദം പൊട്ടി 1, 2,

15. വിവിധ വാർഡുകളിൽ വൈദ്യുതി എത്താത്ത ഉൾപ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുക.

**വൈദ്യുതി എത്തിക്കാനുള്ള സ്ഥലങ്ങൾ**

ഒന്നാം വാർഡിലെ വടകോട്ടത്തറ ഊര്, 2 ാം വാർഡിൽ നരസിമുക്ക്, പട്ടിമേളം, 4 ാം വാർഡിൽ നക്കുപ്പതിയിൽ നിന്ന് ചെറുനാലിവഴി മാമണ പ്രദേശം, ഉപ്പും കരപ്പള്ളം, 5ാം വാർഡിൽ നക്കുപ്പതി ഭാഗം, ദോണിഗുണ്ടിൽ നിന്നും ജെല്ലിപ്പാറ വരെ, കുന്നംചാള ലക്ഷംവീട്, 6 ാം വാർഡിൽ ഗുഡ്ഡയൂർ, ദോണി ഗുണ്ട്, ദുണ്ടൂർ,കാരറ പോത്തുപ്പാടിഭാഗം, ആനഗദ്ദഭാഗം, കതിരംപ്തി കാരറ ഭാഗം, മുണ്ടൻപാറ കുറുക്കൻകുണ്ട് ഭാഗം, മുണ്ടൻപാറ മുന്നൂറ് ഭാഗം 7ാം വാർഡിൽ ആട്ടറ, പല്ലിയറ, പഞ്ചാബ്, ആനഗദ്ദഭാഗങ്ങർ ഗൂളിക്കടവ് ലക്ഷം വീട് കോളനി 8 ാം വാർഡിൽ ചിറ്റൂർ തുമ്പപ്പാറ,കട്ടേക്കാട് കുറവംപാടി, പോത്തുപ്പാടി, 9 ാം വാർഡിൽ ഒമ്മല, ഓടപ്പെട്ടി, പാറവളവ്, അച്ചൻമുക്ക്, മഞ്ഞച്ചോല തൊട്ടിയാം കര, തോമാമുക്ക്, മൂച്ചിക്കുണ്ട്, മാമണ, മുരിക്കിൻചോല 10 ാം വാർഡിൽ താവളത്തിൽനിന്നും മേലേകണ്ടിയൂരിലേക്ക്, 11 ാം വാർഡിൽ ശീങ്കര ചെമ്മണ്ണൂർ,കൽക്കണ്ടി റെയിഞ്ചാഫീസ് പരിസരം ഒസ്തിയൂർ കൊല്ലംകടവ്, നോർത്ത്ഒമ്മല, ചെമ്മണ്ണൂർ ഹരിജൻ കോളനി, 12 ാം വാർഡ് തോട്ടപ്പാടി ചോലക്കാട്, പറയൻകുന്ന്, കൊട്ടിയൂർ കുന്ന്, കക്കുപ്പടി ഊർ, 13 ാം വാർഡിൽ കൽക്കണ്ടി കള്ളമല, പ്രദേശത്തുള്ള ഊരുകൾ.

16.വിശദമായ വൈദ്യസരവ്വേയുടെ അടിസ്ഥാനത്തിൽ ട്രാൻസ്ഫോർമറുകളുടെ എണ്ണം വർദ്ധിപ്പിക്കുക.

17.പമ്പ് സെറ്റുകൾക്ക് ഫ്രിക്ഷ്നില്ലാത്ത ഫുട് വാൾവുകൾ സ്ഥാപിക്കാൻ ബോധവല്ക്കരണം നടത്തുക.

18. ഊർജ്ജ സംരക്ഷണത്തിന് ബോധവൽക്കരണം നടത്തുക

19. റേഷൻ കടകൾ വഴിയുള്ള മണ്ണെണ്ണ വിതരണം കാര്യക്ഷമ മാക്കുക. പെർമിറ്റുകൾ ദുരുപയോഗം ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കുക.

20. സൗരോർജ്ജ വിളക്കുകൾ പ്രചരിപ്പിക്കുക, ഇതിനുള്ള സബ്സിഡി വർദ്ധിപ്പിക്കുക.

21. സി. എഫ്, എൽ, (കോംപാക്ട് ഫ്ലൂറസെൻറ് ലാമ്പ്) ബൾബുകൾ ഉപയോഗിക്കാൻ ബോധവല്ക്കരണം നടത്തുക.

# 6.
# ഗതാഗതം

വളരെയേറെ വിശാലമായ പഞ്ചായത്ത് ആയതുകൊണ്ട് തന്നെ വിസ്തൃതമായ റോഡ് ശൃംഖല പഞ്ചായത്തിലുണ്ടെങ്കിലും അട്ടപ്പാടി മണ്ണിൻെറ പ്രത്യേകതകൊണ്ട് മണ്ണ്റോഡുകൾ ഗതാഗതയോഗ്യമല്ല. മഴ ക്കാലങ്ങളിൽ ഇത്തരം റോഡുകളിലൂടെ വാഹനങ്ങൾക്ക് പോകാൻ കഴിയില്ല. എന്നു മാത്രമല്ല കാൽനടയാത്രപോലും ദുസ്സഹമാണ്. ഒരു പക്ഷേ കേരളത്തിൽ ഇത്തരം പ്രത്യേകതയുള്ള പ്രദേശം കണ്ടെന്ന്വരില്ല. 25 വർഷം മുമ്പ് നിർമ്മിച്ച റോഡുകളും ശാപമോക്ഷം കാത്ത് കിടക്കുന്നു. ജനങ്ങൾക്ക് ആവശ്യമില്ലാത്തിടത്ത്കൂടി വെട്ടിയ റോഡുകൾ പുത്തൻതലമുറയെ നോക്കി പല്ലിളിച്ച് കിടക്കുന്നു. 'ഫാം റോഡു'കൾ എന്ന പേരിൽ 'ജലധാര' പദ്ധതിയിൽ ഉൾപ്പെടുത്തിവെട്ടിയ റോഡുകൾകൊണ്ട് സർക്കാർ ലക്ഷ്യമിട്ടിരുന്ന ഗുണം കിട്ടുമോയെന്ന്പരിശോധിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തതിൽ കൂടി കടന്നു പോകുന്ന പ്രധാന റോഡ്344 ാം നമ്പർ മണ്ണാർക്കാട് ചിന്നത്തടാകം റോഡാണ്. ഗൂളിക്കടവ്-ചിററൂർ, ഗൂളിക്കടവ്-മുണ്ടൻ പാറ, നക്കുപ്പതി പിരിവ്-ജെല്ലിപ്പാറ, പാറവളവ്-ജെല്ലിപ്പാറ, ഒമ്മല- ഓടപ്പെട്ടി, ജെല്ലിപ്പാറ - കൽക്കണ്ടി എന്നീ ചെറിയ റോഡുകളാണ് വിവിധ കാലങ്ങളിലായി ടാറിംഗ് കഴിഞ്ഞിട്ടുള്ളത്. പാറവളവ് - ജെല്ലിപ്പാറ റോഡ് 9 വർഷം മുമ്പ് ടാറിംഗ് നടത്തിയതിന് ശേഷം മറ്റൊരു പണിയും ചെയ്യാത്തതുകൊണ്ട് തകർന്ന് കിടക്കുന്നു. ടാറിട്ട റോഡുകൾക്കൊന്നും തന്നെ യഥാസമയം അററകുററപ്പണികൾ നടക്കാറില്ല. കുണ്ടും കുഴിയുമായി കിടക്കുന്ന റോഡുകളിലൂടെ ഓടുന്ന വാഹനങ്ങൾ നഷ്ടപ്പെടുത്തുന്ന ഇന്ധനത്തിന് വേണ്ടി, രാജ്യം ചെലവഴിക്കുന്ന വിദേശ നാണ്യത്തിൻെറ പകുതി കൊണ്ട് റോഡുകൾ നന്നാക്കാൻ ഒരു തീവ്രശ്രമം നടത്തേണ്ടിയിരിക്കുന്നു.

**പ്രശ്നങ്ങൾ**

നിലവിലുള്ള ടാറിംഗ് കഴിഞ്ഞ റോഡുകൾക്ക് യഥാസമയം റിപ്പയർ നടക്കുന്നില്ല.

മൺറോഡുകൾ ഇവിടത്തെ പ്രത്യേക കാലാവസ്ഥയ്ക്ക് അനുയോജ്യമല്ല. റോഡുകൾക്ക് ഓടകൾ ഇല്ല. ഇടിഞ്ഞു പോയഭാഗങ്ങൾ യഥാകാലം സംരക്ഷിക്കുന്നില്ല.

വളവും തിരിവും കയറ്റവും ഗതാഗതത്തിന് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.

അംബേദ്കർ ഗ്രാമം. ഐ. എച്ച്. ഡി.പി. കോളനികൾ എന്നിവിടങ്ങളിലേക്കുള്ള റോഡുകൾ പോലും ഗതാഗത യോഗ്യമല്ല.

ചില ഫാം റോഡുകളുടെ (ജലധാരറോഡ്) പണിമുടങ്ങിക്കിടക്കുന്നു.

വർഷങ്ങളായി തകർന്ന് കിടക്കുന്ന റോഡുകൾപോലും റീ ടാറിംഗ് നടത്തുന്നില്ല.

ഉൾപ്രദേശങ്ങളെ ബന്ധിപ്പിച്ച് ബസ്സ് സർവ്വീസ് ഇല്ല. ഓടിക്കൊണ്ടിരിക്കുന്ന വണ്ടികൾ ട്രിപ്പ് മുടക്കുന്നു.

ആവശ്യത്തിന് വെയിറ്റിംഗ് ഷെഡ്ഡുകളില്ല.

ജനവാസം കൂടിയ പ്രദേശങ്ങളിൽ പുതിയ റോഡുകൾ ഇല്ല.

അത്യാവശ്യസ്ഥലങ്ങളിൽ പാലം, ഫുഡ് ബ്രിഡ്ജ് , ഫുട്പാത്ത്,കൾവർട്ട്എന്നിവയില്ല.

പ്രധാന ജംഗ്ഷനുകളിൽ മൂത്രപ്പുരകൾ ഇല്ല.

ഉൾപ്രദേശങ്ങളഇലുള്ള സ്കൂൾ കുട്ടികൾക്ക് യാത്രാ ക്ലേശം അനുഭവപ്പെടുന്നു.

ബസ്സിൽ സ്ത്രീകളുടെ സീറ്റ് പുരുഷൻമാർ കയ്യേറുന്നു.

പ്രധാന സ്ഥലങ്ങളിൽ ടാക്സി ഓട്ടോസ്റ്റാൻറില്ല.

ടാക്സികൾ അമിത ചാർജ്ജ് ഈടാക്കുന്നു.

കാഞ്ഞിരം, പൂഞ്ചോല, കുറുക്കൻകുണ്ട് റോഡ് നിർമ്മാണത്തിന് വനം വകുപ്പിൻെറ തടസ്സം.

**സാധ്യതകൾ**

വിവിധ വാർഡുകളിലായി അടിയന്തിര പ്രാധാന്യത്തോടെ ടാറിംഗ് വരെയുള്ള പണികൾ നടത്താനുള്ള 15 മണ്ണ്റോഡുകൾ പട്ടികപ്പെടുത്തിയിരിക്കുന്നു. അതിൽ റോഡിൻെറ പേർ, നീളം ഉൾപ്പെടുന്ന വാർഡുകൾ ആവശ്യമായിവരുന്ന പാലം, കൾവർട്ട് ചപ്പാത്ത് എന്നിവയും കാണിച്ചിരിക്കുന്നു. ഇത്തരം 10 റോഡുകൾ കരട്ചർച്ചയിൽ ബന്ധപ്പെട്ട ഗ്രൂപ്പ് തെരഞ്ഞെടുത്തതും 5 എണ്ണം പഞ്ചായത്ത് ബോർഡ് നിർദ്ദേശിച്ചതുമാണ് (എല്ലാം ഗ്രാമസഭാനിർദ്ദേശങ്ങളിൽ ഉൾപ്പെട്ടത്)

| ക്രമനമ്പർ | റോഡിൻെറ പേർ | സുമാർ നീളം കി.മി | ഉൾപ്പെടുന്ന വാർഡുകൾ | പാലം, | കൾവർട്ട് | ചപ്പാത്ത് |
|---|---|---|---|---|---|---|
| 1. | ജെല്ലിപ്പാറ കണ്ടിയൂർ വഴി പാക്കുളം | 8 | 9,11 | | | |
| 2. | നെല്ലിപ്പതി പല്ലിയറ കതിരംപതി കരാറ (85മീറ്റർ കോൺക്രീറ്റ്ചെയ്തിട്ടുണ്ട്. 1 കി. മി. സോളിംഗ്നടന്നു) | 7.5 | 7,6 | 2, | 4 | 4 |
| 3, | തോട്ടപ്പാടി കോയപ്പടി വഴി മന്ദംപൊട്ടി | 4 | 13,12 | | 4 | 2 |
| 4. | നക്കുപ്പതി ഊർ ചെറുനാലിവഴി മാമണ | 2.5 | 4 | | 4 | 5 |
| 5. | പട്ടിമാളം കുന്നംചാളവഴി പ്ലാമരം | 8 | 4,5,10 | | 3 | 2 |
| 6. | ഭൂതിവഴി നരസിമുക്ക് (1.200 കി.മീ നിർമ്മിച്ചു ഇനി 1.800 കിമീ. കൂടി നിർമ്മിക്കണം) | 3 | 2,3 | പണിനടക്കുന്നു. | | 2 |
| 7. | ദോണിഗുണ്ട് മാമണവഴി കണ്ടിയൂർ | 6, | 5,11 | | 3 | 2 |
| 8. | മാമണ കാവുണ്ടിക്കൽ | 2 | 4,5 | | 3 | 3 |
| 9. | ഗുളിക്കടവ് ചിറ്റൂർ (ടാറിംഗ് കഴിഞ്ഞഭാഗം)* ചിറ്റൂർ കട്ടാക്കാട് വഴി പുലിയറ | 10 | 8 | | 3 | 2 |
| 10. | ചെമ്മണ്ണൂർ വണ്ടമ്പാറ | 2.5 | 11 | | | |
| 11. | മുണ്ടൻപാറ കുറുക്കൻ കുണ്ട് | 6 | 6 | | 1 | 1 |
| 12. | താവളം പരപ്പന്തറ നരസിമുക്ക് | | 10,3 | | | |
| 13. | അഗളി കടമ്പാറ (അഗളി പഞ്ചായത്തിനേയും ഷോളയൂർ പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്നു) | 0.2.00 | 3 | 1 | | |
| 14. | വെള്ളമാരി കൽക്കണ്ടിയൂർ | 3.5 | | | 3 | 2 |
| 15. | തോട്ടപ്പാടി ചിന്നപ്പറമ്പ് വഴി രാജഗിരി സ്കൂൾ (സാവിയപാസ്റോഡ്) | 7 | 13 | 2 | 8 | |

* ഗുളിക്കടർ ചിറ്റൂർ റോഡ് റീടാറിംഗ് നടത്തുകയും ഓട നിർമ്മിക്കുകയും ചെയ്യണം.

ഗ്രാമസഭാനിർദ്ദേശങ്ങളനുസരിച്ച് ടാർചെയ്യാനുള്ള റോഡുകൾ വാർഡടിസ്ഥാനത്തിൽ, റോഡിൻെറ പേർ, നീളം, ആവശ്യമായ പാലം, കൾവർട്ട്, ചപ്പാത്ത്, സൈഡ് കെട്ട് എന്നീ ക്രമത്തിൽ

| ക്രമനമ്പർ | റോഡിൻെറ പേർ | നീളം | പാലം | കൾവർട്ട് | ചപ്പാത്ത് | സൈഡ്കെട്ട് നീളം മീ. |
|---|---|---|---|---|---|---|
| | **വാർഡ് 1** | | | | | |
| 1. | പട്ടിമേളം നരസിമുക്ക് | 2.5 | | | | |
| 2. | പട്ടിമേളം ബോളിതുറ | 2 | | 1 | | |
| | **വാർഡ്-2** | | | | | |
| 3. | ഭൂതിവഴിപഞ്ചാ ഓഫീസ്പേച്ചിയമ്മൻ കോവിൽ | 1-5 | | | | |
| 4. | പ്ലാമരം പട്ടിമേളം | 8 | | | | |
| 5. | നരസിമുക്ക്ബി.എൽ.എസ്. കാട് | 2-5 | | | | |
| 6. | അഗളി നരസിമുക്ക്റോഡിൽനിന്നും കൊട്ടമേട്ഊര് | 1 | | | | |
| 7. | നരസിമുക്ക് പരപ്പൻ തറ | 4 | | | | |
| 8. | ഭൂതിവഴി ഊര് | | | | | |
| | **വാർഡ്-3** | | | | | |
| 9. | അയ്യപ്പക്ഷേത്രം ഹരിജൻ കോളനി | 1 | | | | |
| 10. | ഐ. ടി. ഡി. പി ഓനഫീസിനടുത്ത് നിന്നും പിഞ്ചുമണ്കാട് | 1 | | | | |
| 11. | എ.വി. ഐ. പി. റോഡ് ഐ. ബി. വഴി | 1-5 | | | | |
| 12. | പിഞ്ചുമൺകാട്റോഡ്നെല്ലിപ്പതിറോഡ് | 1 | | | | |
| | **വാർഡ്-4** | | | | | |
| 13. | പ്ലാമരം കുന്നംചാള ഊരം വഴി നരസിമുക്ക് | | | 4 | 3 | |
| 14. | നക്കുപ്പതിഊർ മാമണ (മന്തിമലവഴി) | 4 | | | | |
| 15. | കാവുണ്ടിക്കൽ കണ്ടിയൂർ | 2 | | | | |
| 16. | പ്ലാമരം അലന്കണ്ടിയൂർ | | | | | |
| | **വാർഡ്-5** | | | | | |
| 17. | മാമണ കാവുണ്ടിക്കൽ റോഡിൽനിന്നും മാമണഊർ | 1 | | | | |
| 18. | മാമണ കുഞ്ചിയൂർ വഴി കണ്ടിയൂർ | | | | | |
| 19. | അരശിമലക്കല്ല് വഴി കണ്ടിയൂർ | | | | | |
| 20. | മരപ്പാലം ഗുഡ്ഡയൂർ | 2 | | 3 | | 100 |
| 21. | ദോണിഗുണ്ട് ദുണ്ടൂർ | 2 | 1 | | 5 | |
| 22. | ദോണിഗുണ്ട് മാമണവഴി കാവുണ്ടിക്കൽ | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | വാരഡ്-6 | | | | |
| 23. | മുണ്ടൻപാറ കരടിപ്പാറ | 2 | | | | |
| 24. | കാരറ പോത്തുപ്പാടി | 4 | | | | |
| 25. | മുണ്ടൻ പാറകുരിശ്പള്ളി ദുണ്ടൂർ | 2 | | | | |
| 26. | മുണ്ടൻ പാറ കല്ലുംവേലി ദേവസ്യമുക്ക് ദുണ്ടൂർ | 2 | | | | |
| 27. | ദുണ്ടൂർ തോമാമുക്ക് | 2 | | | | |
| 28. | കാരറ ദുണ്ടൂർ | 2 | | | | |
| 29. | കാരറപോത്തുപ്പാടി റോഡിൽനിന്നും കതിരംപതിയിലേയ്ക്ക് | 1 | | | | |
| | | വാർഡ്-7 | | | | |
| 30. | ഗുഡ്ഡയൂർ കതിരംപതി | 1-5 | 1 | | | |
| 31. | ചിറ്റൂർ പുട്ടുമല | | | | | |
| 32. | പല്ലിയറ മേട്ടുവഴി ഊർ | 2 | | | | |
| | | വാർഡ്-8 | | | | |
| 33. | ചിറ്റൂർ പുട്ടുമല | | | | | |
| 34. | ചിറ്റൂർ കതിരംവതി | 2.5 | | | | 500 |
| | | വാർഡ്- 9 | | | | |
| 35. | അച്ചൻമുക്ക്വിലങ്ങൻമുക്ക്വഴി ഓടപ്പെട്ടി | 4 | റിപ്പയർ | | | 800 |
| 36. | ജെല്ലിപ്പാറ അച്ചന്മുക്ക് | 1.5 | | | | 800 |
| 37. | ഓടപ്പെട്ടി കുറുക്കന്കുണ്ട് | 2 | | | 2 | 500 |
| 38. | ഒമ്മല കണ്ടിയൂർ (ജലധാര റോഡ്) | 5 | | | 4 | |
| 39. | കക്കിമുക്ക്പഴവഞ്ചക്കാട് | 2 | | | | |
| 40. | മാമണകണ്ടിയൂർ റോഡിൽനിന്നും തോമാമുക്ക് | 3 | | | | |
| 41. | കണ്ടിയൂർ കുരിശുപള്ളി മാമണ | 5 | | 1 | | 300 |
| | | വാർഡ്-10 | | | | |
| 42. | താവളം പാപ്പാത്തിയമ്മൻകോവിൽ | | | | | |
| 43. | കരിവടം റോഡിൽനിന്ന്കുന്നൻ ചാള | | | | | |
| 44. | താവളം റാവുട്ടൻ കല്ല്വഴി മേലേകണ്ടിയൂർ | | | | | |
| 45. | താവളം അത്തിച്ചുവട് | | | | | |
| 46. | താവളം തിയേററർ വഴി കുറവൻകണ്ടി | | | | | |
| 47. | പ്ലാമരം ആലാംകണ്ടി ഊർ | | | | | |
| | | വാർഡ്-11 | | | | |
| 48. | താവളം കണ്ടിയൂർ | | | | | |
| 49. | ചെമ്മണ്ണൂർ മിച്ചഭൂമി | | | 1 | | |

| | | | | | | |
|---|---|---|---|---|---|---|
| 50. | അടിയകണ്ടിയൂർ ഊര് | | | | | |
| 51. | ചെമ്മണ്ണൂർ ഹരിജൻ കോളനി | | | | | |
| 52. | കൊട്ടിയൂർ കുന്ന് കോളനി കക്കുപ്പടി | | | | | |
| 53. | ചിണ്ടക്കി വീരന്നൂർ | 1 | | | | |
| 54. | തോട്ടപ്പാടി ചാലേക്കാട് വഴി മെയിൻ റോഡ് | 3 | | 4 | 2 | |
| 55. | മുക്കാലി കരുവാര ഊര് | | | | | |
| | വാർഡ് 13. | | | | | |
| 56. | ചിന്നപ്പറമ്പ് തോട്ടപ്പാടി റോഡിൽ നിന്നും ഐലൻറ് റോഡ് | 2-5 | 1 | 3 | 2 | 900 |
| 57. | തോട്ടപ്പാടി ചോലക്കാട് വഴി പറയൻകുന്ന് | 2 | | | 2 | 200 |
| 58. | കൽക്കണ്ടി വണ്ടമ്പാറ താന്നിച്ചുവട് | 4-5 | 1 | 4 | 2 | 500 |
| 59. | രാജഗിരിവണ്ടമ്പാറ | 3 | | 3 | 2 | 1000 |
| 60. | ഒമ്മല റബ്ബർ കാട് വഴി കള്ളമല | | 2 | 6 | 20 | |
| 61. | കള്ളമല കുറത്തിക്കല്ല് | 2 | | 1 | 2 | |
| 62. | മില്ലിനടുത്തുനിന്നും പൂളക്കുന്ന് റോഡ് | 1 | | | 4 | |
| 63. | കള്ളമല വില്ലേജ്പടി - വണ്ടമ്പാറ കൊല്ലങ്കടവ് | | | | 4 | |
| 64. | സോവിയാപൗസിലേക്ക് | 1-5 | | 1 | | |
| 65. | കള്ളമല പാറപുറത്ത് വർക്കിയുടെ സമീപം | 1 | | | | |
| 66. | രാജഗിരി പള്ളിത്താഴെ ത്രിത്വമല | 2 | 1 | 2 | | |
| 67. | തോട്ടപ്പാടി ത്രിത്വമല മന്ദംപൊട്ടി | 5 | 1 | 2 | | |
| 68. | തോട്ടപ്പാടി ചോലക്കാട് ചേന്നാട്ട് പടി | 2 | | | | |
| 69. | തോട്ടപ്പാടി റോഡിൽനിന്നും ത്രിത്വമല ബൈപാസ് റോഡ് | 1 | | | | |
| 70. | ത്രിത്വമല - ചോലക്കാടൾ അമ്പലം | 1-5 | | 1 | | |
| 71. | ത്രിത്വമല തോട്ടപ്പാടി മന്ദംപൊട്ടി റോഡിലേക്ക് | | | 2 | | |
| 72. | തോട്ടപ്പാടി അംഗൻവാടി ചാക്കോയുടെ വീടിനടുത്തേക്ക് | | 1 | | | |

7-ാംവാർഡിൽ പണിമുടങ്ങിക്കിടക്കുന്ന ജലധാര റോഡി നെക്കുറിച്ച് അന്വേഷണം നടത്തുക്കയും പണിപൂർത്തി യാക്കാൻ ശ്രമിക്കുകയും വേണം.

### 3.പുതിയതായി നിർമ്മിക്കാനുള്ള റോഡുകൾ (ഗ്രാമസഭാനിർദ്ദേശം)(ദൂരം ബ്രാക്കററിൽ)

1. പട്ടിമേളംഫാമിൽ നിന്നും കറാച്ചിമലക്കാട് വഴി ഭൂതിവഴി
2. നായ്ക്കർ പാടിലേക്ഷംവീട്ടിൽ നിന്നും പുഴയിലേക്ക് (300.മീ)
3. ഭൂതിവഴി നരസിമുക്ക് റോഡിൽനിന്നും ടി.ബി. റോഡിലേക്ക്(1കി.മീ.) ഉപ്പുംകരപള്ളത്തിനരികിലൂടെ.
4. ശങ്കരൻകുട്ടിയുടെ വീടിനടുത്ത് നിന്നും പൊലീസ് സ്റേറഷന് മുകളിൽ കൂടി ടി.ബി റോഡിലേക്ക് പാരലൽ റോഡ്(1.5 കി.മീ)
5. ആനഗദ്ദ കാരറ (2.5 കി.മീ) മൂന്ന് കൾവർട്ട് വേണം
6. കാരറ റോഡിൽനിന്നും ശീലങ്കൻ എസ്റേററ്റ് (1.5 കി.മീ)
7. ഇരട്ടക്കുളം ഊര് കുന്നൻ ചാള ഊര് വഴി പ്ലാമരം (2 കി.മീ).
8. മുണ്ടൻ പാറ മുന്നൂറ് റോഡിൽ നിന്നുംപ്രേമചന്ദ്രൻെറയും ജോയിയുടെയും സ്ഥലത്ത്കൂടി കക്കിമുക്ക് റോഡിലേക്ക് (2.കി.മീ)
9. കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ കാഞ്ഞിരത്ത് നിന്നും പൂഞ്ചോല വഴി കുറുക്കൻ കുണ്ട്പാലക്കാടിന് കുറുക്ക്വഴി (ഉദ്ദേശം 15 കി.മീ)

10. കറവം പാടി പോത്തുപ്പാടി (2.5 കി.മീ)
11. കട്ടേക്കാട് കുററിമേട് ഐ.എച്ച്. ഡി.പി. കോളനി
12. പുലിയറ തെക്കേപുലിയറ (4 കി.മീ)
13. പുലിയറ തുമ്പപ്പാറ (5.കിമീ.)
14. ഓമ്മല മഞ്ഞച്ചോല
15. വിലങ്ങൻമുക്ക്പ്രഭാകരൻെറസ്ഥലംവഴിഅച്ചൻമുക്ക്(2 Km)
16. ഒമ്മല മൊയ്തുവിൻെറ സ്ഥലത്തിനടുത്ത് നിന്നും ജലധാരറോഡിലേക്ക്(2 Km)
17. വിലങ്ങൻ മുക്ക് ജെല്ലിപ്പാറ (2 Km)
18. വിലങ്ങൻമുക്ക് മാവും കുണ്ട് ഊർ വഴി ഒമ്മല റോഡിലേക്ക്
19. വണ്ടമ്പാറ ചെമ്മണ്ണൂർ
20. വണ്ടമ്പാറ കൊല്ലങ്കടവ്
21. അടിയകണ്ടിയൂർ ആട്ടക്കരവഴി ഒസ്തിയൂർ
22. ചെമ്മണ്ണൂർ ജേക്കബ് പുന്നയിൻെറ സ്ഥലത്ത്നിന്നും നന്ദനൻെറ ഭാഗത്തേക്ക് (500 മീ.)
23. കൊട്ടിയൂർ കുന്ന്പറയൻകുന്ന്
24. കക്കുപ്പടി മില്ലിൻെറ പടിഞ്ഞാറ് ഭാഗം (300 മീ)
25. പറയൻ കുന്ന് ഊർ ചോലക്കാട്
26. വണ്ടമ്പാറ താന്നിച്ചുവട് (300 മീ)
27. മുക്കാലി ചോലക്കാട് റോഡിൽ നിന്നും തോട്ട്പ്പാടി റോഡിലേക്ക് (300മീ)
28. മുക്കാലി ചോലക്കാട് റോഡിലേക്ക് പുതിയ കണക്ഷന് റോഡ് (300 മീ).

### 4.നീളം വർദ്ധിപ്പിക്കാനുള്ളൽ.

1. കുന്നംചാള ടി.ബി. റോഡ്
2. പല്ലിയറ ഊർ (500 മീ)
3. നെല്ലിപ്പതി ലക്ഷംവീട് ആട്ടറവഴി ഗുഡ്ഡയൂർ (1.5 കി.മീ)
4. മുന്നൂറ് റോഡിൽ നിന്നും കക്കിമുക്ക് റോഡിലേക്ക്
5. മുണ്ടൻപാറ കണിയാം പടിക്കൽ നിന്നും തോമാമുക്കിലേക്ക്
6. അച്ചൻ മുക്ക് ഒമ്മല (2 Km)
7. ഓടപ്പെട്ടി -മുരിക്കുംചോല
8. കക്കുപ്പടി റോഡിൽ നിന്നും തെക്ക് ഭാഗത്തേക്ക്
9. തോട്ടപ്പാടി പറയംകുന്ന് ഊർ മെയിൻ റോഡ് (800 മീ).
10. ആഗളി രചനാസ്ററുഡിയോ പരിസരം മുതൽ ഊർ വരെ
11. രാജഗിരി വണ്ടമ്പാറ (300 മീ.)

### 5. വീതിക്കൂട്ടേണ്ട റോഡുകൾ

1. കണ്ടിയൂർ ജെല്ലിപ്പാറ റോഡിൽ നിന്നും തൊട്ടിയാം കര റോഡ് വയലിന് സൈഡ് കെട്ടി, കൾവർട്ടും നിർമ്മിക്കണം.
2. ഓടപ്പെട്ടി മുരുക്കം ചോല
3. ഒമ്മല ആശുപത്രി പരിസരം താളംകുണ്ട്.

### 4. കോൺക്രീറ്റ് ചെയ്യേണ്ട ചെറിയ റോഡുകൾ

1. പട്ടിമേളം പുഴയിലേക്ക് 300 മീറ്റർ
2 ,, ഊർ റോഡ് 250 ,,
3. നട്ടക്കൽ ഊരിൽ കോളനി റോഡ് 150,,
4. ചന്തക്കടപുഴ 150 മീ.
5. മണ്ണാൻ തുറ ശിരുവാണിപ്പുഴ 500 മീ.
6. മുലക്കട ,, 300
7. നരസിമുക്ക് ഊരിലേക്ക് മെയിൻ റോഡിൽ നിന്നും 300 മീ
8. ഭൂതിവഴി കാളിയമ്മൻ കോവിൽ റോഡ് 300 മീ.
9. ,, പട്ടിക ജാതികോളനി റോഡ് 250,,
10. നരസിമുക്ക് മാരിയമ്മൻ കോവിൽ ഉപ്പുംകരപള്ളം 200 മീ.
11. പഞ്ചായത്ത് ഓൽനീസിന് മുന്നിൽ നിന്നും പുഴയിലേക്ക് 250 മീറ്റർ
12. പഞ്ച. സ്റേറഡിയത്തിൽ നിന്നും പുഴവരെ 250 മീ.
13. സ്റേറഡിയം റോഡിൽ നിന്നും സമ്പാർ കോട് 500 മീ.
14. പീഞ്ചുമൺകാട് മേലേസമ്പാർ കോട് 250 മീ.
15. അഗളി ലക്ഷം വീട് കോളനി റോഡ് 200 മീ.
16. മിൽമയുടെ റോഡിൽ നിന്നും കൃഷിഭവൻവഴി ഗേൾസ് ഹോസ്റ്റലിലേക്ക് 200 മീ.
17. അഗളി മുസ്ലിം പള്ളി വഴി പുഴവരെ. 250 മീ.
18. മൃഗാശുപത്രിയുടെ സമീപത്ത് നിന്നും ലക്ഷംവീട് 250. മീ.
19. ശിവാനന്ദ്സിംഗ്ഹോം പുഴ 200 മീ.
20. അഗളി ഗിരിജൻ കോളനി 250 മീ.,
21. അഗളി എൽ. പി. സ്കൂളിന് മുന്നിൽ നിന്നും പുഴയിലേക്ക് 150. മീ.
22. മൃഗാശുപത്രിയുടെ സമീപത്ത്നിന്ന്പാരലൽ റോഡിലേക്ക്

23. ലക്ഷംവീട്പുഴ 250. മീ.
24. പല്ലിയറ റോഡ്നെല്ലിപ്പതി ഊർ 500മീ.
25. നക്കുപ്പതി താഴെ ഊർ മേലേ ഊർ 200
26. നക്കുപ്പതി പിരിവ് തോട് 200 മീ.
27. ശിശുവിഹാറിലേക്ക് 150.
28. കാവുണ്ടിക്കൽ ഊർ 200.
29. കാവുണ്ടിക്കൽ സ്കൂളിന് മുന്നിൽനിന്ന്തോട്വരെ 150 മീ.
30. ചിററൂർ റോഡിൽ നിന്നും ചുണ്ടകുളം
31. ,, ഊരിൽ നിന്നും പുഴയിലേക്ക് 300 മീ
32. കുറവം പാടി കോർട്ടിലേക്ക്
33. പുലിയറ -തോട്
34. ജെല്ലിപ്പാറ ജെല്ലിപ്പാറ ഊർ (800 മീ.)
35. ഉപ്പും കരപള്ളം ആലാംകണ്ടി പ്ലാമരം
36. താവളം മുസ്ലിംപള്ളി -പുഴ
37. താവളം കമ്പറക്കോളനി
38. ചെമ്മണ്ണൂർ ഊർ പുഴ
39. ,, അമ്പലം -പുഴ
40. അടിയകണ്ടിയൂർ- പുഴ
41. കുക്കം പാളയം ഹൈസ്കൂൾ റോഡ്
42. കക്കുപ്പടി റേഷൻകട ഊർ 300 മീ.
43. അധികാരിപ്പടി കൊട്ടിയൂർ കുന്ന്
44. ,, തെക്ക് ഭാഗം
45. വെള്ളമാരി ഊര് ഫോറസ്ററ് ഓഫീസ് 200 മീ.
46. കൊട്ടിയൂർകുന്ന് ഊർ 200മീ.
47. കരിങ്ങറപ്പാടം പുഴയിലേക്ക് 150 മീ.
48. മുക്കാലി കക്കുപ്പടി എൽ. പി. എസ്. റോഡിൽ നിന്നും കൊട്ടിയൂർ കുന്ന്.
49. കള്ളമല മെമ്പറുടെ വീടിനടുത്ത് കൂടി ഊരിലേക്ക് 200 മീ. (ഒരു പാലം വേണം)
50. കുന്നം ചാള ഊർ പ്ലാമരം റോഡിലേക്ക്

### 7. നടപ്പാത കോൺക്രീറ്റ് ചെയ്യാനുള്ളത്

1. ഭൂതിവഴിബോയ്സ്ഹോസ്റ്റൽ ശിരുവാണിപ്പുഴ
2. പട്ടിമേളം നരസിമുക്ക് റോഡിൽ നിന്നും ഉപ്പും കരപള്ളം
3. അഗളി ലക്ഷം വീടിലേക്ക് (200 മീ.)
4. ദുണ്ടൂർ ഊർ ആശ്രമം
5. മന്തിമല ഊർ ദോണിഗുണ്ട് (പകുതിപൂർത്തിയായി)
6. മാമണഊർ റോഡ്
7. ഗൂളിക്കടവ് ലക്ഷംവീട് കോളനി (100 മീ)
8. നക്കുപ്പിതി ഊർ കാവുണ്ടിക്കൽ കണ്ടിയൂർ റോഡിലേക്ക് (1 കി.മീ)
9. കാരറ മണപ്പാട്ട് മത്തായിയുടെ ഭാഗത്തേക്ക് (200 മീ.)
10. കള്ളമല ഊർ ഓന്തൻമല റോഡ്
11. വടക്കേഒമ്മല ഊർ മാമണ ഊർ
12. താവളം പ്ലാമരം.
13. ജെല്ലിപ്പാറ സൈമൻെറ വീടിനടുത്ത്കൂടി ഒമ്മല (2 കി.മീ)
14. ഒമ്മല ഹംസ വൈദ്യരുടെ താഴെയുള്ള നടപ്പാത മഞ്ഞച്ചോലക്ക് •

### 8. പുതിയ നടപ്പാത നിർമ്മിക്കേണ്ടത്

1. ഗോവിന്ദൻകടയുടെ മുന്നിൽ നിന്നും പുഴയിലേക്ക് (200 മീ.
2. ദോണി ഗുണ്ട് പാലം ഊരുവഴിതോമാമുക്ക്
3. ദുണ്ടൂർ ഊർ കാരറ അമ്പലം
4. പല്ലിയറ ഗുഡ്ഡയൂർ (1 കി.മീ)
5. നെല്ലിപ്പതി ലക്ഷം വീട് തോട് (500 മീ)
6. പല്ലിയറ കാരറ റോഡിൽ നിന്നും പഞ്ചാബിലേക്ക് (500 മീ)
7. ,, ,, ആനഗദ്ദ (500 മീ)
8. പല്ലിയറ ചിററൂർ
9. ചിറ്റൂർ ഹെൽത്ത്സെന്ററിലേക്ക് (1. കി.മീ)
10. കണ്ടിയൂർ റോഡിൽ നിന്നും വണ്ടനാഴി കൃഷ്ണൻ കുട്ടിയുടെ വീടിനടുത്ത്കൂടി മാമണ ജെല്ലിപ്പാറ റോഡിലേക്ക് (1.5 കിമീ.)
11. ജെല്ലിപ്പാറ തടത്തിൽ ബേബിയുടെ വയലിന് കുറുകെ

### 9. നടപ്പാത സ്റെറപ്പ് കെട്ടേണ്ടൽ.

1. ഗൂളിക്കടവ് മുസ്ലിംപള്ളി പരിസരം തോട് (100.മീ)
2. കാവുണ്ടിക്കൽ മാമണം (75 മീ)
3. മുണ്ടമ്പാറ കുരിശിനടുത്ത് നിന്നും പാലത്തിന്റെ പരിസരത്തിലേക്ക് (200 മീ)
4. ചിറ്റൂർ പല്ലിയറ (3 കി.മീ)
5. ഒമ്മല വള്ളിയിൽ ജോസിൻെറ വീടിനടുത്ത്
6. ജെല്ലിപ്പാറ റേഷൻകടയുടെ താഴെ ഭാഗം
7. കുക്കം പാളയം മഠത്തിന് മുന്നിൽ നിന്നും പുഴവരെ

8. ചെമ്മണ്ണൂർ കോളനി പുഴ
9. ആസോ ഭവൻെറ കിഴക്കും പടിഞ്ഞാറും
10. കക്കുപ്പടി തിയേറ്ററിന് പടിഞ്ഞാറ് ഭാഗത്ത് നിന്നും മുകളിലേക്ക്
11. പാക്കുളം താന്നിച്ചുവട്-പുഴ
12. തൊട്ടിയാം കര റോഡിൽ നിന്നും ചിദംബരൻെറ വീടിന് സമീപത്തേക്ക്
13. കണ്ടിയൂർ റോഡിൽ നിന്നും രാമകൃഷ്ണൻെറ വീടിനടുത്തുള്ള തോട്ടിലക്കേ്
14. ജെല്ലിപ്പാറ മില്ലിനടുത്ത് നിന്നും കിണറിനടുത്തേക്ക്

### 10. പാലം നിർമ്മിക്കേണ്ട സ്ഥലങ്ങൾ

1. അഗളി പുതൂർ പഞ്ചായത്തുകളെ ബന്ധിപ്പിച്ച് കൊണ്ട് നരസിമുക്കിൽ
2. അഗളി ഷോളയൂർ പഞ്ചായത്തുകളെ ബന്ധിപ്പിച്ച് കൊണ്ട് ഭൂതിവഴിയിൽ
3. അഗളി കടമ്പാറ റോഡിൽ ശിരുവാണിപ്പുഴയിൽ
4. ഗുഡ്ഡയൂർ കതിരംപതി റോഡിൽ
5. നക്കുപ്പതി ചെറുനാലിറോഡിൽ 3എണ്ണം
6. കുറവംപാടി - ഷൊയൂർ റോഡിൽ
7. ജെല്ലിപ്പാറ ഊരിനടുത്തുള്ള തോട്ടിൽ
8. ജെല്ലിപ്പാറ മഠത്തിനടുത്തുള്ള തോട്ടിൽ
9. ഓന്തൻമല പുളക്കുന്ന് റോഡിൽ
10. ചിന്നപ്പറമ്പ് റോഡിൽ (കൃഷ്ണൻനായർ പടി)

### 11. തൂക്ക് പാലം നിർമ്മിക്കേണ്ടസ്ഥലം

1. നക്കുപ്പതി തോടിൽ 2 എണ്ണം
2. താഴെ പരപ്പനൻതറ 1
3. പാക്കുളം പുഴയിൽ 2
4. നെല്ലപ്പതി നൂറേക്കറിൽ നിലവിലുള്ള തൂക്കുപാലം റിപ്പയർ ചെയ്യണം.

### കുളിക്കടവുകൾ നിർമ്മിക്കേണ്ട സ്ഥലം

1. ഭൂതിവഴി, ലക്ഷംവീട് കോളനിക്കടുത്ത്, കടമ്പാറ റോഡിനടുത്ത്, പമ്പ്ഹൗസിനടുത്ത്, അഗളി മുസ്ലിം പള്ളിക്ക് താഴെ, അഗളി എൽ. പി. എസ്. ന് താഴെ പുഴയിൽ താവളം മുസ്ലിം പള്ളിക്ക് അടുത്ത് പുഴയിൽ താവളം പാലത്തിനടുത്ത്, പറക്കുളം ചെമ്മണ്ണൂർ ഊരിന് താഴെ , കാരറ തോട്ടിൽ ,നെല്ലിപ്പതി, ജെല്ലിപ്പാറ ഊരിനടുത്ത്

### 13.കൾവർട്ടുകൾ നിർമ്മിക്കേണ്ടത്

1. പട്ടിമേളംഊർ റോഡിന്
2. ഒമ്മല വിലങ്ങൻ മുക്ക് റോഡിൽ എട്ടുപറ ജോസിൻെറ വീടിനടുത്ത്
3. കക്കുപ്പടി തിയേറ്ററിന് മുൻവശം
4. കള്ളമല ഊർ റോഡിൽ
5. കള്ളമല കൽക്കണ്ടി റോഡിൽ

### 14. കൽവർട്ട് പുതുക്കി പണിയേണ്ടത്

1. ജെല്ലിപ്പാറ അച്ചൻമുക്കംറോഡിൽ കുമ്പിൾ വീടിനടുത്തുൻ (100. മീ ദൂരം സൈഡ് കെട്ട്കൂടി വേണം)
2. ഓടപ്പെട്ടി ശ്രീധരൻെറ വീടിനടുത്തുള്ളത്

### 15. ഫുട്ബ്രിഡ്ജുകൾ

1. ഭൂതിവഴി ലക്ഷംവീടിനടുത്ത്
2. ദോണി ഗുണ്ട് ഊരിനടുത്തം
3. ഒമ്മല വള്ളിജോസിൻെറ വീടിനടുത്ത്
4. ജെല്ലിപ്പാറ റേഷൻകടയുടെതാഴെ
5. ജെല്ലിപ്പാറ നെല്ലിക്കാനം ആൻറണിയുടെ വീടിനടുത്ത്
6. ,, വണ്ടനാഴികൃഷ്ണൻകുട്ടിയുടെ വീടിനടുത്ത്
7. ഓടപ്പെട്ടി ചെക്ക്ഡാമിന് മുകൾ ഭാഗത്തം
8. ഒമ്മല താളും കുണ്ടിൽ
9. ജെല്ലിപ്പാറ കുമ്പിള് വീട്ടിൽ ജോയിയുടെ വീടിനടുത്ത്
10. ചെമ്മണ്ണൂർ കോളനി പരിസരം
11. കൊല്ലങ്കടവ്
12. കമ്പിക്കുന്ന് കള്ളമല
13. കള്ളമല ഊർ
14. മായ്ക്കാട് മരുതൻ വഴിയിൽ
15. കള്ളമല മീമ്പിള്ളിപടി
16. ,, പി.പി. സോമൻെറ വീടിനടുത്ത്

### 17വെയിറ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കേണ്ട സ്ഥലം

1 ഭൂതി വഴി, 2. നരസിമുക്ക്.3 വണ്ണാൻ തുറമേട്, 4. പഞ്ചായത്ത് ഓഫീസിന് മുൻവശം 5. അഗളി സ്റേററ്റ് ബാങ്ക് പരിസരം, 6 അഗളി, 7, കാവുണ്ടിക്കൽ 8, പ്ലാമരം, 9. നക്കുപ്പതി ഊര്, 10. ചിററൂർ,11. ചിറ്റൂർ പള്ളി., 12. പോത്തുപ്പാടി, 13, കുറവംപാടി, 14. പുലിയറ, 15,

കുറവൻകണ്ടി, 16, താവളം, 17, ദോണിഗുണ്ട്, 18. ജെല്ലിപ്പാറ, 19. ഒമ്മല, 20 കള്ളമല, 21. രാജഗിരി

പ്രധാന ജംഗ്ഷനുകളിൽ മൂത്രപ്പുരകളും കക്കൂസും നിർമ്മിക്കേണ്ടതാണ്. വെയിറ്റിംഗ് ഷെഡ്ഡുകൾ നിർമ്മക്കാൻ സ്ഥലം കിട്ടാൻബുദ്ധുമുട്ടുള്ള പ്രദേശങ്ങളിൽ റോഡിൻെറ പുറംമ്പോക്ക് അളന്ന് തിരിച്ച് സ്ഥലം കണ്ടെത്തണം.

### 17.ഓടകൾ

എല്ലാ റോഡുകൾക്കും ഓടകൾനിർമ്മിച്ച് കോൺക്രീറ്റ് ചെയ്യണം.

### 18. റോഡ് റീ ടാറിംഗ് ഉടൻ ചെയ്യേണ്ടത്

1. ജെല്ലിപ്പാറ പാറ വളവ് റോഡ് (2.7 കി.മീ) RLEGP. സ്കീമിൽ ടാറിംഗ് നടത്തിയിട്ട് 9 വർഷം കഴിഞ്ഞ താണ്
2. ഗൂളിക്കടവ് കാരറ മുണ്ടപാറ ( 7.600 കി.മീ).
3. ഗൂളിക്കടവ്- ചിറ്റൂർ ഡാം.(8. കിമീ.)
4. ടി. ബി. നരസിമുക്ക്
5. നക്കുപ്പതി പിരിവ്- ജെല്ലിപ്പാറ കള്ളമല കൽക്കണ്ടി
6. ഓമ്മല ഓടപ്പെട്ടി
7. ആനമൂളി മുക്കാലി ചിന്നത്തടാകം മെയിൻ റോഡ് (ഇരട്ടിപ്പിച്ച് റീടാറിംഗ്)

### 19. ബസ്സ് റൂട്ടുകൾ അനുവദിക്കേണ്ടത്

1. തിരുവനന്തപുരം ആനക്കട്ടി (കെ.എസ് ആർ. ടി.സി)
2. പാലക്കാട് കള്ളമല ജെല്ലിപ്പാറ കാരറ ചിറ്റൂർ ഡാം (കെ.എസ് ആർ.ടി.സി.)

മുക്കാലി കള്ളമല ഓടപ്പെട്ടി കുറുക്കൻകുണ്ട് കാരറ ഗൂളിക്കടവ് ദോണിഗുണ്ട് ജെല്ലിപ്പാറ (കെ.എസ്ആർ ടി.സി)

4. **സ്കൂൾ കുട്ടികൾക്കുവേണ്ടി ഷട്ടിൽ സർവീസുകൾ**

1. മുക്കാലി -ജെല്ലിപ്പാറ ദോണി ഗുണ്ട് അഗളി കാരറ ജെല്ലിപ്പാറ
2. ഒമ്മല -ഓടപ്പെട്ടി. പാറവളവ് മുണ്ടൻപാറ- ജെല്ലിപ്പാറ
3. കോട്ടത്തറ അഗളി ചിററൂർ ഡാം നരസിമുക്ക്
4. കോട്ടത്തറ അഗളി താവളം മുക്കാലി
5. കാരറ കള്ളമല തൃശൂർ (കെ.എസ് ആർ.ടി.സി)

നിലവിൽ പെർമിറ്റുകൾ ഉണ്ടായിരുന്ന വണ്ടികൾ പലതും ഇപ്പോൾ ഓടുന്നില്ല. ഇത്തരം ട്രിപ്പുകൾ ഉടൻപുനരാരംഭി ക്കേണ്ടതാണ്.

മുക്കാലി മുതൽ കോട്ടത്തറ വരെയുളള മെയിന് റോഡി ൻെറ വശങ്ങളിലുള്ള തണൽ മരങ്ങളെ സംരക്ഷിക്കാൻ മരങ്ങൾക്ക് ചുറ്റും മതിൽ നിർമ്മിച്ച് ഇരിപ്പിടങ്ങൾ പണിയുക

ഗൂളിക്കടവിൽ എ. വി. ഐ. പി. കോർണറിൽ ഓട്ടോ ടാക്സി സ്റ്റാൻറ് പണിയുക

അഗളി വില്ലേജ് ഓഫീസ് പരിസരത്തിലുളഅള മിച്ചഭൂമിയിൽ ബസ്സ് സ്ററാൻറ് പണിയുക

പ്രധാന റോഡുകളുടെ ഓരങ്ങളിൽ താല്ക്കാലിക ഷെഡ്ഡുകളിൽ കച്ചവടം നടത്തുന്നവർക്ക് ഉന്തിമാറ്റാവുന്ന വണ്ടികൾക്ക് ധനസഹായം നൽകിക്കൊണ്ട് പാത യോര ങ്ങൾ സംരക്ഷിക്കുക.

ടാസ്കി ഓട്ടോ നിർക്കുകൾ സർക്കാർ നിർദ്ദേശ ത്തിനനുസൃതമായി നിജപ്പെടുത്തുക.

ബസ്സുകളിൽ സ്ത്രീകൾക്കുള്ള സീറ്റുകളുടെ എണ്ണ് വർദ്ധിപ്പിക്കുക.സ്ത്രീകളുടെ സീറ്റ് അവരക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക.

വാഹനങ്ങളുടെ പുക പരിശോധിക്കാന് അഗളിയിൽ ഒരു സ്ഥാപനം തുറക്കണം.

ഉപയോഗ യോഗ്യമല്ലാത്തതുകൊണ്ട് അയൽ സംസ്ഥാനം ലേലം ചെയ്ത ബസ്സുകൾ സ്വകാര്യവ്യക്തികൾക്ക് ലേലത്തിൽ പിടിച്ച് കൊണ്ടുവന്ന് അട്ടപ്പാടിയിൽ ഓടിക്കുന്നു. വളവും തിരിവുമുള്ള ചുരം റോഡിലൂടെ ഓടാൻഇത്തരം വാഹനങ്ങൾക്ക് പെർമിറ്റ് കൊടുക്കുന്ന സമ്പ്രദായം പുന: പരിശോധിക്കേണ്ടതാണ്.

കോയമ്പത്തൂർ നിന്നും ആനക്കട്ടിയിൽ എത്തുന്ന ബസ്സുകൾ അഗളിവരെ എത്തിക്കുന്നതിന് വേണ്ടി (അന്തർ സംസ്ഥാന സർവീസ്) നടപടിസ്വീകരിക്കുക.

പാതയോരങ്ങളിൽ തണൽ മരങ്ങൾ വച്ച്പിടിപ്പിക്കുക.

റോഡിന് തടസ്സമായിട്ടുള്ള വൈദ്യുത പോസ്ററുകൾ മാറ്റിസ്ഥാപിക്കുക.

ഗുളിക്കടവുമുതൽ ഭൂതിവഴിവരെയുള്ള പ്രധാനറോഡ് രണ്ടുനിര സൗകര്യമുള്ളതാക്കി സ്ട്രീറ്റ് ലൈറ്റുകൾ മാറ്റി വേപ്പർ ലാംബ് ഇടുക.

മറ്റു വാർഡുകളിലെ പ്രധാന ടൗണുകളിലും വേപ്പർ ലാംബ് ഇടുക.

അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട ഓരോ വർഡിലേയും റോഡുകളുടെ പട്ടികയാണ് ഒന്നാമതായി കൊടുത്തിട്ടുണ്ട്. മറ്റുറോഡുകളുടെ മുൻഗണനാ പട്ടികയിൽ രേഖപ്പെടുത്തിയിട്ടില്ല. അത്തരം റോഡുകൾക്ക് അനുമതി നല്കുമ്പോൾ പഞ്ചായത്തു ഭരണസമിത ഗ്രാമസഭാ റിപ്പോർട്ടുകൾ പരിശോധിച്ച് അതേമുൻഗണനാ ക്രമം കർക്കശമായിത്തന്നെ പാലിക്കേണ്ടതാണ്.

# 8.
# വിദ്യാഭ്യാസം

കേരളത്തിൻെറ മററുഭാഗങ്ങളുമായി തട്ടിച്ച് നോക്കുമ്പോൾ ഭൂമിശാസ്ത്ര, സാംസ്കാരിക, സാമൂഹിക പ്രത്യേകതകളാൽ വൈവിധ്യമാർന്നതാണ് അട്ടപ്പാടി. സംസ്ഥാന രൂപീകരണത്തിന് മുമ്പ് തമിഴ്നാടിൻെറ ഭാഗമായിരുന്ന അട്ടപ്പാടി 1956 ന് ശേഷമാണ് കേരള സംസ്ഥാനവുമായി കൂട്ടിച്ചേർക്കുന്നത്. പതിനായിരക്കണക്കിന് പട്ടികവർഗ്ഗക്കാരും തമിഴ്നാടിൻെറയും കേരളത്തിൻെറയും വിവിധ ഭാഗങ്ങളിൽനിന്നുള്ള കുടിയേറ്റക്കാരുമാണ് അട്ടപ്പാടി നിവാസികൾ. പട്ടിക വർഗ്ഗക്കാർ തമിഴ് കലർന്ന ലിപിയില്ലാത്ത ഒരു തരം ഭാഷയാണ് സംസാരിക്കുന്നത്. തമിഴ്നാട്ടിൽനിന്നുളള കുടിയേറ്റക്കാർ തമിഴും കേരളീയർ മലയാളവും സംസാരിക്കുന്നു. ഏകദേശം 310അടി കിമീ. വിസ്തീർണ്ണമുള്ള അഗളി പഞ്ചായത്തിൻെറയും സ്ഥിതി വിഭിന്നമല്ല. ഈവിധ പ്രത്യേകതകളെല്ലാം പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസം ആരംഭിക്കുന്നതിന് തടസ്സം നിന്നു അഗളി പഞ്ചായത്തിൽ ആദ്യമായി ഒരു സ്കൂൾ ആരംഭിക്കുന്നൽ 1939 ലാണ് പ്രസ്തുത സ്കൂൾ ഇന്നത്തെ അഗളി വില്ലേജ് ആഫീസ് നിലനിൽക്കുന്ന സ്ഥലത്താണ്. അത് തമിഴ് മീഡിയം സ്കൂൾ ആയിരുന്നെന്ന് ആദ്യകാല വിദ്യാർത്ഥിയായ കാവുണ്ടിക്കല്ലിലെ ബിണ്ണൻ പറയുന്നു. എന്നാൽ ഇന്ന് സ്കൂളുകളുടെ വളർച്ച അഗളി പഞ്ചായത്തിൽ 16 ഓളം ആയിട്ടുണ്ട്. കേരളത്തിലെ മറ്റുപഞ്ചായത്തുകളുമായി തട്ടിച്ച് നോക്കുമ്പോൾ അഗളി പഞ്ചായത്ത് വലുപ്പത്തിൽ ഏറെമുന്നിലാണെങ്കിലും വിദ്യാഭ്യാസനിലവാരത്തിൻെറ കാര്യത്തിൽ ഇപ്പോളും പിന്നിൽ തന്നെയാണ്. ഒറ്റപ്പെട്ട ആവാസ കേന്ദ്രങ്ങളും ഗതാഗത രംഗത്തുള്ള പിന്നോക്കാവസ്ഥയും അധ്യാപകനിയമ നങ്ങളിൽഉണ്ടാകുന്ന കാലതാമസവും വിദ്യാഭ്യാസത്തിൻെറ ആവശ്യകതയെക്കുറിച്ചുള്ള ജനങ്ങളുടെ അജ്ഞതയും തുടങ്ങി ഒട്ടനവധി കാരണങ്ങൾ ഇതിന്നാധാരമാക്കി ചൂണ്ടിക്കാണിക്കാവുന്നതാണ്. പ്രനാഥമികവിദ്യാഭ്യാസ സൗകര്യം പോലും ലഭ്യമല്ലാത്ത നിരവധി പട്ടിക വർഗ്ഗ ഊരുകൾ ഉന്നും അഗളി പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുണ്ട്. (പട്ടിക - 1 കാണുക)

അഗളി പഞ്ചായത്തിൽ നാലു ഹൈസ്കൂളുകളും 1 യു. പിസ്കൂളും 12 എൽ. പി. സ്കൂളുകളുമാണുള്ളത്. ഇതിൻെറ് തന്നെ ആറെണ്ണംസ്വകാര്യമേഖലയിലുള്ളവയാണ്. ഇതിൽ ഒരെണ്ണം ഇംഗ്ലീഷ് മീഡിയവുമാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഒരു കോ -ഓപ്റേറ്റീവ് കോളേജും ഒരു പാരലൽ കേളജുമാണ് നില നിൽക്കുന്നൽ. പ്ലസ് ടു (+2) തലത്തിൽ ഒരു സർക്കാർസ്കൂളും ഈ പഞ്ചായത്തിലുണ്ട്.(പട്ടിക - 1എ)

അഗളി പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ നോക്കിയാൽ വളരെ പരിതാപകരമായ അവസ്ഥാവിശേഷമാണ് കാണുവാന് സാധിക്കുന്നത് മൊത്തം കുട്ടികളുടെ എണ്ണം 5204 ആണ്., സ്ഥിരവം താൽക്കാലികവുമായ മുറികൾ വിദ്യാഭ്യാസത്തിനായി ഉപയോഗിക്കുന്നു. പ്രാഥമിക ആവശ്യങ്ങൾ പോലും നിറവേറ്റാൻ സ്കൂളുകളിൽ സൗകര്യമില്ലാത്ത അവസ്ഥയും നിലനിൽക്കുന്നുണ്ട്. പഠനോപകരണങ്ങളുടെ ഇല്ലായ്മ, പട്ടികയിൽ നിന്നു തന്നെ വ്യക്തമാകും. ഇതിൽ സ്വകാര്യ സ്കൂളുകളും പെടുന്നു എന്നതാണ് വിരോധാഭാസം.

(പട്ടിക - 1ബി. കാണുക)

പട്ടിക - 1

വിവിധ വാർഡുകളിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം.

| | ഹൈസ്കൂൾ | | | | | യു.പി സ്കൂൾ | | | | | എൽ. പി. സ്കൂൾ | | | | | നേഴ്സറി | | | സാങ്കേതിക വിദ്യാലയങ്ങൾ | | | കോളേജുകൾ | | | പാരലൽ കോളേജുകൾ | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് | സർക്കാർ | എയ്ഡഡ് | അൺ എയിഡഡ് | മറ്റുള്ളവ | ആകെ. | സർക്കാർ | എയ്ഡഡ് | അൺ എയിഡഡ് | മറ്റുള്ളവ | ആകെ. | സർക്കാർ | എയ്ഡഡ് | അൺ എയിഡഡ് | മറ്റുള്ളവ | ആകെ. | പഞ്ചായത്ത് വക | സ്വകാര്യം | ആകെ. | സർക്കാർ | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സ്കൂൾ കോളേജ് | ഇൻസ്റ്റിറ്റ്യൂട്ട് | ട്യൂട്ടോറിയൽ | മറ്റുള്ളവ |
| 2. | | | | | | | | | | | | | | | | | 1 | 1 | | | | | | | | | | |
| 3. | | | | | | | | | | | | | | | | | 1 | 1 | 1 | - | 1 | | കോപ്പറേറ്റീവ് | 1 | | 1 | | |
| 4. | 1 | | | | 1 | | | | | | 2 | | | | 2 | 1 | - | 1 | | | | | | | | | | |
| 6. | | | | | | | | | | | 1 | | | | 1 | | | | | | | | | | | | | |
| 7. | | | | | | | | | | | | | 1 | | 1 | | | | | | | | | | | | | |
| 8. | | | | | | | | | | | | | 1 | | 1 | | 1 | 1 | | | | | | | | | | |
| 9. | | 1 | | | 1 | | | | | | | 1 | | | 1 | | 1 | 1 | | | | | | | | | | |
| 11. | | 1 | | | 1 | | 1 | | | 1 | | | | | | | | | | | | | | | | | | |
| 12. | | | | 1 | 1 | | | | | | 2 | | 1 | | 3 | | | | | | | | | | | | | |
| 13. | | | | | | | | | | | | 1 | | | 1 | | 1 | 1 | | 1 | 1 | | | | | | | |
| ആകെ. | 1 | 2 | | 1 | 4 | | 1 | | | 1 | 5 | 2 | 3 | | 10 | 1 | 5 | 6 | 1 | 1 | 2 | | 1 | 1 | | 1 | | |

അവലംബം: സെക്കണ്ടറി ഡാറ്റ

## പട്ടിക 1എ.

### സ്കൂളുകളുടെ ഭൗതി സാഹചര്യങ്ങൾ ഗവ:/ എയിഡഡ്

| സ്കൂളിൻെറ പേർ | ആകെ കുട്ടികൾ | ആകെ ഡിവിഷൻ | നിലവിലുള്ള മുറികൾ: സ്ഥിരം | അർദ്ധ സ്ഥിരം | താൽക്കാലികം | നിലവിലുള്ള സ്ഥലം (ഏക്കറിൽ) | ആവശ്യമുള്ള മുറികൾ | നിലവിലുള്ള മൂത്രപ്പുര | ഇനി ആവശ്യമുള്ള മൂത്രപ്പുര | നിലവിലുള്ള കക്കൂസ് | ഇനി ആവശ്യമുള്ള കക്കൂസ് | കുടിവെള്ളം ഉണ്ട് / ഇല്ല | വൈദ്യുതി ഉണ്ട് / ഇല്ല | സ്റ്റേജ് ഉണ്ട്/ ഇല്ല | പാചകപ്പുര ഉണ്ട്/ ഇല്ല. | ഇനി ആവശ്യമുള്ളത്: ഗ്രീൻ ബോർഡ് | ഡസ്ക് | ബഞ്ച് | മേശ | കസേര | അലമാര | റാക്ക് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. G.V.HS.S അഗളി | 1124 | 25 | 12 | 3 | - | 5 | 20 | 1 | 2 | 1 | 1 | + | + | + | + | 20 | 160 | 160 | 20 | 20 | 4 | 4 |
| 2. Mt. Carmel H.S മാമണ | 985 | 18 | 18 | | | 6 | 1 | 2 | | 8 | | | | | | | 12 | 20 | 4 | 1 | | |
| 3. G.L.P.S അഗളി | 372 | 12 | 2 | 6 | | 1.92 | 6 | | 3 | 1 | 2 | + | + | + | + | 5 | 50 | 60 | 5 | 10 | 3 | |
| 4. G.L.P.S കാരറ | 121 | 4 | 2 | | 8 | 1.5 | 4 | 1 | 1 | 2 | 1 | + | + | - | + | | 20 | 5 | 4 | 4 | 2 | 1 |
| 5. G.T.S കാവുണ്ടിക്കൽ | 131 | 5 | 5 | | | 0.25 | 2 | | 2 | | 2 | - | - | - | + | | | 5 | 1 | 1 | 1 | |
| 6. G.U.P.S കുക്കംപാളയം | 846 | 20 | 4 | | 4 | 1 | 12 | 1 | 2 | | 2 | + | - | - | - | 12 | 80 | 80 | 20 | 20 | 2 | 4 |
| 7. Mt. Carmel L.P.S ജല്ലിപ്പാറ | 577 | 13 | 13 | | | 1 | | 1 | | 5 | | - | - | - | - | | 15 | 15 | 2 | 2 | 1 | |
| 8. St. Stephen's കള്ളമല | 293 | 8 | 8 | | | 1.20 | | 2 | | 2 | | + | + | - | + | | 20 | 20 | 4 | 4 | | |
| 9. St. George L.P Sശീങ്കര | 403 | 9 | 9 | | | 1 | | 2 | 2 | 2 | | + | + | + | + | | | | | | | 1 |
| 10. St. Peeter's H.S കുക്കംപാളയം | | 352 | 7 | 11 | | 3 | | 2 | 1 | 3 | 1 | + | + | - | + | | 20 | 20 | 2 | 2 | 2 | |
| 11. G.L.P.S. കക്കുപ്പടി ലഭിച്ചില്ല | | | | | | | | | | | | | | | | | | | | | | |
| 12. G.T.W.L.P.S ചിണ്ടക്കി ലഭിച്ചില്ല | | | | | | | | | | | | | | | | | | | | | | |
| 13. G.R.B.S മുക്കാലി ലഭിച്ചില്ല | | | | | | | | | | | | | | | | | | | | | | |
| 14. Adi Vasi H.S. ചണ്ടക്കി ലഭിച്ചില്ല | | | | | | | | | | | | | | | | | | | | | | |
| 15. Vimala Bhavan L.P.S ചിറ്റൂർ ലഭിച്ചില്ല | | | | | | | | | | | | | | | | | | | | | | |
| 16. Malleeswara Vilas .L.P.S നെല്ലിപ്പതി ലഭിച്ചില്ല | | | | | | | | | | | | | | | | | | | | | | |
| 17. Amirthananthamai Egnlish medium /school അഗളി ലഭിച്ചില്ല. | | | | | | | | | | | | | | | | | | | | | | |

നോട്ട്:- '-' ഇല്ല, '+' ഉണ്ട്

### പട്ടിക -3-ബി
### അക്കാദമിക് നിലവാരം (S.S.L.C വിജയ ശതമാനം)

| നമ്പർ | സ്കൂളിൻെറ പേർ | ഉടമസ്ഥത | 1991 - 92 | 92 - 93 | 93 - 94 | 94 - 95 | 95 - 96 |
|---|---|---|---|---|---|---|---|
| 1. | G.V.H.S.S അഗളി | സർക്കാർ | 8 | 1.5 | 5 | 10 | 8.5 |
| 2. | മൗണ്ട് കാർമൽ H.S മമ്മണ, ജെല്ലിപ്പാറ | എയിഡഡ് | 92 | 91 | 83 | 90 | 85 |
| 3. | സെൻറ് പീറേറഴ്സ് കോൺവെൻറ് HS കൂക്കം പാളയം | ,, | 88 | 77 | 82 | 76 | 63 |
| 4. | ട്രൈബൽ HS, ചിണ്ടക്കി മുക്കാലി | ഫാമിംഗ്സൊസൈറ്റിവക | വിവരം നൽകിയിട്ടില്ല. | | | | |

അവലംബം: സെക്കണ്ടറി ഡാറ്റ

കഴിഞ്ഞ നാലഞ്ചുവർഷങ്ങളിലെ കണക്കുക്കൾ പരിശോധിച്ചാൽ സർക്കാര എയിഡ്ഡ് സ്കൂളുകളിലായി എസ് എസ്. എൽ.സി.ക്ക് ഏകദേശം 70 ശതമാനം കുട്ടികൾ പാസ്സായതായി കാണാം. പൊതുവെ മോശമില്ലാത്ത നിലവാരമാണ് എയ്ഡഡ് സ്കൂളുകൾ നിലനിർത്തുന്നതെങ്കിലും സർക്കാർ സ്കൂളിലെ വിജയശതമാനം വളരെ പുറകിലാണ്. കഴിഞ്ഞ അഞ്ചുവർഷങ്ങളായി ഒരിക്കൽ മാത്രമാണ് 2 അക്ക സംഖ്യയിൽ എസ് എസ്. എൽ.സി വിജയംശതമാനമെത്തിക്കുവാൻ അഗളി സർക്കാർ സ്കൂളിന് സാധിച്ചാൽ സ്വന്തം മക്കളെക്കുറിച്ച് മനക്കോട്ടകെട്ടാൻ മാത്രമല്ലേ മാതാപിതാക്കൾക്ക് സാധിക്കുന്നുള്ളു.

### പട്ടിക -2
### അധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ

| വിഭാഗം | സർക്കാർ | | | എയിഡഡ് | | | അൺഎയിഡഡ് | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| ഹൈസ്ക്കൂൾ | 3 | 6 | 9 | | 28 | 28 | | | |
| യു.പി. സ്കൂൾ | 13 | 10 | 23 | - | 10 | 10 | | | |
| എൽ. പി. സ്കൂൾ | 15 | 12 | 27 | 3 | 26 | 29 | - | 11 | 11 |
| പ്രീ പ്രൈമറി | | | | | | | | 1 | 1 |
| ആകെ | 31 | 28 | 59 | 3 | 64 | 67 | - | 12 | 12 |

അവലംബം: _ സെക്കണ്ടറി ഡാറ്റ (ചില സ്കൂളുകളിൽ നിന്നും ആവശ്യമായ വിവരങ്ങൾ തരാത്ത തിനാൽ ഈ ലിസ്ററ് അപൂർണ്ണമാണ്.

## പട്ടിക- 3 എ.

### കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ എൽ. പി. സ്കൂൾ മാത്രം

### സർക്കാർ സ്വകാര്യം അൺ എയിഡഡ്

| വാർഡ് | ആകെ കുട്ടികൾ | | | എസ്സി, എസ്ടി കുട്ടികൾ | | | തോറ്റ് പഠിക്കുന്നവർ | | | | | | പഠനം നിറുത്തിയവർ | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | എസ്.സി. | | എസ്ടി. | മറ്റുള്ളവർ | | | എസ്.സി. | എസ്ടി. | | മറ്റുള്ളവർ | | | ആകെ |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 3. | 182 | 185 | 372 | 92 | 99 | 191 | 3 | 4 | 7 | 1 | | 1 | 5 | 3 | 8 | 4 | 1 | 5 | 13 |
| 4. | 64 | 67 | 131 | 29 | 19 | 48 | 2 | 1 | 3 | 4 | 1 | 5 | 10 | 2 | 12 | | 1 | 1 | 13 |
| 6. | 58 | 63 | 121 | 42 | 44 | 86 | 8 | 7 | 15 | | | | 6 | 4 | 10 | 1 | 2 | 3 | 13 |
| 7. | 44 | 18 | 62 | | | | | | | | | | | | | | | | |
| 8. | 51 | 49 | 100 | 5 | 2 | 7 | | | | 8 | 5 | 13 | | | | | | | |
| 9. | 303 | 274 | 577 | 76 | 87 | 16. | 8 | 7 | 15 | 16 | 12 | 28 | | 3 | 3 | | 1 | 1 | 4 |
| 11. | 340 | 332 | 672 | 187 | 192 | 379 | 44 | 35 | 79 | 16 | 20 | 36 | 33 | 24 | 57 | 10 | 11 | 21 | 78 |
| 12. | സ്കൂളുകളിൽനിന്നും വിവരം ലഭിച്ചിട്ടില്ല. | | | | | | | | | | | | | | | | | | |
| 13. | 155 | 138 | 293 | 11 | 10 | 21 | | | | 7 | 4 | 11 | | 2 | 2 | | 2 | 2 | 4 |
| ആകെ | 1202 | 1126 | 2328 | 442 | 457 | 899 | 65 | 54 | 119 | 52 | 42 | 94 | 54 | 38 | 92 | 15 | 18 | 33 | 125 |

അവലംബം: സെക്കണ്ടറി ഡാറ്റ(ലിസ്റ്റ് അപൂർണ്ണം)

## പട്ടിക- 3 ബി
### കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ യു.പി. സ്കൂളുകൾ / സർക്കാർ എയിഡഡ് അൺ എയിഡഡ്

| വാർഡ് | ആകെ കുട്ടികൾ | | | എസ്.സി/ എസ്.ടി.കുട്ടികൾ | | | തോറ്റുപഠിക്കുന്നവർ എസ്.സി/ എസ്ടി. | | | തോറ്റുപഠിക്കുന്നവർ മറ്റുള്ളവർ | | | പഠനം നിറുത്തിയവർ എസ്.സി/എസ്ടി. | | | പഠനം നിറുത്തിയവർ മറ്റുള്ളവർ | | | ആകെ പഠനം നിറുത്തിയവർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 4. | 267 | 293 | 560 | 123 | 117 | 240 | 21 | 19 | 40 | 7 | 5 | 12 | 13 | 13 | 26 | 3 | 4 | 7 | 33 |
| 9. | 236 | 325 | 561 | 29 | 72 | 101 | 2 | 4 | 6 | 40 | 14 | 54 | | | | | 1 | 1 | 1 |
| 11. | 313 | 264 | 577 | 85 | 78 | 163 | 12 | 7 | 19 | 28 | 28 | 56 | 17 | 19 | 36 | 8 | 6 | 14 | 50 |
| **ആകെ** | **816** | **882** | **1698** | **237** | **267** | **504** | **35** | **30** | **65** | **75** | **47** | **122** | **30** | **32** | **62** | **11** | **11** | **22** | **84** |

(മറ്റ് വാർഡുകളിൽ യു. പി. സ്കൂളില്ല.)

## കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ ഹൈസ്കൂൾ വിഭാഗം
### പട്ടിക- 3 സി.

| വാർഡ് | ആകെ കുട്ടികൾ | | | എസ്.സി. എസ്.ടി.കുട്ടികൾ | | | തോറ്റുപഠിക്കുന്നവർ എസ്.സി. എസ്ടി. | | | തോറ്റുപഠിക്കുന്നവർ മറ്റുള്ളവർ | | | പഠനം നിറുത്തിയവർ എസ്.സി.എസ്ടി. | | | പഠനം നിറുത്തിയവർ മറ്റുള്ളവർ | | | ആകെ പഠനം നിറുത്തിയവർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 4. | 291 | 273 | 564 | 114 | 117 | 231 | 13 | 10 | 23 | 7 | 6 | 13 | 10 | 11 | 21 | 3 | 4 | 7 | 28 |
| 9. | 157 | 267 | 424 | 14 | 46 | 60 | 2 | 5 | 7 | 27 | 17 | 44 | | | | | 2 | 2 | 2 |
| 11. | 153 | 199 | 352 | 22 | 20 | 42 | 1 | 1 | 2 | 17 | 18 | 35 | | 1 | 1 | 4 | 6 | 10 | 11 |
| 12. | കണക്കുകൾ ലഭ്യമല്ല. | | | | | | | | | | | | | | | | | | |
| **ആകെ** | **601** | **739** | **1340** | **150** | **183** | **333** | **16** | **16** | **32** | **51** | **41** | **92** | **10** | **11** | **22** | **7** | **12** | **19** | **41** |

ജനസംഖ്യയുടെ 40 ശതമാനവും പട്ടികവർഗ്ഗ പട്ടിക ജാതിക്കാർ അധിവസിക്കുന്ന അഗളി പഞ്ചായത്തിൽ ഏകദേശം 30 ശതമാനം വരുന്നു പട്ടിക വർഗ്ഗക്കാരുടെ കണക്ക്. എന്നാൽ ഇവരുടെ കുട്ടികളിൽ ഒരു നല്ല ഭാഗവും പഠനം ഇടയ്ക്കുവച്ചു നിർത്തുന്നു. മൊത്തം 5204 വിദ്യാർത്ഥികൾ പഠിക്കുന്ന പഞ്ചായത്തിൽ പട്ടിക വർഗ്ഗ പട്ടിക ജാതി വിദ്യാർഥികളുടെ എണ്ണം 1796 ആണ്. ഇതിൽ തന്നെ 216 കുട്ടികൾ തോറ്റ് പഠിക്കുന്നവരാണ്. 176 വിദ്യാർൽഥികൾ പഠനം നിർഥത്തിയതായി കാണാം. എസ്. എസ്. എൽ. സി. ക്ക തോൽക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ അതോടെ പഠനം നിർത്തുന്നതായാണ പാരലൽ കോളജുകളിൽ നിന്നും കണക്കുകൾ സൂചിപിപിക്കുന്നൽ.

പട്ടിക-4

**സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന മുസ്ലിം നാടാർ പെൺകുട്ടികളുടെ വിവരം 95-96**

| നമ്പർ | സ്കൂളിൻെറ പേര് | മുസ്ലിം നാടാർ പെൺകുട്ടികളുടെ സ്ക്കോളർഷിപ്പ് എണ്ണം. |
|---|---|---|
| 1. | GV.H.S.S അഗളി | 25 |
| 2. | മൗണ്ട് കാർമൽ H.S മാമണ, ജെല്ലിപ്പാറ | 66 |
| 3. | സെന്റ് പീറ്റേഴ്സ് കോൺവെൻറ് H.S കുക്കംപാളയം | 6 |
| 4. | ട്രൈബൽ H.S ചിണ്ടക്കി | വിവരം കിട്ടിയിട്ടില്ല. |

അവലംബം: സെക്കണ്ടറി ഡാറ്റ

അഗളി പഞ്ചായത്തിലെ എല്ലാ പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർഥികൾക്കും. സർക്കാരിൽനിന്ന് പഠനാനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട് അഗളി ഗവ. ഹൈസ്കൂളിൽ 25 പെൺകുട്ടികൾക്കും മൗണ്ട് കാർമൽ എച്ച്. എസ് മാമണയിൽ 66 പെൺകുട്ടികൾക്കും സെന്റ് പീറ്റേഴ്സ് കുക്കംപാളയത്ത് 6 പെൺകുട്ടികൾക്കുമാണ് മറ്റ് സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുന്നത്. അഗളി ആസ്ഥാനമായുള്ള അട്ടപ്പാടി വികസന ബ്ലോക്കിനു എസ്. എസ്. എൽ. സിക്ക് തോറ്റ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതിയുണ്ട്. എന്നാൽ ഡിപ്പാർട്ട്മെൻറ് തല ഉദ്യോഗസ്ഥരുടെ അനാസ്ഥ കാരണം ഒന്നിലധികം പ്രാവശ്യം തോറ്റ വിദ്യാർൽഥിക്ക് ലഭിക്കുന്നില്ല. പ്രീഡിഗ്രി തോറ്റ വിദ്യാർത്ഥികളും ബ്ലോക്കിൻെറ മുമ്പിൽ അവഗണിക്കപ്പെടുന്നു. വർഷാവർഷം ലക്ഷക്കണക്കിന് രൂപയാണ ഈ വിധം ലാപ്സായി പോകുന്നത്

അട്ടപ്പാടി ബ്ലോക്കുവഴി നടപ്പാക്കുന്ന കേന്ദ്ര ഗവൺമെൻറിൻെറ E.A.S സ്കീമിൽ ചെലവഴിക്കപ്പെടുന്ന തുകയിൽ 20 ശതമാനം പ്രൈമറി വിദ്യാഭ്യാസ ത്തിനുവേണ്ടി യാണ് ചെലവഴിക്കേണ്ടത്. നാലുവർഷമായി ഈ പദ്ധതി ആരംഭിച്ചിട്ട് ഇതുവരെസ്കൂളുകൾക്കു വേണ്ടി ചിലവ് ഉണ്ടായിട്ടില്ല. ഹൈസ്കൂളുകൾക്ക് ഈ പണം വിനിയോഗിക്കാൻ കഴിയില്ല. ആ സാഹചര്യത്തിൽ അഗളി എൽ. പി. സ്കൂളിന് വേണ്ടത്ര കെട്ടിടവും ഉണ്ടാക്കികൊടുത്താൽ (ഉദ്ദേശം 20 മുറി) അഗളി ഗവ. ഹൈസ്കൂളിൽ നിന്നും യു.പി. സ്കൂൾ വേർപ്പെടുത്തി എൽ. പി.യോടു ചേർക്കുകയും ചെയ്യാം. ഹൈസ്കൂളിനു ആവശ്യത്തിനു കെട്ടിടം ഉണ്ടാവുകയം ചെയ്യു. ബന്ധപ്പെട്ട കലക്ടറും ITDP ഓഫീസറും വിദ്യാഭ്യാസ ഡയറക്ടറും ജില്ലാ പഞ്ചായത്തു കൂട്ടായയി തീരുമാനിമെടുത്ത് നടപ്പിലാക്കണം.

**പഞ്ചായത്തിൽ നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

**എൽ. പി. സ്കൂളുകൾ (പൊതുമേഖല)**

1. G.L.P.S അഗളി
2. G.L.P.Sകാരറ
3. G. T. W. .L.P.Sകാവുണ്ടിക്കൽ
4. മൗണ്ട് കാരമ്മൽ L.P.Sമാമണ, ജെല്ലിപ്പാറ
5. സെൻറ് സ്റ്റീഫൻസ് L.P.S കള്ളമല
6. സെൻറ് ജോർജ്ജ് L.P.S ശീങ്കര
7. G.L.P.Sകക്കുപ്പടി.
8. G.T. W. L.P.Sചിണ്ടക്കി.
9. G.R.B.S മുക്കാലി

**അൺ എയിഡഡ് ആൻറ് അൺ റെക്കഗ്നയി സ്ഡ് സ്കൂൾ**

1. മാതാ അമൃതാനന്ദമയി ഇംഗ്ലീഷ് മീഡിയംസ്കൂൾ അഗളി

2. മല്ലീശ്വരവിലാസം L.P.S നെല്ലിപ്പതി

3. ചിറ്റൂർ വിമല ഭവൻ

**U.P. സ്കൂൾ (പൊതുമേഖല)**

1. G.U.P,S കൂക്കം പാളയം

**ഹൈസ്കൂളുകൾ (പൊതമേഖല)**

1. G.V.H.S.S അഗളി

മൗണ്ട് കാർമ്മൽ ഹൈസ്കൂൾ മാമണ ജെല്ലിപ്പാറ

3. സെൻറ് പീറേറഴ്സ് കോൺവെൻറ് ഹൈസ്കൂൾ കൂക്കം പാളയം

**അൺഎയിഡഡ് റെക്കഗ്നയിസ്ഡ്.**

1. ആദിവാസി ഹൈസ്കൂൾ ചിണ്ടക്കി.

കേരളത്തിൽ നിന്ന് 10 ശതമാനത്തിലധികം വിദ്യാർത്ഥികള ബിരുദാനന്തര ബിരുദ പഠനം നടത്തുമ്പോൾ അട്ടപ്പാടിയിലെ അഗളി പഞ്ചായത്തിൽ നിന്ന് 5 ശതമാനം വിദ്യാരത്ഥികൾക്ക് പോലും എസ്. എസ്. എൽ.സി ക്ക് ശേഷം ഉപരിപഠനം നടത്തുവാൻസാധിക്കുന്നില്ല. നല്ലൊരു ഭാഗം വിദ്യാർഥികൾ പത്താംതരം പോലും പൂർത്തിയാക്കാതെ പഠനം അവസാനിപ്പിക്കുന്നു. ഉപരിപഠനത്തിനായി പഞ്ചായത്തിൽ മതിയായ സൗകര്യങ്ങളൊന്നുമില്ല. ഒരു കോളേജിലും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല. എംപ്ലോയിമെൻറ് എക്സ്ചേഞ്ച് നിലവിലുണ്ടായിരുന്നത് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. കുട്ടികൾക്ക് ആവശ്യമുള്ള ഉച്ചക്കഞ്ഞിക്കുള്ള തുക അപര്യാപ്തമാണ്. പട്ടിക വർഗ്ഗ പട്ടിക ജാതി കുട്ടികൾക്കുള്ള ഗ്രാൻറുകൾ യഥാസമയം ലഭ്യമാകുന്നില്ല. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് എ. ഇ. ഒ ഓഫീസ് അട്ടപ്പാടിയിൽ ഇല്ല. യൂണിവേഴ്സിററി സംബന്ധമായ കാര്യങ്ങൾ അറിയുവാൻ യാതൊരുവിധ സംവിധാന സൗകര്യങ്ങളും അട്ടപ്പാടിയിൽ നിലവിലില്ല. പോത്തുപ്പാടി, ഓടപ്പെട്ടി വെള്ളമാരി പരപ്പൻതറ നരസിമുക്ക് മുതലായ സ്ഥലങ്ങളിൽ പ്രൈമറി വിദ്യാഭ്യാസ സൗകര്യങ്ങൾ പോലും ലഭ്യമല്ല. സ്കൂൾ കുട്ടികളിൽ നിരക്ഷരതയുണ്ട്. പട്ടിക വർഗ്ഗ വിദ്യാർഥികൾക്ക ഹോസ്ററലിൽ നൽകുന്ന ട്യൂഷൻ പദ്ധതികൾ വെറും ചടങ്ങ് മാത്രമായിത്തീരുന്നു. കാരറ, കാവുണ്ടിക്കൽ, കൂക്കം പാളയം എന്നീ സ്കൂളുകൾക്ക് ആവശ്യത്തിന് കെട്ടിടമില്ല. അഗളി ഹൈസ്കൂളിൻെറ കെട്ടിടം പകുതി പണിഞ്ഞ നിലയിൽ കിടക്കാൻതുടങ്ങിയിട്ട് വർഷങ്ങളായി. കുക്കംഷടി സ്കൂളിന് സ്വന്തം സ്ഥലമില്ല. വാടകകെട്ടിടത്തിലാണ്. ഇപ്പോൾ സ്കൂൾ പ്രവർത്തിക്കുന്നത്.

**അഗളി ഗ്രാമ പഞ്ചായത്തിൻെറ വിദ്യാഭ്യാസ രംഗത്തുള്ള പ്രശ്നങ്ങൾ**

വളരെ വിസ്തൃതമായ വാർഡുകൾ അടങ്ങുന്ന പഞ്ചായത്താണ് അഗളി പഞ്ചായത്ത് നിലവിലുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ നന്നേ അപര്യപ്തവും. കേരളത്തിൽ മൂന്ന് ചതുരശ്ര കിലോമീറ്ററിന് ഒരു സ്കൂൾ വച്ചുള്ളപ്പോൾ 310 ച.കി. മി. വിസ്തൃതിയുള്ള അഗളി പഞ്ചായത്തിലെ സ്കൂളുകളുടെ എണ്ണം കേവലം 16 മാത്രമാണ്. പല വാർഡുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല. വർഷത്തിൽ ആറ് മാസത്തലിധികം കാലം മഴ പെയ്യുന്ന അഗളി പഞ്ചായത്തിൽ പ്രതികൂലമായ കാലാവസ്ഥയെ തരണം ചെയ്ത് സ്കൂളുകളിലെത്തുവാൻ പിഞ്ചുകുട്ടികൾ നന്നേ വിഷമിക്കുന്നു. ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയാണ് ഇതിൽ പ്രധാനം. മണ്ണാർക്കാട് ആനക്കട്ടി, ചിറ്റൂർ ഡാം ഗളിക്കടവം, ജല്ലിപ്പാറ അഗളി, ഈ റൂട്ടുകൾ ഒഴിച്ച് വേറെ എവിടെയും സർവീസ് ബസ്സുകൾ ഇല്ല. ബസ്സുകൾ ഓടുന്നിടങ്ങളിൽ പോലും കുട്ടികളെ കയറ്റുവാൻബസ്സ് ജീവനക്കാർ മടിക്കുന്നു. ടാക്സി ജീപ്പുകളിൽ കുട്ടികളെ കയറ്റിയാൽ നിർത്തി മാത്രമേ യാത്ര ചെയ്യുവാൻഅനുവദിക്കു ടാക്സിക്കാർ കുട്ടികളിൽനിന്നീടാക്കുന്ന ചാർജ്ജും താങ്ങാവുന്നതല്ല. വൈകുന്നേരങ്ങളിൽ 10 ഉം 12 ഉംകി.മി. നടന്ന് വീടുകളലെത്തുന്നകുട്ടികൾ നന്നേ ക്ഷീണിതരാണ് അവർക്ക് രാത്രിയിൽ പഠിക്കുവാന സാധിക്കാറില്ല. വെളുപ്പിന് എഴുന്നേറ്റ് നടന്നാലേ സമയത്ത് സ്കൂളുകളിലെത്തുകയുള്ളു.

ഏറ്റവുമധികം വിദ്യാർഥികൾ പഠിക്കുന്ന അഗളി ഗവ. എച്ച്. എസ്സിലും ഗവ. ൽ. പി. എസ്സിലും ഇന്നും ഷിഫ്റ്റ് സമ്പ്രദായം ആണ് നിലനില്ക്കുന്നത്. ആവശ്യത്തിന് ഉപകരണങ്ങളും പഠനോപാധികളൊന്നും ഇവിടില്ല. വേണ്ടത്ര അധ്യാപകർ ഈ പഞ്ചായത്തിലെ പല സ്കൂളുകളിലുമില്ല. അധ്യാപകർക്ക് താമസിക്കാനുള്ള സൗകര്യങ്ങൾ ഇല്ലാത്തതാണ് ഇതിനുള്ള പ്രധാന കാരണം. ഗവൺമെൻറ് സ്കൂളുകളുടെ

അററകുററ പണി യഥാസമയങ്ങളിൽ നടക്കുന്നില്ല. ഈ അധ്യയന വർഷത്തിന്റെ രണ്ട് ടേമുകൾ കഴിഞ്ഞിട്ടും കാരറ എൽ. പി. എസിലെ വിദ്യാർഥികൾ വരാന്തയിലും മരച്ചുവടുകളിലുമിരുന്നാണ് പഠിക്കുന്നത് ഗവ:സ്കൂളുക ളിലൊന്നിലും വേണ്ടത്ര പ്രാഥമിക സൗകര്യങ്ങൾ പോലുംലഭ്യമല്ല.

സാധ്യതകൾ

ഗ്രാമസഭാനിർദ്ദേശങ്ങൾ

1.ഒന്നാം വാർഡിൽ വെള്ളമാരിക്കും പട്ടിമേളത്തിനും ഇടയ്ക്കായി ഒരു എൽ. പി. സ്കൂൾ വേണം

2. രണ്ടാം വാർഡിൽ നരശിമുക്കിൽ ഒരു എൽ. പി. സ്കൂൾ ആരംഭിക്കണം. കുട്ടികൾക്ക ഹൈസ്കൂളിൽ എത്തുന്നതിനായി ഗതാഗത സൗകര്യം ആരംഭിക്കണം.

3. മൂന്നാം വാർഡിൽ അഗളി എൽ. പി. സ്കൂളിന് 20 മുറികളുള്ള ഒരു കെട്ടിടം നിർമ്മിച്ച് ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കണം. അധ്യാപകർക്ക് സ്ഥിരമായി താമസിച്ച് പഠിപ്പിക്കുന്നതിന് ക്വർട്ടേഴ്സ് നിർമ്മിക്കണം. സ്കൂളിന് ചുറ്റുമതിൽ നിർമ്മിക്കണം. എല്ലാ സ്കൂളുകൾക്കും ശുദ്ധ ജല വിതരണം ഉണ്ടാവണം.

4. കാവുണ്ടിക്കൽ എൽ. പി.സ്കൂളിൽ എത്രയും പെട്ടെന്ന് മലയാളം മീഡിയം കൂടി ആരംഭിക്കണ്.

5. അഗളി ഗവ. ഹൈസ്കൂളിലെ ഷിഫ്ററ് സമ്പ്രദായം എത്രയും പെട്ടെന്ന് നിർത്തൽ ചെയ്യണം എ. വി. ഡി. സ്കീമിൽ തുടങ്ങിയ കെട്ടിടത്തിന്റെ പണി പുനരാരംഭിക്കണം. ആവശ്യമായ ക്ലാസ് മുറികൾ നിർമ്മിക്കണം.

6. അഗളി ന്ദ്രേമാക്കി പോളിടെക്നിക്, ഐ. ററി. ഐ. എന്നിവ തുടങ്ങണം. അഗളി ആശുപത്രി വികസനത്തോടനുബന്ധിച്ച് നഴ്സിങ്ങ് സ്കൂൾ തുടങ്ങണം. അഗളിയിൽ എ. ഇ. ഒ. ഓൽനീസ് സ്ഥാപിക്കണം. അഗളി കേന്ദ്രമാക്കി യൂണിവേഴ്സിററി ഇൻഫർമേഷൻ സെൻറര സ്ഥാപിക്കണം. പലതരം കാലാവസ്ഥ അനുഭവപ്പെടുന്ന അട്ടപ്പാടിയിൽ അഗളി കേന്ദ്രമാക്കി പരിസ്ഥിതി പഠന കേന്ദ്രം ആരംഭിക്കണം. അട്ടപ്പാടിയിലെ ജനജീവിതം കാർഷിക മേഖലയുമായി ബന്ധപ്പെട്ട് കിടക്കുന്നതിനാൽ കാർഷിക സർവകലാശാലയുടെ ഒരു പ്രാദേശിക പഠനകേന്ദ്രം അട്ടപ്പാടിയിൽ ആരംഭിക്കണം.

7. വിദ്യഭ്യാസ സ്ഥാപനങ്ങൾ ഒന്നുമില്ലാത്ത 5 ാം വാർഡിലെ ദോണിഗുണ്ടിൽ ഒരു എൽ. പി. സ്കൂൾ ആരംഭിക്കണം.

8. കാരറ എൽ പി. സ്കൂൾ യു. പി. ആക്കി ഉയർത്തണം. എസ്. ടി. കുട്ടികൾക്ക് ഹോസ്ററൽ സൗകര്യം ഉണ്ടാക്കണം. കുടിവെള്ളം ലഭ്യമാക്കണം. ചുറ്റിമതിൽ കെട്ടി സ്കൂൾ കോമ്പൗണ്ട് സുരക്ഷിതമാക്കണം.അധ്യാപകർക്ക് താമസിക്കുവാൻ ക്വാർട്ടേഴ്സ് നിർമ്മിക്കണം കുട്ടികൾക്ക് പോക്കുവരവിനായി പാറവളർ, കാരറ കൂടി അഗളി ഭാഗത്തോക്കും തിരിച്ചും ബസ് സർവീസുകൾ ആരംഭിക്കണം.

9. എംപ്ലോയിമെൻറ് എക്സ്ചേഞ്ച് പ്രവർത്തനം പുനരാരംഭിക്കണം.

10. പല്ലിയറ, കതിരം പതി, ആനഗദ എന്നിവിടങ്ങളിൽ ഏകാധ്യാപക സ്കൂളുകൾ ആവശ്യമാണ്. പാറവവ് പോത്തുപ്പാടി എന്നിവിടങ്ങളിലും ഏകാധ്യാപക സ്കൂളുകൾ സ്ഥാപിക്കണം.

11.കണ്ടിയൂർ, ഓടപ്പെട്ടി, പരപ്പന്തറ എന്നിവിടങ്ങളിൽ എൽ. പി. എസ് ആരംഭിക്കണം.

12,. കുക്കാംപാളയം യു. പി. എസ്. നും മതിയായ സൗകര്യമുള്ള കെട്ടിടംനിർമ്മിക്കുക്കയും സ്കൂൾ അപ്ഗ്രേഡ് ചെയ്യുകയും വേണം.

13. തൊട്ടടുത്ത സ്കൂളുകളിൽ നിന്നും വരുന്ന മുഴുവന് വിദ്യാർഥികളെയും അതതു പ്രദേശത്തുള്ള ഹൈസ്കൂളുകളിൽ നിർബന്ധിതമായും ചേർക്കണം.

14. ഇടയ്ക്ക് വച്ച് പഠനം നിർത്തുന്ന ട്രൈബൽ കുട്ടികളെ സ്കൂളിലെത്തിക്കുവാൻ ട്രൈബൽ വാളൻറിയേഴ്സിനെയും വി. ഇ. ഒ. മാരെയും ചുമതലപെപ്പടുത്തണം.

15. എല്ലാ സർക്കാർ സ്കൂളുകൾക്കും ആവശ്യമായ കളിസ്ഥലം നിർമ്മിക്കണം. ചുറ്റുമതിൽ പണിയണം. സ്വകാര്യ സ്കൂളുടെ ഗ്രാന്റുകൾ യഥാസമയം നല്കണം.

17. അഗളിയിലുള്ള കോ ഓപ്പറേറ്റീവ് കോളജിന് സ്വന്തമായി സ്ഥലംവാങ്ങികെട്ടിടം നിർമ്മിക്കുകയം എല്ലാ കോഴ്സുകളും

തുടങ്ങുകയും ചെയ്യുക എത്രയും പെട്ടെന്ന് ലൈബ്രറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

18. പോത്തുപ്പാടിയിൽ എൽ. പി. സ്കൂൾ ആരംഭിക്കണം. ചിററൂരിൽ യു.പി, എച്ച്. എസ് എന്നിവ സ്ഥാപിക്കണം.

19. കക്കുപ്പടി സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലവും കെട്ടിടവും സർക്കാർ ഏറ്റെടുത്ത് ആവശ്യമായ കെട്ടിടം നിർമ്മിച്ച് ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കണം. സ്കൂൾ അപ്ഗ്രേഡ് ചെയ്യണം.

20. വിദ്യാഭ്യാസ നിലവാരമുയർത്തുവാൻ അധ്യാപകരെ യഥാസമയം നിയമിക്കണ്. അധ്യാപകരെ പഠ്യേതര പ്രവർത്തനങ്ങൾ ഏല്പിക്കാതിരിക്കുക. കമ്പ്യൂട്ടർ, ടെലിവിഷൻ എന്നിവ ഏർപ്പെടുത്തണം. അധ്യാപകർക്ക് കാലാകാലങ്ങളിൽ മെച്ചപ്പെട്ട ട്രെയിനിങ് നൽകണം.

21. അന്ധ ബധിര വിദ്യാർഥികൾക്കുള്ള സ്കൂൾ അഗളിയിൽ ആരംഭിക്കുക. എല്ലാ സ്കൂളുകളിലും എൻ. സി. സി. സ്കൗട്ട് ഗൈഡ് ബ്ലൂ ബേർഡസ് എന്നിവ ഏർപ്പെടുത്തുക. ഹൈസ്കൂൾ ക്ലാസ്കുളിലും കൂടി ഉച്ചഭക്ഷണ പരിപാടി വ്യാപിപ്പിക്കുക. ഉച്ചഭക്ഷണത്തിനുള്ള ചെലവ് പഞ്ചായത്ത് നൽകുക, തുക വർദ്ധിപ്പിക്കുക. കുട്ടികൾക്കുള്ള എല്ലാത്തരം സ്കോളർഷിപ്പുകളുടേയും തുക വർദ്ധിപ്പിക്കുക.

22. അഗളിയിൽ ടി. ടി. ഐ. സ്ഥാപിക്കുക. സാക്ഷരതാ പ്രവർത്തനം തുടർന്നു നടത്തുക.

ഭാവി ഭരത ശക്തി വിദ്യാസമ്പത്തിലധിഷ്ഠിതമാണെന്ന് മനസ്സിലാക്കി പഞ്ചായത്ത് വിദ്യാഭ്യാസത്തിനുള്ള കർമ്മ പദ്ധതി തയ്യാറാക്കുക. എല്ലാ സ്കൂളുകളിലും പി.ടി. എ. രൂപീകരിക്കുവാനും അതിൻെറ പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നുഎന്നും പഞ്ചായത്ത് ഉറപ്പുവരുത്തുക. പഞ്ചായത്തിലെ വിദ്യഭ്യാസ പുരോഗതിക്കായി പഞ്ചായത്ത് തലത്തിൽ ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുക.

23. അഗളി ഹൈസ്കൂളിൽ വി. എച്ച്. എസ്. എസ്നു ലൈവ്സ്റേറക്ക് ഡിപ്പാർട്ട് മെൻറിലേക്ക് ഒരു വെറ്ററിനറി ഡോക്ടറെ നിയമിക്കുക.

24. എല്ലാ ഗവ. സ്കൂളുകളും വൈദ്യുതീകരിച്ച് ഓഡിയോ വീഡിയോ സംവിധാന മുണ്ടാക്കുക. ആവശ്യമായ ഫർണീച്ചർ നൽകുക.

25. എല്ലാ ഹൈസ്കൂളുകളും വൊക്കേഷണൽഹയർ സെക്കണ്ടറികളാക്കി തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പാക്കുക.

# 9.
# പൊതുജന ആരോഗ്യം

അഗളിയിൽ 1.5.1963-ൽ ഗവൺമെൻറു ആശുപത്രി യായി ആരംഭിച്ച സ്ഥാപനം 13.8.1975 ൽ പ്രാഥമിക ആരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ടു. പൊതുജന ആരോഗ്യം ലക്ഷ്യമാക്കി ഇപ്പോൾ ഒമ്മലയിൽ മൊബൈൽ മെഡിക്കൽ യൂണിറ്റും പന്ത്രണ്ടു സബ് സെൻറുകളും പ്രവർത്തിചവരുന്നു. കൂടാതെ മുണ്ടമ്പാറ, ചിണ്ടിക്കി എന്നിവടങ്ങളിൽ ഗവൺമെൻറു ഹോമിയോ ഡിസ്പൻസറികളും കവുണ്ടിക്കലിൽ ആയുർവേദ ഡിസ്പൻസറിയും പ്രവർത്തിച്ചുവരുന്നു.

താഴെ പ്പറയുന്ന ആറു സ്വകാര്യ ആശുപത്രികളും പ്രവർ ത്തിക്കുന്നു.

1. നിവേദിത. അഗളി
2. ശിവാ നേഴ്സിങ് ഹോം അഗളി.
3. സെന്റ് പീറേറഴ്സ് ഹോസ്പിററൽ കക്കം പാളയം
4. ആർ.ജെ. ഹോസ്പിറ്റൽ, കൽക്കണ്ടി.
5. ഹോമിയേ ഡിസിപെന്സറി പാക്കുളം.
6. സെൻറ് സ്ററീഫൻസ് ഡിസ്പെൻസറി കള്ളമല

അഗളി പഞ്ചായത്തിൽ നാമമാത്രം ആയ തോതിൽ ആയുർവേദ നാട്ടുചികിൽ നിലവിലുണ്ട്. ചില ഊരുകളിൽ ആദി വാസി ഒറ്റമൂലി ചികിൽസ നിലനിൽക്കുന്നു. കൂക്കുംപാളയത്ത് ഒരു വിഷ ചികിൽസാ കേന്ദ്രവും (പ്രവർത്തിച്ചുവരുന്നു.

അട്ടപ്പാടിയുടെ ഭൂമി ശാസ്ത്ര പരമായ സാഹചര്യങ്ങളിൽ അനവധി പകർച്ചവ്യാധികൾ , കാലാവസ്ഥ മാറ്റം അനുസരിച്ച് പടർന്നുപിടിക്കാറുണ്ട്. വയറിളക്കം, അതിസാരം, ടൈൽനായിഡ്, അഞ്ചാംപനി, മഞ്ഞപ്പിത്തം, ഗോയിറ്റര, ക്ഷയം, ആസ്തമാ വാതം, ത്വക്ക് രോഗങ്ങൾ എന്നിവയാണ് വ്യാപകമായികണ്ടുവരുന്ന രോഗങ്ങൾ.

**പ്രശ്നങ്ങൾ**

1. എ. അട്ടപ്പാടിയുടെ ഭൂമിശാസ്ത്രപരമായ സാഹചര്യ ങ്ങൾക്ക്അനുസരിച്ചുള്ള ചികിൽസാ സൗകര്യങ്ങളൊ ആവശ്യമായ ഡോക്ടർമാരോ, അഗളി പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഇല്ല.
2. നിലവിൽ ഉള്ള സബ്സെൻററുകളിൽ ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ലഭ്യമല്ല.
3. പാരമെഡിക്കൽ ജീവനക്കാരുടെ സേവനം ഊരുകളിൽ ഫലപ്രദമായി ലഭ്യമാകുന്നില്ല.
4. വിവിധ പ്രദേശങ്ങളിൽ സബ്സെൻററുകളുടെ അഭാവം
5. അനുവദിച്ച തസ്തികയിൽ തന്നെ ഡോക്ടർമാരുടെ നിയമനവും സേവനവും ലഭ്യമല്ലാത്ത സാഹചര്യം.
6. പരിസരശുചിത്വവും വ്യക്തിസുചിത്വവും സംരക്ഷിക്കുവാൻ പര്യാപ്തമായ വിധത്തിൽ കക്കൂസുകളുടെ അഭാവം.
7. പരിസരശുചിത്വവും വ്യക്തി ശുചിത്വവും രോഗം പിടിപ്പെട്ടാൽ യഥാവസരം ചികിൽസ ഉറപ്പുവരുത്തൽ എന്നിവയിലുള്ള ബോധനിലവാരത്തിൻെറ അഭാവം.
8. ആശുപത്രിക്ക് അനിവാര്യമായ വാഹനം, ലാബറട്ടറി, മരുന്നുകൾ, എന്നിവ അപര്യാപ്തമാണ്.

## അഗളി ഗ്രാമ പഞ്ചായത്ത്

## അഗളി പ്രഥമിക കേദ്രത്തിൽ നിന്നുളഴ്ള വിവരം

### പട്ടിക 1

| വർഷം | ഇൻപേഷ്യൻറ് | ഔട്ട്പേഷ്യൻറു | രോഗങ്ങൾ സബന്ധിച്ചുള്ള വിവരം. ത്വക്ക് | വാതം | പകർച്ചവ്യാധി | വിഷ ചികിൽസ | മറ്റുള്ളവ | പ്രതിവർഷംഎണ്ണം ആകെ |
|---|---|---|---|---|---|---|---|---|
| 92 - 93 | 3407 | 5227 | 2392 | 742 | 3740 | 4 | 31756 | 38634 |
| 93-94 | 3715 | 17980 | 1200 | 250 | 3670 | | 16575 | 21695 |
| 94-95 | 2809 | 13719 | 1319 | 369 | 3179 | | 11661 | 16528 |
| 95-96 | 2994 | 24291 | 2254 | 720 | 3130 | 3 | 21178 | 27285 |
| **ആകെ.** | **12925** | **91217** | **7165** | **2081** | **13719** | **7** | **81170** | **1,04,142** |

## അഗളി ഗ്രാമപഞ്ചായത്ത്

### പട്ടിക 2 മറ്റു ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നുള്ള വിവരം.

| വർഷം | ഇൻപേഷ്യൻറ് | ഔട്ട്പേഷ്യൻറു | രോഗങ്ങൾ സബന്ധിച്ചുള്ള വിവരം. ത്വക്ക് | വാതം | പകർച്ചവ്യാധി | വിഷ ചികിൽസ | മറ്റുള്ളവ | പ്രതിവർഷംഎണ്ണം ആകെ |
|---|---|---|---|---|---|---|---|---|
| 92 93 | ഇല്ല | 14050 | 1000 | 3225 | 4625 | 50 | 5150 | 14050 |
| 93 94 | ,, | 15835 | 1275 | 3725 | 5075 | 75 | 5685 | 15835 |
| 94 95 | ,, | 18395 | 1915 | 3708 | 6390 | 60 | 5912 | 18695 |
| 95 96 | ,, | 21786 | 2461 | 4130 | 7677 | 42 | 7476 | 21786 |
| ആകെ | ,, | 70366 | 6651 | 14788 | 23767 | 227 | 24223 | 70366 |

9. അട്ടപ്പാടിയിൽ വ്യാപകമായി തഴച്ചുവളർണ്ണ 'പാർത്തേനിയം' അനവധി അലർജിരോഗങ്ങൾക്ക്ഹേതുവാകുന്നു.

10. കോട്ടത്തറചന്ത, അഗളി, ഗുളിക്കടവ,ം താവളം, പാക്കുളം, കൽക്കണ്ടി, മുക്കാലി എന്നീ പ്രധോനപ്പെട്ട കേന്ദ്രങ്ങളിൽ പോലും പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുവാനുള്ള സൗകര്യങ്ങളില്ല.

ഭക്ഷണ ശാലകളിൽ പഴയകിയ ഭക്ഷണ സാധനങ്ങൾ സ്റ്റോക്കുവെച്ചിരിക്കുന്നത് ൽനലപ്രദമായി നേരിടുവാൻ ആവശ്യമായ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ലഭിക്കുന്നില്ല.

12. അഗളി ടൌണ് ഗുളിക്കടവ് എന്നിവടങ്ങളിൽ ആഴുക്കു ചാലുകൾ വൃത്തി ആക്കുലും ശുചീകരണവും നടക്കുന്നില്ല.

13. പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ പൊതുസ്മശാന സൗകര്യത്തിൻെറ അപര്യാപ്തത

മുകളിത ചേർത്തിയ പട്ടികയിൽ നിന്നും ഉദ്ദേശിച്ച പ്രശന ങ്ങളിൽനിന്നും ഈപഞ്ചായത്തിലെ പൊതുജനആരോഗ്യപ്രശ്ന അതീവ ഗുരുതരമാണെന്ന് വ്യക്തമാകുന്നു. കൂടാതെ കാലവർഷം തുലാവർഷം എന്നിവയുടെ ആരംഭത്തിത ' അതിസാരം' തുടങ്ങിയ മാരകരോഗങ്ങൾപിടിപെട്ട്ഓരോവർഷവും അനവധി പേരുടെജീവഹാനിക്ക്ഇടയാകുന്നസാഹചര്യംഒരുശാപം ആയി ഇന്നും നിനിൽക്കുന്നു. അതുകൊണ്ടുതന്നെ പൊത ജനാരോഗ്യമേഖലയിതപരിഹാരംതേടുന്ന നിരവധി പ്രശ്നങ്ങൾ അവശേഷിക്കുന്നു.

**സാധ്യതകൾ:**

ആലപ്പുഴ ജില്ലയോളം വിസ്തൃതിയുള്ള പ്രദേശമാണ് അട്ടപ്പാടി. അട്ടപ്പാടിയുടെ ഭരനസിരാകേന്ദ്രമായ അഗളിയിൽ പ്പോലും അവശ്യമായ ചികിൽസാ സൗകര്യങ്ങളില്ല. മെച്ചപ്പെട്ട പരിശോധനയ്ക്കുപ്പോലും താലൂക്ക് അസ്ഥാനത്ത് എത്തി ച്ചേരുവാന് മണിക്കൂറുകളുടെ യാത്ര വേണ്ടിവരുന്നു. ഒരു താലൂക്ക് ആശുപത്രിക്ക് അവശ്യംവേണ്ട എല്ലാ സാഹചര്യങ്ങളും ഇവിടെ നിലനില്ക്കുന്നു. അഗളി പ്രാഥമി ആരോഗ്യകേന്ദ്രം 'താലൂക്ക് ആശുപത്രി'യുടെ നിലവാരത്തിലേക്ക് ഉയർത്തുകയും 'ഗൈനക്കോളജിസ്ററ് അടക്കമുള്ള വിദഗ്ധ ഡോക്ടർമാരുടെ സേ,വനം ഉറപ്പുവരുത്തേണ്ടതുണ്ട്. കൂടാതെ ലാബറട്ടറി സൗകര്യം, ആംബുലന്സ്, മറ്റുവാഹനങ്ങൾ, ഇരുപത്തിനാലുമണിക്കൂറം പ്രവർത്തിക്കുന്ന കാഷ്വാലിറ്റി, രോഗികളെ കിട്തതി ചികിൽ സിപ്പിക്കുവാനാവശ്യമായ കിടക്കകളുടെ എണ്ണംവർദ്ധിപ്പിക്കൽ എക്സറേ യൂണിറ്റ്, സ്കാനിംഗ്, മരുന്നുകളുടെ ലഭ്യത, സ്വന്തമായ ശുദ്ധജലവിതരണം, രക്തബാങ്ക്, ജനറേറർ, തുടങ്ങിയ അവശ്യം ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

2. താമസയോഗ്യമല്ലാത്ത സബ്സെൻററുകളാണ് നിലവിൽ ഉള്ളത്. ഫർണിച്ചർ, വെള്ളം, വെളിച്ചം, എന്നിവ സൗകര്യ പ്പെടുത്തേണ്ടതുണ്ട്. സംരക്ഷണജോലികൾ ആടക്കംചെയ്തു കൊണ്ട് 'സബ്സെൻററുകൾ' താമസയോഗ്യവും പ്രവർത്തനക്ഷ മവും ആക്കേണ്ടതുണ്ട്.

3. പാരാമെഡിക്കൽ ജീവനക്കാർ ഫലപ്രദമായി കടമ നിർവഹിക്കുന്നില്ല. എന്ന വ്യാപകമായ പരാതി എല്ലാ ഗ്രാമ സഭകളിൽ നിന്നും ഉയർന്നു വരികയുണ്ടായി. പരാതിക്ക് ഇടയാ കാത്ത വിധം പാരാമെഡിക്കൽ ജീവനക്കാരുടെ സേവനം ൽനലപ്രദമാകേണ്ടതുണ്ട്.

4. അനവധി ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്നവിധത്തിൽ പാവപ്പെട്ട എല്ലാ കുടുംബങ്ങൾക്കും 'കക്കൂസ്' നിർമ്മിച്ച് നല്കാവുന്നതാണ്. നിലവിൽ കക്കൂസ് നിർമ്മാണത്തിനുള്ള സഹായധനം വർദ്ധിപ്പിച്ചാൽ മാത്രമേ ഫലപ്രദമായി ലക്ഷ്യം കാണാന് കഴിയൂ.

5. രോഗം പിടിപെട്ടാൽ ചികിൽസ തേടുന്നവരുടെ എണ്ണം പരിമിതം ആണ്. പരിസരശുചിത്വം, വ്യക്തി ശുചിത്വം എന്നിവ യിലുള്ള ബോധത്തിൻെറ അഭാവം ഒരുസാമൂഹ്യവിപത്തായി നിലനില്ക്കുന്നു. ഈ കര്യത്തിൽ ഫലപ്രദമായ ബോധവ ല്ക്കരണ പ്രകൃയ അനിവാര്യമാണ്.

6. അവനധി അലർജിരോഗങ്ക്ക് കാരണമാകുന്ന പാർക്കനിയത്തിൻെറ വംശനാശം വരുത്താൻയുദ്ധകാലാ ടിസ്ഥാനത്തിലുള്ള നടപടികൾ ഉണ്ടാക്കേണ്ടതുണ്ട്.

7. അട്ടപ്പാടിയിൽ യാത്രാക്ലേശം ഗുരുതരമായി തുടരുന്ന തിനാൽ മണിക്കൂറുകളോളം ബസ് കാത്തുനിലിക്കേണ്ടുന്ന സാഹചര്യംനിലനില്ക്കുന്നു. കേട്ടത്തറ ചന്ത, അഗളി ഗുളിക്കടവ്, താവളം, കൽക്കണ്ടി, മുക്കാലി, എന്നി പ്രധാനപ്പെട്ട കേന്ദ്രങ്ങളി ലെങ്കിലും പൊതുകക്കൂസ്നിർമ്മിക്കേണ്ടതാണ്.

8. ഭക്ഷണശാലകളിൽ പഴകിയ സാധനങ്ങൾ വില്പന ടത്തുന്നൽ തടയുന്നതിനായി ഹെൽത്ത് ഇൻപെക്ടർമാരുടെ

ഫലപ്രദമായ പരിശോധ ഉറപ്പുവരുത്തണം.

9. പഞ്ചായത്തിലെ പ്രധാനകേന്ദ്രങ്ങളിൽ അഴുക്കുചാലുകൾ വൃത്തി ആക്കലും ശുചീകരണവും പകർച്ചവ്യാധികളെ തടയുവാന് സഹായകരമായ വിധത്തിൽ നടപ്പിലാക്കാവുന്നതാണ്.

10. കോട്ടത്തറചന്ത, കുണ്ടംചാള, ദോണിഗുണ്ട്, കതിര മ്പതി,കൊല്ലാക്കടവ്, എന്നിവടങ്ങളിലെ ജനങ്ങളുടെ ആരോഗ്യ പ്രശ്നംമുൻനിർത്തി സബ്സെന്ററുകൾ അനുവദിക്കേണ്ടതാണ്.

11. ഒമ്മല ആശുപത്രി പേരിന് മാത്രം ആണ് പ്രവർത്തി ക്കുന്നത്. സ്ഥിരമായി ഡോക്ടറേയും മറ്റു ജീവനക്കാരേയും നിയമിക്കുന്നതോടെപ്പം തന്നെ വൈദ്യുതി ശുദ്ധ ജലം എന്നിവ എത്തിക്കേണ്ടതും ആവശ്യമായ ക്വാർട്ടേഴ്സുകൾ നിർമ്മിക്കേണ്ടതുമാണ്.

12. അഗളിയിൽ ഒരു സർക്കാർ ഹോമിയോ ആശുപത്രി സ്ഥാപിക്കുക

13. മുന്നുമ്പാറയിൽ പ്രവർത്തിക്കുന്ന ഹോമിയോ ആശുപത്രിക്ക് ആവശ്യമായ സൗകര്യങ്ങളും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതോടൊപ്പം തന്നെ ചിണ്ടക്കിയിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ കെട്ടിടവും മറ്റു സൗകര്യങ്ങളും ലഭ്യമാക്കേണ്ടതുണ്ടം. പുലിയറയിൽ അടിയന്ത രമായും ഒര ഹോമിയോ ആശുപത്രി സ്ഥാപിക്കണം.

14. ജല്ലിപ്പാറ, പാക്കുളം കോട്ടത്തറ കാരറ, കള്ളമല, പോത്തുപാടി എന്നിവടങ്ങളിൽ ആയുർവേദ ആശുപത്രികൾ നിർമ്മിക്കുന്നതോടൊപ്പം കേന്ദ്രീകൃതമായി അമൂല്യ ഔഷധ സസ്യങ്ങളുടെ തോട്ടം നിരമ്മിക്കാവുന്നതാണ്.

15.നായ്ക്കർ പാടി,നരസിമുക്ക്, നെല്ലിപ്പതി, ജെല്ലിപ്പാറ, താവളംതുടങ്ങിയ സ്ഥലങ്ങളിൽ പൊതു ശംമശാനങ്ങൾ നിർമ്മിക്കാവുന്നതാണ്. കൂടാതെ ഭൂതിവഴി, നെല്ലിപ്പതി, താവണം, എന്നിവടങ്ങളിലെ ശ്മശാനങ്ങൾ സംരക്ഷിക്കേ ണ്ടതുണ്ട്.

16. ജല്ലിപ്പാറയിൽ വിഷചികിൽസാ കേന്ദ്രം ആരംഭിക്കുകയം സബ്സെന്റർ ആശുപത്രി ഉയർത്തുകയും വേണം.

17. കവുണ്ടിക്കൽ ഹോമിയേ സഡിസ്പന്സറിക്ക് അവശ്യ മായ കെട്ടിടം നിർമ്മിക്കുക.

18.അഗളി ആശുപത്രിയോടു ചേർന്നു നിർമ്മിക്കുന്ന കുട്ടികളുടെ വാർഡിൻെറ പണി ത്വരിഗതിയിൽ പൂർത്തി ആക്കണം.

ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുവാൻ കർമ്മനി രതമായ പ്രവർത്തനം അനിവാര്യമാണ്. ആർജ്ജവമുള്ള ഭരണനേതൃത്വവും ആത്മാർഥതയുള്ള ജീവനക്കാരും തോളോടു തോൾ ചേർന്ന് പ്രവർത്തിച്ചാൽ ലക്ഷ്യത്തിലേക്കുള്ള പ്രയാണം ത്വരിഗതിയിൽ ആക്കാം.

# 10
# കുടിവെള്ളം

കുടിവെള്ളത്തിനായി കാട്ടാറുകളെയും അരുവികളേയും ആശ്രയിച്ചിരുന്ന പരിതസ്ഥിതിയാണ് അട്ടപ്പാടിയിൽ നില നിന്നിരുന്നത്.തൻമൂലം പൊതുജനാരോഗ്യപ്രശ്നം സങ്കീർണ്ണ മാകുന്ന സാഹചര്യം ഇന്നും നിലനിൽക്കുന്നു. കാലവർഷാരംഭ ത്തിലും തുലാവർഷാരംഭത്തിലും കടുത്ത വേനൽ കാലത്തും. ശുദ്ധജല ദൗരലഭ്യം മൂലം വയറിളക്കവും അതിസാരവും പിടിപെട്ട് മരണംവരെ സംഭവിക്കുന്ന അവസ്ഥ ഇന്നുമുണ്ട്. ഈ പ്രശ്നത്തിന് ഒരു ശ്വാശ്വത പരിഹാരം അനിവാര്യമാണ്.

ഈ ദിശയിൽ ചെറിയൊരളവു വരെമുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ട്. ഈ പഞ്ചായത്തിൽ ശുദ്ധ ജല വിതരണ സംരംഭം ആരംഭിച്ചത് 1947 ലാണ് ശിരുവാണി പ്പുഴസ്രോ തസ്സായി ആരംഭിച്ച ഈ പദ്ധതികൊണ്ട് ഭൂതിവഴിമുതൽ നക്കുപ്പതി വരെയുള്ള സ്ഥലത്ത് 55 ടാപ്പുകളിലൂടെ ശുദ്ധജ ലമെത്തിക്കുന്നുണ്ട്. 1989ൽ ഭവാനിപ്പുഴ സ്രേതസ്സായി മറ്റൊരു ശുദ്ധജലവിതരണ പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. ഇതുമൂലം പട്ടിമാളം മുതൽ വടകോട്ടത്തറവരേയും നരസിമുക്കിലേക്കും 25 പൊതുടാപ്പുകളിലൂടെ ശുദ്ധജലവിതരണം നടത്തുന്നുണ്ട്. ഭൂമിശാസ്ത്രപരമായി പരിശോധിച്ചാൽ നാമമാത്രപ്രദേശ ങ്ങളിൽ മാത്രമേ ശുദ്ധ ജലമെത്തിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഇതുതന്നെഫലപ്രദമല്ല.

### പ്രശ്നങ്ങൾ

1. നരസിമുക്ക്, വടകോട്ടത്തറ, ഭൂതിവഴി, നായ്ക്കർ വാടി, അഗളി, ഗുളിക്കടർ, നക്കുപ്പതി, പട്ടിമാളം എന്നീ ഊരു കളിലൊഴികെ പഞ്ചായത്തിലെ മറ്റൊരിടത്തും ശുദ്ധജല വിതരണമില്ല.

2. വിതരണത്തിലെപാകപ്പിഴയും ശരിയായ രീതിയി ലുള്ള ശുദ്ധീകരണത്തിൻെറ അഭാവവും.

3. വോൾട്ടേജ് ക്ഷാമം മൂലമുളള പമ്പിംഗ് തടസ്സം

4. യഥാസമയത്തുള്ള അറ്റകുറ്റപ്പണികളുടെ അഭാവം.

5. കുടിവെള്ളക്ഷാമം എല്ലാവാർഡുകളിലും അനുഭവ പ്പെടുന്നു.

6. ജലജന്യരോഗങ്ങൾ ഓരോസീസണിലും ഉണ്ടാവുന്നു.

7. ബോധവൽക്കരണത്തിൻെറ കുറവ്

8. ശുദ്ധജലത്തിൻെറ ദുർവിനിയോഗം

### സാധ്യതകൾ

പ്രകൃതിദത്തജലസ്രോതസ്സകളാൽ അനുഗ്രഹീതമായ ഈ പ്രദേശത്ത് താഴെ പറയുന്ന സാധ്യതകളുപയോഗിച്ച്. പഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാനും ശുദ്ധജലവിതരണം കാര്യക്ഷമമാക്കുവാനും കഴിയും.

1. കരുവാര അരുവിയിൽ ചെക്ക് ഡാം കെട്ടി ജലം സംഭ രിച്ച് ഫിൽട്ടർ ചെയ്ത് കരുവാര ചിണ്ടക്കി, താന്നിച്ചോട്, മുക്കാലി കക്കുപ്പടി,ചെമ്മണ്ണൂർ താവളം വരെ ശുദ്ധജലമെത്തിക്കാം.

2. മുണ്ടമ്പാറയിൽ വെള്ളം സംഭരിച്ച് മുണ്ടമ്പാറ, പാറവളവ്, ഒമ്മല എന്നിവടങ്ങളിലേക്ക് എത്തിക്കാം.

3. കള്ളമല, സ്രോതസിൽ നിന്നും ജലം സംഭരിച്ച് കള്ള മല,ചിന്നപ്പറമ്പ്, രാജഗിരി, കൽകണ്ടി എന്നിവടങ്ങളിൽ വിതരണം നടത്താം.

4. ജല്ലിപ്പാറയിൽ ജലം സംഭരിച്ച് ജല്ലിപ്പാറയിലും പരിസരങ്ങളിലും ശുദ്ധജലമെത്തിക്കാൻ കഴിയും.

5. ഓടപ്പെട്ടി സ്രോതസ്സിൽ നിന്നും ജലം സംഭരിച്ച് ഓടപ്പെട്ടി, ജല്ലിപ്പാറ, ഒമ്മല എന്നിവിടങ്ങളിലെ ശുദ്ധജല വിതരണം സാധ്യമാക്കാം.(വൈദ്യുതി വേണ്ട)

6. കണ്ടിയൂരിലെ പ്രകൃതിദത്തസ്രോതസ്സുപയോഗിച്ച് കണ്ടിയൂർ,ജല്ലിപ്പാറ എന്നിവടങ്ങളിൽ ശുദ്ധലമെത്തിക്കാൻ കഴിയും (വൈദ്യുതി വേണ്ട.)

7. കൊറവൻകണ്ടി ഊരിലെ സ്രോതസിൽ നിന്നും വെള്ളം സംഭരിച്ച് കൊറവൻകണ്ടി, താവളം, കരിവടം എന്നിവടങ്ങളിൽ ശുദ്ധജലമെത്തിക്കാം.

8. ആലംകണ്ടി ഭാഗത്തുള്ള പ്രകൃതി സേത്രാസ്സിൽ നിന്നും സംഭരിച്ച് പരപ്പൻതറ, കരിവടം, കുന്നൻചാള എന്നിവടങ്ങളിലെ ശുദ്ധജലവിതരണം സാദ്ധ്യമാക്കാൻ കഴിയും.

9. ചെമ്മണൂർ ഭാഗത്തുള്ള സ്രോതസിലെ ജലം സംഭരിച്ച് ചെമ്മണൂർ ആശ്രമം കോളനി, ലക്ഷംവീട് കോളനി എന്നിവടങ്ങളിലേക്ക് വിതരണം നടത്താൻ കഴിയും.

10. ഓന്തൻമലയിലെ പ്രകൃതിദത്ത സ്രോതസ്സുപ യോഗിച്ച് ഓന്തൻമല, കള്ളമല, ചിന്നമല, എന്നിവിടങ്ങി ളിലേക്കം ശുദ്ധജലമെത്തിക്കാം.

11. കട്ടേക്കാട് പ്രകൃതി ദത്തസ്രോതസ്സുപയോഗിച്ച് കട്ടേക്കാട് ചിറ്റൂർ ഭാഗങ്ങളിൽ ശുദ്ധജലമെത്തിക്കാം.

12. ഭവാനിപ്പുഴ സ്രോതസ്സായി താവളം, കൂക്കംപാളയം, അടിയക്കണ്ടിയൂർ, പാക്കുളം എന്നീ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാം.

13. കൊല്ലൻകടവ് പ്രകൃതി ദത്തസ്രോതസിൽ നിന്നും കൊല്ലൻകടവ് ഒസ്തിയൂർ പാക്കുളം എന്നിവടങ്ങളിലേക്ക് ശുദ്ധജലവിതരണം നടത്താം.

14. ഊരുകളിലെ കേടുവന്ന കുഴൽ കിണറുകൾ നന്നാക്കുകയം ഇല്ലാത്തിടത്ത് പുതിയവ കുഴിക്കുകയം ചെയ്യുക.

15. അഗളിയിൽ നിലവിലുള്ള ശുദ്ധജലവിതരണ ത്തിലെ പാകപ്പിഴകൾക്ക് പരിഹാരം കാണുന്നതിനായി താളെ പറയുന്ന കാര്യങ്ങളിൽ അടിയന്തിര ശ്രദ്ധപതിയണം

എ. ഫിൽട്ടറിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.

ബി. ഗുണഭോക്താക്കളുടെ വർദ്ധനവിനനുസരിച്ച് സംഭരണ വിതരണശേഷി വർദ്ധിപ്പിക്കുകയും യഥാസമയ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക.

സി. പമ്പിംങ് സമയത്തുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

16. താന്നിച്ചോട് കക്കുപ്പിടി, കള്ളമല, കക്കുപ്പിടി ഊര്, എന്നീ അംഗൻവാടികൾക്കടുത്ത് കിണറുകൾ നിർമ്മിക്കുക.

17. കൊട്ടമേട്, അഞ്ചുവൈദ്യർ കോളനി, കുന്നൻചാള, മാമണ, ഗുളിക്കടവ് ലക്ഷംവീട് കോളനി, കണ്ടിയൂർ, മാവുകുണ്ട്, കൂക്കംപാളയം താവളം, കവറ കോളനി, ശീങ്കരഊർ, ചെമ്മണൂർ മിച്ചഭൂമി കോളനി, ചോലക്കാട് പറയൻകുന്ന്. ചിണ്ടുക്കി, വില്ലൻ മുക്ക് പനക്കാമറ്റത്ത്, എന്നിവിടങ്ങളിൽ കിണർ നിർമ്മിക്കുക.

**ഗ്രാമസഭാനിർദ്ദേശങ്ങൾ**

**വാർഡ് 1**

1. പട്ടിമേളം കയറ്റത്തിൽ ടാങ്കെട്ടി ആവശ്യമായ പൈപ്പ് സ്ഥാപിച്ച് വെള്ളം പമ്പ് ചെയ്തു വിതരണം ചെയ്യുക.

**വാർഡ് 2**

നരസിമുക്ക്വരെയുള്ള പൈപ്പ് ലൈൻ മുരുകേശൻ കാട് വരെ നീട്ടുക, ഭൂതിവഴി ഊരിലും താഴെ ഭാഗത്തുമുള്ള പൈപ്പ് ലൈൻ നീട്ടുക.

2. കറാച്ചിമലക്കാട്ടിലേക്ക് ശിരുവാണിപ്പുഴയിൽ നിന്നും പമ്പ് ചെയ്തു വെള്ളമെത്തിക്കുക.

**വാർഡ് 3**

1. നിലവിലുള്ള കുഴൽക്കിണറുകൾ റിപ്പയർ ചെയ്യുക.

2. അഗളി മേലേ ഊര്, പൊലീസ്സ്റേഷൻ മേലേഊര്, നാല്

സെൻറ് കോളനി, ഭൂമിവഴി രാജീവ്കോളനി, TITDPMയുടെ മുകൾ ഭാഗത്തുള്ള കോളനി, അഗളിലക്ഷംവീട് കോളനി, ഇലക്ട്രിസിറ്റി ഓഫീസിനു മുകളിലുള്ള കോളനി, SBI ക്കു പിന്നിലുള്ള കോളനി എന്നിവടങ്ങളിലേക്ക് നിലവിലുള്ള പൈപ്പ് ലൈനുകൾ നീട്ടുക. വോൾട്ടേജ് നിലവാരം കണക്കിലെടുത്ത് യോജിച്ച മോട്ടോർ സ്ഥാപിക്കുക

**വാർഡ്**

1. നരസിമുക്ക്റോഡിൻെറ ഭാഗത്ത് നിർമ്മിച്ചിരിക്കുന്ന വാട്ടർടാങ്ക് പ്രവർത്തന ക്ഷമമാക്കുക.
2. നക്കുപ്പതി കാളികോവിലിന് സമീപം കിണർ നിർമ്മിച്ച് പൈപ്പ്ലൈൻ സ്ഥാപിച്ചാൽ വൈദ്യുതി ഇല്ലാതെ തന്നെ കോട്ടത്തറവരെ വെള്ളമെത്തിക്കാം.
3. T.B.ക്ക് സമീപത്തുളള കോളനിയിൽ കുഴൽ ക്കിണർ നിർമ്മിക്കുക.
4. ഗുളിക്കടവ് താളെ ഊരിൽ കിണറും മേലേ ഊരിൽ ടാങ്കും നിർമ്മിച്ച് വെള്ളം പമ്പ് ചെയ്ത് രണ്ട് ഊരിലും നൽകുക
5. ആലംകണ്ടിയിൽ നിന്നും വെള്ളം പമ്പ് ചെയ്ത് പ്ലാമരം, കുന്നം ചാള ഭാഗത്ത് വിതരണം ചെയ്യുക
6. കാവുണ്ടിക്കല്ലിലുള്ള ടാങ്ക് ഉയർത്തുകയും പൈപ്പ്ലൈൻ നീട്ടുകയും ചെയ്യുക.
7. അഗളി ആശുപത്രിക്ക് പ്രത്യേക സംവിധാനം ഏർപ്പെടുത്തുക

**വാർഡ് 5**

1. മാമണ ഊരിന് പടിഞ്ഞാറ് ഭാഗത്തുള്ളവർക്കായി കിണർ നിർമ്മിക്കുക. ദൈവക്കുണ്ട് ഊരിൽ കിണർ നിർമ്മിക്കുക.
2. മന്തിമല ഊരിനടുത്തുള്ള ഉറവയിൽനിന്നും ഹോസ് വഴി ജലവിതരണം നടതതുക.
3. ദോണിഗുണ്ടിലെ കുഴൽക്കിണർ റിപ്പയർ ചെയ്യുക.
4. മാമണ ഊരിന് വടക്ക് ഭാഗത്ത് കുളവും ടാങ്കും നിർമ്മിച്ച് ഊരിലേക്ക് വെള്ളം പമ്പ് ചെയ്യുക

**വാർഡ് 6**

1. പാറവളവ് കെ.ഡി. വർഗീസിൻെറ പറമ്പിൽ കുളം നിർമ്മിച്ച് ഹോസ് വഴി കാരറ വരെ വെള്ളമെത്തിക്കുക.
2. കാരറ ഊര്, അംഗൻവാടി, സ്കൂൾ എന്നിവിടങ്ങളിൽ വെള്ള മെത്തിക്കാൻ മുല്ലപ്പള്ളിൽ ജോസഫിൻെറ സ്ഥലത്ത് കുളവും കാരറ പള്ളിക്ക് സമീപം ടാങ്കും നിർമ്മിച്ച് പമ്പ് ചെയ്യുക.
3. ഗുഡ്ഡയൂരിലെ കിണർ വിപുലീകരിച്ച് ടാങ്കും പൈപ്പും സ്ഥാപിച്ച് വെള്ളം പമ്പ് ചെയ്ത് മാർത്തോമ്മാ പള്ളിവരെ എത്തിക്കുക.
4. കല്ലുവേലി ദേവസ്യയുടെ സ്ഥലത്ത് കുളം നിർമ്മിച്ച് ഹോസ് ഇട്ട് ദുണ്ടൂർ ഭാഗത്ത് വെള്ളമെത്തിക്കുക. (വൈദ്യുതി വേണ്ട)
5. മണപ്പാട്ട് രാജൻെറ സ്ഥലത്ത് കുളം നിർമ്മിച്ച് ഹോസ് വഴി ദുണ്ടൂരിന് കിഴക്ക് ഭാഗത്ത് വെള്ളമെത്തിക്കുക.(വൈദ്യുതി വേണ്ട)
6. തോണയിൽ എബ്രഹാമിൻെറ സ്ഥലത്തുള്ള കുളം വിപുലീകരിച്ച് ഹോസിട്ടാൽ കാരറ വരെ വെള്ളമെത്തിക്കുക. ടാങ്ക് നിർമ്മിക്കണം. (വൈദ്യുതി വേണ്ട)
7. കുന്നുംപുറത്ത് സ്ഖറിയയുടെ പറമ്പിലെ കുളത്തിൽ നിന്നും ഹോസിട്ട് താഴെ ഭാഗത്ത് വെള്ളമെത്തിക്കുക.
8. കാരറയിലെ പഞ്ചായത്ത് കിണർ റിപ്പയർ ചെയ്യുക. സമീപത്തുള്ള കക്കൂസ് മാറ്റി സ്ഥാപിക്കുക

**വാർഡ് 7.**

കതിരംപതിയിൽ പണിനടന്നുകൊണ്ടിരിക്കുന്ന കുളത്തിൽ നിന്ന് പൈപ്പ് ലൈൻ വഴി ഊരിലേക്കും പല്ലിയറയിലേക്കും ജലവിതരണം നടത്തുക.

2. പ്ലാവീട്ടിൽ പുരുഷോത്തമൻേറയും തട്ടാർ കുന്നേൽ ബേബിയുടെയും സ്ഥലത്ത് കുളം നിർമ്മിച്ച് ശുദ്ധജലവിതരണത്തിന് ഏർപ്പാടുണ്ടാക്കുക.

**വാർഡ് 8**

1. പുട്ടുമല അച്ചൻകുഞ്ഞിൻെറ സ്ഥലത്ത് കുളം നിർമ്മിച്ച് ഹോസിട്ട് ചിററൂർ, നെല്ലപ്പതി ഭാഗങ്ങളിൽ വെള്ള മെത്തിക്കുക.(വൈദ്യുതി വേണ്ട)
2. കട്ടേക്കാട് മോഹൻെറ സ്ഥലത്ത് ടാങ്ക് കെട്ടി നിലവിലുള്ള അള ഉറവയിൽ നിന്നും വെള്ളം ശേഖരിച്ച് ഹോസ് വഴികട്ടേക്കാട് ചിറ്റൂർ ഭാഗങ്ങളിൽ എത്തിക്കുക.
3. പൂക്കുന്നേത്ത് കുഞ്ഞാഗസ്തിയുടെ കുളം വലുതാക്കി സൗരോർജ്ജ പമ്പ് ഉപയോഗിച്ച് വെള്ളം വിതരണം ചെയ്യുക.

**വാർഡ് 9**

1. കണ്ടിയൂരിൽ കുളവും ടാങ്കും നിർമ്മിച്ച് പമ്പ് ചെയ്ത് ഊരിൽ വെള്ളമെത്തിക്കുക.
2. തൊട്ടിയാംകര, മഞ്ഞച്ചോല ഭാഗങ്ങളിൽ പൊതുകിണറുകൾ നിർമ്മിക്കുക.
3. ഹൈസ്കൂളിനടുത്ത് ടാങ്ക് കെട്ടി, തോടിനടുത്ത് കുളം നിരമ്മിച്ച് വെള്ളം പമ്പ് ചെയ്ത് വിതരണം നടത്തുക.
4. പി.എസ്. ശശിയുടെ വീടിനടുത്ത് റിംഗ് കിണർ നിരമ്മിച്ച്

ഹോസ് ഇട്ട് മാവുംകുണ്ട് ഊരിലും പരിസരപ്രദേശത്തും വെള്ളമെത്തിക്കുക. (വൈദ്യുതിവേണ്ട.)

5. ജെല്ലിപ്പാറ തടത്തിൽ ബേബിയുടെ സ്ഥലത്ത് റിംഗ് കിണർ നിർമ്മിച്ചു ഹോസിട്ടു ജലവിതരണം നടത്തുക. വൈദ്യുതിവേണ്ട.

6. വിവിധ ഭാഗങ്ങളിലായി 50 റിംഗ്കിണറുൾ അനുവദിക്കുക.

**വാർഡ് 10**

1. കുറവൻകണ്ടി ഊരിലെ വാട്ടർ ടാങ്കിൽ നിന്നും പൈപ്പ് ലൈന് നീട്ടി കൂക്കംപാളയം വരെ എത്തിക്കുക.
2. പരപ്പനൻതുറ ഊരിൽ ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പ് ചെയ്ത് വിതരണം നടത്തുക.
3. താവളം മല്ലീശ്വര ഹോട്ടലിന് സമീപം കുഴൽ കിണർ നിർമ്മിക്കുക.
4. കുറവൻകണ്ടി, കൂക്കംപാളയം, ഊര്, താവളം കവറക്കോളനി, ചേരമാൻകണ്ടി. എന്നീ സ്ഥലത്തെ കുടിവെള്ളമെത്തിക്കുക.

**വാർഡ് 11**

1. എം. എം. ചാക്കോയുടെ സ്ഥലത്ത് കുളം നിർമ്മിച്ച് ഹോസ് ഇട്ട് ജലവിതരണം നടത്തുക വൈദ്യുതി വേണ്ട.
2. മേലേ കണ്ടിയൂരിലെ കിണർ ആഴം കൂട്ടി മോട്ടോർ വച്ച് ജലവിതരണംനടത്തുക.
3. ചെമ്മണ്ണൂർ മിച്ചഭൂമിയിൽ താമസിക്കുന്നവർക്ക് ടാങ്കും പമ്പ് സെറ്റും സ്ഥാപിച്ച് ജലവിതരണം നടത്തുക.
4. കുക്കംപാളയം സ്കൂളുകൾക്ക് ജലവിതരണത്തിന് പമ്പ് സെറ്റ് സ്ഥാപിക്കുക.
5. ഒസ്തിയൂർ, താന്നിച്ചുവട്, കണ്ടിയൂർ എന്നിവടങ്ങളിലെ കിണറുകളുടെ ആഴം കൂട്ടുക.
6. ശീങ്കര, റെയിഞ്ചാഫീസ് പരിസരം പാക്കുളം കോളേജ് പരിസരം, ചെമ്മണ്ണൂർ എന്നിവിടങ്ങളിത കിണർ നിർമ്മിക്കുക.

**വാർഡ് 12**

ചോലക്കാട്തെക്ക്ഭാഗം ചോലക്കാട്കിഴക്ക്ഭാഗം, വീരന്നൂർ ഊർ ചിണ്ടക്കി താളെ ഊർ, പറയൻകുന്ന് ഊർ എന്നിവിടങ്ങളിൽ പുതിയ കിണർ നിർമ്മിക്കുക.

2. കക്കുപ്പടിയിൽ നിന്നും നിലവിലുള്ള പൈപ്പ് ലൈൻ കൽക്കണ്ടിവരെ നീട്ടുക.
3. നിലവിലുള്ള കിണറുകൾ റിപ്പയർ ചെയ്യുക.

**വാർഡ് 13.**

1. എല്ലാകുഴൽക്കിണറുകളും പ്രവർത്തന ക്ഷമമാക്കുക
2. വണ്ടൻ പാറ ഊരിൽ വെള്ളമെത്തിക്കുക
3. വിലങ്ങ് കല്ലിങ്കൽ കൊച്ചിന്റെ സ്ഥലത്ത് കുളം നിർമ്മിച്ച് ജലവിതരണം നടത്തുക.
4. വിവിധ ഭാഗങ്ങളിൽ 25 പൊതു കിണറുകൾ നിർമ്മിക്കുക.
5. മുറ്റത്താനിക്കൽമേരി എബ്രഹാമിന്റെ സ്ഥലത്ത് ടാങ്കും ചാത്തൻവേലി ബേബിയുടെ ഭാഗത്ത് കിണറും നിർമ്മിച്ച് ജലവിതരണത്തിനം പദ്ധതിയുണ്ടാക്കുക.

പഞ്ചായത്ത് പ്രദേശത്തെ മൊത്തം കിണറുകളും റിപ്പയർ ചെയ്യുക.

കുഴൽക്കിണറുകൾ പ്രവർത്തനക്ഷമമാക്കുക

താവളം റാവുട്ടൻ കല്ല് ഭാഗത്തുള്ള നീരൊഴുക്ക് തടഞ്ഞ് നിറുത്തി അവിടെ കുളം നിർമ്മിച്ച് അതിൽ നിന്നും പൈപ്പ് ലൈൻ

സ്ഥാപിച്ചാൽ 10, 11, 4 വാർഡുകളിലെ മിക്ക സ്ഥലങ്ങളിലും ശുദ്ധ ജല വിതരണത്തിന് സാദ്ധ്യതയുണ്ട്. (പഠനപര്യടനത്തിൽ കണ്ടെത്തിയസ്രോതസ്സ്) (വൈദ്യുതി വേണ്ട)

നിലവിൽ വെള്ളം പമ്പ് ചെയ്യുന്ന പരിസരങ്ങളിൽ മലിനീകരണം ഉണ്ടാവാതിരിക്കാൻ അടിയന്തിര ശ്രദ്ധകൊടുക്കുക.

ജനങ്ങളുടെ അടിസ്ഥാന ആവശ്യമാണ് കുടിവെള്ളം എന്ന ഗൗരവ ചിന്തയോടെ യുദ്ധകാലാടിസ്ഥാനത്തിൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ജനപങ്കാളിത്തത്തോടെ തീവ്രശ്രമം നടത്തേണ്ടിയിരിക്കുന്നു.

# 11
# പാർപ്പിടം

കേരള സംസ്ഥാന രൂപീകരണത്തിന് മുമ്പ് തമിഴ്നാടിൻെറ ഭാഗമായിരുന്ന അട്ടപ്പാടി വിദ്യാഭ്യാസപരമായു സാമ്പത്തികപരമായുംപിന്നോക്കം നിൽക്കുന്ന ഭൂ പ്രദേശമാണ് തമിഴ്നാട്ടിൽനിന്നും കേരളത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നും കുടിയേറിപാർത്തവരും പട്ടിക വർഗ്ഗക്കാരും താമസിക്കുന്ന അട്ടപ്പാടിയിലെ അഗളി പഞ്ചായത്ത് സാംസ്കാരിക രംഗങ്ങളിൽ പ്രത്യേകിച്ചും വൈവിധ്യം പുലർത്തുന്നു. ഭവന നിർമ്മാണത്തിൽപോലും ഈ വൈവിധ്യം പ്രകടമാണ്.

വനാന്താർഭാഗത്ത് വസിച്ചിരുന്ന ഇരുള,മുഡുക, കുറുമ്പ വിഭാഗത്തിൽ പ്പെടുന്ന പട്ടിക വർഗ്ഗക്കാർ പ്രതികൂല കാലാവസ്ഥയേയും വന്യമൃഗങ്ങളേയും പേടിച്ച് കൂട്ടം കൂട്ടമായി കുടിലുകൾ കെട്ടി താമസിച്ചിരുന്ന രീതി പിന്നീടും തുടർന്നു പോന്നുവെന്നു കണക്കാക്കുന്നു. കാട്ടുമരങ്ങൾ, പുല്ല് മുള എന്നിവ ഉപയോഗപ്പെടുത്തി ഉയരം കുറച്ച് അടുത്തടുത്തായി കെട്ടിയുണ്ടാക്കിയ അനവധി കുടിലുകൾ ചേർന്നതായിരുന്നു ഈ പട്ടികവർഗ്ഗസങ്കേതങ്ങൾ ഇത്തരം മുള്ള കുടിലുകൾ ഇപ്പോഴും ധാരാളമായി കാണാം.

സ്വതന്ത്ര്യകാലഘട്ടത്തോടനുബന്ധിച്ച് തമിഴ്നാട്ടിൽ നിന്നും കുടിയേറിപ്പാർത്ത തമിഴ് വംശജർ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും ഹ്രസ്വകാല കൃഷികളെ ആശ്രയിച്ച് ജീവിക്കുന്നവരുമായിരുന്നു. പ്രതികൂല കാലാവ സ്ഥയിൽ നിന്നും (പ്രത്യേകിച്ചും കാറ്റിൽനിന്ന്) രക്ഷനേടാനായി ഉയരം കുറഞ്ഞതും നീളത്തിലുള്ളതുമായ വീടുകളാണ് പുല്ല്, മരം, മണ്ണ് മുള എന്നിവകൊണ്ട് നിർമ്മിച്ചിരുന്നത്. കേരളത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്നും കൂടുതൽ കൃഷി ഭൂമിക്ക് വേണ്ടിമലയോര പ്രദേശങ്ങളെ ലക്ഷ്യമാക്കി കുടിയേറി അഗളി പഞ്ചായത്തിൽ എത്തിപ്പെട്ട മുഴുവനും കുടിയേറ്റക്കാരും സാമ്പത്തിക ഭദ്രതയില്ലാത്തതിനാൽ മേൽ സൂചിപ്പിച്ച വിധത്തിലുള്ള താൽക്കാലിക ഭവനങ്ങളിൽ അഭയം തേടി. അക്കാലത്ത് ഇവിടുത്തെ ഭവനങ്ങൾക്ക് ഏകീകൃത രൂപം നിലനിന്നിരുന്നു. മേൽപ്പറഞ്ഞ രീതിയിൽ നിർമ്മിച്ചിട്ടുള്ള കുടിലുകളോട് സമാനമായിട്ടുള്ള ഭവനങ്ങൾ ഇപ്പോഴും ധാരാളമായി ഈ പഞ്ചായത്തിലുണ്ട്.

കാടുകൾ നാടായി മാറിയപ്പോൾ കുടിയേറ്റക്കാരുടെ ജീവിത നിലവാരം ഉയരുകയം കാലാവസ്ഥയിൽ പ്രകടമായ മാറ്റങ്ങൾ സംജാതമാവുകയും ചെയ്തിട്ടും അടച്ചുറപ്പുള്ളതും ചോർന്നൊലിക്കാത്തതുമായ ഭവനങ്ങളുടെ എണ്ണം വളരെ പരിമിതമാണ്. ഓടിട്ട ഭവനങ്ങൾ അധികവും പലവിധ ഏജൻസികളുടെ ധനസഹായം മൂലമാണ് പ്രസ്തുത സഹായങ്ങൾ അപര്യാപ്തം ആയതുകൊണ്ടും ലഭിക്കുന്ന ധനസഹായത്തിന് ആസ്പദമായ രീതിയിൽ നിർമ്മിക്കുന്നതു കൊണ്ട് മേൽപ്പറഞ്ഞ വീടുകളിൽ കൂടുതലിനും ഉറപ്പ് താരതമ്യേന കുറവാണ് ഇത് മൂലം മഴക്കാലങ്ങളിൽ വീടുകൾക്ക് ഭാഗികമായോ പൂർണ്ണമായോ കേടുപാടുകൾ സംഭവിക്കുക പതിവാണ്.

ഗതാഗത സൗകര്യങ്ങളുടെ പരിമിതി മൂലവും ഭവന നിർമ്മാണ വസ്തുക്കൾ കൊണ്ടെത്തിക്കാൻ സാധിക്കാത്തതുമൂലവും, സാമ്പത്തിക പിന്നോക്കാവസ്ഥവയും വിദഗ്ദ തൊഴിലാളികളുടെ അഭാവവും ഭവനനിർമ്മാണ ത്തെക്കുറിച്ചുള്ള അറിവില്ലായ്മയും ഭവനനിർമ്മാണത്തി കൂടുതൽ ധനവ്യയം വരുത്തിവെയ്ക്കുന്നു. മേൽപ്പറഞ്ഞ കാരണങ്ങൾ കൊണ്ട് തന്നെ ഈ പഞ്ചായത്തിൽ ചിലവ്കുറഞ്ഞ വീടു നിർമ്മാണത്തിന് വളരെ പ്രസക്തിയുണ്ട്. ഇത് ഗുണഭോക്താക്കളെ ബോധവൽകരിച്ചും, തൊഴിലാളികൾക്ക് വൈദഗ്ധ്യം

നൽകിയും നടപ്പാക്കേണ്ടതുണ്ട്.

അഗളി പഞ്ചായത്തിൻെറയും അഗളി കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ച അട്ടപ്പാടി വികസന ബ്ലോക്കിൻെറയും ആവിർഭാവത്തോടുകൂടി ഗ്രാമവികസനം എന്ന ആശയത്തിൽ പട്ടികവർഗ്ഗഭവന നിർമ്മാണത്തിന് പ്രാമുഖ്യം നൽകി. ഊരുകൾ എന്ന രീതിക്ക് മാറ്റ് വരുത്താതെ തന്നെയാണ് പട്ടികവർഗ്ഗ വീടുകൾ നിർമ്മിച്ചു നൽകിയതെങ്കിലും വേണ്ടത്ര പ്ലാനിംങോ പണമോ ഉപയോഗപ്പെടുത്താതെ ഇടനിലക്കാരാൽ നിർമ്മിക്കപ്പെട്ട പ്രസ്തുത കോളനികളിൽ ഭൂരിഭാഗവും ഉപയോഗശൂന്യമായി പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്ന കാഴ്ച സർവ്വ സാധാരണമാണ്. എന്നാൽ 1959 കാലഘട്ടത്തിൽ പണിതീർത്തിട്ടുള്ള വീടുകൾ കേടുകൂടാതെ നിലനിൽക്കുന്നുവെന്നത് ക്ഷേമപ്രർത്തനത്തിൽ പിന്നീട് ഉണ്ടായിട്ടുള്ള പാളിച്ചതെളിയിക്കുന്നു. നടത്തിപ്പൻെറ കൊടുകാര്യക്ഷമതയും മദ്ധ്യവർത്തികളുടെ ലാഭക്കൊതിയും ഗുണഭോക്താക്കളുടെ നിസ്സഹകരണവും ഈ പാളിച്ചക്ക് നിദാനമായിക്കാണുന്നു.

### സ്ഥിതിവിശകലനം

അഗളി പഞ്ചായത്തിലെ വീടുകളുടെ ഇന്നത്തെ സ്ഥിതി പരിശോധിച്ചാൽ 13 വാർഡുകളിലായി 11,050 കുടുംബങ്ങൾ താമസിക്കുന്നു. ഇതിൽ 7695 കുടുംബങ്ങൾക്ക് സ്ഥിര സ്വഭാവമുള്ള വീടുകളുണ്ട് ബാക്കിയുള്ള 3355 കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യം കണ്ടെത്തേണ്ടിയിരിക്കുന്നു. ഈ 3355 കുടുംബങ്ങളിൽ 475 കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയില്ലാത്തവരാണ്.സ്വന്തമായി പാർപ്പിടമില്ലാത്ത പട്ടികജാതി പട്ടികവർഗ്ഗകുടുംബങ്ങളുടെ കണക്കുകൾ പരിശോധി ക്കുമ്പോൾ 13 വാരുഡുകളിലായി 255 പട്ടിക ജാതി കുടുംബങ്ങളും 965 പട്ടികവർഗ്ഗകുടുംബങ്ങളും 1660 മറ്റുകുടുംബങ്ങളും നിലവിൽ ഭവനങ്ങൾ ഇല്ലാത്ത അവസ്തയിലാണ്.

പട്ടിക 1

| ക്രമനമ്പർ വാർഡ് | വീടില്ലാത്തവരുടെ എണ്ണം SC. | ST | OC | സ്ഥലവും വീടും വേണ്ടവരുടെ എണ്ണം SC | ST | OC |
|---|---|---|---|---|---|---|
| 1. I | 20 | 90 | 100 | 10 | 30 | 40 |
| 2. II | 15 | 50 | 100 | 10 | 20 | 30 |
| 3. III | 30 | 75 | 125 | 5 | 25 | 40 |
| 4. IV | 25 | 125 | 200 | 10 | 75 | 60 |
| 5. V | 25 | 100 | 175 | | | 15 |
| 6. VI | 15 | 75 | 150 | 2 | 3 | 5 |
| 7. VII | 25 | 110 | 200 | 10 | | 60 |
| 8. viii | 25 | 80 | 150 | 2 | 2 | 3 |
| 9. ix | 15 | 50 | 200 | 20 | 10 | 10 |
| 10. x | 50 | 90 | 100 | 25 | 15 | 80 |
| 11. xi | 50 | 200 | 200 | 10 | 15 | 20 |
| 12. xii | 20 | 80 | 200 | 5 | 10 | 10 |
| 13. xiii | 25 | 75 | 150 | | | |
| ആകെ. | 340 | 1200 | 2050 | 70 | 162 | 243 |

മേൽ സൂചിപ്പിച്ച കൺകും പട്ടികയിലെ കണക്കും തമ്മിലുള്ളവ്യത്യാസം പഞ്ചായത്ത് ബോർഡ് നിർദ്ദേശിച്ചതാണ്.

സ്ഥലവും വീടും ആവശ്യമുള്ള പട്ടികജാതി പട്ടികവർഗ്ഗ, മറ്റുള്ളവർ കുടുംബങ്ങളുടെ എണ്ണം യഥാക്രമം 70, 162, 243, എന്നിങ്ങനെ യാണ്.

പഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികളിൽ നിലവിൽ റിപ്പയർ ചെയ്യേണ്ട വീടുകളുടെ എണ്ണം 1735 ആണ്. വാർഡു തിരിച്ചുള്ള റിപ്പയർ ചെയ്യേണ്ട വീടുകളുടെ എണ്ണം പട്ടിക 2 ൽ കെടുത്തിരിക്കുന്നു.

### റിപ്പയർ ചെയ്യേണ്ട വീടുകളുടെ വിവരം

| വാർഡ് നമ്പർ | വീടുകളുടെ എണ്ണം. |
|---|---|
| 1. | 125 |
| 2. | 100 |
| 3. | 200 |
| 4. | 190 |
| 5. | 100 |
| 6. | 65 |
| 7. | 170 |
| 8. | 150 |
| 9. | 60 |
| 10. | 125 |
| 11. | 200 |
| 12. | 150 |
| 13. | 100 |
| ആകെ. | 1735 |

### പ്രശ്നങ്ങൾ

അഗളി പഞ്ചായത്തിൽ കഴിഞ്ഞ കാലങ്ങളിൽ ry തുടങ്ങിയ പദ്ധതികളിലൂടെ പട്ടികജാതി/പട്ടിക വർഗ്ഗകുടുംബ ങ്ങൾക്ക് നിർമ്മിച്ചു കൊടുത്തിരുന്ന വീടുകളും, പദ്ധതികൾ നടപ്പാക്കിയ രീതികളും വളരെയധികം പോരായ്മകൾ നിറഞ്ഞതായിരുന്നു. അതിനാൽ പ്രസ്തുത വീടുകളിൽ ഭൂരിഭാഗവും ഉപയോഗ ശൂന്യവും ഉടമസ്ഥന് താങ്ങനാവാത്ത ഭാരവുമായി ത്തീർന്നിട്ടുണ്ട് ഗ്രാമസഭ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഈ പ്രശ്നങ്ങൾ താഴെ കാണുംവിധം ക്രോഡീകരിക്കാം.

1. ഗിരിവർഗ്ഗ കോളനികൾ നിർമ്മിക്കുന്നത് ഗുണഭോക്താവിന് പങ്കാളിത്തമില്ലാത്ത വിധത്തിൽ കരാറുകാരെ കൊണ്ടായിരുന്നു. സാങ്കേതിപരിജ്ഞാനം തീരെ ഉപയോഗപ്പെടുത്തിയിരുന്നില്ല.

2. വീടുകൾ ആത്യാവശ്യത്തിനുപോലും സൗകര്യമുള്ളതോ ഉറപ്പുള്ളതോ ആയിരുന്നില്ല. കാലാവസ്ഥയ്ക്കും അനുയോജ്യ മായിരുന്നില്ല.

3. വീടിൻെറ എസ്റ്റിമേററ് കാലാനുസൃതമായിരുന്നില്ല. എസ്റ്റിമേറ്റ് തുകപോലും വീടുനിർമ്മാണത്തിനുപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. കരാറുകാരൻെറ അമിതലാഭവും ചുമതലപ്പെട്ട ഉദ്യേഗസ്ഥൻെറ വിഹിതവും എടുത്തതിനു ശേഷം മാത്രമാണ് വീടുപണിയുന്നതിന് പണം ഉപയോഗിച്ചിരുന്നത്.

4. തനിക്കു വേണ്ടി പണിയുന്ന വീടിൻെറമേൽനോട്ടം വഹിക്കാനോ അഭിപ്രായം പറയാനോ കഴിയാത്തവിധം ഗുണഭോക്താവ് അകറ്റിനിർത്തപ്പെട്ടിരുന്നു. അവിഹിത പങ്ക് ബലമായി പിടിച്ചുവാങ്ങിയിരുന്ന സർക്കാർ ഉദ്യോഗസ്ഥന് വീടുനിർമ്മാണത്തിന് മേൽനോട്ടംവഹിക്കാനോ എസ്റ്റിമേറ്റ് പ്രകാരം പണിനടത്തിക്കുന്നതിനോ കഴിഞ്ഞില്ല. അന്യായമായി വിഹിതം നൽകാൻ തയ്യാറാകാത്ത കരാറുകാരൻ യഥാസമയം പണം നൽകാനോ സർട്ടിഫിക്കറ്റ് നൽകാനോ ശ്രദ്ധിക്കാതെ ഉത്തരവാദപ്പെട്ട ഉദ്യേഗസ്ഥൻ ഉപദ്രവിച്ചതുമൂലവും നഷ്ടം വരുന്ന തൊഴിവാക്കാനുമായി കരാറുകാരന് വീടുകൾ പൂർണ്ണമാക്കാതെ ഉപേക്ഷിച്ചുപോയി.

5. പണിചെയ്യാത്ത വീടുകളുടെ പേരിൽ ചുമതലക്കാരും കരാറുകാരം ചേർന്ന് ബില്ലുമാറി പണ് ദുർവ്വിനിയോഗം ചെയ്തു

6. വീടുകളടെ സംരക്ഷണം ഗുണഭോക്താവ് വേണ്ടവിധം നടത്തിയിരുന്നില്ല.

7. വിവാഹിതരും അവിവാഹിതരും ഒരു മുറിയിത്തന്നെ കഴിയേണ്ടിവരുംവിധം അശാസ്ത്രീയവും അപര്യാപ്തവുമായ റും സൗകര്യമാണ് ഇത്തരം വീടുകൾക്കുള്ളത്. വീടുക ളോടനുബന്ധിച്ച് കക്കൂസോ വെള്ളസൗകര്യമോ ഉണ്ടായിരുന്നില്ല.

8. പരിചയസമ്പന്നനല്ലാത്ത ഉടമസ്ഥൻെറ മേൽനോട്ടത്തി നടത്താൻ ഏൽപിച്ചവീടുകളുടെ പ്രോഗ്രസ് യഥാസമയം വിലയിരുത്തുവാനോ യഥാസമയം പണം കൊടുത്തു സഹായിക്കാനോ ബന്ധപ്പെട്ടവർ ശുഷ്കാന്തി കാണിച്ചില്ല.

9. നിയമനടപിടകളിൽ കുരുങ്ങിയതുമൂലം പല ഊരുകളിലെയും വീടുകളുടെ നിർമ്മാണം വർഷങ്ങളായി തടസ്സപ്പെട്ടുകിടക്കുന്നു.

10. ഹൗസിംഗ് ബോർഡിൽ നിന്നും ഭവനനിർമ്മാണ് വായ്പ എടുക്കുന്നതിന് ഇടനില്ക്കാർ അനർഹമായ വിധത്തി ഗുണഭോക്താവിനെ ചൂഷണം ചെയ്യുന്ന സ്ഥിതിവിശേഷവും റിപ്പോർട്ടു ചെയ്യപ്പെടുന്നു.

ഇങ്ങനെ വിവിധങ്ങളായ പോരായമകൾ ഗ്രാമസ ഭാംഗങ്ങൾ ചൂണ്ടിക്കാണിക്കുന്നതു കണക്കിലെടുത്തുവേണം തുടർന്നുള്ള ഭവന നിർമ്മാണ പദ്ധതി ഈ പഞ്ചായത്തിൽ നടപ്പിലാക്കാൻ

**നിർദ്ദേശങ്ങൾ**

1. നിലവിൽ ഭവന രഹിതരായ 3355 കുടുംബങ്ങൾക്ക് അടുത്ത 5 വർഷംകൊണ്ട് വാസ യോഗ്യമായ വീടുകൾ കണ്ടെത്തണം. ഇപ്പോൾ നിലവിലുള്ള JRY IAY സ്കീമുകളിൽ ഒരു വർഷം നൂറോളം വീടുകൾ മാത്രമേ അനുവദി ച്ചുകിട്ടുന്നുള്ളൂ. പ്രതിവർഷം ഇത് 671 വീടുകളാക്കി അനുവദിച്ചുകിട്ടിയാലേ അടുത്ത 5 വർഷം കൊണ്ട് മുഴുവൻ കുടുംബങ്ങൾക്കും വാസയോഗ്യമായ വീടുണ്ടാവുകയുള്ളൂ.

2. ഇപ്പോൾ നിലവിലുള്ള RY വീടുകളുടെ വിസ്തീർണ്ണം 17 മുതൽ 20 വരെ സ്ക്വയർ അടിയാണ്. വരും കാല സൗകര്യങ്ങൾ കൂടി കണക്കിലെടുത്ത് ഇനിയും നിർമ്മിക്കുന്ന വീടുകൾക്കു രണ്ടുമുറി, ഒരു അടുക്കള, വരാന്ത, കക്കൂസ് പുകയില്ലാത്ത അടുപ്പ് എന്നീ സൗകര്യങ്ങൾ നിഷ്കർ ഷിക്കേണ്ടതാണ്.

3. ഇനി മുതൽ വാർഡുമെമ്പർ കൺവീനർ ആയി തെര ഞ്ഞെടുക്കപ്പെടുന്ന ഒരു അഞ്ചംഗം സമിതി ഓരോവാർഡിലും വീടുകളുടെ നിർമ്മാണപുരോഗതി പരിശോധിച്ച് നടപടികൾ സ്വീകരിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുന്നത് ഉചിത മായിരിക്കും.

4. പട്ടിക 2 പ്രകാരം. 9 ാം പഞ്ചവൽസര പദ്ധതിയിൽ 13 വാർഡുകളിലായി 3355 വീടുകൾ നിർമ്മിച്ചു നൽകണം. കൂടാതെ 1735 പട്ടികവർഗ്ഗ വീടുകൾ അടിയന്തിരമായി റിപ്പയർ ചെയത് വാസയോഗ്യമാക്കണ്. മൊത്തം ചെലവിൻെറ 20 ശതമാനം ജനപങ്കാളിത്തവിഹിതമായി ഗുണഭോ ക്താക്കൾ കണ്ടെത്തുന്നതാണ്.

5. പഞ്ചായത്തിലെ സന്നദ്സംഘടനകൾ സർക്കാർ അർദ്ധ സർക്കാർ ഏജൻസികൾ ഏകീകൃതമായി കൂടിയാലോചിച്ച് ഭവനനിർമ്മാണ് നടപ്പാക്കുന്നത് സുഗമവും സുതാര്യവുമായ പദ്ധതിപൂർത്തീകരിണത്തിന് സഹായകരമാവും. അധിക ചിലവുകൾ ഒഴിവാക്കാനും സാധിക്കും.

6. RY, IAY സ,' സ്കീമുകളിലെ ഭവന നിർമ്മാണ ബഡ്ജറ്റ് കാലാനുസൃതമായി പരിഷ്കരിക്കണം. വീടൊന്നന് 50,000 രൂപയെങ്കിലും ലഭിക്കത്ത വിധം ബഡ്ജറ്റ് ചെയ്യണം.

7. പഞ്ചായത്തിലുള്ള ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെ സംഘടിപ്പിച്ച വൈദഗ്ദ്യം നൽകാനുള്ള ശ്രമം ഉണ്ടാവണം

8. ഭവന നിർമ്മാണ സാമഗ്രികൾ സൊസൈറ്റി മുഖാന്തിരം വിതരണം ചെയ്യുക.

9. അഗളി ഹൗസിങ്ങ് സൊസൈറ്റി പ്രവർത്തന ക്ഷമമാക്കുക.

10. ഭവനരഹിതരുടെ കണക്കെടുക്കുമ്പോൾ ആൺമക്കൾ തുണയായി നിൽക്കുന്ന വൃദ്ധ ദമ്പതികളെ ഭവന രഹിതർ ആയി കണക്കാക്കരുത്

11. ഒറ്റപ്പെട്ട വൃദ്ധർക്ക് വീട് വച്ച് കൊടുക്കുന്നതിന് പകരം വൃദ്ധ സദനങ്ങൾ നിർമ്മിച്ച് മാറ്റിപാർപ്പിക്കുകയാണ് വേണ്ടത്.

# 12
# സാമൂഹ്യക്ഷേമം

**1978**-79 ലാണു സംയോജിത ശിശുവികന സേവന പദ്ധതി (ഐ. സി. ഡി. എസ്.) അട്ടപ്പാടിയിൽ അനുവദിച്ചത് 50 അംഗന്വാടി കേന്ദ്രങ്ങളോടെ പ്രവർത്തനം ആരംഭിച്ച ഈ പദ്ധതിയിൽ കീഴിൽ ഇപ്പോൾ 115 കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. 6 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളും ഗർഭിണികളും പാലൂട്ടുന്ന അമ്മമാരും 15-4 5 പ്രായത്തിലുൾവ സ്ത്രീകളും ഇതിൻെറ ഗുണഭോക്താക്കളാണ്. ഐ. സി. ഡി. എസ് പദ്ധതിയുടെ ലക്ഷ്യങ്ങൾ ഇവയാണ്.

1. ആറു വയസ്സിനു താഴെയുള്ള കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്തുക.
2. ശാരീരികവും മാനസികവും സാമൂഹ്യവുമായ വളർച്ചയ്ക്ക് അടിത്തറ പാകുക.
3. ശിശുമരണം, പോഷണക്കുറവ്, സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് എന്നിവ കുറയ്ക്കുക.
4. ശിശു സംരക്ഷണ മേഖലയിൽ പ്രർത്തിക്കുന്ന വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുക
5. കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്താൻ അമ്മമാർക്ക് ആരോഗ്യപേഷണ വിദ്യാഭ്യാസം നൽകുക

**ലക്ഷ്യസാക്ഷാൽക്കാരത്തിനുള്ള സേവനങ്ങൾ**

1. അനുപൂരക പോഷകാഹാരം
2. പ്രതിരോധ കുത്തിവെയ്പ്
3. അനൗപചാരിക പ്രീ സ്കൂൾ വിദ്യാഭ്യാസം
4. ആരോഗ്യ പരിശോധന
5. റഫറൽ സേവനം
6. ആരോഗ്യ പോഷണം വിദ്യാഭ്യാസം

ഒരു രാജ്യത്തിലെ ഏറ്റവും വലിയ. സമ്പത്ത് മനുഷ്യവിഭവമാണ്. ലോകത്തിൽ ഏററവും കൂടുൽ ശിശുമരണവും ചാപിള്ള ജനനവും പ്രസവത്തോടനുബന്ധിച്ചുള്ള അമ്മമാരുടെ മരണവും മറ്റും ഉണ്ടായിരുന്ന രാജ്യമാണ് ഭാരതം. സാമൂഹ്യമായും സാമ്പത്തികമായും പിന്നിൽ കിടക്കുന്ന അട്ടപ്പാടിയിൽ ഇത്തരം സാമൂഹ്യ വിപത്തുകളുടെ ഭീഷണി അതീവ ഗുരുതരമായിരിക്കുന്നു.

മാരകരോഗങ്ങളില്ലാത്ത ആരോഗ്യമുള്ള പൗരനെ വാർത്തെടുക്കാനുള്ളലക്ഷ്യത്തോടെ പ്രവർത്തനമാരംഭിച്ച ഐ. സി. ഡി. എസ്. പദ്ധതി രണ്ടു ദശാബ്ദ് പിന്നിട്ടിരിക്കുന്നു. തിരിഞ്ഞു. നോക്കുമ്പോൾ ഉയർന്ന തോതിലുള്ള നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കുട്ടികളുടെ ആരഗ്യേ പോഷണനിലവാരം ഉയർത്താനും, കേമമായ വളർച്ച യ്ക്ക് അടിത്തരറ പാകാനും, ശിശുമരണം, പോഷണകുറവ് സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് എന്നിവ കുറയ്ക്കാനും ആരഗ്യേപോഷണ വിദ്യാഭ്യാസത്തിലൂടെ അമ്മമാരുടെ കഴിവ് വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. പൂർന്ന ലക്ഷ്യം കൈവരിക്കാൻ ഇനിയും മമ്പോട്ടു പോകേണ്ടിയിരിക്കുന്നു.

16, 686 പുരഷൻമാരും 17007 സ്ത്രീകളുമാണ് അഗളി പഞ്ചായത്ത് ജനസംഖ്യ. പട്ടിക ജാതിക്കാർ 3031,

പട്ടികവർഗ്ഗം 9209 മറ്റുള്ളവർ 20483 വീതമാണ് ഗർഭിണികൾ 271 പാലൂട്ടുന്ന അമ്മമാർ 331, മൂന്നുവയസ്സിനു താഴെ പ്രായമുള്ളവർ 1491 ആണ്. ഈ വർഷം 688 ജനനവും 9 ചാപ്പിള്ള ജനനവും 7 ശിശു മരണവും നടന്നിട്ടുണ്ട്.

അഗളി പഞ്ചായത്തിൽ ആരംഭത്തിൽ 21 അംഗന്വാടികേന്ദ്രങ്ങളേ ഉണ്ടായിരുന്നുള്ളൂവെങ്കിലും ഇപ്പോൾ 45 കേന്ദ്രങ്ങൾ ഉണ്ട് ഇവയിൽ 37 കേന്ദ്രത്തിനും സ്വന്തമായ കെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ട്.കാലപഴക്കം കൊണ്ടും പ്രതികൂല കാലാവസ്ഥ യിലും ഇവയ്ക്ക് കേടുപ്പാടുകൾ സംഭവിക്കുന്നു. പോത്തുപ്പാടി, കരുവാര, പാറവളവ്, ജല്ലിപ്പാറ ഊര്, അടിയ കണ്ടിയൂർ, ഭൂതിവഴി എന്നിവയാണ് സ്വന്തമായ കെട്ടിടങ്ങൾ ഇല്ലാത്തത്. ചോലക്കാട്, കുന്നൻ ചാള എന്നിവടങ്ങളിലെ പണി പൂർത്തിയായിട്ടില്ല.

എല്ലാം കേന്ദ്രങ്ങളിലലേക്കും കളിക്കോപ്പുകൾ വിതരണം ചെയ്തിട്ടുണ്ടെങ്കിലും പര്യാപ്തമല്ല. 21 കേന്ദ്രങ്ങളിൽ ഊഞ്ഞാൽ സ്ഥാപിച്ചിട്ടുണ്ട്. എല്ലായിടത്തും ബോധവൽക്കരണക്യാമ്പുകൾ നടത്തി ഡെറി, സ്റ്റീൽ പെല്ലയിറ്റ് എന്നിവയും ഗിരിവർഗ്ഗ കുട്ടികൾക്ക് യൂണിഫോറവും നൽകി.

ഐ. റ്റി. ഡി. പി. യിലെ സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താളെ ഉള്ളവരുടെ എണ്ണം 281 ആണ്. ഇതിൽ പട്ടികവർഗ്ഗം 1791, പട്ടിക ജാതി 176. സാമ്പത്തി കസഹായം ലഭിച്ചത് എണ്ണം 366 ആണ്. (പട്ടിക ജാതി 39, പട്ടികവർഗ്ഗം 148) സഹായ ലഭിച്ചതുവഴി മുകളിൽ എത്തിയവരുടെഎണ്ണം 165 മാത്രമാണ്.

വിവിധ പെൻഷനുകൾ ലഭിച്ചുകൊണ്ടിരിക്കുന്നവരുടെ കണക്ക് അന്യത്ര ചേർത്തിരിക്കുന്നു.

**വിവധ പെൻഷന് ലഭിച്ചവരുടെ കണക്ക്**

| വില്ലേജിൻെറ പേർ | വർഷം | വിധവാ | വികലാംഗ | വാർദ്ധക്യകാല |
|---|---|---|---|---|
| അഗളി | 1994 വരെ | 35 | 26 | 24 |
| ,, | 1995 | 16 | 8 | 19 |
| കള്ളമല | കണക്ക് ലഭ്യമല്ല. | | | |

അവലാംബം: സെക്കണ്ടറി ഡാറ്റ

**കർഷകത്തൊഴിലാളി പെൻഷൻ കിട്ടുന്നവരടെ വിവരം**

| വർഷം | 1991 | 1992 | 1993 | 1994 | 1995 |
|---|---|---|---|---|---|
| അഗളി വില്ലേജ് | 114 | 114 | 131 | 114 | 109 |
| കള്ളമല വില്ലേജ് | 35 | 35 | 40 | 35 | 33 |

അവലബ്: സെക്കണ്ടറി ഡാറ്റ

വിദ്യാഭ്യാസം കഴിഞ്ഞവർ കാർഷിക രംഗങ്ങളിലേക്ക് കടക്കാതെ തൊഴി അന്വേഷകരായ മാറുന്ന അവസ്ഥയാണ് ഇന്ന് നിലവിൽ ഉള്ളത്. തൊഴിൽ രഹിതരായവർക്ക് പേർ രജിസ്റ്റർ ചെയ്യാൻ മണ്ണാർക്കാട് പോകേണ്ട അവസ്ഥയാണ് ഇപ്പോൾ ഉള്ളത്. അഗളിയിൽ ഉണ്ടായിരുന്ന എംപ്ലോയിമെൻറ് എക്സ്ചേഞ്ച് വീണ്ടും തുറന്ന് പ്രവർത്തിക്കേണ്ടതണ്.

**തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരുടെ വിവരം**

| വർഷം | വേതനംകൈപ്പറ്റുന്നവരുടെഎണ്ണം | തുക |
|---|---|---|
| 1991 | 92 | 16,530 |
| 1992 | 95 | 62,330 |
| 1993 | 96 | 40,720 |
| 1994 | 107 | 72,290 |
| 1995 | 118 | 57,390 |
| 1998 | 117 | 47,240 |

അവലംബം:. സെക്കണ്ടറി ഡാറ്റാ

**പ്രശ്നങ്ങൾ**

1. ജനസംഖ്യയുടെയും ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ വാർഡുകൾ പുനർനിർണ്ണയം നടത്താത്തതിനാൽ വികസന പ്രവർത്തനങ്ങൾ പര്യാപ്തമല്ല.

2. അംഗന്വാടികളുടെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.

3. അംഗന്വാടി ജീവനക്കാരുടെ ഹേണറേറിയം ഇന്നത്തെ ജീവിതം ചിലവുമായി പൊരുത്തപ്പെടുന്നതല്ല.

4. കുട്ടികളിൽ പോഷണ ദാരിദ്ര്യംനിലനിൽക്കുന്നു.

## പട്ടിക 4

### കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

| പ്രായം | നോർമൽ | | 1ാം ഗ്രേഡ് | | 2 ാം ഗ്രേഡ് | | 3ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആണ് | പെണ്ണ് | ആണ് | പെണ്ണ് | ആണ് | പെണ്ണ് | ആണ് | പെണ്ണ് |
| ഒരുവയസ്സിന്താഴെ | 120 | 106 | 75 | 72 | 22 | 28 | - | - |
| 1- 3വയസ്സ് | 187 | 159 | 147 | 151 | 77 | 2 | 8 | |
| 3- 6വയസ്സ് | 183 | 135 | 146 | 150 | 87 | 83 | | 5 |

1 -ാം ഗ്രേഡ് ലഘുവായ പോഷണക്കുറവുള്ളവർ

2 -ാം,,, മിതമായ പോഷണക്കുറവുള്ളവർ

3ാം,,, ഗുരുതരമായ പോഷണക്കുറവുള്ളവർ

അവലംബം: സെക്കണ്ടറി ഡാറ്റ

5. പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ യാത്രക്കാർക്ക് പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാൻ സൗകര്യമില്ല.

6. വിവിധപെൻഷനുകൾ യഥാക്കാലം ലഭിക്കുന്നില്ല. കിട്ടുന്ന തുക പര്യാപ്തമല്ല.

7. റേഷന് കാർഡുകൾ കിട്ടാത്തവർ ഇനിയും ഉണ്ട്

8. വാർത്താവിനിമയ സൗകര്യങ്ങളുടെ കുറവ്

9. കർഷകർക്ക് പെൻഷന് കിട്ടാന് വ്യവസ്ഥയില്ല.

10. പ്രധാന റോഡുകളുടെ പുറമ്പോക്കുകൾ സ്വകാര്യവ്യക്തികൾ കൈയേറുന്നു.

### സാദ്ധ്യതകൾ

1. പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കുക. (അഗളി, ഗൂളിക്കടവ്, പാക്കുളം, കോട്ടത്തറ, താവളം, കൽക്കണ്ടി, മുക്കാലി)

2. പെൻഷൻ വ്യവസ്ഥകൾ ഉദാരമാക്കുക, തുക വർദ്ധിപ്പിക്കുക.

3. പഞ്ചായത്ത് തലത്തിൽ റേഷൻകാർഡ് വിതരണത്തിന് സംവിധാനം ഉണ്ടാക്കണം

4. വാർഡുകൾ പുനർ നിർണ്ണയം നടത്തുക.

5. റിപ്പയർ ചെയ്യാനുള്ള എല്ലാ അംഗനവാടികളും ഉടനെ തന്നെ റിപ്പയർ ചെയ്യുകയും, കുടിവെള്ളം, ആവശ്യമായ കളി കോപ്പുകൾ എന്നിവ ലഭ്യമാക്കുക,

6. എല്ലാ അംഗൻവാടികൾക്കും കക്കൂസും ചുറ്റുമതിലും നിർമ്മിക്കുക

7. കെട്ടിടം ഇല്ലാത്ത 6 അംഗൻവാടികൾക്ക് കെട്ടിടം ഉണ്ടാക്കുക

**8. പുതിയതായി അംഗന്വാടികൾ അനുവദിക്കേണ്ട സ്ഥലങ്ങൾ**

| ക്രമനമ്പർ | വാർഡ് | സ്ഥലം |
|---|---|---|
| 1. | 1. | നട്ടക്കല്ല് ഊവ് |
| 2. | ,, | കൽക്കണ്ടിയൂർ |
| 3. | 3 | താഴെ ഊര് |
| 4. | 5. | ദൈവക്കുണ്ട് |
| 5. | ,, | മന്ദിമല ഊർ |
| 6. | 6. | ദുണ്ടൂർ |
| 7. | 5. | മുന്നൂർ ഭാഗം |
| 8. | 7. | ആനഗദ്ദ |
| 9 | ,, | പല്ലിയറ |
| 10. | 9 | ഓടപ്പെട്ടി |
| 11. | ,, | അച്ചൻമുക്ക് |
| 12. | ,, | തോമമുക്ക് |
| 13. | 10. | പ്ലാമരം |
| 14. | ,, | താവളം |
| 15. | ,, | താഴെ പരപ്പൻ തറ |
| 16. | 11. | ചെമ്മണ്ണൂർ ഊര് |
| 17. | ,, | നോർത്ത് ഓമ്മല |
| 18. | 12. | ചോലക്കാട് |

| | | |
|---|---|---|
| 19. | 13. | പുളകുന്ന് |
| 20. | ,, | വണ്ടൻപാറ |

9. എല്ലാ കർഷകർക്കും പെൻഷൻ അനുവദിക്കുക

10. പഞ്ചായത്തിനുള്ളിലെ എല്ലാ റോഡുകളുടെയും പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തുക

11. ടെലിഫോണിന് അപേക്ഷ നൽകി പണമടച്ചിരിക്കുന്ന കാരറ, ജെല്ലിപ്പാറ, മുണ്ടൻപ്പാറ, ഒമ്മല, ഓടപ്പെട്ടി, ദോണിഗുണ്ട്. പ്രദേശത്തുള്ളവർക്ക് ഉടനനെ കണക്ഷൻ നൽകുക.

12. ഗുളിക്കടവിൽ ഒറു പാർക്ക് നിർമ്മിച്ച് ടെലിവിഷന് സെററ് സ്ഥാപിക്കുക.

13. ഗുളിക്കടവിലെ എ. വി. ഐ. പി കോർണർ പൊളിച്ച് അവിടെ ഓട്ടോ ടാക്സി സ്ററാൻറ് സ്ഥാപിക്കുക

14. ഒരോ വാർഡിലും ഓരോ മാതൃകാ അംഗൻവാടികൾ സ്ഥാപിക്കുക

15. കേടുവന്ന വൈദ്യുത പോസ്ററുകൾ മാറ്റി സ്ഥാപിക്കുക

16. പഞ്ചായത്തിലെ മുഴുവൻ ജനങ്ങളെയും സൗജന്യമായി ഇൻഷൂർ ചെയ്യുക

17. കാരറഅംഗൻവാടിയുടെ അടുത്തുളള ട്രാൻസ്ഫോർമറിന് ചുററും വേലി കെട്ടുക

18. പഞ്ചായത്ത് സ്റേറഡിയത്തിന് സ്ഥിരം സ്റേറജ് നിർമ്മിച്ച് മേൽക്കുരയും ഹാൾ സൗകര്യവും ഏർപെപ്പടുത്തുക

19. ഏല്ലാവാർഡുകളിലും പൊതു കളിസ്ഥലം ഉണ്ടാക്കുക

20. 9-ാം വാർഡിൽ ഒരു മിനി സ്റേറഡിയം നിർമ്മിക്കുക

21. 13-ാം വാർഡിലെ സാംസ്കാരിക നിലയം തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടിയെടുക്കുക ,ടി. വി. നൽകുക

22. 7-ാം വാർഡിൽ കമ്മ്യൂണിറ്റിഹാൾ നിർമ്മിക്കുക

23. 8-ാം വാർഡിൽ ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക

24. പ്രായപൂർത്തിയായ മക്കൾ ഉള്ളവർക്കും വാർദ്ധക്യകാല പെൻഷൻഅനുവദിക്കണം

25. പഞ്ചായത്തിൽ അഗതി മന്ദിരം സ്ഥാപിക്കുക.

26. മദ്യവർജ്ജനത്തിന് ബോധവല്ക്കണരം നടത്തുക

27. അവിവാഹിതരായ അമ്മമാർക്ക് ക്ഷേമസ്ഥാപനം സ്ഥാപിക്കുകയും ഇത്തരം ആളുകളെ പുനരധിവസിപ്പിക്കുകയും ചെയ്യുക

28. അഗളിയിൽ വനിതാ ജീവനക്കാർക്ക്വേണ്ടി ഹോസ്ററൽ നിർമ്മിക്കുക

29. പതിനൊന്നാം വാർഡിൽ മല്ലീശ്വര ക്ഷേത്രിതനോട് ചേർന്ന് കല്ല്യാണ മണ്ഡപം നിർമ്മിക്കുക.

30. പഞ്ചായത്തിൻെറ നിലവിലുള്ള കല്യാണ മണ്ഡപത്തിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

31. അംഗൻവാടികളോടു ചേർന്ന് ക്രഷെകർ ആരംഭിക്കുക

32. വിദൂര ഊരുകളിൽ നിന്ന് പെട്ടെന്നു രോഗം ബാധിച്ചവരെ ആസ്പത്രിയിൽ എത്തിക്കുന്നതിനുള്ള ചെലവ് നിർവ്വഹിക്കാനായി ഒരു സ്ഥിരം സംവിധാനം ഏർപ്പാടു ചെയ്യുക. ഇത്തരത്തിലുള്ളസൗകര്യം ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന എല്ലാ കുടിയേറ്റക്കാർക്കും ലഭ്യമാക്കുക.

**റേഷൻകടകൾ**

മുഴുവൻ റേഷൻകടകളിൽനിന്നും ആവശ്യപ്പെട്ട രേഖകൾ ലഭിക്കാത്തതിനാൽ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടേയോ മണ്ണെണ്ണയുടേയോ മൊത്തം കാർഡുകളുടേയോ വിവരങ്ങൾ ചേർക്കാൻ കഴിഞ്ഞിട്ടില്ല. അർഹതയുള്ള പലർക്കും റേഷൻ കാർഡുകൾ ലഭിച്ചിട്ടില്ലയെന്നും അർഹതയില്ലാത്ത കാർഡുകൾ വർഷങ്ങളായി നിലനില്ക്കുന്നുമെന്നുമുള്ള അവസ്ഥ നിലനിൽക്കുന്നുണ്ട്. യഥാസമയം റേഷന് കടകളിനിന്നും സാധനങ്ങൾ സർക്കാർ നിരദ്ദേശിച്ചിരിക്കുന്ന അളവിലും തൂക്കത്തിലും വിലയിലും ലഭിക്കുന്നില്ലായെന്നും സബ്സിഡി നിരക്കിൽ അരിവിതരണം നടത്തുന്നതിൽ പാകപ്പിഴവുകളുണ്ടെന്നും ഗ്രമസഭാറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഭൂവിസ്തൃതി കണക്കിലെടുത്ത് കുടുതൽറേഷൻ കടകൾ അനുവദികേണ്ടതുണ്ട്. റേഷൻ കടകളിലൂടെ വെളിച്ചെ ണ്ണവിതരണം ആരംഭിക്കണം.

# 13
# വനിതാ ക്ഷേമം

ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ വനിതകൾ മഹത്തായ പങ്ക് വഹിച്ചിട്ടുണ്ട്. ഗ്രാപഞ്ചായത്തുതലം മുതൽ കേന്ദ്രഭരണം വരെ കയ്യാളാൻ സ്ത്രീകൾ പ്രാപ്തരാണെന്നു തെളിയിച്ചിരിക്കുന്നു. ചരിത്രാതീത കാലം മുതൽ തന്നെ സ്ത്രീകൾ അവഗണനയുടെ കയ്പുനീർ അനുഭവിക്കേണ്ടിവന്നവരാണ്. ദൗർഭാഗ്യവശാൽ ചില മതങ്ങളും സ്ത്രീ സ്വാതന്ത്ര്യത്തിനെതിരായ നിലപാട് സ്വീകരിക്കുകയുണ്ടായി. ഭാര്യ എന്ന കടമ മാത്രം നിർവഹിക്കാൻ വിധിക്കപ്പെട്ട വരാണു സ്ത്രീകൾ എന്ന അലിഖിത വ്യവസ്ഥ ഒരു കാലഘട്ടത്തിൻെറ മുഴുവന് പ്രത്യേകതയായിരുന്നു ദേശീയ പ്രസ്ഥാനത്തിൻെറ ആവിർഭാവത്തോടുകൂടി ഇതിന് മാററംവന്നു. പുരോഗമന പ്രസ്ഥാനങ്ങളുടെയും, വനിതാ വിമോചന പ്രസ്ഥാന ങ്ങളുടെയും ശ്രമകരമായ പ്രവർത്തന ഫലമായി തുല്യപദവി നേടിയെടുക്കാൻ കഴിഞ്ഞതു ചരിത്ര സത്യമാണ്. എന്നാലും നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതായിട്ടുണ്ട്.

അഗളി പഞ്ചായത്തിലെ സ്ഥതി വിഭിന്നമല്ല. വനിതാ സംഘടനകളുടെ പ്രവർത്തനം നാമമാത്രമാണ്. അട്ടപ്പാടിയിലെ സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങൾ സ്ത്രീ വിദ്യാഭ്യാസത്തിനും, തൊഴിൽ ലഭ്യതക്കും വിഘാതമായിനിന്ന് ഘടകങ്ങളാണ്. സാക്ഷരതാ പരിപാടി മുഖേന ഒരു സമൂഹത്തിനു മുഴുവൻ അക്ഷരത്തിൻെറ വെള്ളിവെളിച്ചം പ്രദാനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. തുടർവിദ്യാഭ്യാസ പരിപാടിയിലൂടെ ഈ നേട്ടം ഉറപ്പുവരുത്തേണ്ടതാണ്. ദേശീയ സംസ്ഥാന സ്ത്രീ പുരുഷ അനുപാതത്തി നിന്നു വിഭിന്നമാണ് ഈ പഞ്ചായത്തിലെ സ്ത്രീ പുരുഷ അനുപാതം.

പട്ടിക 1

| ആകെ ജനസംഖ്യ | പുരുഷൻ | സ്ത്രീ | വ്യത്യാസം |
|---|---|---|---|
| 32,738 | 16,433 | 16,305 | 128 പുരുഷൻ |

അവലംബം: 1991 ലെ സെൻസസ്സ്

പട്ടിക 2

| പട്ടിക ജാതി | | | പട്ടിക വർഗ്ഗം | | |
|---|---|---|---|---|---|
| പുരുഷൻ | സ്ത്രീ | വ്യത്യാസം | പുരുഷൻ | സ്ത്രീ | വ്യത്യാസം |
| 2431, | 2223 | +208 (പുരുഷൻ) | 4748 | 4759 | +11 (സ്ത്രീ) |

അവലംബം: 1991 ലെ സെൻസസ്സ്

ഈ പട്ടികയിൽ നിന്ന് സ്ത്രീ പുരുഷ അനുപാതത്തിൽ നേരിയ വ്യത്യാസമേ ഉള്ളുവെന്നും, പട്ടിക വർഗ്ഗ വിഭാഗത്തി മാത്രമാണ് സ്ത്രീകൾ കൂടുതലെന്നും വ്യക്തമാവുന്നു.

ഈ പഞ്ചായത്തിലെ ഭൂരിഭാഗം സ്ത്രീകളും കർഷക ത്തൊഴിലാളികളാണ്. ജില്ലയുടെ വിവധ ഭാഗങ്ങളിൽ നിലനിൽക്കുന്ന വേതനം പോലും ലഭിക്കുന്നില്ലെന്ന് മാത്രമല്ല കൂടുതൽ സമയം ജോലി ചെയ്യാൻ നിർബന്ധിതരാവുന്നു വനിതാ തൊഴിൽ പരിശീലനത്തിനായി വ്രർത്തിക്കുന്ന DWCRA യൂണിറ്റുകളുടെ പ്രവർത്തനം ഫലപ്രദമല്ല.

പട്ടിക 3

| ക്രമനമ്പർ | യൂണിറ്റിൻെറ പേര് | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം. |
|---|---|---|
| 1. | ഡയറി യൂണിറ്റ്, കുക്കംപാളയം | 13 പേർ |
| 2. | ഡയറി യൂണിറ്റ്, കതിരംപതി | 14 ,, |
| 3. | ഡയറി യൂണിറ്റ് മുണ്ടമ്പാറ ജ്യോതിമഹിളാ സമാജം | 15 ,, |
| 4. | ഡയറി യൂണിററ് കാരറ ദീപതി മഹിളാ സമാജം | 15 ,, |

അവലംബ്4 സെക്കണ്ടറി ഡാറ്റ

പ്രശ്നങ്ങൾ

1. തൊഴിലില്ലായ്മ രൂക്ഷമായി നിലനിൽക്കുന്നു. തുഛമായ വേതന വ്യവസഥയാണ് നിലവിലുള്ളത്

2. സ്ത്രീകൾക്കെതിരായുള്ള അതിക്രമം.

3. വിദ്യാഭ്യാസ സൗകര്യങ്ങളുടെ അപര്യാപ്തതയും ഉയർന്ന വിദ്യാഭ്യാസത്തിൻെറ അഭാവവും.

4. ബോധനിലവാർത്തിൻെറകുറവുമൂലം പൊതുരംഗത്തുള്ള പങ്കാളിത്തക്കുറർ

5. മദ്യം. മയക്കുമരുന്ന് എന്നിവയുടെ സ്വാധീനം

6. തൊഴിൽ പരിശീലനകേന്ദ്രങ്ങളുടെ അപര്യാപ്തത

7. ' ക്രഷെ' കളുടെ അഭാവം.

സാധ്യതകൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മാ രൂക്ഷത കുറയ്ക്കാൻ അനവധി പരിപാടികൾ നടപ്പിലാക്കാൻകഴിയും. വനിതാ സഹകരണ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, തയ്യൽ, അച്ചാർ, സോപ്പ്, മെഴുകുതിരി, മെത്ത, ചന്ദനത്തിരി, തുടങ്ങിയ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. ഖാദിഗ്രാമ വ്യവസായ യൂണിറ്റ് ആരംഭിച്ചാൽ അനവധിപേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാവും. വ്യാപകമായി പരുത്തികൃഷി നടത്തുന്ന ഈ പ്രദേശത്ത് അനുബന്ധ വ്യവസായങ്ങൾക്ക് സാധ്യത ഏറെയാണ് കൂടാതെ, മുട്ടക്കോഴി, ഇറച്ചിക്കോഴിവളർത്തൽ, ആട്, പശു വളർത്തൽ എന്നിവയും കുടുംബ ബന്ധസുരക്ഷിതത്വത്തേക്കാളുപരിസമ്പാദ്യം വർദ്ധിപ്പിക്കാനുതകുന്നവയാണ് . ഈ പ്രദേശത്ത് ലഭ്യമായ പഴവർഗ്ഗങ്ങൾ ഉപയോഗിച്ചുകൊണ്ട് സ്ക്വഷ്, ജാം മുതലായവ നിർമ്മിക്കാനാവും സ്ത്രീകൾക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന കൂലിയിൽ ഗണ്യമായ വർദ്ധന ആവശ്യമാണ്.

2. സ്ത്രീകൾക്കെതിരായി അതിക്രമം ഏറ്റവും കൂടുതൽ നടക്കുന്ന പ്രദേശമാണ് അഗളി. അതിക്രമങ്ങൾക്കെതിരെ കുറ്റമറ്റ നടപടി സ്വീകരിക്കുന്നതിന് ഒരു വനിതാ സെൽ രൂപീകരിക്കേണ്ടതാണ്.

3. വിദ്യാഭ്യാസ സൗകര്യങ്ങളുടെ അപര്യാപ്തകൊണ്ടുതന്നെ ഉയർന്ന വിദ്യാഭ്യാസം നേടാൻകഴിയാതെ വരുന്നു. പ്രശ്നപരിഹാരത്തിനാവശ്യമായ മാർഗ്ഗങ്ങൾ ഉണ്ടാകേണ്ടതുണ്ട്. കോളേജ്, ഐ. ടി. ഐ / ഐ. ടി.സി. തുടങ്ങിയവ ഈ ദിശയിൽ ആരംഭിക്കേണ്ടതാണ്. കൂടാതെ നിലവിലുള്ള ഏക തൊഴിലധിഷ്ടിത വിദ്യാഭ്യാസ സ്ഥാപനമായ ടി. ജി. എം. ടി സെൻ്റര വിപുലീകരിക്കാവുന്നതാണ്.

4. വിദ്യാഭ്യാസ നിലവാരത്തിൻെറ അപര്യാപ്തത ബോധ നിലവാരത്തേയും സ്വാധീനിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ പൊതുരംഗത്തുള്ള വനിതാ പ്രാതിനിധ്യം കുറവാണ് ഫലപ്രദമായ ബോധവൽക്കരണ ക്ലാസ്സുകളിലൂടെ ഇതിന് പരിഹാരം കാണാനാവും. മഹിളാ സമാജങ്ങളുടെ സജീവ സാന്നിദ്ധ്യവും ഇതിന് സഹായകരമായിരിക്കുമെന്നതുകൊണ്ട് മഹിളാ സമാജങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനാവശ്യമായത് ചെയ്യേണ്ടതാണ്.

5. മദ്യം മയക്കുമരുന്ന് എന്നിവയുടെ സ്വാധീനം സമൂഹത്തിലേറി വരുന്നത് സാമൂഹ്യബന്ധങ്ങളെപ്പോലും തകർക്കുന്നു. ഫലപ്രദമായ സെമിനാറുകൾ ചർച്ചാക്ലാസുകൾ

എന്നിവയിലൂടെ ഈ സാമാഹ്യ വിപത്തിനെ തടയാനാകും.

6.മാനവവിഭവശേഷിയടെ കാര്യത്തിൽ സമ്പന്നമാണ് ഈ പഞ്ചായത്ത് എന്നാൽ ട്രൈസം, ഡി. ഡെബ്ല്യൂ. സി. ആർ. എ എന്നിവയുടെ പ്രവർത്തനം ഈ വിഭവശേഷി ഉപയോഗപ്പെ ടുത്താൻ തീരെസഹായകരമല്ല. ഇത്തരം പദ്ധതികൾ വിപുലീകരിക്കുകയം ശക്തിപ്പെടുത്തുകയും വഴി വനിതക ളുടെ തൊഴിൽ പരിശീലനരംഗത്തെ പ്രശ്നം പരിഹരിക്കാനാകും.

7. തൊഴിലെടുക്കുന്ന അമ്മമാരുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കാനുതകും വിധത്തിൽ എല്ലാ അംഗന വാടികളോടും അനുബന്ധിച്ച് ക്രെഷെകൾ ആരംഭിക്കാവുന്നതാണ്.

8. വിദൂര ദേശങ്ങളിൽ നിന്നും ജോലി തേടിയെത്തുന്ന വനിതകൾക്ക് അഗളിയിൽ പാർപ്പിട സൗകര്യമില്ല. അതു കൊണ്ടുതന്നെ ഇവിടെ നിയമനം ലഭിക്കുന്ന വനിതകൾ ജോലിയിൽ തുടരുവാൻ മടിക്കുന്നു. ഈ സാഹചര്യത്തിൽ അടിയന്തിരമായ ഒരു വനിതാ ഹോസ്ററൽ ആരംഭിക്കേണ്ടതാണ്.

9. ബസുകളിൽ 40 ശതമാനം സീറ്റ് സ്ത്രീകൾക്കായ സംവരണ് ചെയ്തിട്ടുണ്ടെങ്കിലും പലപ്പോഴും നീതി നടപ്പാക്കപ്പെടുന്നില്ല. ഈ സംവരണം സംരക്ഷിക്കപ്പെടേണ്ടതാണ്.

10.സാമ്പത്തികമായ പിന്നോക്കം നിൽക്കുന്ന യുവതികളെ ഇന്നത്തെ രീയിതിൽ വിവാഹം നടത്തി കൊടുക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ സമൂഹ വിവാഹം സംഘടിപ്പിക്കാവുന്നതാണ്.

**ഗ്രാമസഭാനിർദ്ദേശങ്ങൾ**

1.വിവാഹം കഴിക്കാത്ത അമ്മമാരെ പുനരധിവസിപ്പിക്കുവാൻ തൊഴിലും പാർപ്പിടവും നൽകുക

2.വിധവകളുടെമക്കൾക്കുള്ള വിവാഹ സഹായത്തിനുള്ളതുക വർദ്ധിപ്പിക്കണം.

3. വനിതകൾക്കായ ഓട്ടോറിക്ഷ ഡ്രൈവിംഗ് പരിശീലന സെൻറർ തുറക്കണം.

4. സാങ്കേതിക വിദ്യാഭ്യാസവും പരിശീലവും നല്കുന്ന സ്ഥാപനം ആരംഭിക്കുക.

5. കുടിൽ വ്യവസായ യൂണിറ്റുകൾ തുടങ്ങാന വനിതകൾക്ക് പ്രത്യേകം സംരംഭങ്ങൾ തുടങ്ങണം.

6. കൂടുതൽ ഡി. ഡബ്ലിയൂ സി. ആർ എ . യൂണിറ്റുകൾ തുറക്കുക.

7. ജല്ലിപ്പാറയിലും അഗളിയിലും വനിതാ ഹോസററൽ ആരംഭിക്കുക.

8. വനിതാ ജീവനക്കാർ ഉള്ള സ്ഥാപനങ്ങളിൽ നിർബന്ധമായും പ്രാഥമികസൗകര്യങ്ങൾ ഉണ്ടാക്കണം.

9. സർക്കാര സ്ഥാപനങ്ങളിൽ പി.ടി.സി. എം. ജീവനക്കാരായിഅട്ടപ്പാടിയിൽ നിന്നും പേർ രജിസ്ററർ ചെയ്തവരെ തന്നെ നിയമിക്കുക.

# 14
# പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

അഗളി ഗ്രാമപഞ്ചായത്തിൽ ആകെജനസംഖ്യയുടെ 29 ശതമാനം പട്ടിക വർഗ്ഗ വിഭാഗവും 5.04 ശതമാനം പട്ടിക ജാതി വിഭാഗവുമാണ്. 56 ഊരുകളിലായി 2100 കുടുംബങ്ങളുള്ള പട്ടിക വർഗ്ഗ വിഭാഗത്തിൽ 285 കുടുംബങ്ങൾ മുഡുക ജാതിയി പെട്ടവരും 1815 ഇരുളജാതിയിൽ പെട്ടവരുമാണ്. പട്ടിക ജാതി കുടുബങ്ങളുടെ കണക്ക് ലഭ്യമല്ല. 1991 ലെ സെൻസസ് പ്രകാരം ജനസംഖ്യാനിരക്ക് ഇപ്രകാരമാകുന്നു. ആകെ ജനസംഖ്യ. 32 739, എസ്. സി. 1653, എസ്ടി. 9548 എന്നിങ്ങനെയാണ്.

എന്നാൽ 1996 ഒക്ടോബർ മാസത്തിലെ ICDS സർവേ പ്രകാരം 16686 പുരുഷൻമാരും 17007 സ്ത്രീകളും അടക്കം 33693 ആളുകളാണ് അഗളി പഞ്ചായത്തിൽ ആകെ താമസിക്കുന്നത്.ഇതിൽ 3031 എസ് സി. വിഭാഗത്തിൽപ്പെട്ട ആളുകളും എസ്. ടി. വിഭാഗത്തിൽ 9209 ആളുകളുമാണുള്ളത്. ആകെ ജനസംഖ്യയിൽ 1991- 96. കാലയളവിലെ താരതമ്യത്തിൽ വളരെ കുറഞ്ഞ വ്യത്യസാമാണുകാണുന്നത്. അതായത് 954 എന്നാൽ എസ്.സി. വിഭാഗത്തിൽ ജനസംഖ്യാനിരക്ക് വളരെ കുടിയവർദ്ധനവുണ്ടായതായി കാണുന്നു. 1991. ലെ 1653 1996-ൽ 3031-ആപ്പോൾ വ്യത്യാസം 1378. ഇതിനുകാരണമായി പറയുവാനുള്ളത് കുടിയേററത്തിൽ സാരമായ വർദ്ധനവുണ്ടായി എന്നുള്ളതാണ്. എന്നാൽ എസ്. ടി. വിഭാഗത്തിൽ 1991- 96 കാലയളവിൽ 339 അംഗ ങ്ങളുടെ കുറവാണ് രേഖപ്പെടുത്തുന്നത്. ഇതിനു കാരണം ജനസംഖ്യാനിയന്ത്രണത്തിൽ എസ് ടി വിഭാഗത്തെ ഏതെങ്കിലും തരത്തി നിർബന്ധിത കുടുംബാസൂത്രണപ്രക്രിയയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.

പട്ടിക - 1

SC, S.T ജവവിഭാഗങ്ങളുടെ വളർച്ചാനിരക്കിന്റെ താരതമ്യപഠനം 1991 മുതൽ 1996 വരെ

| വിഭാഗം | 91ലെ സെൻസസ് പ്രകാരമുള്ളജനസംഖ്യ | 96 ഒക്ടോബർ മാസം വരെ | വ്യത്യാസം |
|---|---|---|---|
| എസ്.സി. | 1653 | 3031 | 1378 വർദ്ധവ് |
| എസ്.ടി. | 9548 | 9209 | 339 കുറവ് |

അവലംബം:ICDS അട്ടപ്പാടിയുടെ 96 ഒക്ടബർ വരെയുള്ള സർവേ റിപ്പോർട്ട്

അട്ടപ്പാടിയിലെ പട്ടികവർഗ്ഗത്തിൽ മൂന്നുവിഭാഗങ്ങൾ ഉണ്ട് അത് ഇവയാണ്. കുറുമ്പ, ഇരുള, മുഡുക അഗളി പഞ്ചായത്തിൽ ഇതിൽ രണ്ടുവിഭാഗങ്ങളാണുള്ളത്. ഇരുളരും മുഡുകളരുമാണ് ഈ വിഭാഗങ്ങൾ. ഇവർ കൂട്ടം കൂട്ടമായ പണ്ടുമുതലേ ജീവിച്ചുവരുന്നു. ഇങ്ങനെ താമസിക്കുന്ന സ്ഥലങ്ങൾക്കാണ് ഊരുകൾ എന്നുപറയുന്നത്. ഊരുകളുടെ അധിപനായി ഓരോ ഊരിനും ഊരുമൂപ്പൻ എന്ന പേരിൽ ഒരാൾ ഉണ്ടായിരിക്കും. ഊര് കേന്ദ്രീകരിച്ച് ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് ഊരിലെ യോഗത്തിൽ വെച്ച് ഊരുമൂപ്പൻ നിർണ്ണയിച്ചു വിധിക്കുന്നതാണ് അന്തിമതീരുമാനം. ഇതിനുപുറമെ ഭണ്ഡാരി ഊരിലെ ധാന്യശേഖരത്തിന്റെ ചുമതല വഹിക്കുന്ന മുഖ്യവ്യക്തിയും കുറുതല എന്ന സ്ഥാനപ്പേരിൽ ഊരിലുണ്ടാകുന്ന രോഗങ്ങൾക്ക് ചികിത്സാ വിധി നിർണ്ണയി ക്കുന്ന മററൊരാളും കൃഷിയിറക്കാൻ കാലമാകുന്ന സമയത്ത് ആദ്യമായി കൃഷിഭൂമിയിൽ വിത്തിറക്കാൻ ചുമതലപ്പെട്ട മണ്ണുക്കാരൻ എന്നറിയപ്പെടുന്ന ആളും അടക്കം

നാല് പ്രധാന ആളുകാളാണ് ഊരിലുള്ളത്. ആദ്യകാലങ്ങളിൽ ഇവർ വേട്ടയാടിയും തേനും കായകനികളും കോറ, ചാമ, തിന, ചോളം എന്നീ തനതായ കാർഷിക ഉല്പന്നങ്ങളിൽനിന്നുള്ള ഭക്ഷണ പദാർത്ഥങ്ങളുമുപയോഗിച്ചാണ് ജീവിച്ചുപോന്നത്.

കുടിയേററകരഷകരുടെ വരവോടുകൂടി പട്ടികവർഗ്ഗ വിഭാഗത്തിന് നേരിയതോതിലുള്ള സാംസ്കാരി പരിവർത്തനം കണ്ടുതുടങ്ങിയതായി ചരിത്രത്തിൽ നിന്നു മനസ്സിലാക്കാൻ കഴിയുന്നു. എന്നാൽ 1957- 59 കാലയളവിലെ സർക്കാർ ഭൂനിയമ ബിൽ വന്നതോടെ ഇവർ ജന്മികളാവുകയും ടി കാലഘട്ടത്തിൽ കച്ചവടക്കണ്ണുമായി അട്ടപ്പാടിയിലെത്തി ഊരുകളിൽ സ്വാധീനമുറപ്പിച്ചവരിൽ നിന്നും ഇവർ ചൂഷണത്തിനു വിധേയമായതായും ഊരുമൂപ്പൻമാരുമായി നടത്തിയ ചർച്ചയിൽ നിന്നും മനസ്സിലാക്കാനാവും. എന്നാൽ 1965 - 66 മുതലുള്ള കുടിയേററകർഷകരുടെ വരവും അവരുമായുള്ള നിരന്തരമായ സമ്പർക്കവും സഹവാസവും വഴി ഇവരിൽ സാരമായ പരിവർത്തനം വന്നുതുടങ്ങി. നാണ്യവിളകൾ ഉല്പാദിപ്പിക്കുന്ന കൃഷിത്തരങ്ങൾ, കലാകായിക രംഗങ്ങളിലെ വളരച്ച, മലയാള ഭാഷ അനായാസമായി കൈകാര്യം ചെയ്യാനുളള പ്രാപ്തി, സംസ്കാരത്തിൽ അടിമുടിവന്ന വ്യത്യാസം, വിദ്യാഭ്യാസ താല്പര്യം, വസ്ത്രധാരണ രീതിയിൽ വന്ന മാററം, സ്വന്തം കാര്യങ്ങളിൽ മദ്ധ്യവർത്തിയുടെ ആവശ്യമില്ലാതെ സ്വന്തമായി സാധിച്ചെടുക്കുവാനുള്ള പ്രാപ്തി എന്നിങ്ങനെ നിരവധി രംഗങ്ങളിൽ വന്ന കാതലായ പരിവർത്തനം ഈ മേഖലയിൽ കാണാൻ കഴിയുന്നു.

പട്ടിക 2

| നമ്പർ | വാർഡ്നമ്പർ | ഊരുകൾ | കുടുംബങ്ങളുടെ എണ്ണം. | വിഭാഗം |
|---|---|---|---|---|
| 1. | 1. | കൽകണ്ടിയൂർ | 38 | ഇരുള |
| 2. | ,, | വെള്ളമാരി | 62 | ,, |
| 3. | ,, | പട്ടിമാളം | 42 | ,, |
| 4. | ,, | വടക്കോട്ടത്തറ | 61 | ,, |
| 5. | ,, | നാട്ക്കല്ലൂർ | 9 | ,, |
| 6. | ,, | നായ്ക്കർപാടി | 28 | ,, |
| 7. | ,, | നായ്ക്കർപാടി(OLH) | 12 | ,, |
| 8. | ,, | വണ്ണാന്തുറമേട് | 12 | ,, |
| 9. | II | ഭൂതിവഴി | 110 | ,, |
| 10. | ,, | നരസിമുക്ക് | 48 | ,, |
| 11. | ,, | കെട്ടമേട് | 14 | ,, |
| 12. | III | അഗളിതാഴെഊര് | 38 | ,, |
| 13. | ,, | അഗളിമേലെഊര് | 42 | ,, |
| 14. | IV | കുന്നംചാള | 38 | ,, |
| 15. | ,, | കാവുണ്ടിക്കൽ | 98 | ,, |
| 16. | ,, | നക്കുപ്പതിഊര് | 65 | ,, |
| 17. | ,, | ഗൂളിക്കടവ് | 20 | ,, |
| 18. | ,, | നക്കുപ്പതിപിരിവ് | 15 | ,, |
| 19. | V | മന്തിമല | 25 | ,, |
| 20. | ,, | മാമണ | 48 | ,, |
| 21. | ,, | ദോണിഗുണ്ട് | 41 | ,, |
| 22. | VI | കാരറ | 40 | മുഡുക |
| 23. | ,, | ദുണ്ടൂർ | 30 | ,, |
| 24. | ,, | ഗണ്ടയൂർ | 43 | ഇരുള |
| 25. | VI-VII | കുറുക്കൻ കുണ്ട് | 15 | മുഡുക |
| 26. | VII | നെല്ലിപ്പതി | 80 | ഇരുള |
| 27. | ,, | കതിരമ്പതി | 104 | ഇരുള |
| 28. | ,, | ചിററൂർ | 28 | മുഡുക |
| 29. | ,, | പോത്തുപ്പടി | 47 | ഇരുള |
| 30. | ,, | പോത്തുപ്പാടിIInd | 26 | മുഡുക |

| | | | | |
|---|---|---|---|---|
| 31. | IX | സൗത്ത്മല | 15 | ഇരുള |
| 32. | " | ജല്ലിപ്പാറ | 26 | " |
| 33. | X | പരപ്പൻതറ | 52 | " |
| 34. | " | കരിവടം | 33 | " |
| 35. | " | താവളം | 10 | " |
| 36. | " | കൊറവൻകണ്ടി | 43 | " |
| 37. | XI | നോർത്ത്മല | 22 | മുഡുക |
| 38. | " | കണ്ടിയൂർ | 84 | ഇരുള |
| 39 | " | കൊല്ലംകടവ് | 40 | " |
| 40. | " | ഒസത്തിയൂർ | 31 | " |
| 41. | " | ചെമ്മണ്ണൂർ | 38 | " |
| 42. | " | കൂക്കംപാളയം 65 | | " |
| 43. | " | അടിയേക്കണ്ടിയൂർ | 65 | " |
| 44. | XII | കരുവാരഹം | 29. | " |
| 45. | " | കരുവാര | 15 | മുഡുക |
| 46. | " | വീരന്നൂർ | 14. | " |
| 47. | " | ചിണ്ടക്കി | 15 | " |
| 48. | " | ചിണ്ടക്കി 1 | 40 | ഇരുള |
| 49. | " | ചിണ്ടക്കിIInd | 16 | മുഡുക |
| 50. | " | മുക്കാലി | 26 | " |
| 51. | " | കൊട്ടിയൂർകുന്ന് | 6 | " |
| 52 | " | ചോലക്കാട് | 10 | " |
| 53. | " | കക്കുപ്പടിമേലെ | 15 | " |
| 54. | " | കക്കുപ്പടിതാഴെ | 17 | " |
| 55. | XIII | കള്ളമല 1 | 10. | " |
| 56. | " | കള്ളമല2 | 16. | " |
| | | ആകെ | 2100. | |

ഇരുളകുടുംബങ്ങൾ 1815

മുഡുകകുടുംബങ്ങൾ285

അവലംബംITDP അട്ടപ്പാടി.

### ആഘോഷം

ഇവരുടെ പ്രധാനപ്പെട്ട ഒരു ആഘോഷമാണ് മല്ലീശ്വരൻ കോവിലിലെ ശിവരാത്രി ഉൽസവം. ഇതിന്നുവേണ്ടി ഇവർ ദിവസങ്ങൾ തന്നെ നോമ്പ് ആചരിക്കാറുണ്ട്. ഈ ഉൽസവത്തിന് ഇവർ പ്രധാനമായി അതിഥി സൽക്കാരത്തിനുപയോഗിക്കുന്നത് പഴങ്ങളാണ്. കൂടാതെ തൈപൊങ്കൽ, വിഷുക്കണി എന്നീ ആഘോഷങ്ങളും ഇവർ വിപുലമായി കൊണ്ടാടാറുണ്ട്. ഇവർ മരണവും ഒരു ആഘോഷമായി കൊണ്ടാടുന്നു. മരണം സംഭവിച്ച ഊരിന്റെ പരിസരപ്രദേശങ്ങളിലെഊരുകളിലെ അവരുടെ തനതായ പരമ്പരാഗത വാദ്യാഘോഷത്തിന്റെ ഉപകരണങ്ങളുമായി മേളക്കാർ എത്തിച്ചേരുകയും വാദ്യമേളത്തോടൊപ്പമുള്ള ഇവരുടെ മറ്റൊരു കലയായ കൂത്തും തുടർച്ചയായി ഒന്നും രണ്ടും ദിവസങ്ങൾവരെ ശവം സൂക്ഷിച്ചുകൊണ്ടുള്ള ആഘോ ഷങ്ങൾ നടത്താറുണ്ട്. ഇതിനോടകം അറിയണ്ട ആളുകൾ മുഴുവൻ അറിഞ്ഞു മരണവീട്ടിൽ എത്തിചേരുകയും, തനതായ ആചാരപ്രകാരം ചുടലക്കാടുകളിൽ സംസ്കാരം നടത്തുക യും ചെയ്യുന്നു. മരണാനന്തരക്രിയയായി കഞ്ഞിച്ചീര് എന്നുപറയുന്ന ഒരുചടങ്ങാണ് മരിച്ച ആളിന്റെ ആത്മാവിനായി നടത്തുന്ന കർമ്മം. ഇതിന് നിശ്ചിത തിയതിയോ ദിവസമോ ഇല്ല. ഇവയെല്ലാം ഇവരുടെ തനതായ ഉൽവമാണെങ്കിൽ കൂടി, ഇപ്പോൾ ഇവിടെ നടക്കുന്ന അഗളി അയ്യപ്പൻ കോവിലിലെ പ്രാദേശിക ഉൽസവം മുതൽ തിരുവോണം പോലുള്ള ദേശീയ ഉൽസവങ്ങൾവരെ മറ്റെല്ലാവരേയും പോലെ തന്നെ ഇവരും പൂർവ്വാധികം ഭംഗിയായി കൊണ്ടാടുന്നു.

### വിദ്യാഭ്യാസം

ആദ്യകാലങ്ങളിൽ ലിപിയില്ലാത്തതും തമിഴ് ഭാഷയോടാഭിമുഖ്യമുള്ളതുമായവായ്മൊഴികളിലൂടെയാണ് ഇവർ ആശയവിനിമയം നടത്തിപ്പോന്നിരുന്നത്. എന്നാൽ കുടിയേററക്കാരുടെ വരവോടെ താൽക്കാലിക പഠനകേന്ദ്രങ്ങളിൽ ഒന്നിച്ചുചേരുന്ന കുടിയേറ്റ വിദ്യാർത്ഥികളോടൊപ്പം കളിയും ചിരിയുമായി സമയം ചിലവഴിച്ചുംകൊണ്ടാണ് വിദ്യാഭ്യാ സത്തിന്റെ പ്രാരംഭ ഘട്ടം കുറിച്ചത്. ഈ അവസ്ഥയിൽ നിന്നു ഘട്ടം ഘട്ടമായി വളർന്ന് ഇന്ന് ഡോക്ടർമാർ വരെ ഇവരുടെ ഇടയിൽ ഇപ്പോൾ ഉണ്ടായിട്ടുണ്ട്. ഇത്രയേറെ വിദ്യാഭ്യാസത്തിൽ ഇവർ പുരോഗതിയിൽ എത്തിയെങ്കിലും സാക്ഷരതപോലെ ജനക്ഷേമകരമായ പ്രവരത്തനങ്ങളിൽ ഭാഗികമായി മാത്രമേ പങ്കെടുത്തിക്കുവാനും അതിന്റെ ഗുണഭോക്താക്കളായി പരിണമിപ്പിക്കാനും സാധിച്ചിട്ടുള്ളൂ എന്നുള്ളത് വസ്തുതയാണ്. പട്ടിക വർഗ്ഗ

വിദ്യാർഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി അഞ്ച് എസ്.ടി ഹോസ്ററലുകളും (ചിണ്ടക്ക, മുക്കാലി, കുക്കം പാളയം, അഗളി ആൺട്ടികളുടെ ഹോസ്ററൽ, അഗളി പെൺട്ടികളുടെ ഹോസ്ററൽ) എന്നി വയും നെല്ലിപ്പതിയിൽ ഒരു എസ്. സി. ഹോസ്ററലും പ്രവർത്തിച്ചുവരുന്നു. ഇവയുടെ പലതിൻെറയും ഇപ്പോഴത്തെ അവസ്ഥ പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാത്ത സ്ഥിതിയിലാണുള്ളത്. ഈവിഭാഗത്തിലെകുട്ടികളുടെവിദ്യാഭ്യാസംപൂർത്തീകരിക്കാതെ ഓരോ ക്ലാസുകളിൽനിന്നു സ്കൂൾ വർഷം പൂർത്തകീരിക്കുന്നതിനുമുമ്പുതന്നെ കുട്ടികൾപഠനംനിർത്തുന്നു.

പട്ടിക 3

**എസ്, സി. എസ്.ടി. വിദ്യാർഥികളുടെ വിവരം**

| | ആൺ | പെൺ | ആകെ |
|---|---|---|---|
| S.C. St വിദ്യാർത്ഥികൾ | 706 | 801 | 1507 |
| തോറ്റുപഠിക്കുന്നവർ | 99 | 90 | 189 |
| കൊഴിഞ്ഞുപോയവർ | 85 | 68 | 153 |

അവലംബം : അഗളി ഗ്രാമ പഞ്ചായത്തിലുള്ള സ്കൂളുകളിൽ നിന്ന കിട്ടിയ റിപ്പോർട്ടിൻെറ ക്രോഡീകരണം

**തൊഴിൽ**

ആദ്യകാലങ്ങളിൽ ഇവരുടെ കൃഷി രീതകളിലെ ഒരു പ്രത്യേകത, കോമ, ചാമ, ചോളം, തെന എന്നിങ്ങനെയുള്ള കുറും പൂപ്പുകൃഷി നടത്തുന്നതിനു വേണ്ടി കാടുകൾ വെട്ടി ത്തെളിച്ച് തീയിട്ട് സ്ഥലം ഒരുക്കിയായിരുന്നു. ഇങ്ങനെയുള്ള കൃഷിയിടങ്ങളിൽ രണ്ടുകൃഷിയിൽ കൂടുൽ ഇവർകൃഷിയിറക്കാറില്ലായിരുന്നു. പിന്നീട് വേറെകാടുകൾ തിരഞ്ഞെടുത്ത് മേൽ പറഞ്ഞതുപോലെ ചെയ്യുകയായിരുന്നു പതിവ്. ഇങ്ങനെയുള്ള സ്ഥലങ്ങളെ 'കൊത്തുകാടുകൾ' എന്നപേരിലാണ് ഇവരുടെ ഇടയിൽ അറിയപ്പെട്ടിരുന്നത്. മേൽ സൂചിപ്പിച്ചിരുന്ന മണ്ണുകാരൽ കൃഷി തുടങ്ങിയ തിനുഷേഷം മാത്രമായിരുന്നു ഊരിലുള്ള മറ്റുള്ളവർ കൃഷിതുടങ്ങേണ്ടത് ഇതൊടൊപ്പം ആടുമാടുകൾ വളർത്തിയും ഇവർ കഴിഞ്ഞു കൂടിയിരുന്നു. ഇതിൽനിന്നും വ്യത്യസ്ഥമായി കുടിയേററക്കാരുടെ വരവോടുകൂടി അവരുമായുളള സഹവർത്തിത്വത്തിൽ കൃഷി രീതികളിൽ മാറ്റം വരുവാനിടയായി. ഇവർ മുമ്പു കാലങ്ങളിൽ നടത്തിക്കൊണ്ടിരുന്ന കൃഷിക്ക് ആറുമാസം കൊണ്ടവസാനിക്കുന്നതാകയാൽ കുടയേററക്കാരുടെ കൃഷിയിടങ്ങളിൽ ബാക്കി സമയം കൂലിപ്പണിക്കു പോകുവാൻ തുടങ്ങി. ഇങ്ങനെയുള്ള ഇടപഴകലിലൂടെ നാണ്യവിളകൾപോലുള്ളകൃഷികൾ സ്വന്തം സ്ഥലങ്ങളിലും ചെയ്തു വരുന്നു. പട്ടികവർഗ്ഗ പവട്ടിക ജാതി വിഭാഗങ്ങൾക്ക് ഇവിടെ തൊഴിൽ ലഭിക്കുന്നത് കാർഷിക മേഖലയെ അടിസ്ഥാനമാക്കിയാണ് എന്നാൽ ഇത് വർഷത്തിൽ ആകെ 50 -100 ദിവസങ്ങളായി ചുരുങ്ങുന്നു. ബാക്കി കാലങ്ങൾ എല്ലാം ഇവർ അതിരൂക്ഷമായ തൊഴിലില്ലായ്മയെ അഭിമുഖീകരിക്കുന്നു. ഇതിന് പരിഹാമായി ഇവിടെ ധാരാളമായി ലഭിച്ചുവരുന്ന അസംകൃത പദാർത്ഥങ്ങൾ (പരുത്തി, നിലക്കടല, അടയ്ക്ക ഉപയോഗിച്ചുള്ള വ്യവസായ സംരഭ ങ്ങൾ ഉണ്ടാക്കേണ്ടതാണ്. സ്വന്തമായി തൊഴിൽ ലഭിക്കുന്നതിന് വേണ്ടി ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെഉദ്ധരിക്കുന്നതിനു വേണ്ടി നടപ്പാക്കുന്ന IR.D.P ആനുകൂല്യം തീരെ കുറച്ച് ഗുണഭോക്താക്കൾക്ക് മാത്രമെ ലഭിച്ചിട്ടുള്ളുവെന്ന് രേഖാമൂലം ലഭിച്ച കണക്കുകർ തെളിയിക്കുന്നു.

**പട്ടിക 4. IRDP**

| | ST | SC |
|---|---|---|
| IRDP സർവേപ്രകാരം സർവേയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളുടെ എണ്ണം. | 1791 | 176 |
| IRDPമൂലം സാമ്പത്തിക സഹായം ലഭിച്ചവർ | 148 | 39 |
| സാമ്പത്തിക സഹായം മൂലം ദാരിദ്ര്യരേഖക്ക് മുകളിൽ വന്നവർ | ലഭ്യമല്ല. | ലഭ്യമല്ല. |

അവലംബം: ITDP. അട്ടപ്പാടി

ഇങ്ങനെയായാൽ 21-ാം നൂറ്റാണ്ട് കഴിഞ്ഞാലും ഈ ജനതയെ ദാരിദ്രരേഖക്ക് മുകളിൽ കൊണ്ട വരാൻ കഴിയില്ല. ആനുകൂല്യം ലഭിച്ചവർ ആനുകൂല്യം എപ്രകാരം വിനിയോഗിച്ചുവെന്ന് കണ്ടെത്തി വർഷാവർഷം റിപ്പോർട്ട് തയാറാക്കുകയും ഈ സഹായംമൂലം എത്ര കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് മുകളിൽ എത്തിയെന്ന് കണ്ടെത്തേണ്ടതുമാണ്.

**പ്രശ്നങ്ങൾ**

1. വിദ്യാഭ്യാസ പുരഗോതി ഉണ്ടാകുന്നില്ല. നിരക്ഷരത

കൂടുതലായി നിലനിൽക്കുന്നു. വിദ്യാർഥികൾ കൊഴിഞ്ഞുപോകുന്നു.

2, സർക്കാർ സ്കൂളുകളിൽ സ്ഥിരമായി അധ്യാപകർ ഉണ്ടാകാത്തതും അച്ഛൻമാരുടെ നിരക്ഷരതയും വിദ്യാഭ്യാസ നിലവാരം തകർക്കുന്നു.

3. പട്ടികവർഗ്ഗ പട്ടികജാതി വദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്താനു ംപഠിക്കാനുള്ള സാഹചര്യം സൃഷ്ടിക്കാനുംവേണ്ടി ഇവിടെയുള്ള 5 എസ്.ടി ഹോസ്ററലുകളുടെയും 1 എസ്.സി ഹോസ്ററലിൻെറയും പ്രവർത്തനം കാര്യക്ഷമമല്ല.

4.സ്കൂളുകളിൽനിന്നും ധാരാളം കുട്ടികൾ കൊഴിഞ്ഞു പോകുന്നു.

5. സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിലേക്ക് ഇവിടെ നിന്നും കുട്ടികളെ കൊണ്ടുപോകുന്നുണ്ട്. എന്നാൽ സ്കൂളുകളുടെ ഏജൻറുമാർ പ്രലോപിപ്പിച്ച് കൊണ്ടും പോകുകയും പീഡനം മൂലം കുട്ടികൾ തിരിച്ച് വരുകയും ചെയ്യുന്നുണ്ട്. ഇതിനെ ക്കുറിച്ച് അധികൃതർ ശ്രദ്ധിക്കാറില്ല.

6. ആനുകൂല്യങ്ങൾ ലഭിക്കുന്നതിന്വേണ്ടി ഓഫീസുകൾ കയറി ഇറങ്ങി നടക്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പലപ്പോഴും കൃത്യനിഷ്ഠ പാലിക്കാത്തതുകൊണ്ട് ആനുകൂല്യം പകുതിയോളം നഷ്ടപ്പെട്ടുപോകുന്നു.

7. ഈ വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി ചിലവഴിച്ച കോടികൾ രാജ്യം മുഴുവൻ ചർച്ചാവിഷയമാണെങ്കിൽകൂടി ഭവന രഹിതരുടെയും, തൊഴിൽ രഹിതരുടെയും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത ഊരുകളുടെയും സംഖ്യവളരെ വലതുണ്.

8. SC. ST വിഭാഗങ്ങളുടെ ക്ഷേമത്തിന് വേണ്ടി അനുവദിച്ച്വരുന്ന തുക ലാപ്സായി പേകുന്നു.

9. പട്ടികവർഗ്ഗ വിഭാഗങ്ങളിലെ പുരുഷൻമാരിൽ ഒരു വിഭാഗം വിവിധ ലഹരി വസ്തുക്കളിൽ തല്പരരായതുകൊണ്ട് അവരുടെ അദ്ധ്വാനത്തിൻെറ പ്രതിഫലം കുടംബത്തിൻെറ ചിലവിന് ലഭിക്കുന്നില്ല. അതുകൊണ്ട് പ്രസവംകഴിഞ്ഞ് ഒരാഴ്ചക്കുള്ളിൽ സ്ത്രീകൾ ജോലിക്ക് പോകുന്നു.

10. S.C S.T വിഭാഗങ്ങൾക്ക് സർക്കാർ ITDP മുഖാന്തരം നൽകിവരുന്ന സ്കീമുകളെക്കുറിച്ച് പരിപൂർണ്ണ ബോധവാൻമാരല്ല.

12. വ്യവസായ സംരഭങ്ങൾ ആരംഭിച്ച് തൊഴിൽ നൽകാൻ സാധിക്കുന്നില്ല.

13. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല.

14. സംയോജിത ഊര് വികസന പദ്ധതിയാൽപ്പെടുത്തി പ്രവർത്തനം നടത്തിയ ഊരുകളിൽപോലും പല സർക്കാർ ഏജൻസികളും കാര്യക്ഷമമായി പ്രവർത്തിക്കാറില്ല.

15. ശുചിത്വമില്ലായ്മയും ശുദ്ധ ജല ലഭ്യതയുടെ കുറവും, മലമൂത്രവിസർജ്ജനം വീടിൻെറ പരിസരങ്ങളിൽ നടത്തുന്നതും വളർത്തുമൃഗങ്ങൾ വീടിനോട് ചേർന്ന് കിടക്കുന്നതുകൊണ്ടും മഴക്കാലങ്ങളിൽ വ്യാപകമായ തോതിൽ രോഗങ്ങൾ ഉണ്ടാകുന്നു.

ഉദാ: കഴിഞ്ഞവർഷം ഉണ്ടായ കോളറ

16. ഊരുകളിൽ ടി. വി.യും ഒന്നിച്ച് കൂടുന്നതിന് ഹാളും ഇല്ല.

17. ഊരുകളിൽ വൈദ്യുതിയും കുടിവെള്ളവും ഇല്ല.

**നിർദ്ദേശങ്ങൾ**

1.സാക്ഷരതാപ്രവർത്തനം പരിപൂണ്ണതോത്തിൽ അട്ടപ്പാടിയിൽ നടപ്പാക്കാത്തതുകൊണ്ട് സാക്ഷരതയുടെ ഭാഗമായി വയോജന വിദ്യാഭ്യാസ,ം പുനരാരംഭിക്കണം

2. കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കുന്നതിനും വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനുവേണ്ടി നിലവിലുള്ള ഹോസ്ററലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും മുഴുവൻ SC ST കുട്ടികൾക്കും പ്രവേശനം ലഭിക്കുന്നതിന് 5 പട്ടിക വർഗ്ഗ ഹോസ്ററലുകളും 3 പട്ടിക ജാതി ഹോസ്ററലുകളും നിർമ്മിക്കണം.

3. സംസ്ഥാനത്തിൻെറ മറ്റുഭാഗങ്ങളിലേക്ക് കുട്ടികളെ കൊണ്ട് പോകുന്നതിന് പകരം എല്ലാവിധ സജീകരണങ്ങളുമുള്ള ഒരു മോഡൽ സ്കൂളും ഹോസ്ററലും അട്ടപ്പാടിയിൽ അനുവദിച്ച് നടപ്പാക്കുക.

4. അധ്യാപക പരിശീലനം കഴിഞ്ഞിട്ടുള്ള പാലക്കാട് ജില്ലയിലെ ഉദ്യോഗാർത്ഥികളെ മാർക്കിൻെറ അടിസ്ഥാനത്തിൽ റാങ്ക് ലിസ്ററുണ്ടാക്കി ആ റാങ്ക് ലിസ്ററ മാനദണ്ഡമായി കണക്കാക്കി നിയമനം നടത്തുക വഴി അധ്യാപക നിയമനത്തിലെ കാലതാമസം ഒഴിവാക്കാൻ സാധിക്കും.

5. ആനുകൂല്യങ്ങൾക്ക് Sc. ST. വിഭാഗക്കാർ ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥർ ആഴ്ചയിലെ നിശ്ചിത ദിവസം ഓഫീസിൽ ഉണ്ടാകുകയും അങ്ങനെയുളള ദിവസം ഏതെന്ന് ഓഫീസിൽ നോട്ടീസ് പതിച്ച് പ്രസിദ്ധപ്പെടുത്തുകയും വേണം.

6.ക്ഷേമപ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുക നൽകുന്നതിന് ആഴ്ചയിലെ നിശ്ചിത ദിവസം തെരഞ്ഞെടുക്കുകയും അന്ന് അത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം.

ഉദാ: ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ലീവാണെങ്കിൽ ചാർജ് പകരം നൽകുക.

7. ക്ഷേമപ്രവർത്തനങ്ങൾ ദീർഘ വീക്ഷണത്തോടും വ്യക്തമായ ധാരണയോടും കൂടി ജനപങ്കാളിത്തത്തോടെ നടപ്പാക്കുക.

8. അനുവദിക്കപ്പെടുന്ന പദ്ധതികൾ നടപ്പാക്കേണ്ട ഉദ്യോഗസ്ഥരുടെ അനാസ്ഥകൊണ്ടാണ് തുക ലാപ്സായി പോകുന്നത്. ഇതിന് പദ്ധതികളെകുറിച്ച് ബോധ്യപ്പെടുത്തി ഇവരെ ഗുണഭോക്താക്കാളാക്കി മാററണം.

9. എസ്. സി. എസ്.ടി സ്ത്രീകളക്ക് പ്രസവാനന്തരം മൂന്ന് മാസത്തേക്ക് സാമ്പത്തിക സഹായം ചെയ്യണം.

10. ഈ പഞ്ചായത്തിലെ ഊരുകളെ സംബന്ധിക്കുന്ന അവസ്ഥയെക്കുറിച്ച് സർവ്വേ നടത്തി മുൻഗണനാ ക്രമത്തിൽ വീടുകളും, കക്കൂസുകളം നിർമ്മിച്ച് വീട് വൈദ്യതീകരിച്ച് നൽകുക.

11. ഊരുകളിൽ കമ്മ്യൂണിററിഹാളും അതിനോടനുബന്ധിച്ച് ടി.വി.യും നൽകുക.

12.കക്കൂസുകളുടെ ഉപയോഗത്തെക്കുറിച്ച് പഠിപ്പിക്കുകയും കക്കൂസുകളുടെ ഉപയോഗത്തിന് ജലസൗകര്യം ഉറപ്പ് വരുത്തുകയും വേണം.

13. ഊരുകളുടെ സർവേ നടത്തി ഊരുകൾ സംരക്ഷിക്കുക. ഒരുവീടിന് 10 സെൻറ് സ്ഥലമെങ്കിലും നൽകുക.

14. വിഭിന്ന സ്കീമുകളിൽ സൗജന്യമായി വീട് നൽകുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക വ്യത്യാസം അവസാനിപ്പിക്കണം

15. രണ്ട് മുറിയും അടുക്കള, വരാന്ത, എന്നിവ അടക്കമുള്ള വീട് പണിയുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം അനുവദിക്കണം.

16. എസ്.സി. എസ്.ടി വിഭാഗങ്ങളുടെ വീട് നിർമ്മാണത്തിൽ ഉണ്ടാകുന്ന അപാകത മാററുന്നതിനും ധന നഷ്ടം ഒഴിവാക്കുന്നതിനുംവേണ്ടി ഊരുകളിൽ ഗുണഭോക്താക്കാളെ തെരഞ്ഞെടുക്കുമ്പോൾ മുതൽ വീടുകളുടെ പണി പൂർത്തീകരിക്കുന്നതുവരെ വാർഡ് മെമ്പർ കൺവീനറായിട്ടുള്ള ഒരു ജനകീയ സമിതിയുടെ മേൽനോട്ടത്തി നടത്തുകയും സ്റേറജ് സർട്ടിഫിക്കററ് നൽകുന്നതിന് അധികാരം വാർഡ് മെമ്പർക്ക് നൽകണം.

17. ഇവിടെ നിലനിക്കുന്ന കുലതൊഴിലുകളും മററു ചെറുകിട വ്യവസായങ്ങളും തുടങ്ങുന്നതിന് വേണ്ടി ട്രൈസം സെൻറുകൾ അഗളി പഞ്ചായത്തിൽ സ്ഥാപിക്കുകയും കാര്യക്ഷമമാക്കുകയുംവേണം.

18. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വീടുകളുടെ നിർമ്മാണം പട്ടികവർഗ്ഗസൊസൈററികൾ ഏറെറടുത്ത് നടപ്പാക്കണം.

19. ഇവിടെ ലഭിക്കുന്ന പരുത്തി, ചകിരി, തുടങ്ങിയവ കൊണ്ട് വ്യവസായങ്ങൾ ആരംഭിച്ച് തൊഴിൽ നൽകുന്ന നടപടി ഉണ്ടാക്കണം.

20. ക്ഷേമപ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് വേണ്ടി അഗളി കേന്ദ്രീകരിച്ച് സർക്കാർ ഓഫീസുകൾ ഒരു മിനി സിവിൽ സ്റേറഷനിൽ ആക്കുക.

211. തൊഴിൽ ലഭിക്കുന്നതിന് മിനി ഇൻഡസ്ട്രിയൽ എസ്റേററ്റ് അഗളിയിൽ സ്ഥാപിക്കുക.

22. ഈ വിഭാഗങ്ങളുടെ ആരോഗ്യം സംരക്ഷണം ഉറപ്പ്

വരുത്തുന്നതിന് ഇവിടെയുള്ള PC.H കൾ പ്രവർത്തിക്കുകയും JHI മാർ അതത് സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും വേണം.

പട്ടിക വർഗ്ഗ ക്ഷേമത്തെക്കുറിച്ച് പരിഗണിക്കുമ്പോൾ ശ്രദ്ധ ചെലുത്തേണ്ടത് കാർഷിക മേഖലയിലാണ് കൃഷിക്ക് ഉപയുക്തായ ഭൂമിയുടെ മൂന്നിലൊന്നു ഭൂമി പട്ടിക വർഗ്ഗ വിഭാഗത്തിൻെറ കൈയിലാണ്. കൂടുതൽ ഭൂമി ഇനിവന്നു ചോരാനും സാദ്യതയുണ്ട് പട്ടിക വർഗ്ഗ വിഭാഗത്തിൻെറ പാരമ്പര്യ കൃഷിയിനമായ റാഗി, കോറ, ചോളം എന്നിവ ഇന്നു വലിയ തോതിൽ കൃഷി ചെയ്യുന്നില്ല. മുമ്പു ഇത്തരം കൃഷിയിലൂടെ ലഭിക്കുന്ന ധാന്യം അവരുടെ ഭക്ഷണ ത്തിനാണ് ഉപയോഗിച്ചിരുന്നുത്. ഇന്ന് കൃഷി ചെയ്താൽ (ഉദാ: പരുത്തി, കടല, തെങ്ങ്) ലഭിക്കുന്ന ഉല്പന്ന വിറ്റ പണമാക്കുകയും ആ പണം കൊണ്ട് പ്ലാൻ ചെയ്തു ജീവിക്കുകയും വേണം. ആധുനിക ജീവിതരീതിയിൽ ആകർഷിക്കപ്പെട്ട് ആപണം മിക്കവാറും ധൂർത്തടിക്കപ്പെടുന്നു. ഫലമാകട്ടെ ദാരിദ്ര്യവും. മാത്രമല്ല, റാഗി ഭക്ഷണം പ്രാകൃതമാവുകയും അതുകൊണ്ട് ആ കൃഷി മതിയാക്കുകയും ചെയ്തു. ആധുനിക കൃഷിരീതി ഒട്ടുവശമായതുമില്ല. തൻമൂലം ഭൂമി തരിശു കിടക്കുന്നു. പട്ടിണി തുടരുന്നു.

ഇതിൽനിന്നും ഈ വിഭാഗത്തെ കരകയറ്റാൻ ആധുനിക കൃഷി രീതി പരിശീലിപ്പിക്കുകയം ലഭിക്കുന്ന പണം പ്ലാൻ ചെയ്ത് വിനിയോഗിക്കാൻ പഠിപ്പിക്കുകയും ചെയ്യേണ്ടതാ വശ്യമാണ്. ആനുകൂല്യങ്ങളിൽ കണ്ണും നട്ട് അലസരായിരി ക്കുന്ന അവസ്തയിൽ നിന്നും കരകയറ്റാൻ ബോധവൽക്കരണം അത്യന്താപേക്ഷിതമാണ്.

# 15
# സംസ്ക്കാരം

സംസ്ഥാനത്തിൻെറ എല്ലാ ജില്ലകളിലും നിന്നുള്ള കുടിയേറ്റക്കാർ അധിവസിക്കുന്ന ഈ പഞ്ചായത്തിൽ വ്യത്യസ്ഥ സംസ്ക്കാരങ്ങൾ പ്രതിഫലിക്കുന്നു. ആദിമ നിവാസികളായ പട്ടിക വർഗ്ഗക്കാരുടേയും തമിഴ്, മലയാളി കുടിയേറ്റക്കാരുടേയും തൻ സംസ്ക്കാരങ്ങൾ കാത്ത്സൂക്ഷിച്ച് കൊണ്ട് തന്നെ ' ജീവിക്കാൻ വേണ്ടിവന്നവർ ' എന്ന ഒരോറ്റ വികാരത്തോടെ എല്ലാവരും ഒരമ്മയുടെ മക്കളെപ്പോലെയാണ് കിഴിഞ്ഞ് വന്നിരുന്നത്. ആദികാലങ്ങളിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾ അതിഥികളെ താലപര്യപൂർവം സ്വീകരിച്ചിരുന്നെങ്കിലും പല കാരണങ്ങളാൽ ഇന്നും ഈ അവസ്ഥക്ക് മാറ്റ് വന്നുകൊണ്ടിരിക്കുന്നു. ഹിന്ദു, മുസ്ലിം കൃസ്ത്യന് ജന വിഭാഗങ്ങൾഒത്തൊരുമയോടെ കഴിഞ്ഞ്വരുന്നു. ഓരോവിഭാഗ ത്തിൻെറയും ആഘോഷപരിപാടികളിൽ ഇതര വിഭാഗങ്ങളും താല്പര്യപൂർവം പങ്കെടുക്കുന്നുണ്ട്. പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രധാനമായും രണ്ട് ഗ്രന്ഥശാലകളാണ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുള്ളൂ. പ്രവർത്തനം പരിശോധിക്കുന്നതിന് ചുവടെ കൊടുക്കുന്ന പട്ടിക സഹായിക്കും

| ഗ്രന്ഥശാലയുടെ പേർ | അംഗങ്ങളുടെഎണ്ണം. | | പുസ്തകങ്ങളുടെ എണ്ണം | | പ്രതിമാസ പുസ്തക വിതരണം. |
|---|---|---|---|---|---|
| | പുരുഷൻ | സ്ത്രീ | മലയാളം | തമിഴ് | |
| 1. സഹൃദയ വായനശാല കാരറ | 287 | 160 | 2552 | ഇല്ല | 620 |
| 2. അഗളി പഞ്ചായത്ത് പബ്ലിക് ലൈബ്രറി ആൻ വായന ശാല | 300 | 26 | 1464 | 49 | 350. |

അവലംബം: സെക്കണ്ടറി ഡാറ്റ

അഗളി പഞ്ചായത്തിൽ ആകെ 32738 ജനസംഖ്യയുള്ള പ്രദേശത്ത് വായനാശീലമുള്ള 773 ആളുകളാണൾ ഉള്ളത് ജനങ്ങളിൽ ഭൂരിഭാഗം പേരും വാരികകൾ മാസികകൾ എന്നിവ വായിക്കുന്നതിനാണ മുൻ തൂക്കം കൊടുക്കുന്നത്. തമിഴ് പ്രദേശമായ അട്ടപ്പാടിയുടെ അഗളി പഞ്ചായത്തിൽ തമിഴ്പുസ്തകങ്ങൾ തീരെ ഇല്ലെന്നുതന്നെ പറയാം.

ദിനപ്പത്രങ്ങൾ വായിക്കുന്നതിനും ആളുകൾ തീരെ കുറവാണ്.

പഞ്ചായത്തിനുള്ളിൽ വിതരണം നടത്തുന്ന പത്രങ്ങൾ

1. മലയാള മനോരമ 384

2. ദേശാഭിമാനി 93

3. മാതൃഭൂമി 217

4. കേരള കൗമുദി 70

5. ഇൻഡ്യൻ എക്സ്പ്രെസ് 3

6.ദീപിക 77

7. മാധ്യമം 34

8. ഹിന്ദു 6

9. മംഗളം 35

ആകെ. 919

അവലംബം: സെക്കണ്ടറി ഡാറ്റാ

6937 വീടുകളും മററുധാരാളം ഓഫീസുകളുമുള്ള ഈ പ്രദേശത്ത് 919 പത്രങ്ങളേയുള്ളൂ ഒരു വീട്ടിലെ നാലു അംഗങ്ങളും പത്രം വായിക്കുകയാണെങ്കിൽ പോലും 3676 പേർ മാത്രമാണ് പത്രം വായിക്കുന്നത് ഈ നില ആശ്വാസ കരമല്ല.

നിരക്ഷരരുടെ എണ്ണക്കൂടുതലും വായിക്കാനിറിയുന്നവർ പത്രപാരായണത്തിനു പ്രാധാന്യം നൽകാത്തതുമാണ് ഇതിൻെറ പ്രധാന കാരണം എന്ന് കണക്കാക്കാം. എന്നാൽ ആഴ്ചപ്പതിപ്പുകളുടെ കാര്യത്തിൽ വളരെയേറെ വിത്യാസം കാണുന്നു.

പഞ്ചായത്തിനുള്ളതിൽ വിതരണം നടത്തുന്നവാരികകൾ

1. മലയാള മനോരമ 770

2. മാതൃഭൂമി 647

3. മംഗളം 65

ആകെ 1482

അവലംബം: സെക്കണ്ടറി ഡാററ

6937 വീടുകളുള്ളതിൽ ചുരുങ്ങിയത് 3676 പേർ പത്രവായന ക്കാരാണെങ്കിൽ ആഴ്ചപ്പതിപ്പ് വായിക്കുന്നവുരടെഏകദേശം 5928 എണ്ണമാണ് ഉള്ളത്. ഇതിൻെറ അടിസ്ഥാനത്തിൽ പത്രപാരായണവും അഴ്ചപ്പതിപ്പ് വായനയുടേയും താരതമ്യ കണക്ക് മനസ്സിലാകും. ഗ്രന്ഥശാലകളുടെ കണക്കും ആനുകാ ലിക പ്രസിദ്ധീകരണങ്ങളുടെ കണക്കും പരിശോധിച്ചാൽ ഏതതുരം വായനക്കാണ് ജനങ്ങൾ പ്രാധാന്യം കൊടുക്കുന്നത് എന്നു മനസ്സിലാക്കാം.

പഞ്ചായത്ത് പരിധിക്കുള്ളിൽ പൊതുവേ കണ്ടുവരുന്ന കായിക വിനോദങ്ങൾ വോളീബോളും കബഡിയുമാണ് ഭൂമിശാസ്ത്രപരമായ പ്രത്യേകതയായിരിക്കാം ഇത്തരം കളികളിലേക്ക് യുവജനങ്ങളെ തിരിച്ച് വിട്ടത്. ആർട്സ് ക്ലബ്ബുകൾ തീരെയില്ലയെന്ന് തന്നെ പറയാം.

ടെലിവിഷൻ, കേബിൾ ടി.വി. എന്നിവ വളരെ കുറച്ച് മാത്രമേയുള്ളൂ. സാംസ്ക്കാരികത്തനിമ കാത്ത് സൂക്ഷിക്കു ന്നതോടെപ്പം തന്നെ സാംസ്കാകാരിക ജീർണ്ണതകൾ ഇല്ലാതാക്കാൻ ശ്രമിക്കേണ്ടബാധ്യതയും സമൂഹത്തിനുണ്ട്. സമൂഹത്തിൻെറ ഏററവും ചെറിയ പതിപ്പായ കുടുംബളിൽ നിന്നാണ് 'നല്ല സംസ്ക്കാരം' ഉടലെടുകേണ്ടത്. മദ്യം, ഗഞ്ചാവ്, പാൻപരാഗ് എന്നീ ലഹരി വസ്തുക്കൾ ഉപയോഗി ക്കുന്ന കാര്യത്തിൽ 'ആദിമ വാസി'യെന്നോ 'വന്ദവാസി'യെ ന്നോഉള്ള വ്യത്യസാമില്ലയെന്ന് മാത്രമല്ല, ആവശ്യപ്പെടുന്ന 'സാധനം ' ഇഷ്ടപ്പെട്ട സ്ഥലത്ത് കിട്ടുമെന്നുള്ളതുകൊണ്ട് കൗമാരപ്രായക്കാരയ ഉപഭോക്താക്കളുടെ എണ്ണവും കൂടിക്കൂടി വരുന്നു. സാമൂഹ്യസാംസ്ക്കാരിക രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്നവർ ഇത്തരം സാമൂഹ്യവിപത്തുകളെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

ഗിരിജനങ്ങളുടെ ഇടയിൽ , മറ്റ് വിഭാഗങ്ങളെ അപേക്ഷിച്ച് വളരെ നേരത്തെ വിവാഹിതരാകുന്ന അവസ്ഥ നിലനിൽക്കുന്നു. പതിനെട്ടോ ഇരുപതോ വയസ്സ് പ്രായമുള്ള മകനും മകൻെറ ഭാര്യയും മദ്യവയസ്കരായ മാതാപിതാക്കളും കൂടി ഒരു മുറിയിൽ അന്തിയുറങ്ങേണ്ട ഗതികേടാണ് നിലവിലുള്ളത്.

കാരണം ഒരു മുറിയും അടുക്കളയുമാണ് ഗിരിജനങ്ങളുടെ വീടിന് പൊതുവായി കണ്ടുവരുന്നത്. പുതിയവീടുകൾ രൂപകൽപന ചെയ്യുമ്പോൾ ഇത്തരം പ്രശ്നങ്ങൾ കൂടി കണക്കിലെടുക്കേണ്ടതുണ്ട്.

### നിലവിലുള്ള കലാ സാംസ്കാരിക സ്ഥാപനങ്ങൾ

| ക്രമനമ്പർ | പേർ | സ്ഥലം |
|---|---|---|
| 1. | ആക്ടീവ് സ്പോർട്സ് & ആർട്സ് ക്ലബ് | അഗളി |
| 2. | ഉദയ | പല്ലിയറ |
| 3. | കെ.സി.വൈ.എം | ജല്ലിപ്പാറ |
| 4. | മല്ലി ശ്രീയുവജന വേദി | കള്ളമല |
| 5. | ദീപം | ഗൂളിക്കടവ് |
| 6. | യുവശക്തി | ദോണിഗണ്ട് |
| 7. | കലാസാഗരം | അഗളി |
| 8. | കൈരളി | ചെമ്മണ്ണൂർ |
| 9. | അക്ഷര | നെല്ലിപ്പതി. |
| 10. | നവഭാവന | പാക്കുളം |
| 11. | സൈമ | പല്ലിയറ |
| 12. | ശ്രുതി | കാവുണ്ടിക്കൽ |
| 13. | നെഹ്റുയുവകേന്ദ്രം | അഗളി |
| 14. | കൃപആർട്സ് | ചിണ്ടക്കി |
| 15. | എമറാൾഡ്സ്പോർട്സ് | കക്കുപ്പടി |
| 16. | സഹൃദയസ്പോർട്സ്ക്ലബ് | കാരറ |
| 17. | നാദം | ജല്ലിപ്പാറ |
| 18. | യെസ്പാന | നായ്ക്കർപ്പാടി |
| 19. | ട്രൈബൽ യൂത്ത് ക്ലബ് | ഭൂതിവഴി |

ലിസ്റ്റ് അപൂർണ്ണം

ഗിരിവർഗ്ഗജനവിഭാഗങ്ങളുടെയിടയിൽ നിലനിന്നിരുന്ന തനതായ കലാരൂപങ്ങൾ നശിച്ചുകൊണ്ടിരിക്കുകയാണ്. അവയെ സംരക്ഷിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യേണ്ടതുണ്ട് ദേശീയതലം വരെ ഉയരാൻ കഴിയുന്ന ധാരാളം യുവജനങ്ങൾ വേണ്ടത്ര ശ്രദ്ധയും പരിശീലനവും ലഭിക്കാതെ മലമടക്കുകളിൽ തളക്കപ്പെട്ടിരിക്കുന്ന ഇന്നത്തെ അവസ്ഥ മാറ്റിയെടുക്കേണ്ടത് കാലഘട്ടത്തിൻെറ ആവശ്യമാണ്.

### പ്രശ്നങ്ങൾ

1. ഗ്രന്ഥശാകൾ വളരെ കുറവ് നിലവിലുള്ള രണ്ട് ഗ്രന്ഥശാലക്കും അടിസ്ഥാസൗകര്യങ്ങളില്ല.

2. കൽക്കണ്ടിയിൽ വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ച സാംസ്കാരിക നിലയം പ്രവർത്തനം ആരംഭിച്ചില്ല.

3. ജനങ്ങൾക്ക് ഒത്തുകൂടാൻ മതസ്ഥാപനങ്ങളല്ലാതെ പൊതു സ്ഥാപനങ്ങളുടെ കുറവ്

4. ഗ്രാമോൽസവങ്ങൾ നടക്കുന്നില്ല. വിദ്യാലയങ്ങളിൽ കൃത്യമായ വാർഷികാഘോഷങ്ങൾ നടക്കുന്നില്ല.

ലഹരി വസ്തുക്കളുടെ ഉപയോഗം പുരോഗതിയെ തടസ്സപ്പെടുത്തുന്നു.

6. നിരക്ഷരതയുടെ തോത് വളരെ കൂടുതൽ

7. നല്ല പുസ്തകങ്ങൾ വായിക്കാനുള്ള അവസരം ഇല്ല.

8. കലാ കായിക ശേഷിവരദ്ധിപ്പിക്കാൻസൗകര്യമില്ല.

9. ആധുനിക വാർത്താ വിനിമയ സൗകര്യങ്ങളുടെ കുറവ്

### സാദ്ധ്യതകൾ

1. എല്ലാവാർഡിലും ഗ്രന്ഥശാലകളും അതിനോടനുബന്ധിച്ച്കലാ കായിക വിനോദങ്ങൾക്ക് ക്ലബ്ബുകൾ രൂപീകരിക്കുക.

2. കാരറ സഹൃദയ വായനശാലക്ക് കെട്ടിടവും മറ്റ് സൗകര്യങ്ങളുമുണ്ടാക്കുക. ടിവി. അനുവദിക്കുക

3. പഞ്ചായത്ത് സ്റേറഡയിത്തിലുള്ള സ്റേറജിൻമേൽ കൂരയും ഹാളും നിർമ്മക്കുക.

4. കൽക്കണ്ടിയിലെ സാംസ്കാരിക നിലയം തുറന്ന് പ്രവർത്തിക്കുക. ടി. വി ഉൾപ്പെടയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

5. എല്ലാവർഡുകളിലും കമ്മ്യുണിറ്റിഹാളുകൾ നിർമ്മിക്കുക.

6. ജെല്ലിപ്പാറ, കാരറ, ചിററൂർ, നെല്ലിപ്പതി, കാവുണ്ടിക്കൽ, പാക്കുളം, കൽക്കണ്ടി, കോട്ടത്തറ എന്നിവടങ്ങളിൽ മിനി സ്റേറഡിയം നിർമ്മിക്കുക.

7. നിലവിലുള്ള എല്ലാ ക്ലബ്ബുകൾക്കും കെട്ടിട സൗകര്യം ഉണ്ടാക്കുകയും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങാൻ സാമ്പത്തിക സഹായവും ലഭ്യമാക്കുക.

8. പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിച്ചുകൊണ്ടിരുന്നതും ഇപ്പോൾ പ്രവർത്തനം മുടങ്ങിക്കിടക്കുന്നതുമായ എല്ലാ ക്ലബ്ബുകളും പുരുജ്ജീവിപ്പിക്കാൻ ശ്രമിക്കുക. ബന്ധപ്പെട്ട ഭാര വാഹികളേയും മറ്റും വിളിച്ച്കൂട്ടി സാധ്യതകൾ ആരായുക.

9. ഓരോ വാർഡിലും പൊതു ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കുക. ഡിഷ് ആൻറിന സൗകര്യം ഏർപ്പെടുത്തുക.

10. എല്ലാ കോളനികളിലും ഡിഷ് ആൻറിനകളോട്കൂടി. ടി. വി. സെറ്റുകൾ സ്ഥാപിക്കുക.

11. ആഗളിയിൽ അനുവിച്ചിരുന്നു ദൂരദർശൻ റിലേ കേന്ദ്രം പ്രവർത്തിനം തുടങ്ങുക.

12. വീടുകളിൽ പുസ്തകങ്ങൾ കൊണ്ട് കൊടുത്ത് വായനാശീലം വളർത്താൻ ഗ്രന്ഥശാലകളെ പ്രോൽസാഹിപ്പിക്കുക.

13. ലഹരി വിരുദ്ധ പ്രചരണം നടത്താൻ കർമ്മ സമിതി രൂപീകരിക്കുക.

14. വാർഡടിസ്ഥാനത്തി ഗ്രാമോൽസവങ്ങൾ നടത്തുക.

15. നാടൻ കലകളെ സംരക്ഷിക്കാൻ നടപടി കൈക്കൊള്ളുക.

16. ടെലിഫോൺ സൗകര്യം ഇല്ലാത്ത പ്രദേശങ്ങളിൽ പുതിയ ലൈന് വലിച്ച് കണക്ഷൻ നൽകുക. കള്ളമലയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന മൈക്രോ വേവ് സ്റേറഷൻ തുടങ്ങുക.

# 16
# സഹകരണം

നാടിന്റെ വികസനരംഗങ്ങളിൽ സഹകരണപ്രസ്ഥാന ങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. പൊതുമേഖലാസംരംഭ ങ്ങളുടേയും സ്വകാര്യമേഖലാ സംരംഭങ്ങളുടേയും പരിമിതികളെ ഒരളവുവരെ പരിഹരിച്ചുകൊണ്ടുള്ള ജനകീയ സംരംഭമാണ് സഹകരണസംഘങ്ങൾ. പഞ്ചായത്തിന്റെ സാമ്പത്തിക വളർച്ചക്ക് സഹകരണബാങ്കുകളും കാർഷി കോല്പാദന സംസ്കരണം വിപണന സഹകരണ സംഘ ങ്ങളും വഹിക്കുന്ന പങ്ക് അവഗണിക്കാൻ സാദ്ധ്യമല്ല. കേരള കോ-ഓപ്പറേറ്റീവ് ആക്ട് അൻറ് റൂൾസ് എന്ന പേരിലുള്ള സമഗ്രമായ ഒരു നിയമസംഹിതയെ അടിസ്ഥാന മാക്കിക്കൊണ്ട് കൂടുതൽ ജനാധിപത്യരീതിയിലുള്ള സഹക രണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ സാധാരണ ജനങ്ങളുടെ ജീവിത മാർഗ്ഗങ്ങൾക്കു വഴിയൊരുക്കുന്നു. സഹാകരണ സർവ്വീസ്സൊസൈറ്റികൾ, മാർക്കറ്റിംഗ് സഹകരണസംഘ ങ്ങൾ, സഹകരണ കാർഷിക ബാങ്കുകൾ കോ-ഓപ്പറേറ്റീവ് മിൽക്കു സൊസൈറ്റികൾ, സഹകരണ തൊഴിൽ സംരംഭങ്ങൾ, സഹകരണ വിദ്യാഭ്യാസ കേന്ദ്രങ്ങൾ തുടങ്ങിയ സഹകരണ സംരംഭങ്ങർ ഈ പഞ്ചായത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. എന്നാൽ സഹകര മേഖലയുടെ വളർച്ചാ പാതയിൽ തടസ്സങ്ങൾസൃഷ്ടിക്കുന്ന രാഷ്ട്രീയത്തിന്റെ അതിപ്രസരം, അതുമൂലം അർഹതപ്പെട്ടവർക്ക് അംഗത്വം നിഷേധിക്കലും മറ്റും ഈ രംഗത്ത ദോഷകരങ്ങളായ ഫലങ്ങൾ ഉണ്ടാക്കാറുണ്ട്.

### സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

ആലപ്പുഴ ജില്ലയോളം വലിപ്പമുള്ള അട്ടപ്പാടിയുടെ ഭൂരിഭാഗം പ്രദേശങ്ങളും ഉൾപ്പെടുന്ന അഗളി പഞ്ചായത്തിൽ വിരലിലെണ്ണാൻ സഹകരണപ്രസ്ഥാനങ്ങൾ മാത്രമേ നല്ലനി ലയിൽ പ്രവർത്തിക്കുന്നതായി നിലവിലുള്ളു. ഇവയുടെ പ്രവർത്തനങ്ങളെക്കുറിച്ചു വിശകലനം നടത്തുമ്പോൾ ഇവ എത്രമാത്രം ഈ പ്രദേശത്തിൽ അപര്യാപത്പ മാണെന്നുമനസിലാകും. എന്നാൽ അട്ടപ്പാടിയിൽ പ്രവർത്തി ക്കുന്ന ക്ഷീരവ്യവസായ സഹകരസംഘങ്ങളും ക്ഷീരോല്പാദ ക സഹകരസംഘങ്ങളും പാൽ ഉല്പാദനത്തിൽ സംസ്ഥാനതലത്തിൽ തന്നെ മുന്നിട്ടുനില്ക്കുന്നു എന്നതു പ്രസ്താവ്യമാണ്.

### പഞ്ചയത്തിലെ സഹകരണസംഘങ്ങൾ അവലകോനം

അഗളി പഞ്ചായത്തിൽ സഹകരണസംഘങ്ങൾ എണ്ണത്തിൽ കുറവാണ് എങ്കിലും നിലവിലുള്ള സഹകണ സംഘ ങ്ങളിൽ ചിലതെങ്കിലും ജനങ്ങൾക്കു പ്രയോജന പ്പെടുന്നു എന്നുപറയുന്നതിൽ തെറ്റില്ല. ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന പ്രധാനപ്പെട്ട സഹകരണ സംഘങ്ങൾ താഴെ പറയുന്നവയാണ്

1. അട്ടപ്പാടി ഫാർമേഴ്സ് സർവീസ് സഹകണ ബാങ്ക് ക്ലിപ്തം. P. 572 താവളം

2. അട്ടപ്പാടി പട്ടിക ജാതി സർവീസ് സഹകണസംഘം ക്ലിപ്തം P. 846 അഗളി.

3. പാലക്കാട് ജില്ലാ സഹകണബാങ്ക്, അഗളി ബ്രാഞ്ച് (PDC ബാങ്ക്)

4. മണ്ണാർക്കാട് കോ ഓപ്പറേറ്റീവ് മാർക്കററിംഗ് സൊസൈറ്റി, അഗളി, ബ്രാഞ്ച്

5. അഗ്രകളൾച്ചർ ഡവലപ്മെൻറ ബാങ്ക് മണ്ണാർക്കാട് അട്ടപ്പാടി ബ്ലോക്ക് (ഏരിയ)

6. മണ്ണാർക്കാട് കോ ഓപ്പറേററീവ് ആർട്സ് &കോമേഴ്സ് കോളേജ് LTd. P. BNo 53 അഗളി ബ്രാഞ്ച്

7. അട്ടപ്പാടി ആയുർവേദിക് ഇൻഡസ്ട്രിയൽ കോ ഓപ്പറേററീവ് സൊസൈറ്റി ST/P. 119,

8, മുക്കാലി ഗിരിജൻ സൊസൈററി ആടുവളർത്തൽ കേന്ദ്രം.

9, പട്ടിക വർഗ്ഗ സർവ്വീസ് സഹകരണ സംഘം താവളം.

10. അട്ടപ്പാടി ഹൗസിഗ് കോ ഓപ്പറേററീവ് സൊസൈറ്റി. അഗളി.

11. കരകൗശല വ്യവസായ സഹകരണസംഘം ഭൂതിവഴി

12. പട്ടികവർഗ്ഗ പ്രിൻററിംഗ് കോ-ഓപ്പറേററീവ് സൊസൈറ്റി അഗളി.

13. കുറുമ്പ ഗിരിജൻ സൊസൈറ്റി ചീണ്ടക്കി.

14. മുക്കാലി പട്ടിക വർഗ്ഗ വനിത സോപ്പുനിർമ്മാണ സഹകരണസംഘം മുക്കാലി,

15. അട്ടപ്പാടി കോ-ഓപ്പറേറീവ് ഫാമിംഗ് സൊസൈറ്റി, അഗളി.

16. ക്ഷീര വ്യവസായ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ.

1. അഗളി ക്ഷീര വസായ സഹകരണസംഘം LTD No. P. 30(d))

2. മുണ്ടൻപാറ ക്ഷീര വ്യവസായ സഹകരണസംഘം. LTD No. p. 23 (d)

3. ചിറ്റൂർ ക്ഷീര വ്യവസായ സഹകരണസംഘം LTd. No. P., 24(D)

4. മുക്കാലി ക്ഷീര വ്യവസായ സഹകരണസംഘം LTd. No. P., 19(D)

5. താവളം ക്ഷീര വ്യവസായസഹകരണസംഘം LTd. No. P., (D)

6. ക്ഷീരോല്പാദക സഹകരണ സംഘം (Apcos) കണ്ടിയൂർ

7. ക്ഷീരോല്പാദക സഹകരണ സംഘം (Apcos) പല്ലിയറ

പട്ടിക 1

കാർഷിക വായ്പ സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം (000) | നിക്ഷേപം (00) | വായ്പകൾ കാർഷികം | വായ്പകൾ കാർഷികേതരം | പ്രവർത്തന മൂലധനം | ലാഭമോ നഷ്ടമോ ലാഭതുക | ലാഭമോ നഷ്ടമോ നഷ്ടം തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | അട്ടപ്പാടി ഫാർമേർസ് സർവീസ് സഹകരണബാങ്ക | 1996 | ആഗളി പുത്തൂർ പഞ്ചായത്തും ഷോളയൂറിന്റെ ചിലഭാഗങ്ങളും | 14096 | 17 ലക്ഷം | ലഭ്യമല്ല | 38 ലക്ഷം | 45 ലക്ഷം | 44 ലക്ഷം | ലഭ്യമല്ല. | ലഭ്യമല്ല. | ലഭ്യമല്ല. |
| 2. | പട്ടികജാതി സർവീസ് സഹകരണ ബാങ്ക് അട്ടപ്പാടി | 1982 | അട്ടപ്പാടി ബ്ലോക്ക് മുഴുവന് | 1066 | 3 ലക്ഷം | ലഭ്യമല്ല. | ഇല്ല | 3,67,485 രൂപ | 12,000 രൂപ | ലഭ്യമല്ല. | ലഭ്യമല്ല | ലഭ്യമല്ല. |
| 3. | പാലക്കാട് ജില്ലാ കോഓപ്പറേറ്റീവ് ബാങ്കിന്റെ ശാഖ | 19 | അട്ടപ്പാടിബ്ലോക്ക് | | | | | | | | | |

## കാർഷിക വായ്പാ സഹകരണസംഘങ്ങൾ

അട്ടപ്പാടി ഫാർമേഴ്സ്സർവ്വീസ്സഹകരണബാങ്ക് LTd No; P 572 അഗളി, പുത്തൂർ പഞ്ചായത്തുമുഴുവനായും ഷോളയൂർ പഞ്ചായത്തിൻെറ ഏതാനും ഭാഗങ്ങളും ഉൾപ്പെട്ട ഭൂ പ്രദേശം പ്രവർത്തന പരിധിയാക്കി പ്രവർത്തിപ്പിക്കുന്നു. 1966 ൽ സ്ഥാപിതമായ ഈ സ്ഥാപനത്തിൽ 14096 മെമ്പർഷിപ്പുണ്ട്. കാർഷിക വായ്പകളായി 89,77, 810 രൂപയും മറ്റു വായ്പാ ഇനത്തിൽ 6,80,747 രൂപയും അംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ 30, 05,750 രൂപ കാലാവധി കഴിഞ്ഞ് തിരികെ കിട്ടാനുള്ളതായി അവശേഷിക്കുന്നു. ഹ്യസ്വകാല, മധ്യകാല, ദീർഘകാല കാർഷിക, കാർഷികേതര വായ്പകൾ നൽകുക, വളം, വിത്ത് എന്നിവ വിതരണം നടത്തുക, എന്നീ പ്രവർത്തനങ്ങൾ ടി സംഘം നടത്തിവരുന്നു.

അട്ടപ്പാടി പട്ടികജാതി സർവ്വീസ്സഹകരണസംഘം ക്ലിപ്തം P. 846 അഗളി കേന്ദ്രമാക്കി അട്ടപ്പാടി ബ്ലോക്ക് മുഴുവനായും പ്രവർത്തന പരിധിയാക്കിപ്രവർത്തിക്കുന്നു. 1982 ൽ സ്ഥാപിതമായ ഈ സംഘത്തിൽ 1066 അംഗങ്ങളുണ്ട്. 3,00,000 രൂപ അംഗീകൃത ഓഹരിമൂലധനമുള്ള ഈ സംഘത്തിൽ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം വെറും 92,845 രൂപമാത്രമാണ് ഹ്രസ്വകാല കാർഷികേതര വായ്പ ഇനത്തിൽ 3,67,485 രൂപയും ഹ്രസ്വകാല കാർഷികേതര വായ്പ ഇനത്തിൽ 12,000 രൂപ യും അംഗങ്ങൾക്ക് വായ്പ നൽകിയിട്ടുണ്ട്. ഇതിൽ 3, 37,985 രൂപ കാലാവധി കഴിഞ്ഞ് തിരികെ കിട്ടേണ്ടതായി നിലനിൽക്കുന്നു.രാസവളം, കീടനാശിനി ഡിപ്പോകൾ, ചീറ്റിന്തില കൊണ്ടുള്ള ചൂല്നിർമ്മാണം എന്നിവയാണ് സംഘത്തിൻെറ പ്രവർത്തനങ്ങൾ.

പാലക്കാട് ജില്ലാ കോഓപ്പറേറീവ് സഹകരണ ബാങ്കിൻെറ ഒരു ശാഖ അഗളി കേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. കാർഷിക , കാർഷികേതര വായ്പകൾ അനുവദിച്ചു കൃഷിക്കാർക്ക് ആവശ്യമായ സഹായങ്ങൾ നൽകിവരുന്ന ഈ ബാങ്കിൻെറ പ്രയോജനം, അഗളി ഷോളയൂർ പഞ്ചായത്തുകളിലെ കൃഷിക്കാർക്ക് ലഭ്യമാകുന്നു.

**പട്ടിക 2**

**വിവിധ വ്യവസായ സഹകരണസംഘങ്ങളിൽ അംഗത്വമുള്ളവരുടെ എണ്ണം**

| ക്രമനമ്പർ | സംഘത്തിൻെറ പേർ | മെമ്പർ ഷിപ്പ് |
|---|---|---|
| 1. | ചിറ്റൂർ | 452 |
| 2. | മുക്കാലി | 673 |
| 3. | അഗളി | 698 |
| 4. | മുണ്ടന് പാറ | 1000 |
| 5. | താവളം | 635 |
| 6. | ക്ഷീരോൽപാദന സഹകരണസംഘം അപ്കോസ് പല്ലിയറ, | ലഭ്യമല്ല. |

7. ക്ഷീരാൽപാദന സഹകരണസംഘം (അപ്കോസ് )കണ്ടിയൂർ ലഭ്യമല്ല.

ക്ഷീരവ്യവസായ (ക്ഷീരോല്പാദക ) സഹകരണ സംങ്ങൾ അഗളക പഞ്ചായത്തിലെ 5 ക്ഷീര വ്യവസായ സഹകരണ സംഘങ്ങളും 2 അപ്കോസ്സംഘങ്ങളും മാണെന്നുള്ളത്ഇതിൽ 2 അപ്കോസ്സംഘങ്ങളുടെവിവരങ്ങൾ ലഭ്യമല്ല. രേഖകള ലഭ്യമായ 5 ക്ഷീരവ്യവസായ സഹകരണസംഘങ്ങളിൽ ആകെ അംഗങ്ങൾ 3458 ആണ്. അംഗീകൃതമായഓഹരി മൂലധനം 45, 520 രൂപയും ഇതിൽ പിരിഞ്ഞുകിട്ടിയതുക 35, 280 രൂപയുമാണ് അഗളി കേന്ദ്രമാക്കി 10,000 ലിറ്റർ കപ്പാസിറ്റിയുള്ള ഒരു പാൽ ചില്ലിംഗ് പ്ലാൻറും പ്രവർത്തിക്കുന്നു. അട്ടപ്പാടിയിലെ 90 ശതമാന ആളുകളും ജീവനോപാധിയായി സ്വീകരിച്ചിരിക്കുന്ന പാൽ ഉല്പാദന രംഗം ഇങ്ങനെ യൊക്കെ കാര്യക്ഷമമാന്നെും എന്നാൽ അടിസ്ഥാന സൗകര്യങ്ങളിൽ കുടുത്ത സ1കര്യപ്രദമായ വിധത്തിത ക്രമീകരിക്കണമെന്നും ഊന്നിപ്പറയുന്നു.

## പട്ടിക - 3

## പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറ്റു സഹകരണസംഘങ്ങൾ

| ക്രമനമ്പർ | സഹകരണസംഘങ്ങളുടെ പേർ | ഓഫീസ് പ്രവർത്തിക്കുന്ന സ്ഥലം | ഉദ്ദേശലക്ഷ്യങ്ങൾ |
|---|---|---|---|
| 1. | അഗ്രികൾച്ചർ ഡവലപ്പമെൻറ് ബാങ്ക് മണ്ണാർക്കാട് | മണ്ണാർക്കാട് | മണ്ണാർക്കാട് താലൂക്കിലെ കാർഷിക വികസനത്തിന് ആവശ്യമായ വായ്പകൾ നൽകുക |
| 2. | മണ്ണാർക്കാട് കോ ഓപ്പറേറ്റീവ് മാർക്കററിംഗ് സൊസൈറ്റി അഗളി ബ്രാഞ്ച് | മണ്ണാർക്കാട് | പ്രവർത്തനം ഇല്ല (സംഭരണവും വിപണവും) |
| 3. | മണ്ണാർക്കാട് കോ-ഓപ്പറേറ്റീർ ആർട്സ് കോമേഴ്സ് കോളേജ് അഗളി ബ്രാഞ്ച് | അഗളി | വിദ്യാഭ്യാസ പ്രവർത്തനം |
| 4. | അട്ടപ്പാടി ആയുർവേദിക് ഇൻട്രസ്ട്രിയൽ കോ ഓപ്പറേററീവ് സൊസൈറ്റി | മുക്കാലി | പച്ചമരുന്നുകളുടെ സംഭരണവും, വിപണനവും ഒറ്റമൂലി ചികിത്സാ പ്രോൽസാഹനവും |
| 5. | മുക്കാലി ഗിരിജന് സൊസൈ് | മുക്കാലി | ഗിരിവർഗ്ഗക്കാർക്ക് തൊഴിലും തൊഴിൽ പരിശീലവും |
| 6. | കരകൗശല വ്യവസായ സഹകരണസംഘം | ഭൂതിവഴി | ഗിരിവർഗ്ഗക്കാർക്ക് കരകൗശല രംഗത്ത് തൊഴിലും തൊഴിൽ പരിശീലനവും |
| 7. | പട്ടിക വർഗ്ഗ പ്രിൻറിങ്ങ് കോ ഓപ്പറേറ്റീവ് സൊസൈററി | അഗളി | പട്ടികവർഗ്ഗക്കാരുടെ സഹകരണാടിസ്ഥാനത്തിലുള്ള പ്രിൻറിങ്ങ് പ്രസ്സ് |
| 8. | കുറുംമ്പ ഗിരിജൻ സൊസൈറ്റി | ചിണ്ടക്കി | കുറുംമ്പ വിഭാഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾ |
| 9. | പട്ടിക വർഗ്ഗ വനിത സോപ്പ് നിർമ്മാണ സൊസൈററി | മുക്കാലി | സഹകരണാടിസ്ഥാനത്തി പട്ടികവർഗ്ഗവനിതകൾക്ക് തൊഴിലഭ്യമാക്കുക |
| 10. | അട്ടപ്പാടി ഹൗസിങ്ങ് സൊസൈററി | അഗളി | ഭവനനിർമ്മാണം പ്രവർത്തിക്കുന്നില്ല. |
| 11. | അട്ടപ്പാടി ഫാമിംഗ് സഹകരണസംഘം | അഗളി | പട്ടികവർഗ്ഗ കുടുംബങ്ങളുടെ പുനരുത്ഥാരണം |

### പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറ്റു സഹകരണ സംഘങ്ങൾ

**മണ്ണാർക്കാട് കോ ഓപ്പറേറ്റീർ മാർക്കറ്റിഗ് സൊസൈറ്റി അഗളി ബ്രാഞ്ച്**

ആവശ്യത്തിലേറെ പ്രവർത്തന സാമിഗ്രികൾ അട്ടപ്പാടിയിലെ അഗളി കേന്ദ്രമായുള്ള ഈ സൊസൈറ്റിയുടെ യാതൊരു പ്രവർത്തനവും നിലവിൽ ഇല്ല.

**അഗ്രകൾചറൽ ഡവലർമെന്റ ബ്ങ്ക് മണ്ണാർക്കാട് ഏരിയ അട്ടപ്പാടി ബ്ലോക്ക്**

പഞ്ചായത്തിൽ കാർഷിക വായപകൾ മാത്രം വിതരണം ചെയ്യൽ കൃഷികൾ പ്രോൽസാഹിപ്പിക്കുന്ന ഈ ബാങ്ക് മണ്ണാർക്കാട് കേന്ദ്രമായിപ്രവർത്തിക്കുന്നതുകൊണ്ട് യാത്രാസൗകര്യം ഇല്ലാത്തതിനാലും ഇതുകൊണ്ട് കാര്യമായ പ്രയോജനം ലഭിക്കുന്നില്ല.

മണ്ണാർക്കാട് കോ ഓപ്പറേററീർ ആർട്സ ആന്റ് കൊമേഴ്സ് കോളേജ് LTd, P. no; 53. അഗളി ബ്രാഞ്ച്

ഈ സ്ഥാപനം പഞ്ചായത്തിലേക്ക് കാലൂന്നിയൽ 1996 97 വിദ്യാഭ്യാസ വർഷത്തിൽ മാത്രമാണ്.

വിദ്യാഭ്യാസസൗകര്യങ്ങൾക്ക്ഏ റവപിന്നോക്ക്നില്കുന്ന അട്ടപ്പാടിയിൽ സഹകരണമേഖലയിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മുവതൂക്കം നല്കി പ്രവർത്തിക്കേണ്ടസമയം ബോദ്യപ്പെട്ടതിന്റെ സൂചനയായി ഈ സ്ഥാപനത്തെ കാണാനാ കഴിയും.

അട്ടപ്പാടി ആയുർവേദിക് ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി, മുക്കാലി ഗിരിജൻസൊസൈററി ആടുവളർത്തൽ കേന്ദ്രം, പട്ടിക വർഗ്ഗസർവീവീസ് സഹകരണസംഘം താവളം , അട്ടപ്പാടി ഹൗസിഗ് കോ ഓപ്പറേറ്റീർ സൊസൈററി അഗളി. മുക്കാലി പട്ടിക വർഗ്ഗ വനിതസോപ്പുനിർമ്മാണം സഹകരണ സംഘം എന്നിവ യാതൊരു പ്രവർത്തനവുമില്ലാതെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലകൊള്ളുന്നു.

കരകൗശലവ്യവസായ സഹകരണസംഘം ഭൂതിവഴി.

ചിറ്റീന്തില കൊണ്ടള്ള ചൂൽ നിർമ്മാണം, ചൂരൽ കൊണ്ടുള്ള കൊട്ട, വട്ടി, കസേര മുതലായവ നിർമ്മിച്ചു വിതരണം നടത്തുന്ന ടി സംഘം പട്ടികവർഗ്ഗതൊഴിലാളികൾക്ക് ചുരുങ്ങിയ നിലയിൽ തൊഴിൽ നല്കുവാൻമാത്രമേ ഉപകരിക്കുന്നുള്ളു.

പട്ടികവർഗ്ഗ പ്രിൻറിഗ് കോ ഓപ്പറേറ്റീവ് സൊസൈററി അഗളി.

പത്തോളം പട്ടികവർഗ്ഗയുവാക്കൾക്ക് തൊഴിൽ നൽകാൻ പര്യാപ്തമായ ഈ സ്ഥാപനം അഗളിയിലുള്ള അട്ട്പ്പാടി ഫാർമേഴ്സ് കോഓപ്പറേറീവ് ബാങ്കിന്റെ ശാഖയിൽ പ്രവർത്തിച്ചുവരുന്നു.

കുറുമ്പഗിരിജൻ സൊസൈററി ചിണ്ടക്കി.

കാട്ടിൽനിന്നും ശേഖരിക്കുന്ന തേൻ പുളിഞ്ചിക്ക മുതലയാവ ശേഖരിച്ചു വിപണനം നടത്തുന്ന ടി സംഘം നാമമാത്രമായി പ്രവർത്തിച്ചുവരുന്നു.

അട്ടപ്പാടികോ ഓപ്പറ്റേീർ ഫആമിംഗ് സൊസൈററി അഗളി

പട്ടിക വർഗ്ഗത്തിൽപെട്ട അനേകം ആളുകൾക്ക് തൊഴിൽ നൽകും വിധത്തിൽ പോത്തുപ്പാടി, ചിണ്ടക്കി, കരുവാര എന്നിവടങ്ങളിൽ സ്ഥലങ്ങളുള്ള ഈ സൊസൈറ്റിയുടെ ഓഫീസ് അഗളിയിൽ പ്രവർത്തിക്കുന്നു. പെരിന്തൽ മണ്ണ ഭൂപണയബാങ്കിൽ ബാദ്ധ്യതയുണ്ടായിരുന്ന ഈ സംഘം ജപ്തി ചെയ്യൽ നടപടിയിലെത്തിയപ്പോൾ സർക്കാർ ഇടപെട്ട് ലോൺഎഴുതിതള്ളിയതിനുഷേം ഇപ്പോൾ ലാഭത്തിൽ പ്രവർത്തിച്ചുവരുന്നതായി കാണുന്നു.

**പ്രശ്നങ്ങൾ**

മേൽ പറഞ്ഞ വസ്തുതകൾ കണക്കിലെടുക്കുമ്പോർ വികസന രംഗത്ത് ഏറ്റവും പിന്നിൽ നില്കുന്ന അട്ടപ്പാടിയിൽ സഹകർസംഘങ്ങളുടെ നിലവിലുള്ള പ്രവ്രർത്തനങ്ങൾങ് അപര്യാപ്തമാണ് പൊതുമേഖലാ രംഗത്തെ കെടുകാര്യസ്ത തയും അഴിമതിയും സ്വകാര്യമേഖലയിലെ ജനപങ്കാളിത്തമില്ലായ്മയും ലാഭക്കൊതിയും കണക്കിലെടുക്കുമ്പോൾ അഗിളി പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് സഹകരണമേഖലയെ തന്നെ ആശ്രയിക്കേണ്ടിവരും. ഈ സാഹചര്യത്തിൽ നിലവിലുള്ള സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങളെ മനസ്സിലാക്കേണ്ടത് ആവശ്യമാണ്.

പ്രധാനപ്പെട്ടവ താഴെ ചേർത്തിരിക്കുന്നു. വിവിധ ഗ്രാമഗ്രൂപ്പു ചർച്ചകളിൽ ഉയർന്നുവന്നിട്ടുള്ള ജനാഭിപ്രായങ്ങളാണ് ഈ വിവരങ്ങൾക്ക് ആധാരം. 1. സഹകരണമേഖലയേകുറിച്ചുള്ള ജനങ്ങളുടെ അജ്ഞത.

2, വർദ്ധിച്ച ലോൺതിരിച്ചടച്ച്കുടിശ്ശിക

3. സഹകരണസംഘങ്ങളെക്കുറിച്ചുള്ള ആശങ്ക

4. ജനങ്ങളുടെസാമ്പത്തികപിന്നോക്കാവസ്ഥ

5. രാഷ്ട്രീയ അതിപ്രസരം

6. അഴിമതി

പഞ്ചായത്തിൻെറ ആവശ്യങ്ങള പരിഗണിക്കുമ്പോൾ കുടുതൽ സഹകരണ സംഘങ്ങൾ ആവശ്യമാണ് എന്നുമന സ്സിലാക്കാം. പുതുതായി സംഘങ്ങൾ രൂപീകരിക്കുകയും നിലവിലുളള സംഘങ്ങൾ ശക്തിപ്പെടുത്തുകയും നിർജ്ജീവ മായവയ പുനരുജ്ജീവിപ്പിക്കുകയും വേണം. നിലവിൽ പ്രവർത്തിച്ചുവരുന്ന സഹകരണസംഘങ്ങളുടെ ഉദ്ദേശലക്ഷ്യ ങ്ങൾ പൂർന്നമായോ ഭാഗികമായോ പോലും നേടാന് കഴിഞ്ഞി ട്ടുണ്ടാവുകയില്ല. പ്രസ്തുത സംഘത്തിൻെറ ഉദ്ദേശലക്ഷ്യ ങ്ങളിൽ പെടുന്ന കാര്യങ്ങൾക്കുവേണ്ടി ആസംഘത്തിൻെറ പ്രവർത്തന പരിധിയിൽ പുതിയ സംഘങ്ങൾ രൂപീകരി ക്കുവാൻ സാധ്യമല്ല. ഇതിൽ നിന്നും നിലവിൽ ഭാഗികമായി പ്രവർത്തിക്കുന്നതോ, നിർജ്ജീവാവസ്ഥയിൽ നിലനിൽ ക്കുന്നതോ ആയ സംഘങ്ങളെ ശക്തിപ്പെടുത്തുക മാത്രമാണ് പ്രസ്തുത മേഖലയിൽ കരണീയമായിട്ടുളളത്. എന്നാൽ പുതിയ മേഖലകളെ ലാക്കാക്കി സംഘങ്ങൾ രജിസ്ററർ ചെയ്യാൻ കഴിയും. പുതിയ സംഘങ്ങൾ രജിസ്ററർ ചെയ്യുന്നതിനുള്ള ലിഖിതവും അലിഖിതവുമായ നിബന്ധ നകളെ കുറിച്ച് സാധാരണ ജനങ്ങളെ ബോധവാൻമാരാക്കുക എന്നതാണ് ഏററവും ആദ്യം ചെയ്യേണ്ടത്. രണ്ടാമതായി നിലവിൽ രജിസ്ററർ ചെയ്തിട്ടുള്ള സംഘങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങൾ പ്രവർത്തന പരിധി, സംഘത്തിൻെറ പ്രശ്നങ്ങൾ എന്നിവ മനസ്സിലാക്കി പ്രദേശത്തിൻെറ ആവശ്യങ്ങൾക്കനുസൃതമായവയെ ശക്തിപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കണം. അല്ലാത്ത വയെ പിച്ചിവുടിണം. മൂന്നാമതായ ആവശ്യമുള്ള മേഖലകളിൽ പുതിയ സഹകരണ സംഘങ്ങൾ രൂപീകരിക്കണം. ഈ ഘടകങ്ങളിലെല്ലാം തന്നെ യഥാർത്ത ഗുണഭോക്താക്കളാണ് സംഘം രജിസ്ററർ ചെയ്യുന്നതിന് മുൻകൈയെടുക്കുന്നത് എന്നും കക്ഷിതാല്പ ര്യങ്ങൾക്കതീതമായ എല്ലാ ഗുണഭോക്താക്കൾക്കും പങ്കാളിത്തം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ്വരുത്തകയും വേണം.

**സാധ്യതകൾ**

1. അഗളി പഞ്ചായത്തിൽ കാർഷിക മേഖലയിലാണം സഹകരണസംഘങ്ങൾ കൂടുതലായും ആവശ്യമായി രിക്കുന്നത്. കാർഷിക മേഖലയെ ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന സംഘങ്ങളാണ് അട്ടപ്പാടി ഫാർമേഴ്സ് സഹകരണബാങ്ക് താവണം, പി.ഡി.സി ബങ്ക്, അഗളി അട്ടപ്പാടി പട്ടികജാതി സർവ്വീസ് സഹകരണസംഘം, ക്ഷീരവ്യവസായ സഹകരണ സംഘങ്ങർ, അട്ടപ്പാടി കോ-ഓപ്പറേറ്റീർ ഫാമിങ്സൊസൈറ്റി തുടങ്ങിയവ ഇവയുടെ പ്രവർത്തനങ്ങൾ വിപുലമാക്കുകയും ശക്തിപ്പെടുത്തുകയം ചെയ്യണം.

**എ. സഹകരണബാങ്കുകൾ.**

1. നിലവിലുള്ള സഹകരണ ബാങ്കുകൾ കർഷകർക്കുള്ള വായ്പ തുക ഉയർത്തുകയും ജാമ്യം, ബോണ്ട് മുതലായവ ലഘൂകരിക്കുകയം വായ്പക്കുള്ള പലിശനിരക്ക് കുറയക്കുകയും ചെയ്യണം. കാർഷിക ലോണുകൾ യഥാകാലം ലഭ്യമാക്കണം. ലോണുകൾ തിരിച്ചു പിടിക്കുന്നതിന് സഹകര ണസംഘം പ്രതിനിധികളും ഗ്രാമസഭഅംഗങ്ങളും ചേർന്നുളള ഒരു ക്രമീകരണം ഉണ്ടാക്കണം.

2. നാലാം വാരാഡിൽ ഗുളിക്കടവ് കേന്ദ്രമാക്കി സഹകര ണബാങ്കിൻെറ ഒരു ശാഖ ആരംഭിക്കുക.

3. അട്ടപ്പാടി ഫാർമേഴ്സ് സഹകരണസംഘം താവണ ത്തിൻെറ അഗളി ശാഖയിൽ വായ്പ സൗകര്യം ഏർപ്പെടുത്തണം. കീടനാശിനികൾ വിതരണം ചെയ്യണം.

4. അഗളി പി.ഡസ.സി ബാങ്കിൻെറ പ്രവർത്തനം സ്വർണ്ണപണ്ടം പണയത്തിൻമേൽ വായ്പകൊടുക്കുക എന്നതു മാത്രമായിരിക്കുന്നു. ചെറുകിട കച്ചവടക്കാർക്കും സ്വയം തൊഴിത ചെയ്യാൻ താല്പര്യമുള്ള ചെറുപ്പക്കാർക്കും സ്വന്തം ജാമ്യത്തിലും മറ്റ മാർഗ്ഗങ്ങളിലും ലോൺ നൽകാനുള്ള ക്രമീകരണം ഉണ്ടാക്കണം. കാർഷിക വികസന ബാങ്ക് ശാഖ ആരംഭിക്കണം, സ്ഥലം, ഷെയർ വിഹിതം തുടങ്ങിയവ ജനങ്ങൾ വാഗ്ദാനം ചെയ്യുന്നു.

**ബി. ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ**

1. നിലവിലുള്ള ക്ഷീരവ്യവസായ സംഘങ്ങൾ ബാങ്കിനെ ആശ്രയിക്കാതെ തന്നെ കർഷകർക്ക് പശുക്കളെ ലോൺആയി

വിതരണം ചെയ്യണം, നല്ലയിനം പശുക്കളെ ലഭ്യമാക്കണം.

2. പഞ്ചായത്തിൽ സഹകരണമേഖലയിൽ ഒരു കാലിത്തീറ്റ യൂണിറ്റ് സ്ഥാപിക്കണം.

3. ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ മുക്കാലി, പാക്കുളം, കുന്നചാള, നരസിമുക്ക്, ഒന്നാംവാർഡ്എന്നിവിടങ്ങളിൽ പുതുതായിസ്ഥാപിക്കണം.

4 8-ാം വാർഡിൽ ക്ഷീരവ്യവസായ സഹകരണ സംഘങ്ങളെക്കുറിച്ച് ബോധവൽക്കരണക്ലാസ്സുകൾ നടത്തണം.

5. ക്ഷീര സഹകരണസംഘങ്ങളിലെ വായ്പ തുക വർദ്ധിപ്പിക്കണം, യഥാസമയം ഓഡിറ്റുകൾ നടത്തണം.

ബോണസ് യഥാകാലം വിതരണം വിതരണം ചെയ്യണം.

സി. അഗ്രേ ഇന്ഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി.

അട്ടപ്പാടിയിൽ അഗളി കേന്ദ്രമാക്കി ഒരു അഗ്രേ ഇൻഡസ്ട്രിയൽ കോ ഓപ്റേററീർ സൊസൈറ്റി രൂപീകരിക്കണം. അട്ടപ്പാടിയുടെ ഭൂപ്രകൃതിയും കാലാവസ്ഥയും അടിസ്ഥാനമാക്കി (നിലവിൽ പ്രവർത്തിക്കുന്ന് സഹകരണസംഘങ്ങൾ പ്രോൽസാഹനം നൽകാത്ത) കാർഷിക വിളകൾ കണ്ടെത്തി കൃഷി ചെയ്യിക്കുന്നതിനും കാർഷികോൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിച്ച് പവിപണനം നടത്തുന്നതിനും വേണ്ടിയായിരിക്കണം പ്രസ്തുത സൊസൈറ്റി. ഈ സൊസൈറ്റിയുടെ സബ് സെൻററുകൾ അഗളി പഞ്ചായത്തിലെ ആവശ്യമുള്ളഎല്ലാ വാർഡുഗളിലും സ്ഥാപിക്കണം. കാർഷികോപകരണങ്ങൾ ജൈവവളങ്ങൾ ജൈവകീടനാശിനികൾ, കാർഷിക ഗവേഷണം യൂണിറ്റുകൾ, പരിശീലനം കേന്ദ്രങ്ങൾ. കാർഷിക നഴ്സറികൾ തുടങ്ങി അനുബന്ധകാര്യങ്ങളും പ്രാവർത്തികമാക്കണ്.

ഡി. തേയില കൃഷി സഹകരണസംഘം

അട്ടപ്പാടിയിൽ അഗകളി, ഷോളയൂർ പുത്തൂർ പഞ്ചായത്തുകളിൽ തേയില കൃഷിക്കനുയേജ്യമായ വെറും ഭൂമിയും അനുയോജ്യമായ കാലാവസ്ഥയും ലഭ്യമാണെന്ന് തേയില കൃഷിയിതി പരിചയമുള്ളവർ റിപ്പോർട്ട് ചെയ്യുന്നു. സാങ്കേതിക സഹായങ്ങൾ ലഭിക്കുന്നതിന് തമിഴ്നാട്ടിലെ കൂന്തരിത 'ഉപാസി' എന്ന സ്ഥാപനത്തെ ആശ്രയിക്കാമെന്നുള്ളതുകൊണ്ടും അട്ടപ്പാടിയിലെനല്ലൊരു ഭാഗം വെയ്സ്ററ് ലാൻറ് കൃഷി ചെയ്യപ്പെടുമെന്നുറപ്പുവരുത്തുന്നതിനാലും ചെറുകിട തേയല കൃഷിയിലൂടെ തൊഴിൽ സൗകര്യം വരുമാനം ഇവ വർദ്ധിപ്പിക്കാൻ സാധിക്കുമെന്നതിനാലും അഗളി കേന്ദ്രമാക്കി ഒരു തേയില കൃഷി സഹകരണ മേഖലയിൽ 'ടീബോർഡി'ൻെറ സഹായത്തോടെ ഫാക്ടറി സ്ഥാപിക്കുന്നതുവരെ തമിഴ്നാട്ടിൽ കോട്ടഗിരി, കുന്നൂരിലെ എന്നിവിടങ്ങളിലെ ഫാക്ടറികളിൽ തേയില കൊളുത്ത് വിൽപ്പന നടത്താൻ സാധിക്കും.

ഇ. മാർക്കറ്റിംഗ് കോ ഓപ്പറേറ്റീർ സൊസൈർറി.

മണ്ണാർക്കാട് കോഓപ്പറേറ്റീവ് സൊസൈർറിയുടെ ഒരു ശാഖ അഗളിയിൽ പ്രവർത്തിച്ചിരുന്നു. അട്ടപ്പാടിയിലെ കാർഷിക ഉല്പന്നങ്ങളായ തുവര, കടല, പരുത്തി തുടങ്ങിയവ ശേഖരിച്ച് സംസ്കരണം നടത്തി വിപണം നടത്തയിരുന്ന പ്രസ്തുത ശാഖ പ്രവർത്തനം നിലച്ച സ്ഥിതിയിലാണ് ലക്ഷക്ക ണക്കിനു രൂപ വിലപിടിപ്പുള്ള മെഷിനുകളും കെട്ടിടങ്ങളും നശിച്ചു പൊയ്ക്കൊണ്ടിരിക്കുന്നു. മുസ്ക്കാലങ്ങളെ അപേക്ഷിച്ച് പഞ്ചായത്തിലെ കാർഷികവിഭവങ്ങൾ നിലവിൽ വളരെ കൂടുത്ത ഉൽപാദിപ്പിക്കപ്പെടുന്നു. മേൽപ്പറഞ്ഞ സൊസൈററിയുടെ അഗളി ശാഖ പ്രവർത്തനം ക്ഷമമാക്കുകയും കാലാനുസൃതമായി വികസിപ്പിക്കുകയം ചെയ്താൽ മാത്രമേ കർഷകർക്ക് പ്രയോജനപ്പെടുകയുള്ളൂ. മണ്ണാർക്കാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പ്രസ്തുത സൊസൈറ്റിക്ക് ഇതുസാധ്യമാകുമെന് തോന്നുന്നില്ല. കാരണം പാക്കുളത്തുണ്ടായിരുന്ന ഒരു ഗോഡൗൺ സൊസൈറ്റി വിൽക്കുകയം അഗളിയിലെ ഗോഡൗൺ വർഷങ്ങളോളം വെറുതെയിടുകയം 1996 ജൂണ് മാസം മുൽ സഹകരണകോളജിനു വാടകക്കുകൊടുത്തു വരികയും ചെയ്യുന്നു. മണ്ണാർക്കാട് കോ ഓപ്പറ്റേീർ മാർക്കറ്റിങ്ങ് സൊസൈറ്റിയിൽ അട്ടപ്പാടിയിൽ നിന്നും ഏതാനും ബോർഡുമെമ്പർമാർ ഉണ്ടെങ്കിൽ പോലും സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകാത്തതു ഖേദകരമാണ്. ഈയവസ്ഥയിൽ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും ഗ്രമസഭകളുടെ നിർദ്ദേശപ്രകാരം പ്രസ്തുത മാർക്കററിങ് സൊസൈററി പ്രവർത്തനക്ഷമമാക്കണമെന്ന ആവശ്യം റിപ്പോർട്ടു ചെയ്യുന്നു. ഇതുസാധ്യമാകാത്തപക്ഷം മണ്ണാർക്കാട് കോ ഓപ്പറേറ്റീർ മാർക്കററിങ് സൊസൈറ്റിയുടെ പ്രവർത്തന മേഖലയിൽ

നിന്നും അട്ടപ്പാടിയെ ഒഴിവാക്കി നിലവിൽ അട്ടപ്പാടിയിൽ ലഭ്യമായ എല്ലാ കാർഷിക വിഭവങ്ങളും ന്യായമായ വിലക്ക് ശേഖരിച്ച്‌വിപണനം നടത്തക്ക വിധം അട്ടപ്പാടികോ ഓപ്പറേറ്റീർ മാർക്കറ്റിങ് സൊസൈറ്റി രൂപീകരിച്ച് കലവിളംബം കൂടാതെ പ്രവർത്ത ക്ഷമമാക്കണം.

**എഫ്. കേരോല്പന്ന നിർമ്മാണ സഹകരണസംഘം**

പഞ്ചായത്തിൽ വർദ്ധിച്ചുവരുന്ന തെങ്ങുകൃഷി കണക്കിലെടുത്ത് കേരോല്പന്നങ്ങളായ ചകിരി, കയർ,കരകൗശല വസ്തുക്കൾ തുടങ്ങിയവയുടെ നിർമ്മാണത്തിന്ഒരു സഹകരണസംഘം 'കയർ ഫെഡി'ന്റെ സഹായത്തോടെ സ്ഥാപിക്കുക. പ്രസ്തുത സംരഭത്തിലൂടെ 200 ഓളം പേർക്ക് തൊഴിൽ ലഭ്യമാകും. കൂടാതെ ഇന്ന നശിപ്പിച്ചുകളയുന്ന തൊണ്ട് ചിരട്ട മുതലായവ അസംസ്കൃത പദാർഥങ്ങൾ ഉപയോഗപ്പെടുത്താനും കേരകർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും സാധിക്കും. പ്രസ്തുത സഹകരണസംഘത്തിനും തൊഴിൽ സംരഭങ്ങൾക്കും വേണ്ട സ്ഥലം, സംഘത്തിനാവശ്യമായ ഷെയറുകൾ, ഗുണഭോക്തത്യ വിഹിതം ഇവ സംഘടിപ്പിക്കാൻസാധിക്കും.

**നമ്പർ സഹകരണസംഘങ്ങൾ ഓഫീസ് പ്രവർത്തിക്കേണ്ട സ്ഥലം ഉദ്ദേശലക്ഷ്യങ്ങൾ**

1. അഗ്രോ ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി അഗളി സമഗ്ര കാർഷിക വികസനം മൂലം സ്വയം പര്യാപ്തതയിൽ എത്തുവാൻ സാധിക്കും.

2 അടയ്ക്ക കൊപ്ര സംസ്കരണ വിപണന സഹകരണസംഘം മുക്കാലി

3. ഇഞ്ചി പുല്ല് രാമച്ചം ഉൽപന്നംനിർമ്മാണ വിപണന സഹകരണസംഘം ജെല്ലിപ്പാറ

4. പരുത്തി വ്യവസായ സഹകരണസംഘം കോട്ടത്തറ

5. ഔഷധ സസ്യഉൽപാദന വിപണന സഹകരണസംഘം കാരറ

6. മൽസ്യം വളർത്തൽ സഹകരണസംഘം ചിററൂർ

7. വെറ്റില കർഷക സഹകരണസംഘം നെല്ലിപ്പതി

8. കൂൺകൃഷി സഹകരണസംഘം കൽക്കണ്ടി

9. ആടുവളർത്തൽ സഹകരണ സംഘം കാവണ്ടിക്കൽ

10. കോഴിവളർത്തൽ ഇറച്ചി മുട്ട സംഭരണ സഹകരണ സംഘം അഗളി

11. സ്ററാർച്ചുനിർമ്മാണം സഹകരണസംഘം താവളം

**മറ്റു കാർഷിക സഹകരണസംഘങ്ങൾ**

പഞ്ചായത്തിൽ വർദ്ധിച്ചുവരുന്ന മറ്റു കാർഷിക വിവകളെ അടിസ്ഥാനപ്പെടുത്തി താഴെ പറയുന്ന സഹകരണസംഘങ്ങൾ രൂപീകരിക്കണമെന്ന് ഗ്രാമസഭകൾ ആവശ്യപ്പെടുന്നു

1. അടയ്ക്ക കൊപ്ര സംസ്ക്കരണ വിപണന സഹകരണസംഘം.

2. ഇഞ്ചിപ്പുല്ല് രാമച്ചം ഉല്പന്ന നിർമ്മാണ വിപണന സഹകരസംഘം.

3. പരുത്തി വ്യവസായ സഹകരണസംഘം.

4.ഔഷധ സസ്യ ഉൽപാദന വിപണന സഹകരണസംഘം.

5. മൽസ്യം വളർത്തൽസഹകരണസംഘം

6.വെറ്റില കർഷക സഹകരണസംഘം.

7. കൂൺ കൃഷി സഹകരണസംഘം

8. ആടുവളർത്തൽ സഹകരണസംഘം.

9. കോഴിവളർത്തൽ, ഇറച്ചി മുട്ട സംഭരണ സഹകരണസംഘം.

10. സ്ററാർച്ചു നിർമ്മാണ സഹകരണസംഘം

2. കാർഷികേതര സഹകരണ സംഘങ്ങൾ.

എ. ചെറുകിട വ്യവസായങ്ങൾ

കൈത്തൊഴിൽ , ചെറുകിട വ്യവസായങ്ങർ തുടങ്ങിയ രംഗങ്ങളിൽ അഗളി പഞ്ചായത്ത് ഏറെ പിന്നിലാണ്. അസംസ്കൃത വസ്തുക്കളുടെയോ, തൊഴിലാളികളുടെയോ അഭാവമല്ല ഈ പിന്നോക്കാവസ്തക്ക് കാരണം. പിന്നോക്കാവസ്ഥക്കു കാരണം. മറിച്ച് ഈ രംഗത്തെ അവഗണനയും മൂലധനമില്ലായ്മയും വിപണി കണ്ടെത്താനുള്ള ബുദ്ധിമുട്ടുമാണ് തൊഴിത രഹിതരെ ഇതിൽ നിന്നും അകറ്റി നിർത്തിയിരിക്കുന്നത്. പട്ടിക ജാതി പട്ടികവർഗ്ഗ പരമ്പരാഗത കൈത്തൊഴിലുകൾ പോലും വേണ്ടവിധം പ്രോൽസാഹിപ്പിക്കപ്പെടുന്നില്ല. തൊഴിലില്ലായ്മ ദൈനം ദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ പഞ്ചായത്തിൽ കൈത്തൊഴിലുകൾക്കും ചെറുകിടവ്യവസായങ്ങൾക്കും അർഹിക്കുന്ന പരിഗണന നൽകി പരിപോഷിപ്പിക്കേണ്ടതാവശ്യമാണ്.

സഹകരണസംഘങ്ങൾക്ക് മേൽപ്പറഞ്ഞ പരിമിതികളെ തരണം ചെയ്യാനാവുമെന്ന അവബോധം ഒരു വിഭാഗം ജനങ്ങളിൽ രൂഢമൂലമായിത്തീർന്നിട്ടുണ്ട്. ഇതിന്റെ ബരിഹസ്ഫുരണമെന്നോണം ഗ്രാമസഭകളിൽ കാർഷികേതര രംഗങ്ങളിൽ വിവിധ സഹകരണ സംഘങ്ങർ രൂപീകരിക്കുന്നതിനെക്കുറിച്ച് ചർച്ചകളുണ്ടായ തഴെ കാണിച്ചിരുന്ന സഹകരണസംഘങ്ങൾ പഞ്ചായത്തിനനുയോജ്യമാണെന്നും ആയതിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളും സാങ്കേതിത വിദ്യകളും ഈ പഞ്ചായത്തിൽ തന്നെ ലഭ്യമാണെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

വിവിധ സഹകരണ സംഘങ്ങൾ പ്രവർത്തിക്കേണ്ട സ്ഥലം ഉദ്ദേശലക്ഷ്യങ്ങൾ

1. മാർകററിംഗ് സൊസൈറ്റി അഗളി വ്യവസായിക വികസനത്തിലൂടെ സ്വയം പര്യാപ്തതയിൽ എത്തുവാൻ സാധിക്കും

2. പഴം പച്ചക്കറി, കശുവണ്ടി, ഇറച്ചി സംസകരണ വിപണന സഹകരണസംഘം ഗുളിക്കടർ

3. ഖനവിഭവ സമാഹരണ സഹകരണസംഗം, ചിററൂർ , മുക്കാലി

4. റെഡിമെയ്ഡ് വസ്ത്രനിർമ്മാണസഹകരണസംഘം എല്ലാവാർഡിലും H.O. അഗളിയിൽ

5. ഇഷ്ടിക, ഓട്. ജനൽ ഗ്രില്ലുകൾ .. സഹകരണ സംഗം താവളം, ജെല്ലിപ്പാറ കോട്ടത്തറ

6. കൈത്തറി സഹകരണസംഘം മുക്കാലി

7. പ്ലാസ്ററിക് , ചൂരൽ ഓട, വാഴനാർ എന്നിവകൊണ്ടുള്ള കരകൗശല സഹകരസംഘങ്ങൾ എല്ലാവാർഡിലും.H.O. അഗളിയിൽ

8. സോപ്പ് ചന്ദത്തിരി മെഴുകുതിരി ബുക്ക്, കുട, ചെരുപ്പ്, ബാഗ് ബേക്കറി നിർമ്മാണ സഹകരണസംഘം ജെല്ലിപ്പാറ പാക്കുളം

9. ധാന്യപൊടികൾ, കറി പൗഡറുകൾ നിർമ്മാണ വിപണന സഹകരണസംഘങ്ങൾ
കാവുണ്ടിക്കൽ

10. സഹകരണ ആശുപത്രി (അലോപ്പതി, ആയുർവേദം) ജെല്ലിപ്പാറ കാരര, ചിറ്റൂർ

11. സഹകരണകോളേജ് ITC പോളിടെക്നിക് അഗളി

12. ധോബി സഹകരണസംഘം ഭൂതിവഴി

13. സഹകരണ കൺസൂമർ സ്റോർ പാക്കുളം

14. നിർമ്മാണതൊഴിലാളി സഹകരണസംഗം കള്ളമല

15. വേയർ ഹൗസിങ് കോർപ്പറേഷൻ ഗോഡൗൺ VII വാർഡിൽ കാതിരംപതി

16. അട്ടപ്പാടി ആയുർവേദിക് ഇന്ഡസ്ട്രിയൽ കോഓപ്പറേറ്റീർ സൊസൈറ്റി ST/P. 119. മുക്കാലി

മേൽക്കാണിച്ച സൊസൈററികളുടെ രൂപീകരണം അതതുപ്രദേശങ്ങളിലെ ജനങ്ങൾ മുൻകൈയെടുത്തു നടത്തേണ്ടതും അതിനുവേണ്ടസാങ്കേതിക സഹായവും മാർഗ്ഗനിർദ്ദേശങ്ങളും പഞ്ചായത്തും നൽകിയാൽ, പ്രവർത്തന മേഖലയിലെ ദ്രുതഗതിയിലുള്ള പ്രവർത്തന പുരോഗതി കൈവരിക്കുകം ഉദദേശ്യലക്ഷ്യങ്ങൾ സഫലീകൃതമാവുകയും ചെയ്യും.

# 17
# വിഭവസമാഹരണം

പഞ്ചായത്തുനേരിടുന്ന പ്രതിസന്ധികളിലൊന്നായ വാർത്താവിനിമംയം കാര്യക്ഷമമാക്കികൊണ്ടു വ്യാവസായികമേഖല ഉൾപ്പെടെ വിഭവഭൂപടത്തിലെ എല്ലാ മേഖലയിലും പുതിയ മാർഗ്ഗങ്ങൾ വെട്ടിത്തുറക്കേണ്ടിയിരിക്കുന്നു. വനവിഭവങ്ങൾ മുതൽ കാർഷിക വിഭവങ്ങൾ വരെ ആവശ്യാനുസരരണം ഉല്പാദിപ്പിക്കുകയം ശേഖരിക്കുകയം ചെയ്യുന്നെങ്കിലും ഇവയുടെ വിപണനത്തിലൂടെ ഫലപ്രദമായി പഞ്ചായത്തിനുകിട്ടാനുള്ള നികുതി കിട്ടാത്തതും വിഭവസമാഹരണത്തിൽ കാര്യമായ നേട്ടമില്ലാതാക്കി.

വരവ് സംബന്ധിച്ച് വിവരങ്ങൾ (1995 96)

പട്ടിക 1

| ഇനം | ധനാഭ്യർഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിടനികുതി | 4,75,362.00 | 2,64,236.00 | 2,11,126.00 |
| വിനോദനികുതി | 2, 46,120.00 | 1,64,080.00 | 82,040.00 |
| അധി വിനോദനികുതി | 1,50,133.00 | 1,00080.00 | 500,44.00 |
| പ്രദർശന നികുതി | 660.00 | 660.00 | |
| പ്രദർശന നികുതിയിന് | | | |
| മേലുള്ള സർചാർജ്ജ് | 171.00 | 171.00 | |
| ചന്തവരവ് | | 82,256.00 | |
| ലൈസൻസ് ഫീസ് | 12,603.00 | 11.986.00 | 622.50 |
| വസ്തുകൈമാററ നികുതി | | | |
| 75 ശതമാനം | 1,09,236.00 | 1,09236.00 | |
| | 44,120.00 | 44,120.00 | |
| 38,827.00 | | 38,827.00 | |
| അവലംബ്: പഞ്ചായത്ത്രേഖ | | | |

ഫലഭൂയിഷ്ടമായ മണ്ണ് അദ്ധ്വാനശേഷിയും അദ്ധ്വാനിക്കാനുള്ള ആവേശവും നശിപിക്കാത്ത ജനസമൂഹവും ഉളള പ്രദേശത്തിന് കാർഷികമായ മുന്നേറ്റം കൈവരിക്കാനാകാത്തതും വിഭവശേഷിയിൽ കുറവവരുവാൻ കാരണമായി. കാരഷികമേഖലയിലെ പരജായത്തിൻെറ അടിസ്ഥാനകാരണങ്ങളിലൊന്ന് ഉല്പാദിപ്പിക്കുന്ന കാർഷിക വിളകൾ മാർക്കറ്റിംഗിനു സൗകര്യമില്ലാ എന്നുള്ളതാണ്. ഇവിടെ കൃഷിചെയ്യുന്ന കാർഷിക വിളകൾ വിറ്റഴിക്കാസ്സ 309 കിലോമീറ്റർ അകലെ ജില്ലാ ആസ്ഥാനമായ പാലക്കാട് എത്തിക്കണം എന്നതും പഞ്ചായത്തിൽ ലഭിക്കേണ്ടവിഭവങ്ങൾ വണ്ടിവാടക, കമ്മീഷൻ ഇടത്തട്ടുകാരുടെ ചൂഷണം മുതലായവയിലൂടെ പലവഴികളിലായിചോർന്നു പോകുന്നതായും കാണാൻ കഴിയും. പഴങ്ങളും പച്ചക്കറികളും ഉൾപ്പടെ ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന ഭക്ഷണപദാർത്ഥങ്ങൾക്ക് കീടനാശിനികളുടേയും രാസവളങ്ങളുടേയും അമിത പ്രയോഗമില്ലാതിരുന്ന കഴിഞ്ഞ കാലഘട്ടംവരെ ആരോഗ്യപോഷണത്തിന് ആശുപത്രികളെ സമീപിക്കേ ണ്ടിയിരുന്നില്ല. എന്നാൽ ഇപ്പോൾ വളങ്ങളും കീടനാശിനികളും ക്രമാതീതമായി പ്രയോഗിക്കുവാൻ തുടങ്ങുകയും ചെയ്തതുമൂലം കൃഷിയിടങ്ങളുടെ ഉല്പാദന ക്ഷമത ഇടിയുകയും ചെയ്യുന്നു.

ഈ അവസരത്തിൽ ജൈവവളപ്രയോഗത്തിനു കൂടുതൽ ഊന്നൽ നൽകി കാർഷികമേഖലയെ പുനരുദ്ധരിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെയുള്ള മേഖലകളിൽ ഇടപെടുവാനുള്ള അധികാരം ഗ്രാമപഞ്ചായത്തിനുനൽകിയാൽ അതുമൂലം ഗുണഫലങ്ങൾനേടാനാവും. സർക്കാർ ഗ്രാൻറുകൾ നീതിപൂർവ്വകമായി വിതരണത്തിന് ഭരണാധികാരികളെ സ്വാധീനിക്കേണ്ട അവസ്ഥ മാറ്റി ഗ്രാൻറുകൾ പിരിക്കുന്ന മേഖലയിൽ വച്ചുതന്നെ പഞ്ചായത്തിനുകൈമാറാനുള്ള നിയമനിർമ്മാണം

നടത്തിയാൽ, ഫണ്ടുകിട്ടേണ്ടകാലതാമസം ഒഴിവാക്കാനും അതുവഴി ഫണ്ടുദുരുപയോഗം ചെയ്യാതെയും യഥാസമയങ്ങളിലെവിഭവമായിമാറുകയും ചെയ്യും.

പട്ടിക-2

ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ

| | സ്ഥാപനങ്ങളുടെ എണ്ണം | | | | | |
|---|---|---|---|---|---|---|
| വാർഡ് | വ്യവസായം വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മറ്റുള്ളവ | ആകെ | ആകെ ഫീസ് |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1. | 3 | 1 | 4 | 1 | 9 | 530.00 |
| 2. | 4 | 2 | 4 | 2 | 12 | 390.00 |
| 3. | 13 | 8 | 5 | 20 | 46 | 1586.00 |
| 4. | 18 | 10 | 26 | 21 | 75 | 2317.00 |
| 5. | 2 | 1 | 3 | 1 | 7 | 272.50 |
| 6. | 4 | 1 | 3 | 9 | 17 | 557.50 |
| 7. | 3 | 4 | 10 | 3 | 20 | 540.00 |
| 8. | 2 | 2 | 10 | 4 | 18 | 455.00 |
| 9. | 2 | 2 | 4 | 4 | 12 | 426.00 |
| 10. | 9 | 6 | 12 | 7 | 34 | 1250.00 |
| 11. | 8 | 4 | 6 | 4 | 22 | 750.00 |
| 12. | 16 | 6 | 5 | 6 | 33 | 943.00 |
| 13. | 14 | 7 | 8 | 3 | 32 | 1062.00 |

അവലംബം: പഞ്ചായത്ത് രേഖകൾ

നമ്മുടെ പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീ ഇനത്തിൽ 11079.00 രൂപ ഈടാക്കിയിട്ടുണ്ട്. പക്ഷേ മുഴുവൻ സ്ഥാപനഉടമകളേയും നികുതി യുടെ പരിധിയിൽ കൊണ്ടുവരാൻ ആയിട്ടില്ലെന്നു കാണാൻ കഴിയും. നികുതി പിരിവ് പഞ്ചായത്തിൽ മററാവശ്യങ്ങൾക്ക് ആളുകൾ വരുന്ന സമയത്തുമാത്രമാണു നടക്കുന്നത്. സാധാരണക്കാരായ ജനങ്ങൾ കൂടുതലായുള്ള പഞ്ചായത്ത് അശാസ്ത്രീയമായ നികുതിനിശ്ചയിക്കൽ ഒഴിവാക്കുകകയും വികസന പ്രവർത്തനങ്ങൾ

ശരിയായവിധത്തിൽ മുന്നേറാൻ യഥാവിധി നികുതികൊടുക്കേണ്ടതു തങ്ങളുടെ കടമയാണെന്നു ജനങ്ങൾക്കു ബോദ്ധ്യമാവുകയും ചെയ്താൽ പഞ്ചായത്തിൻെറ വരുമാനം ഇന്നുള്ളതിനേക്കാൾ 25 ശതമാനം കണ്ടുമെച്ചപ്പെടുത്താൻ കഴിയും. വാർഡുപ്രതിനിധികൾ തങ്ങളുടെ വാർഡിലെ നികുതിദായകർക്ക് നൽകുന്ന നികുതികൾ കാലോചിതമായി നിശ്ചയിച്ചിട്ടുള്ളതാണോ എന്നു പരിശോധിക്കുകയം, അവജനങ്ങൾകൃത്യമായി പഞ്ചായത്തിനുനൽകുന്നുണ്ടോഎന്നു തിട്ടപ്പെടുത്തുകയും ചെയ്താൽ പഞ്ചായത്തിലെത്തേണ്ട വരുമാനം കൃത്യമായി എത്തുകയും വികസനപ്രവർത്തനങ്ങൾക്കായി ഉപയോഗിക്ക പ്പെടുകയം ചെയ്യാം.

പട്ടിക -3

പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം

| 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| 8977 | 9007 | 9032 | 9144 | 9220 |

അവലംബം: പഞ്ചായത്ത് രേഖ

### കെട്ടിടനികുതി

അഗളി പഞ്ചായത്തിലെ കെട്ടിടനികുതി പിരിവ് കൂടുതൽ ശാസ്ത്രീയമാക്കുവാൻ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം മാത്രം അടിസ്ഥാനമാക്കുകയോ, മതിപ്പുചിലവുകണക്കാക്കൽ കെട്ടിടം ഉടമയുടെ വാക്കിൻെറ അടിസ്ഥാനത്തിലോ ആകരുത്. ആഡംബരത്വവും കൂടുതൽ വിലപിടിപ്പുള്ള വസ്തുക്കളുടെ ഉപയോഗവും കണക്കിലെടുത്തു നികുതി നിർണ്ണയിച്ചാൽ പഞ്ചായത്തിനു വരുമാനം കൂട്ടാനാവും. വീടുകൾ അല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൻെറ നികുതി ചുമത്തുകയം ചെയ്യൽ വഴി വരുമാനവർദ്ധവുണ്ടാകും.

പട്ടിക 4

ലേലവരുമാനം സംബന്ധിച്ച വിവരങ്ങൾ

| ചന്ത | സ്റ്റാൾ | ഷോപ്പിംഗ്കോംപ്ലക്സ് | ആകെ |
|---|---|---|---|
| 1 | 2 | 3 | 4 |
| 70,600.00 | 12,776.00 | 61612.00 | 1,44,988.00 |

അവലംബം: പഞ്ചായത്ത്രേഖ

### മാർക്കറ്റിംഗ് ഇനിത്തിൽ ലഭിക്കാവുന്ന വരുമാനം

അഗളി പഞ്ചായത്തിൽ താവളത്തുപ്രവർത്തിക്കുന്ന സ്വകാര്യ മാർക്കറ്റിഗ് പഞ്ചായത്ത് ഏറ്റെടുക്കുകവഴി, അതുലേലം ചെയ്തു കൊടുത്താൽ പഞ്ചായത്തിനു പ്രതിവർഷം 50,000 രൂപാ സ്വരൂപിക്കാനാവും.

കോട്ടത്തറയിലുള്ള പഞ്ചായത്തുമാർക്കറ്റിൽ അനധികൃതമായി കെട്ടിയുണ്ടാക്കുന്ന താൽക്കാലിക ഷെഡുകൾ മ പൊളിച്ചുമാറ്റി മാർക്കററുലേലം ചെയ്താൽ പഞ്ചായത്തു നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സിൻെറ മുഴുവൻ മുറികളും വാടകക്കുകൊടുക്കാൻ സാധിക്കുകവഴി മാർക്കറ്റുവരുമാനത്തിൽ കുറവുവരാതെ തന്നെ ഷോപ്പിഗ് കോംപ്ലക്സിലൂടെ അധികവരുമാനമുണ്ടാക്കുവാന കഴിയും.

അറവുശാലാമാർക്കറ്റ് അഗളിയോ ഗുളിക്കടവോ കേന്ദ്രീകരിച്ച് ഒരെണ്ണം ഉണ്ടായാൽ അറവുശാലയുടെ ലൈസൻസ് ഫീ ഇനത്തിലും ശാലകൾ ലേലം ചെയ്തുകൊടുക്കുന്നവഴിയിലും പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗം തുറക്കാനാവും.

അഗളിയോ ഗുളിക്കടവോ കേന്ദ്രീകരിച്ച് ഒരു ആഴ്ചചന്ത തുടങ്ങിയാൽ മാർക്കറ്റുടോൾ ഇനത്തിൽ പഞ്ചായത്തിന് നല്ലൊരു വിഭവസമാഹരണമുണ്ടാവും. പച്ചക്കറി സംഭരണം വിതരണം മുൻതൂക്കം നൽകുന്ന മാർ ക്കറ്റ് മൽസ്യ വില്പന ഇന്നിവയും ഉൾപ്പെടുത്തി ഞായറാഴ്ച പ്രവർത്തി ദിവസമാക്കിയാത കൂടുതൽ വിജയ പ്രദമായിരിക്കും.

ഗുളിക്കടവിൽ AVIPയുടെ വക റോഡു പുറമ്പോക്കിൽ സെമി പെർമെനൻറ് ബിൽഡിംഗ് ഉണ്ടാക്കിയാൽ (10 മുറികൾ ഉണ്ടാക്കാനുള്ള സൗകര്യമുണ്ട്) അതുലേലത്തിൽ കൊടുക്കകുവഴി പഞ്ചായത്തിന് വരുമാനമുണ്ടാക്കാൻ കഴിയും.

പഞ്ചായത്തിൽ അഗ്രോ ഇന്ഡസ്ട്രിയൽ കോ ഓപ്പറേററീവ് സൊസൈററി രൂപീകരിക്കുകയും പഞ്ചായത്തിൻെറ പ്രധാന കച്ചവടസ്ഥലങ്ങളായ കോട്ടത്തറ, ഗുളിക്കടവ് താവളം, കൽക്കണ്ടി,ജെല്ലിപ്പാറ, കാരറ, ചിറ്റൂർ എന്നീ സ്ഥലങ്ങളിൽ കളക്ഷൻ സെൻററുകൾ സ്ഥാപിക്കുകയും ചെയ്താൽ അതുവഴി പഞ്ചായത്തിന് പ്രതിവർഷം വരുമാനം വർദ്ധിപ്പിക്കാം.

**മാർക്കറ്റുകളെ സംബന്ധിച്ച വിവരങ്ങൾ**

**പട്ടിക 5**

| ചന്തകൾ (എണ്ണം) | വണ്ടിത്താവളം (എണ്ണം) | | ആകെവരവ് |
|---|---|---|---|
| പഞ്ചായത്തുവക സ്വകാര്യ | | | |
| 1 | 1 | 1 | 82,256.00 |

അവലംബം: പഞ്ചായത്ത്രേഖ

**വികസനപ്രവർത്തനങ്ങൾവഴിയുള്ള വരുമാനമാർഗ്ഗം**

നിലവിൽ പഞ്ചായത്തു മുഖാന്തിരം നടക്കുന്ന വികസനപ്ര വർത്തനങ്ങൾ കോൺട്രക്ട്, നോമിനി, കൺവീർ എന്നീ അടിസ്ഥാനത്തിലാണ് നടന്നുകൊണ്ടിരിക്കുന്നത്. അതുമാററി സഹകരണാടിസ്ഥാനത്തിൽ വികസനപ്രവർത്ത നങ്ങൾ ഏറ്റെടുത്ത് നടത്തിയാൽ പരമാവധി ജനപങ്കാളിത്തം ഉറപ്പവരുത്താനും അതുമൂലം കോൺട്രാക്ടേഴ്സ് പ്രോഫിറ്റുകൊണ്ട് 7 ശതമാനം അധിക വികസനം നടത്തു വാനുള്ള വിഭവം സമാഹരിക്കുവാനും, അഴിമതി ഇല്ലാതാക്കുവാനും കഴിയും.

**ഉൽസവാഘോഷത്തോടനുബന്ധിച്ചു സമാഹരി ക്കാവുന്നത്.**

ഉത്സവാഘോഷളേളകളിൽ ബന്ധപ്പെട്ട ഉൽസവനട ത്തിപ്പുകേന്ദ്രങ്ങളോടനുബന്ധിച്ച റോഡുപുറമ്പോക്കുകളിൽ നടക്കുന്ന കച്ചവടങ്ങളോടനുബന്ധിച്ചുള്ള പിരിവുകൾ സ്വീകരിക്കുന്നത് ബന്ധപ്പെട്ട അമ്പല പള്ളി കമ്മറ്റികളാണ്. ആ വ്യവസ്ഥിതി മാറ്റി ഉൽവപറമ്പിലെ കച്ചടവടത്തിനുള്ള ടാക്സ് (തറവാടക) പഞ്ചായത്തുനേരിട്ടു പരിച്ചെടുക്കുന്ന തുവഴി പ്രതിവർഷം നല്ലൊരു വരുമാനവും പഞ്ചായത്തി നുലഭിക്കുന്നതാണ്.

**പ്രധാനപ്പെട്ട ഉൽസവാഘേഷസ്ഥലങ്ങൾ**

1. ശിവരാത്രിയോടനുബന്ധിച്ച ചെമ്മണൂർ അമ്പലത്തിലെ ശിവരാത്രി മഹോൽസവം.
2. അഗളി അയ്യപ്പൻകോവിൽ ഉൽസവം.
3. ഗുളിക്കടവു പള്ളിപ്പെരുന്നാൾ.
4, രാജഗിരി പള്ളിപ്പെരുന്നാൾ
5. ജല്ലിപ്പാറ പള്ളിപ്പെരുന്നാൾ
6. കാരറ അയ്യപ്പക്ഷേത്രത്തിലെ ഉൽസവം
7. കാരറ പള്ളിപ്പെരുന്നാൾ
8. ചിറ്റൂർ അമ്പലം വക ഉൽസവം
9. മുക്കാലി മുസ്ലിംപള്ളി നേർച്ചപ്പെരുന്നാൾ .
10. കക്കുപ്പടി മുസ്ലിംപള്ളി നേർച്ചപ്പെരുന്നാൾ

**മൃഗസംരക്ഷണത്തിലൂടെ സമാഹരിക്കാവുന്നത്.**

സർക്കാർ മൃഗാശുപത്രിയിലെ ചികിൽസ സൗജന്യ മാക്കുന്ന നിലവിലുള്ള അവസ്ഥയിൽ നിന്നും ഉരു ഒന്നിന് 5 രൂപ ക്രമത്തിൽ ഒരു ഫീസ് ഈടാക്കുകയും ഇത് കാലതാമസം കൂടാതെ പഞ്ചായത്തിലെത്തുകയം ചെയ്താൽ പഞ്ചായ ത്തിന് മറ്റൊരു വരുമാനമാവുകയും മൃഗസംരക്ഷണത്തിൽ പഞ്ചായത്തിനു കൂടുതൽ കാര്യക്ഷമത ഉണ്ടാവുകയും ചെയ്യും.

**സിനിമാ ശാലകളിലെ ടാക്സ്**

അഗളി പഞ്ചായത്തിലുളള 5 സിനിമാ ശാലകളി ലെയും ടാക്സ് ഈടാക്കുന്ന ഇപ്പോഴത്തെ മാനദണ്ഡം കോമ്പൗണ്ടിംഗ്സിസ്ററമാണ്. ഇത് അശാസ്ത്രീയവും പഞ്ചായത്തിന് ഏറെ നഷ്ടം വരുന്നതുമാണ് ആയതിനാൽ സിനിമാ ശാലകളിലെ നികുത സീറ്റിൻെറ അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള തോതിൽ പിരിച്ചെടുത്താൽ ഇപ്പോൾ സിനിമാ ശാലകൾ വഴി പഞ്ചായത്തിനുളള വരുമാനത്തിൽ ഗണ്യമായ മാറ്റമുണ്ടാക്കുവാൻസാധിക്കും.

പഞ്ചായത്തിൽ സിനിമാ ശാലകൾ സ്ഥാപിക്കുന്നതിന് എവിടെനിന്നെങ്കിലും സാദ്ധ്യതകളുണ്ടെങ്കിൽ അവപ്രോൽ സാഹിപ്പിക്കേണ്ടതും, അതിൻെറ നിയമ തടസ്സങ്ങളെ ലഘൂ കരിച്ച് എളുപ്പത്തിൽ ലൈസൻസ് നൽകുകയും ചെയ്താൽ പഞ്ചായത്തിൻെറ വിഭവ സമാഹരണത്തിലെ നല്ലൊരു പങ്ക് കണ്ടെത്താം.

**ചെറുകിട വിവ്യസായങ്ങൾവഴിയുള്ള വിഭവ സമാഹരണം.**

ചെറുകിട വ്യവസായങ്ങൾ ഇപ്പോൾ പഞ്ചായത്തിലില്ല. പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ ഇഷ്ടിക നിർമ്മാണം, കാലിത്തീറ്റ നിർമ്മാണം, റെഡിമെയ്ഡ് ഡ്രസ്സുകൾ കുടനിർമ്മാണം ചെരിപ്പുനിർമ്മാണം ബേക്കറിയൂണിറ്റ് മുതലയാവ സ്ഥാപിച്ചാൽ നിരവധി യുവതീയുവാക്കൾക്ക് തൊഴിൽ ലഭിക്കുകയും അതോടൊപ്പം ഇതിൻെറ ലാഭവിഹിത ഇനത്തിൽ പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗവും കൂടി ആകുന്നു.

**വെയിറ്റിംഗ് ഷെഡ്ഡിനോടനുബന്ധിച്ച റൂമുകൾ വഴി പഞ്ചായത്തിനുലഭിക്കാവുന്ന വരുമാനം**

നിലവിൽ വെയിറ്റിംഗ് ഷെഡിനോടനുബന്ധിച്ച് കച്ചവട റൂമുകൾ ഉള്ളത് മൂന്നു വേയിറ്റിഗംഡെഡുകൾക്കാണ് അതുവഴി പഞ്ചായത്തിനു പ്രതിവർഷം 8500 രൂപ വരുമാനമുണ്ട് (അവലംബം: പഞ്ചായത്തുരേഖ)

താഴെ പറയുന്ന സ്ഥലങ്ങളിൽ പുതുതായി കച്ചവടകേന്ദ്ര ത്തോടുകൂടിയുളള വെയിറ്റിഗ് ഷെഡ്ഡുകൾ നിർമ്മിക്കുക വഴി പഞ്ചായത്തിനു മറ്റൊരു വരുമാനമാർഗം ഉണ്ടാക്കാം.

**നിർമ്മിക്കേണ്ട സ്ഥലങ്ങൾ**

1. ചിറ്റൂർ
2. നെല്ലിപ്പതി
3. ജല്ലിപ്പാറ
4. ഗുളിക്കടവ്
5. കാവുണ്ടിക്കൽ
7. പാക്കുളം
8. ദോണിഗുണ്ട്.

**ടൂറിസത്തിലൂടെ പഞ്ചായത്തിനുലഭിക്കാവുന്ന വിഭവം**

പഞ്ചായത്തിലിപ്പോൾ വിനോദസഞ്ചാര കേന്ദ്രങ്ങളില്ല. ാട്ടപ്പാടിയിൽ ഉൾപ്പെടുന്ന സൈലൻറുവാലി പ്രദേശത്തും. ചിററൂര ഡാമിനുവേണ്ടി സർക്കാർ അക്വയർ ചെയ്ത് നിലവിൽ ഉപേക്ഷിച്ചിരിക്കുന്ന സ്ഥലത്തും വിനോ ദസഞ്ചാര കന്ദ്രങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിച്ചാണ് വിദേശ, സ്വദേശ ടൂറിസ്ററുകളിൽ നിന്നുമുള്ള വരുമാനവും പഞ്ചായത്തിനുലഭിക്കുന്നു.

**ഊർജ്ജസ്രോതസുകളിലെ വിഭവസമാഹരണം.**

പഞ്ചായത്തിൽ ഇപ്പോൾ ഊർജ്ജോല്പാദനം ഒന്നും തന്നെയില്ല. സൈലൻറുവാലി പ്രദേശത്ത് മിനിജല വൈദ്യുത പദ്ധതി കരുവാര, ആനവായ് എന്നിവടങ്ങളിലും മന്ദംപൊട്ടിയിലും ടി വൈദ്യുത പദ്ധതികൾ സ്ഥാപിക്കുകയും കാറ്റുമൂലം പുട്ടുമല, കാവുണ്ടിക്കൽ, ഗുഡയൂർ, കണ്ടിയൂർ എന്നിവിടങ്ങളിലും വൈദ്യുതി ഉല്പാദിപ്പിച്ചാൽ പഞ്ചായത്തിന് മറ്റൊരു വരുമാനവാർഗ്ഗവും ആയി രിക്കും.

**ജപ്പാൻ പദ്ധതി പഞ്ചായത്തുമുഖാന്തിരം ആയാൽ ഉണ്ടാകാവുന്നവരുമാനം**

ജപ്പാൻ ഗവൺമെണ്ടിൻെറ ഹിൽ ഏരിയ ഡവലപ്മെൻറ് സൊസൈറ്റിമുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾ ഗ്രാമപ ഞ്ചായത്തിൻെറ അഭിപ്രായത്തോടുകൂടി പഞ്ചായത്തിൽ നടപ്പിലാക്കിയാൽ അതുവഴി പഞ്ചായത്തിൻെറ കാർഷിക മേഖല പുഷ്ടിപ്പെടുത്തുവാനും അതുവഴി പഞ്ചായത്തിന് നാമമാത്രമായ വിഭവസമാഹാരണം ഉണ്ടാക്കിയെടുക്കാൻ കഴിയും.

സ്വർണ്ണഖനനം: പഞ്ചായത്തിനും വിഭവം സമാഹ രിക്കുവാനുള്ള നിർദ്ദേശം

ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ അട്ടപ്പാടിയിലെ അഗളി പഞ്ചായത്തിൽ നടത്തുന്ന സ്വർണ്ണ ഖനനസർവേ പ്രാവർത്തികമാക്കിയാൽ പഞ്ചായ്ത്തിൻെറ പരിധിയിലുള്ള ഏരിയായിൽ ഖനനം നടത്തുമ്പോൾ പഞ്ചായത്തിന് ന്യായ മായ വിഹിതം ലഭിക്കത്തക്ക വിധത്തിൽ നിയമനിർമ്മാണം സർക്കാർ തലത്തിൽ നടത്തിച്ച് പഞ്ചായത്തിന് വിഭവസമാഹാരണം നടത്താം.

**പഞ്ചായത്തു വികസന സമിതിമുഖാന്തിരം വരുമാനം.**

പഞ്ചായത്തു വികസന സമിതി രൂപീകരിക്കുകയം അതിനുസ്വീകരിക്കുന്ന മാനദണ്ഡം അയൽക്കൂട്ടങ്ങളെന്നോ തറക്കൂട്ടങ്ങളെന്നോ യോജിക്കുന്ന മറ്റെന്തെങ്കിലുമോ പേരു നൽകി 25-ൽ കൂടാതെ വീടുകളെ യോജിപ്പിച്ച് അതിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരു പ്രതിനിധി വാർഡുതല വികസ സമിതിയിലെമെമ്പറും, വാർഡുതല വികസന സമിതി കളിലെ മെമ്പർമാർ ചേർന്നുതിരിഞ്ഞെടുക്കുന്ന ഒരു പ്രതിനിധി പഞ്ചായത്തുതല വികസനസമിതിയിലെ പ്രിതിനിധിയുമായി പ്രവർത്തിക്കുന്നു വിധത്തിൽ രൂപീകരി ക്കുകവഴി പഞ്ചായത്തിലെ എല്ലാംവികസനപ്രവർത്തന ങ്ങളിലും വാർഡുമെമ്പർമാരുടെ സാഹായത്തിനായി ഒരു കൂട്ടം ആളുകൾ ഉണ്ടാവുകയും പഞ്ചായത്തു വികസനം സുതാര്യമാവുകയും അതുവഴി ജനങ്ങളിൽ നിന്നും പഞ്ചായ ത്തിലേക്ക് നേരിട്ട് എത്തേണ്ടവീട്ടുകരം തൊഴിൽ കരം മുതലായവ കാലതാമസം കൂടാതെ സംഭരിക്കുവാനു കഴിയും.

ഇതിനെല്ലാം പുറമെ വികസനപ്രവർത്തനത്തിനു ജന പങ്കാളിത്വത്തിലൂടെയുള്ള മനുഷ്യ അദ്ധ്വാന, സംഭാവനകൾ, മാനുഷിക സഹകരണം എന്നിവയിലൂടെയെല്ലാം പഞ്ചായ ത്തിൻെറ ധനാഗമമാർഗ്ഗങ്ങൾ വികസിപ്പിച്ചെടുക്കുവാനും സംസ്ഥാനപഞ്ചായത്തുകളിലെ വിഭവശേഷിയുള്ള പഞ്ചായ ത്തുകളിൽ ഒന്നായി അഗളി പഞ്ചായത്ത് ആയിതീരുകയം ചെയ്യും.

## പൊതുനിർദ്ദേശം

അഗളി പഞ്ചായത്ത് ഉൾപ്പെപട്ട അട്ടപ്പാടി ബ്ലോക്ക് ഇന്ത്യയിലുള്ള അഞ്ചു ഇൻഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെൻറ് പ്രോജക്ട്കളിൽ ഒന്നാണ്. ഇതിലൂടെ T.SP, EAS. തുടങ്ങിയ ഫണ്ട് വിനിയോഗിക്കുമ്പോൾ പഞ്ചായത്തുവിഹിതം നിശ്ചയിക്കേ ണ്ടത്. ജനസംഖ്യാനുപാതികമായിരിക്കണം. ബ്ലോക്കിലെ ജനസംഖ്യയുടെ പകുതി ഈ പഞ്ചായത്തിലാണ് അതുകൊണ്ട് ഫണ്ടിൻെറ പകുതി ഈ പഞ്ചായത്തിൽ വിനിയോഗിക്കുകയും അത് പഞ്ചായത്തിൻെറ നിർദേശം പരിശോധിച്ചും അംഗീകാരം തേടിയും ആയിരിക്കുകയും വേണം. ഇതു കർക്കശമായി നടപ്പിലാകും എന്നുറപ്പായാൽ പഞ്ചായത്തിനു വികസന പ്രക്രിയക്കു രൂപംനല്കുമ്പോൾ അതനുസരിച്ച്രൂപപ്പെടുത്തുവാൻകഴിയും.

ഹിൽ ഏരിയ ഡെവലപ്മെൻറ് സൊസൈറ്റി മുഖാന്തിരം ചിലവഴിക്കപ്പെടുന്ന തുക കൃത്യമായും പഞ്ചായത്തിനറിയാന് ബാധ്യതയുണ്ട്. പഞ്ചായത്തു പ്രസിഡണ്ടുമാരും ബ്ലോക്കു പ്രസിഡണ്ഡും എം. എൽ. എ!, എം. പി. ജില്ലാ പഞ്ചായത്തു പ്രസിഡണ്ട്എന്നിവർ നിർബന്ധമായും അതിൻെറ പ്രവർത്തക സമിതിയിലുണ്ടാകണം. പ്രാദേശിക സമിതികൾ രൂപീകരിക്കപ്പെടുമ്പോൾ പഞ്ചായത്തു വാർഡുമെമ്പർമാരും ബ്ലോക്കുപഞ്ചായത്തമെമ്പർമാരും ഉൾപ്പെടുകയും ഗുണഭോക്താക്കളുടെ കൃത്യമായ പ്രാതിനിധ്യം ഉണ്ടാവുകയും വേണം. അതുപോലെ തന്നെ ഈ സൊസൈറ്റിയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന തൊഴിലവസരങ്ങൾ തുല്യമായി പങ്കുവയക്കേണ്ടതാണ്. 70 ശതമാനം വരുന്ന സെറ്റിലേഴ്സിനെ പാടെ ഒഴിവാക്കി ട്രൈബൽ പദ്ധതിയാക്കിമാറ്റാനുള്ള നീക്കം ഉപേക്ഷിക്കേണ്ടതാണ്. പിന്നോക്ക വിഭാഗം എന്നനിലയിൽ 50 ശതമാനം പട്ടികജാതിപട്ടിക വർഗ്ഗ വിഭാഗത്തിനും ബാക്കി 50 ശതമാനം മറ്റുള്ളവർക്കുമായി തെഴിലവസരത്തെ പങ്കുവയ്ക്കണം. മുറിവാടക യാത്രക്കൂലി ഇനങ്ങിലും പുതിയ വാഹനം വാങ്ങുന്ന ഇനത്തിലുമായി ഫണ്ട് തീർന്നുപോകാതെ പദ്ധതി നടത്തിപ്പിനായി വിനിയോഗിക്കാന് പ്രത്യേകം ശ്രദ്ധവയ്ക്കണം. ഔദ്യോഗിക തലത്തിലുള്ള തർക്കവിതർക്കങ്ങൾ പദ്ധതിയെ ദോഷമായ്ബാധിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

## ഉപസംഹാരം

നമ്മുടെ പഞ്ചായത്തിന്റെ സമഗ്രവികസനത്തിനുള്ള രേഖ തയ്യാറായിക്കഴിഞ്ഞു. ഈ രേഖ ഉണ്ടാക്കുവാൻ വിവിധ മേഖലകളിലുള്ള ജനങ്ങൾ സർവ്വാത്മനാ സഹകരിച്ചിട്ടുണ്ട്. ജാതിമതകക്ഷിരാഷ്ട്രീയഭേദമില്ലാതെ ഉണ്ടായ ഈ ജനകീയ ഐക്യം ഈ രേഖ സാധിതപ്രായമാകും എന്ന കാര്യത്തിന്റെ തെളിവാണ്. എന്നാൽ ഈ ഐക്യം ശിഥിലമാകാതിരിക്കാൻ ഓരോരുത്തരും ബദ്ധശ്രദ്ധരാകേണ്ടതാണ്. വിവിധ സ്കീമുകൾ വഴിയും പദ്ധതിവിഹിതമായും മറ്റേജൻസികൾ വഴിയും ലഭിക്കുന്ന കോടിക്കണക്കിന് രൂപ ചിലവഴിക്കപ്പെടുമ്പോൾ ജനകീയ സംഭാവനയും കൂട്ടിച്ചേർത്ത്‌വികസന പ്രവർത്തനം നടക്കുമ്പോൾ നമ്മുടെ പഞ്ചായത്തിൽ 50 വർഷം കൊണ്ട് ഉണ്ടായതിനേക്കാൾ കൂടുതൽ വികസനം ഉണ്ടാകും എന്നതിൽ സംശയത്തിനിടയില്ലല്ലോ. എന്നാൽ ജനപങ്കാളിത്തം ഉറപ്പിക്കാനുള്ളതുടർ പ്രവർത്തനം കൂടിയേകഴിയൂ.



അതുപോലെ പഞ്ചായത്തിനു കീഴിൽ ഉൾപ്പെട്ടിട്ടുള്ള കൃഷിഭവൻ, മൃഗാശുപത്രി, ആയുർവേദാശുപത്രി തുടങ്ങിയ സർക്കാർ ഓഫീസുകളിൽ ഇനിമുതൽ പഞ്ചായത്തടിസ്ഥാനത്തിൽ കൃത്യമായ രേഖകൾ സൂക്ഷിച്ചുവയക്കേണ്ടതാണ്. ഫയൽ സമ്പ്രദായത്തിനുപകരം ലഡ്ജർ സമ്പ്രദായം നടപ്പിലാക്കിയാൽ കൃത്യമായ രേഖകൾ സൂക്ഷിക്കുവാൻ കഴിയും. ഫയലുകൾ മുങ്ങുന്ന രീതി ഒഴിവാക്കുകയും ചെയ്യും. അത്തരം മാറ്റങ്ങൾ ഉണ്ടാവാൻ കൂടി ഈ ജനകീയ ഐക്യം ഉപയോഗപ്പെടുത്തേണ്ടതാണ്.


നമ്മൾ നടത്തുന്ന വികസന പ്രവർത്തനം കാര്യക്ഷമവും ഗുണമേന്മയുള്ളതും ആകാൻ ജനപങ്കാളിത്തം വിശകലനം, വിലയിരുത്തൽ, സോഷ്യൽ ഓഡിറ്റിംഗ് എന്നിവ കൃത്യമായിട്ടുണ്ടാവാൻ പരിശ്രമിക്കണം. ഇനി കരയാൻ അവകാശമില്ല. തുക പാഴായാൽ അടുത്ത തലമുറയോട് നമ്മൾ കണക്ക് പറയേണ്ടിവരും. ഈ വികസനരേഖ നടപ്പിലാക്കാൻ പഞ്ചായത്തുഭരണ സമിതി ജനങ്ങളോടൊപ്പം ഉണ്ടാകും എന്ന് ഈ സന്ദർഭത്തിൽ ഉറപ്പുതരുന്നു.

പഞ്ചായത്ത് പ്രസിഡണ്ട്.

# അഗളിഗ്രാമപഞ്ചായത്ത്- ട്രാൻസെക്ട് - 1

| ഭൂപ്രകൃതി | മൺതരം | സസ്യാവരണം | ജലലഭ്യത | ജനആവാസം | പരിസ്ഥിതി പ്രശ്നങ്ങൾ |
|---|---|---|---|---|---|
| ഭവാനിപ്പുഴയുടെ തീരസമതലം | കരിമണ്ണ് | തെങ്ങ്, വാഴ, നെല്ല്, പരുത്തി | ഭവാനിപ്പുഴ | വീട്, കടകൾ | |
| ചെറിയ ഇറക്കം | [illegible] കരിമണ്ണ് | വാഴ, ചാമ, ചോളം, നെല്ല് | [illegible] തോട് | [illegible] | [illegible] |
| ചെറിയകയറ്റം | ചുവന്ന മണ്ണ് | ഇലവ്, പരുത്തി | ചോല | ഒറ്റപ്പെട്ട വീടുകൾ | [illegible] |
| കുത്തനെയുള്ള ഇറക്കം | ചരൽ നിറഞ്ഞ ചുവന്ന മണ്ണ് | കപ്പ, തെങ്ങ് | ചോല | | [illegible] |
| കുത്തനെയുള്ള കയറ്റം | ചരൽ കലർന്ന മണ്ണ് / ചുവന്ന മണ്ണ് | കുറ്റിക്കാട്, [illegible], നെല്ല്, റബ്ബർ, കവുങ്ങ് | | | |
| റാവുട്ടൻ കല്ല് കുന്നിന്റെ മണ്ട | വളക്കൂറില്ലാത്ത ചുവന്ന മണ്ണ് | കുറ്റിക്കാട്, പരുത്തി / മൊട്ടക്കുന്ന് | | | പുൽമേട് |
| കുത്തനെ ചെരിവ് | ചെറിയ കല്ലുകളുള്ള ചുവന്ന മണ്ണ് | മൊട്ടക്കുന്ന് | ചോല | ഒറ്റപ്പെട്ട വീടുകൾ | [illegible] |
| താഴ്‌വര | ചെളിമണ്ണ് | കുറ്റിക്കാട്, പരുത്തി, കവുങ്ങ്, തെങ്ങ്, നെല്ല്, ചോളം | കിണർ, [illegible] തോട് | ഒറ്റപ്പെട്ട വീടുകൾ, [illegible] | [illegible] |
| ചെറിയ ചെരിവ് | കറുത്ത മണ്ണ് / കരിമണ്ണ് | റബ്ബർ, കുറ്റിച്ചെടികൾ, കപ്പ, തെങ്ങ്, കവുങ്ങ് | കിണർ, [illegible], നീർച്ചാല്, തോട് | [illegible] | |
| ചെറിയ കയറ്റം | മണൽ കലർന്ന മണ്ണ് | നെല്ല്, കാപ്പി, ഇഞ്ചി, വാഴ, കുരുമുളക്, തെങ്ങ്, [illegible] | [illegible] തോട്, [illegible] | [illegible] | [illegible] |
| ചെറിയചെരിവ് | കറുത്ത മണ്ണ് | കുരുമുളക്, ഇഞ്ചി, ഇലവ്, തെങ്ങ് | [illegible] കിണർ, [illegible] തോട്, [illegible] കിണർ | ഒറ്റപ്പെട്ട വീട്, [illegible] | |
| ചെറിയ ചെരിവ് | പശിമയുള്ള മണ്ണ് / ചെളിമണ്ണ് | നെല്ല്, വാഴ, തെങ്ങ്, ഇഞ്ചി, കവുങ്ങ്, കാപ്പി, കുരുമുളക് | നീരുറവ് | ഒറ്റപ്പെട്ട വീടുകൾ | |
| കുത്തനെ കയറ്റം | ചുവന്ന മണ്ണ് | കുറ്റിക്കാട്, കാപ്പി, കപ്പ. | | ഒറ്റപ്പെട്ട വീടുകൾ | |
| കുത്തനെ ഇറക്കം | കറുത്ത ചരൽ മണ്ണ് | മൊട്ടക്കുന്ന് | | | പുൽമേട് |
| ചെറിയ ചെരിവ് | പശിമയുള്ള മണ്ണ് | [illegible], വാഴ, കവുങ്ങ്, തെങ്ങ്, [illegible] | നീർച്ചാല്, [illegible] | [illegible] | |
| ശിരുവാണിപ്പുഴയുടെ തീരസമതലം | കറുത്ത ചരൽ മണ്ണ് | വാഴ, ഇഞ്ചി, കുരുമുളക്, കാപ്പി, തെങ്ങ്, റബ്ബർ, [illegible] | ശിരുവാണിപ്പുഴ, [illegible] തോട് | ഒറ്റപ്പെട്ട വീടുകൾ | |
















# പുത്തൂർ ഗ്രാമ പഞ്ചായത്ത്
# സമഗ്ര വികസന രേഖ



# ആമുഖം

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് ജനകീയാസൂത്രണത്തിലൂടെ സാക്ഷാത്കരിക്കവാൻ പോവുകയാണ്. സ്വാതന്ത്ര്യം ലഭിച്ച് അര നൂററാണ്ടററിക്ക് വളരെ അടുത്താണ് നാം. ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം ഇത് എണ്ണപ്പെട്ട ഒരു കാലയളവല്ല. ഇതിനിടയിൽ നിരവധി ഭരണ മാററങ്ങൾ, നിയമ നിർമ്മാണങ്ങൾ, 8 പഞ്ചവത്സരപദ്ധതികൾ. മൂന്നാം ലോക രാജ്യങ്ങളുടെ നായക സ്ഥാനത്താണ് ഇന്ത്യ എന്നുള്ളത് പാഠ്യ വിഷയങ്ങളിൽ പോലും സ്ഥാനം നേടിക്കഴിഞ്ഞു. പക്ഷേ സങ്കീർണ്ണമായ പ്രശ്നങ്ങളുടെ ഒടുങ്ങാത്ത പട്ടിക ചോദ്യ ചിഹ്നമായി നമ്മുടെ മുന്നിലുണ്ട്.

ജനാധിപത്യത്തിന്റെ നിരവധി പരീക്ഷണങ്ങളിലൂടെ രാജ്യം കടന്നു പോയപ്പോൾ സ്വാതന്ത്ര്യം നേടിയെടുത്തവരുടെ ഇച്ഛാശക്തി കാത്തുസൂക്ഷിച്ച ഒരു ജനതയാണ് കേരളത്തിന്റേത്. പാലക്കാട്ട് ജില്ലയിലെ ഏക ആദിവാസി പഞ്ചായത്താണ് പുതൂർ. 21-ാം നൂററാണ്ടിലേക്ക് നമ്മുടെ സംസ്ഥാനത്തെ കൈപിടിച്ചുയർത്തേണ്ട കാലഘട്ടത്തിലെ 9-ാം പഞ്ചവത്സര പദ്ധതി പരമാവധി വിജയിപ്പിക്കേണ്ടതാണ്. ഇത് സാക്ഷാത്ക്കരിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ രൂപം നൽകിയതാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം. ജനപങ്കാളിത്തത്തോടെയുള്ള ആധുനിക വികസനം ലക്ഷ്യമാക്കി മുന്നേറുന്ന ഇതിന്റെ പ്രവർത്തനം വിജയിപ്പിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടേയും കടമയാണ്.

# വികസന റിപ്പോർട്ട്
# തയ്യാറാക്കിയവർ

മഹാലിംഗം എ.

എം. ഗൗരി

മറിയാമ്മ എൻ. എസ്.

അബ്ദുൾലത്തീഫ് കെ.

കെ. പി. വിശ്വനാഥൻ

അബ്ദുൾസലാം

ശ്രീദേവി

ഓഫീസ്

പി. വി. പുരുഷോത്തമൻ (സെക്രട്ടറി)

ശിവഷൺമുഖം ( യു. ഡി. സി. )

എ. ബാലസുബ്രഹ്മണ്യം (എൽ. ഡി. സി.)

പ്രിയമുള്ളവരെ,

കാലത്തിൻെറ കാലൊച്ചക്ക് കാതോർത്തിരുന്ന പുതൂർ പഞ്ചായത്തുമിതാ ഉണർന്നെഴുന്നേൽക്കുകയായി. എടുത്തു പറയത്തക്ക സാമൂഹ്യ ചരിത്രമോ പാരമ്പര്യമോ അവകാശപ്പെടുന്നില്ലെങ്കിലും, കാലകാലങ്ങളിലുള്ള സാമൂഹ്യ ചലനങ്ങളുടെയെല്ലാം അനുരണനങ്ങളേററുവാങ്ങാൻ പുതൂർ പഞ്ചായത്തും എന്നും തയ്യാറായിട്ടുണ്ടെന്ന് പറയാൻ ഞങ്ങളാഗ്രഹിക്കുന്നു. 1995 ഒക്ടോബർ രണ്ടിനാണ് നിലവിലുള്ള ഭരണസമിതി ചുമതലയേററത്. ഈ ചുരുങ്ങിയ കാലയളവിനുള്ളിൽതന്നെ വികസനോന്മുഖവും ജനോപകാരപ്രദവുമായ നിരവധി കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞതായി ഞങ്ങളഭിമാനിക്കുന്നു.

''അധികാരം ജനങ്ങളിലേക്ക്'' എന്ന പുതിയ മുദ്രവാക്യം ഒരു വലിയ ജനകീയ മുന്നേററമായി ഇതിനകം മാറിക്കഴിഞ്ഞിട്ടുണ്ട്. നാടാകെ ഒരു പുത്തനുണർവ്വും ഉത്സാഹവും കൈവരിച്ചിരിക്കുന്നു. കാര്യകാരണസഹിതം വിഷയങ്ങളെ വിലയിരുത്താനും, അവ മുൻഗണനാക്രമത്തിൽ പരിഹരിക്കാനും, കക്ഷി രാഷ്ട്രീയ, ജാതി മത വൈജാത്യങ്ങൾക്കതീതമായി വികസന പ്രവർത്തനങ്ങളിലൊത്തുചേരാനുമുള്ള കർമ്മക്ഷമത നാം പൂർണ്ണമായും കൈവരിക്കേണ്ടതാണ്. നാട്ടറിവിൻെറ നന്മയും, നാട്ടുകാരുടെ കൂട്ടായ്മയും ഏതൊരു പ്രദേശത്തിൻേറയും വിലമതിക്കാനാവാത്ത വിശിഷ്ട വിഭവങ്ങളാണെന്ന് കണ്ടെത്തി സഫലവും സമൂർത്തവുമായ ഒരു സാംസ്ക്കാരിക ലക്ഷ്യത്തിലേക്ക് നമുക്കൊന്നായി മുന്നേറാം. സമൃദ്ധിയുടേയും സമതയുടേയും, സാഹോദര്യത്തിൻേറയും ഒരു നല്ല നാളെയാകട്ടെ നമ്മുടെ ലക്ഷ്യം.

ആശംസകളോടെ

ഭരണസമിതിക്കുവേണ്ടി,

**ടി. നഞ്ചൻ**, പ്രസിഡണ്ട്,

പുതൂർ ഗ്രാമപഞ്ചായത്ത്.

# ഭരണസമിതി

**ടി. നഞ്ചൻ** (പ്രസിഡൻറ്)

**പി. എൽ. ജോർജ്** (വൈസ് പ്രസിഡൻറ്)

**പി. കെ. വെങ്കിടാചലം** (സ്റ്റാൻറിംഗ് കമ്മററി ചെയർമാൻ)

**എൻ. സുധാകരൻ** (മെമ്പർ, സ്റ്റാൻറിംഗ് കമ്മററി)

**ആർ. മരുതി** (മെമ്പർ, സ്റ്റാൻറിംഗ് കമ്മററി)

**കെ. പാപ്പാത്തി** (മെമ്പർ, സ്റ്റാൻറിംഗ് കമ്മററി)

**എൻ. കോയൻ** (മെമ്പർ, സ്റ്റാൻറിംഗ് കമ്മററി)

**താളി** (മെമ്പർ)

## ഭരണസമിതി അംഗങ്ങളും സ്ററാഫും



**ടി. നഞ്ചൻ,** പ്രസിഡണ്ട്.



**വി. പുരുഷോത്തമൻ,** സെക്രട്ടറി.



**പി. എൽ. ജോർജജ്,**
വൈസ് പ്രസിഡണ്ട്.



**താളി,** മെമ്പർ.



**പി. കെ. വെങ്കിടാചലം,**
സ്റ്റാൻറിങ്ങ് കമ്മിററി ചെയർമാൻ.



**ആർ മരുതി,** മെമ്പർ.



**കെ. പാപ്പാത്തി,** മെമ്പർ.



**എം. എൻ. സുധാകരൻ,** മെമ്പർ



**എൻ. കോയൻ,** മെമ്പർ.



**ശിവഷൺമുഖൻ,** യു ഡി ക്ലാർക്ക്



**എ. ബാലസുബ്രഹ്മണ്യൻ,**
എൽ ഡി ക്ലാർക്ക്.

# പുതൂർ പഞ്ചായത്ത്-പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേരു് | — | പുതൂർ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | — | പാടവയൽ, പുതൂർ |
| ബ്ലോക്ക് പഞ്ചായത്ത് | — | അട്ടപ്പാടി |
| താലൂക്ക് | — | മണ്ണാർക്കാട് |
| അസംബ്ലിമണ്ഡലം | — | മണ്ണാർക്കാട് |
| വിസ്തീർണ്ണം | — | 144 ച. കി. മീററർ |
| അതിരുകൾ | — | കിഴക്ക്–കന്തിപ്പുഴ |
| | | തെക്ക്–ഭവാനിപ്പുഴ |
| | | വടക്ക്–നീലഗിരി മലനിരകൾ |
| | | പടിഞ്ഞാറ്–സൈലൻറ്വാലി |
| വാർഡുകൾ | — | 8 |
| പ്രസിഡൻറിൻെറ പേരു് | — | ടി. നഞ്ചൻ |
| വൈസ് പ്രസിഡൻറിൻെറ പേരു് | — | പി. എൻ. ജോർജ്ജ് |
| സ്റ്റാൻറിംഗ് കമ്മിററി ചെയർമാൻ | — | പി. കെ. വെങ്കിടാചലം |

# ചരിത്രം

1968വരെ നിലനിന്നിരുന്ന അട്ടപ്പാടി പഞ്ചായത്ത് വിഭജിച്ചാണ് പുതൂർ പഞ്ചായത്ത് രൂപീകരിച്ചത്. ഭൂപ്രകൃതി കൊണ്ടും ജലസമ്പത്ത് കൊണ്ടും ജൈവസസ്യങ്ങളുടെ വൈശിഷ്ടത കൊണ്ടും ഒട്ടനവധി വികസന സാദ്ധ്യതകൾ ഉള്ള പഞ്ചായത്താണ് പുതൂർ. പ്രസിദ്ധ പുണ്യസ്ഥലമായ മല്ലീശ്വരൻമുടി ഈ പഞ്ചായത്തിൽ തലയെടുപ്പോടെ നിലനിൽക്കുന്നു. നീലഗിരി മലനിരകളുടെ താഴ്വര പ്രദേശമാണ് പുതൂർ പഞ്ചായത്ത്.

അവിഭക്ത അട്ടപ്പാടി പഞ്ചായത്തിന്റെ പ്രസിഡന്റായിരുന്ന ശ്രീ. എൻ. കന്തസ്വാമിഗൗഡർ ആയിരുന്നു, 1968_ൽ പഞ്ചായത്ത് രൂപീകരിച്ചതു മുതൽ 1976വരെ പ്രസിഡന്റ് പദം അലങ്കരിച്ചിരുന്നത്. ശ്രീ. മാരിമുത്തു വൈസ് പ്രസിഡന്റായിരുന്നു. 1976_ൽ ശ്രീ. എൻ. കന്തസ്വാമിഗൗഡർ മരണപ്പെടുകയും പുതിയ പ്രസിഡന്റായി ശ്രീ. എൻ. കോയനെ നോമിനേററ് ചെയ്യുകയും ചെയ്തു. 1996 വരെ ശ്രീ. കോയനായിരുന്നു പഞ്ചായത്ത് പ്രസിഡന്റ്. 1996_ലെ ഗ്രാമ പഞ്ചായത്ത് തെരെഞ്ഞെടുപ്പിൽ ശ്രീ. T നഞ്ചൻ പ്രസിഡന്റായും ശ്രീ. പി. എൽ. ജോജ്ജ് വൈസ് പ്രസിഡന്റായുമുള്ള പുതിയ ഭരണ സമിതി നിലവിൽ വന്നു.

കോഴിക്കോട് സാമൂതിരി രാജാവിൽ നിന്നും മണ്ണാർക്കാട് മൂപ്പിൽ സ്ഥാനത്തിന് ഇഷ്ടദാനമായി കിട്ടിയ അട്ടപ്പാടി ഭൂപ്രദേശത്തിലെ പ്രകൃതി മനോഹരമായ നീലഗിരി മലകൾ പശ്ചാത്തലമായിട്ടുള്ള പ്രദേശമാണ് പുതൂർ പഞ്ചായത്ത്. 1937_ൽ പുതൂർ പഞ്ചായത്തിലെ ജന്മിമാരായിരുന്ന മണ്ണാർക്കാട് മൂപ്പിൽ നായരുടെയും ആർ. എം. പാലാട്ടിന്റെയും ജന്മിത്വത്തെ ചോദ്യം ചെയ്ത് കൊണ്ട് ശ്രീ. എൻ. കന്തസ്വാമി ഗൗഡർ മദ്രാസ് ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജി പ്രകാരമുള്ള വിധിയിൽ ഇന്നത്തെ പുതൂർ പഞ്ചായത്തിൽപ്പെടുന്ന 2600 ഏക്കർ ഭൂമിയുടെ ജന്മാവകാശം ശ്രീ. എൻ. കന്തസ്വാമി ഗൗഡർക്കാണെന്ന് കോടതി വിധിച്ചു. അങ്ങനെ മൂന്ന് ജൻമിമാരുടെ അധികാരത്തിൽപ്പെട്ട ഭൂപ്രദേശമായിരുന്നു 1972 വരെ. ഈ പ്രദേശം ഭൂപരിഷ്കരണത്തോടെയാണ് ഈ പഞ്ചായത്തിലെ കൈവശ കർഷകർക്ക് പട്ടയം ലഭിച്ചത്.

ആദിവാസി ഭൂരിപക്ഷ പഞ്ചായത്തായ പുതൂർ നിരക്ഷരതയിൽ മുന്നിലാണ്. ജൻമി കാലഘട്ടത്തിൽ ഈ പ്രദേശത്തെ ആദിവാസികൾ അവരുടെ തനതായ ആചാര അനുഷ്ഠാനങ്ങളും കൃഷി രീതികളും അനുസരിച്ചാണ് ജീവിച്ചിരുന്നത്. ഊരുകൾ കേന്ദ്രമാക്കി ജീവിക്കുന്ന ഇവർ മൂപ്പൻ, കരുതല, വണ്ടാരി, മണ്ണുക്കാരൻ എന്നിവരുടെ ഭരണത്തിൻ കീഴിലും പരിപൂർണ്ണ നിന്ത്രണത്തിലുമാണ് ജീവിച്ച് പോന്നത്.

നിരന്തരമായ ചൂഷണത്തിലും അടിമത്വത്തിലും കഴിഞ്ഞിരുന്ന ആദിവാസികളെ അവകാശബോധമുള്ളവരാക്കിതീർക്കുന്നതിന് നേതൃത്വം നൽകിയ ശ്രീ. കൊങ്ങശ്ശേരി കൃഷ്ണനെ ഇവിടെ സ്മരിക്കപ്പെടേണ്ടതാണ്.

## പുതൂർ ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള സാരഥികൾ

### ബ്ലോക്ക് മെംപർ

1 ാം നിയോജകമണ്ഡലം വെള്ളഗിരി എന്ന കണ്ണപ്പൻ.

2.-ാം നിയോജകമണ്ഡലം ഈശ്വരിരേഷൻ.

### ജില്ലാ മെംപർ

ശ്രീ. പി. ചാമി.

ശ്രീ. ജോസ് ബേബി - എം. എൽ. എ.

ശ്രീ. എൻ. എൻ. കൃഷ്ണദാസ് - എം. പി.

# കൃഷിയും ജലസേചനവും

പൊതുവെ തെക്കുഭാഗത്തേക്ക് ചരിഞ്ഞതും മലകളും ഇടകലർന്നതുമായ ഭൂപ്രദേശമാണ് ഈ പഞ്ചായത്തിന്റേത്. പടിഞ്ഞാറുഭാഗത്ത് കറുത്ത മണ്ണും, മററു ഭാഗങ്ങളിൽ കല്ലുകലർന്ന ചുവന്ന മണ്ണുമാണുള്ളത്. ജലസേചന സൗകര്യമുണ്ടെങ്കിൽ എല്ലാത്തരം വിളകൾക്കും അനുയോജ്യമാണ് ഇവിടത്തെ മണ്ണ്. കാൽസ്യം, മഗ്നീഷ്യം, ഫോസ്ഫറസ്, ഫ്ളൂറൈഡ് എന്നിവ ഇവിടത്തെ മണ്ണിൽ നിക്ഷിപ്തമാണ്. അതുകൊണ്ടാണ് വേപ്പുമരങ്ങൾ, പുളി, തെങ്ങ് എന്നിവ വളരെ സമൃദ്ധമായി വളരുന്നത്

ഇവിടെയുള്ള മുക്കാൽഭാഗം കൃഷിക്കാരും മഴയെ ആശ്രയിച്ചാണ് കൃഷിയിറക്കുന്നത്. കേരളത്തിൽ കിട്ടുന്ന ഇടവപ്പാതി മഴ പൂർണ്ണമായി ഇവിടെ ലഭിക്കുന്നില്ല. പരിസ്ഥിതിയിൽ വന്ന മാററം നമ്മുടെ പഞ്ചായത്തിലെ മഴയുടെ അളവിനെ വളരെയധികം കുറച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ കിഴക്കെ ഭാഗം മഴ നിഴൽ പ്രദേശമായി മാറിക്കൊണ്ടിരിക്കുകയാണ്.

ഏകദേശം കാൽ നൂററാണ്ട് മുൻപുവരെ റാഗി (പഞ്ഞപ്പുല്ല്), ചാമ, തിന, മരക്ക്, മോഡൻനെല്ല് (വിരിപ്പുനെല്ല്) തുമര, അമര, പൊരിച്ചീര, നെല്ല്, ചോളം, തുടങ്ങിയ ധാന്യ വിളകളായിരുന്നു ഇവിടത്തെ കൃഷി വിഭവങ്ങൾ. ഇന്ന് ധാന്യവിളകൾ കുറഞ്ഞ് നാണ്യ വിളകൾക്ക് പ്രാധാന്യം കൂടിയിരിക്കുന്നു. പരുത്തി, നെല്ല്, നിലക്കടല, കറിക്കടല, തുമര, തെങ്ങ്, കവുങ്ങ്, കരിമ്പ്, പച്ചക്കറികൾ, വാഴ, മല്ലി, വത്തൽ മുളക്, ചെറിയ ഉള്ളി, മഞ്ഞൾ, കാരററ്, ബീററ്റൂട്ട് ഇവയാണ് ഇവിടത്തെ പ്രധാന കൃഷിയിനങ്ങൾ. കരളമിയിൽ ഉഴുന്നും കൃഷി ചെയ്തുവരുന്നു.

# കൃഷിപ്രശ്നങ്ങൾ

## പരുത്തി

പഞ്ചായത്തിലെ ഏററവും സാധാരണവും സാദ്ധ്യതയേറിയതുമായ കൃഷിയാണ് പരുത്തി. കേരളത്തിലെ ഏക പരുത്തി കൃഷി കേന്ദ്രമാണ് അട്ടപ്പാടി. അട്ടപ്പാടിയിൽ പുളുർ പഞ്ചായത്താണ് പരുത്തി കൃഷിയുടെ കേന്ദ്രം. ലോകത്തിലെ ഏററവും നല്ലയിനം പരുത്തി പ്രദാനം ചെയ്യുന്ന പുളുർ പഞ്ചായത്തിലെ അടിസ്ഥാനപരമായ ഒട്ടനവധി പ്രശ്നങ്ങളും പ്രതിസന്ധികളും നേരിടുന്നു. ഏററവും പ്രധാനമായി കൃഷി ഡിപ്പാർട്ടുമെൻറിൻെറ നേരിട്ടുള്ള ശ്രദ്ധയോ പരിഗണനയോ പുളുരിലെ പരുത്തി കൃഷിക്കും കൃഷിക്കാർക്കും ലഭിക്കുന്നില്ല. വിത്തും വളവും യഥാസമയം എത്തിച്ചു കൊടുക്കാൻ കഴിയുന്നില്ല. വിത്തിനും വളത്തിനും അത്യാവശ്യ സാമ്പത്തിക സഹായത്തിനു പോലും തമിഴ് നാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഏജൻസികളെ സമീപിക്കേണ്ടി വരുന്നു അത്യാവശ്യ സഹായങ്ങൾ നൽകുന്ന ഏജൻസികൾക്ക് വിളവ് നൽകാൻ കൃഷിക്കാർ ബാദ്ധ്യസ്ഥരാകുന്നതിനാൽ അർഹമായ വില കൃഷിക്കാർക്ക് കിട്ടാതെയും വരുന്നു. പരുത്തി സംസ്കരിച്ച് വിപണന സാദ്ധ്യതയുള്ള വിവിധതരം ഉല്പന്നങ്ങളാക്കുന്ന വ്യവസായ ശൃംഖലയിൽ ഒന്നു പോലുമില്ലാത്തത് ഒരു പ്രതിസന്ധി തന്നെയാണെന്നു കാണണം.

## കടല

സാധാരണ മഴ കുറവായ പുളുർ പഞ്ചായത്തിൻെറ കാലാവസ്ഥക്ക് വളരെയേറെ യോജിച്ച മറെറാരു കൃഷിയാണ് കടല. ഇത് വ്യാപകമായി ഇവിടെ കൃഷിചെയ്തു വരുന്നുണ്ടെങ്കിലും ഈ മേഖലയും ഒട്ടേറെ പ്രയാസങ്ങൾ നേരിടുന്നു. കാലോചിതമായി വിത്തോ വളമോ കൃഷി ഭവൻ മുഖേന ലഭ്യമാകുന്നില്ല. കടല കൃഷിയുമായി ബന്ധപ്പെട്ട അനുബന്ധ വ്യവസായങ്ങളുടെ അഭാവവും പ്രതികൂലമായി ബാധിക്കുന്നു.

## തുമര, ഉഴുന്ന്

പരുത്തിയുടെയും കടലയുടെയും ഇട വിളകളായിചെയ്യുന്ന രണ്ട് ധാന്യ കൃഷികളാണ് തുമര, ഉഴുന്ന് എന്നിവ. അട്ടപ്പാടിയിൽ പൊതുവെയും പുളുരിൽ പ്രത്യേകിച്ചും വ്യാപകമായി ഉപയോഗിക്കാം. പക്ഷേ ജലസേചന പ്രശ്നവും, ബോധവൽക്കരണത്തിൻെറ അഭാവവും പ്രധാന പ്രതിബന്ധങ്ങൾ ആണ്.

## നെല്ല്

ഒരു കാലത്ത് പഞ്ചായത്തിലെ പ്രധാന കൃഷിയായിരുന്നു എങ്കിലും ഇന്ന് വളരെ കുറവാണ്. കേരളത്തിലെ നെൽ കൃഷി രംഗത്തെ പൊതു പ്രശ്നങ്ങളാണ് ഇവിടെയും. അതിലേററവും പ്രധാനം ജല ലഭ്യതയാണ്. ആസൂത്രിതമായ പ്രവർത്തനങ്ങൾ കൊണ്ട് ഈ രംഗവും ഇനിയും മെച്ചപ്പെടുത്താവുന്നതാണ്. പ്രയാസം കുറഞ്ഞതും ആദായം കൂടിയതുമായ മേഖലകളിലേക്ക് കൃഷിക്കാർ തിരിയുന്നത് സ്വാഭാവികം മാത്രം.

## കരിമ്പ്, വാഴ

പഞ്ചായത്തിൻെറ പല ഭാഗത്തും ഈയിടെ മെച്ചപ്പെട്ടു വരുന്ന കൃഷികളാണ് കരിമ്പു കൃഷിയും, വാഴ കൃഷിയും. രണ്ടിനും ആവശ്യം വേണ്ടത് ജലസേചന സൗകര്യം തന്നെ. രണ്ടിനും അനുബന്ധ വ്യവസായങ്ങൾ ഇല്ലാത്തതും കൃഷിക്കാരെ ദോഷകരമായി ബാധിക്കുന്നു.

## പച്ചക്കറി

പച്ചക്കറി വൻ തോതിൽ വ്യാവസായികമായി ഉല്പാദിപ്പിക്കപ്പെടാവുന്ന ഒരു മേഖലയാണ് പുളുർ പഞ്ചായത്ത്. അത്യാവശ്യം ജലം എത്തിക്കാൻ കഴിഞ്ഞാൽ, തക്കാളി, വെണ്ട, വഴുതന, ഒടിയൻ പയറ് എന്നിവ നന്നായി പുതൂരിൻെറ മണ്ണിൽ വിളയും. എന്നാൽ കാർഷിക രംഗത്തെ പൊതു പ്രശ്നങ്ങൾ ഇവിടെയും നില നിൽക്കുന്നു. യഥാസമയം, ഉല്പാദന ശേഷിയുള്ള വിത്തുകളും ഒപ്പം സാമ്പത്തിക സഹായവും കൃഷിക്കാർക്കു നൽകാൻ കഴിയണം. പലപ്പോഴും വൻ വ്യവസായികൾ

നേരിട്ട് സാമ്പത്തിക സഹായം നൽകുന്നതിനാൽ കൃഷിക്കാർക്ക് ന്യായമായ വില പറഞ്ഞു വാങ്ങാൻ കഴിയുന്നില്ല. മാർക്കററ് വിലയുടെ നാലിലൊന്ന് പോലും യഥാർത്ഥ കർഷകന് ലഭിക്കുന്നില്ല. അതു കൊണ്ടുതന്നെ കൂടുതൽ കർഷകരെ ഈ രംഗത്തേക്ക് ആകർഷിക്കാനോ ഉള്ളവരെപ്പോലും പ്രോൽസാഹിപ്പിക്കാനോ കഴിയുന്നില്ല.

## തേയില

നീലഗിരിയുടെ താഴ്വരയായ കിണ്ണക്കര, ജെയിൽ തോട്ടം, കോറക്കുന്ന് എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്നതാണ് പുതൂർ പഞ്ചായത്ത്. ഈ ഭാഗങ്ങൾ തേയില കൃഷിക്ക് ഏററവും യോജിച്ചതാണെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. തേയില കൃഷിയുടെ പ്രശ്നങ്ങളെക്കുറിച്ച് പ്രത്യേക പഠനങ്ങൾ നടത്തി പഞ്ചായത്തിൻെറ നേരിട്ടുള്ള മേൽനോട്ടത്തിലെങ്കിലും ആ കൃഷി പോഷിപ്പിക്കാൻ ശ്രദ്ധിക്കണം.

## തെങ്ങ്

പഞ്ചാത്തിലേറെ സാദ്ധ്യതയുള്ള ഒരു കൃഷിയാണ് തെങ്ങ്. എന്നാൽ അത് വെറും ആരംഭദിശയിലാണിന്ന്. ഇവിടത്തെ മണ്ണിൻെറ ഘടനക്ക്, വെള്ളം എത്തിച്ചു കൊടുക്കാൻ കഴിഞ്ഞാൽ ഏറെ സാദ്ധ്യതകൾ കണ്ടെത്താൻ കഴിയും.

തെങ്ങിൻെറ ഇട കൃഷികളായി പരുത്തി, കവുങ്ങ്, മററു പച്ചക്കറികൾ തുടങ്ങിയവ ചെയ്യാൻ കഴിയണം.

## നിർദ്ദേശങ്ങൾ

നാടിൻെറ നട്ടെല്ല് കൃഷിയാണെന്ന് മനസ്സിലാക്കി ബോധപൂർവ്വവും സമഗ്രവുമായ പഠനവും പ്രവർത്തനവും ഈ രംഗത്ത് നടക്കേണ്ടിയിരിക്കുന്നു. പൊതുവെ മഴ കുറഞ്ഞ പ്രദേശമായ പുതൂർ പഞ്ചായത്തിനനുയോജ്യമായ കൃഷികൾ ഇതിനകംതന്നെ കൃഷിക്കാർ കണ്ടെത്തിയിട്ടുണ്ട്. ആ പ്രത്യേക കൃഷിയിൽ വൈദഗ്ധ്യം ഉള്ള ഉദ്യോഗസ്ഥരെമാത്രം ഈ പഞ്ചായത്തിലെ കൃഷി ഭവനിൽ നിയമിക്കേണ്ടതാണ്. പൊതുവെ പ്രകൃതിദത്തമായ ജല സ്രോതസ്സുകളും സംഭരണികളും കുറഞ്ഞതാണീ പഞ്ചായത്ത്. അത്തരം പ്രദേശങ്ങളിൽ എക്കാലവും ജലലഭ്യത ഉറപ്പുവരുത്താവുന്ന പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടണം. പുരോഗമനത്തിൻെറ പേരിൽ അന്ധമായ അനുകരണങ്ങളിലേക്ക് പോകാതെ കൃഷിക്കാരെ പ്രകൃതിയിലേക്കും യാഥാർത്ഥ്യത്തിലേക്കും നയിക്കേണ്ടിയിരിക്കുന്നു. കാലാകാലങ്ങളിൽ അവർക്ക് വേണ്ട വിത്തും, വളവും കാർഷിക വിദ്യാഭ്യാസവും എത്തിച്ചു കൊടുക്കുന്ന ഊർജ്ജസ്വലമായ ഏജൻസികളായി കൃഷി ഭവൻ ഉയരേണ്ടിയിരിക്കുന്നു. കൃഷിഭവനെ അതിനുപററിയ രീതിയിൽ പാകപ്പെടുത്താനുള്ള ഉത്തരവാദിത്വം പഞ്ചായത്ത് ഭരണസമിതി നേരിട്ടേറെറടുക്കേണ്ടതാണ്

മറെറാരു പ്രധാന പ്രശ്നം ജലലഭ്യതയാണ്. മഴ കുറവാണെങ്കിലും ഭവാനി പുഴ നമ്മുടെ ഒരു വലിയ സമ്പത്താണ്. അത് പരമാവധി ഉപയോഗിക്കാൻ വാർഡുതലത്തിൽ സ്കീമുകളും പ്രൊജക്ററുകളും ഉണ്ടാക്കി ഉപയോഗ യോഗ്യമാക്കണം. ജലലഭ്യത ഉറപ്പാക്കിയാൽ പുതൂരിൽ തരിശായി കിടക്കുന്ന പല പ്രദേശങ്ങളും ഉപയോഗയോഗ്യമാക്കാവുന്നതാണ്.

ജലസേചനത്തെകുറിച്ച് ആലോചിക്കുമ്പോൾ വൻ പദ്ധതികളെമാത്രം ആശ്രയിക്കുന്ന ഒരു യാഥാസ്ഥിതിക സ്വഭാവം ഉണ്ട്. വൈദ്യുതിയേയോ വൻ പദ്ധതികളേയോ ആശ്രയിക്കാതെ പ്രകൃതിദത്തമായ വിഭവങ്ങളെ നിലനിർത്താനും ഉപയോഗിക്കാനുമുള്ള പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

# ജലസേചനം

## WARD I

1. ഊരടത്ത് ചെക്ക്ഡാം കെട്ടി പൈപ്പ് ലൈൻ വഴി വെള്ളം കൊണ്ടുവന്നാൽ 100 ഹെക്ടർ സ്ഥലം കൃഷിയോഗ്യമാകും.

2. ഇലച്ചിവഴിക്കുമേലെ റെവകണ്ടി വെള്ളം രണ്ട് ചെക്ക്ഡാം കെട്ടിയാൽ 120 ഹെക്ടർ സ്ഥലം വെള്ളം പായ്ക്കുകയും കൃഷിയോഗ്യമാക്കുകയും ചെയ്യാം.

3. മേലേമുള്ളിതോടിൽ 2കനാൽ

## WARD II

1. വെന്തവട്ടി പ്രദേശം പങ്കനാരി പള്ളത്തിൽ ചെക്ക്ഡാമും കനാലും കെട്ടിയാൽ 100ഏക്കർ വെള്ളം സൗകര്യം ഉണ്ടാക്കുകയും കൃഷിയോഗ്യമാകുകയും ചെയ്യും.

2 കോണക്കുത്തി പള്ളത്തിൽ ചെക്ക്ഡാമും കനാലും നിർമ്മിക്കാവുന്നതാണ്.

## WARD III

1. മൂലക്കൊമ്പ്_ബേബി എസ്റ്റേററിൽ ചെക്ക് ഡാം കെട്ടി കനാൽവഴി വെള്ളം കൃഷിസ്ഥലത്ത് എത്തിച്ചാൽ കൃഷിക്ക് ഉപയോഗമാക്കാവുന്നതാണ്.

2. മൂലക്കര പള്ളത്തിൽ ആലാമരം സമീപത്തിൽ ഉള്ള ചെക്ക്ഡാം റിപ്പയർ ചെയ്ത് കനാൽ നീട്ടി (രങ്കനാഥപുരംവരെ നീട്ടുക) ക്കിട്ടുക.

3. താഴെ ഉമ്മത്തും പടിയിൽ ചെക്ക്ഡാം കെട്ടി ആലാമരംവരെ കനാൽ നീട്ടിയാൽ വെള്ളം കൃഷിയോഗ്യമാക്കാവുന്നതുമാണ്

## WARD IV

1. ബൊമ്മിയാമ്പടി-മല്ലിക്കരപള്ളം കനാൽനീട്ടി തേക്കവെട്ടവരെ എത്തിച്ചാൽ വെള്ളം കൃഷിക്കുപയോഗമാക്കാവുന്നതാണ്.

2. തേക്കവെട്ട തോടിൽ ചെക്ക്ഡാം കെട്ടി കനാൽ നീട്ടി വെള്ളം കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്.

3. നൊച്ചിക്കോണ തോടിൽ ചെക്ക്ഡാം കെട്ടി കനാൽവഴി വെള്ളം എത്തിച്ച് കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്.

4. രാജീവ്നഗർ കോണയിൽ ചെക്ക്ഡാം കെട്ടി കനാൽ നീട്ടുക.

## WARD V

1. ചൂട്ട്റ (മേലെ) യിൽ ചെക്ക്ഡാമും കനാലും.
2. ചൂട്ട്റയിൽ നിലവിലുള്ള ചെക്ക്ഡാമിൽ കനാൽ നീട്ടുക (ചൂട്ട്റ ഊരുവരെ നീട്ടുക.)
3. അത്തിമരക്കടവ് ചെക്ക്ഡാമിൻെറ കനാൽ നെരിഞ്ചിക്കണ്ടിവരെ നീട്ടുക.
4. ആലാമര ചെക്ക്ഡാം (കാട്) നിർമ്മിച്ച് സ്വർണ്ണഗദ്ദയിലേക്ക് കനാൽ നീട്ടുക.
5. പട്ടണക്കല്ലിലെ ചെക്ക്ഡാമിൻെറ അററകുററപ്പണികൾ തീർത്ത് കനാൽ നീട്ടുക.
6. സ്വർണ്ണ പട്ടണക്കല്ലിൽ കനാൽ നീട്ടുക.
7. സ്വർണ്ണഗദ്ദ കനാൽ നീട്ടുക.
8. പനമരം കനാൽ നീട്ടുക.
9. ചെമ്പവട്ടക്കാട് കനാൽ നീട്ടുക.
10. അരളിക്കോണം കനാൽ നീട്ടുക.
11. മേലെ അരളിക്കോണം ചെക്ക്ഡാമിൻെറ കനാൽ നീട്ടുക.
12. താഴെ ഭൂതയ്യർ കനാൽ നീട്ടുക.

13. ഇടവാണിയിൽ ചെക്ക്ഡാമും കനാലും നിർമ്മിക്കുക.

14. ദൊഡ്ഡുഗട്ടി ഊരിനു് സമീപം ചെക്ക്ഡാമും കനാലും നിർമ്മിക്കുക.

15. കൽപട്ടിയിൽ കനാൽ നീട്ടുക.

## WARD VI

1. ആനക്കട്ടിയിൽനിന്നു് കനാൽ റിപ്പെയർ ചെയ്തു് നീട്ടുക.

2. ഗൊട്ടിയാർകണ്ടിക്ക് മേലെ ചെക്ക്ഡാം കെട്ടി ഗൊട്ടിയാർകണ്ടിക്കും കുറുക്കത്തിക്കല്ലിനും കനാൽ തിരിക്കുക.

3. തേക്കപ്പന തൊടീൽ ചെക്ക്ഡാമും കനാലും.

## WARD VII

1. മേലെ മഞ്ചിക്കണ്ടിയിൽ കനാൽ റിപ്പെയർ ചെയ്തു് വെള്ളം കൃഷിക്ക് ഉപയോഗിക്കുക.

2. താഴെ മഞ്ചിക്കണ്ടിയൂർ കനാൽ ചെക്ക്ഡാം.

## WARD VIII

1. അമ്പന്നൂർ-ആനക്കൽ തോടിനു് കനാൽ നിർമ്മിക്കുക.

2. പനീർപ്പടിക തോടിൽ കനാൽ

3. അമ്പന്നൂർ ചുടലക്കാട് ഭാഗം കനാൽ, പടിഞ്ഞാറുഭാഗം കനാൽ.

4. ഗലസിയിൽ ചെക്ക്ഡാം കെട്ടി പൈപ്പിടുക.

5. മേലെ തുടുക്കി കനാൽ നിമ്മിക്കുക. അല്ലെങ്കിൽ ചെക്ക്ഡാം കെട്ടി പൈപ്പിടുക.

6. ആനവായു് തോടിൽ ചെക്ക്ഡാം കെട്ടി പൈപ്പിടുക.

7. കടുകുമണ്ണ തോടിനു് ചെക്ക്ഡാം കെട്ടി പൈപ്പിട്ടു് കൃഷിക്കാവശ്യമായ വെള്ളം എത്തിക്കുക.

8. അമ്പന്നൂർമലക്ക് ടാങ്ക്കെട്ടി വെള്ളം കൃഷിക്ക് തിരിക്കുക.

9. തടിക്കണ്ടു് ചെക്ക് ഡാം കനാൽ.

10. മുരുകള ചെക്ക് ഡാം കനാൽ.

11. അയികാരി ദാന്തി തോടിനു് ചെക്ക് ഡാം കനാൽ.

## WARD III

I T S P പദ്ധതിപ്രകാരം പമ്പുസെററ് കിണർ, പവ്വർ സ്പ്രെയർ എന്നിവ സബ്സിഡി നിരക്കിൽ അനുവദിക്കുക.

II ചെരുവുള്ള കൃഷിസ്ഥലങ്ങൾ നിരപ്പാക്കുന്നതിനു് പദ്ധതിചെലവിൻെറ 50% സബ്സിഡി ആയി ചെറുകിട കർഷകർക്ക് അനുവദിക്കുക.

III കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങൾ ട്രാക്ടർ. പവ്വർ ടില്ലർ, മെതിയന്ത്രം എന്നിവ 60% സബ്സിഡിയോടുകൂടി കഷ്കർക്ക് അനുവദിക്കുക.

IV കററിമുല്ല, ജമന്തി, റോസ്, കനകാംബരം, എന്നീ കൃഷികൾ പ്രോത്സാഹിപ്പിക്കുവാൻ പരിശീലനവും, സാമ്പത്തിക സഹായവും അനുവദിക്കുക.

V വരഗാറിൻെറ ഇരുകരകളിലും കൃഷികൾ സംരക്ഷിക്കുന്നതിനുവേണ്ടി പാശ്വഭിത്തികൾ നിർമ്മിക്കുക. (ഉമ്മത്തുംപടി, പുതുർ, തച്ചംപടി)

VI കൃഷിഭവൻ സ്വന്തമായി കെട്ടിടമില്ല. അതുകൊണ്ടു് കൃഷിഭവനാവശ്യമായ സ്ഥലം വിലയ്ക്കെടുത്തു് കെട്ടിടം നിർമ്മിക്കുക പുതുർ ആസ്ഥാനമാക്കി.

കൃഷിക്കാർക്ക് ഉൽപ്പന്നങ്ങൾ നേരിട്ട് വിൽക്കാൻ സൗകര്യമില്ലാത്തതിനാൽ ഇടത്തട്ടുകാരുടെ തട്ടിപ്പിനു വിധേയരാകുന്നു. അവർക്ക് നേരിട്ട് വിൽക്കാവുന്ന ഒരു പൊതു വിപണനകേന്ദ്രം പഞ്ചായത്തിൽ ഒരുക്കണം.

പരുത്തി, നിലക്കടല, തുമര, ഉഴുന്ന് മുതലായവ ഉപയോഗിച്ചുള്ള വ്യവസായ ശൃംഗലകൾ സ്ഥാപിക്കണം.

സ്കൂളുകൾ കേന്ദ്രമാക്കി കാർഷിക ക്ലബ്ബുകൾ രൂപീകരിക്കണം. ആരെന്തായാലും ആഹാരം മണ്ണിൽനിന്നും ഉണ്ടാകണമെന്നും, അത് ഉണ്ടാക്കുന്നത് കൃഷിയാണെന്നുമുള്ള അടിസ്ഥാന ശാസ്ത്രം നമ്മുടെ പാഠ്യ പദ്ധതിയിലെ പ്രധാന വിഷയമാകണം. അതിനുപകരിക്കുമാറ് അദ്ധ്യാപക-രക്ഷാകർത്തൃസമിതിയുടെ നേതൃത്വത്തിൽ കാർഷിക ക്ലബ്ബുകൾ രൂപീകരിക്കുകയും പ്രായോഗിക പ്രവർത്തനങ്ങളിൽ അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും കൃഷിഭവനുകളുടെ നേതൃത്വത്തിൽ ഏർപ്പെടുത്തുകയും വേണം.

ഇതേ പ്രവർത്തനം സമൂഹത്തിലും പ്രായോഗികമാക്കണം അതിന് സാമൂഹ്യ സന്നദ്ധ സംഘടനകളെ സജ്ജമാക്കുകയും, പഞ്ചായത്തിലെ തരിശുഭൂമികൾ പാട്ടം കൂടാതെ എന്നാൽ പ്രത്യേക സഹായങ്ങളടക്കം അനുവദിച്ച് പച്ചക്കറിയും മററു മാതൃകാ കൃഷിത്തോട്ടങ്ങളും ഉണ്ടാക്കാൻ പ്രോൽസാഹിപ്പിക്കണം.

## കൃഷിയും ജലസേചനവും

1. ചാത്തനൂർ കോണയിലേക്കു് ഭവാനിപ്പുഴയിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക വഴി 40 ഹേക്ടർ സ്ഥലത്തു് ജലസേചന സൗകര്യം കിട്ടും.
2. കിണറുള്ള കർഷകർക്കു് സൗജന്യമായി പംപ് സെറ്റ് അനുവദിക്കുക.
3. കാരത്തൂരിൽ ഭവാനിപ്പുഴയിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക. വഴി 20 ഹെക്ടർ കൃഷി സ്ഥലത്ത് ജലസേചന സൗകര്യം കിട്ടും.
4. നിലവിൽ പലകയൂരിലുള്ള ലിഫ്റ്റ് ഇറിഗേഷൻ നന്നാക്കുകയും കനാൽ നിർമ്മിക്കുകയും ചെയ്യുക.
5. മറവിളകൊംപ് ഭാഗത്ത് ചെക്ക്ഡാം-കനാൽ എന്നിവ നിർമ്മിക്കുക.
6. രങ്കനാഥപുരം ഭവാനിപ്പുഴയിൽ നിന്നും ലിഫ്റ്റ് ഇറിഗേഷനും ടാങ്കും നിർമ്മിച്ചാൽ ആലാമരം, തച്ചംപടി, രങ്കനാഥപുരം, ചാവടിയൂർ എന്നീ കൃഷിസ്ഥലങ്ങളിലെ കൃഷി ഭൂമികൾക്കു് ജലസേചന സൗകര്യം കിട്ടുകയും അതുവഴി 200 ഹെക്ടർ സ്ഥലത്തു് ജലസേചന സൗകര്യം കിട്ടും.
7. താഴെ മൂലകൊംപിൽ രണ്ടു് കുളം നിർമ്മിച്ചു് ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക.
8. ഉമ്മത്തുംപടി വരഗാറിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക വഴി 60 ഹെക്ടർ കൃഷി സ്ഥലത്തു് ജലസേചന സൗകര്യം കിട്ടും.
9. പടണക്കല്ലിൽ ചെക്ക് ഡാം - കനാൽ എന്നിവ നിർമ്മിക്കുക.
10. തോപ്പുക്കാട്ടിലെ കനാൽ തച്ചംപ്പടി വരെ നീട്ടുക വഴി നെല്ലു് കർഷകർക്ക് ജലസേചന സൗകര്യം കിട്ടും.
11. കൃഷിക്കാർക്കു് ആവശ്യമായ ഹ്രസ്വകാല - ദീർഘകാല വായ്പകൾ അതാതു് കാലയളവിൽ കർഷകർക്കു് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
12. പുതൂർ പിക്കർനാലിപള്ളത്തിന്റെ ഇരുകരകളിലുമുള്ള കൃഷിയിടങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി പാർശ്വ ഭിത്തികൾ നിർമ്മിക്കുക.
13. പുതൂർ ആസ്ഥാനമായി ഒരു വെളിച്ചെണ്ണ മിൽ തുടങ്ങുന്ന ചെറുകിട കർഷകർക്കു് 30% സബ്സിഡി ആയി അനുവദിക്കുക. അതുവഴി ഇവിടെയുള്ള കേര കർഷകർക്കു് ന്യായമായ വില ലഭ്യമാകുകയും ചെയ്യും. കൂടാതെ കുറച്ചു് പേർക്കു് തൊഴിൽ ലഭിക്കുകയും ചെയ്യും.

14. പുതൂർ ആസ്ഥാനമായി ഒരു നിലക്കടല സംഭരണ ശാലയും, ഓയിൽ മില്ലും തുടങ്ങുക.

15. തേക്കുവട്ടയിലുള്ള ഭവാനിപ്പുഴയിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക.

16. ചീരക്കടവ് ഭവാനിപ്പുഴയിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക.

17. രാജീവ് നഗർ കോണയിൽ ഭവാനിപ്പുഴയിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക.

18. കിണർ വെട്ടി പംപ് സെറ്റ് വെയ്ക്കുന്ന കർഷകർക്ക് 50% സബ്സിഡി ആയി അനുവദിക്കുക.

19. തേക്കുപ്പന ഊരിലെ കനാൽ റിപ്പേർ ചെയ്യുക.

20. പഴയൂർ പള്ളത്തിൽ ചെക്ക് ഡാം കനാൽ എന്നിവ നിർമ്മിക്കുക.

21. കൊട്ടിയാർകണ്ടിയിൽ ചെക്ക്ഡാം-കനാൽ എന്നിവ നിർമ്മിക്കുക.

22. ഊട്ടി ചെട്ട്യാർ തോട്ടിലെ കനാൽ റിപ്പേർ ചെയ്യുക.

23. ഭൂതംപള്ളി കനാൽ റിപ്പേർ ചെയ്യുകയും കനാൽ നീട്ടുകയും ചെയ്യുക.

24. മല്ലിക്കര തോടിന്റെ ഇരുകരകളിലും പാർശ്വ ഭിത്തി നിർമ്മിക്കുക.

25. ധാന്യം - മല്ലിക്കര തോട്ടിൽ ചെക്ക്ഡാം - കനാൽ എന്നിവ നിർമ്മിക്കുക.

26. കുളപ്പടി കനാൽ റിപ്പേർ ചെയ്യുക, ചെക്ക്ഡാം നിർമ്മിക്കുക.

27. ഭവാനിപ്പുഴയിൽ നിന്നും പാടവയൽ ഊരിന്റെ മുകളിൽ ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക.

28. ഭവാനിപ്പുഴയിൽ നിന്നും പാടവയൽ വില്ലേജ് പരിസരത്ത് ഒരു ലിഫ്റ്റ് ഇറിഗേഷൻ.

29. തോണ്ടക്കര നാലിയിൽ ചെക്ക് ഡാം നിർമ്മിക്കുക.

30. തോണ്ടക്കരനാലിയിലെ ഇരു ഭാഗങ്ങളിലും പാർശ്വ ഭിത്തി നിർമ്മിക്കുക.

31. കരട്ടിയമ്മൻ പള്ളത്ത് ചെക്ക് ഡാം കനാൽ എന്നിവ നിർമ്മിക്കുക.

32. മന്ദപ്പടികയിൽ കുളം നിർമ്മിച്ച് പമ്പ് സെറ്റ് വെച്ച് ജലസേചന സൗകര്യം ഏർപ്പെടുത്തുക.

33. മേലെ മഞ്ചികണ്ടി തോടിലെ കനാൽ മൂന്നാം ഘട്ടം പണി ആരംഭിക്കുക.

34. ഭവാനിപ്പുഴയിൽ നിന്നും ആനകല്ലിലേക്കു് ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക.

35. പന്നീർപ്പടിക മുകൾ ഭാഗത്തും ആനക്കല്ലിന്റെ പടിഞ്ഞാറെ അറ്റത്തും ഭവാനിപ്പുഴയിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക.

36. പന്നീർപ്പടിക തോടുകളിൽ ചെക്ക് ഡാം കനാൽ എന്നിവ നിർമ്മിക്കുക.

37. അബ്ബന്നൂർ തോടിൽ ഊരിന്റെ തെക്ക് ഭാഗത്തു് ചെക്ക് ഡാം നിർമ്മിക്കുക.

38. ആനക്കർ അംഗൻവാടിക്ക് സമീപമുള്ള തോടിന്റെ സൈഡ് കെട്ടുക.

39. ചുടലക്കാട് പടിഞ്ഞാറെ തോടിൽ സംരക്ഷണ മതിലുകൾ നിർമ്മിക്കുക.

40. ചുടലക്കാടിന്റു് കിഴക്കേ തോടിൽ ചെക്ക് ഡാം നിർമ്മിക്കുക.

   1. കശുമാവു് വികസന പദ്ധതിപ്രകാരം ഒട്ടുതൈകൾ കൃഷിക്കാർക്കു് സൗജന്യമായി അനുവദിക്കുക.

   2. ഔഷധ സസ്യ കൃഷിക്ക് പ്രോത്സാഹനം നൽകുക.

41. ഉലച്ചിവഴി ഭവാനിപ്പുഴയിൽ ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാ

# മൃഗസംരക്ഷണവും മത്സ്യകൃഷിയും

പണ്ടുമുതൽക്കേ ആടുമാടുകളെ വളർത്തൽ ഈ പ്രദേശത്തെ ജനങ്ങളുടെ ഒരു പ്രധാന കൃഷിയാണ്. കൂടാതെ കാർഷിക വൃത്തിയുടെ ഭാഗമായും ഇവിടെ കന്നുകാലികളെ വളർത്തിപ്പോന്നിരുന്നു. ഗതാഗത രംഗത്തുനിന്നും ഇന്ന് കന്നുകാലികൾ പൂർണ്ണമായും നീക്കപ്പെട്ടു എന്നുതന്നെ പറയാമെങ്കിലും ഭാരങ്ങൾ വഹിക്കുന്നതിനും മററും നേരിയ തോതിൽ ഇപ്പോഴും ഉപയോഗിക്കപ്പെടുന്നുണ്ട്. ഇപ്പോൾ പ്രധാനമായും പാലിനും മാംസത്തിനും വേണ്ടിയാണ് വളർത്തപ്പെടുന്നത് എങ്കിലും പഞ്ചായത്തിലെ ഒരു പ്രധാന തൊഴിലും വ്യവസായവുമായി ഇതിനെ പോഷിപ്പിക്കാവുന്നതാണ്. അട്ടപ്പാടി ബ്ലാക്ക് എന്ന ഇനത്തിൽപ്പെട്ട കോലാടുകളും മൈലമ്പാടി, കുറിയാട് എന്നിവയും സാധാരണയായി കണ്ടുവരുന്നു. മാടുകളിൽ നാടൻ കന്നുകാലികളാണധികമെങ്കിലും സങ്കരയിനത്തിൽപ്പെട്ടവയും സാധാരണമാണ്.

കന്നുകാലികളുടെ സംരക്ഷണത്തിനായി ഒരു മൃഗാശുപത്രിയുണ്ടെങ്കിലും അവിടെ ഡോക്ടറോ വേണ്ടത്ര ജീവനക്കാരോ മററു സൗകര്യങ്ങളോ ഇപ്പോഴുമില്ല. ആശുപത്രിയിലെ അസൗകര്യങ്ങൾ ജീവനക്കാരെയും കൃഷിക്കാരേയും ഒരുപോലെ വിഷമിപ്പിക്കുന്നു.

പഞ്ചായത്തിൽ പാൽ സൊസൈററികൾ ഉണ്ടെങ്കിലും കർഷകരുല്പാദിപ്പിക്കുന്ന പാൽ മുഴുവൻ ശേഖരിക്കാനും വിൽപ്പന നടത്താനുമുള്ള സംവിധാനം ഇപ്പോഴില്ല. പാൽ സംസ്കരണത്തിനുള്ള സംവിധാനത്തിൻെറ അഭാവവും, ക്ഷീര കർഷകർക്ക് സാമ്പത്തിക നഷ്ടവും സംഘത്തിന് വികസനം ഇല്ലായ്മയും സൃഷ്ടിക്കുന്നു. സ്വകാര്യ പാൽ വിൽപ്പനക്കാർ ഒരു വെല്ലുവിളിയും ചോദ്യ ചിഹ്നവുമായി പാലുല്പാദകരുടെ മുന്നിൽ നിൽക്കുന്നു.

**പ്രശ്നങ്ങൾ**

(1) വെററിനറി സബ്സെൻററുകളുടെ അപര്യാപ്തത

(2) ഉള്ളതിൽതന്നെ ഡോക്ടറുടെയും മററത്യാവശ്യ ജീവനക്കാരുടെയും സൗകര്യങ്ങളുടെയും ഇല്ലായ്മ

(3) മൃഗഡോക്ടറുടെ സേവനം വാർഡുതലത്തിൽ ലഭിക്കുന്നില്ല.

(4) ബീജ സങ്കലന കേന്ദ്രങ്ങളുടെ അഭാവം.

(5) ചില്ലിംഗ് പ്ലാൻറിൻെറ അഭാവം.

(6) ക്ഷീര കർഷകരുടെ സംഘടിത വേദിയുടെ അഭാവം.

(7) ക്ഷീര കർഷകർക്ക് പെൻഷനോ മററു പ്രചോദനങ്ങളോ ലഭിക്കുന്നില്ല.

(8) തൊഴുത്തു നിർമ്മാണത്തിനോ ആടുമാടുകളെ വാങ്ങുതിനോ കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭിക്കുന്നില്ല.

(9) കോഴി വളർത്തലിന് പ്രോൽസാഹനം ലഭിക്കുന്നില്ല.

(10) മാംസത്തിനുവേണ്ടി മുയൽ, ആട്, പന്നി കോഴി എന്നിവക്കായി വളർത്തൽ കേന്ദ്രങ്ങൾ ഇല്ല.

(11) പൊതു മേച്ചിൽ സ്ഥലങ്ങളുടെ അഭാവം.

(12) വിപണനത്തിനുള്ള അസൗകര്യവും ചൂഷണവും

(13) അപ്കോസിൻെറ ആവശ്യകത

(14) അത്യുല്പാദന ശേഷിയുള്ള പശുക്കളുടെ കുറവ്.

**നിർദ്ദേശങ്ങൾ**

(1) പുതൂർ വെററിനറി ഡിസ്പൻസറിയിൽ ഡോക്ടറേയും മററത്യാവശ്യ ജീവനക്കാരേയും എത്രയും വേഗം നിയമിച്ച്, അത് പ്രവർത്തനയോഗ്യമാക്കണം. ജീവനക്കാർക്ക് ആവശ്യമായ കോർട്ടേഴ്സും ഉണ്ടായിരിക്കണം.

(2) ഡിസ്പെൻസറിയുടെ കീഴിൽ ഒരു മൊബൈൽ യൂണിററ് പ്രവർത്തനം ആരംഭിക്കുക.

(3) വാർഡുതലത്തിൽ ബീജസങ്കലന കേന്ദ്രങ്ങൾ ആരംഭിക്കുക.

(4) മൃഗാശുപത്രിയിലെ ജീവനക്കാർക്ക് വാഹന സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

(5) മൃഗഡോക്ടറുടെ സേവനം വാർഡുതലത്തിൽ ലഭിക്കത്തക്കവണ്ണം സബ് സെൻററുകൾ തുടങ്ങണം.

(6) പ്രദേശത്തിൻെറ പ്രത്യേകതക്കാവശ്യമായ മരുന്നുകൾ സ്ഥിരമായി ആശുപത്രിയിൽ ഉണ്ടാകാൻ ശ്രദ്ധിക്കണം.

(7) കാലികൾക്ക്, കാലാകാലങ്ങളിൽ വേണ്ട കുത്തിവയ്പുകൾക്കും പ്രതിരോധ ചികിത്സകൾക്കും വേണ്ട ആലോചനയും ആസൂത്രണവും യഥാസമയം നടത്തിയിരിക്കേണ്ടതാണ്.

(8) നല്ലയിനം പശുക്കളെ കർഷകർക്ക് ലഭ്യമാക്കണം.

(9) പിണ്ണാക്ക്, കാലിത്തീററ, വൈക്കോൽ എന്നിവ കുറഞ്ഞ വിലക്ക് കിട്ടാനുള്ള സംവിധാനം ഉണ്ടാക്കണം.

(10) പുൽകൃഷി വ്യാപിപ്പിക്കുകയും, പ്രോത്സാഹിപ്പിക്കുകയും വേണം.

(11) എല്ലാവാർഡുകളിലും പൊതു മേച്ചിൽ സ്ഥലങ്ങൾ ഉറപ്പാക്കണം.

(12) വാർഡുകൾ സംയോജിപ്പിച്ച് ആവശ്യമായിടത്ത് ക്ഷീര സഹകരണ സംഘങ്ങൾ തുടങ്ങേണ്ടതാണ്. അതിലൂടെ കർഷകർക്ക് ഉത്പാദന ബോണസ്സും മററു പ്രോത്സാഹനങ്ങളും നൽകേണ്ടതാണ്.

(13) കർഷകർക്ക് തൊഴുത്തു നിർമ്മാണത്തിനും, പശുക്കളെ വാങ്ങുന്നതിനും കുറഞ്ഞ പലിശനിരക്കിൽ വായ്പാ സൗകര്യം ലഭ്യമാക്കണം.

(14) ഉപാധി കൂടാതെ മുഴവൻ കർഷകർക്കും പെൻഷൻ നൽകാനുള്ള സംവിധാനം ഉണ്ടാകണം.

(15) ആവശ്യമായ കേന്ദ്രങ്ങളിൽ കോഴി വളർത്തൽ കേന്ദ്രങ്ങൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം. ആടുവളർത്തൽ പ്രോത്സാഹിപ്പിക്കണം. മാംസത്തിനുവേണ്ടിയുള്ള മാടുവളർത്തൽ പ്രോത്സാഹിപ്പിക്കണം.

(16) നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ നൽകിയും, കോഴികൾക്കു കുത്തിവയ്പിനുള്ള സൗകര്യം ഏർപ്പെടുത്തിയും, കർഷകർക്ക് സാമ്പത്തികവും, സാങ്കേതികവും ശാസ്ത്രീയവുമായ സഹായം ഉറപ്പവരുത്തണം.

(17) കർഷകർക്ക് ഫലപ്രദമായ ബോധവൽക്കരണം നടത്തണം.

(18) വിപണന സൗകര്യങ്ങൾ സജീവമാക്കണം.

(19) SC/SF വിഭാഗത്തിൽപ്പെട്ടവർക്ക് ഉഴവുമാടുകളെയും കറവമാടുകളെയും സൗജന്യമായി നൽകുക.

(20) കർഷകർക്ക് പാലിന് യഥാർത്ഥവില ഉറപ്പാക്കണം.

(21) ഉൾഭാഗങ്ങളിൽ നിന്നും പാൽ ശേഖരിക്കാൻ സംവിധാനം ഉണ്ടാക്കണം.

പാൽ. മുട്ട എന്നിവ സമീകൃതാഹാരമെന്ന നിലയിൽ ഉപയോഗിക്കുന്ന സംസ്കാരം പൊതുവിലുണ്ടാക്കാനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ബോധപൂർവ്വം ഒപ്പം വേണ്ടിയിരിക്കുന്നു.

## മത്സ്യകൃഷി

മത്സ്യകൃഷിക്ക് പ്രത്യേക സൗകര്യങ്ങളും സാദ്ധ്യതകളും കുറവാണെങ്കിലും അലങ്കാര മത്സ്യങ്ങൾക്കാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിച്ചാൽ അതൊരു വ്യവസായമായി പ്രോത്സാഹിപ്പിക്കാൻ കഴിയും. അട്ടപ്പാടി ഒരു ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിച്ചാൽ അതിനു സാദ്ധ്യതയേറും.

കുളങ്ങൾ നിർമ്മിച്ച് മീൻ വളർത്താനുള്ള സാമ്പത്തിക സഹായങ്ങളും സാങ്കേതിക സഹായങ്ങളും സൗകര്യപ്പെടുത്തേണ്ടതാണ്.

കൃഷിക്കുവേണ്ടി നിർമ്മിക്കപ്പെടുന്ന ചെക്കുഡാമുകളും കുളങ്ങളും വളർത്തു മത്സ്യകൃഷിക്ക് യോഗ്യമാക്കണം.

## മൃഗസംരക്ഷണം, മത്സ്യ കൃഷി

1. ഇപ്പോൾ ഈ ബ്ലോക്കിന് മൊത്തം ഒരു ക്ഷീര വികസന ഓഫീസ് മാത്ര മേയുള്ളൂ. അവയിൽ തന്നെ ആവശ്യത്തിന്റെ സ്റ്റാഫോ മറ്റു സൗകര്യങ്ങളോ ഇല്ല. കൃഷി ആഫീസ്, മൃഗാശുപത്രി എന്നിവ പോലെ ഈ പഞ്ചായത്തിലും സ്വന്തമായി ഒരു ക്ഷീരവികസന ആഫീസ് സ്ഥാപിക്കേണ്ടതാണ്. അങ്ങനെ ആയാൽ ക്ഷീരവികസന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തു ന്നതിനും കൂടുതൽ ക്ഷീരോല്പാദകർക്ക് ഈ മേഖലയിൽ സാങ്കേതിക സാംപ ത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്.
2. പഞ്ചായത്തിന്റെ സ്വന്തമായി ഒരു മിനി കന്നുകാലിത്തീറ ഫാക്ടറി സ്ഥാപി ക്കുന്നതിന്റെ വേണ്ട നടപടികൾ എടുക്കേണ്ടതാണ്.
3. മൃഗാശുപത്രിയുടെ അറ്റകുറ്റപണികൾക്കും, വൈദ്യുതി, വെള്ളം തുടങ്ങിയവ ലഭിക്കുവാനും ഉള്ള നടപടികൾ സ്വീകരിക്കുക.
4. പാലൂർ കേന്ദ്രമാക്കി ഒരു ക്ഷീരസംഘം പ്രവർത്തിക്കുന്നതിന്റെ വേണ്ട നടപടി സ്വീകരിക്കുക.
5. മിനി ഡയറി യൂണിറ്റുകൾക്ക് വായ്പ ലഭ്യമാക്കുക.
6. മാംസോല്പാദനം കൂടുതൽ മേന്മയുള്ളതാക്കുന്നതിനുവേണ്ട ഗ്രാമപഞ്ചായത്തി ന്റെ ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാക്കുക.
7. ഇറച്ചിക്കോഴി, മുട്ടക്കോഴി വളർത്തൽ വ്യാപകമായി നടപ്പാക്കുന്ന പദ്ധതി നടപ്പാക്കുക. എസ്.സി./എസ്.ടി. വനിതകൾക്കും, മറ്റുവിഭാഗവനിതകൾക്കും തൊഴിൽ അവസരം ലഭ്യമാക്കുക.
8. ബൊമ്മിയംപടി, ഇലച്ചിവഴി എന്നിവ കേന്ദ്രമാക്കി മൃഗാശുപത്രി സ്ഥാപിക്കുക.
9. പേവിഷബാധ നിർമ്മാർജ്ജനം ചെയ്യാനുള്ള നടപടികൾ ഊർജ്ജിതമായി നടപ്പിലാക്കുക. അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുന്നതിന്റെ തൊഴിൽ രഹിതരായ യുവാക്കളെ ഏർപ്പെടുത്തുകയും അവർക്ക് ന്യായമായ പ്രതിഫലങ്ങൾ നല്കുകയും ചെയ്യണം. നായ്ക്കളെ വളർത്തുന്നവർക്ക് ലൈസൻസിംഗ് സംപ്രദായം നടപ്പിലാക്കുകയും വേണം.

10. മാസവരുമാനം 750 രൂപയിൽ കുറഞ്ഞുള്ള എല്ലാ വിഭാഗ ജനങ്ങൾക്കും കറവമാടുകളെയും ആടുകളെയും വാങ്ങുന്നതിന്ന് ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പാ സൗകര്യം ലഭ്യമാക്കുക. കേരളത്തിലെ ഏക ആദിവാസി മേഖലയായ പുതൂർ പഞ്ചായത്ത് തലത്തിൽ ഒരു ഡയറിഫാം തുടങ്ങുന്നതിനും അവിടെ ആദിവാസികൾക്ക് തൊഴിൽ നല്കുന്നതിനുമുള്ള സംവിധാനം ഉണ്ടാക്കുക.

11. ഫോറസ്റ്റ് സ്ഥലങ്ങളിലെ വന്യജീവികളെ സംരക്ഷിക്കുന്നതിനുവേണ്ടി ഫോറസ്റ്റ് സ്ഥലങ്ങളിൽ കമ്പിവേലി കെട്ടി സംരക്ഷിക്കുക.

# വിദ്യാഭ്യാസം

സമൂഹത്തിന്റെ നാനാവിധമായ പുരോഗതിക്ക് അനുപേക്ഷണീയമായ മുൻ ഉപാധിയാണ് വിദ്യാഭ്യാസം. സ്വാതന്ത്ര്യത്തിന് ശേഷമുള്ള വർഷങ്ങളിൽ നമ്മുടെ വിദ്യാഭ്യാസത്തിൽ സാരമായ മാററങ്ങളും പുരോഗതിയും കൈവരിച്ചിട്ടുണ്ട്. പക്ഷേ ജീവിതാവശ്യങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു സമഗ്ര വിദ്യാഭ്യാസ പരിപാടി ഇനിയും ഫലപ്രദമായി നടപ്പിലാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

എല്ലാവർക്കും വിദ്യാഭ്യാസം നിർബ്ബന്ധമാക്കിക്കൊണ്ടുള്ള സമഗ്ര വിദ്യാഭ്യാസ പരിപാടിയിലൂടെ മാത്രമേ ഈ പഞ്ചായത്തിന്റെ നാനാവിധമായ പുരോഗതി സാദ്ധ്യമാവുകയുള്ളൂ. ആദിവാസി സംസ്ക്കാരത്തിന്റെ തനിമ നിലനിർത്തികൊണ്ട് തന്നെ അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്താൻ ആത്മാർത്ഥമായ ശ്രമങ്ങൾ ഉണ്ടായേ തീരൂ. നമ്മുടെ സംസ്ഥാനത്ത് ഇന്ന് ഏററവുമധികം ചൂഷണത്തിന് വിധേയരായികൊണ്ടിരിക്കുന്ന ഒരു ജനതയെന്ന നിലയിൽ ആദിവാസികളെ സംഘടിത ചൂഷണത്തിനെതിരെയുള്ള ഒരു സാമൂഹ്യ ശക്തിയായി വളർത്തിയെടുക്കുന്നതിന് വിദ്യാഭ്യാസ പുരോഗതി ആവശ്യഘടകമാണ്.

പഞ്ചായത്തിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ തുലോം പരിമിതമാണ്. അട്ടപ്പാടി മേഖലയുടെ വിദ്യാഭ്യാസത്തിന് പ്രത്യേക ശ്രദ്ധയും പരിചരണവും ഉറപ്പ് വരുത്തുന്നതിന് സംസ്ഥാന സർക്കാർ ഇടപെടേണ്ടതാണ്.

ആനവായ്, ഗൊട്ടിയാർകണ്ടി, മുള്ളി, എന്നിവിടങ്ങളിൽ പരിമിതമായ ഹോസ്ററൽ സൗകര്യങ്ങളുള്ള മൂന്ന് L. P. സ്ക്കൂളുകളും പാലൂരിൽ ഒരു U. P. സ്കൂളും പുതൂരിൽ പ്രവർത്തിക്കുന്ന പ്ലസ്–2വരെയുള്ള ട്രൈബ് ഹൈസ്ക്കൂളും മാത്രമാണ് പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ. നിരവധി പോരായ്മകളും അസൗകര്യങ്ങളും നേരിടുന്ന വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുന്നതിന് സഹായകരമായ നിർദ്ദേശങ്ങൾ ഗ്രാമസഭാ റിപ്പോർട്ടുകളിൽനിന്നും ലഭ്യമല്ല.

ആദിവാസി മേഖല പൊതുവിലും പുതൂർ പഞ്ചായത്ത് പ്രത്യേകിച്ചും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

## പ്രശ്നങ്ങൾ

1. വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെകുറിച്ച് ഭൂരിഭാഗം അദ്ധ്യാപകരും ബോധവാന്മാരല്ല.
2. വിദ്യാലയങ്ങളിലെ പ്രാഥമിക സൗകര്യങ്ങളുടെ അഭാവം.
3. അദ്ധ്യാപകരുടെ ഒഴിവുകൾ യഥാസമയം നികത്താത്തത്
4. ആദിവാസിമേഖലയുടെ സംസ്ക്കാരവുമായും ഭൂപ്രകൃതിയുമായും ഇഴുകി ചേരാൻ കഴിയാത്ത അദ്ധ്യാപകർ.
5. ആദിവാസി മേഖലയുടെ സംസ്ക്കാരം, ഭാഷ, കലാരൂപങ്ങൾ ഇവയും മലയോരപ്രദേശത്തിന്റെ പ്രത്യേകതകളും ഉൾക്കൊള്ളുന്ന പാഠ്യപദ്ധതിയുടെ അഭാവം.
6. ഉന്നതപഠനത്തിനും, സാങ്കേതിക വിദ്യാഭ്യാസത്തിനുമുള്ള അസൗകര്യം
7. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്.
8. നിരക്ഷരത.
9. ഗതാഗതത്തിലെ അസൗകര്യങ്ങൾ.
10. 7, 4, 5, 2 എന്നീ വാർഡുകളിലെ കുട്ടികൾ സ്കൂളിലെത്തുന്നതിന് കിലോമീററുകളോളം നടക്കേണ്ടിവരുന്നത്.

## നിർദ്ദേശങ്ങൾ

1. അട്ടപ്പാടി മേഖലയിൽ തനതായ ചില വിദ്യാഭ്യാസ പ്രശ്നങ്ങളുണ്ട്. അവ പഠന വിധേയമാക്കുകയും ആദിവാസി മേഖലയുടെ സംസ്കാരവും ഭൂമിശാസ്ത്രപരമായ പ്രത്യേകതയും കണക്കിലെടുത്ത് സമഗ്ര വിദ്യാഭ്യാസ പരിപാടി ആവിഷ്കരിക്കുക.

2. പൊതുവിൽ അട്ടപ്പാടി മേഖലയിലും പ്രത്യേകിച്ച് പഞ്ചായത്തിലുമുള്ള യോഗ്യരായ അഭ്യസ്തവിദ്യർക്ക് പരിശീലനം നൽകി അദ്ധ്യാപകജോലിക്ക് പ്രാപ്തരാക്കുകയും അവരെ ഈ മേഖലയിൽ അദ്ധ്യാപകരായി നിയമിക്കുകയും ചെയ്യുക

3. ഉപരിപഠനത്തിന് ബ്ലോക്ക് ആസ്ഥാനത്ത് ഒരു ഡിഗ്രി കോളേജും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനവും ആരംഭിക്കുക.

4. 7, 4, 5. 2, 8 വാർഡുകളിൽ പുതിയ സ്കൂൾ ആരംഭിക്കുക.

5. വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെകുറിച്ച് വാർഡ് തലത്തിൽ ബോധവൽക്കരണം നടത്തുക പ്രത്യേകിച്ച് ആദിവാസി മേഖലയിൽ.

6. നിലവിലുള്ള സ്കൂളുകളിലെ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുക അതാത് പ്രദേശത്തുനിന്ന് കഴിയുന്നത്ര വിഭവസമാഹരണം ധനമായും അദ്ധ്വാനമായും സ്വരൂപിക്കുക.

7. കൊഴിഞ്ഞുപോക്ക് തടയുന്നതിന് വിദ്യാർത്ഥികൾക്ക് പാഠപുസ്തകം, വസ്ത്രം, ആഹാരം, ഹോസ്റ്റൽ സൗകര്യം ഇവ നടപ്പിലാക്കുക.

8. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ സഹായത്തോടെ സ്കൂളുകളിൽ വൈദ്യപരിശോധന നടത്തുക

9. യാത്രാ ദുരിതം ഒഴിവാക്കുന്നതിന് സ്കൂൾ കുട്ടികൾക്ക് ബസ് സൗകര്യം ഏർപ്പെടുത്തുക.

10. വിദ്യാർത്ഥികൾക്ക് സ്കൂളിലെത്തുന്നതിന് പ്രയോജനകരമാകത്തക്ക വിധത്തിൽ പാക്കുളത്തിനും ശീങ്കരക്കുമിടയിൽ പാലം നിർമ്മിക്കുക.

11. സാക്ഷരതാസമിതി, ശാസ്ത്ര സാഹിത്യപരിഷത്, കാൻഫെഡ്, അദ്ധ്യാപക സംഘടനകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് മേഖലാടിസ്ഥാനത്തിൽ സ്കൂൾ കോംപ്ലക്സ് പദ്ധതി ആവിഷ്കരിക്കുക.

12. സാക്ഷരതാ പദ്ധതി നടപ്പിലാക്കുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുക.

13. വാർഡ് തലത്തിൽ വിദ്യാഭ്യാസ സംരക്ഷണ സമിതികൾ രൂപീകരിക്കുക. കൊഴിഞ്ഞ് പോക്ക് തടയുകയും എല്ലാ കുട്ടികളും വിദ്യാലയങ്ങളിൽ എത്തുന്നുണ്ടോ എന്നും ഈ സമിതികൾ ഉറപ്പുവരുത്തണം. വാർഡ് മെമ്പറുടെ നേതൃത്വത്തിലുള്ള ഇത്തരം സമിതികളിൽ അതാത് വാർഡുകളിലെ അഭ്യസ്തവിദ്യർ, സന്നദ്ധ സംഘടനകളിലെ പ്രവർത്തകർ വിവിധ രാഷ്ട്രീയ കക്ഷികളിലെ പ്രതിനിധികൾ വനിതാപ്രവർത്തകർ തുടങ്ങിയവരെ ഉൾപ്പെടുത്താവുന്നതാണ്.

## സംസ്ഥാന സർക്കാരിന്റെ ശ്രദ്ധ പതിയേണ്ട പ്രധാന പ്രശ്നം

ആദിവാസി ക്ഷേമം നടപ്പിലാക്കുക എന്ന വ്യാജേന വിദേശസഹായത്തോടെ പ്രവർത്തിക്കുന്ന ചില വർഗീയ വിഭാഗീയ സംഘടനകൾ ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഏകാദ്ധ്യാപക വിദ്യാലയങ്ങൾ നടത്തിയാണ് ഇവർ ആദിവാസിമേഖലയിൽ കാലുറപ്പിക്കുന്നത്. രാജ്യത്തിന്റെ അഖണ്ഡതയെതന്നെ ബാധിക്കുന്ന ഈ പ്രശ്നത്തെ സംസ്ഥാന സർക്കാർ ഗൗരവമായി നിരീക്ഷിക്കേണ്ടിയിരിക്കുന്നു.

# വിദ്യാഭ്യാസം

1. പ്രശ്നങ്ങൾ എന്ന ഭാഗത്ത് (1)-ൽ തിരുത്തി വായിക്കണം.
   (അധ്യാപകർ എന്നത് രക്ഷിതാക്കൾ എന്നാക്കണം)
2. പ്രശ്നം 4 ആവശ്യമില്ല.
3. പ്രശ്നം 5 തിരുത്തണം (സംസ്ഥാനത്ത് നിലവിലുള്ള പാഠ്യ പദ്ധതി തന്നെ അട്ടപ്പാടിയിൽ നടപ്പിലാക്കിയാൽ മതി).

## നിർദ്ദേശങ്ങൾ (പുതിയത്)

1. എൻ.സി.ഇ.ആർ.ടി. സ്കീമിൽ എല്ലാ അദ്ധ്യാപകർക്കും വിദഗ്ധ പരിശീലനം നൽകണം. അങ്ങനെ പരിശീലനം ലഭിച്ചവർക്ക് പ്രത്യേക അലവൻസ് നൽകി അവരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തണം.
2. ഇവിടത്തെ കാലാവസ്ഥയും ഭൂപ്രകൃതിയും മറ്റു പ്രദേശങ്ങളെക്കാൾ വളരെ വ്യത്യസ്തമാണ്. ഇങ്ങനെയുള്ള പ്രദേശങ്ങളിൽ നിയമിക്കപ്പെടുന്ന അധ്യാപകർക്ക് മറ്റു പ്രദേശങ്ങളിൽ ലഭിക്കുന്ന ആനുകൂല്യങ്ങളെക്കാൾ കൂടുതൽ ആനുകൂല്യങ്ങൾ നൽകണം.
3. ഒന്നാം വാർഡിൽ ഇപ്പോൾ നിലവിലുള്ള എൽ.പി.സ്കൂൾ ഹൈസ്കൂളായി ഉയർത്തണം.
4. രണ്ടാം വാർഡിൽ ഒരു എൽ.പി.സ്കൂൾ (ചാവടിയൂർ) ആരംഭിക്കണം.
5. 4-ാം വാർഡിൽ ചീരക്കടവിൽ ഒരു എൽ.പി.സ്കൂൾ ആരംഭിക്കണം.
6. 3-ാം വാർഡിൽ ഒരു കോളേജ് തുടങ്ങണം.
7. അഞ്ചാം വാർഡിൽ കുറുംപർ കൂടുതൽ താമസിക്കുന്ന സ്ഥലത്ത് ഒരു എൽ.പി. സ്കൂൾ തുടങ്ങണം.
8. 6-ാം വാർഡിൽ നിലവിലുള്ള യു.പി.സ്കൂൾ, ഹൈസ്കൂളായി ഉയർത്തണം.
9. 7-ാം വാർഡിൽ പാടവയലിൽ എൽ.പി.സ്കൂൾ സ്ഥാപിക്കണം.
10. 8-ാം വാർഡിൽ ആനക്കല്ലിൽ എൽ.പി.സ്കൂൾ സ്ഥാപിക്കണം.
11. എല്ലാ സ്കൂളുകളുമായി ബന്ധപ്പെടുവാൻ ഗതാഗത സൗകര്യങ്ങൾ ഉണ്ടാക്കണം (ടാർ ചെയ്ത് ബസ് ഗതാഗതത്തിനു പറ്റിയതരത്തിൽ)
12. എല്ലാ സ്കൂളിനോടും അനുബന്ധിച്ചു ഹോസ്റ്റർ (ആൺ, പെൺ) ഉണ്ടായിരിക്കണം ഇതിൽ ആദിവാസികൾ അല്ലാത്ത നിർദ്ധനരായ കുട്ടികളെയും ചേർക്കണം.
13. അധ്യാപകർക്ക് താമസിക്കാൻ ക്വാർട്ടേഴ്സുകൾ നിർമ്മിക്കണം.

14. ആദിവാസി പിന്നോക്കവിഭാഗത്തിൽപെട്ട കുട്ടികൾക്ക് പ്രത്യേക വാഹനസൗകര്യം ഏർപ്പെടുത്തണം.

15. ട്രൈബൽ വിഭാഗത്തിൽപെട്ട കുട്ടികളുടെ ജന്മവാസനകളായ നൃത്തം, സംഗീതം ഇവ പ്രോത്സാഹിപ്പിക്കുന്നതിനു സ്കൂളിൽ പ്രത്യേക അധ്യാപകരെ നിയമിക്കുക.

16. നിലവിലുള്ള മാനദണ്ഡങ്ങൾ മാറ്റികൊണ്ടു കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലല്ലാതെ ഓരോ സ്കൂളിലും പാട്ട്, തയ്യൽ, ഡ്രോയിംഗ്, കായിക പരിശീലനം എന്നിവയ്ക്കു് അധ്യാപകരെ നിയമിക്കുക.

17. 1997 ജൂൺ ഒന്നാം തീയതി മുതൽ നടപ്പിലാക്കാൻ പോകുന്ന ഡി.പി.ഇ.പി. പദ്ധതിയനുസരിച്ച് സ്കൂളുകൾക്കർഹമായ വിഹിതം സർക്കാരിൽനിന്നും വാങ്ങി പഞ്ചായത്ത് വിദ്യാഭ്യാസ ആവശ്യത്തിനു് ഉപയോഗിക്കണം.

18. പഞ്ചായത്തിൽ അംഗൻവാടികൾക്ക് ഐ.സി.ഡി.എസ്.-ന്റെ ഒരു ഉപകേന്ദ്രം സ്ഥാപിക്കുക.

19. അംഗൻവാടികളിൽ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകളെ പരിപോഷിപ്പിക്കുവാൻ ഉതകുന്ന തരത്തിലുള്ള കളിക്കോപ്പുകളും മറ്റു ഉപകരണങ്ങളും വിതരണം ചെയ്യുക. കുട്ടികൾക്ക് സമയാസമയങ്ങളിൽ പോഷകാഹാരങ്ങൾ നൽകുന്നതിനും വൈദ്യസഹായം എത്തിക്കുന്നതിനും ആരോഗ്യ കേന്ദ്രങ്ങളുടെ സേവനം അത്യന്താപേക്ഷിതമാണ്.

20. അംഗൻവാടി കുട്ടികൾക്ക് ആവശ്യമായ ചെരിപ്പുകൾ, വസ്ത്രങ്ങൾ എന്നിവ വിതരണം ചെയ്യുക.

21. സ്കൂളുകളിലെ എസ്.സി/എസ്.ടി വിഭാഗത്തിലും മറ്റു നിർദ്ധനവിഭാഗത്തിലുംപെടുന്ന കുട്ടികൾക്ക് ഗ്രാന്റും വസ്ത്രവും വിതരണം ചെയ്യുക.

22. പഞ്ചായത്തിൽ ഒരു ഐ.ടി.ഐ.യും പോളിടെക്നിക്കും സ്ഥാപിക്കേണ്ടതാണ്. (ഐ.ടി.ഐ. മുള്ളിയിലും പോളിടെക്നിക് ചാവടിയൂരിലും)

23. പുതൂർ ട്രൈബൽ ഹൈസ്കൂളിൽ 24 മുറികളുള്ള കെട്ടിടം, മൂത്രപ്പുര, കക്കൂസ്, അടുക്കള, ഡൈനിംഗ് ഹാൾ, വായനശാല, അസംബ്ലി ഹാൾ എന്നിവ പണിയണം.

24. പുതൂർ ട്രൈബൽ ഹൈസ്കൂളിനു് ഒരു ചുറ്റുമതിൽ നിർമ്മിക്കണം.

25. കോളേജിനു് ഒരു കെട്ടിടം നിർമ്മിക്കണം.

26. പുതുതായി അനുവദിക്കുന്ന എല്ലാ സ്കൂളുകൾക്കും കെട്ടിടം, മൂത്രപ്പുര, കക്കൂസ്, ഹോസ്റ്റൽ, സ്റ്റാഫ് ക്വാട്ടേഴ്സ് മറ്റു സജ്ജീകരണങ്ങൾ ഉണ്ടായിരിക്കണം.

27. പഞ്ചായത്തിൽ ഒരു അധ്യാപക പരിശീലന കേന്ദ്രം സ്ഥാപിക്കണം.

28. തമിഴ് കുടിയേറ്റക്കാർ കൂടുതലായി ഉള്ള ഈ പഞ്ചായത്തിൽ പുതുതായി അനുവദിക്കുന്ന വിദ്യാലയങ്ങളിൽ തമിഴ്, മലയാളം മീഡിയങ്ങൾ ഉണ്ടായിരിക്കണം.

# വ്യവസായം

വ്യവസായിക രംഗത്ത് പിന്നോക്കാവസ്ഥ നിലനിൽക്കുന്ന പഞ്ചായത്താണ് പുതൂർ. എന്നാൽ വൻകിട വ്യവസായിക സ്ഥാപനങ്ങൾക്ക്പോലും സാദ്ധ്യതകളുണ്ട് ഈ പഞ്ചായത്തിൽ. ഇവിടത്തെ പ്രധാന കാർഷിക ഉൽപന്നമായ പരുത്തി ഉപയോഗിച്ചുള്ള ഒരു വ്യവസായിക സ്ഥാപനം ഇനിയും ഈ പഞ്ചായത്തിൽ ഉയർന്ന് വന്നിട്ടില്ല.

വന വിഭവങ്ങളും കാർഷിക-മൃഗ സംരക്ഷണ മേഖലയും ഉപയോഗപ്പെടുത്തിയാൽ വളരെ വിപുലമായ ഒരു ചെറുകിട വ്യവസായ ശൃംഖല പുതൂർ പഞ്ചായത്തിൽ കെട്ടിപടുക്കാനാകും.

ആദിവാസി മേഖലയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കാർഷിക - വ്യവസായിക മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിച്ചേ മതിയാകൂ. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വ്യവസായ ഓഫീസിന്റെ പ്രവർത്തനം പുതൂർ പഞ്ചായത്തിൽ ലഭ്യമാക്കുന്നതിന്വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## വ്യവസായം-നിർദ്ദേശങ്ങൾ

1. പാടവയൽ വില്ലേജ് പരിധിയിലും പുതൂർ വില്ലേജ് പരിധിയിലും ഓരോ ജിന്നിംഗ് മില്ലും സ്പിന്നിംഗ് മില്ലും സ്ഥാപിക്കുക.
2. ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ കീഴിൽ എല്ലാ വാർഡിലും നൂൽ നൂൽപ്പും വസ്ത്ര നിർമ്മാണ യൂണിററുകളും സ്ഥാപിക്കുക.
3. പാടവയൽ കേന്ദ്രീകരിച്ച് തുവര, കടല, ഉഴുന്ന് എന്നിവ സംസ്കരിക്കുന്ന യൂണിററുകളും സ്ഥാപിക്കുക.
4. ഭക്ഷ്യവസ്തുക്കളുടെ പാക്കിംഗ് യൂണിററ് ആരംഭിക്കുക.
5. ചാവടിയൂരിനും പുതൂരിനും കൂടി ഒരു ആഴ്ചചന്ത തുടങ്ങുക.
6. പാലൂർ, ദൊഡ്ഡുഗട്ടി, ചീരക്കടവ് എന്നീ ഊരുകളെ പ്രതിനിധീകരിച്ച് തേക്കുവട്ടയിൽ ഒരു ആഴ്ച ചന്ത തുടങ്ങുക.
7. പാടവയൽ വില്ലേജിനും പുതൂർ വില്ലേജിനും ഓരോ വെയർ ഹൗസുകൾ സ്ഥാപിക്കുക.
8. മുള, കത്താള, ചൂരൽ, ഓട, ചകിരി, വാഴനാര് എന്നിവ ഉപയോഗിച്ച് ഉൽപന്നങ്ങൾ ഉണ്ടാക്കുന്ന യൂണിററുകൾ സ്ഥാപിക്കുക.
9. ഇഷ്ടിക നിർമ്മാണ യൂണിററുകൾ സ്ഥാപിക്കുക.
10. റാഗി, ചോളം, കപ്പ എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള ഗ്ലൂക്കോസ് ഫാക്ടറികൾ സ്ഥാപിക്കുക.
11. പുതൂർ പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും കാണുന്ന കൃഷ്ണശില, ചൈനാക്ലേ എന്നിവ കുഴിച്ചെടുക്കുകയും സംസ്കരിക്കുകയും ചെയ്യുന്ന യൂണിററുകൾ സ്ഥാപിക്കുക.
12. Book Binding, P V C Pipe നിർമ്മാണം, പ്ലാസ്ററിക്കുട്ട മുതലായവയുടെ നിർമ്മാണ യൂണിററുകൾ സ്ഥാപിക്കുക.

## വ്യവസായം

### പുതുതായി ചേർക്കേണ്ടവ

1. ടങ്ങ്സ്റ്റൻ മൈനിംഗ് തുടങ്ങുക.
2. ആയുർവേദ മരുന്നുകളുടെ നിർമ്മാണ ഗവേഷണ കേന്ദ്രം ആരംഭിക്കുക.
3. കണ്ണിമാങ്ങ, നെല്ലിക്ക അച്ചാറുകൾ നിർമ്മിച്ചു വിൽക്കുക.
4. മുളകുപൊടി, മല്ലിപ്പൊടി, മഞ്ഞൾപ്പൊടി, കടുക് എന്നിവയുടെ സംസ്കരണ യൂണിറ്റ്.
5. നേന്ത്രക്കായ് ചിപ്സ് യൂണിറ്റ്.
6. പഴങ്ങൾ കൊണ്ടുള്ള ജാമുകൾ, സിറപ്പുകൾ ഉണ്ടാക്കാനുള്ള യൂണിറ്റ്.
7. മാംസം, തുകൽ സംസ്കരണ യൂണിറ്റ്.
8. ചീനിക്കായ്, സോപ്പുകായ് സംസ്കരണം.
9. ചീനിക്കായ്, സോപ്പുകായ് ഉല്പന്നങ്ങൾ.
10. തേക്കുവട്ട അല്ലെങ്കിൽ പാലൂരിൽ ചന്ത തുടങ്ങുക.
11. നീലഗിരിയിലേയ്ക്കുള്ള വിനോദ സഞ്ചാരികളെ ആകർഷിക്കുക.
12. പരുത്തി വിത്തുല്പാദിപ്പിച്ച് വിതരണം ചെയ്യുക.
13. പച്ചക്കറിക്ക് പുതൂർ, പാടവയൽ, ചാവടിയൂർ കേന്ദ്രങ്ങളിൽ ടെണ്ടർ മാർക്കറ്റ്.
14. പാലൂർ, പുതൂർ എന്നിവിടങ്ങളിൽ സിനിമാ തിയേറ്റർ.
15. ചൂല് നിർമ്മാണം, പുതൂർ ഗിരിജൻ സൊസൈറ്റി.

    പഴയൂർ, ഭൂതയൂർ, ഇടവാണി, ഗൾഡി, താഴെതുടുക്കി, മേലെതുടുക്കി, കെട്ടേക്കാർക്കണ്ടി, കുറുക്കത്തിക്കല്ല്, ആനവായ്, കടുകുമണ്ണ എന്നീ ഊരുകളിലെ കുറുംപർക്കു വേണ്ടി കാപ്പി, തേയില, കുരുമുളക്, ഓറഞ്ച് എന്നിവയുടെ തോട്ടം ഗവ: ഉടമയിൽ സ്ഥാപിക്കുക. ആ മേഖലയിലെ വ്യാപകമായ കഞ്ചാവുകൃഷി തടയുവാനുള്ള പ്രചരണവും ഒപ്പം തൊഴിലും. മര സാധനങ്ങൾ നിയമപ്രകാരം വില്ക്കുന്ന ഡിപ്പോ തുടങ്ങുക.

16. പുതൂരിൽ വെളിച്ചെണ്ണ മിൽ തുടങ്ങുന്ന കർഷകർക്കു പദ്ധതി ചെലവിന്റെ 30% സബ്സിഡി അനുവദിച്ച് ചെറുകിട കർഷകരെ പ്രോത്സാഹിപ്പിക്കുക.
17. നിലക്കടല സംഭരണ ശാലയും മില്ലും തുടങ്ങുക.

# ഊർജ്ജം-ഗതാഗതം-മാർക്കററ്

## ഗതാഗതം

ഏതൊരു പ്രദേശത്തിന്റെയും സമഗ്രമായ പുരോഗതിക്ക് മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങൾ അടിസ്ഥാന ഘടകമാണ്.

മലയോര പ്രദേശമായ പുതൂരിലെ ഗതാഗത പ്രശ്നങ്ങൾ വളരെ സങ്കീർണ്ണമാണ്. വിവിധ ആദിവാസി ഊരുകളെ പഞ്ചായത്ത് ആസ്ഥാനവുമായി ബന്ധിപ്പിക്കുന്ന റോഡുകൾ ജനപങ്കാളിത്തത്തോടെ നിർമ്മിക്കുന്നതിനാണ് നാം പ്രാധാന്യം കൽപ്പിക്കേണ്ടത്. റോഡുകൾ നിർമ്മിക്കുന്നതിനു ജനങ്ങളുടെ അദ്ധ്വാനവും ധനവും സമാഹരിച്ച് പൂർത്തിയാക്കിയാൽ കൂടുതൽ ധനചെലവ് വരുന്ന പാലങ്ങളുടെ നിർമ്മാണം യഥാകാലം പൂർത്തിയാക്കാൻ സാധിക്കും. അതുകൊണ്ട് തന്നെ ജനശക്തിയെ ഉപയോഗപ്പെടുത്തികൊണ്ടുള്ള റോഡ് വികസന പദ്ധതിക്ക് ജനകീയ സമിതികൾക്ക് രൂപം നൽകണം.

## പ്രശ്നങ്ങൾ-നിർദ്ദേശങ്ങൾ

1. പഞ്ചായത്തിനെ മററ് അയൽപ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന പ്രധാന കണ്ണികളിലൊന്നാണ് ചാവടിയൂരുള്ള ക്രോസ്‌വെ. എന്നാൽ വർഷകാലത്തും തുലാവർഷകാലത്തും ഓവർ ഫ്ളോ ഉണ്ടാകുന്നതുമൂലം ആഴ്ചകളോളം ഈ പഞ്ചായത്ത് പ്രദേശം ബാഹ്യ ലോകവുമായി ബന്ധമററ് കിടക്കുന്ന സാഹചര്യമുണ്ട്. ഇത് പരിഹരിക്കുന്നതിന് ഈ പാലം ഉയർത്തി കെട്ടി എല്ലാ കാലങ്ങളിലും ഗതാഗതയോഗ്യമാക്കണം.

2. വർഷക്കാലത്തെ യാത്രാ ദുരിതം പരിഹരിക്കുന്നതിന് ഭവാനിപ്പുഴക്ക് കുറുകെ ആനക്കല്ലിലെയും പാക്കുളത്തുമുള്ള ജനങ്ങൾക്ക് പ്രയോജനകരമാകത്തക്ക വിധത്തിൽ ഒരു തൂക്കുപാലം നിർമ്മിക്കണം.

3. അട്ടപ്പാടി വനമേഖലയിലെ ഉൾപ്രദേശത്തുള്ള കുറുംബ-മുടുക എന്നീ ആദിവാസി വിഭാഗങ്ങൾക്ക് മേലേ തൊടുക്കിയിൽനിന്നും പഞ്ചായത്തിന്റെ മററ് ഭാഗങ്ങളിലേക്ക് പോകുന്നതിന് ഭവാനിപ്പുഴക്ക് കുറുകെ കമ്പിപ്പാലം നിർമ്മിക്കണം.

4. താവളം–മുള്ളിറോഡ് പട്ടണക്കല്ലിനെ ബന്ധിപ്പിച്ച്കൊണ്ട് ഗതാഗതയോഗ്യമാക്കുക.

5. താവളം-ആലാമരം (പുതൂർ) P W D റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

6. ചാവടിയൂരിൽനിന്നും കിണ്ണക്കരറോഡ് അഭിവൃദ്ധിപ്പെടുത്തുകയും ടാറിംഗ് നടത്തി ഗതാഗതയോഗ്യമാക്കുകയും ചെയ്യുക.

| നമ്പർ | പുതുതായി നിർമ്മിക്കേണ്ട റോഡുകൾ | ഗതാഗത യോഗ്യമാക്കേണ്ട റോഡുകൾ |
|---|---|---|
| 1 | താഴെ മുള്ളി-മൂപ്പൻ കോളനി ഊരിലേക്ക് | താഴെമുള്ളി-മേലേമുള്ളിറോഡ് |
| 2 | പുതൂർ-കോട്ടത്തറ മെയിൻറോഡിനേയും ലക്ഷംവീടായ ജല്ലിമേടിനേയും ബന്ധിപ്പിക്കുന്ന റോഡ് | പുതൂർ-മേലേമൂല കൊമ്പ്റോഡ് |
| 3 | പുതൂർ ലക്ഷംവീട് കോളനിയിലേക്ക് | പുതൂർ-അയ്യപ്പൻകോവിൽറോഡ് |
| 4 | പാലൂർ-കൊളപ്പടി-ദൊഡ്കട്ടി-വല്ലവട്ടി-അരളികോണം റോഡ് | പുതൂർ മല്ലികതോട്ടം റോഡ്<br>പുതൂർ-ചൂട്ടഊതുറോഡ്<br>ഉമ്മത്താമ്പടി-പുഴറോഡ് |
| 5 | പനമരത്തുവയൽ-കൽപ്പട്ടിറോഡ് | ചീരക്കടവ്-ദൊഡുകട്ടിറോഡ് |
| 6 | അരളികോണം-എടവാണി | പാലൂർ-ധാന്യംറോഡ് |
| 7 | ധാന്യം-കൊട്ടിയാർകണ്ടി-കുറുകത്തിങ്കൽ-ആനക്കട്ടി | താവളംപാലം-പെട്ടിക്കല്ല്റോഡ് |
| 8 | പാലൂർ-ഭൂതംപള്ളിവഴി-വല്ലപ്പട്ടിറോഡ് | മള്ളിതാവളംറോഡ്-മേലേമഞ്ചിക്കണ്ടിറോഡ് |
| 9 | വീട്ടിയൂരിൽനിന്ന് പുഴവരെ | നാലാംവാർഡിലെ പഞ്ചായത്ത് റോഡുകൾ |
| 10 | ആനക്കൽ ഊരിൽനിന്ന് മേലേഅമ്പന്നൂർവരെ | തച്ചംപടി-തോപ്പുകാട് കൃഷിയിടം |

| നമ്പർ | പുതുതായി നിർമ്മിക്കേണ്ട റോഡുകൾ | ഗതാഗത യോഗ്യമാക്കേണ്ട റോഡുകൾ |
|---|---|---|
| 11 | പഞ്ചായത്ത് റോഡ്_ആനക്കല്ല് മിച്ചഭൂമിവരെ | കാരത്തൂർ_ഭവാനിറോഡ് ഹരിജൻ കോളനി |
| 12 | പന്നിയൂർപടി_ഹരിജൻ കോളനിറോഡ് | വതനപ്പടി_റെനാപ്പെട്ടിറോഡ് |
| 13 | ആനവായ്_താഴെ തൊട്ടക്കിറോഡ് | രങ്കനാഥപുരം_വാട്ടർടാങ്ക്റോഡ് |
| 14 | തൊമ്പുകട്ടി_റൂണിചാള റോഡ് | ചാവടിയൂര്_ഭവാനിപ്പുഴറോഡ് |

## ഊർജ്ജം

ഊർജ്ജരംഗത്ത് ഏറെ മുന്നോട്ടു പോകേണ്ട പഞ്ചായത്താണ് പുതൂർ. നിലവിലുള്ള ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനു്, ചെറുകിട ജലസേചന പദ്ധതികളുടെ സാദ്ധ്യതകൾ അന്വേഷിക്കുന്നതിനു് പുറമേ, സൗരോർജ്ജത്തെ ഉപയോഗപ്പെടുത്തികൊണ്ടുള്ള പദ്ധതികൾ, അനെർട്ട് പോലുള്ള ഏജൻസികളുടെ സഹായം തേടേണ്ടത് അത്യാവശ്യമാണ്.

## ഗ്രാമസഭയിൽനിന്ന് ഉയർന്ന്‌വന്ന പൊതുനിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ എല്ലാ ആദിവാസി ഊരുകളും പട്ടികജാതി ഭവനങ്ങളും വൈദ്യുതീകരിക്കുക.
2. വൈദ്യുതി എത്തിക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ സോളാർ വിളക്കുകൾ സ്ഥാപിക്കുക.
3. പരിഷത് അടുപ്പുകൾ പഞ്ചായത്തിലെ ഭവനങ്ങളിലെത്തിക്കുക.

# മററ് നിർദ്ദേശങ്ങൾ

| നമ്പർ | വൈദ്യുതി എത്തിക്കേണ്ട സ്ഥലങ്ങൾ | തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ |
|---|---|---|
| 1 | പന്നിയൂർപ്പടി ഹരിജൻകോളനി | ചാവടിയൂരിൽനിന്നു് മേലേമ്മത്തുംപടി റോഡിൽ |
| 2 | ആനക്കല്ലു് സബ്സെൻറർ-മിച്ചഭൂമികോളനി | പുതൂർ മെയിൻറോഡിൽനിന്നും-വിനായകർ കോവിൽവരെ |
| 3 | ആനക്കല്ലു് പ്രദേശത്ത് കൃഷി ആവശ്യത്തിനു് | P W D റോഡുകൾ-പഞ്ചായത്തു്റോഡുകൾ |
| 4 | ചീരക്കടവിൽനിന്നു് രാജീവ്നഗർ കോളനിക്കാർക്കു് | പാലൂർ മുതൽ കൊളപ്പടിഗ, തേക്കപ്പന, വല്ലവട്ടി, കൽപ്പട്ടി വഴി ദൊഡുഗട്ടിവരെ |
| 5 | മേലേ ചാവടിയൂർ, പാടവയൽ, ആനക്കല്ലു്, ധാന്യം, ഗട്ടിയാർകണ്ടി എന്നിവിടങ്ങളിൽ | |

## മാർക്കററ്

ആഴ്ചചന്തകൾ ആരംഭിക്കേണ്ട സ്ഥലങ്ങൾ:

1. ചാവടിയൂരിനും പുതൂരിനും കൂടി ഒരു ആഴ്ച ചന്ത തുടങ്ങുക.
2. പാലൂർ, ദൊഡുഗട്ടി, ചീരക്കടവ് എന്നീഊരുകളെ പ്രതിനിധീകരിച്ച് തേക്കുവട്ടയിൽ ഒരു ആഴ്ച ചന്ത തുടങ്ങുക.

# ഊർജ്ജം ഗതാഗതം

## ഊർജ്ജം :

1. മേലെ മഞ്ചിക്കണ്ടി ആദിവാസി കോളനികളിലേക്കുള്ള വൈദ്യുതിയും തെരുവു വിളക്കുകളും ഉടൻ ഉനുവദിച്ചു കിട്ടുന്നതിനുള്ള സംവിധാനം.
2. മൂലകൊംപ്, വെന്തപ്പടി, നയനാംപ്പടി, മന്തംപ്പടി, താഴെ മഞ്ചിക്കണ്ടി, വീട്ടിയൂർ, പാടവയൽ എന്നീ ആദിവാസി കോളനികൾ വൈദ്യുതീകരിക്കുക.
3. ഏഴാം വാർഡിൽ ചെറുകിട കൃഷിക്കാർക്കുവേണ്ടി മോട്ടോർ കണക്ഷനുകൾക്ക് വൈദ്യുതി നൽകുക.
4. പണ്ടിക്കടവ്, കൂളിക്കടവ്, അംഗൻവാടി പരിസരം, ആനക്കൽ എന്നീ സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.
5. മൂന്നാം വാർഡിൽ സ്റ്റേഡിയം, കല്യാണമണ്ഡപം, സ്കൂൾ, അംഗൻവാടി എന്നിവ വൈദ്യുതീകരിക്കുക.
6. ആദിവാസി കോളനികൾ, നട്ടക്കൽ ചുണ്ടപ്പടി, മുതലത്തറ, ഇലച്ചിവഴി എന്നീ ഊരുകളിലെ വീടുകൾ വൈദ്യുതീകരിക്കുക.
7. ഊരടം വൈദ്യുതി എത്തിക്കാൻ പറ്റാത്ത സാഹചര്യം ഉള്ളതിനാൽ അവിടെ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുക.
8. ചാവടിയൂർ മുതൽ രങ്കനാഥപുരം പംപിംഗ് ഹൗസ് വരെയുള്ള റോഡിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.
9. തപ്പംപടി മുതൽ ഒലവുകര പള്ളം വരെ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.
10. ചാവടിയൂർ മുതൽ മേലെ ചാവടിയൂർ വരെ തെരുവ് ലൈററ് സ്ഥാപിക്കുക.
11. ചാളയൂർ മുതൽ മുള്ളിവരെ തെരുവ് ലൈററ് സ്ഥാപിക്കുക.
12. താവളം പാലം മുതൽ മേലെ മഞ്ചിക്കണ്ടിവരെ തെരുവ് വിളക്ക്സ്ഥാപിക്കുക.
13. പട്ടണക്കല്ല് പ്രദേശത്ത് എത്രയുംവേഗം വൈദ്യുതി എത്തിക്കുക.
14. മേലെ ഉമ്മത്തുംപടിയിൽ നിന്ന് സ്വർണ്ണ ഗദ ചെംപവട്ടക്കാട് വഴി അരളികോണം വരെ വൈദ്യുതി എത്തിക്കുക.

ഗതാഗതം :

1. പുതൂർ ഗ്രാമപഞ്ചായത്തിലെ 8 വാർഡിലെയും പഞ്ചായത്ത് റോഡുകൾ അഭിവൃദ്ധിപ്പെടുത്തുക.
2. താവളം, മുള്ളി റോഡ് ടാറിങ് ചെയ്ത് ഗതാഗത യോഗ്യമാക്കുക.
3. പാടവയൽ വിനായകർ കോയിലിൽ നിന്നും കരട്ടിയമ്മൻ കോവിലിലേക്കുള്ള റോഡ് വീതി കൂട്ടി ടാർ ചെയ്യണം.
4. പാടവയൽ മേലെ അബ്ബന്നൂർ റോഡ് മെറ്റലിങ്ങ്, ടാറിംഗ് നടത്തണം.
5. പാടവയൽ റേഷൻകട പടി വീട്ടിയൂരിലേക്ക് പുതിയ റോഡ് നിർമ്മിക്കണം കൂടാതെ പാടവയൽ ഊരിൽ നിന്ന് മിച്ചഭൂമിയിലേക്കുള്ള റോഡ് നിർമ്മിക്കണം.
6. മുള്ളി മെയിൻ റോട്ടിൽ നിന്ന് വന ഭദ്രകാളി കോവിൽ വരെ റോഡ് നിർമ്മിക്കണം.
7. താഴെ മുള്ളിയിൽ നിന്നും ഊരടം ഊരിലേക്കുള്ള മൂന്നടി റോഡ് നന്നാക്കണം.
8. ചാളയൂരിൽ നിന്നും ചെത്തുംപിവരെയുള്ള റോഡ് നന്നാക്കുക.
9. കാരത്തൂർ മലയ്ക്കുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക.
10. ബൊമ്മിയാംപടി ഊരിൽ നിന്ന് മല്ലീശ്വര തോടു കടന്ന് താവളം പോകാൻ റോഡ് റിപ്പയറിങ് ചെയ്ത് കംപിപാലം നിർമ്മിച്ചുകൊടുക്കുക.
11. പാലൂർ റോഡിൽ നിന്നും മല്ലീശ്വര തോടുവരെ ടാറിംഗ് ചെയ്തുതരണം.
12. പാലൂർ റോഡിൽനിന്നും മല്ലീശ്വര തോട്ട് (തെക്കുവട്ട) റോഡ് ടാറിംഗ് ചെയ്തു തരണം.
13. പുതൂരിൽ നിന്ന് (പടിഞ്ഞാറാഭാഗം) പുഴയ്ക്ക് പോകുന്ന റോഡ് കോൺക്രീറ്റ് ചെയ്തു തരണം.
14. കോണാകുത്തി വെന്തപടി റോഡിൽ നിന്ന് കുറുംപമൊയ്തം റോഡ് പുതുതായി നിർമ്മിക്കണം.
15. മേലെ ഉമ്മത്താംപടിയിൽനിന്നും ചൂടറ റോഡ് ഗതാഗത യോഗ്യമാക്കുക.

16. മേലെ ഉമ്മത്താംപടിയിൽ നിന്ന് പട്ടണക്കല്ല് പോകുന്ന റോഡ് പട്ടണക്കല്ല് വരെ കോൺക്രീറ്റ് ചെയ്യുക.

17. ചീരക്കടവ് ഊരിൽനിന്നും പുഴയിലേക്കുള്ള റോഡ് കോൺക്രീറ്റ് ചെയ്യണം.

18. ചാവടിയൂർ മുള്ളി റോഡിൽ നിന്നും ഇലച്ചിവഴി ഊരിലേക്കുള്ള റോഡ് കോൺക്രീറ്റ് ചെയ്യണം.

19. ചീരക്കടവിൽ നിന്നും രാജീവ് നഗർ റോഡ് മെറ്റൽ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

20. മുള്ളി, താവളം മെയിൻ റോഡിൽനിന്നും ജഡനായകൻ ചാളയ്ക്കുള്ള റോഡ് ഗതാഗത യോഗ്യമാക്കുക.

21. ഇലച്ചിവഴി ആഞ്ചക്കോമ്പ റോഡ് അഭിവൃദ്ധിപ്പെടുത്തുക.

22. മേലെ മുള്ളി, മന്നാർപുഴ റോഡ്, വിനായകർ കോവിൽ റോഡ്, താഴെ മുള്ളി, മേലെ മുള്ളി റോഡിൽനിന്ന് ജി.എൽ.പി. സ്കൂൾ -ലേക്കുള്ള റോഡ്, താഴെ മുള്ളി, മന്നാർപുഴ റോഡ്, നടക്കൽ ചുണ്ടപട്ടി, ഭവാനി പുഴ റോഡ്, മുതലത്തറ ഭവാനിപ്പുഴ റോഡ്, മേലെ ചുണ്ടപ്പെട്ടി ഭവനിപ്പുഴ റോഡ് ഇവ കോൺക്രീറ്റ് ചെയ്യണം.

23. തേക്കുവട്ടയിൽ നിന്നും വിനായകർ കോവിൽ വരെയുള്ള റോഡ് കോൺക്രീറ്റ് ചെയ്യണം.

24. മേലെ ഉമ്മത്താംപടി പാലത്തിൽ നിന്നും (ഒലങ്കരപള്ളം) സ്വർണ്ണപട്ടണക്കൽ റോഡ് റിപ്പയർ ചെയ്യണം.

25. മേലെ ഉമ്മത്തുംപടിയിൽ നിന്നും അരളിക്കോണം വരെയുള്ള റോഡ് അറ്റകുറ്റപണികൾ ചെയ്തു ഗതാഗത യോഗ്യമാക്കുക.

26. പാലൂർ, ആലാമരം (ഊട്ടിക്കാരൻ കട) കന്നിയമ്മൻ കോവിൽ വഴി ജയൻ കാടുവരെ ഒരു പഞ്ചായത്ത് റോഡ് മല്ലീശ്വര തോടിനു സമീപം നിർമ്മിക്ക

27. പാലൂർ ആലാമരത്തിൽനിന്നും മഞ്ചിക്കണ്ടി ഊരിലേയ്ക്കുള്ള റോഡ് മല്ലീശ്വര തോടിന് കുറുകെ ഒരു കൾവർട്ട് നിർമ്മിച്ച് റോഡ് ഗതാഗതയോഗ്യമാക്കുക.

28. ആലാമരം (ഊട്ടിക്കാരൻ കട) ധാന്യം ഊരിലേക്ക് പോകുന്ന റോഡിന് കുറുകെ ഒഴുകുന്ന തോടിന് മിനി പാലം നിർമ്മിച്ച് ടി റോഡ് ഗതാഗത യോഗ്യമാക്കണം.

29. കൊളപ്പടിയിൽ നിന്നും തേക്കുപ്പന വഴി പഴയൂർ മേലെ ഭൂതയൂർ എന്നീ ഊരുകളിലേക്ക് പുതിയ റോഡ് നിർമ്മിക്കണം.

30. ചാവടിയൂർ - ഭവാനിപ്പുഴ റോഡ് (പഴയചാരായഷാപ്പിന്റെ അടുത്തു നിന്നും തുടങ്ങുന്നത്) റിപ്പയർ ചെയ്യുക.

31. പുതൂർ ചീരക്കടവ് റോഡിൽ തോപ്പ്കാട് കൽവെർട്ടിന്റെ സമീപമായി തോപ്പ് വയലിലേയ്ക്ക് പോകുന്ന റോഡ് നന്നാക്കുക.

32. തച്ചംപടിയിൽ നിന്നും ചീരക്കാടവ് പോകുന്ന റോഡ് ഗതാഗതയോഗ്യമാക്കുക.

33. പുതൂർ കോട്ടത്തറ മെയിൻ റോഡിൽ നിന്നും വന്തനപടിയ്ക്കുള്ള റോഡ് നന്നാക്കുകയും രണ്ട് തോടുകൾക്ക് കൾവർക്ക് നിർമ്മിക്കുകയും ചെയ്യുക.

34. രങ്കനാഥപുര ജംഗ്ഷനിൽ നിന്നും വാട്ടർ ടാങ്ക് വഴി പോകുന്ന റോഡ് നിർമ്മിക്കുക.

35. ചാളയൂർ നിന്നും ഭവാനിപുഴ റോഡ് ഗതാഗത യോഗ്യമാക്കുക.

36. മേലെ ഉമ്മത്തുംപടി അരളിക്കോണം റോഡ് ഗതാഗതയോഗ്യമാക്കുക.

37. പുതൂർ ഹോസ്റ്റൽ നിന്നും ചുട്ടറ ആദിവാസി ഊരിലേക്കുള്ള റോഡ് ഗതാഗതമാക്കുക.

# സംസ്ക്കാരം

ആകെ ജനസംഖ്യയിൽ ഗണ്യമായ ശതമാനം ആദിവാസികളാണ്. 1991-ലെ സെൻസസ് പ്രകാരം ആകെ ജനസംഖ്യയായ 12384 പേരിൽ 7130പേർ ആദിവാസികളാണ്. അതുകൊണ്ട് തന്നെ അകൃത്രിമമായ ഒരു ആദിവാസി സംസ്ക്കാരത്തിൻെറ നേരവകാശികളാണ് പുതൂർ പഞ്ചായത്ത്.

ആദിവാസി സംസ്കാരത്തിൻെറ തനിമ നിലനിർത്തികൊണ്ടും സംരക്ഷിച്ചുകൊണ്ടും മാത്രമേ കണ്ണുനീർകൊണ്ട് നനഞ്ഞ് വഴക്കൽ പിടിച്ച അവരുടെ ജീവിതം പടിപടിയായി ഉയർത്തികൊണ്ട വരാൻ കഴിയുകയുള്ളൂ. ഇടത്തട്ടകാരായ ചൂഷകരെ തിരിച്ചറിഞ്ഞ്കൊണ്ട് സാമൂഹ്യ പുരോഗതി കൈവരിക്കുന്നതിന് സാംസ്കാരിക രംഗത്ത് ഗുണപരമായ ഇടപെടൽ അത്യാവശ്യമാണ്.

പുതൂർ കേന്ദ്രമാക്കി 1989ൽ ആരംഭിച്ച പഞ്ചായത്ത് ലൈബ്രറിയാണ് ഈ പഞ്ചായത്തിലെ ഏകവായന ശാല. ഈ പഞ്ചായത്തിലെ സാമൂഹികവും സാംസ്കാരികവുമായ മുന്നേററത്തിന് ഏറെ സഹായകമാകേണ്ട പ്രസ്തുത സ്ഥാപനം നിരവധി പോരായ്മകളെ അഭിമുഖീകരിച്ച് കൊണ്ടാണ് മുന്നോട്ട് പോകുന്നത്.

## പ്രശ്നങ്ങൾ

1. ആദിവാസികളുടെ തനത് സംസ്ക്കാരം യഥവിധി സംരക്ഷിക്കപ്പെടുന്നില്ല.
2. ആധുനിക വാർത്താ വിനിമയ സൗകര്യങ്ങൾ ലഭ്യമല്ല.
3. സാമൂഹിക അനാചാരങ്ങൾ, സാമ്പത്തിക പിന്നോക്കാസ്ഥ തുടങ്ങിയവ ആദിവാസി സമൂഹത്തെ മുഖ്യധാരയിലെത്തിക്കുന്നതിൽ നിന്ന് തടസപ്പെടുത്തുന്നു.
4. അനിയന്ത്രിതമായ മദ്യപാനവും മയക്ക മരുന്നകളുടെ വ്യാപനവും.
5. പഞ്ചായത്ത് സാംസ്കാരിക നിലയം ലൈബ്രറിയിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവുകൾ.
6. നിരക്ഷരത.

## നിർദ്ദേശങ്ങൾ

1. സാംസ്കാരിക നിലയം പ്രവത്തനക്ഷമമാക്കുക, ആദിവാസി കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുക, അവ നിലനിർത്തുന്നതിന് ആവശ്യമായ ധനസഹായം അനുവദിക്കുക, ആദിവാസികളുടെ കായികാഭിരുചിയെ പ്രോൽസാഹപ്പിക്കുക, ആദിവാസി വാദ്യോപകരണങ്ങൾ ഉണ്ടാക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുക, സാക്ഷരതാ പദ്ധതി തുടർന്ന്കൊണ്ടു പോവുക, ബോധവൽക്കരണ ക്ലാസുകൾ നടത്തുക, തുടങ്ങിയ പ്രവത്തനങ്ങൾ സാംസ്കാരിക കേന്ദ്രത്തിലൂടെ നടത്താവുന്നതാണ്.
2. സമ്പൂർണ്ണ മദ്യനിരോധനം പ്രാവർത്തികമാക്കുക. മയക്ക് മരുന്നുകളുടെ വ്യാപനം തടയുക.
3. ആദിവാസി കലാരൂപങ്ങൾ പരിപോഷിപ്പിക്കുന്നതിന് അനുയോജ്യമായ രീതിയിൽ കേരളോൽസവം സംഘടിപ്പിക്കുക.
4. പഞ്ചായത്തിൽ കമ്മ്യൂണിററിഹാൾ നിർമ്മിക്കുക.
5. പഞ്ചായത്താഫീസിൽ ടെലഫോൺ സൗകര്യം ഏർപ്പെടുത്തുക.
6. എല്ലാ വർഡുകളിലും T V സെററ് സ്ഥാപിക്കുക.
7. വായനശീലം വർദ്ധിപ്പിക്കുന്നതിന്ന് സഞ്ചരിക്കുന്ന ലൈബ്രറി സംവിധാനം ഏർപ്പെടുത്തുക.
8. പഞ്ചായത്ത് മിനി സ്റ്റേഡിയം പ്രവർത്തനക്ഷമമാക്കുക.

### പഞ്ചായത്ത് സാംസ്ക്കാരിക നിലയം ലൈബ്രറി

നിരവധി പോരായ്മകൾ ഉണ്ടെങ്കിലും പഞ്ചായത്തിൽ ഒരു വായനശാല പ്രവർത്തിക്കുന്നു എന്നുള്ളത് തികച്ചും അഭിമാനകരമാണ്. നിലവിൽ 50-ൽ താഴെ അംഗങ്ങൾമാത്രമാണ് ഇവിടെ അംഗങ്ങളാക്കുന്നതിന്നു് വേണ്ട ശ്രമങ്ങൾ അത്യാവശ്യമാണ്.

### നിർദ്ദേശങ്ങൾ

1. ലൈബ്രറി കെട്ടിടത്തിൽ ആവശ്യമായ വായനമുറി ഏർപ്പെടുത്തുക.
2. കൂടുതൽപേരെ അംഗങ്ങളാക്കി ചേർക്കുന്നതിനു് കോഷൻ ഡിപ്പോസിററ് സമ്പ്രദായം അവസാനിപ്പിക്കുക.
3. ലൈബ്രേറിയൻ പോസ്ററ് ഫുൾടൈമാക്കി സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുക.
4. കൂടുതൽ പുസ്തകങ്ങൾ ലഭ്യമാക്കി ഗ്രന്ഥശാല സംഘത്തിൽ രജിസ്റ്റർ ചെയ്യുക.

# സംസ്കാരം

1. പഞ്ചായത്തിലെ ഓരോ വാർഡിലും ഊരുകളെ കേന്ദ്രീകരിച്ച് ടി.വി. സെറ്റുകൾ സ്ഥാപിക്കുക.

2. പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ടെലിഫോൺ ബൂത്തുകൾ സ്ഥാപിക്കുക.

3. പഞ്ചായത്തിലെ മുള്ളി, ചാവടിയൂർ, ചീരക്കടവ്, പാലൂർ, ആനക്കട്ടി, മേലെ ഉമ്മത്തുംപടി, പാടവയൽ എന്നിവിടങ്ങളിൽ ഗ്രന്ഥശാലകൾ സ്ഥാപിക്കുക.

4. എല്ലാ വർഷവും പഞ്ചായത്ത് തലത്തിൽ മേളകൾ സംഘടിപ്പിക്കുക.

5. എല്ലാ വർഷവും കേരളോത്സവം നടത്തണം.

6. എല്ലാ വാർഡിലും കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.

7. എല്ലാ വാർഡുകളിലും മദ്യപാനത്തിനും, മയക്കുമരുന്നിനും എതിരായി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.

# വനിത

1991ലെ സെൻസസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ 5972_ വനിതകളുണ്ട്.

വനിതകളെ ഒരു സാമൂഹ്യശക്തിയാക്കി വളർത്തിയെടുക്കുന്നതിന് ബോധപൂർവ്വമായ ശ്രമങ്ങൾ അത്യാവശ്യമാണ്. പഞ്ചായത്തിൽ മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വനിതകൾക്കിടയിൽ പ്രവർത്തിക്കുന്ന സംഘടനകൾ ഇവിടെ ഇല്ല എന്നു തന്നെ പറയാം. പുതിയ പഞ്ചായത്ത് രാജ് നിയമമനുസരിച്ച് കൂടുതൽ വനിതകൾ പഞ്ചായത്ത് ഭരണസമിതികളിൽ എത്തിയിട്ടുണ്ട്. സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ കാരണം വനിതകൾക്കിടയിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വ്യാപകമാണ്.

മദ്യത്തിനും മററ് സാമൂഹിക അനാചാരങ്ങൾക്കും അടിമപ്പെട്ട ആദിവാസി സ്ത്രീകളെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിന് ആത്മാർത്ഥ ശ്രമങ്ങൾ പഞ്ചായത്തിൻെറ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

## പ്രശ്നങ്ങൾ

1. മദ്യനിരോധനം നിലവിലുണ്ടെങ്കിലും ആധിവാസി സ്ത്രീകൾക്കിടയിൽ മദ്യത്തിൻെറയും മയക്കമരുന്നിൻെറയും ഉപയോഗം വ്യാപകമാണ്.
2. സ്ത്രീകൾക്കിടയിലെ നിരക്ഷരതയും, പ്രാഥമിക വിദ്യാഭ്യാസത്തിൻെറകുറവും സാമൂഹിക ഉന്നമനത്തിന് വിലങ്ങ് തടിയായി നിൽക്കുന്നു.
3. സ്ത്രീ പീഢനം തീരാദുഃഖമായി തുടരുന്നു.
4. സ്ത്രീകളുടെ അദ്ധ്വാനവും കർമ്മശേഷിയും പ്രയോജനപ്പെടുത്തുന്നതിന് ശരിയായ പദ്ധതികളില്ല.
5. സ്ത്രീകൾക്കിടയിൽ രോഗാവസ്ഥ താരതമ്യേന കൂടുതലാണ്.

## നിർദ്ദേശങ്ങൾ

1. കുടുംബക്ഷേമ കേന്ദ്രങ്ങളിലൂടെ എല്ലാ ആഴ്ചയിലും സ്ത്രീകൾക്ക് വൈദ്യപരിശോധന നൽകുക, ഊരുകളിൽ വൈദ്യപരിശോധന നടത്തുന്നതിന് വേണ്ടി ഒരു സഞ്ചരിക്കുന്ന വൈദ്യപരിശോധനായൂണിററും ഏർപ്പെടുത്തുക.
2. സ്ത്രീകൾക്കിടയിലെ മദ്ധ്യപാനം തടയുന്നതിന് വ്യാപകമായ ബോധവൽക്കരണം നടത്തുകയും മദ്യനിരോധനം കർശനമായി നടപ്പിലാക്കുകയും ചെയ്യുക. മദ്യത്തിൻെറ ദൂഷ്യവിവരങ്ങൾ പ്രതിപാദിക്കുന്ന സിനിമാ പ്രദർശനങ്ങൾ, അംഗൻവാടികൾ കേന്ദ്രീകരിച്ച് മാതൃസംഗമങ്ങൾ എന്നിവ ഇതിനായി നടത്തുക.
3. സ്ത്രീപീഡനം തടയുന്നതിന് പഞ്ചായത്തിൽ ഒരു പോലീസ് ഔട്ട് പോസ്റ്റ് തുടങ്ങുക.
4. ബ്ലോക്കാസ്ഥാനത്ത് വനിതാ പോലീസ്സ്റ്റേഷൻ ആരംഭിക്കുക.
5. പഞ്ചായത്തിൽ വനിതാ സഹകരണ സംഘം രൂപീകരിച്ച് വിവിധ തൊഴിൽ പദ്ധതികൾ നടപ്പിലാക്കുക.
6. മഹിളാസമാജങ്ങൾ കേന്ദ്രീകരിച്ച് തൊഴിൽ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
7. പഞ്ചായത്തിൽ ക്രഷ് അനുവദിക്കുക.
8. വിധവാ പെൻഷൻ, വാദ്ധക്യ പെൻഷൻ തുടങ്ങിയ പെൻഷൻ പദ്ധതികൾ പഞ്ചായത്ത് വഴി നടപ്പാക്കുക.

0. പഞ്ചായത്ത് തലത്തിൽ പരിഗണിക്കാവുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ.

(അവലംബം_ഗ്രാമസഭാ റിപ്പോർട്ടുകൾ)

1. കൊട്ട നെയ്ത്ത്
2. പരമ്പ് നിർമ്മാണം
3. തേനീച്ച വളർത്തൽ
4. ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിക്കൽ.
5. പരുത്തി സംസ്ക്കരണ യൂണിറ്റ്
6. വസ്ത്ര നിർമ്മാണം
7. ചന്ദനത്തിരി, സോപ്പ്, പപ്പടം ഇവയുടെ നിർമ്മാണം
8. കോഴി, ആട്, പന്നി, മുയൽ ഇവ വളർത്തുന്ന യൂണിറ്റുകൾ.

# വനിത (പ്രശ്നങ്ങൾ)

1. സ്ത്രീകളുടെ തൊഴിൽ സാധ്യതകളുടെ കുറവ് പ്രതികൂലമായി ബാധിക്കുന്നു. സ്ത്രീകൾക്ക് മാത്രമായി വ്യവസായ കാർഷിക പരിശീലന കേന്ദ്രങ്ങളുടെ കുറവ്.
2. നിലവിലുള്ള വനിതാ സംഘടനകളുടെ മന്ദഗതിയും സംഘടനകളുടെ പോരായ്മയും.

## നിർദ്ദേശങ്ങൾ :

1. പെൺകുട്ടികൾക്ക് 10-ാം ക്ലാസ്സുവരെ നിർബന്ധിത വിദ്യാഭ്യാസവും ഉപരിപഠനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
2. നിരക്ഷരർക്കും പഠിത്തം നിർത്തിയവർക്കുമായി സായാഹ്ന വിദ്യാഭ്യാസം ലഭ്യമാകുന്നതിനുവേണ്ടി ഓരോ ഊരുകളിലും കേന്ദ്രങ്ങൾ തുടങ്ങണം. അഭ്യസ്തവിദ്യരായ പെൺകുട്ടികളെ തിരഞ്ഞെടുത്ത് അവർക്കാവശ്യമായ പരിശീലനം നൽകി ഈ കേന്ദ്രങ്ങളിൽ നിയമിക്കാവുന്നതാണ്. ഇതിലൂടെ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെപ്പറ്റി ബോധവൽക്കരണപരിപാടികളും സംഘടിപ്പിക്കാവുന്നതാണ്.
3. ജെ.പി.എച്ച്.എൻ., ജെ.എച്ച്.ഐ. തുടങ്ങിയവരുടെ സ്ഥിരതാമസം ഹെൽത്ത് സെന്ററുകളിൽ ആക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ഇവരുടെ സേവനം സ്ത്രീകൾക്ക് കൃത്യമായി ലഭിക്കുന്നതിനും വേണ്ടി കർശന നടപടികളും പഞ്ചായത്തിൽ നിന്ന് ചെയ്യേണ്ടിയിരിക്കുന്നു. ഇവിടെ വനിതാ കമ്മീഷന്റെ മേൽനോട്ടം ഏർപ്പെടുത്തുകയും ചെയ്യുക.
4. എല്ലാ കൃഷിയിടങ്ങളുടേയും കുറഞ്ഞത് 10% സ്ഥലത്തെങ്കിലും പോഷകാഹാര ഗുണമുള്ള റാഗി, ചാമ, ചോളം തുടങ്ങിയ ധാന്യങ്ങൾ കൃഷി ചെയ്യണം എന്ന നിബന്ധന പ്രാബല്യത്തിൽ വരുത്തുകയും ഇവ ശേഖരിച്ച് അംഗൻവാടികളിലൂടെ മുലയൂട്ടുന്ന അമ്മമാർ, രോഗിണികൾ, വിധവകൾ, വൃദ്ധകൾ തുടങ്ങിയവർക്ക് വിതരണം ചെയ്യുക.
5. വാർഡ് കേന്ദ്രീകരിച്ച് ഓരോ ക്ലിനിക്കുകൾ തുടങ്ങുകയും ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിച്ച് മാസത്തിൽ മൂന്നു തവണ ഇവരുടെ സേവനം എല്ലാ വാർഡുകളിലും ലഭ്യമാകും വിധം സൗകര്യപ്പെടുത്തി സ്ത്രീകളെ മെഡിക്കൽ ചെക്കപ്പ് നടത്തണം.

6. സ്ത്രീകളെ അത്യാവശ്യ ചികിത്സാരീതികളിലും പ്രസവ ശുശ്രൂഷയിലും പരിശീലനം നൽകുകയും ആയുർവേദത്തിലും മറ്റു ഒറ്റമൂലി ചികിത്സാരീതികളിലും ഹ്രസ്വകാല പരിശീലനം നൽകി ഹെൽത്ത് വർക്കേഴ്സ് ആയി നിയമിക്കാവുന്നതാണ്.

7. തുന്നൽ പരിശീലന കേന്ദ്രങ്ങളും റെഡിമെയ്ഡ് എംബ്രോയ്ഡറി, പരിശീലന കേന്ദ്രങ്ങളും എല്ലാ വാർഡുകളിലും ആരംഭിക്കാവുന്നതാണ്.

8. സ്ത്രീകളുടെ നേതൃത്വത്തിൽ റേഷൻ കടകളും മാവേലി സ്റ്റോറും തുടങ്ങുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുക.

9. ബോധവൽക്കരണത്തിന്റെ ഭാഗമായി സ്ത്രീകളുടെ അവകാശങ്ങളെ പറ്റിയും സാമൂഹ്യ രംഗത്തും പൊതുരംഗത്തും തങ്ങളുടെ ആവശ്യകതയെ പറ്റിയും സ്ത്രീ പുരുഷ ബോധവൽക്കരണവും സ്ത്രീ പീഢനത്തെയും അതിനുള്ള ശിക്ഷകളെ പറ്റിയും കാണിക്കുന്ന വീഡിയോ കാസറ്റുകൾ പ്രദർശിപ്പിക്കുകയും സിനിമാശാലകളിൽ സ്ലൈഡുകളും കാണിക്കുകയും ചെയ്യുക.

10. മെഴുകുതിരി നിർമ്മാണം പ്ലാസ്റ്റിക് സാധനങ്ങൾ (കുടം, ബക്കറ്റ്, കപ്പ്, ) തുടങ്ങിയവ

11. വനിതാ സംഘടനകൾ, മഹിളാസമാജങ്ങൾ ഇല്ലാത്ത വാർഡുകളിൽ സംഘടിപ്പിക്കുകയും ഉള്ളവയെ പുനരുജ്ജീവിപ്പിക്കുവാൻ വേണ്ടി സംഘടനകളെ വിളിച്ചുകൂട്ടി ഏതെങ്കിലും തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

12. പെൺകുട്ടികൾക്കുവേണ്ടി പ്രത്യേകമായി തൊഴിൽ പരിശീലന കോഴ്സുകൾ പഞ്ചായത്തു തലത്തിൽ നടത്തുകയും സംരംഭകർക്ക് നിർദ്ദേശങ്ങൾ ലഭ്യമാകുന്നതിന് സൗകര്യങ്ങൾ ഉണ്ടാക്കുക.

13. പുതൂരിൽ ഒരു വനിതാ ഹോസ്റ്റൽ സ്ഥാപിക്കുക.

# സഹകരണം

സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തിന് ഏറെ സാദ്ധ്യതകളുള്ളതാണ് പുതൂർ പഞ്ചായത്ത്. എന്നാൽ നിലവിൽ സഹകരണ പ്രസ്ഥാനങ്ങളുടെ സേവനം പരിമിതമാണ്. ഏതാനും ക്ഷീര സഹകരണ സംഘങ്ങളാണ് ഈ പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ഭാഗമായുള്ളത്. വാർഡടിസ്ഥാനത്തിൽ ക്ഷീര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുകയും പാലുല്പാദനത്തിന് വേണ്ട സഹായങ്ങളും ലഭ്യമാക്കിയാൽ ക്ഷീര മേഖലയിൽ ഒട്ടേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. വനിതാ സഹകരണ സംഘം, പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘം തുടങ്ങിയവ രൂപീകരിച്ചാൽ നിരവധി തൊഴിൽ മേഖലകൾ ഇതിലൂടെ സൃഷ്ടിക്കാൻ കഴിയും.

ഇപ്പോൾ സൗത്ത് ഇൻഡ്യൻ ബാങ്കിലെ ഒരു ശാഖ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രയോജന പ്രദമല്ല. ബാങ്കിംഗ് സ്ഥാപനങ്ങളിലേക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിന് ബോധപൂർവ്വമായ ഇടപെടൽ പഞ്ചായത്ത് നടത്തേണ്ടത് അത്യാവശ്യമാണ്.

## നിർദ്ദേശങ്ങൾ

1. പുതൂർ കേന്ദ്രമാക്കി ഒരു സർവ്വീസ് സഹകരണ ബാങ്കും ക്രെഡിററ് സൊസൈററിയും രൂപീകരിക്കുക.
2. വനിതാ സഹകരണ സംഘം രൂപീകരിച്ച് ചെറുകിട വ്യവസായ യൂണിററുകൾ പ്രസ്തുത സംഘത്തിന് കീഴിൽ രജിസ്ററർ ചെയ്യുക.
3. പഞ്ചായത്തിൽ ഭവന നിർമ്മാണ വായ്പ ലഭ്യമാക്കുന്നതിന് ഹൗസിംഗ് സൊസൈററികളുടെ സഹായം അഭ്യർത്ഥിക്കുകയോ പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം ആരംഭിക്കുകയോ ചെയ്യുക.
4. ദേശസാൽകൃത ബാങ്കുകളുടെ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിൽ പുതൂർ പഞ്ചായത്തിന് പ്രത്യേക പരിഗണന നൽകുക.
5. എല്ലാ വാർഡിലും ക്ഷീര സഹകരണ സംഘങ്ങൾ ആരംഭിക്കുക.
6. സ്വകാര്യ ഡയറിഫാമുകൾ തുടങ്ങുന്നതിന് ബാങ്കുകളുടെ സഹായം ലഭ്യമാക്കുക.
7. പട്ടികജാതി-പട്ടികവർഗ്ഗ സൊസൈററി സ്ഥാപിച്ച് സ്വയംതൊഴിൽ കേന്ദ്രങ്ങൾ ആരംഭിക്കുക.

# പട്ടികജാതി-പട്ടികവർഗ്ഗം

1991 സെൻസസ് പ്രകാരം പഞ്ചായത്തിൽ 494 പട്ടിക ജാതിക്കാരും 7130 പട്ടികവർഗ്ഗക്കാരുമുണ്ട്.

മററ് ആദിവാസി മേഖലകാംപോലെ നിരവധി ചൂഷണങ്ങാംക്ക് ഇന്നും വിധേയമായികൊണ്ടിരിക്കുന്ന ഒരു ജനതയാണ് ഇവിടെയുമുള്ളത്. ഇവരെ പൊതുധാരണയിലേക്ക് കൊണ്ടുവരുന്നതിന് കേവലം ധനസഹായംകൊണ്ട് മാത്രമാവില്ല. ജനസംഖ്യയിൽതന്നെ ഏതാണ്ട് പകുതിയിലധികം വരുന്ന ആദിവാസികാം ഒരു സാമൂഹ്യ ശക്തിയായി വളരുന്നതിന് സ്വയം തയ്യാറാകേണ്ടിയിരിക്കുന്നു. ഇതിന് വിദ്യാഭ്യാസ പുരോഗതി ഒരു ആവശ്യഘടകമാണ്. വിദ്യാഭ്യാസം ജീവിത പുരോഗതിയുടെ ഒരു മുൻഉപാധിയാണെന്നു് പൊതു ബോധം അവരിൽ വളർത്തിയെടുത്തേ മതിയാകൂ.

ഈ വിഭാഗത്തിൻെറ ഉയച്ച്ക്കുവേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ട് ഇടനിലക്കാരുടെ കടുത്ത ചൂഷണത്തിന് ഇന്നും ഇവർ വിധേയരായികൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഇവരുടെ നിരവധി പ്രശ്നങ്ങാം പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നുണ്ട്.

### നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ വീടില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീടും കക്കൂസും നിർമ്മിച്ച് നൽകുക.

2. നിലവിലുള്ള വീടുകളുടെ കേടുപാടുകാം തീർക്കുന്നതിന് ധനസഹായം അനുവദിക്കുക.

3. ചെറുകിട വ്യവസായ സംരംഭങ്ങാം പ്രോത്സാഹിപ്പിച്ച് തൊഴിൽ രഹിതരായ അഭ്യസ്തവിദ്യർക്ക് സ്വയം തൊഴിൽ കണ്ടെത്തുവാനുള്ള സാഹചര്യം ഉണ്ടാക്കി കൊടുക്കുക.

4. പട്ടിക വർഗ്ഗ ഊരുകളിൽ ഏകാദ്ധ്യാപക സ്കൂാം അനുവദിക്കുക.

5. ആരോഗ്യ കേന്ദ്രങ്ങാം തുറന്ന് പ്രവർത്തിക്കുകയും അവിടെ സേവനം അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർ ആരോഗ്യകേന്ദ്രങ്ങളിൽ താമസിച്ച് ആരോഗ്യ പ്രവർത്തനം നടത്തുക.

6. ഭൂരഹിതരായ ആദിവാസികാംക്കും ഹരിജനങ്ങാംക്കും ഭൂമിവാങ്ങി കൊടുക്കാനുള്ള നടപടി എടുക്കുക.

7. ആദിവാസി ഊരുകളിലും പട്ടിക ജാതി കോളനികളിലും T. V. സെററ് സ്ഥാപിക്കുക.

8. പട്ടികജാതി, പട്ടിക വർഗ്ഗ കുടുംബങ്ങാംക്ക് ആടുമാടുകളെ മേയ്ക്കുന്നതിന് വനം വകുപ്പ് ജീവനക്കാരുടെ വിലക്ക് മാററുകയോ, ആടുമാടുകളെ മേയ്ക്കുന്നതിന് ബദൽ സംവിധാനം ഏർപ്പെടുത്തുകയോ ചെയ്യുക.

9. സ്വയം തൊഴിൽ പരിശീലന കേന്ദ്രങ്ങാം ആരംഭിക്കുക.

10. ഊരുകളിൽ അഴക്ക് ചാൽ, കംപോസ്റ്റ് കുഴികാം എന്നിവ നിർമ്മിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

11. ഊരുകളിൽ ശുദ്ധജലം എത്തിക്കുക.

12. അംഗൻവാടികാം ഇല്ലാത്ത ഊരുകളിൽ അംഗൻവാടികാം സ്ഥാപിക്കുക.

13. ഊരുകളിൽ മദ്യനിരോധനം നടപ്പിലാക്കുക. ഇതിന് വേണ്ടി ഊരുകാം കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്തുക.

14. പുറം സംസ്ഥാനങ്ങളിലേക്കും, അട്ടപ്പാടി മേഖലയ്ക്ക് പുറത്തും ആദിവാസികളെ വീട്ടുജോലിക്ക് കൊണ്ടുപോകുന്നത് തടയുക.

15. പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കൃഷി ചെയ്യുന്നതിന് വിത്തും കീടനാശിനിയും സൗജന്യ നിരക്കിൽ അനുവദിക്കുക. വിളവ് എടുക്കുന്നതുവരെ വരുമാനാടിസ്ഥാനത്തിൽ സൗജന്യ റേഷൻ അനുവദിക്കുക.

16. എല്ലാ ഊരുകളും വൈദ്യുതീകരിക്കുക.

17. അഗതിപെൻഷൻ, പ്രസവാനുകൂല്യങ്ങൾ, രോഗപ്രതിരോധാനുകൂല്യങ്ങൾ എന്നിവ അനുവദിക്കുക.

18. റേഷൻ കാർഡ് ഇല്ലാത്ത കുടുംബങ്ങൾക്ക് അത് കിട്ടാനുള്ള സംവിധാനം ഏർപ്പെടുത്തുക.

19. വനവിഭവങ്ങൾ ഉപയോഗപ്പെടുത്തി ഊരുകളിൽ ചെറുകിട വ്യവസായ യൂണിററുകൾ ആരംഭിക്കുക.

# പടികജാതി പടികവർഗ്ഗം

1. പ്രകൃത ഗോത്രവർഗ്ഗക്കാർക്കുവേണ്ടി റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുക. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ആരംഭിക്കുന്ന ഈ സ്കൂളുകളിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുക.
2. നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുക. ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റലുകൾ ഏർപ്പെടുത്തുക.
3. പുറം സംസ്ഥാനങ്ങളിലേക്ക് വീട് ജോലിക്കായി പോകുന്ന യുവതീയുവാക്കളെ കണ്ടെത്തി പ്രത്യേക തൊഴിൽ സംരംഭങ്ങൾ കൊടുക്കുക.
4. പട്ടയമില്ലാത്ത പടികജാതി പടികവർഗ്ഗക്കാർക്ക് കൈവശഭൂമികൾക്ക് പട്ടയം നൽകുക.
5. പടികജാതി പടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണ ഗ്രാന്റ് വർദ്ധിപ്പിക്കുക
6. പടികവർഗ്ഗക്കാരുടെ കൈവശമുള്ള ഭൂമി ഇനിയും അന്യാധീനപ്പെടാതിരിക്കാൻ പഞ്ഞ മാസങ്ങളിൽ സൗജന്യ റേഷനും തൊഴിലും കൃഷിക്ക് ധനസഹായവും നൽകുക.
7. ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചു കൊടുക്കാനുള്ള നടപടി എടുക്കുക.
8. ആദിവാസി ഹരിജൻ ഊരുകളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുക.
9. മുള്ളി ആസ്ഥാനമാക്കി ഒരു പടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം ആരംഭിക്കുക.

# വിഭവ സമാഹരണം

പ്രദേശത്തിൻെറയും, ആളുകളുടേയും പ്രത്യേക ആവശ്യങ്ങരം പരിഗണിച്ച്, ആവശ്യമായ സാമൂഹ്യക്ഷേമ പരിപാടികരം നിരന്തരവും, ഫലപ്രദവുമായി നടത്തിപ്പോരാൻ പഞ്ചായത്തിന് സ്വന്തമായി ഉപയോഗിക്കാൻ കഴിയുന്ന ഫണ്ട് സ്വരൂപിക്കൽ അത്യാവശ്യമാണ്. സർക്കാർ ഗ്രാൻറുകരംക്ക മാത്രം കൈനീട്ടി നിൽക്കാതെ സാമ്പത്തിക സ്വയം പര്യാപ്തത നേടുക പുരോഗതിക്ക് അനിവാര്യമാണ്. അതിന് പഞ്ചായത്ത് ഭരണസമിതി ബോധപൂർവ്വം മുൻകൈയ്യെടുക്കണം.

കേരളത്തിലെ ഏററവും വലിയ പഞ്ചായത്ത് എന്നു പറയാവുന്ന പുതൂർ ഗ്രാമ പഞ്ചായത്തിൻെറ തനത് വരുമാന മാർഗ്ഗങ്ങരം തുലോം തുച്ഛം തന്നെ. കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസു ഫീ, കൂടാതെ പി വി സർക്കാർ ഗ്രാൻറുകളുമാണ് പഞ്ചായത്തിൻെറ വരുമാന മാർഗ്ഗങ്ങരം. വ്യവസായങ്ങളുടെയും ഷോപ്പിംഗ് കോംപ്ലക്സുകടെയും കുറവും, കെട്ടിടനികുതിയിലുള്ള കുറവും, പുതൂർ പഞ്ചായത്തിൻെറ തനതായ വരുമാന മാർഗ്ഗങ്ങളെ തടയുന്നു. ആളുകളിൽ അധികവും ആദിവാസികളായതും, ഉരം പ്രദേശങ്ങളിൽ ചെറിയ ചെറിയ ഊരുകളിൽ ഒതുങ്ങി കഴിയുന്ന അവരുടെ സ്വഭാവവും ഇതിനൊരു കാരണമാകാം. ആദിവാസി മേഖലയായതിനാൽ അധികം ലഭിക്കുന്ന സർക്കാർ ഗ്രാൻറും വലിപ്പം കൂടിയതിനാൽ കൂടുതൽ ലഭിക്കുന്ന ബേസിക് ടാക്സും പ്രത്യുൽപാദന പരമായി വിനിയോഗിക്കാവുന്ന ആലോചനയും, ആസൂത്രണവും ആരംഭിക്കണം.

## പ്രധാന പ്രശ്നങ്ങൾ

1. കാർഷിക രംഗത്തെ നിരവധി പ്രശ്നങ്ങരം.
2. വ്യവസായ സംരംഭങ്ങളുടെ അഭാവം.
3. ഷോപ്പിംങ്ങ് കോംപ്ലക്സില്ല. സാദ്ധ്യതയും കുറവ്.
4. ദിവസ ചന്തയോ ആഴ്ച ചന്തയോ ഇല്ല.
5. കല്ല്യാണ മണ്ഡപങ്ങളും, കമ്മ്യൂണിററി ഹാളുകളും വേണ്ടത്രയില്ല.
6. വിനോദ നികുതി ലഭിക്കുന്നില്ല.
7. നികുതികരം ശാസ്ത്രീയമായി പരിഷ്ക്കരിക്കപ്പെട്ടിട്ടില്ല.
8. പഞ്ചായത്തിലെ മുഴുവൻ ജനങ്ങളെയും നികുതി ദായകരാക്കാൻ കഴിഞ്ഞിട്ടില്ല.
9. സാദ്ധ്യമായ സംഭാവനയോ ശ്രമദാനമോ സ്വീകരിക്കുന്ന രീതിയില്ല.

## നിർദ്ദേശങ്ങൾ

സാമ്പത്തിക സമാഹരണമെന്നു പറയുമ്പോരം പഞ്ചായത്തിലേക്കുവരുന്ന ധനം മാത്രമല്ല. ആളുകളുടെ ക്രയശേഷിയും ജീവിത നിലവാരത്തിൻെറ ഉയർച്ചയും വളർച്ചയും അതിലടങ്ങിയിരിക്കുന്നു അതിന് എല്ലാ കൈകളിലും പണിയെത്തിക്കാനും അങ്ങനെ ആളുകളുടെ അദ്ധ്വാന സമ്പത്ത് പൂർണ്ണമായി ഉപയോഗിക്കാനും പരിപാടിയുണ്ടാകണം. പഞ്ചായത്തിൻെറ വിഭവങ്ങളെക്കുറിച്ചും സാദ്ധ്യതകളെക്കുറിച്ചുമുള്ള വിശദമായ പഠനം ആണ് ആദ്യം വേണ്ടത്. ആരംഭത്ത് വേണ്ടത്ര പഠനം നടന്നിട്ടില്ല.

ഉള്ള അറിവിൻെറയും അനുഭവത്തിൻെറയും അടിസ്ഥാനത്തിൽ പുതൂർ പഞ്ചായത്തിലെ പ്രധാന കൃഷികളെ പോഷിപ്പിക്കാൻ പോരുന്ന രീതിയിൽ ഇവിടത്തെ പ്രധാന കൃഷിയിനങ്ങളായ പരുത്തി, കടല, തുമര, ഉഴുന്ന് തുടങ്ങിയ മററ് പയറിനങ്ങളും ഉപയോഗിച്ചുള്ള അനുബന്ധ വ്യവസായങ്ങരം ഇവിടെതന്നെ തുടങ്ങാനും, കൃഷി വിഭവങ്ങളെ ഉൽപ്പന്നങ്ങളാക്കാനും, വിപണനം നടത്താനുമുള്ള സംവിധാനങ്ങളൊരുക്കണം. അതിലേക്ക് സ്വകാര്യ വ്യവസായികളെ പ്രോത്സാഹിപ്പിക്കുകയോ സർക്കാർ തലത്തിൽ സമ്മർദ്ദം ചെലുത്തുകയോ വേണം.

കൂടാതെ പച്ചക്കറി കൃഷിക്കാർക്ക് ന്യായമായ വില കിട്ടാനും ഇടത്തട്ടുകാരുടെ തട്ടിപ്പ് ഒഴിവാക്കാനും നേരിട്ട് പച്ചക്കറി വിപണനത്തിനുള്ള സൗകര്യങ്ങൾ പഞ്ചായത്ത് നേരിട്ടുറപ്പാക്കണം. ഈ രീതിയിൽ വിവിധ നികുതികൾ ലഭ്യമാക്കുന്ന സംരംഭങ്ങൾ സമാരംഭിക്കുകയും ഉള്ളവയെ ശാസ്ത്രീയമായി ക്രമീകരിക്കുകയും വേണം.

## കെട്ടിട നികുതി

സ്ഥിരമായ ചുമരുകളുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ഏർപ്പെടുത്തണം. അഴിമതികുറക്കാൻ ഒരു അസസ്മെൻറ് കമ്മിററി ഉണ്ടാക്കുന്നത് നല്ലതാണ്. നികുതി അസസ് ചെയ്ത രീതി വീട്ടുടമയെ ബോദ്ധ്യപ്പെടുത്താൻ ഉദ്യോഗസ്ഥർ തയ്യാറാകണം. വീടുകൾ അല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്താവുന്നതാണ്.

## തൊഴിൽ നികുതി

ഏതെങ്കിലും സർക്കാർ സ്ഥാപനത്തിലും, എയ്ഡഡ് സ്കൂളുകളിലും ജോലി ചെയ്യുന്നവരിൽ നിന്നു മാത്രമേ ഇപ്പോൾ തൊഴിൽ നികുതി ലഭിക്കുന്നുള്ളൂ. തൊഴിൽ എടുക്കുന്നവരെല്ലാം തൊഴിൽ നികുതി കൊടുക്കുന്ന സംസ്കാരം ഉണ്ടാകണം.

വിവിധ മേഖലകളിലായി പണിയെടുക്കുന്ന എല്ലാ തൊഴിലാളികളെയും (കച്ചവടക്കാരടക്കം) പഞ്ചായത്തടിസ്ഥാനത്തിൽ റജിസ്ററർ ചെയ്യുകയും, അവർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയും ഗ്രൂപ്പ് ഇൻഷൂറൻസിൽ ഉൾപ്പെടുത്തിയും എല്ലാവരിൽനിന്നും തൊഴിൽ നികുതി വസൂലാക്കാവുന്നതാണ്.

## വിനോദ നികുതി

പഞ്ചായത്തിൽ ഒരു സിനിമാ തിയേററെങ്കിലും തുടങ്ങാൻ സന്നദ്ധതയുള്ള വ്യവസായികളെ കണ്ടെത്തി പ്രോൽസാഹിപ്പിക്കണം. സൗകര്യവും സാദ്ധ്യതയുമുള്ള പ്രദേശങ്ങളിൽ ഇനിയും കല്യാണമണ്ഡപവും കമ്മ്യൂണിററിഹാളും നിർമ്മിച്ച് വാടക ഉറപ്പാക്കണം.

## ഭൂനികുതി

ചില തത്വങ്ങളുടെ അടിസ്ഥാനത്തിൽ ഭൂനികുതി നിർണ്ണയിക്കുന്നതിനും അത് പിരിച്ചെടുക്കുന്നതിനും പഞ്ചായത്തുകളെ ചുമതലപ്പെടുത്തണം. ഭൂമിയുടെ തരം അനുസരിച്ച് നിരക്കിൽ വ്യത്യാസം വരുത്തേണ്ടതാണ്.

## ടൂറിസം

പഞ്ചായത്തിൽ ടൂറിസത്തിൻെറ സാദ്ധ്യതകൾ വിശദമായി പഠിക്കണം.

## നാഷണൽ സേവിംഗ് സ്കീം

ഓരോ പഞ്ചായത്തിൽനിന്നും നാഷണൽ സേവിംഗ് സ്കീമിലേക്ക് പിരിച്ചെടുക്കുന്ന തുകയുടെ 15മുതൽ 25ശതമാനംവരെ ആ പഞ്ചായത്തിനു തന്നെ കിട്ടുന്ന ഒരു സംവിധാനം ഇപ്പോൾ നിലവിലുണ്ട്. അതുകൊണ്ട് പഞ്ചായത്ത് ഭരണ സമിതിയെയും മററ് സന്നദ്ധ സംഘടനകളെയും ഉപയോഗപ്പെടുത്തി പരമാവധി നിക്ഷേപം സമാഹരിക്കുക വഴി പഞ്ചായത്തിന് വരുമാനം ഉണ്ടാക്കാം.

## ബാങ്കിംഗ്

പുളളർ പഞ്ചായത്തിൽ സൗത്തിന്ത്യൻ ബാങ്കിൻെറ ഒരു ചെറിയ ശാഖ മാത്രമാണ് ഏക സാമ്പത്തിക സ്ഥാപനം. കർഷകർക്കും വ്യവസായസംരംഭകർക്കും ആവശ്യമായ സഹായത്തിന് അത് തീർത്തും പരിമിതം തന്നെ. നാഷണലൈസ്ഡ് ബാങ്കിലേതെങ്കിലുമൊന്നിൻെറ ഒരു ശാഖ പുതൂർ പഞ്ചായത്തിൽ അത്യാവശ്യം ആണ്.

## മനുഷ്യാധ്വാനം

പഞ്ചായത്തിൻെറ പ്രധാന വിഭവം അധ്വാനശേഷിയും സന്നദ്ധതയുമുള്ള മനുഷ്യ സമ്പത്തുതന്നെയാണ്. എല്ലാ ബഹുജന സംഘടനകൾക്കും സ്വാധീനമുള്ള പഞ്ചായത്താണ് നമ്മുടേത്. അതുകൊണ്ടുതന്നെ ബഹുജന സന്നദ്ധ സംഘടനകളുടെ ഇടപെടൽ മാററങ്ങൾക്കു വഴിതെളിക്കും. ജനങ്ങളുടെ സംഭാവനയും ഈ മേഖലയിലേക്ക് ക്ഷണിക്കപ്പെടണം.

വികസന [illegible]

1. തെങ്ങ്, കിടല വസ്തുക്കൾ പലവ്യഞ്ജനങ്ങൾ എന്നീ കാർഷിക വിളകൾക്ക് സംസ്കരണവും വിപണനവും നടപ്പിലാക്കി കൃഷി വർദ്ധിപ്പിക്കാം

2. പച്ചക്കറി സഹകരണ [illegible] ശേഖരിച്ച് വിപണനം നടത്തി വരുമാനം വർദ്ധിപ്പിക്കാം.

3. [illegible] വളർത്തലും സംസ്കരണവും വിപണനവും നടത്തി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം

4. വനവിഭവങ്ങൾ ശേഖരിച്ച് [illegible] വഴി വരുമാനം ഉണ്ടാ[illegible]

5 ദേശീയ സമ്പാദ്യ പദ്ധതിയിൽ നിക്ഷേപങ്ങൾ ശേഖരിച്ച് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം

6. വിദഗ്ദ്ധരായ തൊഴിലാളികളെ [illegible] പരിശീലനം കൊടുത്ത് അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാം.

7. [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] ഉപയോഗപ്പെടുത്തി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാം

8. [illegible] പഞ്ചായത്തിലെ [illegible] [illegible] [illegible] [illegible] [illegible] [illegible] പഞ്ചായത്തിന് [illegible] നടപ്പിലാക്കാം.

9. പുറമ്പോക്ക് ഭൂമി കൈയേറ്റക്കാരിൽ നിന്നും പാട്ടം വാങ്ങുക.

10 കൃഷിക്ക് ഉപയോഗിക്കാത്ത [illegible] നികുതി [illegible] വരുമാനം വർദ്ധിപ്പിക്കാം.

# കുടിവെള്ളവും പൊതുജന ആരോഗ്യവും

## കുടിവെള്ളം

### പ്രശ്നങ്ങൾ

''ശുദ്ധമായ വായു, ശുദ്ധമായ വെള്ളം, ശുചിത്വമുള്ള പാർപ്പിടം'' ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏററവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണിവ. കുടിവെള്ളത്തിനായി കിണറുകളെയും പൈപ്പുകളെയും പോലെത്തന്നെ പുഴകളെയും, ഉറവകളെയും ഇവിടെ ഉപയോഗിച്ചു വരുന്നു. വേനൽകാലങ്ങളിൽ കെട്ടികിടക്കുന്ന അശുദ്ധജലംപോലും ആദിവാസി ഊരുകളിൽ ഉപയോഗിക്കപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ട്. അട്ടപ്പാടിയിലെ സ്ഥിരമായ പകർച്ചവ്യാധിയുടെ ഉറവിടവും ഇതുതന്നെയാണ്. ആളുകൾക്ക് ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തുവാനും അതിന്റെ ആരോഗ്യകരമായ ഉപയോഗശീലം ഉണ്ടാക്കാനുമുള്ള ബാദ്ധ്യത പഞ്ചായത്ത് നേരിട്ടേറെറടുക്കേണ്ടിയിരിക്കുന്നു. ഈ രംഗത്തെ ബോധപൂർവ്വവും നിർബ്ബന്ധപൂർവ്വവുമായ പ്രവർത്തനങ്ങൾകൊണ്ടുമാത്രമേ ഈ പഞ്ചായത്തിലെ സാമൂഹ്യക്ഷേമം ഉറപ്പുവരുത്താൻ കഴിയൂ. അതിനുവേണ്ടി താഴെപറയും നിർദ്ദേശങ്ങൾ നിരത്തുന്നു.

### നിർദ്ദേശങ്ങൾ

കിണർ സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം കിട്ടാവുന്നത്ര സർക്കാർ ഫണ്ടുകളോ, സന്നദ്ധപ്രവർത്തനമോ, സംഭാവനകളോ സ്വരൂപിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ കിണറുകൾ കുഴിക്കണം.

പഞ്ചായത്തിലെ ജലസ്രോതസ്സുകളെല്ലാം ശുദ്ധമായി സൂക്ഷിക്കാനും അവ എത്തിക്കാവുന്ന അത്ര പ്രദേശങ്ങളിലേക്കെത്തിച്ചു കൊടുക്കാനുമുള്ള പദ്ധതികൾക്ക് രൂപം നൽകണം.

പുഴയോരങ്ങളിൽ ടാങ്കുകൾ ഉണ്ടാക്കി ജലദൗർലഭ്യമുള്ള പ്രദേശങ്ങളിലേക്ക് പൈപ്പുകൾ വഴി എത്തിക്കാൻ കഴിയും.

ഉറവിടത്തിലുള്ള ശുദ്ധജലം പൈപ്പ്ലൈൻ വഴി മേലേമുള്ളി, താഴെമുള്ളി എന്ന ആദിവാസി ഊരുകൾക്ക് ലഭ്യമാക്കാം.

കോമ്പക്കാട് എന്ന സ്ഥലത്തുള്ള ആദിവാസികൾക്ക് കിണർകുഴിച്ച് സൗകര്യം ഏർപ്പെടുത്തണം.

ഇലച്ചിവഴി ഊരിന്റെ വടക്കുവശത്ത് ടാങ്ക് നിർമ്മിക്കുകയും ഭവാനിപ്പുഴയിൽനിന്ന് പമ്പുസെററുവഴി വെള്ളം ലിഫ്ററ്ചെയ്ത് ഇലച്ചിവഴി, ചുണപ്പെട്ടി, നട്ടകൽ ചുണപ്പെട്ടി, കാരത്തൂർ എന്നീ സ്ഥലങ്ങൾക്ക് വിതരണം ചെയ്യാവുന്നതാണ്.

രംഗനാഥപുരത്ത് നിലവിലുള്ള കുടിവെള്ള ടാങ്ക് ഉയർത്തികെട്ടിയാൽ മേലേചാവടിയൂർ, മേലേഉമ്മത്തുംപടി എന്നീസ്ഥലങ്ങൾക്ക് എത്തിച്ചു കൊടുക്കാൻ കഴിയും.

മാവളകൊമ്പ് എന്നസ്ഥലത്ത് ഒഴുകുന്നവെള്ളം ചെക്ക്ഡാംകെട്ടി പൈപ്പ്വഴി ഇലച്ചി, കാരത്തൂർ, ചുണപ്പെട്ടി, നട്ടകൽ ചുണപ്പെട്ടി എന്നീ സ്ഥലങ്ങളിലെത്തിക്കാൻ കഴിയും.

കോണംകുത്തിയിലുള്ള വെള്ളത്തിൽ ചെക്ക് ഡാം കെട്ടി പൈപ്പ് വഴി കോണംകുത്തി ഊര്, മേലേചാവടിയൂർ, ചാളയൂർ, പലകയൂർ എന്നീ ഊരുകളിൽ ശുദ്ധജലം എത്തിക്കാൻ കഴിയും.

ചാവടിയൂർ, പുതൂർ റോഡിൽ നിലവിലുള്ള ശുദ്ധജലവിതരണ പൈപ്പ് രംഗനാഥപുരത്തിന്റെ കിഴക്കുവശത്തുള്ള കൽവർട്ടിന് അടുത്തുനിന്നും ജല്ലിമേട് ഹരിജൻകോളനിയിലേക്ക് നീട്ടേണ്ടതാണ്.

പുതൂർ, ചാവടിയൂരിൽ നിലവിലുള്ള പൈപ്പ് താഴെ ചാവടിയൂരുവരെ നീട്ടി ശുദ്ധജലം എത്തിക്കാവുന്നതാണ്. കപ്പൻ ആദിവാസികോളനിയിലേക്കും, നൈനാംപെട്ടി ഊരിലേക്കും ഇതേ പൈപ്പ്ലൈൻ നീട്ടി കുടിവെള്ളം എത്തിക്കാവുന്നതാണ്.

പുതൂരിലെ പൈപ്പ്ലൈൻ ആദിവാസി ഊരിലേക്ക് നീട്ടുക.

മേലെ മൂലക്കൊമ്പിൽ ബേബി എസ്റ്റേററിൻെറ മുകളിലായി മൂലക്കരപള്ളത്തിൽ ചെക്ക് ഡാം നിർമ്മിച്ച് പൈപ്പ് വഴി മേലേമൂലകൊമ്പ്, നടുമൂലക്കൊമ്പ്, താഴെ മൂലക്കൊമ്പ് എന്നീ ഊരുകളിലേക്ക് ജലവിതരണം നടത്തുകയും അതു തന്നെ പുതൂർ ചാവടിയൂർ ലൈനുമായി ലിങ്ക് ചെയ്യേണ്ടതുമാണ്.

ചീരക്കടവ് ഊരിൻെറ വടക്കുവശത്ത് ടാങ്ക് നിർമ്മിച്ച് പൈപ്പു വഴി ബൊമ്മിയംപടി, തെക്കുവട്ട, ചീരക്കടവ്, രാജീവ്കോളനി, കമ്മിയാംകറ, എഴുപത് ഏക്കർ എന്നീ സ്ഥലങ്ങളിലേക്ക് കുടിവെള്ളം വിതരണം ചെയ്യാവുന്നതാണ്.

എടവാണി ഊരിൻെറ മുകൾഭാഗത്ത് ടാങ്ക് നിർമ്മിച്ച് പൈപ്പ് വഴി എടവാണി ഊരിൽ ശുദ്ധജലം വിതരണം ചെയ്യുക.

കൊണ്ടിയാർ ഗണ്ടി ഊരിൻെറ സമീപമുള്ള തോട്ടിൽ ചെക്ക് ഡാം കെട്ടി പൈപ്പ് വഴി ഗൊട്ടിയാർ ഗണ്ടി കുറുക്കത്തിക്കല്ല് എന്നീ ഊരുകൾക്ക് ശുദ്ധജല വിതരണം നടത്താവുന്നതാണ്.

മേലെ മഞ്ചിക്കണ്ടിയിൽ ചിന്തക്കരപള്ളത്തിൽ ചെക്ക് ഡാം നിർമ്മിച്ച് ജലവിതരണത്തിന് ഉപയോഗിക്കുക.

കൂടാതെ പന്നിയൂർപ്പടിക, മേലെ ആനക്കല്ല്, ആനക്കല്ല്ഊര്, മേലേ അബ്ബന്നൂർ, താഴെഅബ്ബന്നൂർ ചുടലക്കാട്, താഴെതുടുക്കി, മേലെതുടുക്കി, ജലസി, കട്ടുകമണ്ണ, ആനവായ്, പൊട്ടിക്കൽ, തടിക്കണ്ട്, മുരുകള, പാലാപ്പട, പെട്ടിക്കൽ, നീർക്കൽ, മിച്ചഭൂമി, വീട്ടിയൂർ കതിര നെടുകയിൽ, വീട്ടിയൂർ വസുമ്പക്കരതോടിനടുത്ത്, പാടവയൽ, ചന്തപ്പടി, പിലാമരക്കാട്, ചെമ്പവട്ടക്കാട്, പനമരക്കാട്, താഴെ ഭൂതയൂർ, ചൂട്ടറ താഴെ ഊര്, എന്നിവിടങ്ങളിൽ സാധാരണ കുഴൽക്കിണറിനുള്ള നിർദ്ദേശം വിവിധ ഗ്രാമസഭകളിൽ പൊന്തിവന്നിട്ടുണ്ട്. ഇവ ഭരണസമിതി പരിശോധിച്ച് മുൻഗണനാക്രമത്തിൽ സാദ്ധ്യമാക്കേണ്ടതാണ്.

അതോടൊപ്പംതന്നെ മേലെ പലകയൂര്, ജല്ലിമേട്, ചാവടിയൂര്, തോപ്പുകാട്, പുതൂർലക്ഷംവീട് കോളനി, ഉമ്മത്തുംപടി, പുതൂർ വിനായകക്ഷേത്രത്തിനുസമീപം, തേക്കുവട്ട, താഴെ ചൂട്ടറ, മേലെചൂട്ടറ സ്വർണ്ണഗദ്ദ, പനമരപ്പയൽ, ഒലവങ്കര, അരുളികോണം, ചെമ്പവട്ടക്കാട്, ദൊഡ്ഡുഗട്ടി, വല്ലവെട്ടി, പഴയൂർ, താഴെ മഞ്ചിക്കണ്ടി തുടങ്ങി വിവിധ സ്ഥലങ്ങളിൽ കുഴൽകിണറിനുവേണ്ടി ഗ്രാമസഭകളിൽ ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ടെങ്കിലും കുഴൽകിണറിൻെറ സാദ്ധ്യത പൂർണ്ണമായും പഠിച്ചുവേണം അത് നടപ്പാക്കാൻ. കുഴൽകിണർ സംവിധാനം വളരെവേഗം തകരാറായി കാണുന്ന ഒരനുഭവം ഇപ്പോഴുണ്ട്. അതുകൊണ്ട് പ്രയോജനകരമായി തെളിഞ്ഞിട്ടുള്ള മററു മാർഗങ്ങൾ അവലംഭിക്കുകയായിരിക്കും ഏററവും ഉത്തമം.

## ആരോഗ്യം

### പ്രശ്നങ്ങൾ:

അട്ടപ്പാടി മേഖലയാകെ ആരോഗ്യരംഗത്ത് സ്ഥിരമായി വാർത്താപ്രാധാന്യം നേടിവരുന്നു. ആണ്ടുതോറും ആവർത്തിക്കപ്പെടുന്ന പകർച്ചവ്യാധികളുടെ ആവാസകേന്ദ്രമായി അട്ടപ്പാടി അറിയപ്പെടുന്നു. പുതൂർ പഞ്ചായത്തും ഇതിൽനിന്നും പൂർണ്ണമായും വ്യത്യസ്തമല്ല. ഈ കഴിയുന്നവർഷവും നാലു പേർ നമ്മുടെ പഞ്ചായത്തിൽ പകർച്ചവ്യാധിമൂലം മരണപ്പെട്ടതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ആരോഗ്യരംഗത്തെ അപര്യാപ്തതകളും ആളുകളുടെ ബോധനിലവാരവും, ഇവിടത്തെ പ്രധാന പ്രശ്നങ്ങളാണ്. അനിവാര്യമായ അടിസ്ഥാന സൗകര്യങ്ങളുടെ ദൗർലഭ്യവും, ആർക്കും അതിൽ നിർബന്ധം ഇല്ലായ്മയും അട്ടപ്പാടിയുടെ ശാപമായി തുടരുന്നു.

അടിയന്തിരമായി ബോധവൽക്കരണപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ട ഒരു മേഖലയാണ് അട്ടപ്പാടിയും, അതിൽപെട്ട പുതൂരും. ശുചിത്വബോധം ഇല്ലായ്മ, ആരോഗ്യകരമായ ജീവിതരീതികളെകുറിച്ച് അടിസ്ഥാനപരമായ ധാരണയില്ലായ്മ, ശുദ്ധജലക്ഷാമം, എല്ലാററിനുമുപരി പോഷകാഹാരകുറവ് എന്നിവയാണ് ഇവിടത്തെ പ്രധാന ആരോഗ്യപ്രശ്നങ്ങൾ.

## നിർദ്ദേശങ്ങൾ:

പഞ്ചായത്തിലെ എല്ലാ IPP സെൻററുകളുടേയും പ്രവർത്തനം കാര്യക്ഷമമാക്കുക. ഉദ്യോഗസ്ഥർക്കു വേണ്ട താമസസൗകര്യം ഉറപ്പു വരുത്തണം.

പുഴയിൽ വാഹനങ്ങൾ കഴുകുന്നതും, മീൻ പിടിക്കാൻ തോട്ടയിടുന്നതും ഫാക്ടറികളിൽനിന്ന് (പട്ടിമേളം ഷുഗർ ഫാക്ടറി, കോട്ടത്തറ നൂലിൽ ചായം മുക്കുന്ന ഫാക്ടറി) പുറത്തുവിടുന്ന കെമിക്കൽസ് കലർന്ന മലിനജലം ശിരുവാണിയിൽകൂടി ഭവാനി പുഴയിലും എത്തുന്നു. അത് കുടിവെള്ളമായി ഉപയോഗിക്കുന്ന ആദിവാസികൾക്കും മററുള്ളവർക്കും പലതരം രോഗങ്ങൾ ഉണ്ടാകുന്നു. ഫാക്ടറിയിലെ മലിനജലം ശുദ്ധീകരിച്ച് പുറത്ത് വിടുക.

പുതൂർ P H C യിൽ സ്ഥിരമായി ഡോക്ടറേയും ആവശ്യത്തിന് സ്റ്റാഫിനെയും നിയമിക്കുക. ഉപയോഗ ശൂന്യമായി കിടക്കുന്ന ആശുപത്രി കെട്ടിടങ്ങൾ റിപ്പയർ ചെയ്യുക. ആശുപത്രിയിൽ ആവശ്യത്തിന് മരുന്നും മററു സൗകര്യങ്ങളും ഏർപ്പെടുത്തുക.

നിലവിലുള്ള ആയുർവ്വേദ ആശുപത്രിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കുക. അത് ഗ്രേഡ് ഉയർത്തി 10 രോഗികളെയെങ്കിലും കിടത്തി ചികിത്സിക്കാവുന്ന വിധത്തിൽ പരിഷ്ക്കരിച്ച് വേണ്ടത്ര ജീവനക്കാരേയും നിയമിക്കുക.

പുതൂർ കേന്ദ്രമാക്കി ഒരു ഡ്രഗ് റിസർച്ച് ഓഫീസും ഔഷധത്തോട്ടവും ഉണ്ടാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

എല്ലാ വാർഡുകളിലും ചികിത്സാ സൗകര്യം എത്തിക്കാവുന്ന രീതിയിൽ ഒരു മൊബൈൽ യൂണിററ് സ്ഥാപിക്കുക.

ഹോമിയോ ആശുപത്രിക്ക് സ്വന്തമായി കെട്ടിടവും സ്ഥിരമായി ഡോക്ടറും, വേണ്ടത്ര സ്റ്റാഫും ഉറപ്പാക്കുക.

പഞ്ചായത്തിൽ എല്ലാ വാർഡുകളിലും ഓരോ സബ്സെൻറർ സ്ഥാപിക്കുക.

അംഗനവാടികൾ ഓരോ ചെറു സബ്സെൻററുകൾ ആയി പ്രവർത്തിക്കാവുന്ന രീതിയിൽ ഉയർത്തപ്പെടണം.

ആദിവാസി ഊരുകളിലും മററുള്ളവർ പാർക്കുന്ന കോളനികളിലും ശുചീകരണപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

മദ്യപാനം, മയക്കു മരുന്നുകളോടുള്ള ആഭിമുഖ്യം എന്നിവ ഇല്ലാതാക്കാൻ ബോധപൂർവ്വമായ ബോധവൽക്കരണം നടത്തുക.

വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ഇവയുടെ ആവശ്യകത ബോദ്ധ്യപ്പെടുത്തണം.

### കക്കൂസ്

പൊതു ജന ആരോഗ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യം അർഹിക്കുന്ന കാര്യമാണ് ശുചിത്വം. ഇതിൽ പരിസര ശുചിത്വം പാലിക്കുവാൻ പ്രാഥമികമായി വേണ്ട ഒന്നാണ് കക്കൂസ്. പഞ്ചായത്തിലെ പല വീടുകളിലും കക്കൂസില്ല എന്നു മാത്രമല്ല ധാരാളം ഒഴിഞ്ഞ പ്രദേശം ഉണ്ടായിട്ടു പോലും വിസർജനാവശ്യങ്ങൾക്ക് ദൂരെ പോകുന്ന ശീലം തീരെയില്ല. ഇതിനാൽ വിരശല്യം വയറിളക്കം എന്നിവ ധാരാളം കണ്ടു വരുന്നു. ഇവിടത്തെ അസുഖങ്ങളിലധികവും ജലജന്യരോഗങ്ങളാണെന്നു കാണാം. കക്കൂസിൻെറ ഉപയോഗം ഇവയെ കുറച്ചൊക്കെ നിയന്ത്രിക്കാൻ സഹായിക്കും.

പൊതുവിൽ ശക്തവും ഫലപ്രദവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് പുതൂരിൽ ആരോഗ്യ രംഗത്ത് ആദ്യം വേണ്ടത്. ആരോഗ്യത്തിൻെറ ആവശ്യം പോലും വേണ്ടത്ര ഇനിയും ബോദ്ധ്യപ്പെടുത്തേണ്ടിയിരിക്കുന്നു. അംഗനവാടികളെയും, സന്നദ്ധ യുവജന സംഘടനകളെയും മുൻനിർത്തി യുദ്ധകാലാടിസ്ഥാനത്തിൽ ഇതു നിർവ്വഹിക്കേണ്ടതാണ്.

# കുടിവെള്ളം , ആരോഗ്യം

## കുടിവെള്ളം :

1. മേലെ - ചാവടിയൂരിൽ കുടിവെള്ളം കിട്ടാൻ ബുദ്ധിമുട്ടായതിനാൽ പൈപ്പ്ലൈൻ നീട്ടി സൗകര്യം ചെയ്തുകൊടുക്കുക.
2. പട്ടണക്കല്ലിൽ നിലവിലുള്ള കിണർ അറ്റകുറ്റപ്പണികൾ ചെയ്ത് ഉപയോഗ യോഗ്യമാക്കികൊടുക്കുക.
3. എട്ടാം വാർഡിൽ പന്നിയൂർ പടിക, ആനക്കല്ല്, ചുടലക്കാട്, മേലെ-അബ്ബനൂർ താഴെ അബ്ബനൂർ എന്നിവിടങ്ങളിലും, ചെമ്പവട്ടക്കാട്ട് പൊടിക്കർ, ഭൂതയാർ, ചുട്ടറ മുതലായ ഊരുകളിൽ കുഴൽകിണർ കുഴിക്കാൻ വാഹന സൗകര്യം കുറ വായതിനാൽ ടി ഊരുകളിൽ കിണർ കുഴിച്ച് കുടിവെള്ളത്തിന് സൗകര്യം ചെയ്തുകൊടുക്കേണ്ടതാണ്. കൂടാതെ തേക്കുവട്ട, ചിരക്കടവ്, ബൊമ്മിയാംപടി എന്നീ ഊരുകളിൽ കിണർ ഇല്ലാത്തതിനാൽ മല്ലീശ്വരം പ്രൊജക്ടിന്റെ സമീപത്തായി ഒരു ചെക്ക് ഡാം കെട്ടി പൈപ്പ് വഴി വെള്ളം എത്തിക്കാൻ വേണ്ട നടപടി സ്വീകരിക്കുക.
4. ചിരക്കടവിൽ നാലും, ബൊമ്മിയാംപടിയിൽ മൂന്നും എന്നിങ്ങനെ കുഴൽകിണർ കുഴിച്ച് ഈ പ്രദേശത്ത് കുടിവെള്ള പ്രശ്നം പരിഹരിക്കുക.
5. ആറാം വാർഡിൽ പാലൂർ, ധാന്യം എന്നീ പ്രദേശങ്ങളിലെ ജനങ്ങളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് പിക്കനാലിയിലും കൊട്ടിയാർകണ്ടി പള്ളത്തിലും ചെക്കുഡാമുകൾ കെട്ടി പൈപ്പ്ലൈൻ വഴി പാലൂർ സ്കൂൾ വരെയുള്ള സ്ഥലത്ത് കുടിവെള്ള എത്തിക്കുക.
6. ഏഴാം വാർഡിൽ പാടവയൽ ഊരിനടുത്ത് ഒരു കിണർ കുഴിച്ച് കട്ടി കുടിവെള്ളത്തിന് സൗകര്യം ചെയ്തുകൊടുക്കുക.
7. തച്ചംപടി നാല്സെന്റ് കോളനി കുഴൽ കിണർ നിർമ്മിക്കുക.

## ആരോഗ്യം :

1. കിർടാർസ്സിന്റെ ഹെൽത്ത് വർക്കേഴ്സ് ട്രെയിനിംഗ് കഴിഞ്ഞ ആരോഗ്യ പ്രവർത്തകരെ കൂടി ഉൾപ്പെടുത്തി ആരോഗ്യ പ്രവർത്തനം ശക്തിപ്പെടു ത്തുക.

# പാർപ്പിടം-സാമൂഹ്യക്ഷേമം

## പാർപ്പിടം

അത്യാവശ്യ സൗകര്യങ്ങളും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന ആരോഗ്യകരമായ ഒരു പാർപ്പിട സംസ്കാരംതന്നെ പുതൂരിൽ പുതുതായി ഉണ്ടാകേണ്ടി യിരിക്കുന്നു. ആദിവാസികളും കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്നവരുമാണ് പഞ്ചായത്തിൽ കൂടുതലും. അതുകൊണ്ടുതന്നെ കുടിലുകളും ഇടത്തരം വീടുകളുമാണ് പഞ്ചായത്തിൽ കൂടുതലും. വീടുനിർമ്മാണത്തിൽ അനാവശ്യമായ ആർഭാടം ഇവിടെ കാണാനില്ല. അത്യാവശ്യ സാമ്പത്തികശേഷിയുള്ളവർപോലും വീടിനുവേണ്ടി വൻതുക മുടക്കുന്ന രീതി കുറവാണ്. പാടം നികത്തി വീടുവക്കുന്ന രീതിയും കാണാനില്ല.

ആദിവാസികൾ അധികവും ഊരുകളിൽ താമസിക്കുന്നു. ഭവന നിർമ്മാണത്തിനെന്നും അവർ സർക്കാരിന്റേയോ മറ്റു ഏജൻസികളുടേയോ സാമ്പത്തിക സഹായം പ്രതീക്ഷിക്കുന്നു. പല പദ്ധതികളിലായി ഭവന നിർമ്മാണത്തിനു് ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിലും ഇനിയും വേണ്ടത്രയായിട്ടില്ല. ആദിവാസികളിലും മറ്റ് ദുർബ്ബല വിഭാഗങ്ങളിലും പെടുന്ന ധാരാളംപേർ ഭവനരഹിതരായി ഇനിയും അവശേഷിക്കുന്നു. വാർഡ്തലത്തിൽ ഭവന രഹിതരുടെ ഒരു കൃത്യമായ കണക്ക് പഞ്ചായത്തിലില്ല. അനുവദിക്കുന്ന പദ്ധതികളധികവും ആദിവാസികളിൽ കേന്ദ്രീകരിക്കുന്നതിനാൽ ഹരിജനങ്ങളും ഇതര ദുർബ്ബല വിഭാഗങ്ങളും ശ്രദ്ധിക്കപ്പെടാതെ പോകുന്ന അവസ്ഥയും ഇവിടെയുണ്ട്.

സർക്കാർ ഭവന നിർമ്മാണ ബോർഡുവഴി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവനനിർമ്മാണ വായ്പ കൾ ഈ പഞ്ചായത്തിൽ പ്രചാരത്തിലില്ല. ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന ബാങ്കോ സഹകരണ സ്ഥാപനമോ ഒന്നുപോലും ഈ പഞ്ചായത്തിലില്ല. ആദിവാസി ഊരുകളിലെ ചെറിയ ചെറിയ വീടുകൾ ഗൗരവമേറിയ മറ്റൊരു വിഷയമാണ്. തൊട്ടുതൊട്ടുകിടക്കുന്ന വളരെ ചെറിയ കുടിലുകൾ പലപ്പോഴും ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കൊച്ചുകൊച്ചു കൂരകളിലെ ഈ ബാഹുല്യമാണ് ഇതിനുകാരണം. ഭൂരഹിതരും ഈ പഞ്ചായത്തിൽ ധാരാളം ഉണ്ട്.

## നിർദ്ദേശങ്ങൾ

സമഗ്രമായ ഒരു സാമൂഹ്യ സാമ്പത്തിക സർവ്വെ ആണ് പുതൂരിൽ ആദ്യം വേണ്ടത്. അതിലൂടെ ഭവന രഹിതരും ഭൂരഹിതരും അടിയന്തിര സഹായം ആവശ്യമുള്ളതുമായ ആദിവാസികളുടെയും ഇതര ദുർബ്ബല വിഭാഗങ്ങളുടെയും വാർഡ്തലത്തിലുള്ള പട്ടിക കൃത്യമായി തയ്യാറാക്കണം. അവർക്ക് പിന്നോക്കാവസ്ഥയുടെ മുൻഗണനാക്രമത്തിൽ വരുന്ന അഞ്ചു വർഷത്തിനുള്ളിൽ പാർപ്പിടം നൽകേണ്ടത് പഞ്ചായത്തിന്റെ ആദ്യത്തെ ഭരണലക്ഷ്യമാകണം.

ഭവന രഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് പ്രാഥമികമായി ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മിച്ചഭൂമിയും പുറമ്പോക്കുഭൂമിയും ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

ഭൂരഹിതർക്ക് അഞ്ചുസെന്റ് ഭൂമിവീതം സൗജന്യമായി നൽകണം. ഇടത്തരം വരുമാനക്കാർക്ക് എൽ ഐ സി തുടങ്ങിയ കേന്ദ്ര പൊതുസ്ഥാപനങ്ങളിലൂടെ ചുരുങ്ങിയ പലിശക്കുള്ള വായ്പ ലഭ്യമാക്കുകയും വീടിന്റെ നിർമ്മാണം നിർമ്മിതികേന്ദ്രം മുതലായ ഏജൻസികളെക്കൊണ്ടു നടത്തിക്കുകയും ചെയ്യുക.

ഭവന രഹിതരെപോലെതന്നെയുള്ള ഭവനം തകർന്നുകഴിഞ്ഞ അവസ്ഥയും വളരെയധികംകാണാം. അവർക്ക് പുതിയ ആവാസകേന്ദ്രം ഒരുക്കുന്നതിൽ അമാന്തിച്ചുകൂടാ. ഒരിക്കൽ സാമ്പത്തിക സഹായം ആസ്വദിച്ചു എന്ന സാങ്കേതികത്വം പറഞ്ഞ് അവരെ മാറ്റിനിർത്താൻ പാടില്ല.

പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി ഊർജ്ജിതപ്പെടുത്തുകയും അതിൻെറ തുക വർദ്ധിപ്പിക്കുകയും വേണം. ഭവന നിർമ്മാണത്തിനു് ഇപ്പോഠം അനുവദിക്കുന്ന തുക തീർത്തും അപര്യാപ്തമാണ്. അത് കാലോചിതമായി വർദ്ധിപ്പിക്കണം.

ഭവന നിർമ്മാണത്തിന്നായി സർക്കാർ ഏജൻസികഠം വഴി കൂടുതൽ തുക അനുവദിക്കുക. സർക്കാർ ലഭ്യമാക്കുന്ന വായ്പകഠംക്കുള്ള നടപടി ക്രമങ്ങളും പലിശയും ലഘൂകരിക്കുക. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽസപ്ലൈസ് ഇടപെടുക.

ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും പദ്ധതികളുടെ പൂർണ്ണമായ ഗുണം ഗുണഭോക്താക്കഠംക്ക് ലഭിക്കുന്നതിനും വേണ്ടി പഞ്ചായത്തു തലത്തിൽ ജനകീയ സമിതികഠംക്കു രൂപം നൽകുക.

ഗുണഭോക്താവിനെ കൂടി പദ്ധതിയുടെ ഭാഗമാക്കാനും, അത് തുടർന്ന് സംരക്ഷിക്കാനും വേണ്ട ബോധവൽക്കരണ പരിപാടികഠം നിരന്തരമായി നടത്തുക.

പഞ്ചായത്തിലെ കുടിലുകഠം മാററിയെടുക്കലും, ഭവന രഹിതർക്കെല്ലാം വീടു നിർമ്മിച്ചു നൽകലും സർക്കാർ തലത്തിൽ ഇപ്പോഠം ലഭിക്കുന്ന വായ്പകൊണ്ടും സഹായങ്ങഠം കൊണ്ടും പൂർണ്ണമായി കഴിയില്ലെന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്നു. വാർഡ് തലത്തിൽ ഒരു വൻപദ്ധതിക്കേ അതിനു കഴിയൂ. ഇതിനായി വാർഡുതലത്തിൽ ഗുണഭോക്താക്കളെയും സന്നദ്ധ സംഘടനകളുടെയും സംയുക്ത സമിതി രൂപീകരിച്ച് സാധനങ്ങളും അദ്ധ്വാനവും സംഭാവന വഴി സ്വരൂപിക്കാൻ കഴിയും.

ഗുണഭോക്താക്കളുടെയും സന്നദ്ധ യുവജന സംഘടനകളുടെയും പരമാവധി മനുഷ്യാധ്വാനം ഉപയോഗപ്പെടുത്താൻ കഴിയണം. ഗുണഭോക്താവിനെ തെരഞ്ഞെടുക്കാനുള്ള അധികാരം പഞ്ചായത്തിനുതന്നെ നൽകുകയും വേണം.

പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണ്ണമായല്ലെങ്കിലും അടുത്ത അഞ്ചു വർഷത്തിനുള്ളിൽ പരമാവധി പരിഹരിക്കലാകട്ടെ നമ്മുടെ ലക്ഷ്യം. അതിനുള്ള കൂട്ടായ്മക്കായി നമുക്കൊത്തു നീങ്ങാം.

## സാമൂഹ്യക്ഷേമം

### പ്രശ്നങ്ങൾ

സാമൂഹ്യ ക്ഷേമ രംഗത്ത്, ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്കുവേണ്ടി കേന്ദ്ര സംസ്ഥാന ഗവൺമെൻറുകഠം വഹിക്കുന്ന നിരവധി ദാരിദ്ര്യനിർമാർജ്ജന പദ്ധതികളും സംഘടിത അസംഘടിത തൊഴിലാളികഠംക്കുവേണ്ടി നിരവധി ക്ഷേമപദ്ധതികളും നിലവിലുണ്ടെങ്കിലും പുതൂർ പഞ്ചായത്തിൽ ഇവയൊന്നും വേണ്ടത്ര ഉപയോഗ യോഗ്യമായിട്ടില്ല. പട്ടികജാതി വികസന കോർപ്പറേഷനും വനിതാ വികസന കോർപ്പറേഷനും ഇവിടെ അപരിചിതങ്ങളാണ്. ആദിവാസി ക്ഷേമത്തിനുവേണ്ട പ്രത്യേകിച്ചുള്ള I T D P പ്രവർത്തിക്കുന്നുണ്ടെങ്കിലും വേണ്ടത്ര ഉപയോഗപ്പെടുത്തിയിട്ടില്ലെന്നു പഠനങ്ങഠം വ്യക്തമാക്കുന്നു.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവക്ക് കിട്ടായ്ക, ഉദ്യോഗസ്ഥ തലത്തിൽനിന്നുള്ള ബോധവൽക്കരണകുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകഠം എന്നിവ എടുത്തുപറയേണ്ടതാണ്.

സാമൂഹ്യക്ഷേമ രംഗത്ത് വിധവാപെൻഷൻ, വികലാംഗപെൻഷൻ, കർഷകത്തൊഴിലാളിപെൻഷൻ, തൊഴിലില്ലായ്മാവേതനം, വിധവകളുടെ പെൺമക്കഠംക്കുള്ള വിവാഹ ധന സഹായങ്ങഠം തുടങ്ങി നിരവധി ആനുകൂല്യങ്ങഠം ഗവൺമെൻറിപ്പോഠം നൽകുന്നുണ്ടെങ്കിലും, അർഹരായ പലർക്കും ആനുകൂല്യങ്ങഠം കിട്ടുന്നില്ലെന്നും അനർഹരായ ചിലരെങ്കിലും ഈ ആനുകൂല്യങ്ങഠം കൈപ്പററുന്നുണ്ടെന്നും വിശദമായി പരിശോധിക്കുമ്പോഠം കാണാൻ കഴിയും. നിത്യവൃത്തിക്കുപോലും ബുദ്ധിമുട്ടുന്ന അവശർക്ക് ഈ പദ്ധതികഠം കൃത്യമായും സമയത്തും കിട്ടുന്നില്ലെന്നുള്ളത് ഒരു വലിയ പ്രശ്നം തന്നെയാണ്.

### അംഗൻവാടികൾ

സാമൂഹ്യക്ഷേമ രംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെക്കാനുതകുന്ന അംഗൻവാടികൾ പഞ്ചായത്തിലാകെ 27എണ്ണം മാത്രമേയുള്ളു. പുതൂരിനെപ്പോലെ വിസ്തൃതമായ ഒരു പഞ്ചായത്തിൽ അത് വളരെ കുറവുതന്നെയാണ്.

### പൊതുവിതരണകേന്ദ്രം

റേഷൻഷോപ്പ് പൊതുവിതരണ കേന്ദ്രമായതോടുകൂടി പ്രവർത്തനം അവതാളത്തിലാണ്. അനുദിനം ആളുകൾക്ക് പരാതിയുള്ള മേഖലയായി മാറിയിരിക്കുന്നു. അതും ആവശ്യത്തിനില്ലെന്നതാണ് പഞ്ചായത്തിന്റെ സ്ഥിതി.

### നിർദ്ദേശങ്ങൾ

വാർഡുതലത്തിൽ നിലവിലുള്ള സാമൂഹ്യക്ഷേമ പദ്ധതികളെക്കുറിച്ച് പഠന ബോധന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക. നിലവിലുള്ള സ്കീമുകളിൽത്തന്നെ ഇനിയും ഉൾപ്പെടുത്തപ്പെടേണ്ട ഉപഭോക്താക്കളെ സർവേയിലൂടെ കണ്ടെത്തി ഉൾപ്പെടുത്തുക. ഇതിനായി സന്നദ്ധ യുവ ജനസംഘടനകളുടെ സേവനം ഉപയോഗിക്കാവുന്നതാണ്.

ആദിവാസികളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും തികച്ചും വ്യത്യസ്തങ്ങളായിരിക്കും. അവർക്കുവേണ്ടി അവരുടെ തനിമ നിലനിർത്തിക്കൊണ്ടുതന്നെ പൊതുധാരയിലേക്ക് കൊണ്ടുവരാനുതകുന്ന പ്രത്യേക പദ്ധതികൾ തയ്യാറാക്കുക.

നിലവിലുള്ള എല്ലാ അംഗനവാടികൾക്കും സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും ഉള്ളവയുടെ അററകുററ പണികളും നടത്തുക. അതോടൊപ്പം അംഗനവാടികൾ ഇനിയും വേണ്ട പ്രദേശങ്ങൾ കണ്ടെത്തി അംഗനവാടികൾ നിർമ്മിക്കുക.

പഞ്ചായത്ത് മിച്ചഭൂമികൾ അംഗനവാടികൾക്കായി നൽകുക.

അംഗൻവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരത്തിനു നൽകുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കുക.

അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കയും സേവന വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.

ശക്തമായ ഒരു പൊതുപ്രവർത്തന സേനയാക്കി മാററാവുന്ന ഒരു വലിയ ശക്തി സ്രോതസ്സാണ് അംഗനവാടി വർക്കർമാരും ഹെൽപ്പർമാരും. അത് പൂർണ്ണമായി ഉപയുക്തമാക്കാനുള്ള പരിപാടികൾ സാമൂഹ്യക്ഷേമ പദ്ധതികളിലുണ്ടാകണം. വിവിധ സാമൂഹ്യ ക്ഷേമ പ്രവർത്തനകേന്ദ്രമായി നാട്ടിൽ അംഗനവാടികൾ ഉയർത്തപ്പെടണം.

രണ്ടു കിലോമീററിനുള്ളിൽ സ്കൂളുകളില്ലാത്ത വാർഡുകളിൽ സൗകര്യമുള്ള അംഗനവാടികളോടൊപ്പം ഏകാദ്ധ്യാപക വിദ്യാലയങ്ങൾ സ്ഥാപിക്കുക.

മദ്യനിരോധിത മേഖലയാണെങ്കിലും പുതൂരിൽ ഇപ്പോഴും മദ്യം കാച്ചുകയും വിൽക്കുകയും ചെയ്യപ്പെടുന്നു. അനധികൃത മദ്യ വിൽപന കർശനമായി തടയുകയും മദ്യപാനത്തിനെതിരായി ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും വേണം.

വൃദ്ധരുടെയും വികലാംഗരുടെയും സ്ഥായിയായ രോഗികളുടെയും ക്ഷേമത്തിന് പദ്ധതി തയ്യാറാക്കണം.

വിവിധ തൊഴിലാളി ക്ഷേമനിധികൾ നടപ്പിലാക്കണം.

പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോറെങ്കിലും പ്രവർത്തനം തുടങ്ങണം.

ആദിവാസികളിലും മററു ദുർബല വിഭാഗം ജനങ്ങളിലും സാധാരണ കാണുന്ന പോഷകാഹാര

കുറവ് പരിഹരിക്കാൻ പ്രത്യേക പദ്ധതികൾ കണ്ടെത്തണം.

വനിതകളുടെയും കുട്ടികളുടെയും ക്ഷേമത്തിനു വേണ്ടി പ്രത്യേക പദ്ധതികൾ ഉണ്ടാക്കണം.

പഞ്ചായത്തിൽ പൊതുശ്മശാനം ഉണ്ടാക്കണം. പൊതുവിതരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുകയും കൂടുതൽ എണ്ണം അനുവദിക്കുകയും വേണം. പൊതു വിതരണ കേന്ദ്രത്തെ 1966ലെ റേഷനിംഗ് ആക്ട് പ്രകാരം ''റേഷൻ ഷോപ്പ്'' എന്നു മാററണം. അവശ്യ സാധനങ്ങൾ എല്ലാം റേഷൻ ഷോപ്പിലൂടെ വിതരണം ചെയ്യുന്ന രീതിയുണ്ടാകണം. പഞ്ചായത്തിലെ റേഷൻ ഷോപ്പുകളുടെ മുഴുവൻ അധികാരവും പഞ്ചായത്തുകൾക്കാകണം.

പഞ്ചായത്തിൽ റേഷൻ കാർഡില്ലാത്ത ആളുകളുടെ പൂർണ്ണമായ കണക്കു കണ്ടെത്തി എല്ലാവരെയും റേഷൻ കാർഡിൽ ഉൾപ്പെടുത്തണം. റേഷൻ കാർഡുകൾ ഓരോ കുടുംബത്തിന്റെയും അതിലെ വ്യക്തിയുടെയും അടിസ്ഥാന രേഖയായി, ശാസ്ത്രീയമായി രൂപപ്പെടുത്തണം. കാർഡില്ലാത്തവർക്ക് കാർഡുണ്ടാക്കാനുള്ള സാങ്കേതിക തടസ്സങ്ങൾ ലഘൂകരിക്കണം. ഇതിനും പഞ്ചായത്ത് മുൻകൈയെടുക്കേണ്ടതുണ്ട്.

ഉപഭോക്തൃ മേഖലയെ കാര്യക്ഷമമാക്കാനും കുററമററതാക്കാനും ജനങ്ങളെ ബോധവൽക്കരിക്കാനും പഞ്ചായത്തിൽ ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിക്കണം.

# പാർപ്പിടം

പുതൂരിലെ അവശത അനുഭവിക്കുന്ന എല്ലാ വിഭാഗം ആൾക്കാർക്കും വീടുകൾ നൽകേണ്ടതാണ്. കോളനികൾ കേന്ദ്രീകരിച്ച് താമസിക്കുന്ന എസ്.സി./എസ്.ടി വിഭാഗത്തിൽപ്പെടുന്ന ആളുകൾക്ക് ഇപ്പോൾ ഉള്ളവീടുകളിൽ രണ്ടും മൂന്നും കുടുംബങ്ങൾ ഒന്നിച്ചാണ് ജീവിക്കുന്നത്. അവർക്ക് മുൻഗണനാ ക്രമത്തിൽ വീടുകൾ അനുവദിക്കുക. ഇപ്പോൾ നിലവിലുള്ള വീടുകളുടെ അറ്റകുറ്റ പണികൾ നടത്തുക. തീരെ താമസ യോഗ്യമല്ലാത്ത റിപ്പയർ ഉള്ള ഊരുകളുടെ പേരുകൾ താഴെ ചേർക്കുന്നു.

1. അരളിക്കോണം.
2. പട്ടണക്കൽ.
3. തേക്കുപ്പന
4. ദൊഡ്ഡുകെട്ടി
5. മേലെമുള്ളി
6. താഴെമുള്ളി
7. തച്ചംപടി
8. പലകയൂർ
9. വെന്തപ്പെട്ടി
10. കൽപ്പെട്ടി
11. മുലക്കൊമ്പ്
12. രങ്കനാഥപുരം ഐ.എച്ച്.ഡി.പി. (കോളനി)
13. ജെല്ലിമേട് (രങ്കനാഥപുരം)
14. ചാജയൂർ
15. കാരത്തൂർ
16. മേലെ ചാവടിയൂർ
17. മേലെ ഉമ്മത്തുംപടി (ഐ.എച്ച്.ഡി.പി. കോളനി)
18. താഴെ ഉമ്മത്തുംപടി എസ്.സി./എസ്.ടി. കോളനികൾ
19. പുതൂർ.
20. തേക്കുവട്ട

21. ബൊമ്മിയംപടി
22. ചീരക്കടവ്
23. ഫാലൂർ
24. ഗൊട്ടിയാർക്കണ്ടി
25. ധാന്യം
26. മേലെമഞ്ചിക്കണ്ടി
27. താഴെ മഞ്ചിക്കണ്ടി
28. വല്ലവെട്ടി
29. പാടവയൽ
30. വീട്ടിയൂർ
31. ആനക്കൽ
32. താഴെ അബ്ബന്നൂർ
33. പൊട്ടിക്കൽ
34. തടിക്കുണ്ട്
35. ആനവായ്
36. ഭൂതയാർ.
37. ഇലച്ചിവഴി
38. നട്ടക്കല്ല്-ചുണ്ടപ്പെട്ടി.

## സാമൂഹ്യക്ഷേമം, പാർപ്പിടം

1. വർദ്ധിച്ചുവരുന്ന വിവാഹ ചെലവു കുറച്ചു കൊണ്ടുവരാൻ സമൂഹത്തിലെ ജനങ്ങൾക്കു പ്രത്യേകിച്ചു പാവപ്പെട്ട നിർദ്ധനരായ ജനങ്ങൾക്ക് സഹായമായി പഞ്ചായത്തു തലത്തിൽ സമൂഹ വിവാഹം ഏർപ്പെടുത്തിയാൽ നന്നായിരുന്നു.
2. മന്ദബുദ്ധികളായ കുട്ടികൾ അട്ടപ്പാടിയിൽ കൂടുതലാണെന്നിരിക്കെ മന്ദ ബുദ്ധികളായ കുട്ടികളെ ചികിത്സിക്കുന്നതിനുള്ള ധനസഹായം കൊടുക്കുന്നതുമൂലം ചില കുടുംബങ്ങളെയും സാംപത്തികമായി ഒരു പരിധിവരെ സംരക്ഷിക്കാം.
3. പുതൂർ പഞ്ചായത്തിലെ ഗവൺമെന്റ് വനിതാ ജീവനക്കാർക്ക് പുതൂർ കേന്ദ്രമാക്കി ഒരു വനിതാ ഹോസ്റ്റൽ സ്ഥാപിക്കുക.
4. അംഗൻവാടി ടീച്ചർമാർക്ക് അവരുടെ പ്രവർത്തനപരിധികളിൽ വരുന്ന രോഗികളെ ആശുപത്രിയിൽ എത്തിക്കാൻ വേണ്ട ധനസഹായം അവർക്ക് നൽകുക.
5. അംഗൻവാടി കുട്ടികളുടെ ശാരീരിക വളർച്ചക്കും മാനസിക വികസനത്തിനും ഉല്ലാസത്തിനും പ്രയോജനം നൽകുന്നതിനു ആവശ്യമായ കളിക്കോപ്പുകൾ, പഠന സാമഗ്രികൾ തുടങ്ങിയ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.
6. അംഗൻവാടിയിലെ പ്രീ സ്കൂൾ കുട്ടികൾക്ക് മുഴുവനും യൂണിഫോം വിതരണം ചെയ്യേണ്ടത് അത്യാവശ്യമാണു.
7. അംഗൻവാടിക്കാർക്ക് ജോലിയിൽ നിന്നും വിരമിക്കുന്നവർക്കു പെൻഷൻ പദ്ധതി ഏർപ്പെടുത്തുക.
8. സാക്ഷരത തുടർ വിദ്യാഭ്യാസം അംഗൻവാടികളിൽ കൂടി നടപ്പിലാക്കിയാൽ മാത്രമെ അതിന്റെ പൂർണ്ണതയിലെത്തിക്കാൻ സാധിക്കുന്നതാണു.
9. വിവിധ പെൻഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ചുമതല പഞ്ചായത്തു തലത്തിൽ ഉപദേശക സമിതികൾ രൂപീകരിച്ചു നടപ്പിലാക്കണം.
10. അട്ടപ്പാടിയിൽ ഏറ്റവും പിന്നോക്ക നിരയിൽ നിൽക്കുന്ന ഈ പഞ്ചായത്തിലെ ജനങ്ങളുടെ ക്ഷേമം ലാക്കാക്കി പഞ്ചായത്തിലെ മുഴുവൻ ജനങ്ങളെയും ഗ്രൂപ്പ് ഇൻഷുറൻസ് -ന്റെ പരിധിയിൽ കൊണ്ടുവരണം.

11. പുതൂരിനെ കേന്ദ്രമാക്കി ഒരു വൃദ്ധമന്ദിരം നിർമ്മിക്കേണ്ടതാണ്.

12. ഓരോ വാർഡിനെയും കേന്ദ്രീകരിച്ച് പൊതു ശ്മശാനം പഞ്ചായത്ത് ഏറ്റെടുത്ത് നിർമ്മിക്കേണ്ടതാണ്.

13. അബ്ബന്നൂർ, അരളിക്കോണം മേലെ ചുണ്ടപ്പെട്ടി, തേക്കുപന, ഭൂതയാർ, വീട്ടിയൂർ എന്നീ സ്ഥലങ്ങളിൽ പുതിയ അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതാണ്.

റിപ്പേർ ചെയ്യേണ്ട അംഗൻവാടി കെട്ടിടങ്ങൾ

14. ചൂട്ടറ, മേലെ മുള്ളി, രങ്കനാഥപുരം, മൂലകൊമ്പ്, മേലെമഞ്ചിക്കണ്ടി, ഗൊട്ടിയാർക്കണ്ടി, ആനക്കൽ, പൊട്ടിക്കൽ, എന്നിവിടങ്ങളിലും സ്വന്തമായി കെട്ടിടമുള്ള എല്ലാ അംഗൻവാടി കെട്ടിടത്തിനും, ചുറ്റുമതിൽകെട്ടിത്തരേണ്ടതും, അറ്റകുറ്റപ്പണികൾ യഥാസമയം നടത്തിത്തരേണ്ടതും ആണ്.

15. എല്ലാ അംഗൻവാടികളിലും കക്കൂസും കുടിവെള്ളവും എത്തിക്കേണ്ടതാണ്.

16. ഐ.ആർ.ഡി.പി. ആനുകൂല്യങ്ങൾ കിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതാണ്. അതുപോലെതന്നെ ധനസഹായം വർദ്ധിപ്പിക്കേണ്ടതുമാണ്.

17. ക്ഷേമ പദ്ധതികളുടെ നേട്ടക്കോട്ടങ്ങളെപ്പറ്റി സാമഗ്രമായ പഠനം നടത്തണം.

18. അംഗൻവാടികളിൽ ഭക്ഷണം പാകം ചെയ്യുന്നതിന് വേണ്ട പച്ചക്കറി, പലവ്യഞ്ജനം, വിറക് എന്നിവയ്ക്ക് നൽകുന്ന തുക ദശാബ്ദങ്ങൾക്ക് മുൻപ് നിലവിൽ ഉണ്ടായിരുന്നതാണ്. ഇന്നും അതെ തുക തന്നെയാണ് ലഭിക്കുന്നത്. ഇതിനൊരു മാറ്റം വരുത്തി ഇന്നത്തെ വർദ്ധിച്ച വില നിലവാരത്തിന് അനുസരിച്ചുള്ള ഒരു തുക പാസ്സാക്കി തരണം.

19. പുതൂർ പഞ്ചായത്തിലുള്ള എല്ലാ അംഗൻവാടി കേന്ദ്രങ്ങളെയും കേന്ദ്രീകരിച്ച് ഒരു ഹെഡ് ക്വാട്ടേഴ്സ് വേണം. അതിന് ഒരു കെട്ടിടവും വേണം.

20. എല്ലാ അംഗൻവാടി ടീച്ചേഴ്സിന്റെയും ഹെൽപ്പേഴ്സിന്റെയും വേതനം ഇന്നുള്ളതിന്റെ ഇരട്ടിയായി വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

# വനം

1970വരെ ജന്മിമാരുടെ സ്വകാര്യ സ്വത്തായിരുന്ന വനങ്ങൾ ദേശസാൽക്കരണത്തിലൂടെ സർക്കാർ വനങ്ങളായി മാറി. സൈലൻറ്വാലി നാഷണൽ പാർക്കിൻെറ ഭാഗമായിട്ടുള്ള പഞ്ചായത്തിൻെറ പടിഞ്ഞാറെ അതിർത്തിയിലുള്ള നിബിഡവനങ്ങൾ പണ്ട് മുതലേ റിസർവ്വ് ഫോറസ്റ്റിൽപ്പെടുന്നു.

വീട്ടി, തേക്ക്, ചന്ദനം, അകില്, കാട്ടുപുളി, കാട്ടുപ്ലാവ്, കാട്ടുമാവ്, മലവേപ്പ്, വിവിധയിനംവാകമരങ്ങൾ, മണിതേക്ക്, ഞാവൽ, ചുരളി, വെള്ളപൊരിഞ്ഞൻ, കരിപ്പൊരിഞ്ഞൻ, ഇലപ്പമരം, കാഞ്ഞിരം, വിവിധയിനം ആൽമരം, അമൂല്യ ഔഷധച്ചെടികൾ, കാട്ടുകുരുമുളക്, കാട്ടുഏലം, കറുവപ്പട്ട, കന്തിരിക്കം, തുടങ്ങിവ കൽമദം തുടങ്ങിയവ ഇവിടുത്തെ വനസമ്പത്തുകളിൽ ചിലതാണ്.

കാട്ടാന, കാട്ടുപോത്ത്, പുള്ളിമാൻ, കലമാൻ, ചെന്നായ്, കരിമ്പുലി, പുള്ളിപ്പുലി, സിംഹവാലൻകരങ്ങ്, വിവിധതരം മുയലുകൾ, മലയണ്ണാൻ, അപൂർവ്വജനുസ്സിൽപ്പെട്ട പക്ഷികൾ, ചിത്രശലഭങ്ങൾ, തുടങ്ങിയവ നമ്മുടെ പഞ്ചായത്തിലെ വിവിധ പക്ഷി മൃഗാദികളാണ്.

o o o

ഷോളയൂർ ഗ്രാമ പഞ്ചായത്ത്


ജനകീയാസൂത്രണം

# സമഗ്ര വികസന രേഖ



അധികാരം ജനങ്ങളിലേക്ക്

# ഷോളയൂർ ഗ്രാമ പഞ്ചായത്ത്



| നമ്പർ | വിഷയവിവരം | പേജ് |
|---|---|---|
| 1. | സമർപ്പണം | 6 |
| 2. | പൊതുവിവരണം | 7 |
| 3. | സാമൂഹിക - സാംസ്കാരിക ചരിത്രം | 8 |
| 4. | ഭൂ - ജല - ജന വിഭവങ്ങൾ | 14 |
| 5. | സാമ്പത്തിക വികസനമേഖലകൾ | 18 |
| | (i) കൃഷിയും ജലസേചനവും | 19 |
| | (ii) സഹകരണം | 31 |
| | (iii) ഗതാഗതം | 37 |
| | (iv) മൃഗപരിപാലനം, മത്സ്യബന്ധനം, കുടിവെള്ളം | 44 |
| | (v) വ്യവസായം | 51 |
| | (vi) പാർപ്പിടം | 60 |
| | (vii) ആരോഗ്യം | 63 |
| | (viii) സാമൂഹ്യക്ഷേമം | 67 |
| | (ix) വനിതാക്ഷേമം | 76 |
| | (x) ഊർജ്ജം | 87 |
| | (xi) വിഭവസമാഹരണം, വനം | 93 |
| | (xii) വിദ്യാഭ്യാസം | 100 |
| | (xiii) പട്ടികജാതി / പട്ടികവർഗ്ഗ ക്ഷേമം | 112 |
| 6. | ഉപസംഹാരം | 123 |
| 7. | കൂപ്പുകൈകളോടെ | 125 |
| | കോർഗ്രൂപ്പ് അംഗങ്ങളുടെ പേരുവിവരം | 126 |

"നേടിയെടുക്കാൻ കഴിയുമെന്ന്
ഉറച്ച് വിശ്വസിക്കുവാൻ
നിങ്ങൾ ഒരുക്കമാണെങ്കിൽ
വിജയം നിങ്ങൾക്കൊപ്പമുണ്ട്"

*എഡിറ്റിംഗിന് സഹായിച്ചവർ*

കെ. രാധാകൃഷ്ണൻ
എ. ജസ്റ്റസ്
വി. ഒ. കുമാരൻ
വി. പൗലോസ്
പി. ജി. ജെയിംസ്

"ശക്തവും ഹൃദ്യവും പ്രചോദനാത്മകവുമായ
വാക്കും ശബ്ദവും സ്വരവും ഉണ്ടെങ്കിൽ
നിങ്ങൾക്കും ലോകത്തെ കീഴടക്കാം"

*ഡി. ടി. പി. & പ്രിൻറിംഗ്*

ലാവണ്യ ആർട്ട് പ്രിൻേറഴ്സ്
കോയമ്പത്തൂർ - 44
ഫോൺ : 436139

## ,ഷോളയൂർ ഗ്രാമ പഞ്ചായത്ത് സാരഥിയും
## അദ്ദേഹത്തെ ഭരണത്തിൽ സഹായിക്കുന്ന ഭരണ സമിതി അംഗങ്ങളും



**ആർ. മോഹനൻ**
പ്രസിഡണ്ട്



**എം. ആർ. ദേവരാജ്**
വൈസ് പ്രസിഡണ്ട്



**എസ്സ്. റാണി**
ചെയർപേഴ്സൺ,
സ്റ്റാൻറിംഗ് കമ്മിറ്റി

### ഭരണ സമിതി അംഗങ്ങൾ

1. ശ്രീ.എം. സി. ഗാന്ധി — മെമ്പർ
2. ശ്രീമതിമരുതി — ”
3. ശ്രീ.വീരൻ — ”
4. ശ്രീ.എസ്. പി. രാമചന്ദ്രൻ — ”
5. ശ്രീമതിരാജമ്മ ചിന്നസ്വാമി — ”
6. ശ്രീ.എ. രവീന്ദ്രൻ — ”

### ഈ പഞ്ചായത്തിൽ ഉൾപ്പെടുന്ന ബ്ലോക്ക് കമ്മിറ്റി അംഗങ്ങൾ

1. ശ്രീ.മരുതൻ
2. ശ്രീമതി. വി. ആർ. ജ്യോതിമണി

### പഞ്ചായത്ത് ജീവനക്കാർ

1. ശ്രീ.കെ. ശങ്കരൻ — സെക്രട്ടറി
2. ശ്രീ. എം. സി. വേലായുധൻ
3. ശ്രീ. എൻ. കെ. വിജയൻ
4. ശ്രീ. മോഹൻ
5. ശ്രീ. കെ. സേതുമാധവൻ
6. ശ്രീ. എ. ജസ്റ്റസ്
7. ശ്രീ.നഞ്ചൻ

### പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിക്ക് വേണ്ടി ജില്ലാതല പരിശീലനം നേടിയവർ

1. ശ്രീ. എ. രാജേന്ദ്രൻ
2. ശ്രീ. കെ. എസ്. ജോയി
3. ശ്രീ. എൻ. നാഗരാജ്
4. ശ്രീ. എം. ആർ. നഞ്ചപ്പൻ
5. ശ്രീ. എം. പി. രാഘവൻ
6. ശ്രീ. പി. ജി. ജെയിംസ്

# 1 സമർപ്പണം

*"സ്വന്തം രാജ്യത്തിൻെറ നിർമ്മിതിയിൽ*
*തങ്ങൾക്കും ഫലപ്രദമായൊരു*
*പങ്കുണ്ടെന്ന് പരമദരിദ്രനു പോലും*
*അനുഭവപ്പെടുന്നൊരു ഭാരതം.*
*ഉയർന്ന വർഗ്ഗക്കാരോ*
*താഴ്ന്ന വർഗ്ഗക്കാരോ*
*ഇല്ലാത്തൊരുഭാരതം*
*എല്ലാസമുദായങ്ങളും*
*പരിപൂർണ്ണരഞ്ജിപ്പിൽ*
*കഴിയുന്നൊരു ഭാരതം*
*കെട്ടിപ്പടുക്കുന്നതിന്*
*വേണ്ടി ഞാൻ പ്രവർത്തിക്കും"*




മഹാത്മാഗാന്ധിജിയുടെ ഈ സ്വപ്ന സാക്ഷാത്ക്കാരം അക്ഷരംപ്രതി നടപ്പിലാക്കുന്നതിനുള്ള ഷോളയൂർ പഞ്ചായത്ത് ഗ്രാമവാസികളുടെ സംഘടിത ശ്രമങ്ങൾ ഇവിടെ ആരംഭിക്കുന്നു.

ദ്രാവിഡസംസ്ക്കാരത്തിൻെറ ഉത്കൃഷ്ട പാരമ്പര്യത്തിൽ നിന്ന്, ആര്യമേധാവിത്തത്തിൻെറ കരാളഹസ്തത്തിൽ വന്നുപെട്ടു നട്ടംതിരിഞ്ഞു കൊണ്ടിരിക്കുന്ന ആദിവാസിസംസ്ക്കാര സങ്കീർണ്ണതകളും കുടിയേറ്റകർഷകനെടുവീർപ്പുകളും സമന്വയിപ്പിച്ച് നവവികസന സംസ്ക്കാരത്തിൻെറ വിത്ത്പാകുവാൻ നാം ഒരുങ്ങുന്നു.

ഇന്നലെകളുടെ നഷ്ടസ്വപ്ന ങ്ങളുടെ ചിതയിൽ നിന്ന് ഉണർന്നെണീറ്റ്, ഇന്നിൻെറ വിമോചന സംസ്കൃതിയിലൂടെ നാളെയുടെ സമ്പൂർണ്ണ വികസന സംസ്ക്കാരത്തിന് അടിത്തറപാകുവാൻ ഒരുങ്ങുന്ന നമുക്ക് രാഷ്ട്രപിതാവിൻെറ ചിന്താസാമീപ്യം ശക്തിയേകട്ടെ.

നമ്മുടേതായ ഒരു കാർഷിക സംസ്ക്കാരത്തനിമയുള്ള സമൂഹം വാർത്തെടുക്കുവാൻ ഉത്തമ പാരമ്പര്യസംഭാവനകളിൽ നിന്ന് ഊർജ്ജവും പ്രചോദനവും ഉൾക്കൊണ്ട് ഗ്രാമസഭാ ബഹുജനശക്തിയെ ആവാഹിച്ചുകൊണ്ട് ജനകീയാസൂത്രണവും, നിർവ്വഹണവും യാഥാർത്ഥ്യമാക്കുവാൻ ചരിത്രത്തിൻെറ വർത്തമാന ദശാസന്ധി നമ്മെ വെല്ലുവിളിക്കുകയാണ്.

ഈ വെല്ലുവിളിയെ ധൈര്യപൂർവ്വം കർമ്മശേഷിയോടെ നേരിടാനുള്ള ഉൾവിളിയുമായ് ഷോളയൂർ ഗ്രാമപഞ്ചായത്തിൻെറ സമഗ്രവികസനരേഖ രൂപീകരിക്കപ്പെടുന്നു. നാളെയുടെ സങ്കൽപ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുവാനുള്ള മഹായജ്ഞത്തിൽ ഇന്ന് തന്നെ നമുക്ക് ആത്മാർപ്പണബോധത്തോടെ പങ്കുചേരാം. നാളെയുടെ കാർഷിക വ്യവസായനാളുകളിൽ തങ്കലിപികളാൽ പുതിയ ഒരു അധ്യായം രചിക്കുവാൻ ആത്മാർത്ഥമായി ഒരുങ്ങുന്ന നമുക്ക് എല്ലാവർക്കും വേണ്ടി . . . !

*നമിക്കിലുയരാം നടുകിൽ തിന്നാം*
*നല്കുകിൽ നേടിടാം*
*നമുക്ക് നാമെപണിവതുനാകം*
*നരകവുമതുപോലെ.*

✣ ✣ ✣




# 2

# പഞ്ചായത്ത് പൊതുവിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | ഷോളയൂർഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | ഷോളയൂർ, കോട്ടത്തറ |
| ബ്ളോക്ക് പഞ്ചായത്ത് | അട്ടപ്പാടി |
| താലൂക്ക് | മണ്ണാർക്കാട് |
| അസംബ്ളി മണ്ഡലം | മണ്ണാർക്കാട് |
| വിസ്തീർണ്ണം | 150.76 ചതുരശ്ര കി.മി. |
| അതിരുകൾ വടക്ക് | പുതൂർ പഞ്ചായത്ത് |
| കിഴക്ക് | തമിഴ്നാട് (വീരപാണ്ടി പഞ്ചായത്ത്) |
| തെക്ക് | തച്ചമ്പാറ പഞ്ചായത്ത് |
| പടിഞ്ഞാറ് | അഗളി പഞ്ചായത്ത് |
| ജനസംഖ്യ | 18449 |
| പുരുഷൻ (ആകെ) | 9318 |
| സ്ത്രീകൾ(ആകെ) | 9131 |
| പട്ടികജാതി / വർഗ്ഗ പുരുഷൻ | 4386 |
| പട്ടികജാതി / വർഗ്ഗ സ്ത്രീകൾ | 4189 |
| സാക്ഷരത | 8539 62.01 % |
| ജനസാന്ദ്രത | 113/ചതുരശ്ര കി.മി. |
| വാർഡുകൾ | ഒമ്പത് |
| പ്രസിഡണ്ട് | R. മോഹനൻ |
| വൈസ് പ്രസിഡണ്ട് | M.R. ദേവരാജ് |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ | S. റാണി |

**ഷോളയൂർ**
ഗ്രാമ പഞ്ചായത്ത്



# 3

# സാമൂഹിക സാംസ്കാരിക ചരിത്രം

ചരിത്രാതീത കാലത്തെ ചരിത്രം പേറുന്ന ഈ പഞ്ചായത്തിൻെറ ചരിത്രം ഇവിടെ തുടങ്ങുന്നു. പുരാണ ഇതിഹാസങ്ങളിലെ പഞ്ചപാണ്ഡവന്മാരുടെ വനവാസ കാലത്തെകുറിച്ച് അട്ടപ്പാടിയിലും ഒട്ടേറേ കേട്ടുകേൾവികളും ഐതീഹ്യങ്ങളുമുണ്ട്. അട്ടപ്പാടിയുടെ കിഴക്കൻ മേഖലയായ പെരുമാൾമുടിയാണ് സൂര്യവനമെന്ന് അറിയപ്പെടുന്നത്. ഇവർ വനവാസത്തിന് വരുമ്പോൾ നൽകിയിരുന്ന നിർദ്ദേശം കിഴക്കും, തെക്കും, പടിഞ്ഞാറും പോകാം, ആവശ്യമുള്ളതെന്തും ഭക്ഷിക്കാം. വടക്കു ദേശങ്ങളിലേയ്ക്ക് പോകരുത്. അവിടെ നിന്നും കിട്ടുന്ന ഒരു ഭക്ഷണവും കഴിക്കരുത് എന്നായിരുന്നു. എന്നാൽ ഇതൊന്നും കൂട്ടാക്കാതെയാണ് ഭീമൻ വടക്കോട്ട് പോകുവാൻ തീരുമാനിച്ചത്. സർപ്പരൂപമെടുത്ത രാക്ഷസശക്തി അദ്ദേഹത്തെയും കൂടെ പോയിരുന്ന എല്ലാവരേയും വിഴുങ്ങിയെന്നാണ് പഴമക്കാരുടെ വിശ്വാസം. ആ സ്ഥലമാണ് ഭീമൻ കല്ല്. അതിനാലാണ് ആദിവാസികൾ മരിച്ചാൽ തല തെക്കോട്ട് തിരിച്ചുവെയ്ക്കുന്നതെന്ന ഐതീഹ്യം.

ഇവർ വനവാസത്തിലായിരുന്ന കാലത്ത് വെള്ളിങ്കിരി മലയിൽ പരമേശ്വരനേ ധ്യാനിച്ച് തപസ് ചെയ്യുവാൻ പോയ അർജുനനെ മാർഗ്ഗതടസ്സുമാണ്ടാക്കിയ ഏലകന്യ എന്ന രാക്ഷസസ്ത്രീ വശീകരിക്കുവാൻ ശ്രമിച്ചുവെന്നും പ്രകോപിതനായ അദ്ദേഹം ആഞ്ഞ് ചവിട്ടുകയും ചെയ്തപ്പോൾ വന്ന വീണ സ്ഥലമാണ് വയലൂരെന്നും, മാർഗ്ഗതടസ്സമുണ്ടാക്കിയ സ്ഥലമാണ് ഏലമലയെന്നും അറിയപ്പെടുന്നു. യാത്ര തുടരുകയും തപസ് അനുഷ്ടിക്കുകയും ഈശ്വരാനുഗ്രഹം വാങ്ങി മടങ്ങുമ്പോൾ തങ്ങൾക്ക് കഴിയാത്തത് അർജുനൻ കരസ്ഥപ്പെടുത്തിയല്ലോ എന്ന് അസൂയപ്പെട്ട സന്യാസി അദ്ദേഹത്തെ അഗാധഗർത്തത്തിലേയ്ക്ക് തട്ടിതെറിപ്പിച്ചപ്പോൾ അപകടനില മനസ്സിലാക്കിയ ശ്രീകൃഷ്ണൻ ജ്ഞാനശക്തിയാൽ ഒരു താമരക്കുളം ഉണ്ടാക്കുകയും ആ കുളത്തിലുള്ള താമരപ്പൂവിൽ ചുണ്ടുമുത്തി വീണ അർജുനനെ രക്ഷിക്കുകയും ചെയ്തുവെന്നും പറയപ്പെടുന്നു. ആ കുളമാണ് മുത്തികുളം. കുളത്തിൽ നിന്ന് ഉൽഭവിക്കുന്നതാണ് ശിരുവാണി എന്ന് ഐതീഹ്യം.

പുരാതന കാലം തൊട്ടുതന്നെ നാടകം മുതലായ കലാരൂപങ്ങളിൽ പ്രാവീണ്യം നേടിയിരുന്ന ആദിവാസികൾ നാടകഗ്രൂപ്പുകൾ ഉണ്ടാക്കി പല സ്ഥലങ്ങളിൽ കലാപരിപാടികൾ നടത്തുകയും ചേയ്തിരുന്നു വത്രേ. ഈ പ്രദേശം വിട്ട് അടുത്ത പ്രദേശത്തെ ശീമ എന്നാണ് പറഞ്ഞിരുന്നത്. അങ്ങനെ ശീമയിലേയ്ക്ക് കൂത്ത് അവതരിപ്പിക്കുവാൻ പോവുകയും മടങ്ങിവരുമ്പോൾ സന്ധ്യ

യായാൽ ഊരുകളിൽ എത്താൻ കഴിയാതെ തുമ്പിയാർ മുടി യുടെ അടുത്ത് തങ്ങുകയും രാത്രിയായപ്പോൾ നേരംപ്പോക്കിന് വേണ്ടി പാട്ടുകൾ പാടി താവളമടിക്കുകയും ചെയ്തു. സൈ്വരം നഷ്ടപ്പെട്ട ഋഷി ഇവരെ ശപിച്ചു. ശാപം ഏറ്റവരെല്ലാം കല്ലാ യിമാറി. ആ സ്ഥലമാണ് കൂത്താടി കല്ലെന്ന് പറയുന്നത്.

ആദിവാസികളുടെ ഏഴ് കുലമാണുള്ളത്. വെള്ള, കരട്ടി, ദേവണ്ണൻ, കുറുനായൻ, കുപ്പി, സമ്പ, പേരതറ. ഇവരിൽ വെള്ളകൾ എന്നറിപ്പെടുന്ന വർഗ്ഗക്കാരുടെ പരമ്പരയായ മൊക്കാടിപ്പാട്ടൻ മഹാവിഷ്ണുവിൻെറ മാട്ടുക്കാരനായിരുന്നു എന്നാണ് പറയുന്നത്. അദ്ദേഹം കുട്ടിയായിരുന്ന കാലത്ത് അന്ന് ഊത്തുകുഴി ഭരിച്ചിരുന്ന മൂപ്പൻെറ വീട്ടിൽ വന്നപ്പോൾ മൂപ്പൻ അദ്ദേഹത്തെ കൂലുക്കൂർ എന്ന സ്ഥലത്തേയ്ക്ക് വിളിച്ചുകൊണ്ടുപോവുകയും അവിടെ ഒരു വലിയ പന്തയം ഉണ്ട് അതിൽ പങ്കെടുക്കണമെന്ന് ആവശ്യപ്പെടുകയും ചെ യ്തു. പന്തയം അവിടെയുള്ള ഒരു വൻ മത്തിമരത്തിലുള്ള തേൻ എടുക്കുന്നയാൾക്ക് തൻെറ മകളെ കല്ല്യാണം കഴിച്ച് കൊടുക്കുന്നതായിരിക്കും എന്നാണ്. എല്ലാ ഊരുകളിൽ നിന്നും മത്സരത്തിന് നിരവധി ചെറുപ്പക്കാർ എത്തിയിരുന്നു. എവിടെ എത്തിയ എല്ലാ യുവാക്കളും ശ്രമിച്ചുവെങ്കിലും ഫലം വിഫലമായിരുന്നു. ഈ അവസരത്തിലാണ് മൂപ്പൻ രംഗപ്രവേശം ചെയ്യുന്നത്. മരത്തിൽ കയറി തേൻ എടുക്കു വാൻ യുവാവിനോട് ആജ്ഞാപിച്ചു. ഒട്ടും മടിക്കാതെ ഗുരു ജനങ്ങളെ വന്ദിച്ചുകൊണ്ട് മരത്തിൽ കയറി തേനുമായി താഴെ ഇറങ്ങി. അപ്പോൾ തന്നെ മകളെ വിവാഹം ചെയ്തു കൊടുക്കുകയും ചെയ്തു. അങ്ങനെ മൊക്കാടിപാട്ടനും ഭാര്യ യും സ്വന്തം സ്ഥലമായ പേരോടയിൽ വന്ന് ചേർന്നു ജീവിതമാരംഭിച്ചു. ഭാഗ്യദോഷമെന്നേപറയേണ്ടു അവർക്ക് സന്താനങ്ങളൊന്നും ഉണ്ടായില്ല. സന്താനഭാഗ്യമില്ലാത്ത തിനാൽ ഇവരെ (മച്ചികൾ) ആദിവാസി ഭാഷയിൽ "വരടി" എന്നാണ് പറയുക. അങ്ങനെ ഇവർ താമസിച്ചിരുന്ന സ്ഥലത്തിന് "വരടിമല" എന്ന പേര് വന്നു.

1600 കാലഘട്ടത്തിൽ കച്ചവടത്തിനായി ഇന്ത്യയിൽ വന്ന ബ്രിട്ടീഷുക്കാർ ഇന്ത്യയുടെ ഭരണം പിടിച്ചടക്കി. അവർക്കാവശ്യമുള്ള സ്ഥലങ്ങളെല്ലാം തേയില തോട്ടങ്ങളും, കാപ്പി തോട്ടങ്ങളും ഉണ്ടാക്കി. ഇടതിങ്ങി നിൽക്കുന്ന നിക്ഷിപ്ത വനങ്ങളായ അട്ടപ്പാടി മേഖലകളിലും കടന്നു കൂടുകയും ഇത്തരം സംരംഭം ഉണ്ടാക്കുകയും ചെയ്തു. കോയമ്പത്തൂർ - ആലാന്തുറ - മൂത്തികുളം വഴിയാണ് ഇവർ വന്നിരുന്നത്. ഇന്ന് ഇതിനെല്ലാം തെളിവുകളുണ്ട്. മുത്തികുളം ശിംഗപാറയിൽ നിലവിലുള്ള ഫോറസ്റ്റ് ഓഫീസും, ഡാമിനടുത്തായി അവരുടെ ഒരു വിശ്രമ സങ്കേതവും ഇന്നും ഉണ്ട്. കേരളം, തമിഴ്നാട് അതിർത്തി പ്രദേശത്ത് "മൈലോൺ"എന്ന് പറയുന്ന സായിപ്പ് ബംഗ്ലാവ് നിർമ്മിച്ചതിനാൽ ആ സ്ഥലത്തെ "മൈലോൺ" ബംഗ്ലാവ് എന്ന് അറിയപ്പെടുന്നു. ഇതേ വഴിയിലൂടെയാണ് മേൽത്തോട്ടം, വരടിമല, ശിരുവാണി എന്നീ സ്ഥലങ്ങളിൽ എത്തിയതും തേയില, പ്ലാൻേറഷൻ തുടങ്ങുവാനും കാരണമായത്. ലാറ്ററൈറ്റ് വിഭാഗത്തിൽ പെട്ട മണ്ണാണ് ഈ ഭാഗങ്ങളിൽ ധാരാളം ഉള്ളത്. അതുകൊണ്ടാണ് ഈ സ്ഥലം തന്നെ തിരഞ്ഞെടുത്തതെന്ന് കരുതുന്നു. ഇന്നും ഈ പ്രദേശത്ത് അവർ യാത്ര ചെയ്തിരുന്ന കുതിര റോഡുകളും താമസിച്ചിരുന്ന ബംഗ്ലാവുകളും, ബംഗ്ലാവിനെ വന്യ മൃഗങ്ങളിൽ നിന്നും സംരക്ഷിക്കുവാൻ വെട്ടിയ കിടങ്ങുകളും കാണുന്നു.

ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചതോടുകൂടി ഈ സ്ഥലങ്ങളെല്ലാം അവർ ഒഴിഞ്ഞുകൊടുത്തു. ആ സമയത്ത് പുനലൂർകാരനായ ടി. കെ. അലക്സാണ്ടർ എന്നയാൾ ഈ സ്ഥലങ്ങൾ ഏറ്റുവാങ്ങി. ഈ പ്രദേശമാണ് "ശിരുവാണി ഗ്രൂപ്പ് എസ്റ്റേറ്റ്".

ചെങ്കോലും കിരീടവുമുണ്ടായിരുന്നെങ്കിലും അധികാരത്തിൻെറ ശക്തിയും പ്രതാപവും പേറികഴിഞ്ഞകാലത്തിൻെറ കുറെ മധുരസ്മരണകൾ അയ വിറക്കുന്ന കുറെ രാജാക്കന്മാർ ! ആദിവാസി ഇരുളമൂപ്പന്മാർ!! ഊരിൻെറ ജീവിതക്രമം തൻെറ നാവിൻത്തുമ്പിലാക്കിയവർ. തൻെറ തീരുമാനങ്ങൾ ഒരു കൊച്ച് സമ്രാജ്യത്തിൻെറ അവസാന വാക്കാക്കിയവർ. കാലക്രമത്തിൽ എല്ലാം ഒരു ചടങ്ങുകളായി മാറിയപ്പോൾ നെടുവീർപ്പിലൂടെ കഴിയുന്നവർ.

ഷോളയൂർ പഞ്ചായത്തിൽ മുപ്പത്തൊമ്പത് ഊരുമൂപ്പന്മാരും, വണ്ടാരി, കുറുതല, മണ്ണുക്കാരൻ എന്നീ ഭരണപാലകന്മാരും ഇപ്പോഴും നിലവിലുണ്ട്. പുരോഗതിയി ലേയ്ക്കുള്ള പാതയിൽ, നാഗരികതയിലേയ്ക്കുള്ള യാത്ര യിൽ ഇവയെല്ലാം ഇന്നും വെറും ചടങ്ങുകളായി മാറിയി രിക്കുന്നു. ആദിവാസി സമൂഹത്തിൻെറ ഹൃദയത്തുടിപ്പുകൾ തൊട്ടറിഞ്ഞ് ഇവർ നടത്തിയിരുന്ന ഭരണം അവരുടെ

പാരമ്പര്യത്തിനും സംസ്കാരത്തിനും ഒരു രക്ഷാകവചം അല്ലായിരുന്നുവോ ? ദുഃഖസ്മൃതികളുടെ ഉണർത്തുപാട്ടുകളുമായി അവർ ജീവിത ക്രമങ്ങൾക്ക് താളബോധം നൽകുന്നു.

നമ്മുടെ പഞ്ചായത്തിൻെറ മലമടക്കുകളിൽ വിഷമതകളും കഷ്ടപ്പാടുകളും അനുഭവിക്കുന്ന മലയുടെ മക്കളുടെ വിശിഷ്ടമായ കലാരൂപങ്ങളുടെ മഹനീയത നമുക്കേവർക്കും അറിവുള്ളതാണല്ലോ. ശിരുവാണി മലനിരകളിൽ നിന്നും തഴുകിയിറങ്ങുന്ന മന്ദമാരുതൻെറ ഈണത്തിൽ ഇവരുടെ കുമ്മിയുടെയും, കൂത്തിൻെറയും രാഗതാളലയങ്ങളുടെ ശകലങ്ങൾ കേൾക്കുന്നില്ലേ ? നമ്മുടെ പഞ്ചായത്തിൽ ആദിവാസി കലാരൂപങ്ങൾക്ക് അപചയം സംഭവിച്ചുകൊ ണ്ടിരിക്കുകയാണ്. അതിനൊരപവാദം വരഗംപാടിയിലെ ഒരുപറ്റം ചെറുപ്പക്കാരുടെ നേതൃത്വത്തിൽ "സംഗീത" എന്ന പേരിൽ നടത്തപ്പെടുന്ന മഹത്സംരംഭങ്ങളാണ്.

## ഊരുകളുടെ പേരുകളുടെ ഉത്ഭവം

ഷോളയൂർ : വനം എന്നത് തമിഴിൽ ചോലൈ എന്ന അർത്ഥം വരുന്ന വാക്കാണ്. ചോലൈ കൂടുതലുള്ള ഈ പ്രദേശത്തിന് പിൽക്കാലത്ത് "ചോലൈയൂരും" പിന്നീട് "ഷോളയൂരും" പേരുവന്നു.

വെച്ചപതി : ആദിവാസി വിഭാഗത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നവർ (ഇരുളർ) വെള്ളകളും, കരട്ടികളും എന്നറിയപ്പെടുന്നു. ഇതിൽ വെള്ളകൾ ആൺ വീട്ടുക്കാരും കരട്ടികൾ പെൺവീട്ടുക്കാരുമാണ്. വെള്ളകളുടെ ആധിപത്യമുണ്ടായിരുന്ന ഈ സ്ഥലത്തിനടുത്ത് ഒരു കുളമുണ്ടായിരുന്നു. ഈ കുളവും ഊരും അടക്കം വെള്ളകൾ അതായത് ആൺവീട്ടുക്കാർ പെൺവീട്ടുക്കാരായ കരട്ടികൾക്ക് നൽകി. അവരുടെ പേര് നിലനിർത്തുന്നതിനായി ഈ സ്ഥലത്തിന് "വെള്ളകുളം" എന്ന പേരുവന്നു.

മൂലഗംഗൽ : പഞ്ചായത്തിൻെറ ഒരു മൂലയിലുള്ള ഒരു വലിയ പാറക്കെട്ട് ഉൾപ്പെടുന്ന പ്രദേശമാണിത്. രണ്ട് കുന്നുകളിലായി രാമലക്ഷ്മണന്മാർ കുടിയിരിക്കുന്നതായി ഇവിടെയുള്ളവർ വിശ്വസിക്കുന്നു.

കൊടുങ്ങര പള്ളം : വെള്ളകുളത്തിനടുത്തുള്ള പെരുമാൾമുടിയെന്ന മലയിൽനിന്നുൽഭവിക്കുന്ന വെള്ളം തനിയെ ഉറവയായി പൊങ്ങുന്നതായി കാണുന്നു.

തലകാണിയാത്തകോവിലാറ് : ഷോളയൂരിലൂടെ ഒഴുകുന്ന ഒരു ചെറിയ അരുവി. പേരോഡ എന്ന സ്ഥലത്തുനിന്നും ആരംഭിക്കുന്നു. ഇങ്ങനെ പേര് വരാൻ കാരണം തലകാണിയെന്നുപറയുന്ന ദേവി ആദിവാസി കളിൽ വെള്ളകൾ എന്ന വിഭാഗത്തിലുൾപ്പെടുന്നതവരാണ്. അവർ വിവാഹം കഴിച്ച് കുടുംബമായി താമസിക്കുന്ന സമയത്ത് കരുവാര എന്ന സ്ഥലത്ത് വിരുന്നിന് പോയത്രേ. വിരുന്ന് കഴിഞ്ഞ് വരുമ്പോൾ ഒരു തേൻകൂട് കാണുകയും തേനെടുക്കുവാൻ ദേവിയുടെ ഭർത്താവ് മരത്തിൽ കയറുകയും ചെയ്തു. മരത്തിൻെറ മുകളിൽ നിന്ന് ഒരശരീരി ഉണ്ടായി. അടിവേണോ, തലവേണോ, എന്നായിരുന്നു ചോദ്യം. ദേവി വെപ്രാളത്തോടെ തല മതിയെന്ന് പറഞ്ഞു. തലമാത്രം താഴെ വീണു. ഈ തല മടിശീലയ്ക്കകത്താക്കി അവർ താമസിക്കുന്ന പ്രദേശത്ത് വരികയും ചേയ്തു. കുറെ നടന്നു വന്നപ്പോൾ ഈ ഭർത്താവിൻെറ തലയ്ക്കകത്ത് കുറെ പുഴുക്കലുണ്ടായി. പുഴുക്കളെല്ലാം തുടച്ച്കളഞ്ഞു. ഈ സ്ഥലത്തിൻെറ പേര് "പുപ്പണ്ണ" എന്ന പേര് വന്നു. സ്വന്തം ഭർത്താവിൻെറ തലപോലും വൃത്തിയാക്കാൻ കഴിയാത്ത തൻെറ വിധിയോർത്തുക്കൊണ്ട് തലക്കാണിയെന്ന സ്ഥലത്തുപ്പോയി ജീവൻ വെടിയുകയും ചെയ്തു. അതിൻെറ പേരിൽ അവിടെ ആരാധനയും അർച്ചനയും നടക്കുന്നു.

ഊത്തുക്കുഴി : രണ്ടുമലകളുടെ ഇടയിൽ കിടക്കുന്ന ഈ ഊരിൽ നിന്നും ഒരു ഊറ്റ്നീർ പുറപ്പെട്ടിരുന്നു. അതുകൊണ്ടാവണം ഊറ്റുക്കുഴി എന്ന് പേര് വന്നത്.

പുലിയറ : പണ്ട് പഞ്ചപാണ്ഡവന്മാർ വനവാസത്തിന് വന്നിരുന്ന കാലത്ത് ഭീമസേനൻ ഒരു പുലിയുമായി ഏറ്റുമുട്ടി. പുലിയുടെ കാലിൽ പിടിച്ച് ഒരു പാറയിൽ അടിച്ചുകൊന്നു. അങ്ങനെ ഭീമസേനൻെറ പാദത്തിൻെറ പാടും പുലിയുടെ രൂപവും ഇന്നും നിലനിൽക്കുന്നതുകൊണ്ട് "പുലിയറ" എന്ന പേര് കിട്ടി.

കൊറവൻപാടി : കൊറവൻ എന്നൊരു മലവാസി ഇവിടെ താമസിച്ചിരുന്നതുകൊണ്ടാണ് ഈ സ്ഥലത്തിന് കൊറവൻപാടി എന്ന പേര് വന്നത്.

പെട്ടിക്കൽ : വരടിമലത്തോടിൽ ചാവടിയൂരിന് മുകളിലായി പെട്ടിപോലെ ഒരുകല്ലുണ്ടായിരുന്നു. കല്ലുണ്ടായിരുന്നതുകൊണ്ടാണ് പെട്ടിക്കല്ലെന്ന് പേര് വന്നത്.

വയലൂർ : വയലുകൾ ധാരാളമുള്ളതുകൊണ്ട് വയലൂർ

എന്ന പേര് വന്നുവെന്ന് പറയുന്നു.

വരഗംപാടി : ആദിവാസി ഭാഷയിൽ "വരഗ്" എന്നതിന് ഒരു തരം ചാമ എന്നാണ് അർത്ഥം. പണ്ട് ഈ വിള ഈ പ്രദേശത്ത് ധാരാളമുണ്ടായിരുന്നു. വരഗ് ധാരാളം വിളഞ്ഞപ്പോൾ കൊണ്ടുവന്ന് കൂട്ടിയ സ്ഥലത്തിന് വരഗംപാടി എന്ന് പറയുന്നു.

നല്ലശിങ്ക : പുരാണകഥയായ നല്ലതങ്കാൾ എന്ന കഥ ഈ പ്രദേശത്താണ് സംഭവിച്ചത്. ഭർത്താവും കുടുംബക്കാരും വെറുത്ത നല്ലതങ്കാൾ തൻെറ മക്കളെ കിണറ്റിൽ വീഴ്തി ആത്മഹത്യചെയ്തു. ഈ കിണർ ഈ പ്രദേശത്തുള്ളതായി ട്ടാണ് പറഞ്ഞുകേൾക്കുന്നത്. അതുകൊണ്ട് ഈ സ്ഥലത്തിന് നല്ലശിങ്ക എന്ന പേര് വന്നു.

ഗോഞ്ചിയൂർ : വരഗംപാടിക്ക് മുകളിൽ ഗോഞ്ചമരം നിന്നിരുന്നു. ആ മരം വെട്ടിവീഴ്ത്തി അവിടെ താമസം തുടങ്ങി. ആ സ്ഥലത്തിന് ഗോഞ്ചിയൂർ എന്ന പേര് കിട്ടി.

കത്താലക്കണ്ടി : നാരുണ്ടാക്കുന്ന കത്താള എന്ന സസ്യം ഈ സ്ഥലത്തുള്ളതുകൊണ്ടാണ് ഈ സ്ഥലത്തിന് "കത്താലക്കണ്ടി" എന്ന പേര് വന്നത്.

എഴുത്തുകൽപ്പാറ : ശ്രീരാമചന്ദ്രൻെറ കാൽപാദവും അദ്ദേഹം വരച്ച രഥത്തിൻെറ രൂപവും ഈ പ്രദേശത്തെ ഈ പാറയിൽ കാണാം. അദ്ദേഹം എഴുതി എന്ന് പറയപ്പെടുന്ന ഒരു വാക്യവും അതിൽ കാണപ്പെടുന്നു. ഇവിടെ കുട്ടികളെ വിദ്യാരംഭം നടത്തുന്നത് ഈ പാറയുടെ ചുവട്ടിലാണ്.

വരടിമല : രാക്ഷസിയായ വരടിയെ ഭീമൻ കൊല്ലു കയും മരിച്ചുവീണ വരടിയുടെ ശരീരം മണ്ണായിതീരുകയും ചെയ്തു.

ആനക്കട്ടി : പണ്ട് ഇവിടെ താമസിച്ചിരുന്ന "മന്തി" എന്ന സ്ത്രീ നാലോളം കല്ലുകൾ നാട്ടി ആനയെ കെട്ടിയത്രേ. അതുകൊണ്ട് ആനക്കട്ടി എന്ന പേര് വന്നു.

കോഴിക്കൂടം : കോഴിക്കോട്ട് രാജാവായ സാമൂതിരി ടിപ്പുസുൽത്താനെ ആക്രമിക്കാനായി മണ്ണാർക്കാട് വഴി ഇവിടെ എത്തി താമസിച്ചു. (പടയോട്ടം നടത്താൻ ടിപ്പു താവളത്ത് താമസിച്ചു. താവളം എന്ന് പേര് വന്നു.) സാമൂതിരി വിശ്രമിക്കാനായി കോഴിക്കൂടം എന്ന സ്ഥലം തിരഞ്ഞെടുത്തതുകൊണ്ടാണ് ഈ സ്ഥലത്തിന് കോഴിക്കൂടം എന്ന പേര് വന്നത്.

കോട്ടത്തറ : ടിപ്പുവിൻെറ പടയോട്ടകാലത്തുതന്നെ നിർമ്മിച്ചുവെന്നുപറയുന്ന ഒരു കോട്ടയിവിടെയുണ്ട്. അതിനാൽ ഈ സ്ഥലത്തിന് കോട്ടത്തറ എന്ന പേര് കിട്ടി.

കൂടപ്പെട്ടി : മൂന്ന് പുഴകൾ ഒന്നിച്ച് ചേരുന്നതുകൊണ്ട് കൂടപ്പെട്ടിയെന്ന് വിളിക്കുന്നു.

മട്ടത്തുകാട് : പഞ്ചപാണ്ഡവന്മാർ പണ്ട് ഇവിടെ താമസിക്കുകയും അക്കാലത്തെ പഴയ അവശിഷ്ടങ്ങൾ ഇന്നും നിലനിൽക്കുകയും ചെയ്യുന്നു. നിരപ്പായ സ്ഥലമായ തുകൊണ്ടാണ് മട്ടത്തുകാട് എന്ന് വിളിക്കുന്നത്.

സംബാർകോട് : ആദിവാസി വിഭാഗത്തിൽ പെട്ട സംബർ താമസിച്ചിരുന്നതുകൊണ്ടാണ് സംബാർകോട് എന്ന പേര് വന്നത്.

അതിപുരാതന കാലത്തിൽ ഈ പ്രദേശത്ത് വസിച്ചിരുന്നവരാണ് തൊതവർ എന്ന വർഗ്ഗക്കാർ. അട്ടപ്പാടി യുടെ കിഴക്കേയറ്റമായ പെരുമാൾ മുടിയുടെ എതിർവശത്തുള്ള മലയായിരുന്നു ഇവരുടെ ആരാധന കേന്ദ്രം. ചരിത്ര സംസ്കൃതിയിലൂടെ പറഞ്ഞുവരുന്നത് ഇവരും ശ്രീരാമനും ജന്മശത്രുക്കളായിരുന്നവത്രേ! ഈ പാരമ്പര്യത്തിൽ പെടുന്ന വരാണെന്ന് പറയപ്പെടുന്നു അണക്കാട് ഭാഗത്ത് താമസിച്ചു വരുന്ന തൊതവ വിഭാഗക്കാരായ ചടയർ. ജനനം മുതൽ മരണം വരെ മുടിവെട്ടുകയോ ക്ഷൗരം ചെയ്യുകയോ ഈ വിഭാഗത്തിലെ ആണുങ്ങൾ ചെയ്യാറില്ല.

## ഭൂപ്രദേശ ചരിത്രം

അട്ടപ്പാടി പ്രദേശം കോഴിക്കോട് സാമൂതിരി രാജാവിൻെറ ഭരണത്തിൻ കീഴിലായിരുന്നു. ബ്രിട്ടീഷുക്കാർ ഇന്ത്യയുടെ ഭരണാധികാരം ഏറ്റെടുത്തകാലത്ത് കപ്പംകൊടു ത്തിരുന്ന സമാന്തര രാജാക്കന്മാരെല്ലാം സ്വതന്ത്രമായി പ്രവർ ത്തിക്കുമായിരുന്നു. ആ കൂട്ടത്തിൽ പെട്ട രാജാവായിരുന്നു കോഴിക്കോട് സാമൂതിരി. എന്നാർ ബ്രിട്ടീഷുകാർക്ക് തൻെറ സാമ്രാജ്യം അടിയറവ് വയ്ക്കാത്ത പരാക്രമശാലിയായിരുന്ന മൈസൂരിലെ ടിപ്പുസുൽത്താൻ എന്ന് ചരിത്രതാളുകളിൽ കാണപ്പെടുന്നു. ഇംഗ്ലീഷുകാരെ വളരെയധികം വെറുക്കു കയും ചെയ്തിരുന്നു സുൽത്താൻ. ബ്രിട്ടീഷുകാരുമായി നിരന്തരം പടപൊരുതുകയും അവരുടെ നിരവധി അക്ര മണങ്ങൾ ഏറ്റുവാങ്ങുകയും ചെയ്തിട്ടുണ്ട്. അവരുടെ ആക്ര മണത്തിൽനിന്ന് സ്വന്തം നാടിനേയും പടയാളികളേയും

രക്ഷിക്കുവാൻ നിർമ്മിച്ചിട്ടുള്ളതായിരിക്കണം പാലക്കാട് കോട്ട.

ബ്രിട്ടീഷുകാരോട് കൂറുള്ള സാമന്തരാജാക്കന്മാരിൽ ഒരാളായ സാമൂതിരിയോട് ഈ കാരണത്താൽ തന്നെ ടിപ്പുവിന് വളരെയേറെ വൈരാഗ്യബുദ്ധി തോന്നിയതിൽ അൽഭുതപ്പെടാനില്ല. അതുകൊണ്ട് തന്നെ സാമൂതിരി രാജാവിൻെറ കൈവശത്തിലുള്ള പ്രദേശങ്ങൾ പിടിച്ചടക്കുവാൻ ടിപ്പു വെമ്പൽ കൂട്ടിയിരിക്കുന്നതായി കാണാം. അങ്ങനെ സാമൂതിരിയുടെ അധീനതയിലുള്ള അട്ടപ്പാടിയിൽ ടിപ്പുസുൽത്താൻ നുഴഞ്ഞുകയറിയതിൻെറ തെളിവാണ് കോട്ടത്തറയിലുള്ള ടിപ്പുവിൻെറ കോട്ടയുടെ അവശിഷ്ടങ്ങൾ. സാമൂതിരി രാജാവിൻെറ അധികാരത്തിൻ കീഴിലുണ്ടായിരുന്ന വള്ളുവനാട് താലൂക്കിലെ രണ്ടു ഭാഗങ്ങളായിരുന്നുവത്രേ ചെറിയ പൂഞ്ചോലയും, വലിയ പൂഞ്ചോലയും. ചെറിയ പൂഞ്ചോല അട്ടപ്പാടി മേഖലകളും വലിയ പൂഞ്ചോല മണ്ണാർക്കാട് പാലക്കയം തച്ചംപാറ പ്രദേശങ്ങളുമാണ്. അട്ടപ്പാടിയിലുള്ള ചെമ്മണ്ണൂരിലെ മല്ലീശ്വരൻ മലമുകളിൽ ശിവരാത്രി ദിനത്തിൽ പന്തം കാണിക്കുന്നതിനായി നെയ്യും, കോടിയും കൊടുത്തിരുനാത് സാമൂതിരി കുടുംബത്തിൽ നിന്നായിരുന്നവത്രേ. പിന്നീട് സാമൂതിരി രാജാവ് മണ്ണാർക്കാടിലുള്ള ജന്മി കുടുംബമായ മൂപ്പിൽ നായർക്കും, ഭാര്യ പാറുകുട്ടിയമ്മക്കും ദാനമായി നൽകിയത്രേ ഈ ചെറിയ പൂഞ്ചോല പ്രദേശം. അങ്ങനെ ദാനമായി കിട്ടിയ ചെറിയപൂഞ്ചോലയാണ് ഇന്നത്തെ അട്ടപ്പാടി. അതുകൊണ്ടാണ് ആദിവാസികളടക്കമുള്ള കർഷകരിൽ ഇന്നും മണി രശീതുകൾ കാണുന്നത് (എം. ആർ.). അങ്ങനെ മൂപ്പിൽ നായർ നേരിട്ട് കരമൊഴിവായി പതിച്ചുകൊടുത്തിട്ടുള്ള ഭൂമികൾ വളരെയേറെയുണ്ട് അട്ടപ്പാടിയിൽ. ആദിവാസികളുടെ കൈവശവും കുടിയേറ്റ കർഷകരുടെ കൈകളിൽ ഉണ്ടായിരുന്ന ഭൂമികളിൽ നിന്ന് ആദായമെടുക്കുവാൻ പോലും ജന്മി കുടുംബത്തിൻെറ അനുവാദം വേണമായിരുന്നു. അതിനെതിരെ നടന്ന സംഭവ ബഹുലങ്ങളായ സമരങ്ങളായിരുന്നു. ശ്രീ കൊങ്ങശ്ശേരി കൃഷ്ണൻ അവർകളുടെ നേതൃത്വത്തിൽ 1952 മുതൽ 1957 വരെ അട്ടപ്പാടിയിൽ നടന്നിരുന്നതെന്നും ഈ സമരങ്ങൾ പുളിഞ്ചൻ സമരങ്ങളെന്ന പേരിലും അറിയപ്പെടുന്നുണ്ട്.

1958 ഭൂപരിഷ്കരണ ബില്ലിന് ശേഷം ഇത്തരത്തിൽ എം. ആറുണ്ടായിരുന്ന ഭൂമിമുഴുവൻ ഗോത്രവർഗ്ഗക്കാ രടക്കമുള്ള കർഷകരുടെ സ്വന്തമായി തീർന്നുവെന്ന് പറയപ്പെടുന്നു.

1960കളിൽ അട്ടപ്പാടിയിൽ ആകെ ഒരു പഞ്ചായത്ത് മാത്രമേ ഉണ്ടായിരുന്നുള്ളു. 1968ലാണ് ഷോളയൂർ പഞ്ചായത്ത് രൂപീകരിക്കപ്പെടുന്നത്. ആദ്യത്തെ പ്രസിഡണ്ട് ദാസന്നൂർ ഊരിലുള്ള ശ്രീ. കാശിമുത്തു അവർകളായിരുന്നു. തുടർന്നു വന്ന തിരഞ്ഞെടുപ്പിൽ വയലൂരിലുള്ള ശബരി മുത്തു മേസ്തിരി പ്രസിഡണ്ടാവുകയും ഇദ്ദേഹത്തിൻെറ മരണത്തോടെ വൈസ് പ്രസിഡണ്ടായിരുന്ന എസ്. സന്താനം ഷോളയൂർ അവർകൾ പഞ്ചായത്ത് പ്രസിഡണ്ടാവുകയും ചെയ്തു.

തുടർന്നു നടന്ന തിരഞ്ഞെടുപ്പുകളിൽ ശ്രീ. വി.ടി. മാത്യു, ശ്രീ. എം. ആർ. നഞ്ചപ്പൻ, ശ്രീ. ആർ. മോഹനൻ തുടങ്ങിയവർ നമ്മുടെ പഞ്ചായത്തിൻെറ പ്രസിഡണ്ട് സ്ഥാനം അലങ്കരിച്ചു. 1995ൽ നടത്തപ്പെട്ട തിരഞ്ഞെടുപ്പിലും ശ്രീ. ആർ. മോഹനൻ തന്നെ പ്രസിഡണ്ടായി സാരഥ്യം ഏറ്റെടുത്തു. ഇപ്പോഴും അദ്ദേഹം തുടരുന്നു.


ഇപ്പോൾ ആനക്കട്ടിയിൽ പഞ്ചായത്ത് ആഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം സംഭാവനയായി നൽകി യത് ശ്രീ. ആർ. അരളിയപ്പ ഗൗഡറാണ് എന്ന് നന്ദിയോടെ സ്മരിക്കുന്നു.

ഒരു തർക്കഭൂമി പ്രദേശം ഇന്നും ഷോളയൂർ പഞ്ചായത്തിൽ നിലവിലുണ്ട്. ആനക്കട്ടിപാലത്തിൻെറ കിഴക്ക് കേരളത്തിൻെറ അതിർത്തികല്ലിരിക്കുന്ന സ്ഥലം വരെയുള്ള ഭാഗമാണ് തർക്കം. തമിഴ്നാട്ടിലെ വീരപാണ്ടി പഞ്ചായത്ത് പാലം മുതൽ കിഴക്കോട്ടുള്ള പ്രദേശം മുഴുവൻ തങ്ങളുടേതാണെന്ന് അവകാശപ്പെടുകയും ചെയ്യുമ്പോൾ അതിർത്തി കല്ല് മുതൽ പടിഞ്ഞാറോട്ടുള്ള പ്രദേശം മുഴുവൻ നമ്മുടെ പഞ്ചായത്തിൻെറതാണെന്ന് നാമും അവകാശപ്പെടുന്നു. ഇനിയും അവകാശ തർക്കങ്ങൾ നീളുകളും തീരുമാനമാകാതെ കിടക്കുകയും ചെയ്യുന്നു ഈ പ്രദേശം.

ഷോളയൂർ പഞ്ചായത്തിൽ കേരളത്തിലെയും തമിഴ്നാട്ടിലെയും രാഷ്ട്രീയ രംഗത്തെ പ്രഗല്ഭർ തങ്ങളുടെ സാന്നിദ്ധ്യം കൊണ്ട് അവിസ്മരണീയമാക്കിയിട്ടുണ്ട്. അതിൽ പ്രാധാന്യമേറിയവ മാത്രം ഇവിടെ ഓർക്കുന്നു. കേരളത്തിൻെറ ആദ്യ മുഖ്യമന്ത്രിയായി അവരോധിതനായ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് നമ്മുടെ പഞ്ചായത്തിൽ വന്ന്

താമസിച്ചിട്ടുണ്ട്. 1948ൽ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തനം സംസ്ഥാനത്ത് നിരോധിക്കപ്പെട്ടപ്പോൾ ഒളിവിലിരുന്ന പ്രവർത്തിക്കുന്നതിനാണ് അദ്ദേഹം ഈ സ്ഥലം തിരഞ്ഞെടുത്തത്. അന്ന് ശിരുവാണി എസ്റ്റേറ്റിൻെറ അധിപനായിരുന്ന ശ്രീ. ടി. കെ. അലക്സാണ്ടറാണ് ശ്രീ. ഇ. എം. എസ്. അവർകളെ ഇവിടെ കൂട്ടികൊണ്ടുവരുകയും മാസങ്ങളോളം അദ്ദേഹത്തിൻെറ ബംഗ്ലാവിൽ താമസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പാവങ്ങളുടെ പടത്തലവൻ എന്ന പേരിൽ അറിയപ്പെടുന്ന ശ്രീ. എ. കെ. ഗോപാലൻ അവർകളും നമ്മുടെ പഞ്ചായത്തിൽ വരുകയും നമ്മുടെ പ്രശ്നങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കുകയും ചെയ്തിട്ടുണ്ടത്രേ. കുറേ കാലം കേരള മുഖ്യമന്ത്രിയായിരുന്നിട്ടുള്ള ശ്രീ. കെ. കരുണാകരൻ അവർകളും വർഷങ്ങൾക്ക് മുമ്പ് ഷോളയൂരിൽ വന്ന് സെക്രട്ടറി അരുണാചലത്തിൻെറ വീട്ടിൽ താമസിച്ചിട്ടുള്ളതായി അറിയുന്നു. തമിഴ്നാട്ടിലെ ഇതിഹാസ നായകൻ ശ്രീ. കാമരാജ് നാടാരും യശഃശ്ശരീരനായ ശ്രീ. ഇമ്പിച്ചി ബാവയും ശ്രീ. വരദരാജൻ നായരും ശ്രീ. കടന്നപള്ളി രാമചന്ദ്രനും നമ്മുടെ പഞ്ചായത്തിൻെറ വിവിധ സ്ഥലങ്ങൾ സന്ദർശിച്ചിട്ടുള്ളവരാണ്. മുൻ പ്രധാനമന്ത്രി ശ്രീ. ചന്ദ്രശേഖർ അവർകളും നമ്മുടെ പഞ്ചായത്തിലൂടെ പര്യടനം നടത്തിയിട്ടുണ്ട്.

കുടിയേറ്റ കർഷകരും ആദിവാസി സഹോദരങ്ങളും ഏകോദരസഹോദരങ്ങളെപ്പോലെ ഇടപഴകി ജീവിച്ചുവരുന്ന പ്രദേശമാണ് നമ്മുടേത്. മതസൗഹാർദത്തിൻെറ അന്തരീക്ഷത്തിൽ അമ്പലങ്ങളും, പള്ളികളും, കോവിലുകളും പ്രകൃത്യാരാധന കേന്ദ്രങ്ങളും, സർവ്വമത സമത്വത്തിൻെറ പ്രതീകങ്ങളായി വർത്തിക്കുന്നു. ആദിവാസി കലാരൂപങ്ങളായ ആദിവാസി കുമ്മി, കൂത്ത്, നാടൻപാട്ടുകൾ തുടങ്ങിയവ നമ്മുടെ പഞ്ചായത്തിൻെറ സംസ്കാരത്തനിമ വിളിച്ചോതുന്ന തിലകകുറികളാണ്. ഇവയുടെ എല്ലാം മാറ്റ് വർദ്ധിപ്പിക്കുവാൻ നമ്മുടെയെല്ലാം കൂട്ടായ പരിശ്രമങ്ങൾ ആവശ്യമാണ്. നമുക്കുള്ള കലാസാംസ്കാരിക മഹിളാ സംഘടനകളിലൂടെ ഈ സാംസ്കാരിക പൈതൃകം പോഷിപ്പിക്കുവാൻ കൂട്ടായി ശ്രമിക്കാം.



*"നാം വസ്തുതകളെ തുറന്ന മനസ്സോടെ*
*നേരിടാത്ത പക്ഷം*
*അവ നമ്മെ പിന്നിൽ നിന്ന് കുത്തും"*




# 4

# ഭൂപ്രകൃതി . . .
# ജലപ്രകൃതി. . .
# ജനപ്രകൃതി

അട്ടപ്പാടിയുടെ നെറുകയിൽ തലയുയർത്തിപ്പിടിച്ചു നിൽക്കുന്ന മല്ലീശ്വരൻ മലകളുടെ തുടർച്ചയെന്നവണ്ണം തെക്കുകിഴക്കൻ അട്ടപ്പാടിക്ക് കോട്ടപോലെ ഉയർന്നു നിൽക്കുന്ന രക്ഷാകവചമാണ് ശിരുവാണിക്കാടുകൾ. മുത്തികുളം നിബിഡവനങ്ങളിൽ നിന്നും അരിച്ചിറങ്ങുന്ന നീർച്ചാലുകളുടെ സംഗമസ്ഥാനമാണ് ഇവിടത്തെ പ്രധാന ജലസ്രോതസായ ശിരുവാണിപ്പുഴയുടെ ആരംഭം. ഷോളയൂർ പഞ്ചായത്തിലൂടെ ചിറ്റൂർ വരെ അരിച്ചിറങ്ങി പിന്നീട് ഷോളയൂർ, അഗളി പഞ്ചായത്തുകളുടെ അതിർത്തിയിലൂടെ ഒഴുകി ഇത് കൂടപ്പെട്ടിയിൽ എത്തുന്നു. ഈ ശിരുവാണിപ്പുഴ തന്നെയാണ് ഷോളയൂർ പഞ്ചായത്തിൻെറ അമൂല്യസമ്പത്ത്. ഇതുപോലെ സൈലൻറ് വാലി കാടുകളിൽ നിന്ന് ഒഴുകിവരുന്ന നീർച്ചാലുകൾ ഭവാനിപ്പുഴയായി ഒഴുകി കൂടപ്പെട്ടിയിൽ വച്ച് ശിരുവാണിപ്പുഴയുമായി സംഗമിച്ച് കാവേരിനദിയിൽ ചെന്ന് ചേരുന്നു. ശിരുവാണി മലനിരകളും മലനിരകളുടെ തെക്കു വടക്കൻ ചരിവുകളും കുന്നുകളും ചേർന്ന് നീലഗിരി കുന്നുകളുടെ താഴ്വരവരെ നീണ്ടുകിടക്കുന്ന വിസ്തൃതമായ ഭൂപ്രദേശമാണ് ഷോളയൂർ പഞ്ചായത്ത്.

പഞ്ചായത്തിൻെറ തെക്ക് കിഴക്കേ അതിർത്തിയിലൂടെ തമിഴ്നാട് മേഖലയിൽ നിന്നും പഞ്ചായത്തിനെ വേർതിരിക്കുന്ന അതിർത്തി രേഖയാണ് കൊടുങ്കര പള്ളം. ഈ കൊടുങ്കരപ്പള്ളത്തിലൂടെ സമൃദ്ധമായി ജലം ഒഴുകിയിറങ്ങിയിരുന്നു എന്ന് പഴമക്കാർ ഓർമ്മിക്കുന്നു. ഇപ്പോൾ മഴക്കാലത്തുമാത്രം കൊടുങ്കരയിലൂടെ ചെറിയതോതിൽ ജലപ്രവാഹം കാണാം. പഞ്ചായത്തിൻെറ തെക്ക്കിഴക്കൻ മേഖലകളിൽ ഉണ്ടായിരുന്നുവെന്ന് പറയപ്പെടുന്ന നിബിഡവനങ്ങളെല്ലാം മൊട്ടക്കുന്നുകളായി മാറിയിരിക്കുന്ന കാഴ്ച ഈ പ്രദേശങ്ങളിൽ കാണാവുന്നതാണ്. മൂലഗംഗൽ, മേൽക്കാട്, വെച്ചപ്പതി, വെള്ളകുളം, അണക്കാട് തുടങ്ങിയ ആദിവാസി സങ്കേതങ്ങളിൽ കുറ്റിച്ചെടികളല്ലാതെ വൃക്ഷങ്ങളുടെ കൂട്ടത്തിൽ മറ്റൊന്നും അവശേഷിച്ചിട്ടില്ല. നിലവിൽ നീർച്ചാലുകൾ ഇവിടെ നിന്നും അരിച്ചിറങ്ങുന്നുണ്ടെങ്കിലും കൊടുങ്കരയിലെത്തുന്നതിന് മുമ്പ് തന്നെ വറ്റി പോകുന്നു. കോട്ടത്തറ, സാമ്പാർക്കോട്, മട്ടത്തു ക്കാട്, വട്ടലക്കി, ആനക്കട്ടി, കടമ്പാറ, തുടങ്ങിയ പ്രദേശങ്ങളിൽ ഉണ്ടായിരുന്ന വൃക്ഷങ്ങളും മറ്റും മുറിച്ചുമാറ്റപ്പെട്ടത് ഈ പ്രദേശങ്ങളിൽ മഴ കുറയുന്നതിനും ഒട്ടേറെ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനും കാരണമായി. കോട്ടത്തറയിലൂടെ ആനക്കട്ടി വരെയുള്ള ഈ പ്രദേശം ഇന്നൊരു മരുഭൂമിയുടെ പ്രതീതിയുളവാക്കിക്കൊണ്ടിരിക്കുന്നു.

അക്ഷാംശം 10° 4' നും 11° 24' വടക്കിനും രേഖാംശം 76° 28' നും 77° 29' 10" കിഴക്കിനും ഇടയിലാണ് ഷോളയൂർ പഞ്ചായത്ത് പ്രദേശങ്ങൾ.

പാലക്കാട് ജില്ലയുടെ വടക്കുകിഴക്കൻ മലനിരകൾക്കിടയിൽ തലയുയർത്തി നിൽക്കുന്ന ഒരു പറ്റം കുന്നുകളുടെ സമാഹാരമാണ് ഈ പ്രദേശം.

അതിർത്തി :

പടിഞ്ഞാറ് : അഗളി പഞ്ചായത്ത് പ്രദേശങ്ങൾ

കിഴക്ക് : തമിഴ്നാട് (വീരപാണ്ടി പഞ്ചായത്ത് പ്രദേശങ്ങൾ)

വടക്ക് : പുതൂർ പഞ്ചായത്ത് പ്രദേശങ്ങൾ, തമിഴ്നാട് വനമേഖല

തെക്ക് : തച്ചമ്പാറ പഞ്ചായത്ത് പ്രദേശങ്ങൾ.

പഞ്ചായത്തിൻെറ ആകെ വിസ്തൃതി 150.76 ചതുരശ്ര കി.മീറ്ററാണ്. സമുദ്രനിരപ്പിൽ നിന്നും ഏകദേശം 750 മീറ്ററോളം ഉയരത്തിൽ നിൽക്കുന്ന മലനാട് വിഭാഗത്തിൽപ്പെടുന്ന പ്രദേശമാണ് ഈ പഞ്ചായത്ത്. (Kerala Land Resources) ധാതുവിഭവങ്ങളുടെ ഒരു കലവറതന്നെയാണ് ഈ പ്രദേശമെന്ന് ജിയോളജി പഠനങ്ങൾ തെളിയിക്കുന്നു. ധാതുവിഭവങ്ങളിൽ ധാരാളമായുള്ളത് മാഗ്നസൈറ്റ്, അഭ്രം എന്നിവയാണ്. ഇവ വൻ വ്യവസായ സാധ്യതകളുള്ള അസംസ്കൃത പദാർത്ഥങ്ങളാണ്.

## ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് ഷോളയൂർ പഞ്ചായത്തിനെ അഞ്ച് ആയിതിരിക്കാം. ഇവ ഓരോന്നും വിസ്തൃതി അനുസരിച്ച് താഴെ പട്ടികയിൽ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | ഉയർന്ന സമതലം | 11,000 ഹെക്ടർ | 72.96% |
| 2. | ചെറുചെരിവ് | 1045 ഹെക്ടർ | 6.93% |
| 3. | സമതലം | 1800 ഹെക്ടർ | 11.94% |
| 4. | ജലാശയം | 30 ഹെക്ടർ | 0.20% |
| 5. | ചെങ്കുത്തായ ചെരിവ് | 1200 ഹെക്ടർ | 7.96% |

## മൺതരം

പഞ്ചായത്തിൻെറ തെക്കുപടിഞ്ഞാറ് ഭാഗത്തുള്ള പീഠസമതലങ്ങളിലും സമതലപ്രദേശങ്ങളിലും കുന്നിൻ ചരിവുകളിലും കട്ടികൂടിയ പശയുള്ള കറുത്ത മണ്ണും ചെങ്കുത്തായ കയറ്റങ്ങളിൽ ചെമ്മണ്ണ് കലർന്ന കറുത്ത മണ്ണുമാണുള്ളത്.

വടക്കുകിഴക്കൻ ഭാഗങ്ങളിലെ ചില പ്രദേശങ്ങളിൽ ചെമ്മണ്ണും ചുണ്ണാമ്പുകല്ലും ചരലും കലർന്ന മണ്ണുമാണുള്ളത്. ചുണ്ണാമ്പുകല്ല് കലർന്ന മണ്ണിൽ കാര്യമായ കൃഷിയൊന്നും നടക്കുന്നില്ല. ചില സ്ഥലങ്ങളിൽ ചുണ്ണാമ്പുകല്ല് എടുത്ത് ചുണ്ണാമ്പു നീറ്റുന്ന ചൂളകൾ കാണാം. ഉപരിതല മൺതരങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

| ഉപരിതല മൺതരങ്ങൾ | | |
|---|---|---|
| കളിമണ്ണ് | 11,000 ഹെക്ടർ | 72.97% |
| ചെമ്മണ്ണ് | 800 ഹെക്ടർ | 5.31% |
| ചുണ്ണാമ്പുകല്ല്, ചരൽ | 2200 ഹെക്ടർ | 14.59% |
| നദീതീര , എക്കൽ മണ്ണ് | 1075 ഹെക്ടർ | 7.13% |

## മണ്ണിൻെറ ഘടന :

കളിമണ്ണിൻെറ അംശം കൂടുതലുള്ള ലാറ്ററേറ്റ് മണ്ണാണ് പഞ്ചായത്തിലെ കോട്ടത്തറ, ഷോളയൂർ എന്നീ വില്ലേജ് പ്രദേശങ്ങളിലുള്ളത്. ഇതിൽ ഷോളയൂർ വില്ലേജ് പ്രദേശം മുഴുവൻ മേൽ പറഞ്ഞ മണ്ണാണ് ഉള്ളത്. ധാതു വിഭവങ്ങൾ ധാരാളം ഉൾക്കൊള്ളുന്ന പ്രദേശമാണ് കോട്ടത്തറ വില്ലേജ്. ഇവിടെ വൻ വ്യവസായ സാധ്യതകളുള്ള മാഗ്നസൈറ്റ് നിക്ഷേപങ്ങൾ ധാരാളമുള്ളതായി പഠനങ്ങളിൽ നിന്നും മനസ്സിലാക്കുന്നു.

## ജലലഭ്യത :

ശിരുവാണി നദീതട പ്രദേശങ്ങൾ ഉൾപ്പെടുന്ന പഞ്ചായത്താണിത്. ജനങ്ങൾ കുടിവെള്ളത്തിന് ചാലുകളെയും അരുവികളെയും പുഴയേയും ആശ്രയിക്കുന്നു. കിണറും, കുഴൽ കിണറും, ഇവിടെ ധാരാളമായി കുഴിക്കാവുന്നതാണെങ്കിലും നിലവിൽ ഇവ എണ്ണത്തിൽ വളരെ കുറവാണ്. ശിരുവാണി പുഴ കൂടാതെ 94-ഓളം ചെറുതോടുകളും നാല് ചാലുകളും പഞ്ചായത്തിലുണ്ട്. ഇവയെ ശാസ്ത്രീയമായ രീതിയിൽ തടയണകെട്ടിയും മറ്റും നിയന്ത്രിച്ചാൽ പഞ്ചായത്തിൻെറ കാർഷിക മേഖല മെച്ചപ്പെടുത്താനാകും.

കുടിവെള്ളത്തിനായി 90% ആളുകളും മേൽ പറഞ്ഞ ചാലുകളെയും തോടുകളെയുമാണ് ആശ്രയിക്കുന്നത്. ശുദ്ധീകരിക്കാതെ ഈ വെള്ളം കുടിക്കാനുപയോഗിക്കുന്നതുകൊണ്ട് ആളുകൾക്കിടയിൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നു. അടിയന്തരമായി ശ്രദ്ധ പതിപ്പിക്കേണ്ട ഒരു രംഗമാണിത്. ഈ പഞ്ചായത്തിൽ 95 - 96 വർഷത്തിൽ മാത്രം ശുദ്ധജലത്തിൻെറ അഭാവം നിമിത്തം പകർച്ച വ്യാധികൾ പിടിപെട്ടു 14 പേർ മരിക്കുകയും 25-ഓളം പേർ ചികിത്സയിലിരുന്ന കാര്യവും ഇവിടെ സ്മരണീയമാണ്.

### ഭൂവിനിയോഗം :

ഈ പഞ്ചായത്തിൽ ഇനി ഉപയോഗിക്കാതെ കിടക്കുന്ന തരിശുഭൂമിയുടെ വിസ്തൃതി ഏകദേശം 2675 ഹെക്ടറാണെന്ന് കേരള ഭൂവിനിയോഗ പഠന റിപ്പോർട്ടിൽ കാണുന്നു.

| | | |
|---|---|---|
| നശിപ്പിക്കപ്പെട്ട വനം | - | 518 ഹെക്ടർ |
| കുറ്റിച്ചെടികളുള്ള ഉപയോഗിക്കാത്ത തരിശു നിലം | - | 2157 ഹെക്ടർ |
| ആകെ തരിശുഭൂമി | - | 2675 ഹെക്ടർ |

ഈ തരിശുഭൂമിയെല്ലാം കൃഷിക്കനുയോജ്യമായ രീതിയിൽ ഉപയോഗിക്കുന്നതിന് സഹായകമായ പദ്ധതികൾ വിഭാവനം ചെയ്താൽ ഈ പഞ്ചായത്തിന്റെ കാർഷികോൽപാദനരംഗം പുഷ്ടിപ്പെടുത്തുവാൻ സാധിക്കും.

## ജലപ്രകൃതി

നമ്മുടെ പഞ്ചായത്തിൽ വർഷത്തിൽ ശരാശരി 2329 മി.മീ മഴ ലഭിക്കുന്നുണ്ട്. ജൂൺ ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴലഭിക്കുന്നത്. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഏറ്റവും കുറവും. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ മഴലഭിക്കുന്നത് ഷോളയൂർ വില്ലേജിലും കുറവ് മഴ ലഭിക്കുന്നത് കോട്ടത്തറ വില്ലേജിലുമാണ്.

ഷോളയൂർ പഞ്ചായത്തിലുൾപ്പെടുന്ന രണ്ട് വില്ലേജുകളാണ് ഷോളയൂർ, കോട്ടത്തറ എന്നിവ. ഈ രണ്ടു പ്രദേശങ്ങളിലും പ്രത്യേകം പ്രത്യേകം കാലാവസ്ഥ അനുഭവപ്പെടാറുണ്ട്. ഇവിടെ ലഭിക്കുന്ന മഴയുടെ അളവിലെ വ്യത്യാസം പട്ടികയിൽ കൊടുക്കുന്നു.

മഴയുടെ അളവ്(മില്ലീമീറ്ററിൽ)

| | | ജനു. | ഫെബ്രു. | മാർ. | ഏപ്രി. | മെയ്. | ജൂൺ. | ജൂലൈ | ആഗ. | സെപ്. | ഒക്ടോ. | നവ. | ഡിസ. |
|---|---|---|---|---|---|---|---|---|---|---|---|---|---|
| കോട്ടത്തറ | 92 | 3 | - | 11.5 | 56.7 | 57.5 | 96.9 | 58.9 | 7.7 | 8.5 | 12.28 | 6.12 | 7.2 |
| | 95 | 3 | - | 11.5 | - | 183.5 | 61.5 | 61.6 | 33.58 | 32 | 20.49 | 19.3 | - |
| ഷോളയൂർ | 92 | 6 | - | 20.5 | - | 260.5 | 120.8 | 115 | 66 | 64 | 38.6 | 39.0 | - |
| | 95 | 6 | - | 21.4 | - | 248.2 | 116.7 | 114 | 69 | 72 | 32.8 | 38.6 | 12 |

പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറേ മൂലയിൽ നിന്നാരംഭിച്ച് വടക്കോട്ടൊഴുകി തമിഴ് നാട്ടിലെത്തിച്ചേരുന്ന ശിരുവാണിപ്പുഴയാണ് പഞ്ചായത്തിലെ ജലസമ്പത്തിൽ ഒന്നാമത് നിൽക്കുന്നത്. 94-ഓളം തോടുകളും 4 അരുവികളും നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. തോടുകളുടെ ആകെ നീളം 20 കിലോമീറ്ററോളം വരും. 34 കുളങ്ങളും 128 കിണറുകളും ആണ് നമ്മുടെ പഞ്ചായത്തിലെ ഉപരിതല ജല സ്രോതസ്സുകൾ.

## ജനപ്രകൃതി

1991-ലെ സെൻസസ് കണക്കുകൾ പ്രകാരം ഷോളയൂർ പഞ്ചായത്തിലെ ജനസംഖ്യയിൽ 8533 പുരുഷന്മാരും 8408 സ്ത്രീകളുമാണുള്ളത്. സ്ത്രീകളുടെ എണ്ണത്തേക്കാൾ 125 പുരുഷന്മാർ മാത്രമേ പഞ്ചായത്തിൽ കൂടുതലുള്ളൂ. ആകെ വീടുകളുടെ എണ്ണം 4112 ആയിരുന്നു. 6 വയസ്സിന് താഴെയുള്ള കുട്ടികൾ 2237 ആണ്. ഇതിൽ ആൺകുട്ടികൾ 1107-ഉം പെൺകുട്ടികൾ 1130-ഉം ആണ്. ജനസാന്ദ്രത ഒരു ച.കി. മീറ്ററിന് 113 മാത്രമാണ്. പട്ടിക ജാതിയിൽപ്പെട്ട 1257 പേരുള്ളതിൽ 636 പേർ പുരുഷന്മാരും 621 പേർ സ്ത്രീകളുമാണ്. ആദിവാസി ജനസംഖ്യ 7591 ഉള്ളതിൽ 3803 പുരുഷന്മാരും 3788 സ്ത്രീകളുമുണ്ട്. ആകെ ജനങ്ങളിൽ 7132 പേർ സാക്ഷരരായി. ഇതിൽ 4026 പുരുഷന്മാരും 3106 സ്ത്രീകളും ഉൾപെടുന്നു.

1992-ലെ ആദിവാസി സാക്ഷരതാ പരിപാടികളുടെ ഭാഗമായി നടത്തിയ സർവ്വെ പ്രകാരം ആകെ ജനസംഖ്യ 18,449-ഉം അതിൽ പുരുഷന്മാർ 9318-ഉം സ്ത്രീകൾ 9131-ഉം ആണ്. ആകെ ജനസംഖ്യയിൽ 4386 പട്ടികജാതിയപട്ടിക വർഗ്ഗ പുരുഷന്മാരും 4189 പട്ടികജാതി പട്ടികവർഗ്ഗസ്ത്രീകളും ആണ്. മറ്റു വിഭാഗങ്ങളെല്ലാം കൂടി 4932 പുരുഷന്മാരും 4942 സ്ത്രീകളും ഉണ്ടായിരുന്നു. പഞ്ചായത്തിൽ ആകെ 13786 നിരക്ഷരർ ഉണ്ടായിരുന്നതിൽ ആദിവാസി സാക്ഷരതാ പദ്ധതി അടക്കം സാക്ഷരരാക്കിയവരുടെ പട്ടികയിൽ ഉൾപ്പെട്ടവർ 8539 പേർ ആണ്. 62.09 ശതമാനം സാക്ഷരരായി. (പട്ടിക കാണുക).

1996 നവംബറിൽ ജനകീയ ആസൂത്രണ പദ്ധതിക്ക് വേണ്ടി നടത്തപ്പെട്ട സാമൂഹ്യ സാമ്പത്തിക സർവ്വെ പഞ്ചായത്തിലെ രണ്ടു വാർഡുകളിൽ പൂർത്തീകരിക്കാൻ കഴിയാത്തതുകൊണ്ട് ലഭിച്ചതായ ഭാഗികമായ വിവരങ്ങൾ ഇവിടെ സൂചിപ്പിക്കുന്നില്ല.

വിദ്യാഭ്യാസ രംഗത്ത് പാലക്കാട് ജില്ലയിൽ വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശമാണ് ഷോളയൂർ പഞ്ചായത്ത്. പഞ്ചായത്തിൽ ആകെയുള്ള ഒരു ഹൈസ്കൂൾ അഗളി പഞ്ചായത്ത് അതിർത്തിയിലാണ് എന്നുള്ളതാണ് പ്രധാന പോരായ്മകളിലൊന്നായി എടുത്തുപറയാവുന്നത്. ആവശ്യമായ പഠനങ്ങൾക്ക് ശേഷം അർഹമായ സ്ഥലങ്ങളിൽ സ്കൂളുകൾ അനുവദിക്കുകയും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകൾ ആരംഭിക്കുകയും, അദ്ധ്യാപകർക്ക്

താമസ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്താൽ വിദ്യാഭ്യാസ രംഗത്തെ കുറെയേറെ പ്രശ്നങ്ങൾ

സാക്ഷരതാ സർവ്വെ - 1992 (ജനസംഖ്യ)


| വാർഡ് | 6 നു മുകളിൽ | | 0 - 6 | | ആകെ |
|---|---|---|---|---|---|
| | പു | സ്ത്രീ | പു | സ്ത്രീ | കുടുംബം |
| I | 986 | 841 | 96 | 102 | 654 |
| II | 527 | 636 | 182 | 79 | 376 |
| III | 679 | 664 | 97 | 89 | 449 |
| IV | 1254 | 1222 | 86 | 104 | 862 |
| V | 976 | 996 | 101 | 112 | 817 |
| VI | 874 | 987 | 78 | 83 | 518 |
| VII | 1059 | 965 | 104 | 95 | 532 |
| VIII | 789 | 654 | 79 | 102 | 372 |
| IX | 1112 | 1286 | 109 | 114 | 708 |
| ആകെ | 8466 | 8251 | 952 | 880 | 5288 |

പരിഹരിക്കപ്പെടും. ദുർഗ്ഗമങ്ങളായ ആദിവാസി സങ്കേതങ്ങളിൽ പുതിയതായി ഏകാധ്യാപക വിദ്യാലയങ്ങൾ ആരംഭിക്കുന്നത് നല്ലതാണ്.

വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൻെറ കാര്യത്തിൽ കാലാനുക്രമമായ നേരിയ പുരോഗതി ഉണ്ടെങ്കിലും പഠന നിലവാരത്തിൽ വളരെ പിന്നോക്കമാണ് ഈ പ്രദേശം. ഈ സ്ഥിതി വിശേഷം അടിയന്തിരമായി മാറ്റിയെടുക്കേണ്ടതുണ്ട്. മറ്റൊരു പ്രധാന പ്രശ്നം തൊഴിലില്ലായ്മയാണ്. തരിശ്ശായി കിടക്കുന്ന കൃഷിയിടങ്ങൾക്കുവേണ്ടി പ്രത്യേക പദ്ധതികൾ തയ്യാറാക്കി യുവാക്കളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുവാൻ തുടർന്ന് നടത്തപ്പെടുന്ന പദ്ധതികൾക്ക് കഴിയേണ്ടതാണ്. വ്യവസായ സംബന്ധമായ പരിശീലനങ്ങൾ കഴിഞ്ഞവരെ സംബന്ധിച്ച് നടത്തപ്പെട്ട പഠനങ്ങളിൽ നിന്നും പരിശീലനം ലഭിച്ചവർ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുണ്ടെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. അവർക്ക് പ്രോത്സാഹനങ്ങളും വേണ്ടതായ നിർദ്ദേശങ്ങളും സമയബന്ധിതമായി നൽകുവാൻ കഴിഞ്ഞാൽ സ്വയം തൊഴിൽ സംരംഭങ്ങൾ ധാരാളം ആരംഭിക്കുവാൻ സാധിക്കുന്നതാണ്. കൂടുതൽ വികസന സാധ്യതയുള്ള വ്യവസായ മേഖലകൾ ഗൗരവപൂർവ്വം ചർച്ചചെയ്യപ്പെടേണ്ടതാണ്.

ആദിവാസി ഭൂമിസംബന്ധമായ ഒട്ടേറെ പ്രശ്നങ്ങൾ ഈ പ്രദേശത്തുണ്ട്. പഞ്ചായത്ത് തലത്തിൽ കൃത്യമായി ആസൂത്രണം ചെയ്ത് വാർഡുതലത്തിൽ തന്നെ നിലവിലുള്ള ഭൂമിയുടെ കൈവശ റിക്കാർഡുകൾ പരിശോധിക്കപ്പെടേണ്ടതാണ്. (ഇതിനായി വില്ലേജ് ഓഫീസറുടേയും ഗ്രാമ സേവകൻെറയും മറ്റും സേവനം പ്രതീക്ഷിക്കാവുന്നതാണ്.) ഇതിന് വേണ്ടി പഞ്ചായത്ത് തലത്തിൽ ഒരു ജനകീയ സമിതി രൂപികരിക്കുകയാണ് അഭികാമ്യം. ആദിവാസികളിൽ നിന്ന് ഒറ്റിനെടുത്തും പാട്ടത്തിനെടുത്തും ഭൂമി കൈവശപ്പെടുത്തിയിട്ടുള്ള കർഷകരുടെ പേരും ഭൂമിയുടെ വിസ്തീർണ വിവരങ്ങളും നിലവിലുള്ള റിക്കാർഡുകളുടെ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്താവുന്നതാണ്. ഇത്തരത്തിൽ പട്ടികപ്പെടുത്തുന്ന ഭൂമികൾ ചർച്ചകളിലൂടെ സൗഹാർദ്ദപരമായ ഒരു അന്തരീക്ഷം നിലനിർത്തികൊണ്ട് തന്നെ ആദിവാസികൾക്ക് തിരികെ ലഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമാഹരിക്കാവുന്നതാണ്. അതോടൊപ്പം വൻകിട മുതലാളിമാർ വർഷങ്ങളായി കൈവശപ്പെടുത്തിയിരിക്കുന്ന വൻതോതിലുള്ള ഭൂമിയുടെ നിജസ്ഥിതിയും പരിശോധിക്കപ്പെടേണ്ടതാണ്. കൃത്യവും സത്യസന്ധവുമായ രീതിയിൽ ന്യായമായ വില കൊടുത്ത് ഭൂമികൾ വാങ്ങിയിട്ടുള്ള ഒട്ടേറെകർഷകർ ഈ മേഖലയിൽ ഉണ്ട് എന്നത് നിഷേധിക്കാനാവാത്ത ഒരു വസ്തുതയാണ്. ഈ പ്രശ്നം രമ്യമായി പരിഹരിക്കാത്തിടത്തോളം കാലം നിലവിലുള്ള സൗഹാർദ്ദാന്തരീക്ഷത്തിന് അത് കോട്ടം വരുത്തുകയും പ്രദേശത്തിൻെറ വികസനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുമെന്ന വസ്തുത ഗൗരവമായി കാണേണ്ടതാണ്.






# 5

# സാമൂഹിക സാമ്പത്തിക വികസന മേഖലകൾ

(i) ................................................ കൃഷിയും ജലസേചനവും

(ii) ................................................ സഹകരണം

(iii) ................................................ ഗതാഗതം

(iv) ................................ മൃഗപരിപാലനം, മത്സ്യബന്ധനം, കുടിവെള്ളം

(v) ................................................ വ്യവസായം

(vi) ................................................ പാർപ്പിടം

(vii) ................................................ ആരോഗ്യം

(viii) ................................................ സാമൂഹ്യക്ഷേമം

(ix) ................................................ വനിതാക്ഷേമം, സംസ്കാരം

(x) ................................................ ഊർജ്ജം

(xi) ................................................ വിഭവസമാഹരണം, വനം

(xii) ................................................ വിദ്യാഭ്യാസം

(xiii) ................................ പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം




# കൃഷിയും ജലസേചനവും

ഷോളയൂർ പഞ്ചായത്ത് തികച്ചും കാർഷിക ഗ്രാമങ്ങൾ. ഉൾക്കൊള്ളുന്ന ഒരു പഞ്ചായത്താണ്. ഇവിടുത്തെ ഭൂരിഭാഗവും ജനങ്ങളും കൃഷിയെ ആശ്രയിച്ചാണ് ഉപജീവനം നടത്തുന്നത്. ഇതിൽതന്നെ, പ്രധാനമായും മൂന്നുതരം കർഷകരുണ്ട്. അതായത്. വൻകിട കർഷകർ, ഇടത്തരം കർഷകർ, ചെറുകിട കർഷകർ എന്നിങ്ങനെ തരംതിരിക്കാം.

ഭൂപ്രദേശത്തിൻെറ സ്വഭാവം അടിസ്ഥാനപ്പെടുത്തി സമുദ്രനിരപ്പിൽനിന്നും 100 മീറ്ററിനും അതിനുമുകളിലും എന്നിങ്ങനെ തരം തിരിക്കാവുന്നതാണ്. സമുദ്രനിരപ്പിൽനിന്നു ഏറ്റവും കൂടുതൽ ഉയരത്തിൽ സ്ഥിതിചെയ്യുന്ന സ്ഥലം മുത്തികുളം ആണ്. 750ഓളം മീറ്റർ ഉയരത്തിൽ. പഞ്ചായത്തിൻെറ വടക്കുഭാഗത്ത് മാത്രമേ അൽപം സമതലപ്രദേശമുള്ളൂ. ബാക്കിയുള്ള തെക്ക്, കിഴക്ക്, പടിഞ്ഞാറ് ഭാഗങ്ങൾ മലകളും, കുന്നുകളും നിറഞ്ഞ ഭൂപ്രദേശമാണ്. അട്ടപ്പാടിയിലെതന്നെ ഏറ്റവും ഉയർന്ന പ്രദേശങ്ങളിൽ ഒന്നായ മുത്തികുളത്തുനിന്ന് ഉൽഭവിക്കുന്ന ശിരുവാണി പുഴ ഷോളയൂർ പഞ്ചായത്തിലെ 1, 3, 4 എന്നീ വാർഡുകളിലെ വെങ്കക്കടവ്, സാമ്പാർഗോഡ്, കാരയൂർ, കോട്ടത്തറ എന്നീ സ്ഥലങ്ങളിലൂടെ ഒഴുകി പുതൂർ പഞ്ചായത്തിലുള്ള കൂടപ്പട്ടി എന്ന സ്ഥലത്തു വെച്ച്, അട്ടപ്പാടിയുടെ വടക്കുപടിഞ്ഞാറെ അറ്റമായ സൈലൻറ് വാലിയിൽ നിന്ന് ഉൽഭവിച്ച് പടിഞ്ഞാറുനിന്ന് കിഴക്കോട്ടോഴുകുന്ന ഭവാനിപുഴയിൽചേരുന്നു. ഈ സംഗമത്തിനുശേഷം നേരേ ഈ നദി തമിഴ്നാട്ടിലേക്ക് ഒഴുകുന്നു. ഭൂരിഭാഗം. ഭൂവുടമസ്ഥരും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശമുളളവരാണ്. ആദിവാസികുടുംബങ്ങളിൽ ചിലരുടെയെങ്കിലും കൈവശം 2 മുതൽ 5 വരെ ഹെക്ടർ ഭൂമിയുണ്ട്.

ഭൂവിനിയോഗവിവരങ്ങൾ കാണിക്കുന്ന പട്ടിക

| ക്രമം | ഇനം | വിസ്തീർണ്ണം |
|---|---|---|
| 1. | നിലം | 75 - ഹെക്ടർ |
| 2. | പുരയിടം | 10,600 - ഹെക്ടർ |
| 3. | പുറംപോക്ക് | 400 - ഹെക്ടർ |
| 4. | കൃഷി യോഗ്യ തരിശ് | 600 - ഹെക്ടർ |
| 5. | കൃഷിയോഗ്യമല്ലാത്ത തരിശ് | 600 - ഹെക്ടർ |
| 6. | വനം | 8174 - ഹെക്ടർ |
| | ആകെ | 25849 - ഹെക്ടർ |

പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ആളോഹരി കൃഷിഭൂമിയുടെ സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. സംസ്ഥാന ശരാശരി 0.07 . ഹെക്ടർ ആണ്.

പഞ്ചായത്തിൽ നെൽകൃഷി വളരെ നാമമാത്രമായേയുള്ളൂ. പൂർണ്ണമായും മഴയെ ആശ്രയിച്ചുതന്നെയാണ് കൃഷി നടത്തുന്നത്. ജലസേചന സൗകര്യങ്ങൾ വളരെ അപര്യാപ്തമാണ്. പ്രകൃതിദത്തമായ ജലസ്രോതസുകൾ ധാരാളം ഉള്ള സ്ഥലമാണിത്. എന്നാൽ ഇവയെ ശാസ്ത്രീയമായി കൃഷിക്ക് അനുയോജ്യമാക്കുവാൻ ഉള്ള സംവിധാനങ്ങൾ നിലവിലില്ല. എന്നാൽ മുകളിൽ പറഞ്ഞ ജലസ്രോതസുകൾ എല്ലാം സാങ്കേതികമായി കൃഷിക്കുപയോഗപ്പെടുത്തിയാൽ ഈ

ഒരു സെൻറ്: 435 ചതുരശ്ര അടി (29X15) അടി. 40 ചതുരശ്ര മീറ്റർ (10X40) മീറ്റർ

## പച്ചക്കറി കൃഷിക്ക് ഒരു സഹായി (ഒരു സെൻറിന്)

| പച്ചക്കറി | കാലം | ഇനങ്ങൾ | വിത്ത് ഗ്രാം | അകലം സെ.മീ. | വിത്ത് നടുന്നതിൻറാഴം | ചെടികളുടെ എണ്ണം | വളങ്ങൾ: ചാണകം കെ. ജി. | വളങ്ങൾ: യൂറിയ ഗ്രാം. | വളങ്ങൾ: മസൂരി ഫോസ് | വളങ്ങൾ: MOP | വിളവ് Kg. |
|---|---|---|---|---|---|---|---|---|---|---|---|
| ചീര | എല്ലാ കാലത്തും | Co1, Co2, Co3, നാടൻ, അരുൺ, കണ്ണാറ ലേക്കൽ | 30 | 20x20 | .5cms | 1000 | 200 | 430 | 900g | 330g | 70 |
| വെണ്ട | ഫെബ്രു., മാർച്ച്, ജൂൺ, ജൂലൈ, ഒക്ടോ., നവം., | പൂസസവാനി, Co1, പൂസമാർക് മാലി, മഞ്ചാക് പത്മ, അർക്കാ അനാമിക്, കിരൺ, ആനകൊമ്പൻ | 35 | 60x30 | 2cms | 150 | 50 | 450 | 140g | 160g | 40 |
| പയർ | എല്ലാ കാലത്തും | ഫിലിപ്പൈൻസ്, പൂസ, ബർസ അരി, അർക്കഗരിമ, നാടൻ, കുരുത്തോല പയർ, മഞ്ചേരി | 60 | 40x15 | 3cms | 250 | 80 | 200 | 540g | 60g | 40 |
| വഴുതന | ജനു., ഫെബ്രു., മെയ്., ജൂൺ, സെപ്ത, ഒക്ടോ. | ബ്ലാക് ബ്യൂട്ടി, കരപ്പുരം വഴുതന, പർപ്പൾ ലോംഗ്, പൂസ പർപ്പൾ, സൂര്യ നാടൻ | 2 | 60x75 | .5cms | 300 | 80 | 650 | 720g | 120g | 60 |
| തക്കാളി | ജനു., മാർച്ച്, സെപ്ത, ഡിസം | പൂസ റൂബി, പൂസ ഏർലി, സാർപ്പ്, ശക്തി, എച്. എസ്. 101, | 2 | 60x60 | .5cms | 100 | 80 | 650 | 720g | 160g | 60 |
| മുളക് | മേയ്, ജൂൺ, ആഗസ്., സെപ്ത., ഡിസം. | ജ്വാല, ജ്വാലമുഖി, ജ്വാലസഖി, ഹംഗേറിയൻ വാക്സ്, വെള്ള നൊച്ചി, Co1, Co2 | 4 | 45x45 | .5cms | 200 | 80 | 680 | 720g | 160g | 40 |
| പാവൽ | ജനു., മാർച്ച്, ഏപ്രിൽ, ജൂൺ, ആഗസ്റ്റ്, സെപ്ത., ഡിസം | അർക്കാ പാരിത്, കോയമ്പത്തൂർ ലോംഗ്, പ്രിയ, എം. സി. 84 | 25 | 2x2mt. | 3cms | 30 | 80 | 600 | 450g | 160g | 60 |
| പടവലം | ജനു., മാർച്ച്, ഏപ്രിൽ, ജൂൺ, ആഗസ്റ്റ്, സെപ്ത., ഡിസം | കൗമുദി, നാടൻ, Co1, TAK | 16 | 2x2mt. | 2x3cms | 10 കുഴി | 80 | 600 | 450g | 160g | 60 |
| കുമ്പളം | ജനു., മാർച്ച്, ഏപ്രിൽ, ജൂൺ, ആഗസ്റ്റ്, സെപ്ത., ഡിസം | നാടൻ, Co1, TAK | 4 | 4.5x2mt. | 2x3cms | 5 കുഴി | 80 | 600 | 450g | 160g | 80 |
| വെള്ളരി | ജനു., മാർച്ച്, ഏപ്രിൽ, ജൂൺ, ആഗസ്റ്റ്, സെപ്ത., ഡിസം | നാടൻ, മുടിക്കാട് ലോക്കൽ | 5 | 2x1.5mt. | 2x3cms | 13 കുഴി | 80 | 600 | 450g | 160g | 80 |
| മത്തൻ | ജനു., മാർച്ച്, ഏപ്രിൽ, ജൂൺ, ആഗസ്റ്റ്, സെപ്ത., ഡിസം | അമ്പിളി, അർക്കചന്ദ്രൻ, അർക്കസൂര്യമുഖി, Co1, Co2 | 5 | 4.5x2mt. | 2x3cms | 5 കുഴി | 80 | 600 | 450g | 160g | 80 |

• ചീരക്ക് യൂറിയ പലതവണകളായി മേൽവളം നൽകുക. • മറ്റു പച്ചക്കറികൾക്ക് യൂറിയ 2 മുതൽ 3 വരെ തവണകളായി നൽകുക.

പഞ്ചായത്തിലുള്ള ഭൂരിഭാഗം സ്ഥലവും, (തരിശടക്കം) കൃഷിക്കുപയുക്തമാക്കാവുന്നതാണ്. മുൻകാലങ്ങളിൽ പഞ്ചായത്തിലെ കൃഷിഭൂമി അടക്കമുള്ള ഭൂമിമുഴുവനും വൻകിട ജന്മിമാരുടെ പക്കലായിരുന്നു. മൂപ്പിൽനായർ, ബാലഗോപാല പണിക്കർ എന്നിവരായിരുന്നു ഇതിൽ പ്രധാനികൾ.

ആകെ ഭൂമിയുടെ 1% നെൽകൃഷിചെയ്തിരുന്നു. അത്യുൽപാദനശേഷിയുള്ള വിത്തുകളുടെ ലഭ്യത ഇവിടെ വളരെകുറവായിരുന്നു. ഇവിടെ ഉപയോഗിച്ചിരുന്ന പഴയതരം വിത്തുകൾ, രാജകഴമ, പുഴുതി, ഐ.ആർ. 8, തൈനൻ 3 എന്നിവയാണ്.

നെൽകൃഷി ഇപ്പോൾ പൊതുവെ കുറഞ്ഞു വന്നിരിക്കുകയാണ്. ഇവിടുത്തെ കാലാവസ്ഥക്കനുസരിച്ച്, ജോതി, എ.പി.ഐ, ഐ.ആർ-50, എന്നീ വിത്തുകളാണ് ഉപയോഗിക്കുന്നത്.

ആദ്യകാലങ്ങളിൽ നെൽകൃഷിക്ക് ജൈവവളങ്ങളാണ് ഉപയോഗിച്ചിരുന്നത്. അതുപോലെ കരനെല്ലും കൃഷിചെയ്തിരുന്നു. കരനെല്ലിന് മൂപ്പ് കൂടുതലാണ്. അന്നേ കീടങ്ങളായ ചാഴി മുതലായവയെ അകറ്റുന്നതിന് രാവിലെ നെല്ലിൽ മഞ്ഞുതുള്ളികൾ നിൽക്കുമ്പോൾ ചാരമാണ് വിതറിയിരുന്നത്. എന്നാൽ ഇന്ന് നെൽകൃഷിക്കും രാസവളപ്രയോഗങ്ങളും, കീടനാശിനികളും ഉപയോഗിച്ചുവരുന്നു. ഇങ്ങിനെയുള്ള അമിതമായ രാസവള, കീടനാശിനിപ്രയോഗം കാരണം കീടങ്ങളെ നശിപ്പിച്ചിരുന്ന തവള, മീൻ, ഞവുണി, തുടങ്ങിയവയെ നശിപ്പിക്കുന്നു. യഥാർത്ഥത്തിൽ ഇവ കർഷകന്റെ മിത്രങ്ങളാണ്. നെൽകൃഷി ലാഭകരമല്ലാത്തതിനാൽ, പാടങ്ങളിൽ ഏത്തവാഴ, റോബസ്റ്റ് എന്നിവ കൃഷിചെയ്തു വരുന്നു.

ജലസേചന സൗകര്യത്തിനായി കൃഷിക്കാർതന്നെ തോടുകളിൽ അണകെട്ടി അതിൽനിന്നും വെള്ളം തിരിച്ചാണ് വയലുകൾ നനയ്ക്കുന്നത്.

ഈ പ്രദേശത്ത് ധാരാളമായി ചിലകാല വിളകളായ തേയില, കാപ്പി, ഏലം, കുരുമുളക്, തെങ്ങ്, കവുങ്ങ് തുടങ്ങിയവും ഹ്രസ്വകാലവിളകളായ, കപ്പ, ഇഞ്ചി, മഞ്ഞൾ, ചേമ്പ്, ചേന, കാച്ചിൽ, ചെറുകിഴങ്ങ്, കൂർക്ക, മധുരക്കിഴങ്ങ്, എന്നിവയും കൃഷിചെയ്യുന്നുണ്ട്. പച്ചക്കറികളായ, മത്തൻ, കുമ്പളങ്ങ, പാവക്ക, വെണ്ട, കത്രിക്ക, മുളക് തക്കാളി, പയറ്, മല്ലി, കടുക്, ചീര, പടവലങ്ങ, മുരിങ്ങ എന്നിവയും കൃഷിചെയ്യുന്നു. പച്ചക്കറി കൃഷിയെക്കുറിച്ചുള്ള ഒരു ചെറു വിവരണപട്ടിക മുകളിൽ ചേർത്തിരിക്കുന്നു.

ഇവിടുത്തെ കാലാവസ്ഥക്കനുയോജ്യമായിട്ടുള്ള കൃഷികളായ പരുത്തി, തുവര, ചോളം, റാഗി, ചാമ, ഉഴുന്ന്, മുതിര, നിലക്കടല, തുടങ്ങിയ ഹ്രസ്വകാല വിളകളും പരമ്പരാഗതമായ കൃഷിരീതികളിലൂടെയാണ് ഉത്പാദിപ്പിക്കുന്നത്.

ഈ പഞ്ചായത്തിൽ കാർഷികോൽപന്നങ്ങൾക്ക് വിപണനസൗകര്യം തീരെയില്ല. മദ്ധ്യവർത്തികളുടെ ചൂഷണത്താൽ കർഷകർ വളരെ അധികം ദുരിതം അനുഭവിക്കുന്നു. ഉൽപന്നങ്ങളുടെ യഥാർഥ വിലയുടെ പകുതിപോലും ഇവിടെ കർഷകർക്ക് ലഭിക്കുന്നില്ല. ഇവിടെ ധാരാളമായി കൃഷി ചെയ്യുന്ന ഹ്രസ്വകാലവിളകളായ തുവര, പരുത്തി, ചോളം, അമര, ഉഴുന്ന്, മുതിര മറ്റുപച്ചക്കറികൾ എന്നിവ വിറ്റഴിക്കുന്നത് അയൽ സംസ്ഥാനമായ തമിഴ് നാട്ടിലെ കോയമ്പത്തൂരിലാണ് എന്നാൽ ചെറുകിട കർഷകർക്ക് നേരിട്ടു കൊണ്ടു പോയി വിൽക്കുവാൻ വളരെ അധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

റബ്ബർ, കാപ്പി, കുരുമുളക്, ചുക്ക്, മഞ്ഞൾ, തേങ്ങ, അടക്ക, എന്നീ ചിലകാല വിളകൾ, മണ്ണാർക്കാടുള്ള മാർക്കറ്റിലാണ് വിറ്റഴിക്കുന്നത്. ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കർഷകരുടെ കാര്യത്തിൽ അതിവൃഷ്ടിയോ, അനാവൃഷ്ടിയോ മൂലം കൃഷിക്ക് പലപ്പോഴും മുടക്കുമുതൽ പോലും ലഭിക്കുമെന്ന് ഉറപ്പില്ലാത്തതിനാലും, രാസവളത്തിന്റെയും, കീടനാശിനികളുടെയും വിലക്കൂടുതൽ കാരണവും കർഷകർ വളരെ അധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. അതിനാൽ ഈ സമീപകാലത്തായി കർഷകർ ക്ഷീര ഉൽപാദന വിപണന രംഗത്ത് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയാണ്.

## ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 25,849 ഹെക്ടർ ആണ്. ഇതിൽ പീഠസമതലം, ചെങ്കുത്തായ കുന്ന്, കുന്നിൻ ചരിവുകൾ, താഴ്വരകൾ, സമതലങ്ങൾ, ചതുപ്പുനിലങ്ങൾ, എന്നിങ്ങനെയാണ് ഉള്ളത്. ഇതിന്റെ വിശദവിവരങ്ങൾ കാണിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക -2 ഭൂപ്രകൃതി

| നമ്പർ | ഭൂപ്രകൃതി | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1. | താഴ്വര | 800 ഹെ. | 5.38 % |
| 2. | തീരപ്രദേശങ്ങൾ | - | - |
| 3. | കുന്നിൻചെരിവുകൾ | 1045 " | 6.93 " |
| 4. | ചെങ്കുത്തായ ചരിവ് | 1200 " | 7.96 " |
| 5. | പീഠസമതലം | 1800 " | 11.94 " |
| 6. | സമതലം | 10,200 " | 67.58 " |
| 7. | ജലാശയം | 30 " | 0.20 " |
| 8. | തുരുത്ത് | - | - |

പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറു ഭാഗത്തുള്ള പീഠസമതലങ്ങളിലും സമതലപ്രദേശങ്ങളിലും, കുന്നിൻ ചരിവുകളിലും കട്ടികൂടിയ കറുത്ത മണ്ണും ചെങ്കുത്തായ കയ

റ്റങ്ങളിൽ ചെമ്മണ്ണ് കലർന്ന കറുത്ത മണ്ണുമാണുള്ളത്.

വടക്കുകിഴക്കൻ ഭാഗങ്ങളിൽ കാണുന്ന ചില ഭാഗങ്ങളിൽ ചെമ്മണ്ണും, മിക്ക സ്ഥലങ്ങളിലും ചുണ്ണാമ്പുകല്ലും, ചരലും കലർന്ന മണ്ണുമാണുള്ളത്. ചുണ്ണാമ്പുകലർന്ന മണ്ണിൽ കാര്യമായ കൃഷിചെയ്യുന്നില്ല. ചില സ്ഥലങ്ങളിൽ ചുണ്ണാമ്പുകല്ലെടുത്ത് ചുണ്ണാമ്പു നീറ്റുന്ന ചൂളകൾ കാണാം. ഇവ കാർഷികമായ ഉപയോഗത്തിൻെറ ഫലപ്രദമല്ല.

### വളം

സഹകരണമേഖലയിൽ രണ്ട് പഞ്ചായത്തിൻെറ അതിർത്തി പ്രദേശമായ തമിഴ്നാടിനോട് ചേർന്ന ആനക്കട്ടിയിൽ ഒരു വള വിപണനകേന്ദ്രമാണുള്ളത്. ആവശ്യമായ വളങ്ങൾക്കായി തമിഴ്നാടിനെ ആശ്രയിക്കേണ്ടിവരുന്നു. സഹകരണ മേഖലയിലുള്ള രണ്ടെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഇവിടെ ആകെ ഉപയോഗിക്കുന്നതിൻെറ 80%വും രാസവളങ്ങളാണ്. വളരെ ദുർലഭമായിമാത്രമേ ജൈവവളം ഉപയോഗിക്കുന്നുള്ളു. ഇത് ശാസ്ത്രീയരീതിയിലല്ല ഉപയോഗിക്കുന്നത്. കൃഷിക്കാരൻെറ യുക്തിക്കനുസരിച്ചാണ് വളപ്രയോഗം ചെയ്തുകൊണ്ടിരിക്കുന്നത്. അതിനാൽ കൃഷി ചിലവിൽ അനാവശ്യമായ വർദ്ധനവുണ്ടാവുന്നു. ഇവിടെ നാളിതുവരെ മണ്ണുപരിശോധയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം നടന്നിട്ടില്ല. ഇവിടെ വളരെ അധികം ആടുമാടുകളെ കൃഷിക്കാർ വളർത്തുന്നുണ്ട്. എന്നാൽ അവയിൽ നിന്നും ലഭിക്കുന്ന ജൈവവളം കൃഷിക്കുപയോഗിക്കുന്നതിനാവശ്യമായ പരിജ്ഞാനം അവർക്ക് ലഭിച്ചിട്ടില്ല. കൃഷിഭവൻ നിലവിൽ വന്നതിന്ശേഷം നടത്തിയ ലഭ്യമായ വളം വിൽപനയുടെ വിശദവിവരം താഴെ ചേർക്കുന്നു.

വളത്തിൻെറ ഉപയോഗം

| വർഷം | യൂറിയ | നൈട്രജൻ ($N_2$) | ഫോസ്ഫേറ്റ്(P) | പൊട്ടാഷ് |
|---|---|---|---|---|
| 91-92 | 18 ടൺ | 9 ടൺ | 6 ടൺ | 11 ടൺ |
| 92-93 | 26 ടൺ | 7 ടൺ | 7 ടൺ | 16 ടൺ |
| 93-94 | 34 ടൺ | 16 ടൺ | 31 ടൺ | 21 ടൺ |
| 94-95 | 51 ടൺ | 21 ടൺ | 36 ടൺ | 24 ടൺ |
| 95-96 | 90 ടൺ | 19 ടൺ | 28 ടൺ | 29 ടൺ |
| 96 ഇത് വരെ | 109 ടൺ | 17 ടൺ | 12ടൺ | 19 ടൺ |

### കീടനാശിനികൾ.

നെല്ല്, പച്ചക്കറികൾ, പരുത്തി, തുവര, വാഴ, ഇഞ്ചി, എന്നീ ഹ്രസ്വകാല വിളകൾക്കും, കാപ്പി, കുരുമുളക്, തെങ്ങ്, കവുങ്ങ്, റബ്ബർ, തേയില, ഏലം, എന്നീ ചിലകാല വിളകൾക്കുമാണ് കീടനാശിനികൾ ഉപയോഗിച്ചുവരുന്നത്. ഇതിൽ എസ്റ്റേറ്റ് മേഖലകളിൽ ഒഴികെ മറ്റു കൃഷിയിടങ്ങളിൽ ശാസ്ത്രീയമായരീതിയിലല്ല ഇവയുടെപ്രയോഗം. ഉദാ:- തുരിശും, കുമ്മായവും കൊണ്ടുണ്ടാക്കുന്ന ബോർഡോമിശ്രിതം ശരിയായരീതിയിലാണോ ഇവ യോജിപ്പിച്ചിരിക്കുന്നത്, ഈ മിശ്രിതം ഗുണനിലവാരമുള്ളതാണോ എന്ന് മനസ്സിലാക്കുന്നതിന് അടിസ്ഥാനപരമായി സംവിധാനമില്ല. കൃഷിക്കാരുടെ അറിവില്ലായ്മ ഇതിനൊരു കാരണമാണ്. കീടനാശിനികൾ ലഭിക്കുന്നതിന് ഈ പഞ്ചായത്തിൽ ഒരു വിൽപന കേന്ദ്രവുമില്ല. ഇതിനായി അയൽസംസ്ഥാനത്തെ ആശ്രയിക്കണം.

### കാർഷികോപകരണങ്ങൾ

കഴിഞ്ഞ 1994-95, 95-96 വർഷത്തിൽ ഈ പഞ്ചായത്തിൽ കൃഷിഭവൻ മുഖേന നൽകിയിട്ടുള്ള ഉപകരണം ഓരോന്നും വാർഡുതിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

| വാർഡ് നമ്പർ | ട്രാക്ടർ | കലപ്പ ഇരുമ്പ് | റോക്കർ സ്പ്രേയർ | നാപ്സ് സ്പ്രേയർ | പവർ സ്പ്രേയർ | മൺവെട്ടി | കൊത്ത് |
|---|---|---|---|---|---|---|---|
| 1 | - | - | - | - | - | - | - |
| 2 | - | - | - | - | - | - | - |
| 3 | - | 9 Nos. | - | - | 1 | 15 | 20 |
| 4 | - | 3 Nos. | - | - | - | 5 | 10 |
| 5 | Farming Soc. | 21 Nos. | - | - | - | 42 | 60 |
| 6 | - | 3 Nos. | - | - | - | 7 | 10 |
| 7 | - | - | 1 | - | - | - | - |
| 8 | - | - | 1 | - | 1 | - | - |
| 9 | - | - | - | 2 | - | 1 | - |
| Total | 1 No. | 36 Nos. | 2 | 2 | 2 | 70 | 100 |

## കൂലിനിരക്ക്

ഈ പഞ്ചായത്തിൽ പുതിയ സർവെ അനുസരിച്ച് ആകെ 5288 കുടുംബങ്ങളാ ണുള്ളത്. ഇതിൽ 35% കൃഷിയെ മുഖ്യ ഉപജീവനമാർഗ്ഗമായി ആശ്രയിക്കുന്നവരും 20% എസ്റ്റേറ്റ് മേഖലയിൽ തൊഴിൽ ചെയ്യുന്നവരും, 15% കർഷകതൊഴിലാളികളും, 15% വൃദ്ധന്മാരും കുട്ടികളുമായ തൊഴിൽരഹിതരും, 5% കച്ചവടം, വ്യാപാരം മുതലായ തൊഴിൽ ചെയ്യുന്നവരും 5% സർക്കാർ/പൊതുമേഖല/അർദ്ധസർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ ഭാഗികമായോ അല്ലാതെയോ തൊഴിൽ ചെയ്യുന്നവരും 5% നിർമ്മാണ പ്രവർത്തനങ്ങളായ കെട്ടിടംപണി, മരപണികൾ, ചെങ്കൽചൂളപ്പണി എന്നിവയിൽ വ്യാപൃതരായിരിക്കുന്നവരുമാണ്. കൂലിനിരക്ക് കാണിക്കുന്ന പട്ടിക താഴെ ചേർക്കുന്നു.

| | സ്ത്രീ | പുരുഷൻ |
|---|---|---|
| എസ്റ്റേറ്റ് | 49.5 | 49.5 |
| കർഷകത്തൊഴിലാളി | 40 - 45 | 60 - 70 |
| നിർമ്മാണതൊഴിലാളി | 45 - 50 | 65 - 75 |
| മരപ്പണി | - | 125 - 150 |
| ചെങ്കൽചൂള | 50 - 60 | 75 - 90 |

## കാർഷികവായ്പ

മൂന്ന് സഹകരണസ്ഥാപനങ്ങളടക്കം 4 വായ്പാ ഏജൻസികളാണ് ഈ പഞ്ചായത്ത് പരിധിയിലുള്ളത്. ഇതിൽ

ഈ പ്രദേശത്തെ കാർഷിക കലണ്ടർ :-

| വിളയുടെ പേര് | നിലമൊരുക്കൽ/വിത്തിറക്കൽ | വളപ്രയോഗം/കളപറിക്കൽ | വിളവെടുപ്പ് സമയം |
|---|---|---|---|
| നെല്ല് 1-ാം വിള | മാർച്ച് / ഏപ്രിൽ | അടിവളമായി - ചാണകം പച്ചില മെയ്യ് / ജൂൺ മാസങ്ങളിൽ 2-ാം വളം, കളപറി | 120 ദിവസം |
| നെല്ല് 2-ാം വിള | ഓഗസ്റ്റ് / സെപ്തംബർ | അടിവളമായി ചാണകം / പച്ചില വളം - സെപ്റ്റംബർ / ഒക്ടോബർ 2-ാം വളപ്രയോഗം / കളപറിക്കൽ | 120 ദിവസം |
| നെല്ല് 3-ാം വിള | ഡിസംബർ / ജനുവരി | അടിവളം - ചാണകം, പച്ചിലവളം, ജനുവരി / ഫെബ്രുവരി മാസങ്ങളിൽ 2-ാം വളപ്രയോഗം | 90 ദിവസം |
| ചോളം | ജൂൺ / ജൂലൈ | അടിവളം ഇല്ല. വളപ്രയോഗം ജൂൺ/ജൂലൈ/ആഗസ്റ്റ് | 4 മാസം |
| നില-ക്കടല | ഏപ്രിൽ / മെയ് | അടിവളം 200 കിലോ ജിപ്സം/ഹെക്ടർ മെയ്/ജൂൺ 2-ാം വിള ഡിസ., ജനു., ഫെബ്രു., മാർ. | 4 മാസം |
| തുവര | മെയ്/ജൂൺ | അടിവളം - കോംപ്ലെക്സ് ജൂൺ-ജൂലൈ 2-ാം വളം ഇല്ല | 10 മാസം |
| പരുത്തി | ജൂൺ/ജൂലൈ (4 മുതൽ 6 തവണ കീടനാശിനി തളിക്കണം) | അടിവളം - കോംപ്ലെക്സ് കളപറി 2-ാം വളം - യൂറിയ ആഗ., സെപ്ത. 45 ദിവസം കഴിഞ്ഞ് | 8 - 9 മാസം |
| തെങ്ങ് | ഒരു മാസം മുമ്പ് കുഴിയെടുക്കണം ജൂൺ/ജൂലൈ | ചാണകം അടിവളം - ഒരു വർഷത്തിന് ശേഷം - എല്ലാ വർഷവും, ജൂൺ, ജൂലൈ, സെപ്ത., ഒക്ട., വളപ്രയോഗം | 18-മാസം മുതൽ വിളവെടുപ്പ് |
| ചാമ | ജൂൺ/ജൂലൈ | അടിവളം ഇല്ല ജൂലൈ/ആഗസ്റ്റ് | 6 മാസം |
| വാഴ | ഓഗ./സെപ്. മാസങ്ങളിൽ (കുമ്മായം ചേർക്കണം) | അടിവളം, ആട്ടിൻ കാഷ്ഠം പൊടിച്ച് ചേർക്കണം 2 മാസത്തിനുശേഷം ഫാക്ടംഫോസ് ആവശ്യമെങ്കിൽ ഇടക്കിടെ ചേർക്കാം. വെള്ളം ഒരു ദിവസം ഇടവിട്ട് 35 ലിറ്റർ. | 10 - 12 മാസം |
| കാപ്പി | ആറ് മാസം മുമ്പ് കുഴി കുത്തണം ജൂൺ / ജൂലൈ മാസങ്ങളിൽ നടുന്ന (1 x 1 x 1 വീ. നീതാ.) | അടിവളമായി ചാണകം ചേർക്കുന്നു. 6 മാസത്തിനുശേഷം വളപ്രയോഗം : ബോഡോമിശ്രിതം, അശനി എന്നീ കീടനാശിനികൾ ഉപയോഗിക്കുന്നു. | 3-ാം വർഷം വിളവ് ലഭിക്കാൻ തുടങ്ങും. |

## വിവിധ വിളകളുടെ ഉൽപാദന ക്ഷമത

വിളകളുടെ പേരുകളും ഒരു ഹെക്ടറിൽ നിന്ന് ലഭിക്കുന്ന വിളവും

| | |
|---|---|
| നെല്ല് | 5 ടൺ |
| പരുത്തി | 20 കി.|
| തുവര | 12.5 കി. |
| തേങ്ങ | 2800 എണ്ണം |
| അടയ്ക്ക | 4,40,000 എണ്ണം |
| കുരുമുളക് | 2.2 ടൺ |
| കാപ്പി | 1250 കി. |
| നിലക്കടല | 2500 കി. |
| ഏത്തവാഴ (2500 വാഴ) | 20,000 കി. |
| റോബസ്റ്റ (3000 വാഴ) | 75,000 കി. |
| കപ്പ (1200 മൂട്) | 61,725 കി. |
| ഇഞ്ചി | 75 കി. |
| മഞ്ഞൾ "ഉണക്ക" | 5 കി. |
| കശുവണ്ടി | 1920 കി. |
| റബ്ബർ | 1600 കി. |
| മാങ്ങ (125 മാവ്) | 25,000 കി. |
| ചക്ക (125 പ്ലാവ്) | 3125 എണ്ണം |
| കരിമ്പ് | 75 ടൺ |

പച്ചക്കറി

വിളയുടെ പേര് ഉൽപാദനക്ഷമത ഹെക്ടറിൽ

| | |
|---|---|
| തക്കാളി | 12.5 ടൺ |
| മുളക് "ഉണക്ക" | 13 കി. |
| വെണ്ടക്ക | 12.5 ടൺ |
| ഉള്ളി (ചെറുത്) | 7.5 ടൺ |
| വഴുതിന | 4.5 ടൺ |

രണ്ട് ഗിരിജൻ സർവ്വീസ് സഹകരണ സംഘങ്ങളും, ഒരു ഫാർമേഴ്സ് ബാങ്കും, ദേശസാൽകൃത ബാങ്കായ കാനറാബാങ്ക് ശാഖയുമാണ് നിലവിലുള്ളത്. ഇതിൽ ഷോളയൂർ ഫാർമേഴസ് സർവ്വീസ് സഹകരണ ബാങ്ക് ഏകദേശം നിർജ്ജീവമായ അവസ്ഥയിലാണ്. കൂടാതെ പഞ്ചായത്തിന് പുറത്തുള്ള, മണ്ണാർക്കാട് കാർഷിക ഗ്രാമ വികസന ബാങ്ക്, അഗളിയിലുള്ള ഹരിജൻ സർവ്വീസ് സഹകരണ സംഘം, SBT-AGALI BRANCH, കോട്ടത്തറയിലെ കാനറ ബാങ്ക് എന്നീ ഏജൻസികളാണ് കാർഷിക വായ്പാവിതരണം നടത്തുന്നത്.

ഈപ്രദേശത്തെ കാർഷിക കലണ്ടർ മുകളിൽ ചേർത്തിരിക്കുന്നു.

### സഹകരണം

ഷോളയൂർ പഞ്ചായത്തിൽ രൂപം കൊണ്ട സഹകരണ സംഘമാണ് ഹിരിജൻ ഫാർമേഴ്സ് സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ P. 496. ആദിവാസി ഉന്നമനത്തിനായി 1961 രൂപം കൊണ്ട സംഘത്തിന് 1459 അംഗങ്ങളുണ്ട് കാർഷിക വായ്പകൾ നൽകി നല്ല രീതിയിൽ കൃഷികൾ ചെയ്യുവാൻ വേണ്ട സഹായങ്ങൾ ചെയ്തിരുന്നു. തുടർന്ന് ഇതുപോലൊരു ഗിരിജൻ സർവ്വീസ് സഹകരണ സംഘം കോട്ടത്തറയിലും 1962-63 കാലഘട്ടത്തിൽ ആരംഭിച്ചു 1965 ൽ കോട്ടത്തറയിൽ തന്നെ ക്ഷീരവ്യവസായ സഹകരണ സംഘവും 1974-ൽ ഷോളയൂർ ഫാർമേഴ്സ് സഹകരണ സംഘവും 1977-ൽ ഷോളയൂരിൽ ക്ഷീരവ്യവസായ സഹകരണ സംഘവും 1980-85 ൽ വട്ടലക്കിയിൻ ഫാംമിഗ് സഹകരണസംഘവും 1979-ൽ കത്തല കണ്ടി യിൽ ഗിരിവർഗ്ഗ കൈത്തറി വ്യവസായ സഹകരണവും, ചന്ദന തിരി സഹകരണ സംഘവും പെട്ടിക്കല്ലിൽ 1995-ൽ ക്ഷിരഉത്പാദകസഹകരണസംഘവും 1995-ൽ തന്നെ കുറവൻ പാമ്പിയിൽ ക്ഷീരഉത്പാദക സഹകരണ സംഘവും 1996-ൽ വെള്ളക്കുളത്ത് ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘവും ആരംഭിച്ചു. ആകെ പഞ്ചായത്തിൽ 9 വാർഡുകളിലായി 12 സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ അഗളി ഫാമിംഗ് സൊസൈറ്റി വക വരടിമലയിൽ ഫാം എസ്റ്റേറ്റും പ്രവർത്തിക്കുന്നു. ഷോളയൂർ സർവ്വീസ് കോ-ഓപറേറ്റീവ് സഹകരണ സംഘം ഗിരിവർഗ്ഗക്കാർക്ക് കാർഷിക കടങ്ങൾ കൊടുത്ത് കൃഷിക്കാരായവരെ സഹായിക്കുകയായിരുന്നു. സംഘം കൊടുക്കന്ന വായ്പയൊന്നും തിരിച്ചടവില്ലാതെ സംഘത്തിന് വൻ ബാധ്യതയാവുകയും പ്രവർത്തനം നിശ്ചലമാവുകയും ചെയ്തു. സംഘത്തിനു ഇപ്പോൾ സംഘത്തിൻെറ കൺസ്യൂമർ സ്റ്റോറും മലഞ്ചരക്ക് സാധനങ്ങൾ എടുക്കലും മാത്രമെ നടക്കുന്നുള്ളു. ഈ സംഘത്തിനു ഏകദേശം 1459 ഓഹരിക്കാരുണ്ട്.

കോട്ടത്തറ : കോട്ടത്തറ ഗിരിജൻ സർവ്വീസ് സഹകരണ സംഘം തീർത്തും പ്രവർത്തിക്കുവാൻ പറ്റാതെ സ്തംഭനാവസ്ഥയിലാണ്. അടവുകൾ തിരിച്ച് വരാത്തതുമൂലം പണമിടപാടുകളൊന്നും നടക്കുന്നില്ല . ഏകദേശം 200 ഓഹരിക്കാരുണ്ട്.

ഷോളയൂർ : ഷോളയൂർ ഫാർമേഴ്സ് സഹകരണ സംഘത്തിൽ കൃഷിവായ്പകൾ, ഗോൾഡ് ലോൺ, വളം, മരുന്ന്, IRDP ലോണുകൾ എന്നിവകൊടുത്തു കൃഷിക്കാരെ സഹായിച്ചിരുന്നതാണ്. വരൾച്ചയും, കാലവർഷക്കെടുതിയും, മാറിമാറി വന്ന ഭരണ സമിതിയുടെ അനാസ്ഥയും കൃഷികാർ എടുത്തിട്ടുള്ള വായ്പകൾ കൃത്യമായി തിരിച്ചടവുകൾ

നൽകാതെയും സംഘത്തിൻെറ പ്രവർത്തനം ഏകദേശം 10 വർഷമായി നിലച്ചിരിക്കുകയാണ്. ഏകദേശം പന്തീരായിരത്തോളം ജനങ്ങൾ വസിക്കുന്ന ഈ പ്രദേശത്ത് ബാങ്കുകളൊ പണമിടപാടുകളോ നടത്താൻ യാതൊരു സ്ഥാപനങ്ങളുമില്ലാതെ ജനങ്ങൾ വല്ലാതെ കഷ്ടപെടുന്നു . ആയത് എത്രയും വേഗം പരിഹരിക്കേണ്ടതാണ്.

## പരിഹാരങ്ങൾ

1. ഗിരിജൻ ഫാർമേഴ്സ് സംഘം :

ആവശ്യമായ ഫണ്ടുകൾ ജില്ലാ ബാങ്കിൽനിന്ന് ലഭ്യമാക്കുക. ആദിവാസികൾക്ക് നിലവിലുള്ള കടങ്ങൾ എഴുതിത്തള്ളുക. ഇനി കൊടുക്കുന്ന കടങ്ങൾ ഈടാക്കി എടുക്കുവാൻ കർശന നടപടി എടുക്കുക. ആവശ്യമുള്ള വായ്പകൾ സമയാസമയങ്ങളിൽ നൽകുകയും വിത്ത്, വളം, മരുന്ന്, കൃഷി ഉപകരണങ്ങൾ എന്നിവ ന്യായമായ വിലയിൽ എത്തിച്ചുകൊടുക്കുക. കൃഷിക്ക് എടുക്കുന്ന വായ്പകൾ കൃത്യമായും കൃഷിക്ക് ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന് അന്വേഷണം നടത്തുക. സംഘം ഇപ്പോൾ നടത്തികൊണ്ടിരിക്കുന്ന കൺസ്യൂമർ സ്റ്റോറിനും മലഞ്ചരക്ക് കച്ചവടത്തിനും വണ്ടത്ര ഫണ്ടും അനുവദിച്ച് കൊടുക്കുക. ഇവയെല്ലാം സംഘത്തിൻെറ നടത്തിപ്പിന് സഹായകങ്ങളാകും.

2. കോട്ടത്തറ ഗിരിജൻ ഫാർമേഴ്സ് സംഘം :

സംഘത്തിൻെറ പ്രവർത്തനം ഊർജിതപെടുത്തുവാൻ ആവശ്യമായ ഫണ്ട് അനുവദിച്ചു കൊടുക്കുക. ആദിവാസികളുടെ കാർഷിക കടങ്ങൾ എഴുതി തള്ളുക സംഘത്തിൻെറ കീഴിൽ ഒരുവനിതാ യൂണിറ്റ് തുടങ്ങുകയും കാർഷിക ഉൽപന്നങ്ങൾ സമാഹരിച്ച് പായ്കറ്റുകളിലാക്കി മാവേലി സ്റ്റോർ, ഹോസ്റ്റലുകൾ പോലുള്ള സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുവാനുള്ള ഫണ്ട് അനുവദിച്ച് കൊടുക്കുകയാണെങ്കിൽ സംഘത്തിൻെറ പ്രശ്നം പരിഹരിച്ച് സുഖമമായി നടത്തുവാൻ സഹായകമായിരിക്കും.

3. കത്താളകണ്ടി ഫാർമേഴ്സ് സംഘം :

ഈ സംഘത്തിൽ നിലവിൽ ഓവർ ഡ്യൂവായി നിൽക്കുന്ന കടങ്ങൾ പലിശരഹിത ഗഡുക്കളായി ഈടാക്കുകയും കൃഷിക്കാർക്ക് ആവശ്യമായ കാർഷിക കടങ്ങളും വിത്ത്, വളം, കീടനാശിനി, കൃഷി ഉപകരണങ്ങൾ, സ്വർണ്ണ ഫണ്ട് വായ്പകൾ എന്നിവകൊടുത്ത് സഹായിക്കുക. പഞ്ചായത്ത് ഫണ്ടുകൾ, കൃഷിഭവൻ മുഖേനയുള്ള ഫണ്ടുകൾ ഫാർമേഴ്സ് കോ:ഓപ്പറേറ്റീവ് ബാങ്ക് മുഖേന വിനിയോഗിക്കുക. വർഷത്തിലൊരിക്കൽ സംഘത്തിൻെറ പൊതുയോഗം നിർബന്ധമാക്കുകയും പഞ്ചായത്ത് പ്രതിനിധികൾ കൃഷി ഓഫീസർ, കോപ്പറേറ്റീവ് ഇൻസ്പെക്ടർ, ഭരണ സമിതി അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. കൃഷിക്കാർ ഉത്പാദിപ്പിക്കുന്ന ഉൽപന്നങ്ങളെല്ലാം സംഘം ഏറ്റെടുത്ത് വിപണികൾ കണ്ടെത്തി വിൽക്കേണ്ടതും കൃഷിക്കാർക്ക് ന്യായമായ വില കിട്ടുവാൻ വേണ്ടതു ചെയ്യേണ്ടതുമാണ്. സംഘത്തിന് കടം വസൂൽ ചെയ്യുവാൻ ഇതുമുഖേന വളരെ സഹായവുമായിരിക്കും. ജനങ്ങളുടെ ബുദ്ധിമുട്ടുകളെ കണക്കിലെടുത്ത് സംഘത്തെ അടച്ചുപൂട്ടാതെ വേണ്ടതായ സത്വര നടപടികൾ എടുത്ത് കൃഷിക്കാർക്ക് എല്ലാ സഹായങ്ങളും ചെയ്യേണ്ടതാണ്.

4. ക്ഷീരവ്യവസായ സംഘങ്ങൾ

കറവയെ മാത്രം ആശ്രയിച്ചു കഴിയുന്ന പാവപ്പെട്ടവർക്കും, കൃഷിക്കാർക്കും പുൽകൃഷിചെയ്യുന്നതിനുള്ള എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുക. കാലിത്തീറ്റ സബ്സീഡി നിരക്കിൽ എല്ലാവർക്കും എത്തിച്ചുകൊടുക്കുക. സംഘങ്ങൾക്ക് ആവശ്യമായ ക്യാനുകൾ, മറ്റുപകരണങ്ങൾ, കെട്ടിടങ്ങൾ (ഇല്ലാത്ത സംഘങ്ങൾക്ക് കെട്ടിടം സൗജന്യമായി) എല്ലാവർക്കും തൊഴുത്ത്, മൃഗാശുപത്രി ഇല്ലാത്ത സ്ഥലങ്ങളിൽ സബ്സെൻററുകൾ, ഡോക്ടർ ഇല്ലാത്ത കേന്ദ്രങ്ങൾക്ക് ഡോക്ടർ, മൃഗചികിത്സക്ക് ആവശ്യമായ സൗജന്യമരുന്ന്, എല്ലാ പഞ്ചായത്തിനും ഡയറി വികസന ഉദ്യോഗസ്ഥർ തുടങ്ങിയ ആവശ്യങ്ങൾ പഞ്ചായത്ത് മുഖേന ലഭ്യമാക്കിതരേണ്ടതാണ്.

5. വട്ടലക്കി ഫാമിംഗ് സൊസൈറ്റി :

ദാസന്നൂരിൽ പ്രവർത്തിച്ച് വരുന്ന ഫാമിംഗ് സൊസൈറ്റിക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുക. 50 നിർമ്മാണ തൊഴിലാളികൾ എന്നുള്ളത് 150 തൊഴിലാളികളായി ഉയർത്തുക, അവർക്ക് ജോലി ചെയ്യുന്നതിനുള്ള സൗകര്യങ്ങളും മറ്റാവശ്യങ്ങളും തരപ്പെടുത്തികൊടുക്കുക.

6. കോട്ടത്തറ ഗ്രാമ വ്യവസായ സംഘം :

പാലക്കാട് ഖാദി ഗ്രാമ വ്യവസായ കേന്ദ്രത്തിൻെറ നേതൃത്വത്തിൽ അന്വേഷണം നടത്തുകയും സംഘത്തിൻെറ പ്രവർത്തനത്തിന് ആവശ്യമായ നടപടികൾ എടുക്കുകയും ചെയ്യേണ്ടതാണ്.

7. കത്താളകണ്ടി കൈത്തറി സംഘം :

ജില്ലാ വ്യവസായ കേന്ദ്രം സമയാ സമയങ്ങളിൽ ഫണ്ട് അനുവദിച്ച് കൊടുക്കുക. പഴയ തറികൾ എല്ലാം മാറ്റി സംഘത്തിന് ആവശ്യമുള്ള തറികൾ സ്ഥാപിച്ച് കൊടുക്കുക. മാസത്തിൽ ഒരു തവണ ഇൻസ്പെക്ടർ സംഘത്തിൽ നേരിട്ട്

## ജലസേചനം

പ്രധാനമായും മഴയെ ആശ്രയിച്ച് കൃഷിനടത്തുന്ന ഈ പഞ്ചായത്തിൽ 2 ഘട്ടങ്ങളിലായാണ് മഴ ലഭിക്കുന്നത്. ജൂൺ മുതൽ ഓഗസ്റ്റ് വരെ ലഭിക്കുന്ന കാലവർഷവും, ഒക്ടോബർ മുതൽ നവംബർ വരെ തുലാവർഷവും. കാലാവസ്ഥയുടെ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിനെ 2 മേഖലകളായി തരം തിരിക്കാവുന്നതാണ്. ഒന്ന് തെക്കുപടിഞ്ഞാറൻ മേഖലയും, രണ്ട് വടക്കുകിഴക്കൻ മേഖലയും. ഇതിൽ ഒന്നാം മേഖല വളരെ അധികം മഴ ലഭിക്കുന്ന മേഖലയാണ്. എന്നാൽ വടക്കുകിഴക്കൻ മേഖലയായ കോട്ടത്തറ, കള്ളക്കര, വണ്ണാന്തറ, മട്ടത്തുകാട്, വട്ടലക്കി, ദാസന്നൂർ, ആനക്കട്ടി, കുലുക്കൂർ എന്നിവിടങ്ങളിൽ മഴ വളരെ കുറവാണ്. ഈ ഭാഗങ്ങളിൽ ജലസേചനത്തിനായി കിണറുകളെയും, കുളങ്ങളെയുമാണ് ആശ്രയിക്കുന്നത്.

### തോടുകൾ

തെക്കു പടിഞ്ഞാറൻ മേഖലയിലെ വെച്ചപ്പതി, ഗോഞ്ചിയൂർ, ഷൊളയൂർ, മൂലഗംഗൽ, അണക്കാട്, വെള്ളകുളം, വരടിമല, വയലൂർ, പെട്ടിക്കൽ, കോഴിക്കൂടം, ഏലമല, ശിരുവാണി, കുറവംപാടി, ഊത്തുക്കുഴി, കടമ്പാറ, നല്ലശിങ്ക, വരഗംപാടി, എന്നീ പ്രദേശങ്ങളിൽ പ്രകൃതിദത്തമായ നീരുറവ വറ്റാത്ത ധാരാളം തോടുകളുണ്ട്. മുത്തികുളത്തുനിന്നുൽഭവിച്ച് ശിരുവാണി, കുറവംപാടി, പുലിയറ, ചിറ്റൂർ, വെങ്കക്കടവ്, ചുണ്ടകുളം, സമ്പാർഗോഡ്, വണ്ണാന്തറ, കോട്ടത്തറ വഴി ഒഴുകി കൂടപ്പെട്ടിയിൽ എത്തുന്ന ശിരുവാണിപ്പുഴയും വിണ്ണംചോലയിൽ നിന്നുൽഭവിച്ച് മാറണ്ണട്ടി വഴി ഒഴുകുന്ന 3-ാം നമ്പർതോടും ഏലമലയിൽ നിന്നുൽഭവിച്ച് കോഴിക്കൂടം വഴി ഒഴുകുന്ന തോടും, കക്കണാംപാറയിൽ നിന്നുൽഭവിച്ച് ഷൊളയൂർ വഴി ഒഴുകുന്ന തോടും തടയണകെട്ടുവാൻ ഉപയോഗിക്കാവുന്നതാണ്. ഇങ്ങനെ തടയണ കെട്ടുന്നതിനാൽ മഴവെള്ളം സംഭരിക്കുവാൻ കഴിയുകയും, ഇതിനാൽ അടുത്തുള്ള കുളങ്ങളിലും, കിണറുകളിലും, വറ്റാത്ത ഉറവകൾ ഉണ്ടാവുകയും, ജലസേചന സൗകര്യത്തിനുള്ള ധാരാളം ജലം ലഭ്യമായേക്കാം.

### കുളങ്ങൾ കിണറുകൾ

വലുതും ചെറുതുമായി ഈ പഞ്ചായത്തിൽ 34 കുളങ്ങളാണുള്ളത്. പലകുളങ്ങളും വറ്റി വരണ്ടുകിടക്കുകയാണ്. അതുപോലെ 94-95, 95-96 വർഷങ്ങളിലായി കുഴിച്ച 17 കിണറുകളടക്കം ആകെ ഈ പഞ്ചായത്തിൽ കാർഷിക ജലസേചനത്തിനും, കുടിവെള്ളത്തിനുമായി ഉപയോഗിക്കുന്ന 28 കിണറുകളും ഉണ്ട്. ഇവയിൽ പലതും ഇപ്പോൾ ഉപയോഗയോഗ്യമല്ലാത്തവയോ, വറ്റി കിടക്കുന്നവയോ ആണ്. ഷൊളയൂർ പഞ്ചായത്തിൽ പണിപൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചനപദ്ധതികളുടെ വിവരങ്ങൾ കാണിക്കുന്ന ഒരു പട്ടിക താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് തുക | ആയക്കെട്ട് (ഹെ) വിസ്തീർണ്ണം | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | പെട്ടിക്കല്ലിൽ ഒരു വിയറും കനാലും | 1995 | 1995 | 40,0000 | 101 ഏക്കർ | [illegible] |
| 2 | ചാവടിയൂരിൽ ഒരു തടയണയും, ചെറുകനാലും | 1991 | 1992 | 26,0000 | 51.88 ഏക്കർ | |
| 3 | വെച്ചപ്പതിയിൽ ഒരു വിയറും കനാലും | 1992 | 1993 | 2,00000 | 57 ഏക്കർ | |
| 4 | കുട്ടിലപ്പാറയിൽ ചെറുതടയണയും കനാലും | 1992 | 1992 | 3,00000 | 71.77 ഏക്കർ | |
| 5 | ഓടക്കള്ളിപ്പള്ളത്തിൽ വിയറും കനാലും | 1995 | 1996 | 2,00000 | 41.5 ഏക്കർ | |
| 6 | വെള്ളകുളത്ത് ഒരു വിയറും കനാലും | 1991 | 1991 | 1,80000 | 66 ഏക്കർ | |
| 7 | വരടിമലഗിരിജൻ ഫാമിൽ ഒരു കുളം | 1993 | 1993 | 5,00000 | 228 ഏക്കർ | |
| 8 | വരടിമലഗിരിജൻ ഫാമിൽ ഒരു കുളം | 1994 | 1994 | 5,00000 | 200 ഏക്കർ | |
| 9 | ഗോഞ്ചിയൂർ കനാൽ വിള വർദ്ധിപ്പിക്കൽ | 1993 | 1994 | 1,60,000 | 20 ഏക്കർ | |

### മണ്ണ് ജലസംരക്ഷണം

ആദ്യകാലങ്ങളിൽ കൃഷിസ്ഥലങ്ങളിൽ മണ്ണൊലിപ്പ് തടയുവാനായി കൃഷി സ്ഥലങ്ങളിൽ വരമ്പുകൾ ഇടുന്നു. ഇത്

വരമ്പുകൾ തമ്മിൽ വളരെ അധികം അകലമുള്ളതിനാൽ നിലം ഉഴുതുകഴിഞ്ഞാൽ ശക്തമായി പെയ്യുന്ന മഴയ്ക്ക് മണ്ണൊലിച്ച് പോവുകയാണ്. കൃഷി ചെയ്യുന്നതിനായി ഭൂമിയിലുള്ള മരങ്ങൾ മുഴുവൻ വെട്ടിനശിപ്പിക്കുന്നതിനാൽ മണ്ണൊലിപ്പ് വളരെ കൂടുതലാണ്. മിക്കസ്ഥലങ്ങളും ഇന്ന് കൃഷിക്കുപയുക്തമല്ലാത്ത മൊട്ടകുന്നുകളായി മാറിയിരിക്കുകയാണ്. പെയ്യുന്ന മഴ ഭൂമിയിൽ ഇറങ്ങാതെ ഒലിച്ചുപോകുന്ന ഒരവസ്ഥയാണ് ഉണ്ടായിരുന്നത്. എന്നാൽ മണ്ണുസംരക്ഷണ വിഭാഗം ശാസ്ത്രീയമായി തന്നെ മണ്ണൊലിപ്പ്തടയുന്നതിനായി കൃഷിഭൂമിയിൽ കയ്യാലകൾ കെട്ടിയെങ്കിലും ഇവയിൽ ഒന്നും തന്നെ ഇന്ന് മണൊലിപ്പ് എന്ന ദുരന്തം തടയുന്നതിന് ഉപകാരപ്രദമല്ല.

ജലവുമായി ബന്ധപ്പെട്ട ആസ്തികൾ

| നമ്പർ | ആസ്തികൾ | വിസ്ത്രീർണ്ണം കി.മി./എണ്ണം |
|---|---|---|
| 1 | ശിരുവാണി പുഴ | 30 കി. |
| 2 | തോട്, അരുവി | 40 കി. |
| 3 | തീരപ്രദേശം | ഇല്ല |
| 4 | കുളം | 34 എണ്ണം |
| 5 | ജലസംഭരണി | 1 എണ്ണം |
| 6 | ചെക്ക് ഡാം | 172 എണ്ണം |
| 7 | കുഴൽ കിണർ | 140 എണ്ണം |

കഴിഞ്ഞ 3 വർഷങ്ങളിൽ ഷോളയൂർ പഞ്ചായത്തിൽ കൃഷിഭവൻ മുഖേന വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ വിവരം.

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 1085 | 620 | 300 |
| കശുമാവ് | 2400 | 2400 | 1280 |
| കുരുമുളക് | - | 16500 | 9000 |
| കവുങ്ങ് | - | 75 | 250 |
| മാവ് | - | 57 | - |
| നെല്ലി | 12 | - | - |
| ഗ്രാംമ്പൂ | - | 50 | 150 |
| ജാതി | - | - | 100 |

## നേഴ്സറികൾ

ഈ പഞ്ചായത്തിലെ കൂടപ്പട്ടി എന്ന സ്ഥലത്ത് ഗവ: അംഗീകാരത്തോടെ കൃഷിഭവന്റെ കീഴിൽ ഒരു നേഴ്സറി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അവിടെ നിന്നും പ്രധാനമായി തെങ്ങിൻ തൈകൾ മാത്രമേ വിതരണം ചെയ്യപ്പെടുന്നു. മറ്റുതരത്തിൽ പെട്ട അത്യുൽപാദന ശേഷിയുള്ള വിത്തുകളും തൈകളും ഇവിടെ ലഭ്യമല്ല.

## കൃഷിഭവൻ

1989-ൽ ആണ് ഈ പഞ്ചായത്തിൽ കൃഷിഭവൻ നിലവിൽ വന്നത്. തികച്ചും കാർഷികമേഖലയായ പഞ്ചായത്തിൽ കൃഷിഭവന്റെ പ്രവർത്തനം എല്ലാ മേഖലകളിലും എത്തിയിട്ടില്ല. ഒരു കൃഷി ഓഫീസറും ഒരു കൃഷി അസിസ്റ്റന്റും, രണ്ട് ഡെമോൺസ്ട്രേറ്റർമാരും മാത്രമേ ഇവിടെയുള്ളൂ. സബ്സെന്ററുകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല.

## പ്രശ്നങ്ങൾ

ഈ പഞ്ചായത്തിൽ 9-ാം വാർഡിൽ ഉൾപെടുന്ന ചിറ്റൂർ ഡാം (അട്ടപ്പാടിവാലി ഇറിഗേഷൻ പ്രൊജക്ട്) 1980-81 കാലഘട്ടത്തിൽ ആരംഭിച്ചെങ്കിലും ഈ പദ്ധതി ഇപ്പോൾ ഏകദേശം ഉപേക്ഷിച്ചമട്ടിലാണ്. 10 കോടി രൂപയോളം മുടക്കി തുടങ്ങിയ ഈ പദ്ധതി നടപ്പിലായിരുന്നെങ്കിൽ ഏകദേശം 1500 ഹെക്ടർ സ്ഥലം കൃഷിക്ക് ജലസേചനം ഏർപ്പെടുത്താമായിരുന്നു. ഷോളയൂരിന്റെ സമീപത്തുള്ള 2.5 ലക്ഷം രൂപ മുടക്കി കെട്ടിയിരിക്കുന്ന ചെക്ക് ഡാം ഇന്ന് 1 ഏക്കർ സ്ഥലം പോലും നനയ്ക്കുവാൻ സാധിക്കാത്ത അവസ്ഥയിലാണ്.

പഞ്ചായത്തിൽ പല പദ്ധതിയുടെ കീഴിലായി മണ്ണുസംരക്ഷണ വിഭാഗവും കൃഷിഭവൻ മുഖേനയും നിർമ്മിച്ചിട്ടുള്ള കുളങ്ങളും കിണറുകളും, ബിയറുകളും, കനാലുകളും ചെക്കുഡാമുകളും ഉപയോഗയോഗ്യമല്ലാതായിതീരുകയോ, വറ്റിവരണ്ടു പോവുകയോ ചെയ്തിരിക്കുന്നു. ഇതിനാൽ കൃഷിക്കാവശ്യമായ ജലം ലഭിക്കാതിരിക്കുകയും കാർഷിക മേഖലയെത്തന്നെ ഇത് പ്രതികൂലമായി ബാധിക്കുകയും ചെയ്തിരിക്കുന്നു.

ഉല്പാദനചിലവിൽ വന്ന വർദ്ധനവ്, തൊഴിലാളികളുടെ എണ്ണം കുറവ്, ഉല്പന്നങ്ങൾക്കുള്ള വിപണന സൗകര്യങ്ങൾ ഇല്ലാത്തത്, മതിയായ വില ലഭിക്കാത്തത്, അതിവൃക്ഷ്ഠി, അനാവൃഷ്ഠി, കൃഷി ഉപജീവനമായി സ്വീകരിച്ചവരുടെ എണ്ണ കുറവ്, തുടങ്ങിയവയൊക്കെ പൊതുവെ ഈ പഞ്ചായത്തിലെ കാർഷിക ഉൽപാദനം കുറയുന്നതിന് കാരണങ്ങളായി.

ഇവിടത്തെ മുഖ്യ കൃഷികളായ കുരുമുളക്, കാപ്പി, തെങ്ങ്,

കവുങ്ങ്, വാഴ, ചേമ്പ്, കപ്പ, ഇഞ്ചി, മഞ്ഞൾ, നെല്ല്, തുവര, അവര, കരിമ്പ്, പച്ചക്കറികൾ തുടങ്ങിയവയ്ക്ക് ചിലവാകുന്നതിൽ മെച്ചപ്പെട്ട ഉൽപാദനം ഉണ്ടെങ്കിലും ആനുപാധികമായ വർദ്ധനവ് പലയിടത്തും ലഭിക്കുന്നില്ല. ഇതിന്റെ പ്രധാനമായ കാരണങ്ങൾ ജലസേചനം വളരെ പരമിതമായ സ്ഥലത്ത് മാത്രമേ ലഭിക്കുന്നുള്ളു. അശാസ്ത്രീയമായ കൃഷിരിതികളും വളം പ്രയോഗങ്ങളും അത്യുൽപാദനശേഷിയുള്ള വിത്തുകളുടെയും തൈകളുടേയും ദൗർലഭ്യവും ഇവിടത്തെ കാർഷിക ഉൽപാദനം കുറയുന്നതിനുള്ള പ്രധാന കാരണങ്ങളാണ്.

മൊത്തം വളപ്രയോഗത്തിന്റെ 65% രാസവളം ഉപയോഗിക്കുന്നു. ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം നടക്കാത്തത് ഉൽപാദനം കുറയുന്നതിന്റെ ഒരു കാരണമാണ്. ഇത്തരത്തിലുള്ള അശാസ്ത്രീയമായ വളപ്രയോഗം പൊതുവെ ഈ പ്രദേശത്ത് മണ്ണിന്റെ ഘടനയെത്തന്നെ ബാധിച്ചിട്ടുണ്ട്.

കാലികൾ ധാരാളം വളർത്തപ്പെടുന്ന ഇവിടെ ജൈവ വളമായ കാലിവളം ധാരാളം ലഭിക്കുന്നുണ്ടെങ്കിലും ജൈവ വളത്തിന്റെ പ്രയോഗവും, ഗുണമേന്മയെ സംബന്ധിച്ച് ഇവിടത്തെ മിക്ക കർഷകർക്കും അറിവില്ലാത്തതനാൽ ഇവിടത്തെ കാലിവളം അന്യസ്ഥലങ്ങളിലേക്ക് കയറ്റിപ്പോകുന്നുവെന്നതാണ് വസ്തുത.

ഈ പ്രദേശങ്ങളിലെ മണ്ണ് പരിശോധിച്ച് ശാസ്ത്രിയ രീതിയിൽ കൃഷിചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല.

ഈ പ്രദേശങ്ങളിൽ മിക്ക കൃഷികൾക്കും രോഗങ്ങളും, കീടങ്ങളും കണ്ടുവരുന്നുണ്ട്. ഇവക്കാവശ്യമായ കീടനാശിനികൾ കൃത്യമായ സമയത്തും ന്യയമായവിലക്കും ലഭിക്കുന്നതിനുള്ള യാതൊരു സംവിധാനവും ഈ പ്രദേശത്തില്ല. ഇവക്കായി ഈ പ്രദേശങ്ങൾ അയൽസംസ്ഥാനമായ തമിഴ്നാടിനെ ആശ്രയിക്കുകയാണ്.

ആധുനിക കൃഷി ഉപകരണങ്ങൾ വ്യാപകമായതോതിൽ ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. ഇതിന്റെ പ്രധാന കാരണങ്ങൾ ആധുനിക കാർഷിക ഉപകരണങ്ങളെ കുറിച്ചുള്ള ജനങ്ങളുടെ അജ്ഞതയും ഭൂമിതുണ്ടുകളാക്കിമാറ്റിയതുമാണ്. കൃഷിക്കാരുടെ യോജിച്ച പ്രവർത്തനങ്ങളിലൂടെ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതേയുള്ളു.

ഇതിനു പുറമേ പഞ്ചായത്തിലെ കൃഷിഭവന്റെ പ്രവർത്തനം കുറ്റമറ്റതല്ല. ചില വാർഡുകളിൽ ചുരുങ്ങിയ പ്രദേശങ്ങൾ ഒഴികെ പഞ്ചായത്തിന്റെ ഭൂരിഭാഗത്തും കൃഷിഭവന്റെ പ്രവർത്തനം എത്തുന്നില്ല.

ആവശ്യമായ സന്ദർഭങ്ങളിൽ അത്യുൽപാദനശേഷിയുള്ള വിത്തുകൾ ലഭിക്കായ്ക, വിദഗ്ധ ഉപദേശങ്ങൾ ഇല്ലായ്മ സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളെപ്പറ്റിയുള്ള അജ്ഞത തുടങ്ങിയവ കൃഷിക്കാരുടെ പുരോഗതിക്ക് തടസ്സങ്ങളായി നില്ക്കുന്നു.

### നിർദ്ദേശങ്ങൾ

(1) പഞ്ചായത്തിൽ 9-ാം വാർഡിൽ ചിറ്റൂരിൽ തുടങ്ങിയ അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതി ഉപേക്ഷിച്ചു എന്നാണറിയുവാൻ കഴിഞ്ഞത്. എന്നിരുന്നാലും ഈ സ്ഥലത്ത് ഒരു ഡാം കെട്ടുകയാണെങ്കിൽ ചിറ്റൂർ, ചുണ്ടകുളം, സമ്പാർക്കോട്, വണ്ണാന്തറ, കോട്ടത്തറ, തേക്കുമുക്കയൂർ എന്നീ പ്രദേശങ്ങളിൽ ഏകദേശം 1500 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താവുന്നതാണ്.

(2) ഷോളയൂരിൽ നിർമ്മിച്ചിട്ടുള്ള ചെക്ക്ഡാമിന്റെ ഇരുഭാഗത്തും കനാൽ നിർമ്മിച്ച് ആ ഭാഗത്തുള്ള കൃഷി സ്ഥലത്ത് ജലസേചനം നടത്താവുന്നതാണ്.

(3) പരുത്തി സംഭരണം : നിലവിലുള്ള സർവ്വീസ് സഹകരണസംഘങ്ങളിലൂടെയോ, അല്ലെങ്കിൽ കർഷകർ മാത്രം അംഗങ്ങളായുള്ള സഹകരണസംഘങ്ങൾ രൂപികരിച്ച് അവയിലൂടെയോ അവരിൽ നിന്നും പരുത്തി സംഭരിച്ച് മലബാർ കോ-ഓപ്പ്. സ്പിന്നിംഗ് മില്ലില്ലോ അതുപോലെ മറ്റേതെങ്കിലും ഏജൻസിക്കോ വിതരണം ചെയ്യുകയാണെങ്കിൽ കർഷകർക്ക് ന്യായമായ വില ലഭിക്കും.

(4) സഹകരണ സംഘങ്ങളിലൂടെ വിത്ത്, വളം, കീടനാശിനികൾ, കാർഷികോപകരണങ്ങൾ എന്നിവ വിതരണം ചെയ്യാവുന്നതാണ്.

(5) പഴം, പച്ചക്കറികൾ എന്നിവ സംഭരിച്ച് വിപണനം നടത്തുന്നതിന് പഞ്ചായത്ത് നേതൃത്വം നല്കുകയും സിവിൽ സപ്ലൈസ് കോർപറേഷൻ, മാർക്കറ്റിംഗ് ഫെഡറേഷൻ തുടങ്ങിയവയുമായി കരാർ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾ മുഖേന സംഭരിച്ച് വിതരണം നടത്താവുന്നതാണ്.

(6) കൃഷിഭവൻെറ രണ്ടു സബ് സെൻററുകൾ, ഷോളയൂരും, പെട്ടിക്കല്ലും തുടങ്ങാവുന്നതും അഗ്രികൾച്ചറൽ ഡമോൺസ്ട്രേറ്ററുടെ നേതൃത്വത്തിൽ മാസത്തിലൊരിക്കലെങ്കിലും വാർഡുതലത്തിൽ ഊരുകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്താവുന്നതാണ്.

(7) പഞ്ചായത്തുതലത്തിൽ സമഗ്രമായ ഒരു കാർഷിക നേഴ്സറി ആരംഭിക്കുകയും സമയാസമയങ്ങളിൽ നല്ലയിനം നടീൽവസ്തുക്കൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യാവുന്നതാണ്.

(8) പഞ്ചായത്തിലെ വിവിധപ്രദേശങ്ങളിലെ മണ്ണിൻെറ സാമ്പിൾ എടുത്ത് പരിശോധിച്ച് കർഷകന് വളപ്രയോഗത്തെപ്പറ്റി ആവശ്യമായ ധാരണ നല്കുവാൻ കഴിയണം

(9) പഞ്ചായത്തിലെ അതാത് കൃഷിക്ക് യഥാസമയം നല്കേണ്ട വളത്തിൻെറയും അനുയോജ്യമായ സമയത്തേയും സംബന്ധിച്ച കലണ്ടർ പ്രസിദ്ധീകരിച്ചിറക്കേണ്ടതാണ്.

(10) ഔഷധ സസ്യങ്ങൾ:

പഞ്ചായത്തിൽ വ്യാപകമായി കണ്ടുവരുന്ന ഔഷധ സസ്യങ്ങൾ കണ്ടെത്തി അവ സംരക്ഷിക്കുന്നതിന് (അമൽപ്പൊരി, ശതാവരി, കിഴാർനെല്ലി, കുറുംതോട്ടി, പുത്തരിച്ചുണ്ട, കടുക്ക, താനിക്ക, നെല്ലിക്ക, മുത്തങ്ങ, നറുന്നൊണ്ടി, രാമച്ചം) തുടങ്ങിയവ വ്യാപിപ്പിക്കുന്നതിനും കഴിയണം.

(11) കീടനാശിനി :

ശരിയായ സുരക്ഷാസംവിധാനത്തിൻെറയോ അളവിൻെറയോ കൃത്യമായ അഭാവത്തിലാണ് ഇന്ന് കീടനാശിനി ഉപയോഗിക്കുന്നത്. ഇതിനെ കുറിച്ച് കർഷകരെ ബോധവൽക്കരിക്കുകയും, ജൈവകീട നിയന്ത്രണത്തെപ്പറ്റി പഠിപ്പിക്കാവുന്നതുമാണ്.

(12) വളങ്ങൾ :

രാസവളവിതരണകേന്ദ്രങ്ങൾ ആവശ്യമായത്ര ഇപ്പോൾ പഞ്ചായത്തിൽ ഇല്ല. ഇപ്പോൾ സഹകരണാടിസ്ഥാനത്തിലുള്ള രണ്ടും സ്വാകാര്യമേഖലയിലുള്ള ഒന്നും വില്പനകേന്ദ്രങ്ങളാണുള്ളത്. ഇവയ്ക്ക് ഈ പ്രദേശത്ത് ആവശ്യം നിവർത്തിക്കാൻ കഴിയാത്ത അവസ്ഥയാണ്. മാത്രമല്ല കൃഷിക്കാർക്ക് ആവശ്യമുള്ള രാസവളം ഇവിടെ നിന്നും ലഭിക്കുന്നുമില്ല. ഈ സാഹചര്യത്തിൽ ഈ പ്രദേശത്ത് നിലവിലുള്ള സഹകരണസംഘങ്ങൾ മുഖേന കൃഷിക്കാർക്ക് അതാത് കാലങ്ങളിൽ ആവശ്യമായ വളങ്ങൾ വിതരണം ചെയ്യാനുള്ള ഏർപ്പാടുകൾ ചെയ്യാവുന്നതാണ്. പച്ചിലവളത്തിൻെറ കുറവ് നികത്തുന്നതിന് ശീമകൊന്ന, ഡെയിഞ്ച എന്നിവ കൂടുതൽ വളർത്താവുന്നതാണ്. ജൈവവളപ്രയോഗത്തെ പ്രോത്സാഹിപ്പിക്കുന്നതിന് സഹായം നല്കുകയും മണ്ണിര, കമ്പോസ്റ്റ് രീതി കർഷകരെ പരിചയപ്പെടുത്തി വ്യാപകമാക്കാവുന്നതാണ്.

(13) ജലസേചനം :

പഞ്ചായത്തിൽ ഒഴുകുന്ന തോടുകളിൽ സൗകര്യപ്രദമായ സ്ഥലങ്ങളിൽ ചെക്കുഡാമുകൾ കെട്ടി ഇരുഭാഗങ്ങളിലും കനാൽ നിർമ്മിച്ച് കൃഷിക്ക് ആവശ്യമായ ജലസേചനം നടത്താവുന്നതാണ്. വേനൽക്കാലത്ത് വറ്റി വരണ്ടു പോകുന്ന തോടുകളിൽ ചെക്ക്ഡാം കെട്ടി വെള്ളം നിർത്തുകയാണെങ്കിൽ അടുത്തുള്ള പ്രദേശത്ത് കുഴിക്കുന്ന കിണറുകളിൽ വെള്ളം വറ്റാതെ നിലനിർത്താവുന്നതുമാണ്.

(14) ഇൻഷ്യൂറൻസ് പദ്ധതി :

കൃഷിയെ സംരക്ഷിക്കുന്നതിനും കർഷകർക്ക് ആത്മവിശ്വാസം നല്കുന്നതിനും വിളകൾക്ക് ഗ്രൂപ്പ് ഇൻഷ്യൂറൻസ് നടപ്പാക്കാവുന്നതാണ്. അതോടൊപ്പം കാർഷികാവശ്യത്തിനുള്ള വൈദ്യുതി കുറഞ്ഞ നിരക്കിൽ നല്കൽ, ജലസേചന ആവശ്യത്തിനുള്ള മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കൽ, തുടങ്ങിയവയിലൂടെ കാർഷിക മേഖലയെ പരിപോഷിപ്പിക്കുവാൻ സാധിക്കുന്നതാണ്.

(15) ഈ പ്രദേശത്ത് കുറ്റിമുല്ല, മൾബറി തുടങ്ങിയവയും കുറഞ്ഞ ചിലവിൽ ലാഭകരമായി കുറഞ്ഞസമയ

പരിധിക്കുള്ളിൽ വിളവെടുക്കാവുന്ന കൂൺ കൃഷി എന്നിവയ്ക്ക് അനന്തസാധ്യതയുണ്ട്. കപ്പ, കവുങ്ങ് തുടങ്ങിയ കൃഷി ചെയ്യാനും അനുയോജ്യമായ സ്ഥലങ്ങൾ ധാരാളമുണ്ട്. കൃഷിക്ക് അനുയോജ്യമായ തരിശുഭൂമിയിൽ കശുമാവ്, തെങ്ങ്, കുരുമുളക്, വൃക്ഷങ്ങൾ എന്നിവ നട്ടുപിടിപ്പിക്കാവുന്നതാണ്.

(16) വരടിമലയിൽ നിന്നുൽഭവിക്കുന്ന വെള്ളച്ചാട്ടത്തിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുവാനായി മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് നിർമ്മിച്ചാൽ ഈ പ്രദേശത്തിനാവശ്യമായ വൈദ്യുതി വളരെ കുറഞ്ഞ ചിലവിൽ വിജയകരമായി ഉൽപാദിപ്പിക്കാവുന്നതും, വൈദ്യുതി ഉൽപാദനത്തിന് ശേഷം ലഭിക്കുന്ന ജലം സംഭരിച്ച് പഞ്ചായത്തിലെ 1, 2, 6, 7, 8, 9, എന്നീ വാർഡുകളിൽ കാർഷികാവശ്യങ്ങൾക്കുള്ള ജലസേചനത്തിനായി ഉപയോഗിക്കാവുന്നതുമാണ്. ഇങ്ങനെ കാർഷികോൽപാദനം വർദ്ധിപ്പിക്കുകയും, വൈദ്യുതിക്ഷാമം മാറ്റാവുന്നതുമാണ്.

രാഷ്ട്രത്തിന്റെ സമ്പത്തും ശക്തിയുമായ കർഷകൻ അംഗീകരിക്കുന്ന രീതിയിലുള്ള അവാർഡുകളും അംഗീകാരങ്ങളും പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തണം. ഏകീകൃത കൂലി സമ്പ്രദായം നടപ്പിലാക്കാവുന്നതാണ്. ഇതിന് പുറമെ ഷോളയൂർ കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. അഗ്രോക്ലീനിക്കുകൾ, കാർഷികപരിശീലന കേന്ദ്രങ്ങൾ മുതലായവ സ്ഥാപിക്കാവുന്നതുമാണ്. ഇത്തരത്തിലുള്ള ആസൂത്രിതവും സമയബന്ധിതവുമായ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ കഴിയണം. അതിന് വേണ്ടി കൃഷിഭവൻ ഉദ്യോഗസ്ഥരെയും പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളെയും വാർഡുതലത്തിലുള്ള ഗ്രാമസഭാ കൺവീനർമാരെയും ഉൾപ്പെടുത്തികൊണ്ടുള്ള ഒരു കാർഷിക സമിതിയും അതിന്റെ പ്രവർത്തനങ്ങളും ചിട്ടപ്പെടുത്താവുന്നതാണ്.

*ആർക്കും ജീവിത വിജയം നേടാം . . . .*

*ആഗ്രഹവും താത്പര്യവും അനുസരിച്ച് പ്രവർത്തിക്കാനുള്ള സന്നദ്ധത വേണമെന്ന് മാത്രം.*




# 5/ii

# സഹകരണം

ഷോളയൂർ പഞ്ചായത്തിൽ രൂപം കൊണ്ട സഹകരണ സംഘമാണ് ഹിരിജൻ ഫാർമേഴ്സ് സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ P. 496. ആദിവാസി ഉന്നമനത്തിനായി 1961 രൂപം കൊണ്ട സംഘത്തിന് 1459 അംഗങ്ങളുണ്ട് കാർഷിക വായ്പകൾ നൽകി നല്ല രീതിയിൽ കൃഷികൾ ചെയ്യുവാൻ വേണ്ട സഹായങ്ങൾ ചെയ്തിരുന്നു. തുടർന്നു് ഇതുപോലൊരു ഗിരിജൻ സർവ്വീസ് സഹകരണ സംഘം കോട്ടത്തറയിലും 1962-63 കാലഘട്ടത്തിൽ ആരംഭിച്ചു 1965 ൽ കോട്ടത്തറയിൽ തന്നെ ക്ഷീരവ്യവസായ സഹകരണ സംഘവും 1974-ൽ ഷോളയൂർ ഫാർമേഴ്സ് സഹകരണ സംഘവും 1977-ൽ ഷോളയൂരിൽ ക്ഷീരവ്യവസായ സഹകരണ സംഘവും 1980:85 ൽ വട്ടലക്കി യിൻ ഫാമിഗ് സഹകരണസംഘവും 1979-ൽ കത്തല കണ്ടി യിൽ ഗിരിവർഗ്ഗ കൈത്തറി വ്യവസായ സഹകരണവും, ചന്ദന തിരി സഹകരണ സംഘവും പെട്ടിക്കല്ലിൽ 1995-ൽ ക്ഷീരഉത്പാദ കസഹകരണസംഘവും 1995-ൽ തന്നെ കുറവൻ പാമ്പിയിൽ ക്ഷീരഉത്പാദക സഹകരണ സംഘവും 1996-ൽ വെള്ളക്കുളത്ത് ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘവും ആരംഭിച്ചു. ആകെ പഞ്ചായത്തിൽ 9 വാർഡുകളിലായി 12 സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ അഗളി ഫാമിംഗ് സൊസൈറ്റി വക വരടിമലയിൽ ഫാം എസ്റ്റേറ്റും പ്രവർത്തി ക്കുന്നു. ഷോളയൂർ സർവ്വീസ് കോ-ഓപറേറ്റീവ് സഹകരണ സംഘം ഗിരിവർഗ്ഗക്കാർക്ക് കാർഷിക കടങ്ങൾ കൊടുത്ത് കൃഷിക്കാരായവരെ സഹായിക്കുകയായിരുന്നു. സംഘം കൊടുക്കന്ന വായ്പയൊന്നും തിരിച്ചടവില്ലാതെ സംഘത്തിന് വൻ ബാധ്യതയാവുകയും പ്രവർത്തനം നിശ്ചലമാവുകയും ചെ യ്തു. സംഘത്തിനു ഇപ്പോൾ സംഘത്തിൻെറ കൺസ്യൂമർ സ്റ്റോറും മലഞ്ചരക്ക് സാധനങ്ങൾ ഏടുക്കലും മാത്രമെ നടക്കു ന്നുള്ളു. ഈ സംഘത്തിനു ഏകദേശം 1459 ഓഹരിക്കാരുണ്ട്.

**കോട്ടത്തറ :** കോട്ടത്തറ ഗിരിജൻ സർവ്വീസ് സഹകരണ സംഘം തീർത്തും പ്രവർത്തിക്കുവാൻ പറ്റാതെ സ്തംഭനാവസ്ഥ യിലാണു്. അടവുകൾ തിരിച്ച് വരാത്തതുമൂലം പണമിടപാടു കളൊന്നും നടക്കുന്നില്ല . ഏകദേശം 200 ഓഹരിക്കാരുണ്ട്.

**ഷോളയൂർ :** ഷോളയൂർ ഫാർമേഴ്സ് സഹകരണ സംഘത്തിൽ കൃഷിവായ്പകൾ, ഗോൾഡ് ലോൺ, വളം, മരുന്ന്, IRDP ലോണുകൾ എന്നിവകൊടുത്തു് കൃഷിക്കാരെ സഹാ യിച്ചിരുന്നതാണ്. വരൾച്ചയും, കാലവർഷക്കെടുതിയും, മാറിമാറി വന്ന ഭരണ സമിതിയുടെ അനാസ്ഥയും കൃഷികാർ എടുത്തിട്ടുള്ള വായ്പകൾ കൃത്യമായി തിരിച്ചടവുകൾ നൽകാതെയും സംഘത്തിൻെറ പ്രവർത്തനം ഏകദേശം 10 വർഷമായി നിലച്ചിരിക്കുകയാണ്. ഏകദേശം പന്തീരായിര ത്തോളം ജനങ്ങൾ വസിക്കുന്ന ഈ പ്രദേശത്ത് ബാങ്കുകളൊ പണമിടപാടുകളോ നടത്താൻ യാതൊരു സ്ഥാപനങ്ങളു മില്ലാതെ ജനങ്ങൾ വല്ലാതെ കഷ്ടപെടുന്നു . ആയത് എത്ര യും വേഗം പരിഹരിക്കേണ്ടതാണ്.

## പരിഹാരങ്ങൾ

1. ഗിരിജൻ ഫാർമേഴ്സ് സംഘം :

ആവശ്യമായ ഫണ്ടുകൾ ജില്ലാ ബാങ്കിൽനിന്ന് ലഭ്യമാക്കുക. ആദിവാസികൾക്ക് നിലവിലുള്ള കടങ്ങൾ എഴുതിത്തള്ളുക. ഇനി കൊടുക്കുന്ന കടങ്ങൾ ഈടാക്കി എടുക്കുവാൻ കർശന നടപടി എടുക്കുക. ആവശ്യമുള്ള വായ്പകൾ സമയാസമയങ്ങളിൽ നൽകുകയും വിത്ത്, വളം, മരുന്ന്, കൃഷി ഉപകരണങ്ങൾ എന്നിവ ന്യായമായ വിലയിൽ എത്തിച്ചുകൊടുക്കുക. കൃഷിക്ക് എടുക്കുന്ന വായ്പകൾ കൃത്യമായും കൃഷിക്ക് ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന് അന്വേഷണം നടത്തുക. സംഘം ഇപ്പോൾ നടത്തികൊണ്ടിരിക്കുന്ന കൺസ്യൂമർ സ്റ്റോറിനും മലഞ്ചരക്ക് കച്ചവടത്തിനും വേണ്ടത്ര ഫണ്ടും അനുവദിച്ച് കൊടുക്കുക. ഇവയെല്ലാം സംഘത്തിന്റെ നടത്തിപ്പിന് സഹായകങ്ങളാകും.

2. കോട്ടത്തറ ഗിരിജൻ ഫാർമേഴ്സ് സംഘം :

സംഘത്തിന്റെ പ്രവർത്തനം ഊർജിതപെടുത്തുവാൻ ആവശ്യമായ ഫണ്ട് അനുവദിച്ചു കൊടുക്കുക. ആദിവാസികളുടെ കാർഷിക കടങ്ങൾ എഴുതി തള്ളുക സംഘത്തിന്റെ കീഴിൽ ഒരുവനിതാ യൂണിറ്റ് തുടങ്ങുകയും കാർഷിക ഉൽപന്നങ്ങൾ സമാഹരിച്ച് പായ്കറ്റുകളിലാക്കി മാവേലി സ്റ്റോർ, ഹോസ്റ്റലുകൾ പോലുള്ള സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുവാനുള്ള ഫണ്ട് അനുവദിച്ച് കൊടുക്കുകയാണെങ്കിൽ സംഘത്തിന്റെ പ്രശ്നം പരിഹരിച്ച് സുഖമമായി നടത്തുവാൻ സഹായകമായിരിക്കും.

3. കത്താളകണ്ടി ഫാർമേഴ്സ് സംഘം :

ഈ സംഘത്തിൽ നിലവിൽ ഓവർ ഡ്യൂവായി നിൽക്കുന്ന കടങ്ങൾ പലിശരഹിത ഗഡുക്കളായി ഈടാക്കുകയും കൃഷിക്കാർക്ക് ആവശ്യമായ കാർഷിക കടങ്ങളും വിത്ത്, വളം, കീടനാശിനി, കൃഷി ഉപകരണങ്ങൾ, സ്വർണ്ണ ഫണ്ട് വായ്പകൾ എന്നിവകൊടുത്ത് സഹായിക്കുക. പഞ്ചായത്ത് ഫണ്ടുകൾ, കൃഷിഭവൻ മുഖേനയുള്ള ഫണ്ടുകൾ ഫാർമേഴ്സ് കോഃഓപ്പറേറ്റീവ് ബാങ്ക് മുഖേന വിനിയോഗിക്കുക. വർഷത്തിലൊരിക്കൽ സംഘത്തിന്റെ പൊതുയോഗം നിർബന്ധമാക്കുകയും പഞ്ചായത്ത് പ്രതിനിധികൾ കൃഷി ഓഫീസർ, കോപ്പറേറ്റീവ് ഇൻസ്പെക്ടർ, ഭരണ സമിതി അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. കൃഷിക്കാർ ഉത്പാദിപ്പിക്കുന്ന ഉൽപന്നങ്ങളെല്ലാം സംഘം ഏറ്റെടുത്ത് വിപണികൾ കണ്ടെത്തി വിൽക്കേണ്ടതും കൃഷിക്കാർക്ക് ന്യായമായ വില കിട്ടുവാൻ വേണ്ടതു ചെയ്യേണ്ടതുമാണ്. സംഘത്തിന് കടം വസൂൽ ചെയ്യുവാൻ ഇതുമുഖേന വളരെ സഹായവുമായിരിക്കും. ജനങ്ങളുടെ ബുദ്ധിമുട്ടുകളെ കണക്കിലെടുത്ത് സംഘത്തെ അടച്ചുപൂട്ടാതെ വേണ്ടതായ സത്വര നടപടികൾ എടുത്ത് കൃഷിക്കാർക്ക് എല്ലാ സഹായങ്ങളും ചെയ്യേണ്ടതാണ്.

4. ക്ഷീരവ്യവസായ സംഘങ്ങൾ

കറവയെ മാത്രം ആശ്രയിച്ചു കഴിയുന്ന പാവപ്പെട്ടവർക്കും, കൃഷിക്കാർക്കും പുൽകൃഷിചെയ്യുന്നതിനുള്ള എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുക. കാലിത്തീറ്റ സബ്സീഡി നിരക്കിൽ എല്ലാവർക്കും എത്തിച്ചുകൊടുക്കുക. സംഘങ്ങൾക്ക് ആവശ്യമായ ക്യാനുകൾ, മറ്റുപകരണങ്ങൾ, കെട്ടിടങ്ങൾ (ഇല്ലാത്ത സംഘങ്ങൾക്ക് കെട്ടിടം സൗജന്യമായി) എല്ലാവർക്കും തൊഴുത്ത്, മൃഗാശുപത്രി ഇല്ലാത്ത സ്ഥലങ്ങളിൽ സബ്സെന്ററുകൾ, ഡോക്ടർ ഇല്ലാത്ത കേന്ദ്രങ്ങൾക്ക് ഡോക്ടർ, മൃഗചികിത്സക്ക് ആവശ്യമായ സൗജന്യമരുന്ന്, എല്ലാ പഞ്ചായത്തിനും ഡയറി വികസന ഉദ്യോഗസ്ഥർ തുടങ്ങിയ ആവശ്യങ്ങൾ പഞ്ചായത്ത് മുഖേന ലഭ്യമാക്കിതരേണ്ടതാണ്.

5. വട്ടലക്കി ഫാമിംഗ് സൊസൈറ്റി :

ദാസന്നൂരിൽ പ്രവർത്തിച്ച് വരുന്ന ഫാമിംഗ് സൊസൈറ്റിക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുക. 50 നിർമ്മാണ തൊഴിലാളികൾ എന്നുള്ളത് 150 തൊഴിലാളികളായി ഉയർത്തുക, അവർക്ക് ജോലി ചെയ്യുന്നതിനുള്ള സൗകര്യങ്ങളും മറ്റാവശ്യങ്ങളും തരപ്പെടുത്തികൊടുക്കുക.

6. കോട്ടത്തറ ഗ്രാമ വ്യവസായ സംഘം :

പാലക്കാട് ഖാദി ഗ്രാമ വ്യവസായ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ അന്വേഷണം നടത്തുകയും സംഘത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായ നടപടികൾ എടുക്കുകയും ചെയ്യേണ്ടതാണ്.

7. കത്താളകണ്ടി കൈത്തറി സംഘം :

ജില്ലാ വ്യവസായ കേന്ദ്രം സമയാ സമയങ്ങളിൽ ഫണ്ട് അനുവദിച്ച് കൊടുക്കുക. പഴയ തറികൾ എല്ലാം മാറ്റി സംഘത്തിന് ആവശ്യമുള്ള തറികൾ സ്ഥാപിച്ച് കൊടുക്കുക. മാസത്തിൽ ഒരു തവണ ഇൻസ്പെക്ടർ സംഘത്തിൽ നേരിട്ട് അന്വേഷണം നടത്തുക. സംഘം ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ മുഴുവനും വ്യവസായ കേന്ദ്രം ഏറ്റെടുത്ത് വിൽപന നടത്തുക. കൊല്ലത്തിൽ ഒരു തവണ വ്യവസായ കേന്ദ്ര അധികൃതരും പഞ്ചായത്ത് സമിതി അംഗങ്ങളും സംഘം ഭരണ സമിതി അംഗങ്ങളുടെയും നേതൃത്വത്തിൽ നിർബന്ധമായും പൊതുയോഗം നടത്തേണ്ടതാണ്. ചന്ദനത്തിരി വ്യവസായ സഹരണ സംഘവും മേൽപറഞ്ഞ രീതിയിൽ തന്നെവേണം പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുവാൻ.

ക്ഷീര സംഘങ്ങൾ :

എല്ലാ ക്ഷീരസംഘങ്ങളും നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ചെറിയ ചെറിയ പ്രശ്നങ്ങൾ നിലനിൽക്കുന്നു. പഞ്ചായത്തിൽ നാല് ക്ഷീരസംഘങ്ങളിൽ കൂടി ഏകദേശം പ്രതിദിനം 3250 ലിറ്റർ പാല് സംഭരിക്കപ്പെടുന്നുണ്ട്. 4 സംഘങ്ങളിലായി 700 ഓളം ഓഹരിക്കാരുണ്ട്. ഫ്ലഡ് സീസണുകളിൽ മിൽമയുടെ ശീതികരണ ശാലയിൽ ക്വാട്ട നിശ്ചയിക്കുന്നതുമൂലം മുഴുവൻ പാലും എടുക്കുവാൻ പറ്റാതെ വരുന്നു.

മൃഗാശുപത്രിയും ഡോക്ടറുമുണ്ടെങ്കിലും മരുന്നുകൾ ഒന്നും തന്നെ ഇല്ല. അട്ടപ്പാടി ബ്ലോക്കിന് ഒരു ഡയറി വികസന ഓഫിസർ മാത്രമെയുള്ളൂ. അതുകൊണ്ട് ആവശ്യമായ സമയങ്ങളിൽ അദ്ദേഹത്തിൻെറ സേവനം കിട്ടാതെ വരുന്നു. സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്തതുകൊണ്ട് വാടക ഇനത്തിൽ വളരെയധികം രൂപ നഷ്ടമാവുന്നു. ആവശ്യാനുസരണം ക്യാനുകൾ ഇല്ലാത്തതുമൂലം ഉത്പാദിപ്പിക്കപ്പെടുന്ന മുഴുവൻ പാലും എടുക്കുവാൻ കഴിയുന്നില്ല. ആയതിന് വേണ്ട സഹായങ്ങൾ പഞ്ചായത്തിൻെറ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

വട്ടലക്കി ഫാമിംഗ് സൊസൈറ്റി :

സംഘം തുടങ്ങിയ നാൾ മുതൽ ഇടക്കാലത്ത് പ്രവർത്തനം കുറച്ച് മോശമായിരു ന്നെങ്കിലും ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിക്കുന്നു. അവർക്ക് ആവശ്യമായ വിറക്, വെള്ളം ഇഷ്ടികനിർമ്മിക്കുന്നതിനുള്ള ഷെഡ് എന്നിവയുടെ കുറവ് മൂലം കുറച്ച് ജോലിക്കാർക്കേ ജോലി ലഭിക്കുന്നുള്ളൂ. അവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യേണ്ടത് വളരെ അടിയന്തിരമാണ്.

കൈത്തറി വ്യവസായ സഹകരണ സംഘം :

കൈത്തറി വ്യവസായ സഹകരണ സംഘം നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നതാണ്. ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും വാങ്ങി കൊടുത്തിട്ടുള്ള തറികൾ ഒന്നും തന്നെ നേരാംവണ്ണം ഉപയോഗിക്കുവാൻ കഴിയാത്തതാണ്. ആയതിനാൽ തുണിത്തരങ്ങളിൽ ഡാമേജുകൾ ഉണ്ടാവുകയും വിൽപന നടത്തുവാൻ കഴിയാതെയും വരുന്നു. ആയതിനാൽ സമയാസമയങ്ങളിൽ നൂൽ എടുക്കുവാൻ കഴിയാതെ നെയ്ത്തുകാർക്കു് തടസങ്ങൾ ഉണ്ടാവുന്നു. കൂലിക്കുറവ് മൂലം പ്രഗത്ഭരായ തൊഴിലാളികൾ ഇല്ലാത്തതും ഒരു പ്രധാന കാരണം തന്നെ. ഈ പ്രശ്നം എത്രയും വേഗം പരിഹരിക്കേണ്ടതും ആവശ്യമുള്ളത്ര ഫണ്ട് പാസാക്കി കൊടുക്കുകയും നല്ല നിലവാരമുള്ള തറികൾ സംഘത്തിന് വാങ്ങി കൊടുക്കേണ്ടതുമാണ്. സംഘത്തിന് 77 ഓളം ഓഹരിക്കാരുണ്ട്.

ചന്ദനത്തിരി വ്യവസായ സംഘം :

ഗിരിജൻ ചന്ദനതിരി വ്യവസായ സഹകരണ സംഘം ഏകദേശം 50 ഓളം ഓഹരിക്കാരുള്ളതാണ്. ഈ സംഘവും നല്ലരീതിയിൽ പ്രവർത്തിച്ചിരുന്നതാണ്. 25 ഓളം അംഗങ്ങൾ ജോലിയും ചെയ്തിരുന്നു. സംഘത്തിൻെറയും തൊഴിലാളികളുടെയും ശോചനീയാവസ്ഥ കണക്കിലെടുത്ത് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഖാദി ഗ്രാമ വ്യവസായ സംഘങ്ങൾ :

കോട്ടത്തറ കേന്ദ്രമാക്കി രൂപികരിച്ചിട്ടുള്ള സംഘം പ്രവർത്തിക്കുന്നതായി കാണുന്നില്ല. ആയതിൻെറ കാരണങ്ങൾ അന്വേഷിക്കുയും പ്രവർത്തന ക്ഷമമാക്കുവാൻ നടപടികൾ

| സംഘത്തിൻെറ പേരും മേൽവിലാസവും | രജിസ്റ്റർ ചെയ്ത തിയ്യതി | പട്ടിക ജാതി/വർഗ്ഗം | ആകെ അംഗങ്ങൾ | ഓഹരി വില |
|---|---|---|---|---|
| അട്ടപ്പാടി മിൽമ കോ-ഓപ്പറേറ്റീവ് സൊസൈറ്റി കോട്ടത്തറ | രേഖകൾ ലഭിച്ചിട്ടില്ല | - | - | - |
| ഷോളൂർ ക്ഷീര വ്യവസായ സഹകരണ സംഘം ക്ലിപ്തം | 24/4/1977 | - | 311 | 10.50 |
| ഷോളൂർ ഫാർമേഴ്സ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 14/6/1974 | - | 3036 | 10.50 |
| അട്ടപ്പാടി ഗിരിവർഗ്ഗ കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘം | 31/12/1989 | ST | 77 | 200 |
| പെട്ടിക്കൽ ക്ഷീര ഉത്പാദക സഹകരണ സംഘം | 1995 | - | 31 | 10 |
| ഗിരിജൻ ഫാർമേഴ്സ് സർവ്വീസ് സഹകരണ സംഘം, ഷോഷയൂർ | 14/3/1961 | ST | 1459 | 10 |
| ഗിരിജൻ ഫാർമേഴ്സ് സർവ്വീസ് സഹകരണ സംഘം, കോട്ടത്തറ | രേഖകൾ ലഭിച്ചിട്ടില്ല | ST | - | - |
| ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘം, കോട്ടത്തറ | രേഖകൾ ലഭിച്ചിട്ടില്ല | - | - | - |
| വട്ടലക്കി ഫാമിംഗ് സൊസൈറ്റി, ആനക്കട്ടി | രേഖകൾ ലഭിച്ചിട്ടില്ല | ST | - | - |
| ക്ഷീര ഇത്പാദക സഹകരണ സംഘം, കൊറവൻപാടി | രേഖകൾ ലഭിച്ചിട്ടില്ല | - | - | - |
| ചന്ദനത്തിരി ഗിരിജൻ വ്യവസായ സഹകരണ സംഘം, കത്താളക്കണ്ടി | രേഖകൾ ലഭിച്ചിട്ടില്ല | ST | - | - |
| ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘം | രേഖകൾ ലഭിച്ചിട്ടില്ല | ST | - | - |


| അംഗീകൃത ഓഹരി മൂലധനം | അടച്ചു തീർത്ത ഓഹരി മൂലധനം | പ്രവർത്തനം ഉണ്ട്/ഇല്ല | ലാഭമോ നഷ്ടമോ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| - | - | - | - | - |
| 10000 | - | ഉണ്ട് | - | 4 |
| 3,01,000 | - | ഉണ്ട് | - | 2 |
| 1,00,000 | - | ഉണ്ട് | - | 1 |
| 10,000 | - | ഉണ്ട് | - | 3 |
| 3,50,000 | - | ഉണ്ട് | - | 1 |
| - | - | - | - | - |
| - | - | - | - | - |
| - | - | - | - | - |
| - | - | - | - | - |
| - | - | - | - | - |
| - | - | - | - | - |

സ്വീകരിക്കേണ്ടതുമാണ്.

വെള്ളക്കുളത്തിലെ ഖാദി ഗ്രാമവ്യവസായ സഹകരണ സംഘത്തിലെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതേയുള്ളൂ.

## ഗ്രാമസഭകളിൽ പാസാക്കിയ തീരുമാനങ്ങളും പുതിയതായി തുടങ്ങാനുദ്ദേശിക്കുന്ന സഹകരണ സംഘങ്ങളും നിർദ്ദേശങ്ങളും

1. ഒന്നാം വാർഡിൽ ക്ഷീരവ്യവസായ സഹകരണസംഘം കോഴിക്കൂടം കേന്ദ്രമാക്കി രൂപികരിക്കേണ്ടതാണ്.
2. രണ്ടാം വാർഡിൽ വരഗംപാടി കേന്ദ്രമാക്കി കൂട്ടുകൃഷി സഹകരണസംഘം രൂപികരിക്കേണ്ടതാണ്.
3. രണ്ടാം വാർഡിൽ തന്നെ വനിത കാർഷിക ഉൽപന്നങ്ങൾ രാഗി, മുളക്, മല്ലി എന്നി സാധനങ്ങൾ പൊടിച്ച് പായ്ക്കറ്റുകളിലാക്കി വിപണനം നടത്തുന്നതിന് ഒരു വനിതാ സഹരണ സംഘം രൂപികരിക്കേണ്ടതാണ്.
4. അഞ്ചാം വാർഡിൽ മട്ടത്തു കാട്ടിൽ കോട്ടത്തറ ക്ഷീരവ്യവസായ സഹകരണത്തിൻെറ കീഴിൽ ഒരു കളക്ഷൻ സെൻറർ തുടങ്ങേണ്ടതാണ്.
5. ഏഴാം വാർഡിൽ ഷോളയൂർ കേന്ദ്രമാക്കി അട്ടപ്പാടി രജിസ്ട്രേഷനിൽ ഒരു തേയില സഹകരണസംഘം രൂപികരിക്കേണ്ടതാണ്.
6. എട്ടാം വാർഡ് ഊത്തുക്കുഴിയിൽ ഷോളയൂർ ക്ഷീര വ്യവസായ സഹകരണത്തിൻെറ ഒരു കളക്ഷൻ സെൻർ ആരംഭിക്കാവുന്നതാണ്.
7. എട്ടാം വാർഡ് ചാവടിയൂരിൽ ഒരു ചൂൽ, ചൂരൽ സഹകരണ സംഘം രൂപീകരിക്കാം.
8. ഏഴാം വാർഡ് ഷോളയൂർ കേന്ദ്രമാക്കി ഒരു പച്ചക്കറി സമാഹരണ വിപണന അപെക്സ് സഹകരണ സംഘം രൂപികരിക്കേണ്ടതാണ്.
9. കോട്ടത്തറയ്ക്കും ആനക്കട്ടിക്കും ഇടയിലായി ചകിരി നീര് നിർമ്മാണ സഹകരണ സംഘം രൂപികരിക്കേണ്ടതാണു.
10. പഞ്ചായത്തിലെ എല്ലാ സഹകരണ സംഘങ്ങളും നിർമ്മിക്കുന്ന ഉത്പന്നങ്ങളും ഏറ്റെടുത്ത് വിപണനം നടത്തുവാൻ ഒന്നോ രണ്ടോ കൺസ്യൂമർ സംഘങ്ങൾ പഞ്ചായത്തിൻെറ നേതൃത്വത്തിൽ രൂപികരിക്കേണ്ടതാണ്.
11. ഏഴാം വാർഡ് ഷോളയൂർ കേന്ദ്രമാക്കി മലയിൽനിന്നും ലഭിക്കുന്ന ചൂരൽ, മുള, ഈറ്റ, ചകിരി എന്നിവ കൊണ്ടുള്ള കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന ഒരു സംഘം രൂപികരിക്കേണ്ടതാണ്.




# 5/iii

# ഗതാഗതം

1959ൽ മണ്ണാർക്കാട് ചിന്നത്തടാകം വരെയുള്ള റോഡ് ഷോളയൂർ പഞ്ചായത്തിന്റെ പടിഞ്ഞാറൻ അതിർത്തി പ്രദേശമായ കോട്ടത്തറ വരെ എത്തി. അതിനെ തുടർന്ന് നീണ്ട 9 വർഷങ്ങൾക്ക് ശേഷമാണ് 1968ൽ ഈ റോഡ് പഞ്ചായത്തിന്റെ കിഴക്കേ അതിർത്തി പ്രദേശമായ ആനക്കട്ടി വരെയെത്തിയത്. ആരംഭഘട്ടത്തിൽ ഇത് ഒരു കൂപ്പ് റോഡ് ആയിരുന്നെങ്കിലും പിന്നീട് ബസ് സർവ്വീസ് ആരംഭിച്ചു. 1960കളിലാണ് ആദ്യമായി ഈ പ്രദേശത്തുകൂടെ മണ്ണാർക്കാടുനിന്ന് അഗളിവരെ ബസ് സർവ്വീസ് ആരംഭിച്ചത്. തുടർന്ന് 69,70 കാലഘട്ടത്തിൽ ആനക്കട്ടിവരെ ഗതാഗതം നീട്ടുകയുണ്ടായി. ആദ്യമായി ആനക്കട്ടിവരെ ഓടിയത് 'കല്ലടി' എന്ന ബസാണെന്നത് ഇന്നും സ്മരണീയമാണ്.

ഷോളയൂർ പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിലെ ഗതാഗത സൗകര്യം മറ്റൊരു രീതിയിലാണെന്ന് പഴമക്കാർ പറയുന്നു. ഏലം, കാപ്പി, തേയില എന്നീ തോട്ടങ്ങളുടെ വാണജ്യപരമായ വ്യാപനത്തിനായി എത്തിയ ഇംഗ്ലീഷുകാർ വളരെ മുമ്പുതന്നെ കോയമ്പത്തൂരിൽ നിന്ന് ആലന്തുറ, കൂത്താടിപ്പള്ളം വഴി മേൽനോട്ടം വരടിമലക്ക് ഒരു നടപ്പാത നിർമ്മിച്ചിരുന്നെങ്കിലും കാലക്രമേണ ദുർഗമങ്ങളായ ഈ റോഡുകൾ അപ്രസക്തങ്ങളാകുകയും കോയമ്പത്തൂരിൽ നിന്ന് തടാകം വഴി മാങ്കര വരെയെത്തുന്ന റോഡ് ഗതാഗത സൗകര്യങ്ങൾ ഉണ്ടാക്കിയെടുത്ത് ആനക്കട്ടിവരെയെത്തിക്കുകയും ചെയ്തു. 1984വരെ ആനക്കട്ടിയിൽ നിന്ന് ഷോളയൂർ വരെയുള്ള യാത്ര ക്ലേശഭരിതമായിരുന്നെങ്കിലും 84ൽ റോഡിന്റെ പണി ത്വരിതഗതിയിൽ നടക്കുകയും തുടർന്ന് ടാർ ചെയ്യുകയും ചെയ്തതോടെ ഷോളയൂർ പ്രദേശത്തിന് ഗതാഗതപ്രശ്നത്തിൽ നിന്നു് ശാപമോക്ഷം ലഭിച്ചു.

പഞ്ചായത്തിലെ I,IX,III വാർഡുകളിലെ ജനങ്ങളെ ബന്ധിപ്പിക്കുന്ന പ്രധാന കണ്ണിയാണ് കോഴിക്കൂടം, പെട്ടിക്കൽ ചിറ്റൂർ റോഡ്. വയലൂരും പെട്ടിക്കല്ലിലുമുള്ള ജനങ്ങൾ ഗതാഗത കാര്യത്തിൽ വളരെയേറെ ദുരിതങ്ങൾ അനുഭവിച്ചവരാണ്. പെട്ടിക്കൽ ശാന്തിഗ്രാം ആശ്രമത്തിന്റെയും ഷോളയൂർ പഞ്ചായത്തിന്റെയും സാമ്പത്തിക സഹായങ്ങളും നാട്ടുകാരുടെ വിപുലമായ ജനപങ്കാളിത്ത സേവനദിനങ്ങളും കൂടിചേർന്നപ്പോൾ ചിറ്റൂരിൽ നിന്ന് പെട്ടിക്കൽ പ്രദേശത്തേക്ക് 3 കി.മീറ്ററോളം നീളമുള്ള ഒരു ടാർ റോഡ് 92-93ൽ നിർമ്മിതമായി. ടാർ റോഡ് നിർമ്മിതമായെങ്കിലും ബസ് ഗതാഗതം ഇനിയും ആരംഭിച്ചിട്ടില്ല എന്നത് ഖേദകരം തന്നെ. നമ്മുടെ എല്ലാവരുടേയും ഏറ്റവും വലിയ സ്വപ്നങ്ങളിലൊന്നായ (ചിറ്റൂർ-പെട്ടിക്കൽ) ടാർറോഡു് ഭാഗികമായി സാക്ഷാത്ക്കരിക്കപ്പെട്ടിരിക്കുന്നുവെങ്കിലും, അത് പരിപൂർണ്ണമാകണമെങ്കിൽ പെട്ടിക്കലിൽ നിന്ന് ഈ റോഡ് ഷോളയൂർ വരെ എത്തിച്ചേരണം. ഇത് സാധ്യമായാൽ പെട്ടിക്കൽ നമ്മുടെ പഞ്ചായത്തിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട

വാണിജ്യവ്യവസായ വ്യാപാര കേന്ദ്രങ്ങളിലൊന്നായി തീരാനുളള സാധ്യതയുണ്ട്.

ഇപ്പോൾ ഗ്രാമപഞ്ചായത്തിൽ 51 റോഡുകളിലായിട്ട്,

മെറ്റൽ റോഡ് : 6½ km

ടാർ റോഡ് : 26 km

മൺ റോഡ് : 34½ km

എന്നിവ ഉണ്ട്. മെറ്റൽ റോഡ്, ടാർ റോഡ് എന്നിവയുടെ പട്ടിക താഴെ ചേർക്കുന്നു. (പട്ടിക 1,2)

റോഡുകളുടെ അവസ്ഥ

ടാർ റോഡുകൾ : കോട്ടത്തറ ആനക്കട്ടി പി.ഡബ്ല്യൂ.ഡി റോഡ് ഒഴിച്ചാൽ നമ്മുടെ പഞ്ചായത്തിലെ മറ്റ് റോഡുകളൊന്നും പരിപൂർണ്ണമായും സഞ്ചാരയോഗ്യമല്ല. റോഡുകളുടെ അറ്റകുറ്റപ്പണികളും, കാനകൾ, കലുങ്കുകൾ, എന്നിവയുടെ സംരക്ഷണവും കൃത്യമായി നടക്കാറില്ല. ചില പ്രദേശങ്ങളിൽ സമീപവാസികളുടെ കയ്യേറ്റം മൂലം റോഡുകളുടെ വീതി കുറഞ്ഞു വരുന്നുണ്ട്. ടാർ റോഡിൻെറ സൈഡിലുളള മൺഭാഗങ്ങൾ പല സ്ഥലങ്ങളിലും കുറ്റിച്ചെടികളും മറ്റും വളർന്ന് റോഡിൻെറ വീതി കുറയാനിടയാകുന്നുണ്ട്.

മൺമെറ്റൽ റോഡുകൾ

41 കി.മീറ്ററോളം നീളം വരുന്ന നമ്മുടെ പഞ്ചായത്ത് റോഡുകളിൽ ഉദ്ദേശം 7 കി.മീ. റോഡ് മാത്രമേ ടാർ ചെയ്തിട്ടുളളൂ. വാഹന ഗതാഗതത്തിനു ആവശ്യമുളള കുറേയേറെ റോഡുകൾ ഉടനടി ടാർ ചെയ്യേണ്ടതായിട്ടുണ്ട്. അത് പോലെ മെറ്റൽ ചെയ്യേണ്ട മൺറോഡുകളും താഴെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക 3 ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

പട്ടിക 4 മെറ്റൽ ചെയ്യേണ്ട മൺ റോഡുകൾ

പഞ്ചായത്ത് റോഡുകളിൽ സമീപവാസികളുടെ കയ്യേറ്റം മൂലം റോഡിൻെറ വിതി കുറഞ്ഞു കുറഞ്ഞു വരുന്നു. റോഡുകൾക്ക് കാനകളോ വെളളം ഒഴിഞ്ഞു പോകുവാനുളള ശാസ്ത്രീയ സൗകര്യങ്ങളോ ഇല്ല എന്നുളളത് റോഡുകളുടെ നില പരിതാപകരമാകുന്നു. പഞ്ചായത്ത് മൺ റോഡുകളിൽ ഭൂരിഭാഗവും സഞ്ചാരത്തിനു പറ്റാത്ത നിലയിൽ കുണ്ടും കുഴിയും നിറഞ്ഞിരിക്കുന്നു.

യാത്രാസൗകര്യങ്ങൾ

നമ്മുടെ പഞ്ചായത്തിൻെറ പല മേഖലകളിലും ആവശ്യത്തിനനുസരിച്ച് ബസ് സർവീസുകൾ നിലവിലില്ല. വളരെക്കാലമായി ഓടിക്കൊണ്ടിരിന്നിരുന്ന ചിറ്റൂർ-കോട്ടയം, ഷോളയൂർ കോട്ടയം, കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സർവീസ് സാങ്കേതിക കാരണങ്ങളാൽ നിർത്തി വെച്ചിരിക്കുകയാണ്. പെട്ടിക്കൽ പ്രദേശത്തേക്ക് ബസ് സർവീസ് ആരംഭിക്കണമെന്നുളളതും പൂവണിയാത്ത ചിരകാല സ്വപ്നമാണല്ലോ. ആവശ്യത്തിനു സർവീസുകൾ ഇല്ലാത്തതുകാരണം വിദ്യാർത്ഥികളും തൊഴിലാളികളും വിഷമസന്ധിയിലാണ്. ജീപ്പുകൾ ആവശ്യത്തിനുണ്ടെങ്കിലും വിദ്യാർത്ഥികൾക്കും തൊഴിലാളികൾക്കും ഇവ അപ്രാപ്യമാണ്.

## പ്രശ്നങ്ങൾ :

1. റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല.
2. കാനകളുടെയും കലുങ്കുകളുടെയും സംരക്ഷണ പ്രവർത്തനം നടക്കുന്നില്ല. ശാസ്ത്രീയമായ രീതിയിൽ ഇവയുടെ നിർമ്മാണപ്രവർത്തനവും നടക്കുന്നില്ല.
3. റോഡുകയ്യേറ്റങ്ങൾ തടയുന്നതിനോ മറ്റ് റോഡിനെ ബാധിക്കുന്ന പ്രശ്നങ്ങൾ തടയുന്നതിനോ നിലവിലുളള നിയമപ്രകാരം പഞ്ചായത്തിനു കഴിയുന്നില്ല.
4. നിന്നുപോയ ബസ് സർവീസുകൾ പുനരാരംഭിക്കാനും പുതിയ ബസ് റൂട്ടുകൾ ആരംഭിക്കാനും പഞ്ചായത്ത് നടപടികൾ സ്വീകരിച്ചെങ്കിലും നടപ്പിൽ വന്നില്ല.
5. വാഹനഗതാഗതത്തിനു സൗകര്യമില്ലാത്ത ഒട്ടേറെ പ്രദേശങ്ങൾ പഞ്ചായത്തിലുണ്ട്. നിലവിലുളള റോഡുകൾക്ക് പാലമില്ല. ഉളള പാലങ്ങൾ അപകടകരമായ അവസ്ഥയിലാണ്.(കൂടുതറൈ പാലം ഉദാഹരണം)
6. അപകടകരമായ വളവുകളിൽ മുന്നറിയിപ്പ് പലകകൾ

## പട്ടിക 1
## പഞ്ചായത്തിലെ ടാർ റോഡുകൾ

| ക്രമ നമ്പർ | റോഡിൻെറ പേര് | ഉടമസ്ഥത | ദൂരം | വീതി | ബസ്സ് യാത്രാ സൗകര്യം | ഗതാഗത യോഗ്യമാണോ | കലുങ്ക് |
|---|---|---|---|---|---|---|---|
| 1 | കോട്ടത്തറ - ആനക്കട്ടി | PWD | 9 കി.മീ. | 8 മീ. | ഉണ്ട് | അതെ | 15 |
| 2 | ആനക്കട്ടി-ഷോളയൂർ | PWD | 12.5 കി.മീ. | 8 മീ. | ഉണ്ട് | അതെ | 13 |
| 3 | ചിറ്റൂർ - പെട്ടിക്കൽ | പഞ്ചായത്ത് + ആശ്രമം + ജനപങ്കാളിത്തം | 3 കി.മീ. | 8 മീ. | ഇല്ല ജീപ്പ് സൗകര്യം | അതെ | ഇല്ല |
| 4 | ഷോളയൂർ - കുലുക്കൂർപാടി | PWD | 1 കി.മീ. | 8 മീ. | ഇല്ല ജീപ്പ് സൗകര്യം | അതെ | 1 |
| 5 | കോട്ടത്തറ - കാരയൂർ | PWD | 2 കി.മീ. | 8 മീ. | ഇല്ല ജീപ്പ് സൗകര്യം | അതെ | ഇല്ല |

## പട്ടിക 2
## പഞ്ചായത്തിലെ മെറ്റൽ റോഡുകൾ

| ക്രമ നമ്പർ | റോഡിൻെറ പേര് | ഉടമസ്ഥത | ദൂരം | വീതി | ബസ്സ് യാത്രാ സൗകര്യം | ഗതാഗത യോഗ്യമാണോ | കലുങ്ക് |
|---|---|---|---|---|---|---|---|
| 1 | പെട്ടിക്കൽ - വയലൂർ | പഞ്ചായത്ത് + ആശ്രമം + ജനപങ്കാളിത്തം | 1.5 കി.മീ. | 8 മീ. | ഇല്ല ജീപ്പ് സൗകര്യം | അതെ | - |
| 2 | ഷോളയൂർ-ചാവടിയൂർ | PWD Local Bordy | 4 കി.മീ. | 8 മീ. | ഇല്ല ജീപ്പ് സൗകര്യം | അതെ | 4 |
| 3 | കൂടുതറ - വരഗംപാടി | PWD Local Bordy | 2 കി.മീ. | 8 മീ. | ഇല്ല ജീപ്പ് സൗകര്യം | അതെ | - |
| 4 | വരഗംപാടി - ഗോഞ്ചിയൂർ | PWD Local Bordy | 1.8 കി.മീ. | 8 മീ. | ഇല്ല ജീപ്പ് സൗകര്യം | അതെ | - |
| 5 | കോട്ടത്തറ - കൂടപ്പട്ടി | NREP പഞ്ചായത്ത് | 3 കി.മീ. | 8 മീ. | ഇല്ല ജീപ്പ് സൗകര്യം | അതെ | 1 |
| 6 | കള്ളക്കര - കാരയൂർ | പഞ്ചായത്ത് | 1 കി.മീ. | 8 മീ. | ഇല്ല ജീപ്പ് സൗകര്യം | അതെ | - |
| 7 | മുലക്കട - കടമ്പാറ | കോൺക്രീറ്റ് | 100 മീ. | 8 മീ. | ഇല്ല ജീപ്പ് സൗകര്യം | അതെ | - |

| പട്ടിക 3<br>ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | കോഡ് | വാർഡ് | റോഡിന്റെ പേര് | ടാർ ചെയ്യേണ്ട ദൂരം | വീതി |
| 1 | | IX | പെട്ടിക്കൽ-വയലൂർ | 1.5 കിലോമീറ്റർ | 8 മീറ്റർ |
| 2 | | VII | ഷോളയൂർ-ചാവടിയൂർ | 4 കിലോമീറ്റർ | 8 മീറ്റർ |
| 3 | | II | കൂടുതറ-വരഗംപാടി | 2 കിലോമീറ്റർ | 8 മീറ്റർ |
| 4 | | II | വരഗംപാടി-ഗോഞ്ചിയൂർ | 1.5 കിലോമീറ്റർ | 8 മീറ്റർ |
| 5 | | IV | കോട്ടത്തറ-കൂടപ്പട്ടി | 3 കിലോമീറ്റർ | 8 മീറ്റർ |
| 6 | | IV | കള്ളക്കര-കാരയൂർ | 1 കിലോമീറ്റർ | 8 മീറ്റർ |

## നിർദ്ദേശങ്ങളും സാധ്യതകളും

1. പാർശ്വങ്ങളിൽ നടപ്പാതയുടെ അഭാവം, ആവശ്യമായ സ്ഥലങ്ങളിൽ കലുങ്കുകളുടെയും ഓടകളുടെയും അഭാവം.

2. മുൻഗണനാക്രമത്തിൽ പുതിയ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്യുന്നില്ല. (പുതിയ റോഡുകളുടെ പട്ടിക മുൻഗണനാക്രമത്തിൽ ഇതോടൊപ്പം കൊടുക്കുന്നു) ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും റോഡുകളുടെ ശോചനീയാവസ്ഥ ആസ്പദമാക്കിയുള്ളവയാണ്.

3. മൺറോഡുകളുടെ നിർമ്മാണത്തിൽ ധാരാളം പരിസ്ഥിതി പ്രശ്നങ്ങളുണ്ട്. അശാസ്ത്രീയമായ നിർമ്മാണം മൂലം മണ്ണൊലിപ്പ് രൂക്ഷമായിരിക്കുന്നു.

4. റോഡു നിർമ്മാണത്തിൽ ശ്രദ്ധ പതിപ്പിക്കാൻ പ്രാദേശിക സമിതികൾ ഇല്ല

5. പഞ്ചായത്ത് റോഡുകൾ ടാർ ചെയ്യുന്നതിനു സമയബന്ധപരിപാടി തയ്യാറാകുക.

6. വളർന്നു വരുന്ന വ്യാപാരകേന്ദ്രങ്ങളായ പെട്ടിക്കൽ, ഷോളയൂർ, ആനക്കട്ടി, കോട്ടത്തറ എന്നിവിടങ്ങളിൽ മാർക്കറ്റിംഗ് കം വെയ്റ്റിംഗ് ഷെഡ് നിർമ്മിക്കാവുന്നതാണ്. പാർക്കിംഗ് സൗകര്യങ്ങളും കണ്ടെത്തേണ്ടതാണ്.

7. മണ്ണാർക്കാട് വഴി കള്ളമല, ജെല്ലിപ്പാറ, ചിറ്റൂർ, പെട്ടിക്കൽ, ഷോളയൂർ, വെച്ചപ്പതി, മൂലഗംഗൽ, ചേമ്പുക്കരൈ എന്നിവിടങ്ങളിലൂടെ കോയമ്പത്തൂർ എത്തുന്ന മലയോര ഹൈവേ സാധിതമാക്കുവാനുള്ള ജനകീയ മുന്നേറ്റങ്ങൾക്ക് പഞ്ചായത്ത് കളമൊരുക്കേണ്ടതാണ്.

## പട്ടിക 4

## മെറ്റൽ ചെയ്യേണ്ട മൺ റോഡുകൾ

## ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്ന് വന്ന നിർദ്ദേശങ്ങൾ

| വാർഡ് | കോഡ് | റോഡിൻെറ പേര് | ദൂരം |
|---|---|---|---|
| I | 0101 | ശിരുവാണി-കുറവൻപാടി | 6 കി.മീ |
| I | 0102 | ഏലമല-കോഴികൂടം | 873 മീ. |
| II | 0201 | നല്ലശിങ്ക-ഊത്തുക്കുഴി | 1-10 കി.മീ. |
| III | 0303 | സമ്പാർകോട് - കൂടൻചാള | 500 മീ. |
| IV | 0403 | കോട്ടത്തറ - ചൊറിയന്നൂർ | 250 മീ. |
| V | 0504 | മട്ടത്തുകാട് - കൽമൊക്കിയൂർ | 1 കി.മീ. |
| VI | 0601 | കടമ്പാറ - നല്ലശിങ്ക | 3 കി.മീ. |
| VI | 0603 | കടമ്പാറ - ഊത്തുക്കുഴി | 1 കി.മീ. |
| VII | 0702 | വെച്ചപ്പതി - മൂലഗംഗൽ | 4 കി.മീ. |
| VII | 0704 | ഷോളയൂർ - വയലൂർ | 2-900 കി.മീ. |
| VII | 0706 | വെച്ചപ്പതി - അണക്കാട് | 1 കി.മീ. |
| VII | 0711 | ഷോളയൂർ ചന്ത - ഹരിജൻ കോളനി | 320 മീ. |
| VIII | 0801 | ഊത്തുക്കുഴി - നവതാരപ്പള്ളം | 1.200 കി. മീ |
| IX | 0902 | പെട്ടിക്കൽ - ചാവടിയൂർ | 1 കി.മീ. |

# നിലവിലുള്ള റോഡുകൾ

| വാർഡ് | റോഡിൻെറ പേര് | ദൂരം കി.മീ. | വീതി മീ. | കോഡ് നമ്പർ | മെറ്റൽ | | ഓട | | കലുങ്ക് | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | ചെയ്തത് | ചെയ്യാത്തത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | അറ്റകുറ്റപ്പണി |
| I. | ശിരുവാണി - കുറവൻപാടി | 6 കി.മീ. | 8 മീ. | 0101 | | ✓ | | ✓ | ✓ | | |
| II. | ഏലമല - കോഴിക്കൂടം | 873 മീ. | 8 മീ. | 0102 | | ✓ | | ✓ | ✓ | | ✓ |
| | നല്ലശിങ്ക - ഊത്തുക്കുഴി | 1.750 | 8 മീ. | 0201 | | ✓ | | ✓ | | | |
| | നല്ലശിങ്ക - ബൊമ്മൻമുടി | 1.10 | 8 മീ. | 0202 | | ✓ | | | | | ✓ |
| | വരഗംപാടി - ഗോഞ്ചിയൂർ | 3.80 | 8 മീ. | 0203 | ✓ | | | | | | |
| | വരഗംപാടി - വരഗംപാടി പള്ളം | 300 മീ. | 8 മീ. | 0204 | ✓ | | | | | | ✓ |
| | കത്താളക്കണ്ടി - വെച്ചപ്പതി | 4.200 | 8 മീ. | 0205 | | ✓ | | ✓ | | | |
| | കത്താളക്കണ്ടി - അന്ധാനപ്പെട്ടി | 1 കി.മീ. | 8 മീ. | 0206 | | ✓ | | ✓ | | | ✓ |
| III. | സമ്പാർക്കോട് - ശിരുവാണിപ്പുഴ | 1 കി.മീ. | 8 മീ. | 0301 | ✓ | | | | | | ✓ |
| | വണ്ണാന്തറ - ശിരുവാണിപ്പുഴ | 700 മീ. | 8 മീ. | 0302 | | ✓ | | ✓ | | | ✓ |
| | സമ്പാർക്കോട്-കൂടൻചാള | 500 മീ. | 8 മീ. | 0303 | | ✓ | | | | | ✓ |
| IV. | കോട്ടത്തറ - കള്ളക്കര റോഡ് | 950 മീ. | 8 മീ. | 0401 | TAR | | | | | | |
| | കോട്ടത്തറ - തേക്ക്മുക്കിയൂർ | 1.300 | 8 മീ. | 0402 | | ✓ | | | | | ✓ |
| | കോട്ടത്തറ - ചൊറിയന്നൂർ | 250 മീ. | 8 മീ. | 0403 | | ✓ | | | | | ✓ |
| | കോട്ടത്തറ - ആരോഗ്യമാതാ കോൺവെൻറ് റോഡ് | 225 മീ. | 8 മീ. | 0404 | TAR | | | | | | ✓ |
| | കൽമുക്കിയൂർ - കൊടുങ്ങരപ്പള്ളം | 500 മീ. | 8 മീ. | 0405 | | ✓ | | | | | ✓ |
| V. | ദാസന്നൂർ - കൊടുങ്ങരപ്പള്ളം | 1 കി.മീ. | 8 മീ. | 0501 | | ✓ | | | | | |
| | മട്ടത്തുകാട് - കൊടുങ്ങരപ്പള്ളം | 150മീ. | 8 മീ. | 0502 | | ✓ | | | | | ✓ |
| | മട്ടത്തുകാട് - ഗോപനാരി | 1 കി.മീ. | 8 മീ. | 0503 | | ✓ | | | | | ✓ |
| | മട്ടത്തുകാട് - കൽമുക്കിയൂർ | 1 കി.മീ. | 8 മീ. | 0504 | | ✓ | | | | | ✓ |
| | ദാസന്നൂർ - ഊര് റോഡ് | 430 മീ. | 8 മീ. | 0505 | ✓ | | | | | | |
| | വട്ടലക്കി - കൊടുങ്ങരപ്പള്ളം | 180 മീ. | 8 മീ. | 0506 | | ✓ | | | | | ✓ |
| | വട്ടലക്കി - ഹരിജൻ കോളനി റോഡ് | 700 മീ. | 8 മീ. | 0507 | | ✓ | | | | | ✓ |
| | മട്ടത്തുക്കാട് - കൊടുങ്ങരപ്പള്ളം | 500 മീ. | 8 മീ. | 0508 | | ✓ | | | | | ✓ |
| | കമ്പയന്നൂർ - കൊടുങ്ങരപ്പള്ളം | 1 കി.മീ. | 8 മീ. | 0509 | | ✓ | | | | | ✓ |
| VI. | കടമ്പാറ - നല്ലശിങ്ക | 3 കി.മീ. | 8 മീ. | 0601 | | ✓ | | | | | ✓ |
| | കടമ്പാറ - മേലെകടമ്പാറ | 1 കി.മീ. | 8 മീ. | 0602 | | ✓ | | | | | ✓ |
| | കടമ്പാറ - ഊത്തുക്കുഴി | 1 കി.മീ. | 8 മീ. | 0603 | | ✓ | | | | | ✓ |
| | കുലുക്കൂർ - മരപ്പാലം | 1 കി.മീ. | 8 മീ. | 0604 | ✓ | | | | | | |
| VII. | ഷോളയൂർ - ചാവടിയൂർ | 1 കി.മീ. | 8 മീ. | 0701 | ✓ | | | | | | |
| | വെച്ചപ്പതി - ഗംഗൽ | 4 കി.മീ. | 8 മീ. | 0702 | | ✓ | | | | | |
| | ഷോളയൂർ - ഊത്തുക്കുഴി | 600 മീ. | 8 മീ. | 0703 | | ✓ | | | | | |
| | ഷോളയൂർ - വയലൂർ | 2.900 | 8 മീ. | 0704 | ഭാഗികം | ✓ | | | | | |
| | ഷോളയൂർ ഊര് - ഷോളയൂർപള്ളം | 200 മീ. | 8 മീ. | 0705 | | ✓ | | | | | |
| | വെച്ചപ്പതി - അണക്കാട് | 1 കി.മീ. | 8 മീ. | 0706 | | ✓ | | | | | |
| | ഷോളയൂർ - പെട്ടിക്കൽ | 3 കി.മീ. | 8 മീ. | 0707 | | ✓ | | | | | |
| | പെട്ടിക്കൽ - ചാവടിയൂർ | 550 മീ. | 8 മീ. | 0708 | | ✓ | | | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | ഷോളയൂർ - പുലമല | 5.75 | 8 മീ. | 0709 | | ✓ | | | | | |
| | കുടുതറ - വെച്ചപ്പതി | 3 കി.മീ. | 8 മീ. | 0710 | ✓ | | | | | | |
| | ഷോളയൂർ ചന്ത - ഹരിജൻകോളനി | 320 മീ. | 8 മീ. | 0711 | | ✓ | | | | | |
| VIII. | ഊത്തുക്കുഴി - നവതാരപ്പള്ളം | 300 മീ. | 8 മീ. | 0801 | | ✓ | | | | | |
| | ഊത്തുക്കുഴി - മേലെകടമ്പാറ | 400 മീ. | 8 മീ. | 0802 | | ✓ | | | | | |
| | ഊത്തുക്കുഴി - കടമ്പാറ | 1 കി.മീ. | 8 മീ. | 0803 | | ✓ | | | | | |
| IX. | വയലൂർ - ചുണ്ടുകുളം | 3.500 | 8 മീ. | 0901 | | ✓ | | | | | |
| | പെട്ടിക്കൽ - ചാവടിയൂർ | 1 കി.മീ. | 8 മീ. | 0902 | | ✓ | | | | | |
| | പെട്ടിക്കൽ-ഊത്തുക്കുഴി | 500 മീ. | 8 മീ. | 0903 | | ✓ | | | | | |

## ഗ്രാമസഭകളിൽ നിർദ്ദേശങ്ങളായി വന്ന റോഡുകളുടെ മുൻഗണനാക്രമം

| വാർഡ് നമ്പർ | കോഡ് | റോഡിന്റെ പേര് | ഏകദേശം ദൂരം | ആവശ്യമായ കലുങ്കുകൾ | കാനകളുടെ സംരക്ഷണം വേണ്ട ദൂരം | പാലം ആവശ്യമായ സ്ഥലം | വെയിറ്റിംഗ് ഷെഡുകൾ ആവശ്യമായ സ്ഥലം |
|---|---|---|---|---|---|---|---|
| I | 0103 | കോഴിക്കൂടം-കുറവൻപാടി | 2.800KM | 1 | 200M | - | - |
| VII | 0712 | ഷോളയൂർ-വയലൂർ | 3.200KM | 6 | 3സ്ഥലങ്ങളിലായി 450M | - | - |
| VI | 0605 | കടമ്പാറ-സമ്പാർക്കോട് | 2.200KM | - | 200M | - | - |
| IX | 0904 | പെട്ടിക്കൽ-കടമ്പാറ | 2.900KM | 3 | 300M | കടമ്പാറക്ക് കയറുന്ന സ്ഥലത്ത് 1 | - |
| II | 0207 | വരഗംപാടി-മിസിതോട്ടം | 1.200KM | - | 110M | അമ്പലത്തിന് താഴെ 1 | - |
| IV | 0406 | തേക്ക്മുക്കിയൂർ-ചെമ്മൺപടി | 1.200KM | 1 | 140M | 1 | 1 |
| IV | 0407 | കള്ളക്കര-വീട്ടിക്കുണ്ട് | 1.300KM | - | - | - | - |
| IV | 0408 | കാരയൂർ-ശിരുവാണിപ്പുഴ | 1.400KM | - | - | - | - |
| IV | 0409 | തേക്ക്മുക്കിയൂർ-മട്ടത്തുകാട് | 2.100KM | - | 200M | - | - |
| IX | 0905 | കുറവൻപാടി-പുലിയറ | 2.200KM | - | 140M | 1 | - |
| IX | 0906 | വെങ്കക്കടവ്-പെട്ടിക്കൽ | 2.400KM | - | 200M | - | - |
| VIII | 0804 | രാജപ്പൻകട-ഊത്തുക്കുഴി | 1.400KM | - | - | - | - |
| III | 0304 | ചുണ്ടകുളം-മൂച്ചിക്കടവ് | 1.300KM | - | - | - | - |
| VII | 0713 | ഷോളയൂർ-ഗോഞ്ചിയൂർ | 2.100KM | 2 | 300M | 1 | - |
| III | 0305 | ബോഡിച്ചാള-കാരയൂർ | 1.800KM | - | - | - | - |
| II | 0208 | ഗോഞ്ചിയൂർ-തിമ്മാംകുണ്ടി | 1.600KM | - | 200M | - | - |
| II | 0209 | നല്ലശിങ്ക-ബൊമ്മൻമുടി | 1.300KM | - | - | - | - |
| II | 0210 | കത്താളക്കണ്ടി-വെച്ചപ്പതി (അദ്ധ്വാനപ്പെട്ടി) | 3.200KM. | - | - | 1 | - |
| VII | 0714 | വെച്ചപ്പതി-മേൽക്കാട് | 2.100KM | - | - | - | - |
| V | 0510 | വട്ടലക്കി-രാമകൃഷ്ണപുരം | 1 KM | - | - | - | - |
| V | 0511 | ആനക്കട്ടിമെയിൻ റോഡ്-കൽമക്കിയൂർ | 500M | - | - | - | - |
| V | 0512 | മട്ടത്തുക്കാട്-കൊടങ്കരപ്പള്ളം | 250M | - | കോൺക്രീറ്റ് ചെയ്യണം | | |
| | | മട്ടത്തുക്കാട്-ഹരിജൻ കോളനി | 100M | - | - | - | - |

**ഷോളയൂർ**
ഗ്രാമ പഞ്ചായത്ത്



# 5/iv

# മൃഗസംരക്ഷണം . . . മത്സ്യബന്ധനം . . . കുടിവെള്ളം.

പശു, ആട് എന്നിവയാണ് ഈ പ്രദേശത്ത് പ്രധാന വളർത്തുമൃഗങ്ങൾ ഉഴവുകാളകൾ, എരുമ, പോത്ത്, എന്നിവയും വളർത്തുന്നുണ്ട്. വളർത്തു പക്ഷികളിൽ കോഴികളാണു പ്രധാനം. താറാവുകൾ വളരെ ദുർലഭമായി കാണാറുണ്ട്. ചെമ്മരിയാടുകളും ചില പ്രദേശങ്ങളിൽ വളർത്തുന്നുണ്ട്. ഇപ്പോൾ ഈ പഞ്ചായത്തിൽ മൊത്തം 17,505 വളർത്തു മൃഗങ്ങളുണ്ട്. 12858 വളർത്തു പക്ഷികളുമുണ്ട്. ഇവയുടെ ഇനം തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

കന്നുകാലികൾ പ്രത്യേകിച്ചും ക്രോസ് ബ്രീഡ് വർദ്ധിച്ചു വരുന്നു. അതോടൊപ്പം നാടൻ കന്നുകാലികൾ 50% കുറഞ്ഞു. വളർത്തലിനെ കുറിച്ചും പ്രത്യുൽപാദനത്തെ കുറിച്ചും ജനങ്ങളെ ബോധവൽക്കരണം നടത്താൻ കഴിഞ്ഞതിനാലാണ് ഈ നേട്ടം. ഇതുപോലെ മുഴുവൻ കന്നുകാലികളെയും അത്യുൽപാദന ശേഷിയുള്ള ഇനങ്ങളാക്കി എടുക്കാൻ കഴിയും ഇതിനായി മൃഗസംരക്ഷണ വകുപ്പിന്റെ സേവനം അത്യന്താപേക്ഷിതമാണ്. ബീജസങ്കലനത്തിലൂടെ നാടൻകന്നുകാലികളെ അത്യുൽപാദനശേഷിയുള്ളവയാക്കി മാറ്റാൻ കഴിയും. ഈ പഞ്ചായത്തിൽ വളർത്തുന്ന കന്നുകാലികളിൽ ഭൂരിഭാഗവും (പശുക്കൾ) പാലിനായി വളർത്തുന്നതാണ്. കർഷകരെ

വളർത്തു മൃഗങ്ങളുടേയും പക്ഷികളുടേയും എണ്ണം

| *വളർത്തുമൃഗങ്ങൾ* | | *പക്ഷികൾ* | |
|---|---|---|---|
| കാള, പശു, നാടൻ | 2641 | കോഴി | 12813 |
| മേൽത്തരം സങ്കരം | 5717 | താറാവ് | 45 |
| എരുമ | 512 | മുട്ടയിടുന്ന കോഴി | 3900 |
| പോത്ത് | 317 | മുട്ടയിടാത്തത് | 5466 |
| പന്നി | 16 | പൂവൻകോഴി | 3447 |
| നായ്ക്കൾ | 2342 | | |
| ചെമ്മരിയാട് | 331 | | |
| മുയൽ | 218 | | |
| *ആകെ* | 17,505 | | 12858 |

സംബന്ധിച്ചിടത്തോളം പാലുൽപാദനമേഖല കുറെ കൂടി ലാഭകരമായതിനാലും വിപണനത്തിന് അധികം ബുദ്ധിമുട്ടില്ലാത്തതിനാലും മിക്ക കർഷകരും പശുപരിപാലനവും പാലുൽപ്പാദനവും തൊഴിലായി സ്വീകരിക്കുന്നു.

ഈ പഞ്ചായത്തിപ്രദേശങ്ങളിൽ 4 ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. കോട്ടത്തറയിലുള്ള

അട്ടപ്പാടി ക്ഷീരവ്യവസായസഹകരണ സംഘം, ഷോളയൂരിലെ ഷോളയൂർ ക്ഷീരവ്യാവസായ സഹകരണസംഘം, പെട്ടക്കലിലുള്ള ക്ഷീരോൽപാദക സഹകരണസംഘം, കൊറവൻപാടിയിലുള്ള ക്ഷീരോൽപാദന സഹകരണസംഘം എന്നിവയാണ്.

മൃഗവിഭവങ്ങളായ മാംസം, മുട്ട എന്നിവയ്ക്കുള്ള വിപണനസാധ്യത ഈ പ്രദേശത്ത് ഇല്ല. മുട്ട, മാംസം എന്നിവ സംസ്ക്കരിച്ച് വിപണനം നടത്തുവാനുള്ള സഹകരണ സംഘങ്ങൾ, മറ്റ് ഏജൻസികൾ രൂപീകരിക്കുവാൻ പഞ്ചായത്ത് നേതൃത്വം നല്കണം.

**കാലിതീറ്റ, കോഴിതീറ്റ**

കന്നുകാലിത്തീറ്റ, കോഴിത്തീറ്റ എന്നിവ ഈ പഞ്ചായത്തിൽ ലഭിക്കുവാൻ വളരെ ബുദ്ധിമുട്ടാണ്. ഏറ്റവും അടുത്തുള്ള നഗരമായ കോയമ്പത്തൂരിൽ നിന്നും സാധനങ്ങൾ എത്തിക്കുവാൻ കടത്തു കൂലി കയറ്റിറക്കുകൂലി എന്നിവ വളരെയധികം സാമ്പത്തികബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയാണുള്ളത്. അതുതന്നെ വേണ്ടത്ര സൗകര്യങ്ങളോ ജീവനക്കാർക്ക് താമസ്സിക്കുന്നതിനുള്ള ക്വാർട്ടേഴ്സോ ഇല്ല. കെട്ടിടം വൈദ്യുതീകരിച്ചിട്ടില്ല എന്നുമാത്രമല്ല ആശിപത്രിയിലേക്കുള്ള റോഡിന്റെ നില വളരെ പരിതാപകരവുമാണ്. വളരെ വിസ്തൃമായ ഈ പഞ്ചായത്തിൽ ഈ ഒരു ആശുപത്രിയുടെ പ്രവർത്തനം കൊണ്ട് വേണ്ടത്ര തൃപ്തികരമായ രീതിയിൽ സേവനം നടത്തുവാൻ സാധിക്കുന്നില്ല. ആയതിനാൽ ഇതിന്റെ ഓരോ സബ്സെന്ററുകൾ പെട്ടിക്കൽ, കോട്ടത്തറ എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കേണ്ടതാണ്.

കന്നുകാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ, അകിടുവീക്കം, കുളമ്പുരോഗം, കരൾവീക്കം, മുടന്തൻപനി, പാൽപനി എന്നീരോഗങ്ങളും ചില പശുക്കൾക്കെങ്കിലും വന്ധ്യത സംബന്ധമായ രോഗങ്ങളും കണ്ടുവരുന്നു.

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ (95-96) വിവിധതരം രോഗങ്ങൾ ബാധിച്ച് ആശുപത്രിയിലെത്തിയ കന്നുകാലികളുടെ എണ്ണം, രോഗവിവരം എന്നിവ കാണിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

**95-96 വർഷത്തിൽ വിവിധതരം രോഗങ്ങൾ ബാധിച്ച് ആശുപത്രിയിലെത്തിയ കന്നുകാലികളുടെ എണ്ണവും രോഗവിവരവും**

| നമ്പർ | രോഗങ്ങളുടെ പേരുവിവരം | എണ്ണം |
|---|---|---|
| 1 | ദഹനസംബന്ധമായ രോഗങ്ങൾ | 1008 |
| 2 | ശ്വാസകോശസംബന്ധമായ രോഗങ്ങൾ | 51 |
| 3 | ഉപാപചയ സംബന്ധമായവ | 29 |
| 4 | ത്വക്ക് രോഗങ്ങൾ | 47 |
| 5 | ധാതുലവണങ്ങളുടെ അഭാവം കാരണമുള്ളരോഗങ്ങൾ | 9 |
| 6 | വരാദ രോഗങ്ങൾ | 711 |
| 7 | പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ട രോഗങ്ങൾ | 126 |
| 8 | വന്ധ്യതയുമായി ബന്ധപ്പെട്ടവ | 69 |
| 9 | അകിടുവീക്കം | 70 |
| 10 | മുടന്തൻ പനി | 4 |
| 11 | പകർച്ചവ്യാധികൾ | ഇല്ല |
| 12 | മറ്റുള്ളവ | 536 |
| | ആകെ | 2660 |

## മൃഗസംരക്ഷണ വകുപ്പ്

കഴിഞ്ഞ 5 വർഷങ്ങളിൽ നടത്തിയതും ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്നതുമായ പദ്ധതികൾ

(1) പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി
(2) പേ വിഷ നിയന്ത്രണ പദ്ധതി
(3) കാലിവസന്ത നിർമ്മാർജ്ജനപദ്ധതി
(4) കാലി രോഗനിയന്ത്രണം
(5) കന്നുകാലി വികസനത്തിനുള്ള മൃഗസംരക്ഷണ സേവനങ്ങൾ
(6) പന്നിവളർത്തൽ
(7) കന്നുകാലി വികസനവും പരിശീലനവും വിജ്ഞാന വ്യാപനവും

(8) ആടു വളർത്തൽ
(9) കാലിതീറ്റ മിശ്രിതം
(10) സമീകൃതാഹാര നിർമ്മാണം
(11) മുയലുൽപാദനപദ്ധതി
(12) ഇറച്ചി കോഴി വളർത്തൽ വ്യാപകമാക്കാനുള്ള പദ്ധതി
(13) മുട്ടകോഴി വളർത്തൽ വ്യാപകമാക്കാനുള്ള പദ്ധതി
(14) താറാവുകൃഷി വികസനവും കാടവികസനവും
(15) ബീജസങ്കലന സൗകര്യങ്ങൾ വികസിപ്പിക്കൽ
(16) വാക്സിൻ നിർമ്മാണം
(17) രോഗ ഗവേഷണം
(18) സ്വകാര്യ മേഖലയിൽ ഹാർച്ചറിയും കന്നുകാലി വളർത്തലും

പ്രധാന പ്രശ്നങ്ങൾ

വളരെയധികം സ്ഥലവിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ 30150 ഓളം മൃഗങ്ങളേയും, പക്ഷികളേയും വളർത്തുന്നുണ്ട്. പഞ്ചായത്തിലുള്ള ഒരേയൊരു മൃഗആശുപത്രിയിൽ ഇത്രയും വിസ്തൃതമായ പ്രദേശത്ത് സേവിക്കുവാനും ചികിത്സാ രോഗനിർണ്ണയം നടത്തുവാനും വേണ്ടത്ര സൗകര്യങ്ങളോ സാങ്കേതിക ഉപകരണങ്ങളോ ആവശ്യത്തിന് ജീവനക്കാരോ ഇല്ല. ആശുപത്രിയുടെ പൊതുവെയുള്ള നില വളരെ ശോചനിയമാണ്. കെട്ടിടം പുതുക്കി പണിത് വൈദ്യുതീകരിച്ച് ജീവനക്കാർക്ക് താമസ്സിക്കുന്നതിന് ഉള്ള സൗകര്യവും ഉണ്ടാക്കേണ്ടതാണ്.

കാലിതീറ്റ

ഈ പ്രദേശത്ത് കന്നുകാലികൾക്ക് ആവശ്യമായ കന്നുകാലി തീറ്റ ലഭിക്കുന്നതിന് ഇവിടെ ഒരു സൗകര്യവും ഇല്ല. ഇതിനായി കർഷകർ അയൽ സംസ്ഥാനത്തെ ആശ്രയിക്കേണ്ടി വരുന്നു.

സാധ്യതകൾ

(1) സഹകരണസംഘം മുഖേന കുറഞ്ഞ വിലയ്ക്ക് കാലിതീറ്റ ലഭ്യമാക്കുക. ഈപ്രദേശത്തു ഉല്പാദിപ്പിക്കുന്ന കടല, തുവര, കപ്പ, ഉഴുന്ന്, മുതിര, ചോളം, തുടങ്ങിയ കൃഷിയിൽ നിന്നും ലഭിക്കുന്ന അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ച് സഹകരണാടിസ്ഥാനത്തിൽ ഒരു ചെറുകിട കാലിതീറ്റ നിർമ്മാണയൂണിറ്റ് പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഷോളയൂരിൽ ആരംഭിക്കാവുന്നതാണ്.

(2) മൃഗചികിത്സ സൗകര്യങ്ങൾ ഫലപ്രദമാക്കുന്നതിന് വേണ്ടത്ര ഔഷധങ്ങൾ ഈ പ്രദേശത്ത് ആശുപത്രിയിൽ സൂക്ഷിക്കുന്നതിന് സൗകര്യമില്ല എന്നുമാത്രമല്ല അനുവദിക്കുന്ന മരുന്ന് ലഭിക്കുന്നില്ല എന്നറിയുന്നു. തിരുവനന്തപുരത്ത് പാലോടുള്ള ഔഷധ നിർമ്മാണകേന്ദ്രത്തിൽ ഉല്പാദിപ്പിക്കുന്ന ഔഷധങ്ങൾ സംസ്ഥാനത്തിൻെറ മൊത്തം ആവശ്യത്തിന് തികയാത്ത അവസ്ഥയാണുള്ളത്. ആയതിനാൽ എല്ലാ ജില്ല ആസ്ഥാനത്തും ഓരോ ഔഷധ നിർമ്മാണകേന്ദ്രം തുറന്ന് പ്രവർത്തിക്കേണ്ടതാണ്.

(3) കന്നുകാലിവളർത്തൽ, (ക്ഷീര ഉല്പാദനം), കോഴിവളർത്തൽ എന്നിവ വികസിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ കർഷകർക്ക് സാമ്പത്തിക ആനുകൂല്യം പഞ്ചായത്തുകൾ മുഖേന നല്കിയാൽ ഈ മേഖലയിൽ വളരെയധികം പുരോഗതി കൈവരിക്കാവുന്നതാണ്.

(4) കന്നുകുട്ടി പരിപാലനത്തെ കുറിച്ച് കർഷകരെ ബോധവാന്മാരാക്കുകയും, കന്നുകാലിയെ ഇണചേർത്തുന്നതിനുപകരം ബീജ സങ്കലനകുത്തിവയ്പ് പദ്ധതിക്ക് പ്രചാരം നടത്താവുന്നതുമാണ്. ഇത് കന്നുകാലികളുടെ പകർച്ച വ്യാധിയെ തടയുവാൻ വളരെ ഉപകാരപ്രദമാണ്.

## മത്സ്യബന്ധനം

ഷോളയൂർ പഞ്ചായത്തിൽ കടലോരപ്രദേശങ്ങളോ, കായലുകളോ ഇല്ല. അതുകൊണ്ടുതന്നെ മത്സ്യബന്ധനം ഈ പഞ്ചായത്തിൽ നടക്കുന്നില്ല. പഞ്ചായത്തിലെ ജലാശയങ്ങൾ എന്നുപറയുന്നത് ആകെയുള്ള 34 കുളങ്ങൾ മാത്രമാണ്. ഇതുവരെ പഞ്ചായത്തിൻെറ ഒരു ഭാഗത്ത് വ്യവസായികാടിസ്ഥാനത്തിൽ മൽസ്യം വളത്തിയിട്ടില്ല.

ഇവിടെ കടൽ മൽസ്യം ലഭിക്കൽ തന്നെ വളരെ ദുർലഭമാണ്. ഇവിടെ പ്രധാനമായും കോഴിക്കോട് കടപ്പുറത്തുനിന്ന് കൊണ്ടുവരുന്ന മൽസ്യമാണ് ലഭിക്കാറുള്ളത്.

പ്രശ്നങ്ങൾ

മത്സ്യ വ്യവസായത്തിനു പറ്റിയ ഒരു പരിതസ്ഥിതി

ഇല്ലാത്തതിനാലും ഉൾനാടൻ ശുദ്ധജല മത്സ്യവ്യവസായ ത്തെക്കുറിച്ച് ജനങ്ങൾ ബോധവാൻമാരല്ലാത്തതും ആണ് ഈ വ്യവസായം ഇല്ലാത്തതിൻെറ കാരണം.

സാധ്യതകൾ

പഞ്ചായത്തിലുള്ള 34 കുളങ്ങളിൽ ശുദ്ധജല ഉൾനാടൻ മത്സ്യവ്യവസായം നടത്താവുന്നതാണ്. ഇനിയും പുതിയ പല കുളങ്ങളും നിർമ്മാണത്തിലിരിക്കുകയാണ്. പ്രോത്സാഹി പ്പിക്കുവാൻ വേണ്ട നടപടികൾ പഞ്ചായത്ത് തലത്തിൽ സ്വീകരിക്കേണ്ടതാണ്.

## കുടിവെള്ളം

ശുദ്ധിയുള്ള ചുറ്റുപാടുകളിൽ ജീവിക്കുക എന്നത് ഏതൊരു സമൂഹത്തിൻെറയും ആഗ്രഹമാണ്. അതിന് അത്യന്താപേക്ഷിതമായ കാര്യങ്ങളാണ് ശുദ്ധജലം, ശുദ്ധവായു എന്നിവ. കുടിവെള്ളത്തിനായി പഞ്ചായത്തിലെ 40 ശതമാനത്തോളം ആളുകൾ തോടുകളെയോ, അരുവികളെ യോ ആശ്രയിക്കുന്നു. 30 മുതൽ 35 ശതമാനം ആളുകൾ പൊതു ടാപ്പുകളിൽ നിന്നും ബാക്കിയുള്ള 25 ശതമാനം ചെറുകുഴികൾ എന്നിവയിൽ നിന്നും കുടിവെള്ളം ശേഖരിക്കുന്നു.

ഈ പഞ്ചായത്തിലെ മണ്ണിൻെറ ഘടന കിണർ കുഴിക്കുവാൻ അനുയോജ്യമാണ്. ഈ പഞ്ചായത്തിൽ ആകെ 28 കിണറുകളാണുള്ളത്. ഇതിൽ തന്നെ ഭൂരിഭാഗം വെള്ളമില്ലാത്തവയോ, ഉപയോഗയോഗ്യമല്ലാത്തവയോ ആണ്. കുടിവെള്ളത്തിനുള്ള സൗകര്യത്തിനായി ഷോളയൂരിൽ ഒരു ഫിൽട്ടർ ടാങ്കും, വട്ടലക്കിയിൽ ഒരു പമ്പ്ഹൗസും ഉണ്ട്. പൊതുവെ കുടിവെള്ളക്ഷാമം ഇവിടെ രൂക്ഷമാണ്. ഷോളയൂർ ഭാഗത്ത് പൈപ്പുകൾ കേടുവന്നാൽ അവനന്നാക്കുവാൻ ഒരു പ്ലംബറെ പോലും നിയമിച്ചിട്ടില്ല. ഇവിടെ കോൺട്രാക്ട് അടിസ്ഥാനത്തിലാണ് പണിനടക്കുന്നത് ഇത്തരത്തിലുള്ള കോൺട്രാക്ടർമാർക്ക് ഉത്തരവാദത്തമില്ല എന്നുമാത്രമല്ല ആവശ്യമായസമയങ്ങളിൽ നിരുത്തരവാദപരമായ പെരുമാറ്റ ങ്ങളും അനാസ്ഥയുമാണ്. അതിനാൽ ഷോളയൂർ ഭാഗത്ത് ഒരു സ്ഥിരം പ്ലംബറെ നിയമിക്കേണ്ടതാണ്. ഷോളയൂർ പഞ്ചായ ത്തിൽ മൂന്ന് ജലസംഭരണികളാണുള്ളത്. ഒന്ന് ഷോളയൂർ, രണ്ട് ചാവടിയൂർ, മൂന്ന് ദാസന്നൂർ എന്നിവയാണവ. ഇവയിൽ എല്ലാറ്റിലും കൂടി 114 ടാപ്പുകൾ ഉണ്ട് ഇവയിൽ തന്നെ പലതും പ്രവർത്തനരഹിതമാണ്.

പഞ്ചായത്തിലെ ജലസംഭരണികളും അവ ഓരോന്നിൻെറയും കീഴിലുള്ള പൊതുടാപ്പുകളുടേയും എണ്ണം താഴെ കൊടുക്കുന്നു.

| *സംഭരണിയുടെ പേര്* | *ടാപ്പുകളുടെ എണ്ണം* |
|---|---|
| ഷോളയൂർ ജലസംഭരണി | 23 പൊതു ടാപ്പുകൾ |
| ചാവടിയൂർ ഭാഗത്ത് കുടിവെള്ളത്തിനുള്ള ജലസംഭരണി | 25 പൊതു ടാപ്പുകൾ |
| സമഗ്ര ശുദ്ധജല വിതരണ പദ്ധതിപ്രകാരം ആനക്കട്ടി, കോട്ടത്തറ,മട്ടത്തുകാട് (സംഭരണി) | 66 പൊതു ടാപ്പുകൾ |
| *ആകെ* | 114 പൊതു ടാപ്പുകൾ |

ശുദ്ധജലപദ്ധതി തകരാറിലും വേണ്ടത്ര കാര്യ ക്ഷമമല്ലാത്തതിൻെറയും പേരിൽ 1996-96 വർഷത്തിൽ മാത്രം പഞ്ചായത്തിലെ 260 ൽ പരം പേർക്ക് ജലജന്യമായരോഗങ്ങൾ ഉണ്ടാവുകയുണ്ടായി ഈ പഞ്ചായത്തിൽ മൂലഗംഗൽ, വെള്ളകുളം, അണക്കാട്, വെച്ചപ്പതി, എന്നീ ഊരുകളിൽ ഒന്ന് മുതൽ 5 കിലോമീറ്റർ വരെ നടന്ന് ജലം ശേഖരിക്കേ ണ്ടിവരുന്നവരുണ്ട്.

നിർദ്ദേശങ്ങൾ

ചെറുകിട ശുദ്ധ ജലപദ്ധതികൾക്ക് സാധ്യതയുള്ള പഞ്ചായത്തിലെ ചിലഭാഗങ്ങൾ:-

1. മൂലഗംഗൽ, വെച്ചപ്പതി, വെള്ളകുളം എന്നീ ഊരുകളിൽ പ്രകൃതിദത്തമായി ലഭിക്കുന്ന ജലം നാച്ചുറൽ സോഴ്സ് ഉപയോഗിച്ച് ANERT ൻെറ സഹായത്തോടെ ടാങ്ക് നിർമ്മിച്ച്, ശുദ്ധീകരിച്ച് വിതരണം നടത്താവുന്നതാണ്.
2. തലകാണിയാത്ത ആറ്റിൽ 7 ഭാഗങ്ങളിലായി തടയണകെട്ടി വെള്ളം ആഴ്ന്നിറങ്ങുന്നതിന് സഹായിക്കുകയും ജലസേ ചനത്തിന് ഉപയോഗിക്കുകയും ചെയ്യാവുന്നതാണ്.

## ശുദ്ധജലസ്രോതസുകൾ

| പൊതു കിണറുകൾ | | സ്വകാര്യ കിണറുകൾ | | കുഴൽ കിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|
| വെള്ളമുള്ളത് | വെള്ളമില്ലാത്തത് | വെള്ളമുള്ളത് | വെള്ളമില്ലാത്തത് | | |
| 12 | 23 | 30 | 63 | 170 | 298 |

## കുടിവെള്ള പ്രശ്നങ്ങളും പരിഹാരങ്ങളും

| വാർഡ് | പ്രശ്നമേഖല | പരിഹാരമാർഗ്ഗങ്ങളും |
|---|---|---|
| 1 | ശിരുവാണി ഭാഗത്ത് | അരുവിയിൽ നിന്നൊഴുകി വരുന്ന ജലം ടാങ്കുകെട്ടിശുദ്ധീകരിച്ച് ടാപ്പുകളിലൂടെ വിതരണം നടത്തുക |
| 2 | വരംഗംപാടി, കത്താളക്കണ്ടി, നല്ലശിങ്ക എന്നീഭാഗങ്ങളിൽ | ഷോളയൂരിൽ നിന്നും പോകുന്ന പൈപ്പ് ലൈൻ നന്നാക്കി ജലലഭ്യത ഉറപ്പ്വരുത്തുക |
| 3 | ചുണ്ടകുളം, കോട്ടമല, വെങ്കകടവ്, സമ്പാർഗോഡ് എന്നീസ്ഥലങ്ങളിൽ | അരുവികളിൽ നിന്നും വരുന്ന വെള്ളം ടാങ്ക് കെട്ടി ശുദ്ധീകരിച്ച് ടാപ്പുവഴി നൽകുക. |
| 4 | കൽമുക്കിയൂർ, കാരയൂർ, കള്ളക്കര, തേക്കുമുക്കിയൂർ എന്നിവിടങ്ങളിൽ | ദാസന്നൂർ പമ്പ് ഹൗസിൽ നിന്നുപോകുന്നത്. ഈ ഭാഗങ്ങളിൽ ദാസന്നൂർ പമ്പ്ഹൗസിൽ നിന്നും കോട്ടത്തറവഴി പോകുന്ന പൈപ്പ് ലൈൻ നീട്ടി കള്ളക്കര, കാരയൂർ, തേക്കുമുക്കുയൂർ, കൽമുക്കിയൂർ എന്നിവിടങ്ങളിലേയ്ക്ക് ശുദ്ധജലം എത്തിക്കണം. |
| 5 | ദാസനൂർ, വട്ട്ലക്കി, മട്ടത്തുകാട്, തുടങ്ങിയ ഭാഗങ്ങളിൽ | ഈ പ്രദേശങ്ങളിൽ റോഡരികിൽ മാത്രമേ ടാപ്പുകൾ ഉള്ളൂ. ഉൾപ്രദേശങ്ങളിലെ ജനങ്ങൾ ജലത്തിനായി വളരെ അധികം ബുദ്ധിമുട്ടുന്നു. ഈ പൈപ്പ് ലൈനുകൾ നീട്ടി ഊരുകളിലേക്കും ജലം എത്തിക്കണം |
| 6 | ആനക്കട്ടി, ഉറിയൻചാള, കുലുക്കൂർ, മരപ്പാലം, തുവ, കീരിപ്പതി, കടമ്പാറ എന്നീ ഭാഗങ്ങൾ | ഈ പ്രദേശങ്ങളിൽ കൈ തോടുകളെയും അരുവികളേയും കുടിവെള്ളത്തിനായി ആശ്രയിക്കുന്നു. മരപ്പാലം ഭാഗത്തുകൂടി ഒഴുകുന്ന അരുവിയിൽ ടാങ്ക് കെട്ടിപൈപ്പുവഴി കുലുക്കൂർ, ഉറിയൻ ചാള, തുവ, വഴി ആനക്കട്ടിവരെയും വെള്ളം നൽകണം. ഷോളയൂരിൽ നിന്നുള്ള പൈപ്പ്ലൈൻ കടമ്പാറ, കീരിപ്പതി എന്നീ ഊരുകളിലും വെള്ളം എത്തിക്കാവുന്നതാണ്. |

| വാർഡ് | പ്രശ്നമേഖല | പരിഹാരമാർഗ്ഗങ്ങളും |
|---|---|---|
| 7 | ഷോളയൂർ, വെച്ചപതി, വെള്ളകുളം, മൂലഗംഗൽ എന്നീ ആദിവാസി ഊരുകൾ ഉൾപ്പെടുന്ന സ്ഥലങ്ങൾ | ഷോളയൂർ പഞ്ചായത്തിൻെറ ഹൃദയഭാഗമായ ഷോളയൂരിന് തൊട്ടുമുകളിൽ കാണുന്ന തലകാണി ആത്ത ആറ്റിൽ നിർമ്മിച്ചിരിക്കുന്ന കുടിവെള്ളം ശുദ്ധീകരിച്ച് നൽകുവാനുള്ള ഫിൽട്ടർ ടാങ്ക് മലവെള്ളപാച്ചിലിൽ മണ്ണ് വന്ന് നിറഞ്ഞ് ഉപയോഗ ശൂന്യമാണ്. ഇപ്പോൾ തോട്ടിൽ നിന്നും വരുന്ന വെള്ളം ശുദ്ധീകരിക്കാതെയാണ് ടാപ്പുകളിൽ കൂടി വിടുന്നത്. ഇത് വളരെ അധികം രോഗങ്ങൾക്ക് കാരണമാവുന്നു. മാത്രമല്ല ഇങ്ങിനെ വരുന്ന വെള്ളം ടാപ്പുകളിൽ കൂടി ആവശ്യത്തിന് കിട്ടാറില്ല. പലടാപ്പുകളും കേടുവന്ന നിലയിലും പ്രവർത്തന രഹിതവുമാണ്. പൈപ്പ് ലൈൻ പല സ്ഥലങ്ങളിലായി പൊട്ടിപൊളിഞ്ഞ് റോഡുകളിലൂടെ കൂടി വെള്ളം ഒഴുകി തോടുകളായി മാറിയിരിക്കുകയാണ്. ഈ അപാകതകൾ നോക്കുന്നതിനോ കേടുപാടുകൾ തീർക്കുവാനോ ഇതുമായി ബന്ധപ്പെട്ട വകുപ്പുകൾ ശ്രദ്ധിക്കാറില്ല. ഇവിടെ സ്ഥിരമായ ഒരു പ്ലംബറെ നിയമിക്കുക എന്നുള്ള ജനങ്ങളുടെ ആവശ്യത്തിനു വർഷങ്ങളോളം പഴക്കമുണ്ട് ഇവിടെ ഇപ്പോൾ കോൺട്രാക്ട് അടിസ്ഥാനത്തിലാണ് പ്ലംബറെ നിയമിക്കുന്നത് ഇയാൾ വകുപ്പ് ഉദ്യോഗസ്ഥനല്ല. ഈ കോൺട്രക്ടർമാർ നിരുത്തര വാദപരമായ അനാസ്ഥ കാണിക്കുന്നതിനാലാണ് മേൽപറഞ്ഞ അവസ്ഥ ഉണ്ടാകുന്നത്. ഇവിടെ ഡിപ്പാർട്ട്മെൻറിലെ ഒരു പ്ലംബറെ നിയമിക്കുകയും കൃത്യമായി സമയാസമയങ്ങളിൽ പൈപ്പ്ലൈനിലെ അറ്റകുറ്റപണികളും നടത്തുകയാണെങ്കിൽ ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാം. ഈ പ്രദേശത്തുള്ള നിർദ്ദിഷ്ട ഹൈസ്ക്കൂൾ, നിർമ്മാണത്തിലിരിക്കുന്ന ആശുപത്രി, വില്ലേജ് ഓഫീസ്, ഗേൾസ്, ബോയ്സ്, ഹോസ്റ്റൽ എന്നിവ സ്ഥിതി ചെയ്യുന്ന ആശുപത്രി കോളനിയിൽ കുടിവെള്ളം എത്തിക്കുന്നതിനായി പൈപ്പ്ലൈൻ നീട്ടേണ്ടത് അത്യാവശ്യമാണ്.<br>മൂലഗംഗൽ, വെള്ളകുളം, വെച്ചപ്പതി എന്നീ ഊരുകളിൽ, മലകളിൽ നിന്ന് ഒഴുകി വരുന്ന അരുവികളിൽ ടാങ്ക് കെട്ടി അതിൽ വരുന്ന വെള്ളം ശുദ്ധീകരിച്ച് പൈപ്പ്ലൈൻ വഴി വിതരണം ചെയ്യാവുന്നതാണ്. |
| 8 | ഊത്തുകുഴി, തെക്കേകടമ്പാറ, ചാവടിയൂർ എന്നീ സ്ഥലങ്ങൾ | ഈ സ്ഥലങ്ങളിൽ വളരെ അധികം കുടിവെള്ളക്ഷാമം ഉള്ളസ്ഥല മാണ് കടമ്പാറ. വളരെ വരണ്ട പ്രദേശവുമാണ്. ഷോളയൂരിൽ നിന്നുള്ള പൈപ്പ്ലൈൻ ഊത്തുകുഴി, കടമ്പാറ, ചാവടിയൂർ എന്നീ ഭാഗങ്ങളിലേക്ക് നീട്ടിയാൽ ഈ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാവുന്നതാണ്. |

| വാർഡ് | പ്രശ്നമേഖല | പരിഹാരമാർഗ്ഗങ്ങളും |
|---|---|---|
| 9 | പെട്ടിക്കൽ, വയലൂർ, ചുണ്ടകുളം, വെങ്കകടവ്, കുറവംപാടി എന്നീ സ്ഥലങ്ങൾ | ഈ സ്ഥലങ്ങളിലെ പ്രകൃതിദത്തമായ ജലം, ടാങ്ക് നിർമ്മിച്ച്, സംഭരിച്ച്, ശുദ്ധീകരിച്ച് പൈപ്പ്ലൈനുകൾ വഴി വിതരണം ചെയ്താൽ ഈ പ്രദേശത്തെ ജലക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കാണാവുന്നതാണ്. |

*നിർദ്ദേശങ്ങൾ തുടർച്ച.....*

3. ഗോഞ്ചിയൂരിൽ നിന്ന് താഴോട്ടൊഴുകുന്ന തോട്ടിൽ വരകംപാടിക്ക് താഴെയായി 5 തടയണകൾ നിർമ്മിച്ചാൽ ജലം കൃഷിക്ക് ഉപയുക്തമാക്കാം.
4. 5-ാം വാർഡിലെ പലകയൂർ മുതൽ മട്ടത്തുകാടുവരെ ഒഴുകുന്ന തോട്ടിൽ തടയണകൾ നിർമ്മിച്ച് കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. ഊഞ്ചപ്പള്ളം, വീട്ടികുണ്ട് എന്നിവിടങ്ങളിലെ തോടുകളിലും തടയണകൾ കെട്ടിയാൽ ജലസമ്പത്ത് വർദ്ധിക്കുകയും കുടിവെള്ളത്തിനായി കുഴിച്ച കിണറുകളിലും കുളങ്ങളിലും ജലം വറ്റാതെ നിലനിൽക്കുകയും ചെയ്യും.
5. പഞ്ചായത്തിലെ കൃഷിക്കാർക്ക് ജലസേചനം വർദ്ധിപ്പിക്കുവാൻ ആവശ്യമായ ധനസഹായം നൽകേണ്ടതാണ്.


കുടിവെള്ളം . . . *ചില സാദ്ധ്യതകൾ*

(1) നീരൊഴുക്കിന്റെ സാധ്യതയുള്ള സ്ഥലങ്ങളിൽ ബണ്ടുകൾ കെട്ടിയും വരമ്പുകളിട്ടും, നീർകുഴികൾ കുഴിച്ചും മഴവെള്ളം സംഭരിക്കാവുന്നതാണ്.

(2) തോടുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ തടയണകളും ബണ്ടുകളും കെട്ടിയാൽ ജലനഷ്ടം ഒഴിവാക്കുകയും ജലസമ്പത്ത് വർദ്ധിപ്പിക്കുകയും ചെയ്യാവുന്നതാണ്.

(3) മഴ വെള്ള സംഭരണത്തിന് പ്രകൃതിദത്തമായ കുഴികളും ഉപയോഗശൂന്യമായ കിണറുകളും കുളങ്ങളും ഉപയോഗിക്കാം.

" സമയമായ് സതീർത്ഥ്യരേ
പടയണിക്കൊരുങ്ങുവാൻ
പുതിയ ലോകം വാർത്തെടുക്കുവാൻ
സമയമായ് സതീർത്ഥ്യരെ "






# 5/v

# വ്യവസായം

കാർഷിക മേഖലയും വനമേഖലയും കൂടികുഴഞ്ഞു കിടക്കുന്ന പ്രദേശമാണ് അട്ടപ്പാടി. അട്ടപ്പാടിയിലെ ഷോളയൂർ പഞ്ചായത്തിൽ 50 ശതമാനത്തിലധികം വനം മേഖലകൾ ഉൾപ്പെടുന്ന പ്രദേശമാണ്. അതുകൊണ്ടുതന്നെ നമ്മുടെ പഞ്ചായത്തിൽ വ്യവസായ മേഖലയിൽ ഗണ്യമായ നേട്ടങ്ങളൊന്നും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ഖേദകരംതന്നെ. 1920 കളിൽ ഇംഗ്ലീഷുകാരുടെ നിയന്ത്രണത്തിൽ ആരംഭിച്ച തേയില കാപ്പിത്തോട്ടങ്ങളും അവയുടെ സംസ്കരണ മേഖലയും മാത്രമാണ് പഞ്ചായത്തിലെ ഏക വ്യവസായ അവലംബം.

ഈ മേഖലയിൽ തേയില കൃഷി നടപ്പിൽ വന്നിരിക്കുന്നത് സ്വകാര്യമേഖലയിൽ 390 ഏക്കറാണ്. സ്വകാര്യമേഖലയിൽ തന്നെ കാപ്പി, ഏലം എന്നിവ 1000ലധികം ഏക്കറുകളിൽ കൃഷിയും അവയുടെ അനുബന്ധ സംസ്ക്കരണ പ്രവർത്തനവും നടന്നു വരുന്നു. ആകെ ഈ മേഖലയിൽ 1187 തൊഴിലാളികളിൽ 563 പുരുഷൻമാരും 624 സ്ത്രീകളും ഉൾപ്പെടുന്നുണ്ട്. അതുകൊണ്ടുതന്നെ നമ്മുടെ പഞ്ചായത്തിന്റെ വ്യാവസായിക ചരിത്രത്തിൽ 1200-ഓളം തൊഴിലാളികൾക്ക് തൊഴിൽ നൽകുന്ന ഒരു ബൃഹത്തായ സംരംഭമായിരിക്കുന്നു ഈ മേഖല.

വിവിധ മേഖകളിൽ തൊഴിൽ ചെയ്യുന്നവരുടെ വിവരം

| വിഭാഗം | തൊഴിലാളികളുടെ എണ്ണം | | | ശതമാനം |
|---|---|---|---|---|
| | ആൺ | പെൺ | ആകെ | |
| തേയില | 202 | 280 | 482 | 31.81 % |
| കാപ്പി | 329 | 317 | 646 | 42.88 % |
| ഏലം | 32 | 27 | 59 | 2 % |
| ചെങ്കൽ ചൂള | 116 | 170 | 286 | 11 % |
| കപ്പ ഉണക്കൽ | 10 | 30 | 40 | 2 % |
| ചകിരി സംസ്ക്കരണം | 3 | 9 | 12 | .5 % |
| ടൈലറിംഗ് | 0 | 14 | 14 | .5 % |
| ആകെ | 629 | 847 | 1539 | 100 % |

ഷോളയൂർ പഞ്ചായത്തിൽ പൊതുമേഖലകളിലോ മറ്റു മേഖകളിലോ വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ സാധിച്ചിട്ടില്ല എന്നുള്ളത് ഖേദകരമാണ്. ചെറുകിട മേഖലയിലെ സ്വകാര്യ ഇഷ്ടിക യൂണിറ്റുകളും ആദിവാസി നെയ്ത്ത് ചന്ദനത്തിരി വ്യവസായ സഹകരണ സംഘങ്ങളുമാണ്. ഈ മേഖലകളിലെ പ്രധാന വ്യാവസായിക യൂണിറ്റുകൾ. വിവിധ മേഖലകളിലായി ആകെ 1539-ൽ പരം തൊഴിലാളികൾ ജോലിചെയ്യുന്നതിൽ 845 പേരും സ്ത്രികളാണ്. കൂടാതെ തമിഴ്നാടൻ പ്രദേശങ്ങളിലെ ചെങ്കൽ വ്യവസായ യൂണിറ്റുകളിൽ ജോലിക്കുപോകുന്നവരിൽ 540 പേരും സ്ത്രീകളാണ്. കുറച്ചു പുരുഷന്മാർ മാത്രമേ ഈ മേഖലയിൽ ജോലിചെയ്യുന്നുള്ളു.

നിലവിലുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

ചെറുകിട വ്യവസായയൂണിറ്റുകൾ

| ഇനം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| ചെങ്കൽ ചൂള | 12 | 286 |
| ചകിരി | 1 | 12 |
| കാർഡ്ബോഡ് ഫാക്ടറി | 1 | (പ്രവർത്തനം നിലച്ചു) |
| പട്ടുനൂൽപ്പുഴു വളർത്തൽ | 1 | 30 |
| മരച്ചീനി | 1 | 40 |
| ചുണ്ണാമ്പുനീറ്റൽ | 2 | 8 |
| ആകെ | 18 | 376 |

പട്ടിക-3 വ്യവസായ സഹകരണസംഘങ്ങൾ

| ഇനം | മെമ്പർമാർ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|
| | | പു | സ്ത്രീ | ആകെ |
| വീവിംഗ് സൊസൈറ്റി | 120 | 1 | 10 | 11 |
| ചന്ദനത്തിരി ഫാക്ടറി | | പ്രവർത്തനം നിലച്ചു | | |
| ചൂരൽ | പ്രവർത്തനം ആരംഭിക്കുന്നു. | | | |

പരമ്പരാഗത കുടിൽ വ്യവസായം

| ഇനം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|
| | പു | സ്ത്രീ | ആകെ |
| കളിമൺ പാത്ര നിർമ്മാണം | 5 | 5 | 10 |
| ചൂരൽ, മുറം, വട്ടി etc. | 40 | 120 | 160 |
| ആകെ | 45 | 125 | 170 |

പഞ്ചായത്തിൽ 50 ശതമാനത്തിലേറെയും വനമേഖലകൾ ഉൾക്കൊള്ളുന്ന സംരക്ഷിത പ്രദേശങ്ങളാണെങ്കിലും വനവിഭവങ്ങൾകൊണ്ടുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടില്ല. ആരും തന്നെ വിവിധ സാങ്കേതിക കാരണങ്ങളാൽ ഈ സംരംഭങ്ങൾക്ക് നാന്ദികുറിക്കുവാൻ ധൈര്യപ്പെട്ടിട്ടില്ല എന്നത് ദുഃഖകരമാണ്. വേണ്ടതായ പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും സഹായങ്ങളും നൽകിയാൽ താഴെപറയുന്ന വസ്തുക്കൾ ഉപയോഗിച്ച് വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്.

ശീവക്ക, കാട്ടുഏലം, കാട്ടുമഞ്ഞൾ, കുങ്കുല്യം, ജാതിക്ക, തേൻ തുടങ്ങിയ വനവിഭവങ്ങൾ ശേഖരിച്ച് വൻതോതിൽ സംസ്ക്കരണം നടത്തി വിപണനം നടത്താവുന്നതാണ്.

ചെറുകിട വ്യവസായ യൂണിറ്റുകൾ പട്ടിക 2ൽ ഉണ്ട്. പ്രോത്സാഹജനകമായ അന്തരീക്ഷം ഉണ്ടാക്കിയെടുക്കേണ്ടതാണ്.

വളരെ കുറഞ്ഞ കൂലി നിരക്കിൽ പ്രവർത്തിച്ചിട്ടും നെയ്ത്ത്, ചന്ദനത്തിരി തുടങ്ങിയ ആദിവാസി സഹകരണ സംഘങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നത് വസ്തുനിഷ്ഠമായി പരിശോധിച്ച് പരിഹാരം തേടണം.

പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ പ്രധാനമായും ഈറ്റ, മുള തുടങ്ങിയവ കൊണ്ടുള്ള നിർമ്മാണവും വിപണനവുമാണ്. അതുപോലെ ചൂൽപുല്ല്, ചൂരൽ എന്നിവ കൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളും പ്രോൽസാഹിപ്പിക്കേണ്ടതാണ്.

ഇഷ്ടിക നിർമ്മാണരംഗത്ത് വൻ സാധ്യതകൾ പ്രതീക്ഷിക്കാവുന്നതാണ്. തൊട്ടടുത്ത പ്രദേശമായ ആനക്കട്ടി തടാകം ഭാഗങ്ങളിൽ നൂറിലേറെ വൻകിട ഇഷ്ടിക ചേമ്പർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഷോളയൂർ പഞ്ചായത്തിലെ

കുറഞ്ഞ കൂലി നിരക്കിനെ ഉപയോഗപ്പെടുത്തി അന്യസംസ്ഥാനത്ത് ഈ വ്യവസായം പുഷ്ടിപ്പെടുത്തുമ്പോൾ ഇതേ സാധ്യതകളുള്ള നാം അതിൽ വ്യാപൃതരാകാതെ ഒഴിഞ്ഞു മാറുന്നതായി കാണാം. സാധാരണ തമിഴ്നാട്ടിലെ ജനങ്ങൾ കേരളത്തിൽ വന്ന് കൂലിവേല ചെയ്ത് ഉപജീവനം നടത്തുന്നതായാണ് കണ്ടുവരാറുള്ളത്. എന്നാൽ, ഇവിടത്തെ ജനങ്ങൾ തമിഴ്നാട്ടിൽ പോയി ജീവിതമാർഗം കണ്ടെത്തേണ്ട ദുർഗതിയിലാണ്.

പട്ടിക-5

വിവധമേഖലകളിലെ കൂലി നിരക്ക്

| ഇനം | കൂലിനിരക്ക് | |
|---|---|---|
| | പു. | സ്ത്രീ. |
| തോട്ടം തൊഴിലാളി | 49.50 | 49.50 |
| ചെങ്കൽ ചൂള | 75.00 | 50.00 |
| മരച്ചീനി | 50.00 | 20.00 |
| ചകിരി | 40.00 | 25.00 |
| വീവിംഗ് | 60.00 | 40.00 |
| ചന്ദനത്തിരി | 50.00 | 30.00 |

ക്ഷീരവ്യവസായം

ഭൂരിഭാഗം ജനങ്ങളും ആശ്രയിക്കുന്ന ക്ഷീരവ്യവസായ ശൃംഖല ശാസ്ത്രീയമായ രീതിയിൽ പോഷിപ്പിക്കപ്പെടേണ്ടതാണ്. കൃത്യമായിട്ടുള്ള യാതൊരുവിധ അസൂത്രിത സംയോജിത പ്രവർത്തനങ്ങളും ഈ മേഖലയിൽ ഇന്നുവരെ നടന്നിട്ടില്ല എന്നുള്ളത് ഒരു വസ്തുതയാണ്. അധികൃതരുടെ ഭാഗത്തുനിന്നും അതിനുള്ള കൂട്ടായ ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

ഭൂവിഭാഗങ്ങൾ

ഉയർന്നതരം ഗ്രാനൈറ്റുകൾക്ക് രൂപം കൊടുക്കുവാനുള്ള പാറ വിഭവങ്ങൾ പഞ്ചായത്തിൽ ധാരാളമായുണ്ട്. ഈ മേഖലയിൽ പാറ പൊട്ടിക്കുക, കെട്ടിട നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുക എന്നതിൽ കവിഞ്ഞ് മറ്റു നിർമ്മാണരംഗത്തേക്ക് എത്തിയിട്ടില്ല. സ്വകാര്യവ്യക്തികൾ ഇതിനായി ശ്രമിച്ചെങ്കിലും സാങ്കേതിക തടസ്സങ്ങളാൽ സാധ്യമായില്ല.

ശിരുവാണി ജലം

മിനറൽ ജലം രൂപാന്തരപ്പെടുത്തി വിപണനം നടത്താവുന്ന സാധ്യതകളുള്ള മേഖലയാണിത്. ശാസ്ത്രീയമായ രീതിയിൽ സംഘടിതമായ ഒരു ശ്രമം നടന്നാൽ വൻ തോതിൽ വിജയകരമാകുന്ന ഒരു സംരംഭമാണിത്.

സ്ത്രീകളുടെ പങ്കാളിത്തം

മൊത്തം തൊഴിൽ സേനയിൽ സ്ത്രീകളാണ് മുൻ പന്തിയിൽ. തോട്ടം തൊഴിലാളി മേഖലയിലും ഇഷ്ടിക നിർമ്മാണ രംഗത്തും ചെറുകിട സഹകരണ സ്വകാര്യ മേഖലകളിലും പരമ്പരാഗത മേഖകളിലും സ്ത്രീകൾ തന്നെ ബഹുദൂരം മുന്നിൽ. ചെറുകിട മേഖല പ്രധാനമായും പ്രാഥമിക മേഖലകളായ മരം, ഭക്ഷ്യം, പാൽ എന്നിവയെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. ഭൂരിപക്ഷം മേഖലകളും കാർഷിക ഉൽപാദന രംഗത്താണ് പ്രവർത്തനം.

വ്യവസായത്തോടുള്ള ആഭിമുഖ്യം

വ്യവസായ മേഖലയിൽ പൊതുവെ ഒരു വികലമായ മനോഭാവമാണ് പുലർത്തിവരുന്നത്. അതിർത്തിക്കപ്പുറത്തുള്ള തമിഴ്നാട്ടിൽ വ്യാവസായിക മേഖലക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ കണക്കിലെടുക്കുമ്പോൾ, ഇവിടെ വ്യവസാങ്ങൾക്ക് നൽകി വരുന്ന പ്രോൽസാഹനം വളരെ തുച്ഛമാണ്. അതിനാൽ ഷോളയൂർ പഞ്ചായത്തിൽ പല സംരംഭങ്ങളും നടക്കുന്നില്ല.

പ്രശ്നങ്ങൾ

ഷോളയൂർ പഞ്ചായത്തിൽ വികസനത്തിനാവശ്യമായ വൈദ്യുതി, ഗതാഗതം മുതലായ അടിസ്ഥാന സൗകര്യങ്ങൾ 89ലാണ് എത്തിച്ചേരുന്നത്. അതിനുശേഷമാണ് വ്യവസായങ്ങൾ അടിസ്ഥാനപരമായി വികസിക്കുവാൻ തുടങ്ങിയത്.

നിത്യോപയോഗ ഉൽപന്നങ്ങളുടെ വിപണന സാധ്യതകൾ ധാരാളമുണ്ടായിട്ടും ഈ ഉൽപന്നങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് വേണ്ടത്ര ത്വരിതഗതിയും പ്രോത്സാഹനവും ലഭിച്ചിട്ടില്ല. ഈ വസ്തുത കൃത്യമായും പരിശോധിക്കപ്പെടേണ്ടതാണ്.

- ഈ പഞ്ചായത്തിലെ സാക്ഷരതാ നിലവാരം, ആരോഗ്യപരമായ പിന്നോക്കാവസ്ഥ, ഭൂമിശാസ്ത്ര

പരമായ കാരണങ്ങൾ, വാർത്താവിനിമയ സൗകര്യങ്ങൾ ഗതാഗതസൗകര്യങ്ങൾ എന്നിവയുടെ കുറവ് പ്രത്യക്ഷ മായും പരോക്ഷമായും വ്യവസായമേഖലയുടെ വളർച്ചയെ ബാധിച്ചിട്ടുണ്ട്.

- വ്യവസായിക സ്ഥാപനങ്ങളുടെ എണ്ണത്തിലുള്ള കുറവ്.
- ഡിപ്പാർട്ടുമെൻറുകൾ ഒന്നിച്ചു ചേർന്ന് ആലോചിച്ച് സ്കീമുകൾ തയ്യാറാക്കത്തതു കൊണ്ടുള്ള പ്രയോഗിക വൈഷമ്യങ്ങൾ.
- സർക്കാർ ഏജൻസികൾ നടത്തുന്ന പ്രവർത്തനങ്ങളേയും സഹായങ്ങളെയും കുറിച്ചുള്ള അജ്ഞത.
- അസംസ്കൃത വസ്തുക്കൾ സംസ്കരിച്ചെടുക്കുന്നതി നുള്ള വൈദഗ്ധ്യക്കുറവ്.
- സ്വയം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ സ്ത്രീകൾക്കുള്ള വൈമുഖ്യം.
- പ്രാദേശിക വിഭവങ്ങളായ പരുത്തി, കരിമ്പ്, തുവര, റാകി, ചോളം, വനവിഭവങ്ങളായ ഈറ, മുള, കുങ്കുല്ല്യം, ചീവയ്ക്ക, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ മുതലായവ ലഭ്യമാണെങ്കിലും അവയെ വേണ്ട വിധത്തിൽ ഉപയോ ഗപ്പെടുത്താതിരിക്കൽ.
- മെട്രോ പൊളിറ്റൻ നഗരമായ കോയമ്പത്തൂർ അടുത്താ ണെങ്കിലും ആസൗകര്യം വിപണനത്തിനായി ഉപയോ ഗിക്കുവാൻ കഴിയായ്ക.
- മൂലധന വായ്പാ സൗകര്യം വളരെ കുറവ്.
- സ്ഥലസൗകര്യം ലഭ്യമാണെങ്കിലും ഗതാഗത വൈദ്യുതി, ജലസേചന, സൗകര്യക്കുറവുകൾ പ്രധാന ന്യൂനതക ളായി നിലനിൽക്കുന്നു.
- ലൈസൻസും മറ്റും ലഭിക്കുവാനുള്ള അസൗകര്യങ്ങൾ.
- വ്യവസായ സബ്സീഡികൾ ലഭിക്കുവാനുള്ള അറിവി ല്ലായ്മയും സാങ്കേതിക തടസങ്ങളും
- തൊഴിലാളികൾക്ക് വിദഗ്ധപരിശീലനവും ബോധവൽ ക്കരണവും കൊടുത്ത് ഉയർത്തിക്കൊണ്ടുവരായ്ക.
- പരമ്പരാഗത വ്യവസായത്തിനുള്ള കൂലികുറവ്.
- അറിവില്ലായ്മയുടെ അതിപ്രസരം കാരണം ഉൽപാദന സാധ്യതയുടെ കുറവ്.
- അനുയോജ്യമായ പദ്ധതികൾ തെരഞ്ഞെടുക്കുവാൻ ഉള്ള മാർഗ്ഗനിർദ്ദേശത്തിൻെറ കുറവ്.
- സർക്കാരിൻെറ പ്രോത്സാഹനക്കുറവും നിയന്ത്രണ ങ്ങളുടെ ബാഹുല്യവും,
- ഗുണമേന്മ വർദ്ധിക്കാനുള്ള സാങ്കേതിക വിദ്യയിൽ അറിവില്ലായ്മ.
- ചുരുങ്ങിയ ചെലവിൽ രൂപ കല്പന നടത്താനുള്ള അജ്ഞത.
- സ്വയം തൊഴിൽ ചെയ്യുവാനുള്ള താൽപര്യക്കുറവ്.
- സംരംഭകർക്ക് വേണ്ടത്ര താൽപര്യമുണ്ടാക്കാനും പ്രശ്ന ങ്ങൾ തീർക്കുവാനും ഉള്ള ജനകീയ സംഘടനകളുടെ അഭാവം.

### സാധ്യതകൾ

ചെറുകിട വ്യവസായ മേഖമകളിൽ പ്രവർത്തിച്ചു പരി ചയം നേടിയവർ അതിർത്തി പ്രദേശമായ കോയമ്പത്തൂർ പ്രാന്തപ്രദേശങ്ങളിൽ പോയി ജോലിചെയ്യുന്നു.

ഇഷ്ടിക, അച്ചാർ, ഫാൻസി, ലെതർ വസ്തുക്കൾ, റെഡിമെയ്ഡ്സ്, തുടങ്ങിയ മേഖലകൾക്ക് സാധ്യതകൾ. പരമ്പരാഗത മേഖലകളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം കുറവാണെങ്കിൽ, ചൂൽ നിർമ്മാണം, ചൂരൽ കൊണ്ടുള്ള ഉപകരണങ്ങളുടെ നിർമ്മാണം, കളിമൺ വ്യവസായം എന്നിവ പ്രോത്സാഹിപ്പിക്കാവുന്നതാണ്. അതിനായി വിഭവങ്ങളും വിദഗ്ധരും ധാരാളമുണ്ട്.

പഞ്ചായത്തിൽ ആകെ പ്രവർത്തിച്ചു വരുന്ന വ്യവസായ സഹകരണ സംഘത്തിൻെറ പ്രവർത്തന പരിധി വികസിപ്പിക്കാവുന്നതാണ്. ഗിരിജന വ്യവസായ സഹകരണ സംഘങ്ങൾ ആരംഭിക്കേണ്ടതാണ്. (പട്ടിക 6 നോക്കുക) ചെറുകിടവ്യവസായയൂണിറ്റുകളിലായി പഞ്ചായത്തിൽ 376 പേർ തൊഴിൽ ചെയ്യുന്നു. വിവിധ മേഖലകളിലായി വാർഡ് തലത്തിൽ ആരംഭിക്കാവുന്ന ചെറുകിടവ്യവസായസംരംഭങ്ങൾ പട്ടികയിൽ ചേർക്കുന്നു. ചെറുകിട വ്യവസായങ്ങൾ ശാസ്ത്രീയ മായ കാഴ്ചപ്പാടോടുകൂടി ആരംഭിച്ചാൽ ഒട്ടേറെ വികസന സാധ്യതകൾ ഉണ്ടാകുന്നതാണ്.

ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന പരുത്തി, മരച്ചീനി, കരിമ്പ്, ഫലവർഗ്ഗങ്ങൾ, വനവിഭവങ്ങൾ, പാറ (ഗ്രാനൈറ്റ്) വെള്ളാരംകല്ല്, (ചില്ല്) തുടങ്ങിയവ ഉപയോഗിക്കുവാൻ സാധ്യതകൾ ഏറെ. ഇവ ഉപയോഗിച്ചുള്ള വിവിധ ഇനം വ്യവസായങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുകയാണെങ്കിൽ കൂടുതൽ വ്യവസായസംരംഭകരെ ആകർഷിക്കുവാനും വ്യത്യസ്തമായ വ്യവസായ ശൃംഖലയ്ക്ക് തുടക്കം കുറിക്കുവാനും സാധിക്കും.

വാർഡുതലത്തിൽ നടത്താവുന്ന വ്യവസായങ്ങളും പ്രധാന പ്രശ്നങ്ങളും

| വാർഡ് | വ്യവസായസംരംഭം | പ്രധാനപ്രശ്നങ്ങൾ | സാധ്യതകൾ |
|---|---|---|---|
| I, VII, VIII, IX | ശിരുവാണിയിൽ ഒരു തേയില ഫാക്ടറി നിർമ്മിക്കുക, ധാന്യസംസ്ക്കരണ വിപണനം | 2-ാം വാർഡിലെ ഭൂരിഭാഗം ജനങ്ങളും തൊഴിൽരഹിതരാണ്. | 1-ാം വാർഡിലെ 50 ർ ജനങ്ങൾക്കെങ്കിലും തൊഴിൽ നൽകുവാൻ സാധിക്കും. |
| II, VII, IX | പരുത്തി, കന്നുകാലിത്തീറ്റ ഫാക്ടറി, ഇഷ്ടിക നിർമ്മാണം, തുവര സംസ്ക്കരണ ഫാക്ടറി, ചിപ്സ്, അച്ചാറുകൾ, സ്കാഷ്, ജാം. | വിളയുന്ന പരുത്തി മുഴുവനും തമിഴ്നാട്ടിലെ ആളുകളാണ് ഇവിടെ വന്ന് കൊണ്ടു പോകുന്നത്. | പരുത്തി, പഞ്ഞിനെയ്ത് നൂലാക്കി, തുണിത്തരങ്ങൾ ഉണ്ടാക്കുന്ന ഒരു വ്യവസായശാല ഉണ്ടാക്കുക. തുവര പരിപ്പാക്കുന്ന ഒരു വ്യവസായസ്ഥാപനവും ഈ വാർഡിൽ വരഗംപാടി കേന്ദ്രമാക്കി സ്ഥാപിക്കുക. |
| III, V, VI | ചിപ്സ് നിർമ്മാണം, ഇഷ്ടിക നിർമ്മാണം, വെളിച്ചെണ്ണ സംസ്ക്കരണ ഫാക്ടറി. | ചിപ്സ് ഉണ്ടാക്കാൻ അത്യാവശ്യം വേണ്ടത് നേന്ത്രക്കായയാണ്. പക്ഷേ ഇത് മണ്ണാർക്കാട് നിന്നും കോയമ്പത്തൂർ നിന്നുമാണ് ഇറക്കുന്നത്. | 3-ാം വാർഡിൻെറ ഇതരഭാഗങ്ങളിൽ നിന്നും നേന്ത്രക്കായ, കപ്പ, ഉരുളകിഴങ്ങ് എന്നിവ ധാരാളം ലഭ്യമാണ്. ആയതുകൊണ്ട് ഇവിടെ ഒരു ചിപ്സ് നിർമ്മാണ വ്യവസായ സ്ഥാപനം സാധ്യമാക്കാൻ കഴിയും. |
| V, IV | അലക്ക് സോപ്പ് നിർമ്മാണം തൊണ്ട്, ചകിരി, ചിരട്ട മുതലായ സംസ്ക്കരണയൂണിറ്റ് ഓയിൽ മില്ല്, മത്സ്യമാംസ തോൽ സംസ്ക്കരണ ശാല | തമിഴ്നാട്ടിൽ നിർമ്മിച്ച സോപ്പുകളാണ് ഈ പഞ്ചായത്തിൽ എല്ലാ ജനങ്ങളും ഉപയോഗിക്കുന്നത് | ഇത്തരത്തിലുള്ള സോപ്പ് നിർമ്മാണങ്ങൾ ഈ വാർഡിൽ ആയാൽ ഇവിടുത്തെ മിക്ക ജനങ്ങളുടേയും ചിലവ് കുറക്കാൻ സാധിക്കും. |
| V, VI | കരിമ്പ്, പരുത്തി, ഇഷ്ടിക നിർമ്മാണം റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം കടല, സൂര്യകാന്തി എന്നിവയുടെ സംസ്ക്കരണം വിപണനം | ഈ വാർഡിൽ ഒരു പരുത്തി മിൽ ഇല്ല. അതുപോലെ തന്നെ കരിമ്പ് മില്ലും | 5-ാം വാർഡിൽ പരുത്തി നെയ്ത്ത് നൂലാക്കുന്ന ഒരു വ്യവസായ സ്ഥാപനമോ, കരിമ്പ്, പാൽ ആക്കുന്ന ഒരു വ്യവസായ യൂണിറ്റോ ഉണ്ടെങ്കിൽ അത്യാവശ്യം ഈ പഞ്ചായത്തിലേക്കുള്ള വെല്ലവും, നൂലും കിട്ടുവാനുള്ള സാധ്യത ഉണ്ടാക്കാൻ കഴിയും. |

| വാർഡ് | വ്യവസായസംരംഭം | പ്രധാനപ്രശ്നങ്ങൾ | സാധ്യതകൾ |
|---|---|---|---|
| VI | ചെങ്കൽ വ്യാവസായം (ഇഷ്ടിക) കരിങ്കല്ല് പോളിഷ് ചെയ്ത് ഗ്രാനൈറ്റ് ആക്കുന്ന വിപണന സംസ്ക്കരണശാല, റെഡിമെയ്ഡ് നിർമ്മാണം. | 6-ാം വാർഡിലുള്ള ചെങ്കൽ ചൂളയിൽ ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും കൂലി വളരെ കുറവാണ്. | ചെങ്കല്ല് നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഇവിടെ ലഭ്യമാണ്. ഗ്രാനൈറ്റ് നിർമ്മാണത്തിന് ആവശ്യമായ പാറ യഥേഷ്ടം ലഭിക്കും. ഇവയുടെ വിപണനവും നടത്താവുന്നതാണ്. |
| VII | ചൂൽ, ചൂരൽ വ്യവസായം ക്ഷീരവ്യവസായം, പരുത്തി, ധാന്യങ്ങൾ പൊടിക്കുന്ന സംസ്ക്കരണ യൂണിറ്റ്, തുവര സംസ്ക്കരണ ഫാക്ടറി, ശിരുവാണി ജലം ബോട്ട്ലിംഗ് പ്ലാൻറ് (മിനറൽ വാട്ടർ) | അജ്ഞത | ചൂൽ, ചൂരൽ ലഭ്യമാണ്. ധാന്യങ്ങൾ സംസ്കരണ യൂണിറ്റിന് ആവശ്യമായത് ലഭിക്കും. ശിരുവാണി ജലം ധാരാളം ലഭിക്കാം. കോഴി വളർത്തൽ കേന്ദ്രത്തിന് അനുയോജ്യമാണ്. |
| VIII | പരുത്തി, ഇഷ്ടിക, കോഴി വളർത്തൽ, ചന്ദനത്തിരി, മിഠായ്, തുവര സംസ്ക്കരണ ഫാക്ടറി, കന്നുകാലിത്തീറ്റ ഫാക്ടറി എന്നിവ സ്ഥാപിക്കണം | ഈ വാർഡിൽ വിളയുന്ന പരുത്തി മുഴുവൻ കൊണ്ടു പോവുന്നതിന് തമിഴ്നാട്ടുകാരാണ്. | ഇവ ആരംഭിക്കുന്നതിന് അനുയോജ്യമായ കാലാവസ്ഥയാണ് ഇവിടെയുള്ളത്. (1) പരുത്തി ധാരാളമുള്ളതിനാൽ ഒരു സ്പിന്നിംഗ് മിൽ സ്ഥാപിക്കണം. |
| IX | കാലിത്തീറ്റ ഫാക്ടറി, ചന്ദനത്തിരി നിർമ്മാണം, മെഴുകുതിരി, അച്ചാർ നിർമ്മാണം, റെഡിമെയ്ഡ്, സോപ്പ് നിർമ്മാണം, കറിപൗഡർ നിർമ്മാണം, പേപ്പർ പൾപ്പ് വ്യവസായം, പച്ചക്കറി, ഭക്ഷ്യ സംസ്ക്കരണ യൂണിറ്റ് | 9-ാം വാർഡിൽ കാലിത്തീറ്റയ്ക്ക് വളരെയെറേ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. വിദഗ്ദവുടെ കുറവ്, സാങ്കേതിക വിജ്ഞാന കുറവ് | ഈ വാർഡിൽ ഇത്തരത്തിൽ ഉള്ള വ്യവസായ ങ്ങൾ തുടങ്ങുകയാണെങ്കിൽ ഷോളയൂർ പഞ്ചായ ത്തിന് തന്നെ ലാഭകരമായ ഒരു തൊഴിൽ സാധ്യതയാണ്. |

ഭൂമിശാസ്ത്രപരമായി ഒന്നാം വാർഡ് പൂർണ്ണമായും വനം തോട്ടം മേഖലയാണെങ്കിലും ശുദ്ധജലം, വൈദ്യുതി, ഗതാഗതം എന്നിവ മറ്റ് എട്ടു വാർഡുകളിലേയും പോലെ ഇവിടെയും ലഭ്യമാണ്. ഇവിടെ ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് വ്യവസായങ്ങൾ കുറഞ്ഞ ചെലവിൽ ആരംഭിക്കുവാൻ സാധ്യതകൾ ഏറെയാണ്.

ആയിരത്തോളം പേർ പങ്കെടുത്തഗ്രാമസഭകളിൽ നിന്നായി ഏകദേശം എൺപതോളം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ജനങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. പ്രാദേശിക മനോഭാവം വളർത്തിയെടുത്ത് കുത്തക ഉൽപ്പന്നങ്ങളെ ബഹിഷ്കരിക്കുവാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. നമ്മുടെ നിത്യ

ഉപയോഗസാധനങ്ങൾ ഉൽപാദിപ്പിക്കുവാൻ ധൈര്യം പ്രകടിപ്പിച്ച് മുന്നോട്ട് വരാത്ത ചെറുപ്പക്കാരുടെ ഇടയിൽ പുതിയൊരു വ്യവസായ വികസന ബോധം വളർത്തിയെടുക്കാൻ ആവശ്യമായ സാഹചര്യങ്ങൾ ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. ചുരുങ്ങിയ മുതൽ മുടക്കിൽ പ്രാദേശിക ജില്ലാതലകമ്പോളങ്ങൾ ലഭിക്കുവാൻ സാധ്യതയുള്ള വ്യവസായങ്ങൾ പട്ടിക-7ൽ കൊടുത്തിട്ടുണ്ട്.

ഗ്രാമ സഭാ നിർദ്ദേശങ്ങൾ

| | സംരംഭങ്ങളുടെ പേര് | വാർഡ് | സ്ഥലം | |
|---|---|---|---|---|
| 1 | റെഡിമെയ്ഡ് | 6 | ആനക്കട്ടി | വനിതാ വ്യവസായം |
| 2 | അലക്ക് സോപ്പ് | 2 | വരഗംപാടി | വനിതാ വ്യവസായം |
| 3 | ചീവയ്ക്ക പൗഡർ | 7 | വെള്ളകുളം | വനിതാ വ്യവസായം |
| 4 | കരിങ്കൽ ഉടച്ച് ജല്ലിയാക്കൽ | 9 | പെട്ടിക്കൽ | വനിതാ വ്യവസായം |
| 1 | സോപ്പുപൊടി നിർമ്മാണം | 9 | വയലൂർ | സഹകരണ സംഘം വനിത |
| 2 | അടയ്ക്കാ സംസ്ക്കരണ യൂണിറ്റ് | 1 | കോഴിക്കൂടം | സഹകരണ സംഘം വനിത |
| 3 | അച്ചാറു നിർമ്മാണം | 3 | സാമ്പാർകോട് | സഹകരണ സംഘം വനിത |
| 4 | മുള, ഈറ, ചൂരൽ ഉല്പന്നങ്ങൾ | 7 | ഷോളയൂർ | സഹകരണ സംഘം വനിത |
| 1 | സിമിൻറു കൊണ്ടുള്ള ജനാല, വാതിൽ | 6 | കുലുക്കൂർ | സഹകരണ സംഘം ജനറൽ |
| 2 | സ്റ്റീൽ ഫർണ്ണിച്ചർ നിർമ്മാണം | 2 | കത്താളംക്കണ്ടി | സഹകരണ സംഘം ജനറൽ |
| 3 | ഇഷ്ടിക നിർമ്മാണം | 5 | മട്ടത്തുകാട് | സഹകരണ സംഘം ജനറൽ |
| 4 | നോട്ടു പുസ്തക നിർമ്മാണം | 4 | കോട്ടത്തറ | സഹകരണ സംഘം ജനറൽ |
| 5 | ലിക്വിഡ് ഡിറ്റർജൻറ് | 4 | കള്ളക്കര | സഹകരണ സംഘം ജനറൽ |
| 6 | ഫാൻസി ലെതർ ഗുഡ്സ് | 6 | ആനക്കട്ടി | സഹകരണ സംഘം ജനറൽ |
| 1 | ചിപ്സ് നിർമ്മാണം | 8 | ഊത്തുകുഴി | സഹകരണ സംഘം SCST |
| 2 | തേങ്ങാ പൗഡർ ക്രീമും | 4 | കോട്ടത്തറ | സഹകരണ സംഘം SCST |
| 3 | പഴം, ജാമുകൾ, ജൂസുകൾ | 8 | ചാവടിയൂർ | സഹകരണ സംഘം SCST |
| 4 | വാഴനാര്, കൈതനാര്, ഉല്പന്നങ്ങൾ | 4 | വട്ടലക്കി | സഹകരണ സംഘം SCST |
| 5 | പേപ്പർ പൾപ്പ് കൊണ്ടുള്ള കരകൗശല വസ്തുക്കൾ | 2 | നല്ലശിങ്ക | സഹകരണ സംഘം SCST |
| 6 | സിന്തറ്റിക് വിനാഗിരി | 3 | ചുണ്ടകുളം | സഹകരണ സംഘം SCST |

വൻകിടവ്യവസായം

- ഷോളയൂർ പഞ്ചായത്ത് കേന്ദ്രീകരിച്ച് മിനറൽ വാട്ടർ ബോട്ടിലിംഗ് വ്യവസായം ആരംഭിക്കാം.
- പരുത്തി സംഭരിച്ച് റിലിംഗ് യൂണിറ്റോടുകൂടി പവർലൂം വ്യവസായം ആരംഭിക്കാം.
- കരിമ്പ് ഉൽപാദനം ഏകദേശം എണ്ണൂറേക്കറിൽ ഏറെയുണ്ട്. ഈ സാധ്യത കണക്കിലെടുത്ത് ഷുഗർ ഫാക്ടറിയും അനുബന്ധ വ്യവസായങ്ങളും തുടങ്ങാവുന്നതാണ്.
- മരച്ചീനി സംഭരിച്ച് വെട്ടിയുണക്കുന്ന ചെറിയ യൂണിറ്റുകൾ ഇപ്പോൾ തന്നെ ധാരാളമുണ്ട്. ആയൂണിറ്റുകളിൽ നിന്ന്

മരച്ചീനി സംഭരിച്ച് ഗ്ലൂക്കോസ് ഫാക്ടറി ആരംഭിക്കാവുന്നതാണ്.

- വെള്ളാരംകല്ല് സുലഭമാണ്. ഇതുപയോഗിച്ച് ചില്ലുൽപാദന സ്ഥാപനം ഉണ്ടാക്കാം.
- ചകിരിത്തൊണ്ടിൽ ശാസ്ത്രീയമായി നാരും മറ്റു ഉപ ഉൽപ്പന്നങ്ങളും നിർമ്മിക്കാവുന്ന യൂണിറ്റ് ആലോചിക്കാവുന്നതാണ്.
- ഷോളയൂർ, കോട്ടത്തറ, പെട്ടിക്കൽ. ക്ഷീരവികസന സംഘങ്ങളുടെ സഹകരണത്തോടെ ധാന്യങ്ങൾ സംഭരിച്ച് കന്നുകാലിത്തീറ്റ നിർമ്മാണം ആരംഭിക്കാവുന്നതാണ്.
- ഇഷ്ടിക വ്യവസായം വൻസാധ്യതകളുള്ളതായി തെളിയിച്ച മേഖലയാണിത്. ഇത് പട്ടിക 6ൽ കൊടുത്തിട്ടുണ്ട്.

ഖാദിമേഖല

ഖാദി വ്യവസായ സംരംഭങ്ങൾ ഒന്നിനൊന്ന് ആലോചിച്ച് വിജയിപ്പിക്കാനും വിപണന സാധ്യതകൾ കണ്ടെത്തുന്നതിനും സാധിക്കും.

വൈദ്യുതി ഉൽപ്പാദനം

- ഏഴാം വാർഡിലെ വരടിമല വെള്ളച്ചാട്ടത്തിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കാം. ഒൻപതാം വാർഡിലെ ചെറുവാണി (മാരനട്ടി ഇറക്കം) വെള്ളച്ചാട്ടവും ഇതേ ആവശ്യത്തിലേക്കായി ഉപയോഗിക്കാം. വിദഗ്ധരുടെ അഭിപ്രായം 2.5 മെഗാവാട്ട് വൈദ്യുതി ഉൽപാദനം നിഷ്പ്രയാസം സാധ്യമാകും എന്നാണ്. അങ്ങിനെ ഈ രണ്ടു പദ്ധതികളും പ്രയോഗത്തിൽ വരുകയാണെങ്കിൽ അട്ടപ്പാടിയിലെത്തന്നെ വൈദ്യുത ക്ഷാമത്തിനും വ്യവസായ കാർഷിക മേഖലയ്ക്കും ഉപകാരപ്രദമയിരിക്കും എന്ന കാര്യത്തിൽ സംശയമില്ല.
- പഞ്ചായത്തിൽ കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും ഒരു പുതിയ സബ്സ്റ്റേഷൻ നിർമ്മിച്ചും വ്യവസായപുരോഗതിക്ക് ആവശ്യമായ വൈദ്യുതിയുടെ അപര്യാപ്ത പരിഹരിക്കാവുന്നതാണ്. നാലാം വാർഡിൽ കോട്ടത്തറയിൽ കാറ്റാടിയന്ത്രം സ്ഥാപിച്ചും വൈദ്യുതി ഉൽപാദിപ്പിച്ച് ക്ഷാമം പരിഹരിക്കാവുന്നതാണ്.
- കെ.എസ്.ഇ.ബി., അനർട്ട് എന്നിവയുടെ സഹായത്തോടെ വാർഡുകളിൽ 10 വീടുകളിലെങ്കിലും സോളാർ ലാമ്പുകൾ പരീക്ഷിക്കാവുന്നതാണ്.

തൊഴിലധിഷ്ഠിത വ്യവസായങ്ങൾ

തൊഴിലധിഷ്ഠിത പരിശീലനം കൊടുക്കാൻ വേണ്ടി അട്ടപ്പാടി മേഖലയിൽ അനവധി പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും അതൊന്നും തന്നെ യഥാർത്ഥ ലക്ഷ്യത്തിലേക്ക് എത്തിയിട്ടില്ല. അതിന് ഉദാഹരണമാണ് ഡി.ഡബ്ലിയു. സി. ആർ. എയുടെ പരിശീലന പരിപാടിയും ട്രൈസം പരിശീലന പരിപാടിയും. പട്ടിക കാണുക.

TRISAM- തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് | പരിശീലന വിഷയം | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയ വരുടെ എണ്ണം | മറ്റ് തൊഴിൽ ചെയ്യുന്നവരുടെ എണ്ണം |
|---|---|---|---|---|
| 1 | ടെയ്ലറിംഗ് | 3 | ഇല്ല | ഇല്ല |
| 2 | റെഡിമേഡ് യൂണിറ്റ് | 12 | ഇല്ല | ഇല്ല |
| 3 | തുന്നൽ | 1 | ഇല്ല | ഇല്ല |
| 4 | ഹോളോവുഡ്സ് | 1 | ഇല്ല | ഇല്ല |
| 6 | നെയ്ത്ത് | 7 | ഇല്ല | ഇല്ല |
| 7 | ടെയ്ലറിംഗ് | 10 | ഇല്ല | ഇല്ല |

D.W.C.R.A. പദ്ധതി പ്രകാരം രൂപപ്പെട്ട സംരംഭങ്ങളുടെ വിവരം

| തൊഴിൽസംരംഭത്തിൻെറ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത |
|---|---|---|---|
| ഇഷ്ടിക ഉണ്ടാക്കൽ | 1986-87 | 10 | പ്രവർത്തിക്കുന്നില്ല |
| കോഴിവളർത്തൽ | 1993-94 | 10 | പ്രവർത്തിക്കുന്നില്ല |
| ഹോളോബ്രിക്സ് | 1996 | 15 | പ്രവർത്തിക്കുന്നുണ്ട് |
| പശുവളർത്തൽ | 1986 | 20 | പ്രവർത്തിക്കുന്നുണ്ട് |

മുകളിൽ കൊടുത്ത തൊഴിലുകളിൽ നൽകുന്ന പരിശീലനം ഉദ്ദിഷ്ട ലക്ഷ്യത്തിലെത്താത്തതിനാൽ പഞ്ചായത്ത് വ്യവസായ വികസന സമിതിയുടെ നേതൃത്വത്തിൽ പഞ്ചായത്ത് തലത്തിൽ താഴെ പറയുന്ന മേഖലകളിൽ പരിശീലനം കൊടുക്കുവാനും പരിശീലനം ലഭിച്ചവർക്ക് തൊഴിൽ സാധ്യത ഉണ്ടാക്കേണ്ടതുമാണ്.

തൊഴിൽ പരിശീലനം ലഭിക്കേണ്ട മേഖലകൾ

- ☆ പരുത്തിനൂൽ സംസ്ക്കരണം
- ☆ ഇലക്ട്രോണിക്സ്
- ☆ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ
- ☆ അടയ്ക്ക സംസ്ക്കരണം
- ☆ കൊപ്ര സംസ്ക്കരണം
- ☆ സോപ്പ് നിർമ്മാണം
- ☆ ചന്ദനത്തിരി നിർമ്മാണം
- ☆ മെഴുകുതിരി നിർമ്മാണം
- ☆ ബേക്കറി, അച്ചാർ നിർമ്മാണം
- ☆ റെഡിമെയ്ഡ് വസ്ത്രനിർമ്മാണം
- ☆ കരകൗശല വസ്തുക്കളുടെ നിർമ്മാണം
- ☆ കൈത, ഓലനാര്, എന്നിവ കൊണ്ടുള്ള ഉൽപ്പന്നങ്ങൾ

നിർദ്ദേശങ്ങൾ

- ❒ പഞ്ചായത്ത്തലത്തിൽ വ്യവസായ വികസന സമിതി അത്യന്താപേക്ഷിതമാണ്. പഞ്ചായത്ത് പ്രതിനിധികൾ വ്യവസായ സംരംഭകർ, വ്യവസായവകുപ്പ്, കെ.എസ്.ഇ.ബി., ഗ്രാമവികസനം, കൃഷി തുടങ്ങിയ വകുപ്പുകളുടെ താലൂക്ക് തല ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് കൂടിയാലോചിക്കുവാനുള്ള വേദിയുണ്ടാകണം.
- ☆ ആനക്കട്ടിയിൽ പഞ്ചായത്തിന് സ്വന്തമായുള്ള സ്ഥലത്ത് മാർക്കറ്റിങ്ങ് കോംപ്ലക്സ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുക. ഇതിൻെറ ശാഖ കോട്ടത്തറ, ഷോളയൂർ, പെട്ടിക്കൽ എന്നീ സ്ഥലങ്ങളിൽ ആരംഭിക്കണം.
- ☆ ഒരു മാതൃസ്ഥാപനവും അതിനെ ചുറ്റിപ്പറ്റിയുള്ള ഗാർഹിക സ്ഥാപനങ്ങളും സ്ഥാപിക്കുക. (വനവിഭവങ്ങളുടെ സംസ്ക്കരണം, റെഡിമെയ്ഡ് നിർമ്മാണം, ചന്ദനത്തിരി നിർമ്മാണം)
- ☆ സ്വയം തൊഴിൽ സംരംഭകർ വ്യവസായ സംരംഭകർ എന്നിവരെ കണ്ടെത്തുന്നതിനായി പഞ്ചായത്തിൽ സ്വയം തൊഴിൽ എക്സ്ചേഞ്ചുകൾ കണ്ടെത്തുക.
- ☆ സ്വന്തം വിഭവങ്ങൾ പ്രദേശികമായിവിറ്റഴിക്കുന്നതിന് പ്രദേശികമനോഭാവം വളർത്തിയെടുക്കേണ്ടതാണ്.
- ☆ സ്ക്കൂളുകളിൽ ട്രൈബൽ ഹോസ്റ്റലുകളിൽ മാർഗ്ഗ നിർദ്ദേശക യൂണിറ്റുകൾ ചെറു ഉൽപാദന യൂണിറ്റുകൾ തുടങ്ങാവുന്നതാണ്.
- ☆ ചെറുകിട വനിതാസഹകരണ യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള നിർദ്ദേശങ്ങളും സഹായങ്ങളും വ്യവസായ വികസന സമിതിയുടെ മേൽ നോട്ടത്തിൽ പഞ്ചായത്തത് തലത്തിൽ നടത്തേണ്ടതാണ്.

* * *




# 5/vi

# പാർപ്പിടം

ഏകദേശം ജനസംഖ്യയുടെ 56%വും പട്ടികവർഗ്ഗത്തിൽ പെട്ട ആദിവാസികളാണ്. ഇവരുടെ ഇന്നത്തെ ജീവിത നിലവാരത്തെ ബാധിക്കുന്നത് പാർപ്പിടമില്ല എന്ന പ്രശ്നം തന്നെയാണ്. വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും, പഞ്ചായത്തിൽ നിന്നുമായി വീടുകൾ നിർമ്മിച്ചു കൊടുത്തിട്ടുണ്ടെങ്കിലും, ആയത് ആവശ്യത്തിന്റെ 15% പോലും വരുന്നില്ല. സ്വന്തമായി കൃഷിചെയ്തും കൂലിപ്പണികൾ ചെയ്തും ഉപജീവനം നടത്തി അന്തിയുറങ്ങുവാൻ ഓലയും പുല്ലും മേഞ്ഞ കൂരകളാണ് ഇവർക്കുള്ളത്. ഇവരുടെ ഉന്നമനം ലാക്കാക്കി പദ്ധതികൾ വെവ്വേറെയുണ്ടെങ്കിലും യാഥാർത്ഥ്യമാക്കുന്നത് വളരെ കുറവാണ്. ചുരുങ്ങിയത് ആയിരത്തി അഞ്ഞൂറോളം വീടുകൾ വിവിധ വാർഡുകളിലായി ഇവർക്കു മാത്രമായി നിർമ്മിച്ചു നൽകേണ്ടിയിരിക്കുന്നു.

മൊത്തം 275 പട്ടികജാതി കുടുംബങ്ങളാണ് ഈ പഞ്ചായത്തിൽ നിലവിലുള്ളത്. ഇനിയും കൂരകളിലായും നിലവിലുള്ള വീടുകളിലായും തിങ്ങിപ്പാർക്കുന്നവർക്ക് മുന്നൂറോളം പാർപ്പിടങ്ങൾ നിർമ്മിച്ചു നൽകേണ്ടിയിരിക്കുന്നു.

മറ്റു വിഭാഗത്തിൽപ്പെട്ട ഏകദേശം 3800ഓളം വരുന്ന കുടുംബങ്ങളിൽ പാർപ്പിടമില്ലാതെ സ്വന്തമായി ഭൂമിയുള്ളവരും, നിലവിലുള്ള വീടുകളിൽ തിങ്ങിപ്പാർക്കുന്നവരുമായ 900ഓളം വരുന്നവർക്ക് വീടുകൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഇതിൽ 50%ത്തോളം സ്വന്തമായി വീടുകൾ നിർമ്മിക്കുവാൻ പ്രാപ്തരാണ്. ബാക്കിയുള്ളവർക്ക് വിവിധ സർക്കാർ, അർദ്ധ സർക്കാർ ഏജൻസികളിൽ നിന്ന് വായ്പ എടുത്ത് വീടുകൾ നിർമ്മിക്കാവുന്നതാണ്.

**വീടുകളുടെ തരം തിരിവ് പട്ടിക വാർഡ് തലത്തിൽ SC/ST കുടുംബങ്ങൾ**

| വാർഡ് | TERRACE | TILED | HUT | TOTAL | SC | ST |
|---|---|---|---|---|---|---|
| I | - | 201 | 453 | 654 | 45 | 80 |
| II | 49 | 244 | 20 | 313 | 25 | 84 |
| III | - | 78 | 371 | 449 | 28 | 123 |
| IV | 468 | 150 | 307 | 925 | 40 | 192 |
| V | 88 | 589 | 140 | 817 | 28 | 129 |
| VI | 8 | 373 | 137 | 518 | 45 | 202 |
| VII | 12 | 257 | 263 | 532 | 28 | 164 |
| VIII | - | 84 | 256 | 340 | 15 | 125 |
| IX | 2 | 217 | 521 | 740 | 21 | 157 |

ഭവന വായ്പകൾ സാധാരണക്കാരന് ലഭിക്കത്തക്ക വിധത്തിൽ ഉദാരമാക്കേണ്ടതാണ്.

(1) പലിശ നിരക്ക് 12% നിജപ്പെടുത്തുക.

(2) തവണ വ്യവസ്ഥകളോടു കൂടി പ്ലോട്ട് അടിസ്ഥാനത്തിൽ വീട് നിർമ്മിച്ചു നൽകുക.

(3) നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പകൾ ലഭ്യമാക്കുക.

ഈ പഞ്ചായത്തിൽ മൊത്തം ഭവനരഹിതർ 2500 കൂടുതൽ വരുമെങ്കിലും വിവിധ സർക്കാർ ഏജൻസികൾ പണിതു നൽകുന്ന ഭവനങ്ങളുടെ എണ്ണം വളരെ കുറവാണ്. ഇന്ന് ഭവന നിർമ്മാണത്തിനായും, റിപ്പയർ പണികൾക്കായും വായ്പ ലഭ്യമാകുന്നതിന് പൊതുവേ അനുഭവപ്പെടുന്ന നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതാണ്. എല്ലാ ബാങ്കുകളിലും ഹൗസിംഗ് ഡവലപ്പ്മെൻറ് കോർപ്പറേഷനിലും ഭൂപണയ ബാങ്കിലും വായ്പ ലഭ്യമാകാൻ വർഷത്തോളം കാത്തിരിക്കേണ്ടി വരുന്നു എന്നത് പാർപ്പിടം നിർമ്മിക്കുന്നതിൽ സാധാരണക്കാരൻ പിറകോട്ട് പോകുന്ന സ്ഥിതിയാണ് നിലവിലുള്ളത്. കൂടാതെ ഭൂരിഭാഗവും മലമ്പ്രദേശമായ ഈ പഞ്ചായത്തിൽ കെട്ടിട നിർമ്മാണ സാമഗ്രികൾ ലഭ്യമാകുക എന്നതു തന്നെ വലിയ ഒരു പ്രശ്നമാണ്. അതുകൊണ്ട്, സാധാരണക്കാരന് താങ്ങും വിധം പ്രധാനമായി സിമൻറിൻെറ വിലയിൽ ഗണ്യമായ കുറവ് വരേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച വീടുകളുടെ വിവരപ്പട്ടിക താഴെ ക്കൊടുക്കുന്നു.

വിവധ സ്കീം അനുസരിച്ച് ഒൻപത് വാർഡുകളിലായി നടന്ന ഭവന നിർമ്മാണമാണ്. താഴെ കാണിച്ചിരിക്കുന്ന പട്ടികയിൽ. ആവശ്യകതയും നിർമ്മാണവും തമ്മിൽ യാതൊരു ബന്ധവും ഇല്ല. പാവപ്പെട്ടവരായ പട്ടികവർഗ്ഗക്കാർ തിങ്ങിപ്പാർക്കുന്ന ഈ പഞ്ചായത്തിൽ ഇപ്പോൾ അനുവദിക്കുന്ന വീടുകളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവുണ്ടായേ പറ്റൂ.

കെട്ടിട നിർമ്മാണ വിദഗ്ദരായ തൊഴിലാളികൾ പത്തു വർഷം മുൻപ് നൽകേണ്ടിയിരുന്ന കൂലിയുടെ മൂന്നിരട്ടി വർദ്ധനവ് വന്നിട്ടുണ്ട്. ഈ പഞ്ചായത്തിലെ 39 പട്ടികവർഗ്ഗ കോളനികളിലെയും, രണ്ട് അംഗീകൃത പട്ടികജാതി കോളനികളിലു മായി വസിക്കുന്നവരുടെ വീടുകൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുവാൻ സാധിക്കാത്തതു മൂലം

| വർഷം | T.D. | NREP | IAY | MWS | JRY | UF | TOTAL |
|---|---|---|---|---|---|---|---|
| 89-90 | - | - | - | - | 5 | - | 5 |
| 90-91 | - | - | - | - | 20 | 12 | 32 |
| 91-92 | - | - | - | - | 20 | 2 | 22 |
| 92-93 | 38 | - | - | 21 | 52 | 2 | 113 |
| 93-94 | - | - | 13 | 26 | 8 | 6 | 53 |
| 94-95 | - | - | - | 16 | 70 | 4 | 90 |
| 95-96 | 20 | - | 84 | 12 | 10 | 6 | 132 |
| ആകെ | 58 | - | 97 | 75 | 185 | 32 | 447 |

ഏറെക്കുറെ വീടുകൾ ജീർണ്ണാവസ്ഥയിലാണ്.

അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടതുണ്ട്. പാർപ്പിട നിർമ്മാണത്തിൽ ഇന്ന് കാണുന്ന പ്രായോഗിക തടസ്സങ്ങൾ ഒഴിവാക്കുന്നതിന് താഴെ കൊടുക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാവുന്നതാണ്.

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം, എഞ്ചിനിയർമാർ (റിട്ട) വിദഗ്ദ തൊഴിലാളികൾ സംഘം എന്നിവർ അടങ്ങുന്നത് രൂപീകൃതമാവുക.
2. നിർമ്മാണ സാമഗ്രികളുടെ വിതരണം, സിവിൽ സപ്ലൈസ് ഇടപെടുക (സിമൻറ്, കമ്പി മുതലായവ)
3. ചിലവു കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.
4. MWS., JRY., IAY എന്നീ പദ്ധതികളിൽ അനുവദിക്കുന്ന ഭവനനിർമ്മാണ സംഖ്യ ചുരുങ്ങിയത് 30000 രൂപയെങ്കിലും ആക്കി വർദ്ധിപ്പിക്കുക.
5. പാർപ്പിടം നിർമ്മിക്കുന്നതിനാവശ്യമായ 4 സെൻറ് ഭൂമി പദ്ധതിയിൽ കൂടുതൽ ഭൂമി സർക്കാർ തലത്തിൽ വാങ്ങി പഞ്ചായത്ത് തലത്തിൽ വിതരണത്തിനായി ഏൽപ്പിക്കുക.

ഈ പദ്ധതിയിൽ വാങ്ങുന്ന ഭൂമിയുടെ വില നിശ്ചിത പരിധിയിൽ നിന്ന് സെൻറ് ഒന്നിനു 10,000 രൂപയായി ഉയർത്തുക.

ഹഡ്കോ, നിർമ്മിതികേന്ദ്ര എന്നിവയുടെ ആഭിമുഖ്യത്തിൽ, ചിലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള പരിശീലനങ്ങളും, ബോധവല്ക്കരണ സെമിനാറുകളും, ചർച്ചാ ക്ലാസ്സുകളും, പഞ്ചായത്ത് തലത്തിൽ തിരഞ്ഞെടുക്കപ്പെട്ട വർക്കായി നൽകണം.

പഞ്ചായത്തിൽ നിന്നും, ബ്ലോക്കിൽ നിന്നും, ITDPയിൽ നിന്നും ആദിവാസികൾക്ക് നിർമ്മിച്ചു കൊടുക്കുന്ന വീടുകൾ, നിർമ്മിതികേന്ദ്ര, ഹഡ്കോ തുടങ്ങിയ ഏജൻസികളിലൂടെ സമയബന്ധിതമായി പണിതു കൊടുക്കുവാൻ സംവിധാനം ഉണ്ടാകണം.

എല്ലാവർക്കും പാർപ്പിടം എന്ന മുദ്രാവാക്യം ഏറ്റെടുത്തുകൊണ്ട് വരും കൊല്ലങ്ങളിൽ എല്ലാ കുടുംബത്തിനും പാർപ്പിടം ഉണ്ടാകുവാനുള്ള സാധ്യതകൾ ആരായണം.

വീടുകൾ കൃത്യമായും ലഭിക്കേണ്ട ആളുകളെ കണ്ടെത്തി വാർഡുതലത്തിൽ മുൻഗണനാക്രമം അനുസരിച്ചുള്ള ലിസ്റ്റ് ഉണ്ടാക്കി ഗ്രാമസഭാ യോഗങ്ങളിൽ ചർച്ച ചെയ്യണം. അങ്ങനെ കൃത്യമായും അർഹതയുള്ള പട്ടിക ജാതി/വർഗ്ഗത്തിൽ പ്പെട്ടവർക്കും മറ്റു വിഭാഗങ്ങളിൽപ്പെടുന്നവർക്കും പാർപ്പിടം ഉണ്ടാക്കി കൊടുക്കുന്നതിൽ ശുഷ്ക്കാന്തിയും ആത്മാർത്ഥതയമുള്ളവരായിരിക്കണം.

✣ ✣ ✣

*അടിമചങ്ങല പൊട്ടിച്ചെറിയൂ*
*അദ്ധ്വാനിക്കുന്നവരേ,*
*നമുക്ക് പാകാം, നമുക്ക് കൊയ്യാം*
*പുതിയൊരു മാനവസംസ്ക്കാരം.*




# 5/vii

# ആരോഗ്യം

മുൻകാലങ്ങളിൽ അട്ടപ്പാടിയിൽ ചികിൽസാ സൗകര്യങ്ങൾ ഇല്ലാതെ ജനങ്ങൾ വല്ലാതെ ബുദ്ധിമുട്ടുകൾ അനുഭവിച്ചിരുന്നു. മലേറിയ, ടയ്ഫോയ്ഡ് എന്നിങ്ങനെ ഉള്ള മാരകരോഗങ്ങളായിരുന്നു. അധികവും ആ കാലഘട്ടങ്ങളിൽ തണുപ്പ് കാരണം കാക്കകൾ പോലും ഇല്ലായിരുന്നു എന്നാണ് പറയുന്നത്. വളരെ അധികം ജനങ്ങൾ രോഗങ്ങൾ മൂലം മരിച്ചിട്ടുണ്ട്. ഷോളയൂർ മുതലായ പ്രദേശത്ത് ആകാലങ്ങളിൽ ഏക ആശ്രയം ഗോവിന്ദൻ പിള്ള, കുരിയാക്കോസ്, എന്നി രണ്ടു ചികിൽസകർ മാത്രമായിരുന്നു. അങ്ങനെ കാലങ്ങൾ പിന്നിട്ട് 1979ൽ ഷോളയൂർ പഞ്ചായത്തിൽ ഷോളയൂർ (7വാർഡ്) കേന്ദ്രമാക്കി ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം പ്രവർത്തനം ആരംഭിച്ചു. സ്വന്തമായ കെട്ടിടം ഇല്ലാത്തതിനാൽ വാടക കെട്ടിടത്തിലാണ് പ്രവർത്തനം തുടങ്ങിയത്. ഇന്ന് പഞ്ചായത്തിൽ രണ്ട് വില്ലേജ്കളിലായി രണ്ട് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ ഒരു ഹോമിയോ ഡിസ്പെൻസറിയും പ്രവർത്തിക്കുന്നുണ്ട്. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ കീഴിൽ അഞ്ച് സബ്സെൻററുകളും പ്രവർത്തിക്കുന്നതിനോടൊപ്പം പാരമ്പര്യചികിത്സകരായ നാല് ആദിവാസിവൈദ്യൻമാരും, സ്വകാര്യമേഖലയിൽ ശിരുവാണി എസ്റ്റേറ്റ് വക ഒരു ഡിസ്പെൻസറിയും വരംഗംപാടി രണ്ടാം വാർഡിൽ ഒരു വിഷവൈദ്യനും ചികിൽസിച്ചുവരുന്നു. ഇത്രയൊക്കെ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ സേവനം നടത്തുന്നുണ്ടെങ്കിലും ആരോഗ്യസ്ഥിതിയിൽ ഗുണകരമായ മാറ്റം ഒന്നും തന്നെ കാണുന്നില്ല.

1993-94 മുതൽ 1995-96 വരെയുള്ള രോഗികളുടെ കണക്കുകൾ

| ആകെ ജനസംഖ്യ | കുടുംബങ്ങൾ | തിയതി | രോഗങ്ങൾ | | | ജനന | മരണ % % |
|---|---|---|---|---|---|---|---|
| | | | ജലജന്യ | വായുജന്യ | മറ്റ് | | |
| 18849 | 5288 | 1993-94 | 66 | 12 | 9 | | |
| 18849 | 5288 | 1994-95 | 67 | 7 | 11 | | |
| 18849 | 5288 | 1995-96 | 200 | 13 | 8 | 2.10 ർ | 1.5 ർ |

ആരോഗ്യകേന്ദ്രത്തിൽ ആകെ ചികിൽസക്കായി എത്തിയവർ47683

ആരോഗ്യകേന്ദ്രത്തിൽ ആകെ ചികിൽസക്കായി എത്തിയവർ 1995-96ൽ മാത്രം 9237

കുടുംബവലുപ്പം ഏകദേശം ശരാശരി നാല് പേർ അടങ്ങിയതാണ്. പഞ്ചായത്തിൽ കിടത്തി ചികിൽസിക്കാൻ സൗകര്യമുള്ള പത്ത് കിടക്കകളുള്ള ഒരു സർക്കാർ ആശുപത്രിക്ക് ചികിൽസക്കായി എത്തണമെങ്കിൽ പത്ത് കിലോ മീറ്ററോളം യാത്രചെയ്യണം. വിദഗ്ദചികിൽസക്കായി എത്തണമെങ്കിൽ മുപ്പതോളം കിലോമീറ്റർ യാത്രചെയ്യേണ്ടതായിവരുന്നു. ഈ രണ്ട് ആശുപത്രികളിലും ഡോക്ടർമാർ ഇല്ലാത്തതിനാൽ രോഗികൾക്ക് ചികിൽസാസൗകര്യങ്ങൾ ലഭ്യമല്ലാതാവുന്നു. ഗ്രാമസഭകളിൽ നിന്നും ചർച്ചയിലൂടെ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ ഒരു സമഗ്ര ആരോഗ്യപരിപാടി നടപ്പിലാക്കുകയാണ് എങ്കിൽ ഒരു പരിധിവരെ രോഗവിമുക്തരാക്കി എടുക്കുന്നതിനും ഈ പ്രശ്നം പരിഹരിക്കുന്നതിനും വളരെ സഹായകരമായിരിക്കും.

ഷോളയൂർ പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങളുടെ പട്ടിക

| | |
|---|---|
| പ്രാഥമികആരോഗ്യകേന്ദ്രങ്ങൾ | രണ്ട് |
| ഹോമിയോ ആശുപത്രി | ഒന്ന് |
| P.H.C. സബ് സെൻറുകൾ | ആറ് |
| ആകെ ജീവനക്കാർ | 32 |

| വാർഡ് | സ്ഥാപനങ്ങൾ | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | സബ് സെൻറർ, കോഴിക്കോട് | 1987 | - |
| 2 | സബ് സെൻറർ, ഗോങ്കിയൂർ | 1987 | - |
| 2 | M.C.H സെൻറർ, കഞ്ഞാളക്കണ്ടി | 197.. | - |
| 4 | എഫ്.ഡബ്ല്യു സബ് സെൻറർ, കോട്ടത്തറ | 1987 | - |
| 4 | എഫ്.ഡബ്ല്യു സബ് സെൻറർ, കടമ്പാറ | 1987 | - |
| 5 | പ്രൈമറി ഹെൽത്ത് സെൻറർ | 1989 | 18 |
| 7 | P.H.C. സബ് സെൻറർ, ഫാമിലി വെൽ ഫെയർ സെൻറർ, ഷോളയൂർ1965 | - | |
| 7 | പ്രൈമറി ഹെൽത്ത് സെൻറർ, ഷോളയൂർ | 1979 | 11 |
| 9 | ഹോമിയോ ഡിസ്പെൻസറി, ചെട്ടിക്കൽ | 1991 | 3 |

ആരോഗ്യകേന്ദ്രങ്ങളിൽ ഡോക്ടർമാർ ഇല്ലാത്തതുകൊണ്ട് സേവനം ലഭ്യമല്ല ആയതിനുള്ളപരിഹാരം ഉടൻ വേണ്ടതാണ്. ആരോഗ്യപ്രവർത്തനങ്ങളിൽ മരുന്നുകളെക്കാൾ പ്രാധാന്യം ബോധവൽക്കരണപ്രവർത്തനങ്ങൾക്കുണ്ട്. എന്നാൽ ഫീൽഡ്‌വർകേഴ്സ് മുഴുവനും അതിനുള്ള താത്പര്യം കാണിക്കുന്നില്ല. ഫീൽഡ് വർക്കേഴ്സിൻെറ അനാസ്ഥ ഈമേഖലകളെ കാര്യമായി ബാധിക്കുന്നു. ജനങ്ങൾക്ക് ആരോഗ്യസ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള വിമുഖതയും കൂടിവരുന്നു. ഇവരുടെ ഇടയിലുള്ള അവബോധം മാറ്റി എടുക്കുവാൻ ബോധവൽക്കരണങ്ങളിൽക്കൂടി നടപ്പിലാക്കേണ്ടിയിരിക്കുന്നു.

ആവശ്യമായ ഡോക്ടർമാരെ കിട്ടുവാൻ വളരെ അധികം ബുദ്ധിമുട്ടുകൾ ഉണ്ടാവുന്നു. അവർക്ക് താമസ സൗകര്യം ഇല്ലായ്മയും ആശുപത്രിയിൽ സൗകര്യങ്ങൾ ഇല്ലാത്തതും പ്രത്യേകം എടുത്തുപറയാവുന്നതാണ്.

കക്കൂസ്

ആരോഗ്യപ്രശ്നങ്ങളിൽ കൂടുതൽ ബാധിക്കുന്ന ഒരു പ്രശ്നമാണ് കക്കൂസിൻെറത്. തുറന്ന പ്രദേശങ്ങളിൽ മലമൂത്രവിസർജ്ജനം നടത്തുകയും ആയതു മഴപെയ്യുമ്പോൾ കുടിക്കാൻ ഉപയോഗിക്കുന്ന വെള്ളകുഴികളിലേക്കും തോടുകളിലേക്കും ഒലിച്ചിറങ്ങുന്ന ഈ ജലം തന്നെ കുടിക്കാൻ ഉപയോഗിക്കുന്നതുകൊണ്ട് പല സാംക്രമിക രോഗങ്ങളും വരുവാൻ ഇടയാകുന്നു. പഞ്ചായത്തിലെ 5288 വീടുകളിൽ നാലായിരം വീടുകൾക്കും നിലവിൽ കക്കൂസ് ഇല്ല. 1995-96 വർഷത്തെ കണക്ക് അനുസരിച്ച് 200 ജലജന്യരോഗങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഗ്രാമസഭാചർച്ചകളുടെ വെളിച്ചത്തിൽ അടിയന്തിര പ്രാധാന്യം നൽകി കക്കൂസ് നിർമ്മിച്ചുകൊടുക്കേണ്ടതാണ്.

പഞ്ചായത്തിലെ ആരോഗ്യരംഗവും സ്ഥിതിവിശേഷവും

സർവേ നടത്തിയതിൽ കിട്ടിയ വിവരമനുസരിച്ച് ഒൻപതുവാർഡുകളിലും പനി, വയറിളക്കം, വാതസംബന്ധമായരോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, ക്ഷയം, അനിമിയ, എന്നിവയാണ് കൂടുതൽ കണ്ടുവരുന്ന അസുഖങ്ങൾ.

ഈ പഞ്ചായത്തിൽ ആരോഗ്യരംഗത്തേക്ക് ആവശ്യമായ ചികിൽസാ സൗകര്യം ലഭിക്കാത്തതാണ് ഈ അവസ്ഥക്ക് കാരണം. കൂടുതൽ സൗകര്യത്തിനായി 40 ഓളം കിടക്കകൾ ഉള്ള ഒരു ആശുപത്രി ഷോളയൂരിൽ പ്രവർത്തനം തുടങ്ങിയാൽ ഒരു പരിധി വരെ പരിഹാരം കണ്ടെത്താൻ കഴിയും.

പരിസരശുചിത്വം

വ്യവസായങ്ങൾ തീരെ ഇല്ലാത്ത പ്രദേശമാണ് എങ്കിലും പരിസരമലിനീകരണം ഗുരുതരമാവുന്നു. പഞ്ചായത്തിൽ എവിടെയും ശുചീകരണപ്രവർത്തനങ്ങൾ നടക്കുന്നില്ല എന്നുള്ളതാണ് ഗ്രാമസഭാ ചർച്ചകളിൽ വന്ന വിഷയം. ഈ പ്രദേശത്തെ നിരക്ഷരത മൂലവും ബോധമില്ലായ്മയും കോളനികളിൽ വേണ്ടത്ര സൗകര്യങ്ങൾ ചെയ്തു കൊടുക്കാത്തതുമൂലവും ജനസംഖ്യാവർദ്ധനവും ശുചിത്വപ്രശ്നങ്ങളിൽ ഒരു പ്രധാന കാരണമാവുന്ന ഈ പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം പഞ്ചായത്തിൻെറ ഭാഗത്ത് നിന്ന് ആരോഗ്യവകുപ്പുക്കാരുടെ സഹായത്തോടെ നടത്തേണ്ടതാണ്.

പരിഹാരങ്ങൾ

1 എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കേണ്ടതാണ്.

2 എല്ലാ സബ്സെൻററുകളിലും ജെ.പി.എച്ച്.എൻ മാരെ നിയമിക്കേണ്ടതാണ്.

3 കോളനികളിലെ എല്ലാ വീടുകൾക്കും പ്രത്യേകം കക്കൂസുകൾ നിർമ്മിച്ചുകൊടുക്കേണ്ടതാണ്.

4 എല്ലാ കോളനികൾക്കും മലിനവസ്തുക്കൾ ഇടുന്നതിന് കമ്പോസ്ററ് കുഴികൾ നിർമ്മിച്ചുകൊടുക്കേണ്ടതാണ്.

5 കോളനികളിൽ വീടുകൾ ഒറ്റയായി വിശാലങ്കണത്തിൽ നിർമ്മിച്ച് കൊടുക്കേണ്ടതാണ്.

6 ആരോഗ്യ പ്രവർത്തകരും ഉദ്യോഗസ്ഥരും ചേർന്ന് ആരോഗ്യ ശുചീകരണപ്രവർത്തനങ്ങളിൽ ബോധവൽക്കരണം നടത്തേണ്ടതാണ്. ഷോളയൂർ കേന്ദ്രമാക്കി 40 ഓളം കിടക്കകളുള്ള ഒരു ആശുപത്രി പ്രവർത്തനം തുടങ്ങാൻ വേണ്ട നടപടികൾ എടുക്കണം.

7 വീടുകളും കോളനികളും സന്ദർശിച്ചു എന്ന് ഉറപ്പ് വരുത്തുവാൻ വീടുകളുടെ ചുമരിൽ പട്ടിക വരച്ച് മാസത്തിൽ ഒരിക്കലെങ്കിലും ആരോഗ്യപ്രവർത്തകർ ഒപ്പിടുകയും തിയ്യതി രേഖപ്പെടുത്തുകയും ചെയ്യണം.

8 ആരോഗ്യ ശുചീകരണപ്രവർത്തന ബോധവൽക്കരണത്തിന് വിവിധമാധ്യമങ്ങൾ ഉപയോഗിക്കേണ്ടതാണ്.

9 എല്ലാ കോളനികളിലും ശുദ്ധജലം എത്തിക്കണം.

പഞ്ചായത്ത് തലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ

1. യോഗകേന്ദ്രം

ഷോളയൂർ മലമുകളിൽ ആവശ്യമായ വിനോദ സൗകര്യങ്ങളില്ലാതെ പ്രയാസപ്പെടുന്ന ഈ പ്രദേശത്ത് കലാകായികമായി പരിശീലനത്തിനും യോഗാഭ്യാസത്തിനും ഉതകുന്ന രീതിയിൽ ഒരു പരിശീലനകേന്ദ്രം പഞ്ചായത്തിൻെറ കീഴിൽ ഷോളയൂർ കേന്ദ്രമാക്കി സ്ഥാപിക്കുക. ഗ്രാമീണ കലാകായിക പരിശീലനം നൽകുക വഴി മാനസികമായ ആരോഗ്യം മെച്ചപെടുത്താൻ വളരെ അധികം സഹായകമായിരിക്കും.

2 പൊതുശ്മശാനം

ഈ പഞ്ചായത്തിൽ 4-ാം വാർഡിൽ മാത്രമേ പൊതുശ്മാശാനം നിലവിലുള്ളു. ഈ ശ്മശാനം കൊണ്ട് കോട്ടത്തറക്കാർക്ക് ഒഴികെ മറ്റ് ആർക്കും ഉപകാരപ്രദമല്ല. 7-ാം വാർഡിൽ ഒരു പൊതുശ്മാശാനം നിർമ്മിക്കേണ്ടതാണ്.

3. വയോജന ആരോഗ്യകേന്ദ്രം

സമൂഹത്തിലെ ഒരു മുഖ്യ ആശ്രിതവിഭാഗമായ വൃദ്ധജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാകുന്നതിനായി ഒരു വയോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കുകയാണ് എങ്കിൽ പ്രായമായവരെ സഹായിക്കുന്നതിന് ഹോം നഴ്സ്മാരെ ഉപയോഗിച്ച് അവരുടെ ആരോഗ്യപരവും മാനസികവുമായ ഉയർച്ചക്ക് അവശ്യവുമായപദ്ധതികൾ രൂപപെടുത്തേണ്ടതാണ്.

4. ഹെൽത്ത് കാർഡ് സംവിധാനം

ഹെൽത്ത് കാർഡ് വളരെ ഗുണം ചെയ്യുന്ന സംവിധാനം ആയതിനാൽ ചികിൽസക്കായി എത്തുന്ന രോഗികളുടെ മുൻകാല രോഗനിലയെ കുറിച്ചുള്ള വിവരങ്ങൾ നൽകുവാനും രോഗനിർണ്ണയത്തിനും സഹായിക്കും.

5. കാലഹരണപ്പെട്ട നിയമങ്ങൾ

ആരോഗ്യനിയമപ്രകാരം കടകളിലെ ഭക്ഷണപദാർത്ഥങ്ങൾ, മായം ചേർക്കൽ, വൃത്തിഹീനമായ ഭക്ഷണ പദാർത്ഥ നിർമ്മാണങ്ങളിലൂടെ ഉണ്ടാവുന്ന ആരോഗ്യ പരമായ പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിന് 40, 41, 42, ചട്ടമനുസരിച്ചുള്ള പ്രവർത്തനങ്ങൾ മദ്രാസ് ആക്ട് പ്രകാരം കേരളത്തെ തരം തിരിച്ച് പ്രവർത്തിക്കുന്നതൊഴിവാക്കി രണ്ടും കൂടി ഏകോപിച്ച് പ്രവർത്തിക്കുവാൻ നിയമനിർമ്മാണങ്ങൾ നടക്കേണ്ടതാണ്.

പാരമ്പര്യവൈദ്യമേഖല

പാരമ്പര്യമായി തലമുറകളായി പകർന്നു കിട്ടുന്ന അറിവുകൾ ഉപയോഗിച്ച് നാല് പാരമ്പര്യവൈദ്യന്മാർ ഷോളയൂർ പഞ്ചായത്തിൽ ചികിൽസകൾ നടത്തിവരുന്നു. ഇവരുടെ കൂടിചേരലുകൾ വഴി പലതരത്തിൽ ചിതറികിടക്കുന്ന വൈദ്യവിജ്ഞാനം ഏകോപിപ്പിക്കുവാനുള്ള പദ്ധതിയെ ആവിഷ്ക്കരിക്കുകയാണ് എങ്കിൽ ആയുർവേദ രംഗത്ത് രൂക്ഷമായി വരുന്ന ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുവാൻ കഴിയും താത്പര്യമുള്ള കൃഷിക്കാരെ സംഘടിപ്പിക്കുകയും തരിശായി കിടക്കുന്ന സ്ഥലങ്ങളും കൃഷിസ്ഥലങ്ങളും ഇതിനായി ഉപയോഗപ്പെടുത്താം. രണ്ടാംവാർഡിലുള്ള വിഷചികിൽസ നടത്തുന്ന വൈദ്യനും വിഷവൈദ്യപാഠനത്തിനും ചികിൽസക്കും ഉതകുംവിധത്തിലുള്ള ഒരു സ്ഥാപനമാക്കി ഉയർത്തേണ്ടതാണ്. പഞ്ചായത്ത് വാസികളുടെ ആരോഗ്യനില മെച്ചപ്പെടുത്തുവാൻ പുകവലി, മുറുക്കൽ, മദ്യപാനം എന്നിവ പ്രചരണബോധവൽക്കരണങ്ങൾ വഴി, ആരോഗ്യവിദ്യാഭ്യാസങ്ങൾ വഴി, നിയന്ത്രണ വിധേയമാക്കേണ്ടതുണ്ട്. നേത്രദാനങ്ങളും രക്തദാനങ്ങളും ഉണ്ടാക്കുന്ന അന്ധവിശ്വാസത്തെ മാറ്റി പരമാവധി ഗുണകരമാകത്തക്കവിധത്തിലുള്ള രീതിയിൽ കാര്യക്ഷമമാക്കുകയും ജില്ലാ നേത്ര രക്തബാങ്കുകളുമായി പ്രവർത്തിക്കുകയുമാണ് എങ്കിൽ വളരെ പ്രാധാന്യമർഹിക്കുന്നതാണ്. നിലവിലുള്ള സാഹചര്യങ്ങൾ സ്ഥാപനങ്ങളെയും സന്നദ്ധസംഘടനകളെയും കൂട്ടി ഇണക്കിയാൽ ആരോഗ്യകരമായ പലമാറ്റങ്ങൾക്കും പരിഹാരം ഉണ്ടാക്കുവാൻ കഴിയും.



**ഷോളയൂർ**
ഗ്രാമ പഞ്ചായത്ത്



# 5/viii

# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കുവാനുള്ള സർക്കാരിൻെറ ദാരിദ്ര്യ നിർമ്മാർജന പദ്ധതിയുടെ ഫ്ലഈഅത്ധ സർവ്വേ ലഭ്യതാ കണക്ക് താഴെ ചേർക്കുന്നു.

| വാർഡ് നമ്പർ | സർവ്വേപ്രകാരം കണ്ടെത്തിയ കുടുംബാംഗങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ചവരുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | സഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖയ്ക്കു മുകളിൽ എത്തിയവർ | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| I | 179 | 147 | 84 | 68 | 68 | 87 |
| II | 178 | 123 | 75 | 53 | 53 | 22 |
| III | 167 | 109 | 71 | 59 | 59 | 58 |
| IV | 285 | 157 | 50 | 30 | 100 | 185 |
| V | 366 | 166 | 50 | 30 | 100 | 266 |
| VI | 373 | 313 | 65 | 48 | 48 | 17 |
| VII | 151 | 196 | 67 | 54 | 54 | 13 |
| viii | 315 | 240 | 73 | 62 | 62 | 11 |
| ix | 474 | 251 | 77 | 64 | 64 | 13 |
| ആകെ | 2488 | 1702 | 612 | 468 | 608 | 672 |

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ ക്ഷേമം മുൻ നിർത്തി തയ്യാറാക്കപ്പെട്ട IRDP ലിസ്റ്റിൽ ഔദ്യോഗികമായി 2498 കുടുംബങ്ങളാണ് കാണുന്നത്. എന്നാൽ ലിസ്റ്റിൽ അർഹതപ്പെട്ടവർ ഇനിയും ഉൾപ്പെട്ടിട്ടില്ല. ആയതുകൊണ്ട് IRDP ലിസ്റ്റ് കുറ്റമറ്റതാക്കുവാൻ നടപടികൾ ഉണ്ടാവേണ്ടതാണ്. അതുപോലെതന്നെ ദാരിദ്ര്യ രേഖയുടെ പരിധി കാലാനുസൃതം 25,000 രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്. ദേശസാൽകൃത ബാങ്കുകൾ ഈ സ്കീം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിനാവശ്യമായ കാലതാമസം ഒഴിവാക്കേണ്ടതാണ്. സഹകരണ ബാങ്കുകൾക്ക് ഫണ്ട് അനുവദിച്ചുകൊണ്ട് ഗുണഭോക്താക്കളെ സഹായിക്കുവാൻ പരമാവധി സാധ്യമാവുന്നതാണ്. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വെ ഓരോ വർഷവും നടത്തി പഞ്ചായത്തുകൾക്ക് ലഭ്യമാക്കേണ്ടതാണ്. ഈ സ്കീമിൽ വരുന്ന ഗുണഭോക്താക്കൾക്ക് സർക്കാർ തലത്തിൽ അനുവദിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് ബോധവൽക്കരണം വാർഡുകൾ തോറും സംഘടിപ്പിക്കേണ്ടതാണ്.

## DWCRA

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനം ലാക്കാക്കികൊണ്ട് ചുരുങ്ങിയത് 15 അംഗങ്ങളുള്ള ഒരു വനിതാ ഗ്രൂപ്പിന് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള പദ്ധതിയാണിത്.

DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട സംരംഭങ്ങളുടെവിവരം

| തൊഴിൽ സംരംഭത്തിൻെറ ഇനം | ആരംഭിച്ച വർഷം | പ്രവർത്തനങ്ങളുടെ വിവരം | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|
| ഇഷ്ടിക ഉണ്ടാക്കൽ | 1986-87 | 10 | പ്രവർത്തനമില്ല |
| കോഴി വളർത്തൽ | 1993-94 | 10 | നിർത്തലാക്കി |
| ഹോളോബ്രിക്സ് | 1996 | 15 | പ്രവർത്തനം സുഗമമാക്കി വരുന്നു. |
| പശു വളർത്തൽ | 1986 | 20 | |

ഈ പഞ്ചായത്തിൽ നാടൻ ഇഷ്ടിക നിർമ്മാണത്തിന് 1986-87 വർഷം ഒരു യൂണിറ്റ് ആരംഭിച്ചുവെങ്കിലും ഇപ്പോൾ പ്രവർത്തനമില്ല. 1993-94 വർഷത്തിൽ തുടങ്ങിയെങ്കിലും പ്രവർത്തനം നിശ്ചലമായി. 1996 ഹോളോ ബ്രിക്സ് യൂണിറ്റ് തുടങ്ങിയത് പ്രവർത്തിച്ചുവരുന്നതായിട്ടാണ് ഔദ്യോഗിക റിപ്പോർട്ട്. 1986-ൽ പശു വളർത്തൽ ആരംഭിച്ചുവെങ്കിലും പ്രവർത്തനരഹിതമാണ്. ഈ പദ്ധതിയിൻ കീഴിൽ തുടങ്ങുന്ന പല സംരംഭങ്ങളും കാലങ്ങൾ കഴിയുമ്പോൾ നാമാവശേഷമാകുന്ന ഒരു സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്. മുഖ്യമായ കാരണം യൂണിറ്റിൻെറ പ്രവർത്തനത്തിന് ഒരു സ്റ്റീയറിംഗ് കമ്മിറ്റി ഇല്ല എന്നതു തന്നെയാണ്. കൂടാതെ സാമ്പത്തിക പരാധീനതകളും ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള മാർക്കറ്റിംഗ് സൗകര്യവും ഇത്തരം യൂണിറ്റുകളുടെ പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. പഞ്ചായത്തിൻെറ പൂർണ്ണ നിയന്ത്രണത്തിലും സന്നദ്ധരായ യുവതികളുടെ ഒരു സംഘത്തിൻ കീഴിലും ഈ പദ്ധതി സൂക്ഷ്മ നിരീക്ഷണത്തിന് വിധേയമായി നടത്തിക്കൊണ്ട് പോവുകയാണെങ്കിൽ വനിതകളുടെ വരുമാനമാർഗ്ഗം വർദ്ധിപ്പിക്കാവുന്നതാണ്. എന്തുതന്നെയായാലും ഇത്തരത്തിലുള്ള ഒരു പദ്ധതി നിലവിലുണ്ട് എന്ന കാര്യം മിക്കവാറും ഗ്രാമീണരായ വനിതകൾക്ക് അറിവില്ല.

## ട്രൈസം

വിവധ തൊഴിലുകളിൽ പരിചയവും പരിശീലനവും ഉണ്ടാക്കി കൊടുക്കുക എന്നതാണ് ഉദ്ദേശലക്ഷ്യം.

ഈ പഞ്ചായത്തിൽ പരിശീലനം നേടിയവരുടെ പട്ടിക താഴെ ചേർക്കുന്നു.

നമ്മുടെ പഞ്ചായത്തിൻ ട്രൈസം പദ്ധതി അനുസരിച്ച് പരിശീലനം ലഭിക്കുന്നവരുടെ എണ്ണം പട്ടിക അനുസരിച്ച് വളരെ കുറവാണ്. കാരണം ഇതു വഴി പരിശീലനം ലഭിക്കുന്നവർക്ക് യോഗ്യതാ അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ലാ എന്നതും തൊഴിൽ സംരംഭങ്ങൾക്ക് മുതൽ മുടക്കുന്നതിന് സാമ്പത്തിക ശേഷി ഇല്ല എന്നതും പരിശീലകരെ ലഭ്യമാകുന്നതിന് കാരണമായി തീർന്നിരിക്കുന്നു. ഈ സാഹചര്യം ഒഴിവാക്കുന്നതിന് പരിശീലകർക്ക് ഇന്ന് നൽകുന്ന സ്റ്റൈപ്പൻറ് തുക വർദ്ധിപ്പിക്കുകയും ബോധവൽക്കരണം നടത്തുകയും വേണ്ടിവരും.

പരിശിലകരെ ലഭിക്കുന്നില്ല എന്ന പരാതിക്ക് പ്രധാന കാരണങ്ങളാണ് ഇവിടെ വിവരിച്ചത്.

## ഈ പഞ്ചായത്തിൽ പരിശീലനം നേടിയവരുടെ പട്ടിക

| വാർഡ് നമ്പർ | പരിശീലന വിഷയത്തിൻെറ പേര് | പരിശീലനം നേടി യവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇന്ന് തൊഴിലി കളിൽ ഏർപ്പെട്ടിരി ക്കുന്നവർ | അവശേഷിക്കു ന്നവർ |
|---|---|---|---|---|---|
| 1 | ടൈലറിംഗ് | 3 | ഇല്ല | ഇല്ല | - |
| 2 | നെയ്ത്ത് | 12 | ഇല്ല | ഇല്ല | - |
| 3 | ടൈലറിംഗ് | 1 | ഇല്ല | ഇല്ല | - |
| 4 | റെഡിമെയ്ഡ് യൂണിറ്റ് | 1 | ഇല്ല | ഇല്ല | - |
| 5 | ഇല്ല | - | - | - | - |
| 6 | തുന്നൽ | 7 | ഇല്ല | ഇല്ല | - |
| 7 | ഹോളോബ്രിക്സ് | 10 | ഇല്ല | ഇല്ല | - |
| 8 | ഇല്ല | - | - | - | - |
| 9 | ഇല്ല | - | - | - | - |

## ടൂൾക്കിറ്റ്

ഗ്രാമീണ കൈത്തൊഴിലുകൾക്ക് നവീന കൈത്തൊഴിൽ ഉപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണിത്.

| വാർഡ് നമ്പർ | IRDP സർവ്വെ പ്രകാരം ഗ്രാമീണ കൈത്തൊഴി ലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| I | 4 | 1 | 3 | - |
| II | 4 | 1 | 2 | - |
| III | 7 | 1 | 6 | - |
| IV | 3 | 2 | 6 | - |
| V | - | - | - | - |
| VI | 5 | 2 | 3 | - |
| VII | 3 | 1 | 2 | - |
| VIII | 2 | 1 | 1 | - |
| XI | 3 | 1 | 2 | - |

കൈത്തൊഴിൽക്കാർക്ക് ഈ പദ്ധതിയനുസരിച്ച് സഹായം ലഭിച്ചവരുടെ എണ്ണം വളരെ കുറവാണെന്ന് കാണാം. ആധുനിക തൊഴിലുപകരണങ്ങളുടെ ഉപയോഗവും ആവശ്യകതയും മനസ്സിലാക്കികൊടുക്കുന്നതിലുള്ള അപര്യാപ്തയാണ് അപേക്ഷകരുടെ എണ്ണം കുറയുന്നതിന് കാരണമായിട്ടുള്ളത്. കൂടാതെ ഈയിനത്തിൽ ലഭിക്കേണ്ട സഹായ ധനം ലഭ്യമാകുന്നതിൽ വരുന്ന കാലതാമസവും അപേക്ഷകരുടെ എണ്ണം കുറയുന്നതിന് കാരണമായിട്ടുണ്ട്.

## CRSP കക്കൂസുകൾ

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. 1992-നു ശേഷം നാളിതു വരെയായി നൽകിയ സാമ്പത്തിക സഹായം ലഭിച്ചവരുടെ എണ്ണമാണ് താഴെ ചേർക്കുന്നത്.

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (199-നു ശേഷം) | പൂർത്തികരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| I | 179 | 63 | - | 116 |
| II | 149 | 80 | - | 69 |
| III | 167 | 58 | - | 109 |
| IV | 300 | 100 | 100 | 50 |
| V | 100 | 50 | 50 | 50 |
| VI | 135 | 60 | - | 75 |
| VII | 155 | 74 | - | 81 |
| VIII | 148 | 26 | - | 122 |
| IX | 215 | 112 | - | 103 |

ഈ പദ്ധതിയനുസരിച്ച് ഇനിയും ഔദ്യോഗിക സാമ്പത്തിക സഹായം നൽകി ശുചിത്വം പാലിക്കുന്നതിൽ പ്രാപ്തരാക്കേണ്ടതാണ്.

**ക്ഷേമ പദ്ധതികൾ** (വില്ലേജ് ഓഫീസുകൾ വഴി നൽകിയത്)

ഈ പഞ്ചായത്തിൽ താഴെപ്പറയുന്ന പെൻഷൻ പദ്ധതികളാണ് പ്രാവർത്തികമാക്കിവരുന്നത്.

| വില്ലേജ് | അഗതി പെൻഷൻ | വിധവ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | അവശകലാ/ സാഹിത്യകാര പെൻഷൻ | ക്ഷയരോഗ / കുഷ്ഠ രോഗ പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|---|---|---|---|
| ഷോളയൂർ | ഇല്ല | 61 | 26 | 77 | - | - | - | - |
| കോട്ടത്തറ | ഇല്ല | 110 | 57 | 85 | - | - | - | - |

## പട്ടിക വർഗ്ഗ വികസന വകുപ്പ്

1992-93, 1995-96 ലും യഥാക്രമം 5 പേർക്ക് വീതം മിശ്ര വിവാഹ ധനസഹായം ലഭിച്ചിട്ടുണ്ട്.

മേൽപറഞ്ഞ പെൻഷനുകൾ യഥാസമയം ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കുവാനുള്ള സംവിധാനങ്ങളുണ്ടാക്കണം.

കാർഷികതൊഴിലാളി പെൻഷൻ അനുവദിക്കുന്നതും, പഞ്ചായത്തിനെ ഏല്പിച്ചാൽ, അർഹതപ്പെട്ടവർക്ക് ആയത് നൽകുവാനുള്ള നടപടി നിയമങ്ങൾ ലഘൂകരിക്കുവാൻ സാധിക്കും.

*പട്ടികവർഗ്ഗ വികസന വകുപ്പ്*

1992-93, 1994-95 എന്നീ വർഷങ്ങളിൽ ചാവടിയൂർ ഊരിലേയും 1994-95 വർഷത്തിൽ വണ്ണാംതുറ, വരഗംപാടി എന്നീ ഊരിലേയും ബാലവാടികൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

## കൃഷിയും ജലസേചനവും

*പമ്പ് സെറ്റ്* : ഊത്തുക്കുഴി, നല്ലശിങ്ക, വട്ടലക്കി, കൂടൻചാള എന്നീ ഊരുകളിലായി നാലുപേർക്ക് പമ്പ് സെറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

*പരുത്തികൃഷി*: ഗോഞ്ചിയൂർ, ഊത്തുക്കുഴി, ഷോളയൂർ എന്നീ ഊരുകളിലായി 35 ഗുണഭോക്താക്കൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

*സൂര്യകാന്തി കൃഷി* : ഗോഞ്ചിയൂരിൽ 10 ഗുണഭോക്താക്കൾക്കായി ഈ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം നൽകി.

*കുരുമുളക്* : മുത്തികുളം, കോഴിക്കൂടം, വയലൂർ, പെട്ടിക്കൽ എന്നീ ഊരുകളിൽ 40 ഗുണഭോക്താക്കൾക്കായി ധനസഹായം നൽകി.

*തെങ്ങിൻതൈ* : ചാവടിയൂർ, പെട്ടിക്കൽ, നല്ലശിങ്ക വട്ടലക്കി, ഗോഞ്ചിയൂർ എന്നീ ഊരുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

## സ്വയം തൊഴിൽ

*ഉഴവുമാട്* : ഷോളയൂർ, ഗോഞ്ചിയൂർ, വട്ടലക്കി എന്നീ ഊരുകളിൽ 4 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തു.

*പെട്ടിക്കട*: കൂത്താടിചാള ഊരിൽ പെട്ടിക്കട അനുവദിച്ചു.

*മരുന്നുതോട്ടം* : ഊത്തുക്കുഴി, കുലുക്കൂർ എന്നീ ഊരുകളിൽ ഈ തോട്ടം ഉണ്ടാക്കുന്നതിന് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

*കാളയും കാളവണ്ടിയും*: ഷോളയൂരിൽ ഒരു ഗുണഭോക്താവിന് നൽകി.

*വിദ്യാഭ്യാസം*: പ്രീ-മെട്രിക് ഹോസ്റ്റൽ പെൺകുട്ടികൾ മാത്രമായി (60 പേർക്ക്) ഷോളയൂരിൽ താമസിക്കുവാൻ താല്ക്കാലിക കെട്ടിടം അനുവദിച്ചിട്ടുണ്ട്. ഷോളയൂരിൽ തന്നെ ആൺകുട്ടികൾക്ക് 60 പേർക്ക് താമസിക്കുവാൻ സ്ഥിരം കെട്ടിടം ഉണ്ട്. കോട്ടത്തറയിൽ 60 പെൺകുട്ടികൾക്ക് താമസിക്കുവാൻ സ്ഥിരം കെട്ടിടമായി ഹോസ്റ്റൽ അനുവദിച്ചിട്ടുണ്ട്. മാതൃക പരിശീലനകേന്ദ്രം (നെയ്ത്ത്) കടമ്പാറയിൽ ഉണ്ടെങ്കിലും പ്രവർത്തനം നിലച്ചിരിക്കുകയാണ്.

## അംഗൻവാടികൾ / ബാലവാടികൾ

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ/ബാലവാടികൾ പട്ടിക ഇതോടോപ്പം ചേർത്തിട്ടുണ്ട്.

സാമൂഹ്യ ക്ഷേമ രംഗത്ത് അടിസ്ഥാന പ്രവർത്തനം കാഴ്ചവെക്കുന്ന നമ്മുടെ പഞ്ചായത്തിലെ 9 വാർഡുകളിലായി 44 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആയവയുടെ പ്രവർത്തനങ്ങൾ കെട്ടിടലഭ്യത, നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളുടെ പോരായ്മ, അംഗൻവാടി വർക്കേഴ്സിനുള്ള ആനുകൂല്യങ്ങൾ, കുട്ടികൾക്കുള്ള ഭക്ഷണം, കളിക്കോപ്പ് സാധനങ്ങളുടെ ഇല്ലായ്മ എന്നിവ കാര്യമായി തന്നെ ദോഷകരമായി ഭവിച്ചിരിക്കുയാണ്. ഐ. സി. ഡി. എസ്.ന് കീഴിലുള്ള ഈ സ്ഥാപനങ്ങളുടെ ജീർണ്ണാവസ്ഥ പരിഹരിച്ച് ഒരു നവജീവൻ നൽകേണ്ടിയിരിക്കുന്നു. അംഗൻവാടി വർക്കേഴ്സിന് അവരുടെ ജോലിയിൽ കൂടുതൽ താല്പര്യവും ഉത്സാഹവും ഉണ്ടാകണമെങ്കിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ ഗണ്യമായി വർദ്ധിക്കേണ്ടിരിയിരിക്കുന്നു.

## ക്ഷേമ നിധികളെ സംബന്ധിച്ച്

ഈ പഞ്ചായത്തിൽ ഏറെപ്പേർ കെട്ടിട നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്നവരാണ്. മുഴുവനാളുകളെയും ക്ഷേമ നിധിയിൽ അംഗങ്ങളാക്കിയിട്ടില്ല. ഈ മേഖലയിലെ തൊഴിലാളികൾ

| ഊരുകളുടെ പേര് | അംഗൻവാടി കേന്ദ്രം | സ്വന്തമായി കെട്ടിടം | വാടക കെട്ടിടം | സ്വന്തം സ്ഥലം | സ്ഥിരം വർക്കറാണോ | താല്ക്കാലിക വർക്കറാണോ | സ്ഥിരം ഹെൽപ്പർ | താല്കാലിക ഹെൽപ്പർ | കളിക്കോപ്പുകൾ (ആവശ്യാനുസരണം) | കക്കൂസ് | വൈദ്യുതി | ഫർണിച്ചർകൾ (ആവശ്യാനുസരണം) | ചുറ്റുമതിൽ | പുകയില്ലാത്ത അടുപ്പ് | പാത്രങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. മുത്തികുളം | ഇല്ല | ഇല്ല | - | - | - | - | - | - | - | - | - | - | - | - | - |
| 2. കോഴിക്കൂടം | ഉണ്ട് | ഉണ്ട് | - | ഉണ്ട് | അതെ | - | ഇല്ല | - | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - | - | - |
| 3. വയലൂർ | ഉണ്ട് | ഉണ്ട് | - | ഉണ്ട് | അതെ | - | അതെ | - | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - | - | - |
| 4. നല്ലശിങ്ക | ഉണ്ട് | പൂർത്തിയായിട്ടില്ല | അതെ | ഉണ്ട് | അതെ | - | അതെ | - | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - | - | - |
| 5. ഗോഞ്ചിയൂർ | ഉണ്ട് | ഉണ്ട് | - | ഉണ്ട് | അതെ | - | - | അതെ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - | - | - |
| 6. വരഗംപാടി | ഉണ്ട് | ഉണ്ട് | - | ഉണ്ട് | അതെ | - | ഇല്ല | അതെ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - | - | - |
| 7. വരഗംപാടി (ഹരി) | ഇല്ല | - | - | - | - | - | - | - | - | - | - | - | - | - | - |
| 8. വണ്ണാൻ തുറ | ഉണ്ട് | ഉണ്ട് | - | ഉണ്ട് | - | - | - | അതെ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - | - | - |
| 9. കൂടൻചാള | ഇല്ല | - | - | - | - | - | - | - | - | - | - | - | - | - | - |
| 10. മേലെ സാമ്പാർ കോട് | ഇല്ല | - | - | - | - | - | - | - | - | - | - | - | - | - | - |
| 11. താഴെ സാമ്പാർ കോട് | ഉണ്ട് | ഉണ്ട് | - | ഉണ്ട് | അതെ | - | ഇല്ല | അതെ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - | - | - |
| 12. കാരയൂർ | ഉണ്ട് | ഉണ്ട് | - | ഉണ്ട് | - | - | അതെ | - | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - | - | - |
| 13. കള്ളക്കര | ഉണ്ട് | ഉണ്ട് | - | ഉണ്ട് | അതെ | - | ഇല്ല | അതെ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - | - | - |
| 14. ചൊറിയന്നൂർ | ഇല്ല | - | - | - | - | - | - | - | - | - | - | - | - | - | - |
| 15. തേക്കു മുക്കിയൂർ | ഉണ്ട് | ഉണ്ട് | - | ഉണ്ട് | - | - | ഇല്ല | അതെ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | - | - | - |

| ഊരുകളുടെ പേര് | അംഗൻവാടി കേന്ദ്രം | സ്വന്തമായി കെട്ടിടം | വാടക കെട്ടിടം | സ്വന്തം സ്ഥലം | സ്ഥിരം വർക്കറാണോ | താൽക്കാലിക വർക്കറാണോ | സ്ഥിരം ഹെൽപ്പർ | താൽക്കാലിക ഹെൽപ്പർ | കളിക്കോപ്പുകൾ (ആവശ്യാനുസരണം) | കക്കൂസ് | വൈദ്യുതി | ഫർണിച്ചറുകൾ (ആവശ്യാനുസരണം) | ചുറ്റുമതിൽ | പുകയില്ലാത്ത അടുപ്പ് | പാത്രങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 16. തെക്കേ കോട്ടത്തറ (വലയർ) | ഉണ്ട് | ഉണ്ട് | - | ഉണ്ട് | അതെ | - | ഇല്ല | അതെ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - |
| 17. കുടപ്പെട്ടി | ഇല്ല | - | - | - | - | - | - | - | - | - | - | - | - | - | - |
| 18. വീട്ടിക്കുണ്ട് | ഉണ്ട് | ഉണ്ട് | - | ഉണ്ട് | അതെ | - | ഇല്ല | അതെ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - |
| 19. മട്ടത്തുക്കാട് | ഇല്ല | - | - | - | - | - | - | - | - | - | - | - | - | - | - |
| 20. മട്ടത്തുക്കാട് (ഹരിജൻ) | ഉണ്ട് | ഉണ്ട് | - | ഉണ്ട് | അതെ | - | ഇല്ല | അതെ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | - |
| 21. വട്ടലക്കി | ഉണ്ട് | ഉണ്ട് | - | ഉണ്ട് | അതെ | - | അതെ | - | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | - |
| 22. ലക്ഷംവീട് | ഇല്ല | - | - | - | - | - | - | - | - | - | - | - | - | - | - |
| 23. ദാസന്നൂർ | ഉണ്ട് | ഉണ്ട് | - | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | - | - |
| 24. ആനക്കട്ടി | ഉണ്ട് | ഉണ്ട് | - | ഉണ്ട് | അതെ | - | അതെ | - | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | - |
| 25. കീരിപ്പതി | ഇല്ല | - | - | - | - | - | - | - | - | - | - | - | - | - | - |
| 26. മരപ്പാലം | ഇല്ല | - | - | - | - | - | - | - | - | - | - | - | - | - | - |
| 27. തൂവ | ഉണ്ട് | ഉണ്ട് | - | ഉണ്ട് | ഇല്ല | അതെ | അതെ | - | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - |
| 28. ഉറിയൻചാള | ഇല്ല | - | - | - | - | - | - | - | - | - | - | - | - | - | - |
| 29. കുലുക്കൂർ | ഉണ്ട് | ഉണ്ട് | - | ഉണ്ട് | അതെ | - | അതെ | - | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - |
| 30. വടക്കേകടമ്പാറ | ഉണ്ട് | ഇല്ല | അതെ | ഉണ്ട് | ഇല്ല | അതെ | ഇല്ല | അതെ | ഇല്ല | ഇല്ല | ഇല്ല | - | - | - | - |

| ഊരുകളുടെ പേര് | അംഗൻവാടി കേന്ദ്രം | സ്വന്തമായി കെട്ടിടം | വാടക കെട്ടിടം | സ്വന്തം സ്ഥലം | സ്ഥിരം വർക്കറാണോ | താല്ക്കാലിക വർക്കറാണോ | സ്ഥിരം ഹെൽപ്പർ | താല്കാലിക ഹെൽപ്പർ | കളിക്കോപ്പുകൾ (ആവശ്യാനുസരണം) | കക്കൂസ് | വൈദ്യുതി | ഫർണീച്ചറുകൾ (ആവശ്യാനുസരണം) | ചുറ്റുമതിൽ | പുകയില്ലാത്ത അടുപ്പ് | പാത്രങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 31. തെക്കേകടമ്പാറ | ഉണ്ട് | ഉണ്ട് | - | ഉണ്ട് | ഇല്ല | അതെ | ഇല്ല | അതെ | ഇല്ല | | | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 32. ഊത്തിക്കുഴി | ഉണ്ട് | ഉണ്ട് | - | ഉണ്ട് | ഇല്ല | അതെ | അതെ | - | ഇല്ല | | | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 33. ചാവടിയൂർ (മൂച്ചിക്കടവ്) | ഉണ്ട് | പൂർത്തി-യായിട്ടില്ല | അതെ | ഉണ്ട് | ഇല്ല | അതെ | അതെ | - | ഇല്ല | | | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 34. ഷോളയൂർ | ഉണ്ട് | ഉണ്ട് | - | ഉണ്ട് | അതെ | - | അതെ | - | ഇല്ല | | | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 35. ഷോളയൂർ ഹരിജൻ | ഉണ്ട് | ഉണ്ട് | - | ഉണ്ട് | അതെ | - | അതെ | - | ഇല്ല | | | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 36. വെച്ചപ്പതി | ഉണ്ട് | ഇല്ല | അതെ | ഉണ്ട് | ഇല്ല | അതെ | ഇല്ല | അതെ | ഇല്ല | | | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 37. വെള്ളകുളം | ഉണ്ട് | ഉണ്ട് | - | ഉണ്ട് | ഇല്ല | അതെ | അതെ | - | ഇല്ല | | | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 38. അണക്കാട് | ഇല്ല | - | - | - | - | - | - | - | - | | | - | - | - | - |
| 39. മുലഗംഗൽ | ഇല്ല | - | - | - | - | - | - | - | - | | | - | - | - | - |
| 40. ചുണ്ടകുളം | ഉണ്ട് | ഉണ്ട് | - | ഉണ്ട് | ഇല്ല | അതെ | ഇല്ല | അതെ | ഇല്ല | | | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 41. കോട്ടമല | ഉണ്ട് | ഇല്ല | അതെ | ഉണ്ട് | ഇല്ല | അതെ | ഇല്ല | അതെ | ഇല്ല | | | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 42. വെങ്കക്കടവ് | ഉണ്ട് | ഇല്ല | അതെ | ഉണ്ട് | ഇല്ല | അതെ | അതെ | - | ഇല്ല | | | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 43. കുത്താടിച്ചാള | ഇല്ല | - | - | - | - | - | - | - | - | | | - | - | - | - |
| 44. പെട്ടിക്കൽ | ഉണ്ട് | ഉണ്ട് | - | ഉണ്ട് | അതെ | - | ഇല്ല | അതെ | ഇല്ല | | | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

കഠിനാദ്ധ്വാനം ചെയ്യുന്നവരാണ്. അതുകൊണ്ട് തൊഴിൽ മേഖലയിൽ നിന്നും 55 വയസ്സാകുമ്പോഴേക്കും വിട്ടു പോകുന്ന സ്ഥിതിയാണുള്ളത്. ഇവരുടെ ക്ഷേമനിധി പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കേണ്ടിരിയിരിക്കുന്നു.

## പൊതു വിതരണം

ഈ പഞ്ചായത്തിലുള്ള മൊത്തം പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളും, സാധനങ്ങളും പൊതുജനങ്ങൾക്ക് യഥാസമയം ഗുണനിലവാരത്തോടുകൂടിയത് ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം. റേഷൻ കാർഡില്ലാത്തവർക്ക് ആയത് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ കാലാനുസൃതമായി മാറ്റേണ്ടിയിരിക്കുന്നു. പൊതുവിതരണ സമ്പ്രദായത്തിലെ പരിശോധനകൾ പഞ്ചായത്തിന് കീഴിൽ കൊണ്ടുവരുവാനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്. പൊതുവിതരണകേന്ദ്രങ്ങൾ അതാത് വാർഡുകളിൽ തന്നെ പ്രവർത്തിപ്പിക്കണം.


കാർഡുകളിൽ പേരുകൾ ഉൾപെടുത്തുന്നതിന് നിലവിലുള്ള സർക്കാർ നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതാണ്.

പൊതു വിതരണകേന്ദ്രം എന്നുള്ള പേർ മാറ്റി ന്യായവില ഷാപ്പ് എന്ന് തന്നെ മാറ്റേണ്ടതാണ്. എന്തെല്ലാം, ഏത് വിലക്ക് വിതരണം ചെയ്യുന്നു എന്നുള്ള ബോർഡുകൾ സ്ഥാപിക്കണം

റേഷൻ കാർഡുടമയുടെ സംശയങ്ങൾ ദൂരികരിക്കുവാൻ വിതരണ കേന്ദ്രം നടത്തുന്നവർ തയ്യാറാകേണ്ടതാണ്. റേഷൻ സാധനങ്ങൾ സമയ ബന്ധിതമായി തന്നെ വിതരണം ചെയ്യേണ്ടതാണ്.

✣ ✣ ✣






# 5/ix

# വനിതാക്ഷേമം . . . സംസ്കാരം

1996ലെ ICDS റിപ്പോർട്ട് പ്രകാരം ഷോളയൂർ പഞ്ചായത്തിലെ സ്ത്രീകളുടെ സംഖ്യ 8671 ആണ്. പുരുഷജന സംഖ്യയേക്കാൾ ഇത് 248 എണ്ണം കൂടുതലാണ്.

പൊതുവെ ഈ പഞ്ചായത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം വളരെ പിന്നോക്കമാണ്. സ്ത്രീകളിൽ ഏറിയ പങ്കും നിരക്ഷരരാണ്. ഇവിടെ സ്ത്രീകൾ കുടുംബവരുമാനത്തിലേക്ക് നല്ലൊരു പങ്കുവഹിക്കുന്നവരാണ്. പലപ്പോഴും പലകുടുംബങ്ങളുടേയും അന്നദാതാക്കൾ കൂടിയാണിവർ. അദ്ധ്വാനശീലരായ ഷോളയൂർ പഞ്ചായത്തിലെ സ്ത്രീകൾ കൃഷി ചെയ്തും കൂലിപ്പണി ചെയ്തും കുടുംബത്തിന്റെ നടത്തിപ്പിനായി പരിശ്രമിക്കുന്നു. ഇതിനു പുറമെ വീട്ടുജോലികൾ, അടുക്കളപ്പണി, കുട്ടികളെയും ഭർത്താവിനേയും ശുശ്രൂഷിക്കൽ തുടങ്ങിയ ഭാരങ്ങളും സ്ത്രീകൾ വഹിക്കുന്നു. ഈ അദ്ധ്വാനഭാരം സ്ത്രീകളെ സാമൂഹ്യപരമായ പങ്കാളിത്തത്തിൽ നിന്നും വിദ്യാഭ്യാസ സൗകര്യങ്ങളിൽ നിന്നും അകറ്റി നിർത്തുന്നു.

എന്നിരുന്നാലും ഷോളയൂർ പഞ്ചായത്തിലെ സ്ത്രീകളിൽ ചിലർ അധ്യാപികമാർ, നേഴ്സുമാർ, മൃഗഡോക്ടർ എന്നീ നിലകളിലും എത്തിച്ചേർന്നിട്ടുണ്ടെന്നുള്ളത് ശ്രദ്ധേയമാണ്.

ഈ പഞ്ചായത്തിലെ 2-ാം വാർഡിൽപ്പെട്ട വരഗംപാടിയിൽ 1984ൽ "ഉഷസ്സ്" എന്ന പേരിൽ പ്രവർത്തനമാരംഭിച്ച "ഫ്രാൻസിസ്കൻ മിഷനറീസ് ഓഫ് മേരി" വിഭാഗത്തിൽപ്പെട്ട സന്യാസിനികൾ സ്ത്രീകളുടെ പ്രശ്നങ്ങളിൽ സജീവമായി ഇടപെടുകയും, സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളും പരിപാടികളും നടത്തുകയും ചെയ്യാറുണ്ട്. ഈ പഞ്ചായത്തിൽ മാത്രമല്ല, അട്ടപ്പാടിയിൽ തന്നെ ആദ്യമായി, സ്ത്രീ പീഡനങ്ങൾ ബലാത്സംഗങ്ങൾ തുടങ്ങിയവയക്കെതിരെ ശബ്ദമുയർത്തുകയും നിയമപരമായി നീക്കങ്ങൾ ആരംഭിക്കുകയും ചെയ്തത് ഇവരാണ്. ഇവരുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ സ്ത്രീകൾ മദ്യ നിരോധന പ്രവർത്തനങ്ങൾ നടത്തുകയുണ്ടായിട്ടുണ്ട്.

പഞ്ചായത്തിലെ ചില വാർഡുകളിൽ സ്ത്രീ സംഘടനകൾ (മഹിളാ സമാജങ്ങൾ) രൂപീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം വളരെ മന്ദീഭവിച്ചിരിക്കുകയാണിപ്പോൾ.

3, 5, 7, 9 വാർഡുകളിലായി 5 DWCRA യൂണിറ്റുകൾ നിലവിലുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം വളരെ മന്ദീഭവിച്ചിരിക്കുകയാണ്. ഈ യൂണിറ്റുകൾ നിലവിലുള്ള വാർഡുകളിലെ പ്രതിനിധികളെ ചേർത്ത് പഞ്ചായത്തിലെ ഒരു ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു അഞ്ച് അംഗകമ്മീഷൻ രൂപീകരിച്ച് ഇവയുടെ തകർച്ചയുടെ കാരണങ്ങൾ കണ്ടുപിടിച്ച് പുനർ

പ്രവർത്തനത്തിനുള്ള നിർദ്ദേശങ്ങളടങ്ങുന്ന ഒരു റിപ്പോർട്ട് സമർപ്പിക്കണം. അതിൻെറ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കണം.

ഇപ്പോൾ DWCRA യൂണിറ്റുകൾ നിലവിലില്ലാത്ത 1, 2, 4, 6, 8 വാർഡുകളിൽ അതാത് പ്രദേശങ്ങളിലെ സാഹചര്യങ്ങൾക്കും പുരോഗമനത്തിനും അനുയോജ്യവും സ്ത്രീകൾക്ക് സൗകര്യപ്രദവുമായ സംരംഭങ്ങൾ ആരംഭിക്കണം. 2-ാം വാർഡിൽ പ്രവർത്തന രഹിതമായിക്കിടക്കുന്ന ചന്ദനത്തിരി സംഘം പുനരുജ്ജീവിപ്പിച്ചാൽ സ്ത്രീകൾക്ക് തൊഴിൽ സാധ്യത ഉണ്ടാകും.

## പ്രശ്നങ്ങൾ

1. സ്ത്രീകൾക്കിടയിലെ നിരക്ഷരത.
2. ആരോഗ്യപരമായി സ്ത്രീകൾ പിന്നോക്കമാണ്. ആവശ്യ സമയത്തുള്ള വൈദ്യപരിശോധനയും ചികിത്സാ സൗകര്യങ്ങളും ലഭിക്കാറില്ല. ഗർഭിണികൾക്ക് കൃത്യമായ പരിചരണങ്ങളും പ്രസവസൗകര്യങ്ങളും ആനുകൂല്യങ്ങളും ഏർപ്പെടുത്തേണ്ടതാകുന്നു. പോഷകാഹാരങ്ങളുടെ കുറവ് സ്ത്രീകളുടെ ആരോഗ്യത്തെ ബാധിക്കുന്നു.
3. തൊഴിൽ സാധ്യതകളുടെ കുറവ് സ്ത്രീകളെ പ്രതികൂലമായി ബാധിക്കുന്നു.
4. നിലവിലുള്ള വനിതാ സംഘടനകളുടെ മന്ദഗതിയും സ്ത്രീകൾ നേരിടുന്ന ഒരു പ്രശ്നമാണ്.
5. സ്ത്രീകൾക്ക് നേരെയുള്ള ആക്രമങ്ങൾ സ്ത്രീ പീഡനങ്ങൾ. സ്ത്രീ സഹപീഡനങ്ങൾ, ലൈംഗീക പീഡനങ്ങൾ പ്രത്യേകിച്ച് ബാലികാ ബലാത്സംഗങ്ങൾ, തൊഴിലാളികളായ സ്ത്രീകൾക്കു നേരെയുള്ള പീഡനങ്ങൾ എന്നിവയും ഒരു നിർണ്ണായ പ്രശ്നമാണ്. പലപ്പോഴും രാഷ്ട്രീയപ്പാർട്ടിക്കാരും നിയമപാലകരും കുറ്റവാളികളെ സംരക്ഷിക്കാൻ ശ്രമിക്കുന്നതും ഇതിൻെറ മറ്റൊരു ഭാഗമാണ്.
6. സ്ത്രീകൾക്ക് മാത്രമായി വ്യവസായ കാർഷിക പരിശീലനകേന്ദ്രങ്ങളുടെ കുറവ്.

## സാധ്യതകൾ

1. പെൺകുട്ടികൾക്ക് വിദ്യാഭ്യാസം 10-ാം ക്ലാസ് വരെ നിർബന്ധിതമാണ് എന്ന വ്യവസ്ഥ നിലവിൽ വരുത്തുക.
2. പഠിത്തം നിറുത്തിയവർ, നിരക്ഷരായ തൊഴിൽ ചെയ്യുന്നവർ തുടങ്ങിയ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് സായാഹ്ന വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുവേണ്ടി ഓരോ ഊരുകളിലും കേന്ദ്രങ്ങൾ തുടങ്ങണം. അഭ്യസ്തവിദ്യരായ പെൺകുട്ടികളെ തിരഞ്ഞെടുത്ത് അവർക്കാവശ്യമായ പരിശീലനം നൽകി ഈ കേന്ദ്രങ്ങളിൽ നിയമിക്കാവുന്നതാണ്. ഇതിലൂടെ വിദ്യാഭ്യാസത്തിൻെറ ആവശ്യകതയെപ്പറ്റി ക്രിയാത്മകമായ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കാവുന്നതാണ്.
3. നിലവിലുള്ള IPP സെൻററുകൾ ( 5 എണ്ണം 1,2,4,7,9 വാർഡുകളിൽ) MCH തുടങ്ങിയവയുടെ പ്രവർത്തനം പുനരാരംഭിച്ച് സജീവമായി പ്രവർത്തിക്കുന്നതിനു വേണ്ടിയുള്ള ക്രമീകരണം നടത്തണം. ഇത്തരം ആരോഗ്യപ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനും അവലോകനത്തിനുമായി ഒരു വനിതാ കമ്മീഷനെ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കണം ഇതിൽ പ്രദേശിക സാമൂഹ്യപ്രവർത്തകർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തണം.
4. JPHN, JHI തുടങ്ങിയവരുടെ സ്ഥിരതാമസം ഹെൽത്ത് സെൻററുകളിൽ ആക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും, ഇവരുടെ സേവനം സ്ത്രീകൾക്ക് കൃത്യമായി ലഭിക്കുന്നതിനും വേണ്ടിയ കർശന നടപടികളും പഞ്ചായത്തിൽ നിന്ന് ചെയ്യേണ്ടിയിരിക്കുന്നു. ഇവിടെയും വനിതാകമ്മിഷൻെറ മേൽനോട്ടം ഉണ്ടാവണം
5. എല്ലാ കൃഷിയിടങ്ങളുടെയും കുറഞ്ഞത് 10% സ്ഥലത്തെങ്കിലും പോഷകാഹാരഗുണമുള്ള റാഗി, ചാമ, ചോളം തുടങ്ങിയ ധാന്യങ്ങൾ കൃഷി ചെയ്യണം എന്ന നിബന്ധന പ്രാബല്യത്തിൽ വരുത്തുകയും, ഇവ ശേഖരിച്ച് ചെടിയാക്കി അംഗൻവാടികളിലൂടെ മുലയൂട്ടുന്ന അമ്മമാർ, രോഗിണികൾ, വിധവകൾ, വൃദ്ധകൾ തുടങ്ങിയവക്ക് വിതരണം ചെയ്യുകയും ചെയ്യാവുന്നതാണ്.
6. വാർഡു കേന്ദ്രീകരിച്ച് ഓരോ ക്ലിനിക്കുകൾ തുടങ്ങണം. ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിച്ച് മാസത്തിൽ മൂന്നുതവണ ഇവരുടെ സേവനം എല്ലാ വാർഡിലും ലഭ്യമാകും വിധം സൗകര്യപ്പെടുത്തി സ്ത്രീകളെ മെഡിക്കൽ ചെക്കപ്പ് നടത്തണം.

7. ഷോളയൂർ പഞ്ചായത്തിൽ ഒരു പ്രസവാശുപത്രി എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടി ആരംഭിക്കണം. ഇവിടെ പ്രസവിക്കുന്ന സ്ത്രീകൾക്ക് പ്രത്യേക ആനുകൂല്യങ്ങളും ലഭ്യമാക്കണം.

8. ഓരോ ഊരിലും രണ്ടു സ്ത്രീകളെ വീതം അത്യാവശ്യ ചികിത്സാരീതികളിലും പ്രസവശുശ്രൂഷയിലും പരിശീലനം നൽകി അംഗൻവാടികളോട് ചേർന്ന് പ്രവർത്തിക്കുന്നതിന് നിയമിക്കണം.

9. പ്രാദേശികമായി സ്ത്രീകളെ ആയുർവ്വേദത്തിലും മറ്റു ഒറ്റമൂലി ചികിത്സാ രീതികളിലും ഹ്രസ്വകാല പരിശീലനം നൽകി ഹെൽത്ത് വർക്കേഴ്സായി നിയമിക്കണം.

10. പൊതുവേദികളിൽ പ്രത്യേകിച്ച് ബസ്, സിനിമാ ശാലകൾ തുടങ്ങിയവയിൽ പുകവലിക്കുന്നത് കർശനമായി നിരോധിക്കണം.

11. സ്ത്രീ സംഘടനകളുടെ നേതൃത്വത്തിൽ കൂട്ടുകൃഷി കുട നിർമ്മാണം, കൂൺ കൃഷി, റെഡിമെയ്ഡ് നിർമ്മാണം കന്നുകാലി വളർത്തൽ, പട്ടുനൂൽപ്പുഴു വളർത്തൽ തുടങ്ങിയവയ്ക്കുള്ള സാമ്പത്തിക സഹായം ഏർപ്പെടുത്തണം.

12. പരുത്തി, തുവര തുടങ്ങിയ പ്രാദേശിക വിഭവങ്ങളുടെ സമാഹരണം, സംസ്ക്കരണം തുടങ്ങിയവ നടത്തുന്നതിനാവശ്യമായ ഒരു സംരംഭം ആരംഭിക്കണം.

13. തുന്നൽപ്പരിശീലനകേന്ദ്രങ്ങളും റെഡിമെയ്ഡ് എംബ്രോയ്ഡറി പരിശീലനകേന്ദ്രങ്ങളും എല്ലാവാർഡിലും ആരംഭിക്കാവുന്നതാണ്.

14. മെഴുകുതിരി, ചന്ദനത്തിരി നിർമ്മാണ ശാലകൾ ആരംഭിക്കണം.

15. ധാന്യങ്ങൾ പൊടിക്കുന്ന രണ്ടു മില്ലുകൾ 2, 4 എന്നീ വാർഡുകൾ കേന്ദ്രമാക്കി പഞ്ചായത്തിൽ വനിതകൾക്ക് വേണ്ടി ആരംഭിക്കാവുന്നതാണ്.

16. തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ കുഞ്ഞുങ്ങളെ നോക്കുന്നതിന് ഓരോ ഊരിലും ക്രെഷ് ആരംഭിക്കണം. അമ്മമാരായ സ്ത്രീകളെ ഇതിൽ നിയമിക്കണം.

17. സ്ത്രീകൾ ഉത്പാദിപ്പിക്കുന്ന വസ്തുക്കളുടെ വിപണന സൗകര്യം പഞ്ചായത്ത് ഏർപ്പെടുത്തണം.

18. സ്ത്രീകൾക്ക് വീട്ടിൽ ഇരുന്ന് ചെയ്യാവുന്ന കോഴിവളർത്തൽ, കാപ്പിപ്പൊടി, അച്ചാർ, ചിപ്സ്, ജാം നിർമ്മാണം ഇവയ്ക്ക് സാമ്പത്തിക സഹായം ഏർപ്പെടുത്തണം.

19. സ്ത്രീകളുടെ നേതൃത്വത്തിൽ ഒരു മാവേലി സ്റ്റോർ തുടങ്ങണം വനിതാ നേതൃത്വത്തിൽ റേഷൻകടകളും നടത്തുന്ന സംവിധാനം തുടങ്ങണം.

20. വനിതകൾക്കും കർഷക തൊഴിലാളി പെൻഷൻ അനുവദിക്കണം.

21. മറ്റു ജോലികൾക്ക് അട്ടപ്പാടിയിൽ നിലവിലുള്ള ഹിൽ ആനുകൂല്യങ്ങൾ അംഗൻവാടി പ്രവർത്തകർക്കും ലഭ്യമാക്കേണ്ടതാണ്.

22. ഒരേ തൊഴിൽ ചെയ്യുന്ന സ്ത്രീക്കും പുരുഷനും തുല്യ വേതനം എന്നത് നടപ്പിൽ വരുത്തുക.

23. ഷോളയൂർ പഞ്ചായത്തിൽ ഒരു വനിതാ സെൽ ആരംഭിക്കണം. വനിതാ SI, പോലിസുകാർ, പ്രാദേശിക സന്നദ്ധ സംഘടന പ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ, വക്കീലന്മാർ തുടങ്ങിയവർ ഇതിൽ ഉൾപ്പെട്ടിരിക്കേണ്ടതാണ്.

24. സ്ത്രീകളുടെ അവകാശങ്ങളേപ്പറ്റിയും സാമൂഹ്യരംഗത്തും പൊതുരംഗത്തും തങ്ങളുടെ പങ്കാളിത്തത്തിൻെറ ആവശ്യകതയേയും പറ്റി സ്ത്രീകളെ ബോധവൽക്കരിക്കണം. നേതൃത്വപരിശീലന പരിപാടികളും സംഘടിപ്പിക്കണം.

25. ഒരു പൊതു സ്ത്രീപുരുഷ ബോധവൽക്കരണവും ആവശ്യമാണ്. സ്ത്രീ പീഡനത്തേയും അതിനുള്ള ശിക്ഷകളേയും കാണിക്കുന്ന വീഡിയോ കാസറ്റുകൾ പ്രദർശിപ്പിക്കുകയും സിനിമാശാലകളിൽ സ്ലൈഡുകൾ ഇടുകയും ചെയ്യാവുന്നതാണ്.

26. സ്ത്രീ പീഡനങ്ങളും ലൈംഗീക ചൂഷണവും നടക്കുമ്പോൾ സംഘടനകളും മറ്റുള്ളവരും ഇടപ്പെട്ട് അവ പുറത്തു കൊണ്ടുവരികയും പൊതുബോധവൽക്കരണത്തിൻെറ ഭാഗമായി പ്രതിഷേധ പ്രകടനങ്ങളും മറ്റും നടത്തുകയും ജനകീയ പങ്കാളിത്തത്തോടെ ഇത്തരം ആക്രമണങ്ങളെ ചെറുക്കുകയും കുറ്റവാളിയെ ശിക്ഷിക്കുവാൻ നിയമപാലകരെ പ്രേരിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

27. വാർഡുതലത്തിലും പഞ്ചായത്തുതലത്തിലും സ്ത്രീ പുരുഷസംവാദങ്ങൾ ഏർപ്പെടുത്തണം. ഇതിലൂടെ തങ്ങളുടെ പ്രശ്നങ്ങൾ പരസ്പരം മനസ്സിലാക്കിക്കുവാനും, ആഴമുള്ള ബന്ധങ്ങൾ ആശയ കൈമാറ്റത്തിലൂടെയും അംഗീകാരത്തിലൂടെയും സ്ത്രീ പുരുഷന്മാർക്കിടയിൽ ഉണ്ടാക്കിയെടുക്കുവാൻ സഹായിച്ചേക്കാം.

28. വനിതാ സംഘടനകളുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുവാൻ നിലവിലുള്ള സംഘടനകളെ വിളിച്ചുകൂട്ടി മുമ്പ് സൂചിപ്പിച്ചിട്ടുള്ള തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

29. സമാജങ്ങൾ ഇല്ലാത്ത വാർഡുകളിൽ അവ രൂപീകരിക്കുവാനും, ഇവയുടെയെല്ലാം സമഗ്രമായ പ്രവർത്തനത്തിന് സഹായിക്കുവാനുമായി പഞ്ചായത്ത്തലത്തിൽ ഒരു വനിതാ ക്ഷേമസമിതി രൂപീകരിക്കണം.

30. പഞ്ചായത്ത് തലത്തിൽ സ്ത്രീ സംഘടനകളുടെ ഒരു ബുള്ളറ്റിൻ പ്രസിദ്ധീകരിക്കണം.

31. പെൺകുട്ടികൾക്ക് വേണ്ടി പ്രത്യേകമായി തൊഴിൽ പരിശീലനകോഴ്സുകൾ പഞ്ചായത്ത് തലത്തിൽ നടത്താവുന്നതാണ്. സംരംഭകർക്ക് നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിന് സൗകര്യങ്ങൾ ഉണ്ടാകണം.

## നിലവിലുള്ള സ്ത്രീസംഘടനകൾ

| *പേരും വിലാസവും* | *വാർഡ്* |
|---|---|
| 1. ജ്വാല മഹിളാ സമാജം- കത്താലക്കണ്ടി | II |
| 2. ജയശ്രീ മഹിളാ സമാജം-നല്ലശിങ്ക | II |
| 3. ധന്യ മഹിളാ സമാജം-കോട്ടത്തറ | IV |
| 4. അനുഗ്രഹ മഹിളാ സമാജം-ഷോളയൂർ | VII |
| 5. കസ്തൂർഭാ മഹിളാ സമാജം-പെട്ടിക്കൽ | IX |
| 6. കുറവമ്പാടി മഹിളാ സമാജം | IX |

## ആദിവാസി സ്ത്രീകൾക്കിടയിലെ പ്രത്യേക പ്രശ്നങ്ങൾ

- നിരക്ഷരരാണിവരിൽ ഭൂരിപക്ഷവും.
- വിറക്, വെള്ളം, കാലിത്തീറ്റ മുതലായവയ്ക്കുള്ള അലച്ചിൽ.
- കാർഷിക മേഖലയിൽ അദ്ധ്വാനഭാരം കൂടുതൽ അനുഭവിക്കുന്നു. സ്ഥിരമായ തൊഴിൽ സാധ്യതകൾ കുറവാണ്. അന്യസംസ്ഥാനങ്ങളിലേക്ക് തൊഴിൽ തേടി പോകേണ്ടിവരുന്നു.
- ലൈംഗിക ചൂഷണം
- ആദിവാസികളല്ലാത്തവരുമായുള്ള വിവാഹബന്ധത്തിൽ നിന്നും ചൂഷണം അനുഭവിക്കേണ്ടിവരുന്നു. ഇത്തരം പുരുഷന്മാർ ചില വർഷങ്ങൾക്കുശേഷം ഇവരെ ഉപേക്ഷിച്ചു പോകുകയും കുടുംബഭാരം ഇവരുടെ ചുമലിൽ വന്നു വീഴുകയും ചെയ്യുന്നു.
- ദാരിദ്ര്യം, പോഷകാഹാരകുറവ് തുടങ്ങിയവമൂലമുള്ള അനാരോഗ്യം.
- മദ്യം, മയക്കുമരുന്ന്, പുകവലി തുടങ്ങിയ ശീലങ്ങൾ.
- പ്രസവകാലത്തെ പരിചരണവും ചികിത്സയും ആവശ്യത്തിന് ലഭ്യമാകാറില്ല.

## സാധ്യതകൾ

- സായാഹ്ന വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ അഭ്യസ്തവിദ്യരായ ആദിവാസി പെൺകുട്ടികളെ നിയമിക്കാവുന്നതാണ്.
- ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുവാനുള്ള അനുവാദം ആദിവാസികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യണം.
- ഊരുകളിൽ ശുദ്ധജലവിതരണം ഊർജ്ജിതമാക്കണം.
- ആദിവാസി വനിതാ സമാജങ്ങൾ മുഖേന ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.
- ആദിവാസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾ സംഭരിക്കുന്ന സഹകരണ സംഘങ്ങൾ ആരംഭിക്കുകയും അവയുടെ പൂർണ്ണമായ നടത്തിപ്പ് ആദിവാസികൾ തന്നെ നടത്തുന്ന സംവിധാനവും ഏർപ്പെടുത്തണം.
- ആദിവാസികളല്ലാത്തവരുമായുള്ള വിവാഹബന്ധങ്ങളെ കഴിവതും നിരുത്സാഹപ്പെടുത്തുക.
- ഉണ്ടാകുന്ന വിവാഹബന്ധങ്ങൾ നിയമനടപടികളിൽ കൂടി മാത്രമേ പാടുള്ളൂ എന്ന നിബന്ധന ഏർപ്പെടുത്തുകയും ആദിവാസി സ്ത്രീകളെ ചൂഷണം ചെയ്യുന്നവരെ കർശന

മായി ശിക്ഷിക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുകയും വേണം

- ആദിവാസി ഊരുകളിൽ ആദിവാസി ഒറ്റമൂലി ചികിത്സ പ്രോത്സാഹിപ്പിക്കേണ്ടതാണ്.
- ഫിലിം, സ്ലൈഡ് പ്രദർശനം മറ്റു ഉപാധികളും ഉപയോഗിച്ച് ആരോഗ്യം, പരിസരശുചീകരണം, ശുദ്ധജല ഉപയോഗത്തിൻെറ ആവശ്യകത, കുട്ടികളെ വളർത്തുന്നശൈലി, മലിനീകരണം, പുകവലി, മദ്യം, മയക്കുമരുന്ന് ഇവയുടെ ദോഷവശങ്ങൾ, ലൈംഗീകരോഗങ്ങൾ, മലമൂത്രവിസർജ്ജനം തുടങ്ങിയവയെപ്പറ്റിയുള്ള ബോധവൽക്കരണ ക്യാമ്പുകൾ എല്ലാ മാസത്തിലും വനിതാ ക്ഷേമസമിതിയും അംഗൻവാടികളും ചേർന്ന് നടത്തണം.
- പരമ്പരാഗത കൃഷിരീതികൾക്ക് പ്രോത്സാഹനം നൽകേണ്ടതാണ്.
- സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പ്രവണതയോട് ശക്തമായി പ്രതികരിക്കണം.
- അട്ടപ്പാടി ഔദ്യോഗികമായി മദ്യനിരോധിത മേഖലയായി പ്രഖ്യാപിക്കപ്പെട്ടെങ്കിലും വ്യാജമദ്യവാറ്റും വിൽപ്പനയും വളരെ വർദ്ധിച്ചിരിക്കുന്നു. ഇതിൻെറ പരിണതഫലങ്ങൾ ഏറെയും അനുഭവിക്കുന്നത് സ്ത്രീകളാണ്. ദാരിദ്ര്യം സ്ത്രീപീഡനങ്ങൾ ഇവ മദ്യം മൂലം വർദ്ധിക്കുന്നു. പലപ്പോഴും ഉദ്യോഗസ്ഥരും നിയമപാലകരും മദ്യവിൽപ്പനയ്ക്ക് കൂട്ടുനിൽക്കുന്നു.
- വനിതാ സഹകരണ സംഘങ്ങൾ ആരംഭിക്കേണ്ടതാണ്.
- ഉദ്യോഗസ്ഥരും നിയമപാലകരും വാറ്റും വിൽപ്പനയും തടയുന്നതിൽ അനാസ്ഥ കാണിച്ചാൽ അവരുടെ മേൽ കർശന നടപടികൾ എടുക്കണം.
- എവിടെ വാറ്റും വിൽപ്പനയും നടന്നാലും ഉടനടി അത് നശിപ്പിക്കുന്നതിനും കുറ്റവാളികളെ നിയമപരമായി ശിക്ഷിക്കുന്നതിനും പ്രദേശികമായി വാർഡുതലത്തിലും പഞ്ചായത്തു തലത്തിലും സമിതികൾ രൂപീകരിക്കാവുന്നതാണ്.
- മദ്യത്തിൻേറയും മയക്കുമരുന്നിൻേറയും ദോഷവശങ്ങളേപ്പറ്റി പൊതുബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടത്തേണ്ടതാണ്.
- P.W.C.R.A. യൂണിറ്റുകൾ ഊരുതലത്തിൽ ആരംഭിക്കാവുന്നതാണ്.
- ഈ പഞ്ചായത്തിൽ കൂടി ഓടുന്ന എല്ലാബസുകളിലും സ്ത്രീകൾക്ക് സീറ്റ് സംവരണം നിർബ്ബന്ധിതമാക്കുകയും സ്ത്രീകൾ ബസിൽ കയറുമ്പോൾ അവ കർശനമായും സ്ത്രീകൾക്ക് ലഭ്യമാക്കുകയും വേണം.
- അർഹരായവർക്ക് വിധവാ പെൻഷൻ ലഭിക്കുവാൻ ഏർപ്പാടുണ്ടാക്കണം.
- സ്ത്രീകൾക്ക് പ്രാമുഖ്യമുള്ള വ്യവസായശാലകൾ ആരംഭിക്കുക. വിപണനം സൗകര്യം ഏർപ്പെടുത്തുക.
- പഞ്ചായത്തിലെ ജനസംഖ്യയുടെ പകുതിയിലധികം വരുന്ന സ്ത്രീകളുടെ സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവുമായ പങ്കാളിത്തവും സ്വാതന്ത്ര്യവും നാം ഓരോരുത്തരുടേയും ലക്ഷ്യമായി മനസിലാക്കുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നത് ഇതിൻെറ ആവശ്യമാണ്.

*"സ്വേച്ഛാധിപതികളുടെ രക്തം കൊണ്ട് നനച്ചാലെ*
*സ്വാതന്ത്ര്യവൃക്ഷം വളർന്നുകിട്ടൂ"*

# സംസ്ക്കാരം

ഒരു നാടിൻെറ മഹത്വത്തെ എടുത്തുകാണിക്കുന്നത് ആ നാടിൻെറ സംസ്കാരമാണ്. അട്ടപ്പാടിയിൽ ഉണ്ടായിരുന്ന നൂറ്റണ്ടുകൾ പഴക്കമുള്ള ആദിവാസി സംസ്ക്കാരം മൂല്യമുറ്റതായിരുന്നു. ആദിവാസി ജനത കൂട്ടായി ജീവിക്കുകയും കൂട്ടായി കൃഷി ചെയ്യുകയും എല്ലാം എല്ലാവർക്കുമായി പങ്കുവയ്ക്കുകയും ചെയ്ത് ജീവിച്ചിരുന്നു. ആരും സ്വന്തമായി സമ്പാദിക്കുകയോ പൂഴ്ത്തി വയ്ക്കുകയോ ചെയ്തിരുന്നില്ല. പുറത്തുനിന്നും വരുന്ന എല്ലാവരേയും തുറന്ന മനസ്സോടെ സ്വീകരിക്കുകയും എല്ലാം പങ്കുവയ്ക്കുകയും ചെയ്തിരുന്നു. അതിഥിയെ ഈശ്വരനായി കണക്കാക്കുന്ന സമ്പ്രദായമായിരുന്നു ഇവരുടേത്. ഉദാഹരണത്തിന് അതിഥിയെ ഇവർ സംബോധന ചെയ്തിരുന്നത് സാമി എന്നായിരുന്നു. ആദിവാസികൾ തമ്മിൽ കണ്ടുമുട്ടുമ്പോൾ സ്ത്രീ പുരുഷ ഭേദമന്യേ കാലിലെ ചെരുപ്പും തലയിലെ കെട്ടും നീക്കം ചെയ്ത് കാലുതൊട്ട് പരസ്പരം വന്ദിക്കുകയും കൈപ്പത്തികൾ പരസ്പരം മുട്ടോളം ചേർത്തു പിടിച്ച് സ്നേഹബന്ധം ഉറപ്പിക്കുകയും ചെയ്തിരുന്നു.

ദിവസം മുഴുവൻ കഠിനാദ്ധ്വാനം ചെയ്ത ശേഷം വേദനകളും കഷ്ടതകളും മറന്ന് നിലാവുള്ള രാത്രികളിൽ ഊരിലെ (ഗ്രാമം) ആൺ, പെൺ, പ്രായഭേദങ്ങളില്ലാതെ എല്ലാവരും ചേർന്ന് പാട്ടുപാടി പെറെ (മദ്ദളം) ധവിൽ, കൊഹാല് (കുഴൽ), ജാൽറ (ഇലത്താളം) തുടങ്ങിയ വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ ഭൂമിയെ ഓർത്ത്, ഈശ്വരനെയും മൂപ്പനെയും വാഴ്ത്തിപ്പാടി എല്ലാം മറന്ന് നൃത്തമാടി (കുമ്മിയാടുക) ഉല്ലസിക്കുമായിരുന്നു. ഭൂമിയെ ഭൂമാദേവിയായിട്ടാണ് കണക്കാക്കിവന്നിരുന്നത്. ഇവരുടെ ഭൂമിയുമായുള്ള അഭേദ്യമായ ബന്ധത്തിന് ഉദാഹരണമാണ് ഇവരുടെ നഗ്നപാദരായിട്ടുള്ള നൃത്തം. ചുരുക്കത്തിൽ ഇന്നത്തെ ഉപഭോഗ സംസ്ക്കാരത്തിന് ഒരു ബദൽ സംസ്ക്കാരമായിരുന്നു ഇവിടെ നിലനിന്നിരുന്നത്.

ആദിവാസി സ്ത്രീകളുടെ വേഷം, ആറുമുഴം നീളമുള്ള ഒറ്റത്തുണിയിൽ മാറിന് മുകളിലും അരയിലും കെട്ടുന്നതോടെ ഉള്ള ഒന്നായിരുന്നു. അവരുടെ മുടി തലയ്ക്ക് വലതുവശത്തായി ഒരു പ്രത്യേകരീതിയിൽ പന്തു പോലെ ഉരുട്ടികെട്ടി വെയ്ക്കുകയുമായിരുന്നു പതിവ്. മുതിർന്ന സ്ത്രീകൾ വെള്ളിത്തോട വലതു കൈവണ്ണയിലും, പണച്ചരം (കാശുമാലയും) പാശിയും (കറുത്തമുത്തുമാല) കഴുത്തിലും അണിഞ്ഞിരുന്നു. പുരുഷൻമാർ മുട്ടോളം എത്തുന്ന ഒരു ഒറ്റ മുണ്ടും അരയിൽ തിരുകിയ മടപഴ (വെട്ടുകത്തി)യും തലയിൽക്കെട്ടും കൈയിൽ ചുണ്ടിവില്ലും ധരിച്ചിരുന്നു.

ആദിവാസി ജനത പരമ്പരാഗതമായി തങ്ങളുടെ മരിച്ചുപോയ മുത്തശ്ശിമുത്തശ്ശന്മാരെ നിനച്ചിട്ടായിരുന്നു ഏതൊരു നല്ലകാര്യത്തിനും ഇറങ്ങുമായിരുന്നുള്ളു. ഇതാണ് ഇവരുടെ കറുപ്പ ദൈവം. എല്ലാ ആദിവാസിയും ഈ ദൈവത്തെ പൂജിച്ചതിനുശേഷമേ മറ്റു ദൈവങ്ങൾക്ക് പൂജനടത്താറുള്ളു.

അട്ടപ്പാടിയിൽ മൂന്നു വിഭാഗത്തിൽപെട്ട ആദിവാസികൾ ഉണ്ട് : (1) ഇരുളർ (2) മുഡുകർ (3) കുറുമ്പർ. ഓരോ വിഭാഗത്തിനും 7 കുലങ്ങളും ഉണ്ട്.

(i) കരട്ടി (ii) കുപ്പിളി (iii) ഉപ്പിലി (iv) കുപ്പാർ (v) വെള്ളഗ (vi) ദേവനാർ (vii) പേരധര

ഊര് സ്വന്തമായിട്ടില്ലാത്തതിനാൽ അവഗണിക്കപ്പെട്ട മറ്റൊരു കുലമാണ് ആറുമൂപ്പ്.

സ്വന്തം കുലമൊഴികെ മറ്റു കുലങ്ങളിൽ നിന്നുമാത്രമെ ഇവർ വിവാഹം കഴിക്കുകയുള്ളൂ. സ്വന്തം കുലത്തിൽ നിന്ന് വിവാഹം കഴിക്കുന്നവരെ മൊട്ടയടിച്ച് നാടുകടത്തിയിരുന്നു. ആദ്യകാലങ്ങളിൽ വിശേഷമായി വിവാഹചടങ്ങുകൾ ഉണ്ടായിരുന്നില്ല. പരസ്പരം ഇഷ്ടപെടുന്ന ആദിവാസി സ്ത്രീയും പുരുഷനും തനിയെ ഒരു ദിവസം നിശ്ചയിച്ച് ഒളിച്ചോടുന്നു. അവർ പുരുഷൻെറ വീട്ടിൽ പോയി ജീവിക്കുന്നു. ഇത്തരത്തിൽ ജീവിക്കുന്നവർ എന്നെങ്കിലും തങ്ങളുടെ താലികെട്ട് നടത്തുന്നു. ഇല്ലെങ്കിൽ മരണശേഷം ഈ കർമ്മം നടത്തുന്നു. സ്ത്രീയാണ് മരിക്കുന്നതെങ്കിൽ, മഞ്ഞൾ വെള്ളത്തിൽ മുക്കിയ ചരടുകൊണ്ട് പുരുഷൻ ശവശരീരത്തിൽ താലി കെട്ടുന്നു. അതിനുശേഷം അത് മുറിച്ച് വിവാഹബന്ധം വേർപെടുത്തുന്നു. മറിച്ച് പുരുഷനാണ് മരിക്കുന്നതെങ്കിൽ സ്ത്രീ പുരുഷൻെറ വലതു പെരുവിരലിൽ മഞ്ഞൾ മുക്കിയ നൂൽ കെട്ടുന്നു. അതിനുശേഷം അത് അറുത്ത് മുറിക്കുന്നു.

ശരിയായിട്ട് നടക്കുന്ന വിവാഹച്ചടങ്ങുകൾക്ക് പുരുഷൻ സ്ത്രീയുടെ വീട്ടിൽ പോയി കണ്ടുമടങ്ങുന്നു. തിരിച്ച് സ്ത്രീ

യുടെ വീട്ടുകാർ പുരുഷൻെറ വീട്ടിലേക്ക് ക്ഷണിക്കപ്പെടുന്നു. അവിടെ വച്ച് വിവാഹദിവസം നിശ്ചയിക്കുന്നു. വിവാഹ ത്തിൻെറ തലേദിവസം പുരുഷനും അവൻെറ ഊരിലെ ഗുരു വനും (പൂജ ചെയ്യുന്നയാൾ) ഊരുമൂപ്പനും, കുറുതലയും വണ്ഡാരിയും, ജാതിയും, ഊരാനും രണ്ടു സ്ത്രീകളും കൂടി വധുവിൻെറ വീട്ടിൽ ചെല്ലുന്നു. അവിടെ സദ്യ കഴിച്ച് പിറ്റേദിവസം പെണ്ണിനേയും കൂട്ടി വരൻെറ വീട്ടിൽ എത്തുന്നു. അവിടെ സദ്യയ്ക്കു ശേഷം വിവാഹം നടത്തുന്നു. സാധാരണ യായി വരൻെറ വീട്ടിലാണ് വിവാഹം നടത്തുന്നത്. തിങ്കളാഴ്ച കളിൽ വിവാഹം നടത്തുന്നു. വരൻ വധുവിന് 101¼ രൂപ സ്ത്രിധനം കൊടുക്കുന്നത് ഇവരുടെ ഇടയിലെ ഒരു സവിശേ ഷതയാണ്. ഇത് ശേഷി അനുസരിച്ച് 501¼, 1001¼ എന്നിങ്ങ നെയും ആകാം.

വരൻ വധുവിൻെറ വീട്ടിൽ പോയി 1 വർഷമോ വധു പ്രായപൂർത്തിയാകുന്നതുവരെയോ അടിമപ്പണി ചെയ്ത് ജീവിച്ചിട്ട് വിവാഹം കഴിക്കുന്നതും ഒരു പതിവാണ്. താലികെട്ടിന് ശേഷം വരൻ തൻെറ ഊരു മൂപ്പൻ, ഗുരുവൻ, വണ്ഡാരി, കുറുതല, ജാതി, ഊരാൻ തുടങ്ങിയവർക്ക് മുയിപ്പണം കൊടു ക്കുന്നതും ഒരു പതിവാണ്. ഊരുജനങ്ങൾക്ക് ചിലവിനായ 1 രൂപ ചുരുങ്ങിയത് മുയിപ്പണം കൊടുക്കുന്നത് വിവാഹച്ചട ങ്ങിലും മരണാന്തര ചടങ്ങിലും ചെയ്തുവരുന്നു.

ഓരോ ഊരിലും മൂപ്പൻെറ നേതൃത്വത്തിൽ ശക്തമായ ഒരു ഭരണസംവിധാനം നിലനിന്നിരുന്നു. ഏതെങ്കിലും പ്രശ്നമു ണ്ടായാൽ ഊരുപഞ്ചായത്ത് കൂടി പ്രശ്നങ്ങൾക്ക് പരിഹാര മുണ്ടാക്കുന്നു. ഊരു പഞ്ചായത്തിൻ ഊരുമൂപ്പൻ, വണ്ഡാരി, കുറുതല, മണ്ണുക്കാരൻ, എന്നിവരും ഊരിലെ എല്ലാ സ്ത്രീ യും പുരുഷനും കുട്ടികളും പങ്കെടുത്ത് കാര്യങ്ങൾക്ക് തീരുമാന മുണ്ടാക്കിയിരുന്നു. അതുപോലെ കൃഷി ചെയ്യാൻ ആരംഭിക്ക ണമെങ്കിൽ ആദ്യം മണ്ണുക്കാരൻ വിത്തു വിതച്ചാൽ മാത്രമേ മറ്റു ജനങ്ങൾ കൃഷി തുടങ്ങുമായിരുന്നുള്ള. പൊതുവെ അട്ടപ്പാടി ഭൂപ്രദേശത്ത് വർഷങ്ങളായി നിലനിന്നിരുന്ന ഈ സംസ്കാരം മാഞ്ഞു മറഞ്ഞു പോകുന്ന നിലയിലാണ് ഇപ്പോഴത്തെ അവസ്ഥ. തമിഴ്നാട്ടിലേയും കേരളത്തിലെ മറ്റു ഭാഗങ്ങളി ലേയും ആൾക്കാരുടെ കടന്നുവരവോടെ ഇന്ന് അട്ടപ്പാടിയിൽ ഒരു സമ്മിശ്ര സംസ്കാരമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

ഇന്ന് ഇവിടെ ആദിവാസികൾ, തമിഴർ, ദളിതർ, മലയാളികൾ എന്നിവർ ചേർന്നു ജീവിക്കുന്നു. ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ എന്നീ മത വിഭാഗത്തിൽപെടുന്ന ഈ പഞ്ചായത്തിലെ ജനങ്ങൾ ഇവിടെ ആഘോഷിക്കപ്പെടുന്ന ഉത്സവങ്ങൾ, പെരുന്നാളുകൾ മറ്റ് ആഘോഷങ്ങൾ തുടങ്ങിയവ താഴെ വിവരിക്കുന്നു.

## മല്ലീശ്വര മുടി ഉത്സവം

അട്ടപ്പാടി മേഖലയിലെ ഏറ്റവും ഉയരം കൂടിയ മലയാണ് മല്ലീശ്വരമുടി. ഈ മുടിയിൽ കുടികൊണ്ടിരിക്കുന്നത് മല്ലീശ്വര നാണ് (ശിവൻ). ഈ ഉത്സവം കൊണ്ടാടുന്നത് ശിവരാത്രി ദിനത്തിലാണ്. ഇതിൻെറ നടത്തിപ്പിനായി ആദിവാസികൾ ക്കിടയിൽ ഒരു ഉത്സവക്കമ്മിറ്റി വിളിച്ചുകൂട്ടുന്നു. 7 മുതൽ 11 അംഗങ്ങൾ വരെ ഇതിൽ ഉണ്ടായിരിക്കും. അതിൽ ഒരാൾ കൺവീനറായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്നു. ഈ ഉത്സവത്തിൽ പങ്കെടുക്കുന്നതിനായി അട്ടപ്പാടിയുടെ എല്ലാ ഭാഗങ്ങളിൽ നിന്നും ആളുകൾ എത്തിച്ചേരുന്നു. മല്ലീശ്വര മുടി യിൽ ദീപം തെളിയിക്കുന്നതാണ് ഇതിൻെറ പ്രധാന ചടങ്ങ്. മുഡുക വിഭാഗത്തിൽപെട്ട ആദിവാസികളാണ് മല്ലീശ്വരമുടി യിലെ ദീപം തെളിയിക്കുന്നത്. അട്ടപ്പാടിയുടെ എല്ലാ ഭാഗങ്ങളിൽ നിന്നും ഈ ദീപം കാണാവുന്നതാണ്. വൈകിട്ട് ഈ ദീപം തെളിച്ചത് കണ്ടതിനുശേഷമേ ദിവസംമുഴുവൻ നടത്തിയ നോമ്പ് അവസാനിപ്പിച്ച് ആദിവാസികൾ ദീപം തെളിച്ച് വീടുകളിൽ ഭക്ഷണം പാകം ചെയ്യാറുള്ള. ആ രാത്രി മുഴുവൻ ഇവർ കുമ്മിയാടി ഉറങ്ങാതെ ചിലവഴിക്കുന്നു. മല്ലീശ്വരമുടി യിൽ തെളിയിക്കുന്ന ദീപത്തിനുള്ള എണ്ണ കോഴിക്കോട് സാമൂതിരി രാജാവിൻെറ മനയിൽ നിന്നും കൊടുത്തയ ക്കുന്നതാണ്.

## പെരുമാൾ (രാമൻ) മുടി ഉത്സവം

ഷോളയൂർ പഞ്ചായത്തിലെ 7-ാം വാർഡിൽപെട്ട മൂലഗംഗൽ ഊരിനടുത്ത് വനത്തിൽ സ്ഥിതി ചെയ്യുന്ന ഒരു ഉയർന്ന മലയാണ് രാമൻമുടി. ഇതിൻെറ മുകളിൽ ഒരു വലിയ പാറയുണ്ട് ഇവിടെയാണ് പൂജചെയ്യുന്നത്. ഇവിടെ കുടികൊ ണ്ടിരിക്കുന്നത് പെരുമാൾ സ്വാമിയാണ്. വൃതം നോക്കി ഈ മലകയറുന്നതിന് വേണ്ടി ആദിവാസികളും തമിഴരും പോകാ റുണ്ട്. ഈ ഉത്സവം കുംഭമാസത്തിലാണ് കൊണ്ടാടുന്നത്.

## അയ്യപ്പൻവിളക്ക്

ഈ ഉത്സവം രണ്ട് ഘട്ടങ്ങളിലായിട്ടാണ് ആഘോഷിക്കുന്നത്. വൃശ്ചികം 1 മുതൽ ധനു 11 വരെയും മണ്ഡലപൂജയും, മകരം ഒന്നിന് അവസാനിക്കുന്ന മകര ജ്യോതിയും.

## മാരിയമ്മൻ ഉത്സവം

പഞ്ചായത്തിലുളള വിവിധ മാരിയമ്മൻ കോവിലുകളിൽ മീന മാസത്തിൽ കൊണ്ടാടുന്ന ഒരു ഉത്സവമാണിത്. വിളവിറക്കുമ്പോഴും രോഗബാധിതരാകുമ്പോഴും മാരിയമ്മനെ നേർന്നുകൊണ്ട് പല നേർച്ചകളും ഹിന്ദുക്കൾ നടത്താറുണ്ട്. മാരിയമ്മനെയോർത്ത് കാണിക്ക കെട്ടിവയ്ക്കുകയാണ് പതിവ്. ഉത്സവത്തിന് പൊങ്കൽ ഇട്ട് (ആട്, കോഴി) ദാനം ചെയ്യുകയും വഴിപാട് നടത്തുകയും ചെയ്യുന്നു.

## കാരമട രങ്കനാഥർ ഉത്സവം

തമിഴ്നാട്ടിലെ കോയമ്പത്തൂർ ജില്ലയിലെ കാരമട എന്ന സ്ഥലത്താണ് ഈ കോവിൽ സ്ഥിതി ചെയ്യുന്നത്. കുംഭമാസത്തിൽ ആഘോഷിക്കപ്പെടുന്ന ഈ ഉത്സവത്തിന്, അമ്പലത്തിൽ കൊടിയേറിയ ദിവസം മുതൽ 7 ദിവസത്തേക്ക് സ്വാമിഭക്തന്മാർ മാലയിട്ടും പന്തം കൊളുത്തിയും (ചേർവ) താളമേളങ്ങളോടെ വീടുകൾ കയറിയിറങ്ങി ധർമ്മമെടുക്കുന്നു. ആ വഴിപാടുകൊണ്ട് രഥോൽസവം വന്ന് സന്നിധിയിൽ അർപ്പണം ചെയ്യുന്നു.

## മധുരവീരൻ ഉത്സവം

പട്ടിക ജാതിക്കാർ ആഘോഷിക്കുന്ന ഒരു ഉത്സവമാണ് ഇത്. 1-ാം വാർഡിൽപെട്ട ശിരുവാണിയിലാണ് ഈ കോവിൽ സ്ഥിതിചെയ്യുന്നത്. കുംഭമാസത്തിൽ ഈ ഉത്സവം ആഘോഷിക്കുന്നു. വാദ്യമേളങ്ങളുടെ അകമ്പടിയോടെ പുഴയിൽ നിന്നും തണ്ണീർക്കുടമെടുത്ത് എല്ലാ ഭക്തജനങ്ങളും ക്ഷേത്രത്തിൽ വന്നു ചേരുന്നു. നാളികേരം പഴം, പൂവ് എന്നിവ വച്ച് ആരാധിക്കുന്നു.

## ആടിനോമ്പി (18-ാം പെരുക്കം)

കർക്കിടകമാസം 18-ാം തിയതി ഈ ആഘോഷത്തിന് വേണ്ടി പുഴയിൽ ചെന്ന് നീരാടി അമ്പലങ്ങളിലേക്ക് പോകുന്നു.

## ദീപാവലി

തിന്മയെ നന്മ ജയിക്കുന്നതിന്റെ പ്രതീകമായി തുലാം മാസത്തിൽ ദീപാവലി ആഘോഷിക്കുന്നു. വീടുകളിൽ പടക്കം പൊട്ടിച്ചും മധുരപലഹാരങ്ങളുണ്ടാക്കിയും പുതുവസ്ത്രങ്ങൾ ധരിച്ചും ഈ ദിവസം ആഘോഷിക്കുന്നു.

## ക്രിസ്തുമസ്

ദരിദ്രരും അടിച്ചമർത്തപ്പെട്ടവരുമായ ജനങ്ങൾക്കിടയിൽ പുൽത്തൊഴുത്തിൽ ദരിദ്രനായി ജനിച്ച യേശുവിന്റെ ജന്മദിനാഘോഷമാണ് ഇത്. ഡിസംബർ 1ന് ആരംഭിച്ച് 25 ദിവസം നോയമ്പും സൽപ്രവർത്തികളും ചെയ്ത് എല്ലാ വിഭാഗ ക്രൈസ്തവരും ഈ ദിവസം ആഘോഷിക്കുന്നതിന് വേണ്ടി ഒരുങ്ങുന്നു.

## ഈസ്റ്റർ (ഉയിർപ്പ് തിരുനാൾ)

ദരിദ്രർക്കിയിൽ ദരിദ്രനായി ജനിച്ച്, ജീവിച്ച്, ദരിദ്രരോട് പക്ഷം ചേർന്ന് അന്ന് നിലവിലിരുന്ന സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക, മത അനീതികൾക്കെതിരെ പ്രവാചക ശബ്ദമുയർത്തുകയും സേവനത്തിലധിഷ്ഠിതമായ നീതിയുടെയും സമത്വത്തിന്റേയും സാഹോദര്യത്തിന്റേയും സ്വതന്ത്ര്യത്തിന്റേതുമായ ഒരു ഐശ്വര്യയുഗം (ദൈവരാജ്യം) വരുന്നതിനുവേണ്ടി പ്രവർത്തിച്ചതിന് ക്രൂശിക്കപ്പെട്ട ക്രിസ്തു (യേശുദേവൻ) വിന്റെ ജീവനും ചൈതന്യവും മരണാതീതമാണ് എന്നതാണ് ഉയിർപ്പ് തിരുന്നാളിന്റെ സന്ദേശം. എല്ലാ വിഭാഗത്തിലും പെട്ട ക്രൈസ്തവർ ഈ തിരുന്നാൾ ആഘോഷിക്കുന്നു. ഇതിനായി 50 ദിവസത്തെ നോയമ്പും സൽപ്രവർത്തികളും നടത്താറുണ്ട്.

## വി. അന്തോനീസ് പുണ്യാളന്റെ തിരുനാൾ

വിശുദ്ധ ജീവിതം നയിച്ച് പുണ്യവനായിത്തീർന്ന ഒരു ഫ്രാൻസിസ്ക്കൻ സന്യാസിയായ വി. അന്തോനീസിന്റെ നാമധേയത്തിലുള്ളതാണ് ഷോളയൂർ ഇടവക പള്ളി. പള്ളി പൊതുയോഗം ചേർന്ന് നിശ്ചയിക്കുന്ന ദിവസങ്ങളിൽ എല്ലാവരും ചേർന്ന് ഈ തിരുന്നാൾ വർഷത്തിൽ ഒരിക്കൽ ആഘോഷിക്കുന്നു.

### മണർക്കാട് മാതാവിൻെറ തിരുനാൾ

പെട്ടിക്കൽ പള്ളിയിൽ സെപ്റ്റംബർ 8ന്, 8 ദിവസത്തെ നോയമ്പിൻെറ പൂർത്തികരണത്തിൽ ആഘോഷിക്കപ്പെടുന്ന മാതാവിൻെറ തിരുന്നാളാണിത്. പ്രദക്ഷിണങ്ങൾ, കലാപരിപാടികൾ തുടങ്ങിയവ ഇതോടനുബന്ധിച്ച് നടത്താറുണ്ട്.

### സെൻറ് തോമസ് ഫീസ്റ്റ്

യാക്കോബ ക്രൈസ്തവർ ആഘോഷിക്കുന്ന വി. തോമാശ്ലീഹായുടെ തിരുന്നാളാണിത്.

കേരളത്തിലെ മറ്റ് പ്രദേശങ്ങളിലെപ്പോലെ ഇവിടുത്തെ മുസ്ലീമുകൾ റംസാൻ, ബക്രീദ്, നബിദിനം തുടങ്ങിയ വിശേഷ ദിവസങ്ങൾ ആഘോഷിക്കുന്നു. അതുപോലെ ഓണം സ്വാതന്ത്ര്യദിനം തുടങ്ങിയവയും ആചരിക്കുന്നു.

### തൈപ്പൊങ്കൽ

കർഷകർ മകരം ഒന്നിന് ഇത് ആഘോഷിക്കുന്നു. ആദ്യത്തെ ദിവസം കാപ്പുകെട്ടൽ, രണ്ടാമത്തെ ദിവസം കോവിലുകളിൽ വഴിപാട് കഴിക്കൽ എന്നിവ ചെയ്യുന്നു. മൂന്നാം ദിവസമാണ് തൈപ്പൊങ്കൽ. അന്ന് കന്നുകാലികളെ കുളിപ്പിച്ച്, കൊമ്പുകളിൽ ചായം പൂശി, പുതിയ കയറുകെട്ടി, മാലയിട്ട് പൂജിച്ച്, പൊങ്കൽ വച്ച് കൊടുക്കുന്നു.

2-ാം വാർഡിൽപ്പെട്ട കൂടുതറ വിനായക കോവിലിൽ ഈ പൂപ്പൊങ്കൽ സവിശേഷമായി കൊണ്ടാടുന്നു. അന്നേദിവസം ആ പ്രദേശത്തുള്ള ആദിവാസികളും, ദളിതരും, തമിഴരും സ്ത്രീ പുരുഷ ജാതി പ്രായഭേദമന്യേ ഇവിടെ ഒന്നിച്ചുകൂടുന്നു. എല്ലാവരും ഒന്നുചേർന്ന് സമത്വത്തിൻെറയും സാഹോദര്യത്തിൻേറയും പ്രതീകമായി ഒന്നിച്ച് നൃത്തം ചെയ്യുകയും പൂക്കളൊഴുക്കുകയും ചെയ്യാറുണ്ട്.

ജാതിമത സൗഹാർദ്ദങ്ങൾക്ക് കെട്ടുറപ്പേകുന്ന ഇത്തരം ആഘോഷങ്ങളും സാംസ്ക്കാരികത്തനിമയും നഷ്ടമാകാതെയിരിക്കുവാൻ നാം ജാഗ്രതയുള്ളവരായിരിക്കേണ്ടതാണ്.

### കായികരംഗം

അട്ടപ്പാടിയിലെ, പ്രത്യേകിച്ച് ഷോളയൂർ പഞ്ചായത്തിലെ കുട്ടികളും യുവജനങ്ങളും കായികരംഗത്ത് വളരെ മികവ് കാട്ടുന്നവരാണ്. കായിക രംഗത്ത് ഏറെ സമ്മാനങ്ങൾ നേടിയെടുത്തിട്ടുള്ളവരും ഇവരിൽ പെടും. ഓട്ടമത്സരം, കബഡി, ചിത്രരചന തുടങ്ങിയ രംഗങ്ങളിൽ മികവുറ്റവർ ഏറെയാണ്. എന്നാൽ ഇതിന് പ്രോത്സാഹനം നൽകും വിധമുള്ള പരിപാടികളോ സാഹചര്യ, സൗകര്യങ്ങളോ പരിശീലനമോ ഈ പഞ്ചായത്തിൽ ഇനിയും നടന്നിട്ടില്ല. കായിക മേഖലയിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കുവാൻ സാധ്യതയുണ്ട്.

- ☆ അട്ടപ്പാടിയിൽ ഒരു സ്പോർട്സ് സ്ക്കൂൾ ആരംഭിക്കേണ്ടതാണ്. ഇതിലേക്ക് വേണ്ടുന്ന മറ്റു സൗകര്യങ്ങളും ലഭ്യമാക്കേണ്ടതാണ്.
- ☆ കായിക മേളകളിൽ പങ്കെടുക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം താരങ്ങൾക്ക് പഞ്ചായത്തിൽ നിന്ന് കൊടുക്കണം. അതായത് യാത്രാചിലവുകൾ, മെഡിക്കൽചിലവുകൾ, പെൻഷനുകൾ, അപകടങ്ങൾ സംഭവിച്ചാൽ നഷ്ടപരിഹാരങ്ങൾ തുടങ്ങിയവയും ഏർപ്പെടുത്തേണ്ടതാകുന്നു.
- ☆ പഞ്ചായത്തുതലത്തിൽ ഒരു സ്പോർട്സ് ക്ലബ്ബ് രൂപീകരിക്കേണ്ടതാണ്.
- ☆ ഇപ്പോഴുള്ള പഞ്ചായത്തുവക ഓഡിറ്റോറിയം ഉപയോഗശൂന്യമായികിടക്കുകയാണ്. അത് നന്നാക്കി ചുറ്റുമതിൽ കെട്ടി ഉപയോഗയോഗ്യമാക്കേണ്ടിയിരിക്കുന്നു.
- ☆ ഇതിൽ സ്ഥലസൗകര്യമില്ലാത്തതിനാൽ 10 ഏക്കർ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് എല്ലാവിധ ആധുനിക സൗകര്യങ്ങളോടുകൂടിയ ഓഡിറ്റോറിയം നിർമ്മിച്ച് കായിക രംഗത്തെ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു.
- ☆ ഒരു കായിക സമിതിയെ പഞ്ചായത്തുതലത്തിൽ രൂപീകരിച്ച് ജനകീയ പങ്കാളിത്തത്തോടെ കായിക മേളകൾ സംഘടിപ്പിക്കുക.
- ☆ അവധിക്കാലങ്ങളിൽ വിവിധ കോച്ചിംഗ് ക്യാമ്പുകൾ പ്രഗത്ഭരെ പങ്കെടുപ്പിച്ച് നടത്തുക.
- ☆ കേന്ദ്ര കായിക സമിതിയുടെ ആഭിമുഖ്യത്തിൽ സ്ഥിരം കോച്ചിംഗ് സെൻറർ സ്ഥാപിക്കുക.

### വായനാശീലം

ഈ പഞ്ചായത്തിലെ ഒരുവാർഡിലും വായനശാലകളോ

ഗ്രന്ഥാലയങ്ങളോ നിലവിലില്ല. ജനങ്ങൾക്കിടയിലുള്ള വായ നാശീലവും തരതമ്യേന കുറവാണ്. മലയാളം, തമിഴ്, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിൽ ദിന പത്രങ്ങളും മാസികകളും ഇവിടെ ലഭ്യമാണെങ്കിലും സാധാരണ ജനങ്ങളിൽ ഇവ എത്തിപ്പെടാറില്ല.

- ❐ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഓരോ ഗ്രന്ഥശാലയും വായനശാലയും ആരംഭിക്കണം. ഇതിലേക്ക് ആവശ്യമായ ഗ്രന്ഥങ്ങൾ മൂന്നുഭാഷയിലുമുള്ള വർത്തമാന പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, എന്നിവ അനുവദിക്കണം.
- ❐ ഈ പഞ്ചായത്തിലെ ആനക്കട്ടിയിൽ ഒരു സിനിമാശാലയുണ്ട്. ചിലവാർഡുകളിൽ ടി വി യുണ്ടെങ്കിലും ഇതിന്റെ അതിപ്രസരണം ഇല്ല.

## നാടൻ കലകൾ

ഈ പഞ്ചായത്തിൽ നിലവിലുള്ള നാടൻ കലാരൂപങ്ങളാണ് ആദിവാസിപ്പാട്ടുകൾ, ആദിവാസിക്കുമ്മി, കൂത്ത് - ഹരിശ്ചന്ദ്ര നാടകവും രാമായണവും - കോലടി, ദളിതരുടെ (പട്ടികജാതി) തപ്പട്ടയടി, വാദ്യം, മറ്റുകലകൾ, തമിഴരുടെ ഒയിൽക്കുമി തുടങ്ങിയവ.

മനോഹരങ്ങളും അർത്ഥവത്തേറിയവയുമായ ഇത്തരം കലകളെ പ്രോത്സാഹിപ്പിക്കുന്നതിന് കലാസമിതികൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിൽ ഇല്ല. അതിനാൽ 9 വാർഡുകളിലും ഓരോ കലാസമിതികൾ രൂപീകരിക്കുകയും ഇവയിൽ നിന്നുള്ള പ്രതിനിധികളെ ചേർത്ത് ഒരു പഞ്ചായത്ത് തല കലാസമിതിയും രൂപീകരിക്കേണ്ടിയിരിക്കുന്നു. ഇതിനും പുറമെ ഊരുതലത്തിലും ഓരോ സമിതികളെ രൂപീകരിക്കണം. പഞ്ചായത്തുതല സമിതിയിൽ ഓരോ ഊരിലേയും മൂപ്പനും ഊരുതല കലാസമിതിയിലെ ഒരംഗവും ഉണ്ടായിരിക്കണം.

- സംഗീതനാടക അക്കാഡമി, നെഹറു യുവകേന്ദ്ര, യുവജന ക്ഷേമവകുപ്പ് എന്നിവയുമായി ബന്ധപ്പെടുത്തണം.
- നാടൻ കലകളുടെ സംരക്ഷണത്തിനും വികസനത്തിനും വേണ്ടി ഈ കലകൾക്കാവശ്യമായ വാദ്യോപകരണങ്ങൾ, ചമയങ്ങൾ, വേഷങ്ങൾ മറ്റു സാധനസാമഗ്രികൾ തുടങ്ങിയവ എല്ലാ ആദിവാസി ഊരുകൾക്കും പഞ്ചായത്തിൽ നിന്നും വിതരണം ചെയ്യണം. ഈ വസ്തുക്കളുടെ ഉത്തരവാദിത്വം ഊരുതല കലാസമതിയ്ക്കായിരിക്കും.
- ഈ നാടൻപാട്ടുകളും ചരിത്രഗാഥകളും മറ്റും റെക്കോർഡു ചെയ്തും എഴുതിയും രേഖപ്പെടുത്തി വയ്ക്കുന്ന ഒരു സംവിധാനം പഞ്ചായത്തുതല കലാസമിതി നടത്തണം.
- ഈ കലാപൂപങ്ങൾ നന്നായി പഠിച്ചെടുക്കുകയും വരും തലമുറകൾക്ക് പകർന്നുകൊടുക്കുവാൻ കഴിവുറ്റതുമായ ഒരു ട്രൂപ്പ് എല്ലാ ഊരിലും വികസിപ്പിച്ചെടുക്കണം. ഇതിനാവശ്യമായ ധനസഹായം പഞ്ചായത്ത് കൊടുക്കണം.
- വാർഡിലെ മെമ്പറുടെ നേതൃത്വത്തിൽ വാർഡിൽപ്പെട്ട എല്ലാ ഊരുകളുടെയും പങ്കാളിത്തത്തോടെ, മൂപ്പൻ, വണ്ഡാരി, കുറുതല, മണ്ണുക്കാരൻ എന്നിവർ ചേർന്ന് 6 മാസത്തിൽ ഒരിക്കൽ സാംസ്കാരിക ദിനം ഓരോ വാർഡിലും ആഘോഷിക്കണം. പഞ്ചായത്തുതല കലാസമിതിയുടെ നേതൃത്വത്തിൽ വർഷത്തിൽ ഒരിക്കൽ ഈ നാടൻകലകളുടെ കലാമേളയും ആഘോഷിക്കണം.
- ക്ലബുകളുടെ കോ-ഓർഡിനേഷൻ കമ്മിറ്റി പഞ്ചായത്ത് തലത്തിൽ നിലവിൽ വരണം. പഞ്ചായത്തിലെ സാംസ്കാരികനായകന്മാർ ഗ്രന്ഥശാലാ പ്രവർത്തകർ, സന്നദ്ധ സംഘാടനാ ഭാരവാഹികൾ, മഹിളാ സമാജം പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ഒരു സാംസ്കാരിക സെൽ രൂപീകരിക്കണം.
- സർക്കാർ തലത്തിൽ ഈ നാടൻകലകൾ, ഇവയുടെ ചരിത്രം, പ്രാധാന്യം തുടങ്ങിയവ പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിക്കണം.
- അട്ടപ്പാടിയ്ക്ക് തനതായ പാഠ്യപദ്ധതി തുടങ്ങേണ്ടിയിരിക്കുന്നു. ഇവിടുത്തെ ഭാഷ, ചരിത്രം, സംസ്കാരം തുടങ്ങിയവക്ക് ഊന്നൽ കൊടുത്തുവേണം ഇതു തയ്യാറാക്കാൻ.
- പഞ്ചായത്തിലെ 9 വാർഡുകളിലും ഓരോ സാംസ്കാരിക നിലയങ്ങൾ ആരംഭിക്കുക.
- ഇപ്പോൾ കോട്ടത്തറയിലുള്ള പൂർത്തിയാകാത്ത കല്യാണ മണ്ഡപത്തിന്റെ പണി പൂർത്തിയാക്കുക.
- പഞ്ചായത്തുവക കമ്യൂണിറ്റി ഹാൾ അത്യാവശ്യമാണ്.
- കലാസാഹിത്യാഭിരുചിയുള്ള വിദ്യാർത്ഥികളെ കണ്ടെത്തി, അവരുടെ ഒത്തുചേരലുകളും കലാസാഹിത്യങ്ങളിൽ പരിശീലനകളരികളും ഏർപ്പെടുത്തി ഇവർക്ക് ആവശ്യമായ പ്രോത്സാഹനം കോടുക്കണം.

- പഞ്ചായത്ത് ആസ്ഥാനത്ത് ആധുനിക സൗകര്യങ്ങളോടെ ഒരു വിവരഗ്രഹണ കേന്ദ്രം (INFORMATION CENTRE) ആരംഭിക്കുക.


പ്രാദേശികങ്ങളായ നമ്മുടെ സംസ്കാരങ്ങൾ ഇന്ന് സാംസ്കാരികാധിനിവേശത്തിൻെറ പിടിയിലമരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. അമൂല്യങ്ങളായ നമ്മുടെ സാംസ്കാരിക തനിമയും മൂല്യങ്ങളും ഇതിൽ പെട്ട് നശിക്കാതെ കാത്തുസൂക്ഷിക്കേണ്ടത് ഈ ചരിത്രഘട്ടത്തിൽ നമ്മുടെ കർത്തവ്യമാണ്.

## നിലവിലുളള കലാ സാംസ്കാരിക സ്ഥാപനങ്ങൾ

| ക്രമ നമ്പർ | പേരും മേൽ വിലാസവും | രജിസ്റ്റേഡ് | വാർഡ് |
|---|---|---|---|
| 1. | ആരാധന ആർട്ടസ് ആൻഡ് സ്പോർസ് ക്ലബ് | | I |
| 2. | ജ്വാല മഹിളാ സമാജം (ഏണയഏഊ) കത്താല്ലക്കണ്ടി | അതെ | II |
| 3. | ജയശ്രീ മഹിളാ സമാജം, നല്ലശിങ്ക | | II |
| 4. | സംഗീത ആർട്ടസ് ആൻഡ് സ്പോർസ് ക്ലബ്, വരഗംപാടി | | II |
| 5. | ഒക്കലിഗ മുന്നേറ്റ സംഘം, കോട്ടത്തറ, | അതെ | IV |
| 6. | ധന്യ മഹിളാ സമാജം , കോട്ടത്തറ | | IV |
| 7. | ട്രൈബൽ യൂത്ത് ക്ലബ് ൻ, ദാസന്നൂർ | | V |
| 8. | ട്രൈബൽ യുത്തു ക്ലബ്, വട്ടുലക്കി | | V |
| 9. | ആക്ഷൻ ട്രൈബൽ ക്ലബ്, കുലുക്കിയൂർ | | VI |
| 10. | സാരഥി ആർട്ട്സ് ആൻഡ് സ്പോർട്ടസ് ക്ലബ്, ഷോളയൂർ | അതെ | VII |
| 11. | അനുഗ്രഹ മഹിളാ സമാജം, ഷോളയൂർ | | VII |
| 12. | കസ്തൂർബാ മഹിളാ സമാജം, പെട്ടിക്കൽ | | IX |
| 13. | നാഷണൽ ആർട്ട്സ് ആൻഡ സ്പോർസ് ക്ലബ്, പെട്ടിക്കൽ | അതെ | IX |
| 14. | ജീവാ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്, പെട്ടിക്കൽ | | IX |
| 15. | മോഡേൺ ആർട്സ് ആൻഡ് സ്പോർട്സ ക്ലബ്, കുറവംപാടി | | IX |

### പ്രത്യേകപരിപാടികൾ

സംഗീതനാടക അക്കാഡമി NYK ഗ്രന്ഥശാലാ സംഘം, യുവജന കാര്യക്ഷേമ വകുപ്പ് എന്നിവയുമായി ബന്ധപ്പെടുത്തി പരിശീലന പരിപാടികളും മറ്റ് ബോധവൽക്കരണ പ്രവർത്തനങ്ങളും, കായികരംഗ നേട്ടങ്ങളും കലാരംഗങ്ങളും ഉണ്ടാക്കിയെടുക്കേണ്ടതാണ്. അതിന് വേണ്ട ശ്രമങ്ങൾ പഞ്ചായത്ത് സംസ്കാരവേദി നടത്തേണ്ടതാണ്.




# 5/x

# ഊർജ്ജം

ആലപ്പുഴ ജില്ലയോളം വരുന്ന അട്ടപ്പാടിയിൽ അഗളി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന K.S.E.B. സെക്ഷൻ ഓഫീസാണ് മൂന്ന് പഞ്ചായത്തുകൾക്കും വൈദ്യുതി എത്തിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നത്. ഈ ഒറ്റക്കാരണം കൊണ്ടുതന്നെ ഒട്ടേറെ പരിമിതികൾ ഷോളയൂർ പഞ്ചായത്തിലെ വൈദ്യുതി വിതരണരംഗത്തുണ്ട്. ആവശ്യത്തിന് ഉദ്യോഗസ്ഥരും പഞ്ചായത്ത് കേന്ദ്രമാക്കി ഒരു സെക്ഷൻ ഓഫീസും ഉണ്ടായെങ്കിൽ മാത്രമേ വൈദ്യുതി വിതരണരംഗത്തെ പ്രശ്നങ്ങൾ അവസാനിക്കുകയുള്ളൂ.

പൊതുജനാവശ്യത്തിന് വിവിധ റോഡുകളിലുള്ള വഴിവിളക്കുകളുടെ വിവരപട്ടിക താഴെ കൊടുക്കുന്നു.

## വൈദ്യുതീകരിച്ച വീടുകൾ

വാർഡ്തലത്തിൽ വൈദ്യുതീകരിച്ച വീടുകളുടെ പട്ടികയും താഴെ കൊടുക്കുന്നു. 5288 വീടുകളിൽ 885 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. (17.65%)

| | |
|---|---|
| കൃഷി ആവശ്യത്തിന് | 205 പേരും |
| വ്യവസായികാവശ്യത്തിന് | 15 പേരും |
| വ്യാപാരസ്ഥാപനങ്ങൾക്ക് | 92 പേരും |

വൈദ്യുതി ഉപയോഗിക്കുന്നുണ്ട്.

പഞ്ചായത്തിലെ ബാക്കി 76% ത്തോളം വരുന്ന വീടുകൾ, അംഗൻവാടി, സ്ക്കൂൾ, തുടങ്ങിയ മറ്റ് പല സ്ഥാപനങ്ങൾക്ക് ഇനിയും വൈദ്യുതി ലഭ്യമായിട്ടില്ല എന്നതൊരു വസ്തുതയാണ്.

## ആദിവാസി ഊരുകൾ

സർക്കാരിൻെറ സാമ്പത്തികസഹായത്തോടെ പണിതീർത്ത ആദിവാസി സങ്കേതങ്ങളിലെ വീടുകളിൽ വയറിംഗ് കഴിഞ്ഞിട്ടും വൈദ്യുതി എത്തിയിട്ടില്ല. അതിൻെറ പട്ടികയും താഴെ കൊടുകുന്നു.

നിലവിൽ അത്യാവശ്യത്തിന് വൈദ്യുതി ലഭിക്കുവാൻ ഇപ്പോൾ ഉള്ളതിൻെറ മൂന്ന് മടങ്ങ് വൈദ്യുതിയെങ്കിലും വേണ്ടിവരും. വോൾട്ടേജ് ക്ഷാമം വളരെ രൂക്ഷമാണ്. കാർഷിക-വ്യാപാര-വ്യവസായ സംരംഭങ്ങൾക്ക് വേണ്ട വൈദ്യുതി കണക്ഷൻ പോലും പഞ്ചായത്ത് പ്രദേശത്ത് കിട്ടുന്നില്ലയെന്നത് സഹതാപാർഹം തന്നെ.

## മറ്റ് ഊർജ്ജ ഉപയോഗമേഖലകൾ

7 ബയോഗ്യാസ് പ്ലാൻറുകൾ പഞ്ചായത്തിലുണ്ട്. 160 മണ്ണെണ്ണ പെർമിറ്റും ഉണ്ട്. വിറകാണ് പരമാവധി പാചക ഇന്ധനം. വിറക് സംഭരിക്കുവാൻ സ്ത്രീകളുടെ സമയം വളരെ

യേറെ ചെലവഴിക്കേണ്ടിവരുന്നുണ്ട്. വളരെയധികം വിറകും ഈ രീതിയിൽ ചെലവഴിക്കപ്പെടുന്നുണ്ട്. വിറക് ഉപയോഗം കുറയ്ക്കുന്നതിനും സ്ത്രീകളുടെ ജോലിഭാരം ലഘൂകരിക്കുന്നതിനും ദക്ഷത കുറഞ്ഞ അടുപ്പുകൾ വാർഡ്തലത്തിൽ പ്രചരിപ്പിക്കേണ്ടതാണ്. സാമൂഹ്യ-സാമ്പത്തിക സർവ്വേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഏകദേശം എണ്ണൂറോളം ഹെക്ടർ കൃഷിയിടങ്ങളിൽ മണ്ണെണ്ണ, ഡീസൽ എന്നീ എഞ്ചിനുകൾ ഉപയോഗിച്ച് തോട്, ചാൽ. കുളം എന്നിവയിൽ നിന്നും കാർഷികാവശ്യങ്ങൾക്കായി ജലസേചനം നടത്തുന്നുണ്ടെന്നാണ് വിശകലനം.

## ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും

പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും പട്ടികപ്പെടുത്തിയിരിക്കുന്നു.

പഞ്ചായത്ത് പ്രദേശത്ത് ആകെ 65KM-11KV ലൈനുകളും 57.54KM 3ഫേസ് ലൈനുകളും 15.71KM സിംഗിൾഫേസ് ലൈനുകളും ഉണ്ട്.

## പ്രശ്നങ്ങൾ

(1) പഞ്ചായത്തിലെ ഒറ്റ വാർഡിൽപോലും മുഴുവൻ പ്രദേശത്ത് വൈദ്യുതി ലഭിച്ചിട്ടില്ല.

(2) അട്ടപ്പാടിയിൽ ആകെ ഒരു സെക്ഷൻ ആഫീസെ ഉള്ളു. ഈ ആഫീസിൽ ജീവനക്കാരുടെ എണ്ണം വളരെ കുറവാണ്. വിസ്തൃതമായ പ്രദേശവും ആവശ്യക്കാരുടെ എണ്ണം വർദ്ധിച്ചു വരുന്നതുകൊണ്ടും വൈദ്യുതി വിതരണരംഗം ഭംഗിയായി നടത്തുവാൻ സാധിക്കുന്നില്ല.

(3) പ്രേക്ഷണ വിതരണരംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധ കുറവ്, വനമേഖലയിലെ മരച്ചില്ലകളും മറ്റും മുറിക്കാതിരിക്കുന്നത് മുതലായവ ഒരു സ്ഥിരം പ്രശ്നമായി തുടരുന്നു.

(4) പഞ്ചായത്തിൽ പത്തൊൻമ്പതോളം പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി ഒട്ടും തന്നെ എത്തിക്കുവാൻ സാധിച്ചിട്ടില്ല. വഴിവിളക്കുകൾ ഒന്നുപോലും ഇല്ലാത്ത വാർഡുകളുടെ എണ്ണം ആറാണ്.

(5) കുടുതൽ പോസ്റ്റ് വേണ്ട സ്ഥലത്ത് പോസ്റ്റുകൾ സ്ഥാപിക്കപ്പെട്ടിട്ടില്ല. ഉള്ള വഴിവിളക്കുകൾ ഭൂരിഭാഗവും കത്തുന്നില്ല.

(6) ഇലക്ട്രിസിറ്റി ബില്ല് അടക്കുവാൻ പഞ്ചായത്തിൽ ഒരു കേന്ദ്രം ഇല്ല. (മുപ്പതോളം KM സഞ്ചരിച്ചുവേണം വൈദ്യുതി ബില്ല് അടക്കുവാൻ അഗളിയിൽ എത്തിച്ചേരേണ്ടത്.)

(7) വൈദ്യുതി വിതരണം തകരാറായാൽ നേരെയാക്കികിട്ടുവാൻ വളരെയേറെ കാലതാമസം ഉണ്ടാകുന്നു.

(8) പ്രാദേശികമായി ചെറുകിട ജലവൈദ്യുത പദ്ധതികൾ വിഭാവനം ചെയ്യുന്നില്ല.

(9) ബയോഗ്യാസ് പ്ലാൻറുകൾ (പൊതുവായിട്ടുള്ളതും ഒറ്റയ്ക്കുള്ളതും) ഉപയോഗിക്കുവാൻ പ്രചരണം ലഭിക്കുന്നില്ല.

(10) സൗരോർജ്ജം, കാറ്റിൽനിന്നുള്ള വൈദ്യുതി ഇവയുടെ ക്രമമായ ഉത്പാദനരംഗത്തെ പറ്റിയുള്ള അജ്ഞത പ്രോത്സാഹനകുറവ്.

## സാധ്യതകൾ, നിർദ്ദേശങ്ങൾ

(1) പഞ്ചായത്ത് തലത്തിൽ ഒരു സബ് എഞ്ചിനിയർ ഓഫീസും സബ് എഞ്ചിനിയറും മറ്റും പ്രവർത്തകരും അടങ്ങുന്ന പ്രവർത്തകസംഘവും ഉണ്ടായിരിക്കേണ്ടതാണ്.

(2) പ്രേക്ഷണ വിതരണരംഗത്തെ തകരാറുകൾ വൈദ്യുതി നഷ്ടത്തിന് കാരണമാകുന്നു. ഈ നഷ്ടം കാര്യക്ഷമതയോടു കൂടി പരിഹരിക്കേണ്ടതാണ്.

(3) ഏഴാം വാർഡിലെ വരടിമല വെള്ളച്ചാട്ടവും ഒൻപതാം വാർഡിലെ പെട്ടിക്കല്ലിന് താഴെയുള്ള മാറനട്ടി, ചെറുപാണി വെള്ളച്ചാട്ടത്തിൽ നിന്നും മിനി വൈദ്യുത ജലപദ്ധതികൾക്ക് രൂപം കൊടുക്കാവുന്നതാണ്. പ്രദേശിക വിദഗ്ധൻമാർ ഈ പദ്ധതികൾക്ക് കൂടുതൽ സാധ്യതകൾ കൽപിക്കുന്നുണ്ട്. കൂടാതെ കോട്ടത്തറ യു.പി. സ്കൂളിന് സമീപവും 9-ാം വാർഡിലെ ചാവടിയൂരിലും 7-ാം വാർഡിലെ അമ്പലക്കുന്നിലും കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദനം നടത്താവുന്നതാണ്. (അതിന്റെ പട്ടിക താഴെ കൊടുക്കുന്നു)

(4) കന്നുകാലികൾ ഉള്ള വീടുകൾ പത്തോ, ഇരുപതോ വീടുകൾ ചേർത്ത് ഒരു പറ്റം കുടുംബങ്ങൾക്ക് ഉപകാരപ്രദമാക്കാവുന്ന രീതിയിൽ പൊതു ബയോഗ്യാസ് പ്ലാൻറ് നിർമ്മിക്കുവാൻ വേണ്ട നടപടികൾ പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും സ്വീകരിക്കാവുന്നതാണ്.

(5) തെരുവ് വിളക്കുകളുടെ സംരക്ഷണത്തിനും മേൽ

നോട്ടത്തിനും വേണ്ടി പ്രാദേശിക കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്.

(6) പുകയില്ലാത്ത അടുപ്പ് നിർമ്മാണവും ഉപയോഗവും പഞ്ചായത്ത്തലത്തിൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(7) സൗരോർജ്ജം പരമാവധി ഉപയോഗിക്കുവാൻ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.

(8) ഒട്ടുമിക്ക ഗ്രാമസഭകളും നീണ്ട പട്ടികകൾ തന്നെ വഴിവിളക്കുകൾക്കുവേണ്ടി ഉന്നയിച്ചിരിക്കുന്നു. ആവശ്യങ്ങളുടെ തീവ്രതയും ഫണ്ടിൻെറ പരിമിതിയും കണക്കിലെടുത്ത് വാർഡ്തല മുൻഗണനാക്രമത്തിൽ വഴി വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.

(9) സർക്കാർ സഹായത്തിൽ പണിതീർത്ത ദുർബല വിഭാഗങ്ങളുടെ വയറിംഗ് പൂർത്തിയായ വീടുകൾക്കും പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങൾക്കും സ്ക്കൂളുകൾക്കും വൈദ്യുതി കണക്ഷൻ നൽകുക.

(10) സൗരോർജ്ജത്തിൽ നിന്ന് വൈദ്യുതി വ്യാവസായികാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടതും I.R.T.C. മുണ്ടൂർ 'ANERT', തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഇതിനുവേണ്ടി സാങ്കേതിക സഹായങ്ങൾ തേടേണ്ടതുമാണ്. ഇത്തരത്തിൽ ആസൂത്രിതമായ ഒരു നീക്കം നടത്തിയാൽ ഷോളയൂർ പഞ്ചായത്തിലെ ഊർജ്ജ വിതരണരംഗത്തെ പ്രതിസന്ധികൾക്ക് പരിഹാരം കാണുവാൻ കഴിയുമെന്ന കാര്യത്തിൽ തർക്കമില്ല.

## വിവിധ റോഡുകളിലെ വഴിവിളക്കുകളുടെ എണ്ണം

| ക്രമനമ്പർ | വൈദ്യുതി എത്തിയ റോഡുകൾ | വഴിവിളക്കുകൾ ഉള്ള റോഡുകൾ | എണ്ണം | ട്യൂബ് | പഞ്ചായത്ത് അടയ്ക്കുന്ന തുക |
|---|---|---|---|---|---|
| 1 | ചിറ്റൂർ - ശിരുവാണി | എത്തിയിട്ടില്ല | - | - | - |
| 2 | കോട്ടത്തറ - ആനക്കട്ടി | എത്തിയിട്ടുണ്ട് | 164 | 2 | Rs.1565/- |
| 3 | ആനക്കട്ടി - ഷോളയൂർ | എത്തിയിട്ടില്ല | - | - | - |
| 4 | ഷോളയൂർ | എത്തിയിട്ടില്ല | - | - | - |
| 5 | ചാവടിയൂർ | എത്തിയിട്ടില്ല | - | - | - |

## വാർഡുതലത്തിൽ വൈദ്യുതീകരിച്ച വീടുകൾ

| വാർഡ് | വാർഡിലെ ആകെ വീടുകൾ | വൈദ്യുതീകരിച്ച ആകെ വീടുകൾ | വൈദ്യുതീകരിച്ച ST/SC വീടുകൾ | കാർഷിക ഉപയോഗത്തിനായി എടുത്തിരിക്കുന്നവരുടെ എണ്ണം | ഗോബർഗ്യാസ്, LPG, സൗരോർജ്ജം ഉപയോഗിക്കുന്നവരുടെ എണ്ണം | മണ്ണെണ്ണ പെർമിറ്റ് |
|---|---|---|---|---|---|---|
| I | 654 | 26 | - | - | 9 | 12 |
| II | 313 | 84 | 55 | 27 | 38 | 16 |
| III | 449 | 69 | 72 | 26 | 26 | 22 |
| IV | 925 | 160 | 105 | 49 | 32 | 10 |
| V | 817 | 145 | 111 | 39 | 40 | 14 |
| VI | 518 | 172 | 155 | 42 | 7 | 7 |
| VII | 532 | 99 | 17 | 4 | 2 | 5 |
| VIII | 340 | 45 | 29 | 2 | 6 | 1 |
| IX | 740 | 85 | 20 | 16 | 1 | 4 |

## വൈദ്യുതി ലഭിച്ച ആദിവാസി ഊരുകളുടെ വിവരം

| ക്രമനമ്പർ | ആദിവാസി ഊരുകൾ | ആകെ വീടുകൾ | വൈദ്യുതി ലഭിച്ചത് | ഇനിയും ലഭിക്കാനുള്ള വീടുകൾ |
|---|---|---|---|---|
| 1 | അണക്കാട് | 30 | - | 30 |
| 2 | മൂലഗംഗൽ | 35 | - | 35 |
| 3 | വെള്ളകുളം | 85 | - | 85 |
| 4 | വെച്ചപ്പതി | 75 | - | 75 |
| 5 | ഗോഞ്ചിയൂർ | 70 | 15 | 55 |
| 6 | വരഗംപാടി | 74 | 40 | 34 |
| 7 | നല്ലശിങ്ക | 37 | - | 37 |
| 8 | വടക്കേ കടമ്പാറ | 52 | - | 52 |
| 9 | തെക്കേ കടമ്പാറ | 85 | - | 85 |
| 10 | ഊത്തുക്കുഴി | 140 | - | 140 |
| 11 | ചാവടിയൂർ | 151 | 29 | 122 |
| 12 | പെട്ടിക്കൽ | 56 | 10 | 46 |
| 13 | വയലൂർ | 64 | - | 64 |
| 14 | കോഴിക്കൂടം | 30 | - | 30 |
| 15 | ഷോളയൂർ | 120 | 17 | 103 |
| 16 | മൂത്തിക്കുളം | 31 | - | 31 |
| 17 | വെങ്കക്കടവ് | 63 | - | 63 |
| 18 | ചുണ്ടകുളം | 80 | 10 | 70 |
| 19 | കോട്ടമല | 25 | - | 25 |
| 20 | മേലെസമ്പാർകോട് | 28 | - | 28 |
| 21 | കൂടംചാള | 14 | - | 14 |
| 22 | താഴെ സമ്പാർകോട് | 65 | 57 | 8 |
| 23 | വണ്ണാന്തറ | 35 | 15 | 20 |
| 24 | കാരയൂർ | 65 | - | 65 |
| 25 | കള്ളക്കര | 75 | 70 | 5 |

വൈദ്യുതി ലഭിച്ച ആദിവാസി ഊരുകളുടെ വിവരം തുടരുന്നു...

| ക്രമനമ്പർ | ആദിവാസി ഊരുകൾ | ആകെ വീടുകൾ | വൈദ്യുതി ലഭിച്ചത് | ഇനിയും ലഭിക്കാനുള്ള വീടുകൾ |
|---|---|---|---|---|
| 26 | വീട്ടികുണ്ട് | 28 | - | 28 |
| 27 | കൽക്കണ്ടി | 12 | - | 12 |
| 28 | ചൊറിയന്നൂർ | 26 | 25 | 1 |
| 29 | തേക്ക് മുക്കിയൂർ | 17 | - | 17 |
| 30 | കുടപ്പട്ടി | 15 | - | 15 |
| 31 | മട്ടത്തുക്കാട് | 23 | 19 | 2 |
| 32 | വട്ടലക്കി | 85 | 72 | 13 |
| 33 | പുളിയംപതി | 12 | - | 12 |
| 34 | ദാസന്നൂർ | 39 | 17 | 22 |
| 35 | ആനക്കട്ടി | 61 | 51 | 10 |
| 36 | കുലുക്കൂർ | 71 | 71 | - |
| 37 | ഉറിയൻ ചാള | 26 | - | 26 |
| 38 | തൂവ | 40 | 16 | 24 |
| 39 | കീരിപ്പതി | 15 | - | 15 |
| 40 | വരഗംപാടി (ഹരിജൻ) | 12 | - | 12 |
| 41 | ഷോളയൂർ (ഹരിജൻ) | 18 | - | 18 |
| 42 | വടക്കേ കോട്ടത്തറ (ഹരിജൻ) | 20 | - | 20 |
| 43 | വട്ടലക്കി (ഹരിജൻ) | 15 | - | 15 |


## സാധ്യതയുള്ള വൈദ്യുതി പദ്ധതികൾ

| ക്രമനമ്പർ | പദ്ധതി ഉദ്ദേശിക്കുന്ന ജല ശ്രോതസ്സ് / കാറ്റ് | ഉൾപ്പെടുന്ന വാർഡ് | വിദഗ്ധ അഭിപ്രായത്തിൽ ഉല്പാദിപ്പിക്കപ്പെടാവുന്ന വൈദ്യുതി |
|---|---|---|---|
| 1 | വരടി മല വെള്ളച്ചാട്ടം | VII | 2.5 മെഗാവാട്ട് (ഏകദേശം) |
| 2 | മാറനട്ടി വെള്ളച്ചാട്ടം | IX | 2.5 മെഗാവാട്ട് (ഏകദേശം) |
| 3 | ചാവടിയൂർ കുന്ന് | IX | ലഭ്യമല്ല |
| 4 | കോട്ടത്തറ യു.പി സ്ക്കൂളിന് സമീപം | IV | ലഭ്യമല്ല. |

## പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും, അവയുടെ കപ്പാസിറ്റിയും

| ക്രമനമ്പർ | പേര് | | കപ്പാസിറ്റി |
|---|---|---|---|
| 1 | Kottathara | No. I | 150 KVA |
| 2 | Kottathara | No. II | 160 KVA |
| 3 | Kottathara | No. III | 100 KVA |
| 4 | Kallakkara | | 63 KVA |
| 5 | Kallakkara | | 100 KVA |
| 6 | Vadakottathara | No. I | 100 KVA |
| 7 | Vadakottathara | No.II | 100 KVA |
| 8 | Thekkimukkiyoor | | 100 KVA |
| 9 | Kudapathy | No.I | 100 KVA |
| 10 | Kudapathy | No. I | 100 KVA |
| 11 | Kalmukkiyoor | | 100 KVA |
| 12 | Mattathukkad | | 160 KVA |
| 13 | Vattalucky | | 160 KVA |
| 14 | Vattalucky | | 100 KVA |
| 15 | Dasannur | | 100 KVA |
| 16 | Anakkatty | No.I | 160 KVA |
| 17 | Anakkatty | No.II | 100 KVA |
| 18 | Toova | | 100 KVA |
| 19 | S. Kadampara | | 100 KVA |
| 20 | Nallasinka | | 100 KVA |
| 21 | Varagampady | | 100 KVA |
| 22 | Gonjiyoor | | 100 KVA |
| 23 | Chavadiyoor | | 100 KVA |
| 24 | Sholayoor | | 100 KVA |
| 25 | Kozhikkoodam | | 100 KVA |
| 26 | Searuvani | | 160 KVA |
| 27 | Pettikkal | | 100 KVA |
| 28 | Chittoor | | 100 KVA |
| 29 | Sambarkode | | 100 KVA |
| 30 | Muchikkadavu | | 100 KVA |

**ഷോളയൂർ**
ഗ്രാമ പഞ്ചായത്ത്



# 5/xi

# വിഭവസമാഹരണം . . .
# വനം

നമ്മുടെ ഗ്രാമം പ്രധാനമായും, കൃഷിയെ മാത്രം ആശ്രയിച്ച് കഴിയുന്ന പ്രദേശമാണ്. കാർഷിക രംഗത്ത് പ്രധാന പ്രതിസന്ധിയായി ജലലഭ്യതയും, വൈദ്യുതിക്ഷാമവും, കൃഷിക്കാരുടെ അധികരിച്ച കൃഷിച്ചിലവും, കാർഷിക തൊഴിലാളികളെ യഥാസമയങ്ങളിൽ ലഭ്യമാകാത്തതും, കാർഷിക ഉല്പന്നങ്ങളുടെ വിപണനസൗകര്യക്കുറവും പ്രധാന കാരണങ്ങളാണ്.

മുഖ്യമായും ധാരാളം നീർച്ചാലുകളുള്ള പ്രദേശങ്ങളിൽ ചെക്കുഡാമുകൾ നിർമ്മിച്ച് കൃഷിക്കാവശ്യമായ ജലം ലഭ്യമാക്കേണ്ടിയിരിക്കുന്നു. സന്നദ്ധരായ കൃഷിക്കാരുടെയും, സർക്കാർ ഏജൻസികളുടെയും പഞ്ചായത്തിൻേറയും വിഭവസമാഹരണം വഴി പദ്ധതികൾ സ്വായത്തമാക്കാവുന്നതാണ്.

വൈദ്യുതിക്ഷാമം മോട്ടോർ പമ്പ് സെറ്റുകൾ യഥാസമയങ്ങളിൽ പ്രവർത്തിപ്പിക്കുവാൻ സാധിക്കാത്ത സാഹചര്യമാണ് ഇന്നുള്ളത്. കൃഷിക്കാർ ഇന്നനുഭവിക്കുന്ന സബ്സിഡി നിരക്കിൽ കാര്യമായ വർദ്ധനവ് വരുത്തി കിണറുകളും, കുളങ്ങളും നിർമ്മിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കേണ്ടതാണ്.

വളം, കീടനാശിനി, ജൈവവളങ്ങൾ എന്നിവ യഥാസമയങ്ങളിൽ ഉപയോഗിക്കുന്നതിനും, ആധുനിക യന്ത്രസാമഗ്രികൾ കൂടുതലായി ഉപയോഗിക്കുന്നതിനുമുള്ള സാമ്പത്തിക സഹായം ഇന്നു നൽകി വരുന്നത് കാലാനുസൃതമായി മാറ്റേണ്ടതാണ്.

കാർഷിക തൊഴിലാളികളുടെ വർദ്ധിച്ച കൂലി നിരക്കും, തൊഴിലാളികളുടെ ദൗർലഭ്യവും ഒരു പരിധിവരെയെങ്കിലും നിയന്ത്രിക്കുന്നതിന് സന്നദ്ധ തൊഴിലാളി സംഘടനകൾ പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകൃതമാകണം.

വിവിധ കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി പഞ്ചായത്തടിസ്ഥാനത്തിൽ മാർക്കറ്റിംഗ് സൊസൈറ്റികൾ രൂപീകരിക്കുക.

ഇന്നത്തെ കാർഷികോല്പന്നങ്ങളായ കരിമ്പ്, പരുത്തി, തേങ്ങ എന്നിവയുടെ സംസ്ക്കരണത്തിനും വിപണനത്തിനുമായി അനുബന്ധ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിന് നൽകി വരുന്ന ഗ്രാൻറുകളും, നികുതികളും യഥാസമയം ലഭ്യമാക്കുന്നതിനുള്ള സമയ സംവിധാനങ്ങൾ സർക്കാർ തലത്തിൽ ഉണ്ടാകേണ്ടതാണ്.

ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവർ ഈ ഗ്രാമത്തിൽ തീരെ കുറവാണ്. അവരുടെ വരുമാനവും, സാമ്പത്തിക നിലവാരം കുറഞ്ഞ തോതിൽ ആയതുകൊണ്ട് ഇവരിൽ നിന്നും കാര്യമായ മുതൽ മുടക്കൊന്നും ഒരു രംഗത്തും പ്രതീക്ഷിക്കുക വയ്യ.

## വരുമാനത്തിൻെറ വ്യത്യാസം.

| ഇനം | 1991-92 | 1995-96 | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| 1. കെട്ടിട നികുതി | 60434.00 | 64305.00 | 3871.00 | 6.4 |
| 2. തൊഴിൽ നികുതി | 70038.00 | 71385.00 | 1347.00 | 1.92 |
| 3. വിനോദ നികുതി | 17253.00 | 21000.00 | 3747.00 | 2.71 |
| 4. അധിക വിനോദ നികുതി | 10492.00 | 12600.00 | 2108.00 | 20.09 |
| 5. പ്രദർശന നികുതി | 681.00 | 1701.00 | 1083.00 | 175.2 |
| 6. സർചാർജ്ജ്/പ്രദർശന നികുതി | 154.00 | 424.00 | 270.00 | 175.32 |
| 7. പി. എഫ്. ഒ | 218.00 | 300.00 | 82.00 | 37.61 |
| 8. മാർക്കറ്റ് | 648.00 | 990.00 | 342.00 | 52.77 |
| 9. ഡി. ഒ. | 2442.00 | 4000.00 | 1558.00 | 63.8 |
| 10. മണൽലേലം | - | 237350.00 | 237350.00 | - |
| 11. മറ്റു വകകൾ | 381384.00 | 211800.00 | (-) 169584.00 | - |
| 12. തനിവരവ് ആകെ | 543681.00 | 625755.00 | 82074.00 | 15.09 |
| 13. ഗ്രാൻറുകൾ | 266610.00 | 358238.00 | 91628.00 | 25 |
| 14. ഉപാധിരഹിതഫണ്ട് | 213732.00 | 395500.00 | 181768.00 | 45.95 |
| 15. ജെ.ആർ.വൈ | 815000.00 | 1105367.00 | 290367.00 | 26.26 |
| 16. ഗ്രാൻറുകൾ ആകെ | 1295342.00 | 1859105.00 | 563763.00 | 30.32 |
| 17. എസ്റ്റാബ്ളിഷ്മെൻറ് ചിലവുകൾ | 18347.00 | 225000.00 | 411503.00 | 18.29 |

### വാർഡുതലത്തിൽ ജോലി ചെയ്യുന്നവരുടെ പട്ടിക

| | | | |
|---|---|---|---|
| വാർഡ് 1 | ഇല്ല | വാർഡ് 6 | 12 പേർ |
| വാർഡ് 2 | ഇല്ല | വാർഡ് 7 | 3 പേർ |
| വാർഡ 3 | 4 പേർ | വാർഡ് 8 | ഇല്ല |
| വാർഡ് 4 | 5 പേർ | വാർഡ് 9 | 10 പേർ |
| വാർഡ് 5 | 4 പേർ | * | * |

പഞ്ചായത്തിൽ കച്ചവടക്കാർ തുലോം കുറവാണ്. കഴിഞ്ഞ വർഷം (95-96) 40000.00 രൂപ മാത്രമേ ലൈസൻസ് ഫീസ് ലഭിച്ചിട്ടുള്ളൂ. പഞ്ചായത്തിൻെറ നികുതികൾ നമ്മുടെ തന്നെ ഗ്രാമത്തിൻെറ വികസനത്തിന് ഉപയോഗിക്കാവുന്നതാണ് എന്ന ഒരു ബോധം ഉണ്ടായാൽതന്നെ വരുമാനത്തിൽ ഗണ്യമായ പുരോഗതിയുണ്ടാക്കുവാൻ സാധിക്കും. വരുമാനം കൂടുതലുള്ള ആളുകളിൽ നിന്ന് അതിൻെറ അടിസ്ഥാനത്തിൽ തന്നെ നികുതി ചുമത്തുകയും ചെയ്യേണ്ടതാണ്. കണക്കുകൾ കൃത്യമായി സൂക്ഷിക്കുകയും, അതിൻെറ സുതാര്യത ജനങ്ങളെ ബോധ്യപ്പെടുത്തുവാനുള്ള സംവിധാനം പഞ്ചായത്തിൽ നിന്നുണ്ടാവേണ്ടതാണ്. കെട്ടിട നികുതി ചുമത്തുമ്പോൾ തറ വിസ്തീർണ്ണം മാത്രം കണക്കാക്കാതെ കെട്ടിടത്തിൻെറ നിർമ്മാണച്ചിലവിനോടുകൂടി ആഡംബരത്വവും വിലകൂടിയ സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കണം.

ഇപ്പോൾ നികുതി ചുമത്തുന്ന സമ്പ്രദായത്തെക്കുറിച്ച് കെട്ടിടം ഉടമകളെ പൂർണ്ണമായി ബോധ്യപ്പെടുത്തുന്നതിനുള്ള ഉത്തരവാദിത്തം കൂടി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുണ്ടാവണം.

തൊഴിൽ നികുതി പൂർണ്ണമായി ചുമത്തപ്പെടുന്നില്ല. നിർമ്മാണ തൊഴിലാളികളുടെ വരുമാനം കൂടി പഞ്ചായത്തിനു ലഭ്യമാക്കി നികുതി ചുമത്തപ്പെടേണ്ടതാണ്. നികുതികൾ ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും ഒരു റവന്യൂ ഉദ്യോഗസ്ഥനെ പഞ്ചായത്തിനു കീഴിൽ നിയമിച്ചാൽ വരുമാനച്ചോർച്ച ഏറെ ഒഴിവാക്കാം.

വിനോദനികുതി പഞ്ചായത്തിനു വളരെ കുറവു മാത്രമാണ് ഇപ്പോൾ ലഭിക്കുന്നത്. നികുതിവെട്ടിപ്പ് തടയുന്നതിനു ഇന്നുള്ള ഏതു സംവിധാനങ്ങളും അപര്യാപ്തമാണ്. ഇതിലേക്ക് സീറ്റിംഗ് കപ്പാസിറ്റിയുടെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം. തൻമൂലം നികുതിദായകരും പഞ്ചായത്തും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ പരിഹൃതമാവും.

പഞ്ചായത്ത് പുഴ പുറമ്പോക്കായി ധാരാളം ഭൂമി ലഭ്യമാണ്. ഇവിടെയെല്ലാം കൃഷിയിറക്കുന്നതിനു പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാവണം.

### ഖനനം

പഞ്ചായത്ത് വക തോടുകളിൽ മണൽ ലേലം നടക്കുന്നുണ്ടെങ്കിലും മത്സരബുദ്ധിയോടെ ലേലം കൊള്ളുന്നതിൽ താല്പര്യം കുറവായി വരുന്നു. അതു കൊണ്ട് തന്നെ ചില പ്രത്യേക വ്യക്തികൾ ലേല അവകാശം വർഷത്തേക്ക് എടുക്കുകയാണ് ചെയ്യുന്നത്.

നിർമ്മാണ തൊഴിലാളികളുടെ സംഘടനകൾ രൂപികൃതമായി അവരേക്കൂടി ലേലങ്ങളിൽ പങ്കെടുപ്പിക്കുക വഴി കാര്യമായ വരുമാനം പ്രതീക്ഷിക്കുന്നു.

### ബാങ്ക്, ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ സഹകരണ ബാങ്ക് ഒന്നേ ഉള്ളൂ. ദേശസാൽകൃത ബാങ്ക് കനറാ ബാങ്ക് മാത്രമാണ് പ്രവർത്തിക്കുന്നത്. രണ്ടു ബാങ്കുകളും നൽകുന്ന വായ്പകൾ കാർഷിക രംഗത്തും, വ്യവസായരംഗത്തും വളരെ കുറവാണ്. പഞ്ചായത്തിൽ നിന്നും സമാഹരിക്കപ്പെടുന്ന നിക്ഷേപങ്ങളുടെ 80% എങ്കിലും ആയിരിക്കേണ്ടതാണ്.

### ഭൂനികുതി

നികുതിനിർണ്ണയവും, പിരിച്ചെടുക്കലും ഇന്നത്തെ സംവിധാനം മാറി പഞ്ചായത്തിനുതന്നെ ഈ അധികാരം നൽകിയാൽ നികുതിയിനത്തിലുള്ള ചോർച്ച ഒരു പരിധി വരെ നിയന്ത്രിക്കാനാവും. ഇപ്പോൾ റവന്യൂ വകുപ്പ് ഏക്കറൊന്നിന് 20 രൂപ അടിസ്ഥാന നികുതി പിരിക്കുന്നതു തന്നെ ഭൂവുടമകളിൽ നിന്നും പൂർണ്ണമായി ഈടാക്കുന്നില്ല. പിരിഞ്ഞു കിട്ടുന്ന സംഖ്യ തന്നെ ഡിമാൻറായി കാണിക്കുകയാണ് ചെയ്യുന്നത്. ഭൂനികുതി ചുമത്തലും, പിരിക്കലും പഞ്ചായത്തിനെ ഏൽപ്പിച്ച് നിരക്ക് കാലാനുസൃതമായി ഗണ്യമായി വർദ്ധിപ്പിച്ച് വരുമാനത്തിൽ വർദ്ധനവുണ്ടാക്കാം.

### മാർക്കറ്റ്.

ഷോളയൂരിലുള്ള പഞ്ചായത്ത് വക സ്ഥലത്തിൽ (50 സെൻറ്) ഒരു പൊതു മാർക്കറ്റ് സ്ഥാപിക്കുക വഴി പഞ്ചായത്തിനു ഗണ്യമായ വരുമാനം ഉണ്ടാക്കാവുന്നതാണ്. ഇതിലേക്ക് RDB ലോൺ ആശ്രയിക്കാവുന്നതാണ്.

### ടൂറിസം

ഈ പഞ്ചായത്തിലെ പ്രകൃതി രമണീയമായ പ്രദേശങ്ങളായ മുത്തികുളം, വരടിമല, അണക്കാട്, മൂലഗംഗൽ എന്നി സ്ഥലങ്ങളിൽ ടൂറിസ്റ്റ് പാർക്കുകളും, കെട്ടിടങ്ങളും, റവന്യൂ ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറുകളുടെ സഹായ സഹകരണത്തോടെ ടൂറിസ്റ്റ് കേന്ദ്രങ്ങളും സ്ഥാപിക്കാവുന്നതാണ്. അതിലൂടെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

### ചെലവുകൾ

സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൽ പ്രത്യുല്പാദനപരമായ സംരംഭങ്ങൾക്ക് ചെലവഴിക്കുന്നത് കുറവാണ്. തനതായ വരുമാനം വർദ്ധിപ്പിക്കുന്നതിനു ആനക്കട്ടിയിൽ ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനും, പഞ്ചായത്തിന് സ്വന്തമാ

യുള്ള നാല് ഏക്കർ സ്ഥലത്തിൽ (ആനക്കട്ടി) നാടൻ ഇഷ്ടിക നിർമ്മാണ യൂണിറ്റ് ആരംഭിക്കുകയും പ്രധാന കൃഷിയായ പരുത്തി സംസ്ക്കരണ ശാല നല്ല രീതിയിൽ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്. ധാരാളം കരിമ്പ് കൃഷി ചെയ്യുന്ന ഈ പഞ്ചായത്തിൽ സംസ്ക്കരണ ചെറുകിട ഫാക്ടറി കോട്ടത്തറയിൽ സ്ഥാപിക്കുക വഴി പഞ്ചായത്തിൻെറ തനതായ വരുമാനത്തിൽ ഗണ്യമായ പുരോഗതി ഉണ്ടാവുന്നതാണ്.

വരുമാനത്തിൻെറ 60% ഭരണച്ചെലവുകൾക്കായും ബാക്കി 20%ത്തോളം വൈദ്യുതി, വിദ്യാഭ്യാസക്ഷേമ പ്രവർത്തനങ്ങൾക്കായും 20%ത്തോളം പൊതു മരാമത്ത് പണികൾക്കുമാണ് ചെലവഴിക്കുന്നത്. ഇതിൽ റോഡുകളുടെ സംരക്ഷണം എന്നത് ഏറ്റവും മുഖ്യമായ ഘടകമാണ്. എങ്കിലും ഇതിലേക്ക് പഞ്ചായത്തിൽ നിന്നും, സർക്കാരിൽ നിന്നും ലഭ്യമാകുന്ന ഫണ്ട് വളരെ തുച്ഛമാണ്. നിറഞ്ഞ മലയോരപ്രദേശമായ ഈ പഞ്ചായത്തിൻെറ റോഡുകളുടെ സംരക്ഷണത്തിനായി മാത്രം തന്നെ പ്രതിവർഷം ലക്ഷങ്ങളോളം രൂപ വേണ്ടിവരുന്നു. ഈ റോഡുകളുടെ സംരക്ഷണത്തിനായി സന്നദ്ധ സംഘടനകളുടെ സേവനം അത്യന്താപേക്ഷിതമാണ്. പൂർണ്ണമായി പഞ്ചായത്തിനേയും സർക്കാരിനേയും ആശ്രയിക്കുന്ന ഇന്നത്തെ നില മാറേണ്ടിയിരിക്കുന്നു.

മുകളിൽ വിവരിച്ചതെല്ലാം മനുഷ്യദ്ധ്വാനം വികസന പ്രവർത്തനങ്ങൾക്ക് അനിവാര്യമായ ചില മേഖലകൾ മാത്രമാണ്. കൂടാതെ വിവിധ പ്രത്യേക ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള റോഡുകൾ സംരക്ഷിക്കുന്നതിനും, തോടുകൾ വെട്ടുന്നതിനും, പരിസര മാലിന്യം ഇല്ലാതാക്കുന്നതിനും, ആരോഗ്യകേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള ആവശ്യങ്ങൾക്ക് മനുഷ്യാദ്ധ്വാനം ഉറപ്പുവരുത്തേണ്ടതാണ്. ഓരോ വാർഡുതലത്തിലും പഞ്ചായത്തംഗം നടത്തിപ്പുകാരനായി സന്നദ്ധസംഘടനകളും, വികസന സമിതി അംഗങ്ങളും ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടതായിട്ടുണ്ട്.

- നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി പഞ്ചായത്ത് തലത്തിൽ ഒരു സഹകരണസംഘം രൂപീകരിക്കാവുന്നതാണ്.
- പഞ്ചായത്തിലെ ഓരോ പൗരൻെറയും ഒരു വർഷത്തിലെ ഒരു ദിവസത്തെ അദ്ധ്വാനത്തിൻെറ വില പഞ്ചായത്തിനു നൽകുവാൻ നിർദ്ദേശങ്ങൾ ഉണ്ടാകണം.
- പഞ്ചായത്ത് തലത്തിൽ നടത്തപ്പെടുന്ന എല്ലാ പൊതു മരാമത്ത് പ്രവർത്തനങ്ങളും പൊതുജനങ്ങൾ അറിഞ്ഞിരിക്കണം. പ്രത്യേക പരസ്യങ്ങൾ വഴി പൊതു സ്ഥലങ്ങളിൽ പരസ്യപ്പെടുത്തണം.
- ഇത്തരം പ്രവർത്തനങ്ങളിൽ പൊതുജനസഹായ സേവനം ഉണ്ടാക്കുവാൻ ഇത് സഹായമാണ്.
- പഞ്ചായത്തിൻെറ മനുഷ്യവിഭവം മുഴുവൻ, കാർഷിക മേഖലയിലേക്കും വ്യവസായ മേഖലയിലേക്കും ഉപയോഗിക്കുവാൻ സന്ദർഭങ്ങൾ ഉണ്ടാക്കണം. അതിനുവേണ്ട പരിശീലനങ്ങൾക്ക് പഞ്ചായത്ത് നേതൃത്വം കൊടുക്കണം.
- തയ്യാറായി വരുന്ന സംരംഭകരെ സഹായിക്കുവാൻ സമിതികൾ ഉണ്ടാകണം.
- തൊഴിലുല്പന്നങ്ങൾ, വ്യവസായ കാർഷിക ഉല്പന്നങ്ങൾ എന്നിവയുടെ വിപണന സാധ്യതകൾ കണ്ടെത്തണം.

### ദേശീയ സമ്പാദ്യപദ്ധതി

ദേശീയ സമ്പാദ്യപദ്ധതികളായ ഇന്ദിര വികാസ് പത്ര, കിസാൻ വികാസ് പത്ര എന്നിവയിലൂടെയുള്ള നിക്ഷേപം വർദ്ധിപ്പിക്കുന്നതിനു പഞ്ചായത്തംഗങ്ങളും സന്നദ്ധ സംഘടനകളും യോജിച്ച് പ്രവർത്തിക്കേണ്ടതാണ്. ഇതു വഴി പഞ്ചായത്തിനു ലഭ്യമാകുന്ന വിഹിതത്തിൽ ഗണ്യമായ വർദ്ധനവ് പ്രതീക്ഷിക്കാവുന്നതാണ്.

### മനുഷ്യാദ്ധ്വാനം

മറ്റ് എല്ലാറ്റിനേക്കാളുമുപരി മനുഷ്യപ്രയത്നം ആണ്. മനുഷ്യപ്രയത്നം സമാഹരിക്കുന്നതിൽ വിവിധയുവജന സംഘടനകൾ വാർഡ്തോറും നിർബന്ധമായും ഉണ്ടാകേണ്ടതാണ്. സേവനതല്പരരായവരെ പരമാവധി പ്രോത്സാഹിപ്പിക്കത്തക്കവിധം പഞ്ചായത്തും സർക്കാരും മുന്നോട്ടു വരേണ്ടതാണ്. പഞ്ചായത്തിലെ മർമ്മപ്രധാനമായ റോഡുകൾ മഴക്കാലം ആയാൽ കാനകൾ ഇല്ലാതെ കുണ്ടും, കുഴിയുമായി തകരുന്ന സാഹചര്യമാണ് ഇന്നുള്ളത്. ഇത് ഒഴിവാക്കാനായി വർഷക്കാലത്തിനു മുമ്പു തന്നെ കാനകൾ ഏറ്റവും നല്ല രീതി

യിൽ ബന്ധപ്പെട്ട റോഡിന്റെ ഉപഭോക്താക്കളും യുവജന സംഘടനകളും പഞ്ചായത്തുമായി സഹകരിച്ച് ചെയ്ത് തീർക്കാവുന്നതാണ്. പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം തൊഴിലധിഷ്ഠിതമാക്കി പുനഃക്രമീകരണം നടത്തി, അദ്ധ്യാപകരും രക്ഷകർത്താക്കളും വികസന സമിതിയംഗങ്ങളും യോജിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ നിലവാരത്തിലുള്ള മൂല്യതകർച്ച ഒഴിവാക്കുന്നതിന് തൊഴിൽ അധിഷ്ഠിത പഠനത്തിന് മുഖ്യ പ്രാധാന്യം നൽകാൻ സർക്കാർ മുൻ കൈയെടുക്കേണ്ടതാണ്.

## വനം

ഷോളയൂർ പഞ്ചായത്തിലെ 2 വില്ലേജുകളിലായി വനം വകുപ്പുകാരുടെ കണക്കനുസരിച്ച് സംരക്ഷിത വനം 6100 ഹെക്ടറും നിക്ഷിപ്തവനം 4200 ഹെക്ടറിൽ ഏറെയുണ്ട്. അർദ്ധനിത്യഹരിതവനം, പുൽമേടുകൾ, ഇലപൊഴിയും കാടുകൾ, ചോലവനങ്ങൾ, ഉഷ്ണമേഖല എന്നിവ വേറെയുമുണ്ട്. 39 ആദിവാസി ഊരുകളുള്ള ഈ പഞ്ചായത്തിൽ മുത്തികുളം, കോഴിക്കൂടം, ചാവടിയൂർ, ഗോഞ്ചിയൂർ, വെച്ചപ്പതി, വെള്ളകുളം, അണക്കാട്, മൂലഗംഗൽ തുടങ്ങിയ ഊരുകളിലെ ആദിവാസികൾ ഭൂരിഭാഗവും ഈ വനമേഖലയെ ആശ്രയിച്ച് ഉപജീവനം നടത്തിപോരുന്നവരുമാണ്.

*വനമേഖല താഴെ പറയും വിധമാണ്*

| സംരക്ഷിതവനം | | നിക്ഷിപ്തവനം | 4116 ഹെക്ടർ |
|---|---|---|---|
| മുത്തിക്കുളം, ശിരുവാണിക്കാടുകൾ | 6100 ഹെക്ടർ | തുവ | 770 ഹെക്ടർ |
| നിത്യഹരിതവനം | 6100 ഹെക്ടർ | വട്ടലക്കി, ആനക്കട്ടി | 1300 ഹെക്ടർ |
| അർദ്ധനിത്യഹരിതവനം | 1800 ഹെക്ടർ | കോട്ടത്തറമല | 305 ഹെക്ടർ |
| പുൽമേടുകൾ | 300 ഹെക്ടർ | ചാവടിയൂർ | 1025 ഹെക്ടർ |
| ഇലപൊഴിയും കാടുകൾ | 800 ഹെക്ടർ | ബൊമ്മൻമുടി | 75 ഹെക്ടർ |
| ചോല വനങ്ങൾ | 400 ഹെക്ടർ | വരടിമല | 237 ഹെക്ടർ |
| ഉഷ്ണമേഖല | 2800 ഹെക്ടർ | വയലൂർ | 4 ഹെക്ടർ |
| | | കേസ്സുള്ളത് | 400 ഹെക്ടർ |

### വന്യമൃഗങ്ങൾ

സിംഹവാലൻ കുരങ്ങ്, തേവാങ്ക്, കടുവ, കാട്ടുപോത്ത്, ആന, ചെന്നായ്, പുലി, കാട്ടാട്, പുള്ളിമാൻ, പേഴമാൻ, കുരമാൻ, കരടി, കാട്ടുപന്നി, പറക്കുന്ന അണ്ണാൻ, കരിങ്കുരങ്ങ്, തുടങ്ങിയവ ധാരാളമുണ്ട്. എണ്ണം കൃത്യമായി ലഭ്യമല്ല.

### പക്ഷികൾ

ദേശാടനത്തിനായി എത്തിച്ചേരുന്ന പക്ഷികളടക്കം വിവിധതരത്തിലുള്ളവയും അപൂർവ്വങ്ങളായവയും ധാരാളമുണ്ട്.

### മരങ്ങൾ

നിത്യഹരിതവനങ്ങളിലും അർദ്ധനിത്യഹരിത വനങ്ങളിലും, ഇലപൊഴിയും കാടുകളിലും കണ്ടുവരുന്ന എല്ലാമരങ്ങളും ഇവിടെ കാണുന്നുണ്ട്. ഇഴജന്തുക്കളും ഇവിടെ ധാരാളമായി കണ്ടുവരുന്നു.

### പ്രധാന പ്രശ്നങ്ങൾ

*വനഭൂമികയ്യേറ്റം :*

വൻകിടക്കാരായ എസ്റ്റേറ്റുടമകളുടെ അധീനതയിൽ

വളരെയേറെ വനഭൂമിയുണ്ട് എന്നറിയുന്നു. വനഭൂമിയുടെ കയ്യേറ്റം തടയുവാനും കൈവശമുള്ള വനഭൂമി അളന്നു തിട്ടപ്പെടുത്തുവാനുമുള്ള മാർഗ്ഗങ്ങൾ ആരായേണ്ടിയിരിക്കുന്നു.

വനഭൂമി നശീകരണപ്രവണത ഇല്ലാതാക്കുവാൻ വനസംരക്ഷണപാലകരെ ഉൾപ്പെടുത്തി കൃത്യമായിട്ടുള്ള സംരക്ഷണപരിപാടികൾ നടത്തേണ്ടതാവശ്യമാണ്.

*വനനശീകരണ പ്രശ്നങ്ങൾ* :

സമയബന്ധിതമായി നൽകേണ്ട ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ അഭാവംമൂലം താഴെപ്പറയുന്ന നശീകരണ പ്രവർത്തനങ്ങൾ അരങ്ങേറുകയും, നമ്മുടെ എല്ലാവരുടേയും സ്വത്തായ വനസമ്പത്ത് നമുക്ക് നഷ്ടപ്പെട്ടുപോവുകയും ചെയ്യുന്നു. നമ്മുടെ പഞ്ചായത്തിലെ വനനശീകരണത്തിനുള്ള മുഖ്യകാരണങ്ങളെ മൂന്നായി തരം തിരിക്കാം.

1. അധികൃതവും അനധികൃതവുമായ മരം വെട്ട്.
2. വേനൽക്കാലത്തുണ്ടാകുന്ന വ്യാപകമായ കാട്ടുതീ.
3. കന്നുകാലികൾ മേഞ്ഞുകൊണ്ടുള്ള വനനശീകരണം.

ഏതാനും വർഷങ്ങൾ മുമ്പുവരെ വിസ്തൃതമായ ഈ കാടുകൾ ഇടതൂർന്ന മരങ്ങളുടെ കൂട്ടമുൾക്കൊണ്ട ഒരു വനപ്രദേശമായിരുന്നു. നിയമത്തിൻെറ പഴുതുകൾ ഉപയോഗിച്ച് വ്യാപകമായി നടന്ന മരംവെട്ടുമൂലമാണ് അട്ടപ്പാടി ഈ ദുഃസ്ഥിതിയിലെത്തിയത്. തുടർന്ന് വനവൽക്കരണ പദ്ധതികൾ പലതും പല ഏജൻസികൾ നടപ്പിലാക്കിയെങ്കിലും നിയന്ത്രിയ്ക്കാനാവാത്ത അടുമാടുകളുടെ മേച്ചിൽ മൂലവും വേനൽക്കാലത്തുള്ള വ്യാപകമായ കാട്ടുതീയും ഏറിയ പങ്ക് വനവൽക്കരണപദ്ധതികൾ വിജയത്തിലെത്തിയില്ല. മനുഷ്യൻെറ ഭൂമിയോടുള്ള അത്യാർത്തി ഭൂമിയുടെ ഘടന നോക്കാതെയുള്ള കൃഷിരീതി അവലംബിച്ചതുകൊണ്ട് വലിയ തോതിൽ മേൽമണ്ണ് അട്ടപ്പാടിയിൽ നിന്ന് നഷ്ടപ്പെട്ടു. ഭൂമിയുടെ ഊഷരത നഷ്ടപ്പെടുകയും പച്ചപ്പിൻെറ അഭാവത്തിൽ കാലാവസ്ഥയിൽ പ്രകടമായ മാറ്റം വന്നു ചേരുകയും ചെയ്തു. അട്ടപ്പാടിയിലെ വനവൽക്കരണം ഒരു വെല്ലുവിളിയായി നമ്മുടെ മുൻപിൽ നില്ക്കുന്നു. വനവൽക്കരണത്തിന് ശാസ്ത്രീയമായ കണക്കുകളുടെ അടിസ്ഥാനത്തിൽ പ്രായോഗികമായ പദ്ധതികൾ ആവിഷ്ക്കരിച്ചാൽ മാത്രമേ അട്ടപ്പാടി താഴ്വരയെ ഈ ദുഃസ്ഥിതിയിൽ നിന്നും മോചിപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

## വനത്തെ ആശ്രയിച്ച് ജീവിക്കുന്നവർ

ഷോളയൂർ പഞ്ചായത്തിലെ മുഴുവൻ ആദിവാസികളും ഈ മേഖലയിൽ വിവിധ ഊരുകളിൽ താമസിക്കുന്നു. ഇവർ പ്രത്യക്ഷമായും പരോക്ഷമായും വനവിഭവങ്ങളെ ആശ്രയിച്ച് വ്യവസായങ്ങൾ, സഹകരണസംഘങ്ങൾ തുടങ്ങിയവ വഴി ഉപജീവനം നടത്തുന്നു. ഈ വനമേഖലയിലെ ചെറുകിട വനവിഭവങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുന്നത് ഷോളയൂർ ഗിരിജൻ സഹകരണസംഘമാണ്. മുൻകാലങ്ങളിൽ അപ്രസക്തമായ ഈ വനവിഭവങ്ങൾ ഇന്ന് വളരെ വിലപ്പെട്ടതും ലഭ്യത കമ്മിയായവിഭവങ്ങളായും മാറിയിരിക്കുന്നു. ശാസ്ത്രീയമായി ശേഖരിക്കുകയും അവയെ സംസ്കരിക്കുകയും ചെയ്യുകയാണെങ്കിൽ ഒരു വലിയ വിഭാഗം ആദിവാസികൾക്ക് ഉപജീവനത്തിനായുള്ള ഒരു പദ്ധതിയായി മാറ്റുവാൻ കഴിയും. തേൻ, കുന്തിരിക്കം, പച്ചമരുന്ന്, മുള, ഈറ, മുതലായവയുടെ ശേഖരണവും സംസ്ക്കരണവും ശാസ്ത്രീയമായ കാഴ്ചപ്പാടിൽ നടപ്പിലാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇന്നു ആദിവാസികളുടെ സംഘങ്ങൾ തന്നെ പ്രവർത്തിക്കുന്നുണ്ട്. ആദിവാസികളല്ലാത്ത ചില കോൺട്രാക്ടർമാരുടെ ചൊല്പ്പടിക്കാണ് ഈ സംഘങ്ങൾ പ്രവർത്തിക്കുന്നത്. വിദഗ്ധരടങ്ങുന്ന ഒരു ജനകീയ സമിതിയുടെ പരിപൂർണ്ണമായ ഇടപെടൽ കൊണ്ട് മാത്രമേ ഇടത്തട്ടുകാരെ ഒഴിവാക്കാനാവുകയുള്ളൂ. വളരെയേറെ വ്യവസായ സാധ്യതയുള്ള ഈ മേഖല നാം അവഗണിക്കുകയാണ്. ഇതിനൊരു ശാശ്വതമായ പരിഹാരം ഉണ്ടാകേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

## വനനശീകരണം തടയുന്നതിനുള്ള സർക്കാർ നടപടികൾ

കാലാകാലങ്ങളിൽ വനനശീകരണത്തെ തടുക്കുവാനുള്ള നടപടികൾ താഴെപറയുന്നവയാണ്.

1. അനധികൃതമായ മരം മുറിയ്ക്കെതിരെ കേസ്സെടുക്കുക.
2. കാട്ടു തീ തടയുന്നതിന് ഫയർ ബെൽട്ടുകൾ എടുക്കുകയും ഫയർ വാച്ചർമാരെ നിയമിക്കുകയും ചെയ്യുക.
3. വേലി കെട്ടിത്തിരിച്ച് തൈകൾ നടുക.


ഈ മൂന്നു പ്രക്രിയകൾ കൊണ്ട് വനനശീകരണം ഭാഗികമായിട്ടെങ്കിലും തടയുവാൻ സാധിച്ചു എന്ന് അവകാശ


പ്പെടാവുന്ന സ്ഥിതിയല്ല നിലവിലുള്ളത്. ജനങ്ങളുടെ പരിപൂർണ്ണ പങ്കാളിത്തത്തോടെ മാത്രമേ വനവൽക്കരണ പ്രക്രിയ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. ഇതരമാർഗ്ഗങ്ങളെല്ലാം വിജയത്തിലെത്താത്ത ഈ സാഹചര്യത്തിൽ ബഹുജന പങ്കാളിത്തമാണ് ഏകമാർഗ്ഗം.

## പഞ്ചായത്ത് തലത്തിൽ ചെയ്യാവുന്ന പ്രവർത്തനങ്ങൾ

1. പരിസ്ഥിതി പ്രവർത്തകരുടെ സഹായത്തോടെ വന സമ്പത്തിന്റെ മേന്മ മനസ്സിലാക്കാവുന്ന തരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.
2. മരം വെട്ടുന്നതും കടത്തിക്കൊണ്ടുപോകുന്നതും കർശനമായി നിരോധിക്കുക.
3. വനം പരിസ്ഥിതി സംരക്ഷണത്തിന് തദ്ദേശവാസികളും വിദഗ്ധരും അടങ്ങുന്ന ജനകീയ വനപരിസ്ഥിതി സംരക്ഷണ സേന സംഘടിപ്പിച്ച് പ്രചരണങ്ങളും ബോധവൽക്കരണ പരിപാടികളും ആസൂത്രിത വനവത്കരണ പരിപാടികളും നടത്തുക.
4. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന വകുപ്പുകളെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം പഞ്ചായത്ത് തലത്തിൽ നടത്തുക.
5. അതാത് പ്രദേശത്തുള്ളവരെ ഫയർ വാച്ചർമാരായി തിരഞ്ഞെടുക്കുന്നതിന് നടപടികൾ ആവിഷ്ക്കരിക്കുക.
6. സാമൂഹ്യവനവത്ക്കരണ പരിപാടികൾ നേഴ്സറി നിർമ്മാണം മുതൽ ഭൂമി തിരഞ്ഞെടുക്കുന്നത് വരെയുള്ള പ്രവർത്തനങ്ങൾ വാർഡുതലത്തിൽ കേന്ദ്രീകരിച്ച് നടപ്പാക്കുക.
7. ഓരോ വാർഡിലും വനസംരക്ഷണത്തിനും പരിസ്ഥിതി പാലനത്തിനും സാക്ഷരതാ മാതൃകാ പ്രവർത്തന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക.
8. വാർഡുതലത്തിലുള്ള തരിശുഭൂമിയുടെ കണക്കുകൾ ആധികാരികമായി ശേഖരിച്ച്, ഈ ഭൂമികളിൽ തൈകൾ വച്ചു പിടിപ്പിക്കുന്നതിനെ ഗൗരവമായി കാണുന്ന സമിതികൾ നിലവിൽ വരുത്തുക.
9. അനധികൃത വനനശീകരണ പ്രവർത്തനങ്ങളും മരംവെട്ടും ജാമ്യമില്ലാത്ത വകുപ്പിൽപ്പെടുത്തി ശിക്ഷണ നടപടികൾ സ്വീകരിക്കുക.

ആർക്കും ജീവിത വിജയം നേടാം
ആഗ്രഹവും, താൽപര്യവുമനുസരിച്ച്
പ്രവർത്തിക്കാനുള്ള സന്നദ്ധത
വേണമെന്ന് മാത്രം






# 5/xii

# വിദ്യാഭ്യാസം

ഭാരതത്തിലെ സാർവത്രിക വിദ്യാഭ്യാസ നിലവാരത്തിൽ മുന്നിട്ടു നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ഈ സംസ്ഥാനത്തിലെ പതിനാലുജില്ലകളിൽ കിഴക്കൻ മേഖലയിൽ സ്ഥിതിചെയ്യുന്ന പാലക്കാട് ജില്ലയിൽ പശ്ചിമഘട്ട മലനിരകളിൽ അട്ടപ്പാടി മേഖലയിലാണ് ഷോളയൂർ പഞ്ചായത്ത്. ഈ പ്രദേശം ശിരുവാണിപുഴയുടെ നിരവധി നീർച്ചാലുകളാലും നിബിഡവനങ്ങളാലും സമൃദ്ധമാണ്. ഷോളയൂർപഞ്ചായത്തിലെന്നല്ല അട്ടപ്പാടിയുടെ മുഴുവൻ തന്നെ സമഗ്രവികസനം ഈ പ്രദേശത്തെ ഏക വികസന ബ്ലോക്കായ ഐ.റ്റി.ഡി.പി.യിലൂടെയാണ് സാധ്യമാകുന്നത്. അട്ടപ്പാടിയിലെ ഭൂരിഭാഗം വരുന്ന പട്ടികജാതി/പട്ടികവർഗ്ഗകാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായിട്ടാണ് ഈ സ്ഥാപനം ഉടലെടുത്തത്. എന്നാൽ ഐ.റ്റി.ഡി.പിയിലൂടെ അട്ടപ്പാടിയുടെ സമഗ്രവികസനത്തിനായി കോടികൾ ഒഴുകിയെങ്കിലും ഇവിടത്തെ ജനങ്ങളെ സംബന്ധിച്ച് വികസനം ഇനിയും വളരെ അകലെയാണ് എന്ന കാര്യം ഇവിടെ സ്മരണീയമാണ്.

അട്ടപ്പാടിമേഖലയിൽ ഭൂവിസ്തൃതിയുടെ കാര്യത്തിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന നമ്മുടെ പഞ്ചായത്തായ ഷോളയൂർ ചരിത്രത്തിൽ വളരെക്കാലം മുമ്പ് തന്നെ സ്ഥാനം പിടിച്ചിരിക്കുന്നു. എന്നത് പ്രശംസാർഹമാണ്. കാരണം ഇവിടെ വിദ്യാഭ്യാസത്തിൻെറ ആവശ്യകതയെ കണക്കിലെടുത്ത് അട്ടപ്പാടിയിലെ തന്നെ 1935ൽ ആദ്യമായി ഒരു വിദ്യാലയം 1937ൽ ഗാന്ധിജിയുടെ അടിസ്ഥാന വിദ്യാഭ്യാസനയത്തിനുമുമ്പ്തന്നെ സ്ഥാപിച്ചു എന്നുള്ളതാണ്. ഈ സ്ഥാപനത്തിൻെറ സ്ഥാപിത പ്രവർത്തനങ്ങളിൽ ആരെല്ലാം സാക്ഷ്യം വഹിച്ചു എന്നുള്ള കാര്യം വ്യക്തമല്ല. അങ്ങനെ ഭാരതത്തിൻെറ സ്വാതന്ത്ര്യത്തിന് മുമ്പ്തന്നെ കേരളത്തിൽ സ്ഥാപിച്ച വിദ്യാലയങ്ങളുടെ നിരയിലേക്ക് എത്തിയിരിക്കുന്നു. അതിനുശേഷം സ്ഥാപിതമായവയാണ് കുലുക്കൂർ. 1942ൽ സ്വാതന്ത്ര്യലബ്ധിക്ക് ശേഷം നിലവിൽ വന്നവയാണ് ഇന്നുള്ള മിക്ക സ്ക്കൂളുകളും 1950ൽ മട്ടത്തുക്കാട് സ്ക്കൂളും 1978ൽ കത്താളക്കണ്ടി, കോട്ടമല എന്നിവയും തുടർന്ന് ആരോഗ്യമാതസ്ക്കൂളും സർക്കാർ യു.പി. സ്ക്കൂൾ കോട്ടത്തറ എന്നിവയും സ്ഥാപിതമായി.

## വിദ്യാലയങ്ങളുടെ ശോചനീയവസ്ഥ

ഷോളയൂർ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന എട്ടു സ്ക്കൂളുകളിൽ കോട്ടത്തറ ആരോഗ്യമാത എൽ.പി.സ്ക്കൂളും ഹൈസ്ക്കൂളും ഒഴിച്ചാൽ ആറു എണ്ണവും സർക്കാർ സ്ക്കൂളുകളാണ്. ഇതിൽ കോട്ടത്തറ യു.പി.സ്ക്കൂൾ ഒഴികെ മറ്റ് അഞ്ചുസ്ക്കൂളുകളും പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വികസനത്തിനായി മാത്രം നിർമ്മിതമായവയാണ്. ഇവ ഓരോന്നും പരിശോധിച്ചാൽ അടിസ്ഥാന

സൗകര്യങ്ങൾ ഒന്നിലും ഇല്ല എന്നുള്ളതാണ്. മാത്രമല്ല, കാലാകാലങ്ങളിൽ മാറിവരുന്ന സർക്കാർ ഇവയെ മെച്ചപ്പെടുത്തനായി ഒന്നും ചെയ്തില്ല എന്നതും വളരെ സ്പഷ്ടമാണ്. നിലവിലുള്ള സ്ക്കൂളുകളിൽ ഓരോന്നിലും കുട്ടികളുടെ എണ്ണം അധ്യാപകരുടെ എണ്ണം എന്നിവയുടെ അനുപാതം വളരെ വ്യത്യസ്തമാണ്. ഈ അവസ്ഥ വിദ്യാർത്ഥികളുടെ പഠനനിലവാരത്തെ മറ്റു പ്രദേശങ്ങളിൽ നിന്നും നാൾക്ക് നാൾ താഴ്ത്തിക്കൊണ്ടിരിക്കുകയാണ്. അധ്യാപക വിദ്യാർത്ഥി അനുപാതം കൂടാതെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും ഇല്ല. ഈ വിദ്യാലയങ്ങളിൽ പഠിക്കുന്ന ഓരോ കുട്ടികളും ഏഴാം തരം കഴിഞ്ഞാൽ തുടർന്ന് പഠിക്കാൻ സൗകര്യമില്ലാതെ പഠനവും നിർത്തുന്നു. നിലവിലുള്ള സ്ക്കൂളുകളിൽ ഏഴാംതരം പഠിക്കുന്നതിന് ഭൂരിഭാഗം കുട്ടികളും 10കി.മി. ഓളം യാത്രചെയ്യേണ്ടിവരുന്നു. മാത്രമല്ല പട്ടികജാതി പട്ടികവർഗ്ഗക്കാരായ ഭൂരിഭാഗം വരുന്ന ജനവിഭാഗത്തെ സംബന്ധിച്ച് സാമ്പത്തികമായ പരാധീനതയും പഠനം നിർത്താൻ കാരണമാകുന്നു. ഈ പ്രദേശത്തെ അധ്യാപകരേയും വിദ്യാർത്ഥിയേയും സംബന്ധിക്കുന്ന ഒരു പട്ടിക ചുവടെ ചേർക്കുന്നു. പട്ടികയുടെ അവലംബം ഓരോ വിദ്യാലയങ്ങളിൽ നിന്ന് ലഭിച്ച ദ്വിതീയ വിവരങ്ങൾ. ഈ നില തുടരുകയാണെങ്കിൽ പഞ്ചായത്തിൽ വിദ്യാഭ്യാസ നിലവാരം എക്കാലവും ഉയർത്താൻ സാധിക്കില്ല എന്നത് ഇവിടെ ഊന്നിപ്പറയേണ്ടിയിരിക്കുന്നു. ആയതിനാൽ നിലവിലുള്ള യു. പി. സ്ക്കൂളുകൾ ഹൈസ്ക്കൂളുകളായി ഉയർത്തേണ്ടതാണ്. ഈ മേഖലയിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാരെ സംബന്ധിച്ച് വളരെയധികം പ്രയോജനകരമായിരിക്കും. പഞ്ചായത്തിൽ 16941ഓളം വരുന്ന ജനസംഖ്യയിൽ ഏകദേശം 2880 ഓളം വിദ്യാർത്ഥികൾ പഠിക്കുന്നു. ഈ വിദ്യാർത്ഥികളിൽ പകുതിയിൽ കൂടുതലും പട്ടികജാതി പട്ടികവർഗ്ഗക്കാരാണ്. ദാരിദ്ര്യവും സാമ്പത്തികവുമായ അവസ്ഥയിൽ സമൂഹത്തിൽ ഏറ്റവും താഴെക്കിടയിൽ വരുന്നവരാണ്. ഈ പഞ്ചായത്തിൽ അധ്യായനം നടത്തിവരുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വികസനലക്ഷ്യം കൈവരിക്കുന്നതിനായി നിരവധി ലക്ഷങ്ങൾ ഒഴുക്കുന്നുവെങ്കിലും ഈ പ്രദേശങ്ങളിൽ ആവശ്യത്തിന്

## പഞ്ചായത്തിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും

| സ്കൂൾ | ഗവ/ മാനേജ്മെൻറ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 GTUPS SHOLAYUR | Govt | 256 | 243 | 499 | 9 | - | 9 |
| 2 GUPS KOTTATHARA | Govt. | 450 | 450 | 900 | 3 | 11 | 14 |
| 3 GTUPS MATTATHUKKAD | Govt. | 125 | 107 | 232 | 8 | - | 8 |
| 4 GLPS KOTTAMALA | Govt. | 69 | 54 | 123 | 4 | - | 4 |
| 5 GTS KULUKKUR | Govt. | 56 | 50 | 106 | 2 | 2 | 4 |
| 6 AROGIMATHA HS, KOTTATHARA | Management | 126 | 188 | 314 | - | 17 | 17 |
| 7 AROGIAMATHA LPS KOTTATHARA | Management | 304 | 305 | 609 | - | 12 | 12 |
| 8 GTWLPS KATHALAKKANDY | Govt. | 49 | 48 | 97 | 3 | 1 | 4 |
| TOTAL | - | 1435 | 1445 | 2880 | 29 | 43 | 72 |

## നിലവിലുള്ള ക്ലാസ്സ് മുറികളും ഇല്ലാത്തവയും

| സ്കൂളിന്റെ പേര് | ആകെ ഡിവിഷൻ | ഉള്ള ക്ലാസ്മുറി കളുടെ എണ്ണം | ഇല്ലാത്ത ക്ലാസ്മുറികൾ | ആകെ വേണ്ട ക്ലാസ്മുറികൾ |
|---|---|---|---|---|
| 1 GTUPS SHOLAYUR | 10 | 7 | 3 | 5 |
| 2 GUPS, KOTTATHARA | 12 | 5 | 7 | 12 |
| 3 GTUPS, MATTATHUKKAD | 7 | 5 | - | - |
| 4 AROGIAMATHA HS, KOTTATHARA | 7 | 11 | - | - |
| 5 AROGIAMATHA LPS KOTTATHARA | 12 | 12 | - | - |
| 6 GLPS, KOTTAMALA | 4 | 4 | - | 2 |
| 7 GTS KULUKKUR | 4 | 4 | - | - |
| 8 GTWLPS KATHALAKKANDY | 4 | 4 | - | - |
| TOTAL | 60 | 52 | 10 | 19 |

വിദ്യാലയങ്ങളോ അടിസ്ഥാന സൗകര്യങ്ങളോ ഇനിയും ലഭിച്ചിട്ടില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യ സത്യമാണ്. ഗ്രാമസഭകളിലൂടെ വന്ന ചർച്ചകളിൽ ഇത്തരം പ്രതിസന്ധികൾ തരണം ചെയ്യുന്നതിനായി പഞ്ചായത്തിന്റെ 1, 2, 3, 8, 9 എന്നീ വാർഡുകൾ കേന്ദ്രമാക്കി . വിദ്യാലയങ്ങൾ സ്ഥാപിക്കേണ്ടതാണ്.

### അധ്യായന നിലവാരം

അധ്യായന നിലവാരത്തിൽ വളരെയധികം പ്രധാന്യ മർഹിക്കുന്ന ഒന്നാണ് വിദ്യാലയങ്ങളിലെ അധ്യാപകവിദ്യാർത്ഥി അനുപാതവും അടിസ്ഥാനസൗകര്യങ്ങളും അധ്യാപക വിദ്യാർത്ഥി അനുപാതത്തെക്കുറിച്ചു ഇതിന് മുമ്പ് തന്നെ പ്രസ്താവിച്ചു കഴിഞ്ഞു. ഇനി അടിസ്ഥാന സൗകര്യങ്ങളായ കെട്ടിടങ്ങളെ സംബന്ധിക്കുന്നവയാണ്. ഈ പഞ്ചായത്തിൽ അധ്യായനം നടത്തി വരുന്ന സ്ക്കൂളുകളിൽ മിക്കവയിലും കെട്ടിടത്തിന്റെ അപര്യാപ്തത രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ആയതിനാൽ അധ്യാപകരുടെയും വിദ്യാർത്ഥികളുടേയും അനുപാതം അനുസരിച്ച് ഡിവിഷനുകളും കെട്ടിടങ്ങളും അനുവദിക്കേണ്ടതാണ്. ഓരോ വിദ്യാലയങ്ങളിലും അധ്യാപകരും വിദ്യാർത്ഥികളും കെട്ടിടങ്ങളുടെ അഭാവം മൂലം അനുഭവിക്കുന്ന ദുരിതങ്ങളെക്കുറിച്ച് എടുത്തു പറയേണ്ട കാര്യമില്ല. കാരണം ഓരോ വിദ്യാലയങ്ങളിലും അധ്യയനം തുടങ്ങുമ്പോൾ സ്ക്കൂളുകളിൽ ചെന്നു വീക്ഷിച്ചാൽ നേരിൽ അനുഭവപ്പെടുന്നതാണ്. ഇവയെക്കുറിച്ചുള്ള പഠനം വ്യക്തമാക്കുന്ന ഒരു പട്ടികയാണ് മേൽ പ്രസിദ്ധീകരിച്ചത്. ഈ പട്ടികയുടെ അവലംബം വിദ്യാലയങ്ങളിൽ നിന്നും ലഭിച്ച ദ്വിതീയ വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിലാണ്. അധ്യായനതലത്തിൽ കെട്ടിടങ്ങളെപോലെ അടിയന്തിരാവശ്യങ്ങളിൽപ്പെടുന്ന സംഗതികളിൽ പ്രാധാന്യമർഹിക്കുന്നവയാണ് വിദ്യാലയങ്ങളിൽ ആവശ്യമായ ഫർണിച്ചറുകളും. ഓരോ സ്ക്കൂളിലും ഫർണിച്ചറുകളുടെ സമുച്ചയത്തിൽ വരുന്ന ഡെസ്ക്, മേശ, ബഞ്ച്, കസേര എന്നിവയുടെ സൗകര്യങ്ങളും, പര്യാപ്തമല്ല എന്നതാണ്. ഇവ വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ ബാധിക്കുന്ന പ്രശ്നങ്ങളിൽ ഒന്നാണ്. മാറിവരുന്ന സാഹചര്യത്തിൽ ഇവയുടെ കുറവ് ഓരോ വിദ്യാലയങ്ങളിലും പഠിക്കുന്ന കുട്ടികളെയും പഠിപ്പിക്കുന്ന അധ്യാപകരേയും സ്വാധീനിക്കുന്നതോടെ പഠനനിലവാരം തന്നെ താറുമാറായി

## വിദ്യാലയങ്ങൾക്കാവശ്യമായ ഫർണിച്ചറുകളുടെ വിവരം

| സ്കൂളിൻെറ പേര് | ഡെസ്ക് | ബെഞ്ച് | മേശ | കസേര |
|---|---|---|---|---|
| 1 GTUPS SHOLAYUR | 70 | 50 | 6 | 6 |
| 2 GUPS, KOTTATHARA | 48 | 48 | 12 | 12 |
| 3 GTUPS, MATTATHUKKAD | 40 | 20 | 6 | 6 |
| 4 AROGIAMATHA HS, KOTTATHARA | 9 | 9 | 2 | 2 |
| 5 AROGIAMATHA LPS KOTTATHARA | 1 | 1 | 1 | 3 |
| 6 GLPS, KOTTAMALA | 8 | 8 | 2 | 3 |
| 7 GTS KULUKKUR | 8 | 8 | 3 | 2 |
| 8 GTWLPS KATHALAKKANDY | 10 | 10 | 4 | 4 |
| TOTAL | 194 | 154 | 36 | 38 |

ക്കൊണ്ടിരിക്കുകയാണ്. ഇവയുടെ കുറവും ഭാവിയിൽ പരിഹരിക്കേണ്ടത് വിദ്യാഭ്യാസ വികസനത്തിന് ഒരാവശ്യമാണ്. ഓരോ വിദ്യാലയങ്ങളിലും ആവശ്യമായ ഡെസ്ക്ക്, ബഞ്ച്, മേശ, കസേര, എന്നിവയെ കുറിച്ചുള്ള വിവരങ്ങളടങ്ങുന്ന പട്ടികമുകളിൽ ചേർത്തിരിക്കുന്നു. ഇവയുടെയും അടിസ്ഥാനം വിദ്യാലയങ്ങളിൽ നിന്നും ശേഖരിച്ച റിപ്പോർട്ടുകളാണ്.

പഞ്ചായത്തിൽ നടന്ന വാർഡുതല ഗ്രാമസഭ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പ്രധാന ചർച്ചാ വിഷയമായ മറ്റൊരു കാര്യമാണ് വിദ്യാലയങ്ങളിൽ ഭൗതീക സാഹചര്യങ്ങളുടെയും അക്കാദമിക് സൗകര്യങ്ങളുടേയും അപര്യാപ്ത. പൊതു വിദ്യാഭ്യാസമേഖലയുടെ വികസനത്തിൽ വളരെയധികം സ്വാധീനം ചെലുത്തുന്നവയാണ് മേൽ പ്രസ്താവിച്ച വിഷയങ്ങൾ. ചർച്ചക്ക് പങ്കെടുത്തിരുന്ന അധ്യാപകർ, വിദ്യാഭ്യാസ വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരെല്ലാം തന്നെ പൊതുവിദ്യാഭ്യാസരംഗം വിലയിരുത്തിയതും മേൽ പറഞ്ഞവയുടെ അടിസ്ഥാനത്തിലാണ്. ആയതിൽ നിന്ന് ഉരുത്തിരിഞ്ഞ ആശയങ്ങൾ അവലംബിച്ചുകൊണ്ട് ഓരോ വിദ്യാലയങ്ങളിൽ നിലവിലുള്ളവയും ആവശ്യമായവയുമായ അക്കാദമിക് സൗകര്യങ്ങളുടെ പട്ടികയാണ് താഴെ ചേർത്തിരിക്കുന്നത്. ആവശ്യമായ അക്കാദമിക് സൗകര്യങ്ങൾ ഓരോ വിദ്യാലയത്തിനും അനുവദിക്കേണ്ടതാണ്. അതോടൊപ്പം തന്നെ ചർച്ചാവിഷയമായ മറ്റൊരു മേഖലയാണ് പാഠപുസ്തകങ്ങളുടെ ലഭ്യതയിലുണ്ടാകുന്ന കാലതാമസം. വിദ്യാലയങ്ങൾ തമ്മിലുള്ള അകലം, ഉച്ചക്കഞ്ഞി, സ്ക്കോളർഷിപ്പുകൾ, ലംസംഗ്രാൻറ്, ഇൻസെൻറീവ് ഗ്രാൻഡ്, LSS, USS എന്നിവയ്ക്ക് നൽകുന്ന സ്കോളർഷിപ്പുകൾ എന്നിവയിൽ അനുഭവപ്പെടുന്ന കുറവ് കൂടാതെ ലൈബ്രറി, ലാബ്, അവയുടെ അഭാവം മൂലമുണ്ടാകുന്ന അസൗകര്യങ്ങൾ എന്നിവയെല്ലാം ചർച്ചയ്ക്ക് പാത്രമായിരുന്നു. ഭൗതിക സൗകര്യങ്ങളിൽ വരുന്ന ലൈബ്രറി, ലാബ് ഇവയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ കെട്ടിടവും വൈദ്യുതിയും ചർച്ചയിൽ സജീവമായിരുന്നു. മറ്റു സൗകര്യങ്ങളായ കുടിവെള്ളം, മൂത്രപ്പുര, കക്കൂസ്, അധ്യാപകർക്ക് താമസിക്കുന്നതിനാവശ്യമായ ക്വാർട്ടേഴ്സ്, കളിഗ്രൗണ്ട്, പാചക മുറി എന്നിവയെല്ലാം തന്നെ നമ്മുടെ വിദ്യാഭ്യാസ മേഖലയെ വളരെയധികം സ്വാധീനിച്ചു നിൽക്കുന്നവയാണ്. ലൈബ്രറി, ലാബ് എന്നിവയുടെ അസൗകര്യം മൂലം യഥാർത്ഥത്തിൽ നമ്മുടെ

## അക്കാദമിക് ആവശ്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു / പ്രവർത്തിക്കുന്നില്ല | ലബോറട്ടറി/സയൻസ് കോർണർ ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല | പഠനോപകരണങ്ങൾ (മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ) വേണ്ടത്ര ഉണ്ട്/ഇല്ല | ദൃശ്യ - ശ്രവ്യോപകരണങ്ങൾ - എണ്ണം: റേഡിയോ | ടേപ്പ്റിക്കാർഡ് | ടിവിസെറ്റ് | വിസിപി/വിസിആർ | സിനിമ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ബ്ലാക്ക് ബോർഡ്: ആവശ്യമുള്ളത് | നിലവിലുള്ളത് | മാതൃസംഗമം സജീവം / സജീവമല്ല | ക്ലാസ്, പി.ടി.എ.കൾ പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 GTUPS, SHOLAYUR | ആവശ്യത്തിന് പുസ്തകമില്ല | പ്രവർത്തിക്കുന്നു | മാപ്പുകൾ ചാർട്ടുകളുണ്ട് | ഉപയോഗ ശൂന്യം | - | - | - | - | - | - | - | 10 | 4 | സജീവം | പ്രവർത്തിക്കുന്നു |
| 2 GUPS, KOTTATHARA | - | - | - | - | - | - | - | - | - | - | - | 12 | 8 | സജീവം | - |
| 3 GTUPS, MATTATHUKKAD | - | - | - | - | - | - | - | - | - | - | - | 5 | 3 | - | - |
| 4 AROGIAMATHA HS, KOTTATHARA | ഉണ്ട് പ്രവർത്തിക്കുന്നു | ഉണ്ട് പ്രവർത്തിക്കുന്നു | വേണ്ടത്ര ഇല്ല | ഉണ്ട് | ഉണ്ട് | - | - | - | | | - | - | 8 | സജീവം | പ്രവർത്തിക്കുന്നു |
| | - | - | ഉണ്ട് | - | - | - | - | - | - | - | - | 2 | 15 | സജീവം | പ്രവർത്തിക്കുന്നു |
| 6 GLPS, KOTTAMALA | - | - | - | - | - | - | - | - | - | - | - | - | 5 | സജീവമല്ല | പ്രവർത്തിക്കുന്നു |
| 7 GTS KULUKKUR | - | - | ഉണ്ട് | - | - | - | - | - | - | - | - | 2 | 5 | സജീവമല്ല | പ്രവർത്തിക്കുന്നു |
| 8 GTWLPS KATHALAKKANDY | - | - | ഉണ്ട് | - | - | - | - | - | - | - | - | 2 | 5 | സജീവമല്ല | പ്രവർത്തിക്കുന്നില്ല |

ഭൗതീക സാഹചര്യങ്ങൾ

| സ്കൂളിൻെറ പേര് | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | കമ്പ്യൂട്ടേഴ്സ് | കളി ഗ്രൗണ്ട് | പാചക മുറി |
|---|---|---|---|---|---|---|---|---|---|
| 1 GTUPS SHOLAYUR | 499 | 9 | 1 | 1 ഉപയോഗശൂന്യം | - | - | - | - | ഉണ്ട് |
| 2 GUPS, KOTTATHARA | 432 | 14 | 2 | - | - | - | - | ഉണ്ട് 50cent | - |
| 3 GTUPS, MATTATHUKKAD | 232 | 8 | 2 | 2 ഉപയോഗശൂന്യം | - | - | - | 50cent | - |
| 4 AROGIAMATHA HS, KOTTATHARA | 314 | 17 | 2 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - |
| 5 AROGIAMATHA LPS KOTTATHARA | 609 | 12 | 2 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 6 GLPS, KOTTAMALA | 123 | 4 | - | - | - | - | - | - | - |
| 7 GTS KULUKKUR | 96 | 4 | - | - | - | - | - | - | - |
| 8 GTWLPS KATHALAKKANDY | 97 | 4 | 1 | 1 | - | - | ഉണ്ട് | - | ഉണ്ട് |

വിദ്യാഭ്യാസമേഖലയിൽ കുട്ടികളുടെ പഠന നിലവാരം ഉയർത്താനുള്ള അവകാശങ്ങളെ നിഷേധിക്കുകയാണ് ചെയ്യുന്നത്. ഭൗതീക സാഹചര്യങ്ങളെ സംബന്ധിക്കുന്ന ഒരു പട്ടികയും ഇതോടൊപ്പം ചേർത്തിരിക്കുന്നു.

കൊഴിഞ്ഞുപോക്ക്

ഓരോ അധ്യയന വർഷത്തിലും വിദ്യാഭ്യാസ മേഖലയിൽ രൂക്ഷമായി നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവണതയാണ് വിദ്യാലയങ്ങളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക്. കൊഴിഞ്ഞുപോകുന്ന വിദ്യാർത്ഥികളിൽ ഏറിയപങ്കും പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെടുന്നവരാണെന്ന കാര്യം ഇവിടെ എടുത്തുപറയത്തക്ക വിഷയമാണ് . ഇവയുടെ കാരണങ്ങൾ നിരവധിയാണെങ്കിലും പ്രധാനകാരണങ്ങളിൽപ്പെടുന്നവയാണ് ദാരിദ്ര്യവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ, രക്ഷിതാക്കൾക്ക് വിദ്യാഭ്യാസത്തിൻെറ ആവശ്യകതയെക്കുറിച്ചുള്ള ബോധവത്ക്കരണക്കുറവ് മുതലായവ. നമ്മുടെ പട്ടികജാതി പട്ടികവർഗ്ഗവികസന മേഖലയായ അട്ടപ്പാടിയിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ വികസന ക്ഷേമങ്ങൾക്കായി നിരവധി ലക്ഷങ്ങൾ ചിലവാക്കുന്നുണ്ടെങ്കിലും ഈ മേഖലയിൽ ദുർബല വിഭാഗക്കാരായവരുടെ വികസനം ഒരു മേഖലയിലും നടന്നിട്ടില്ല എന്നുള്ള കാര്യം ശ്രദ്ധേയമാണ്. കൊഴിഞ്ഞു പോക്കിൻെറ കാരണങ്ങളിൽ വിദ്യാലയങ്ങൾ തമ്മിലുള്ള അകലം, പാഠ്യപദ്ധതിയുടെ ആധിക്യം വിദ്യാഭ്യാസത്തിൻെറ ആവശ്യകതയെക്കുറിച്ചുള്ള അജ്ഞത തുടങ്ങി ഒട്ടേറെ പ്രശ്നങ്ങളാണ് പ്രത്യക്ഷത്തിൽ നിൽക്കുന്നത്.

അമിതമായി നടന്നുകൊണ്ടിരിക്കുന്ന കൊഴിഞ്ഞു പോക്കിൻെറ പ്രവണതയെ നിയന്ത്രിക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളോടനുബന്ധിച്ചും പ്രീ-മെട്രിക്ക് ഹോസ്റ്റലുകൾ സ്ഥാപിക്കുകവഴി ദൂരക്കൂടുതൽ മൂലം ദുരുതമനുഭവിക്കുന്ന കുട്ടികൾക്ക് മുൻഗണന നൽകി ഹോസ്റ്റൽ പ്രവേശനം നൽകുക, നിലവിലുള്ള ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി കൂടുതൽ കുട്ടികൾക്ക് പ്രവേശനം അനുവദിക്കുക. കൂടാതെ പാഠ്യപദ്ധതിയിൽ തൊഴിലധിഷ്ഠിത

കോഴ്സുകൾ കൂടി ഉൾപ്പെടുത്തി ആധുനികരീതിയിൽ പഠനം നടത്തി വിദ്യാലയാന്തരീക്ഷം ആകർഷണീയമാക്കേണ്ടതാണ്. ഓരോ കുട്ടിയും അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയായ എസ്.എസ്.എൽ.സി. പഠനം പൂർത്തീകരിക്കുന്നതോടെ ജീവിതമാർഗ്ഗത്തിനുള്ള ഒരു തൊഴിലും പഠിച്ചിരിക്കേണ്ടതാണ്. അത്തരം വിദ്യാഭ്യാസരീതി നടപ്പിലാക്കാൻ ശ്രമിക്കേണ്ടതു മാണ്. അട്ടപ്പാടിയിലെ വിദ്യാഭ്യാസ സാഹചര്യം പ്രത്യേകം കണക്കിലെടുത്തു അട്ടപ്പാടിയെ സംബന്ധിക്കുന്ന പ്രാദേശിക ചരിത്രം, സാംസ്കാരിക പശ്ചാത്തലം എന്നിവകൂടി പാഠ്യപദ്ധതി യിൽ ഉൾകൊള്ളിക്കേണ്ടതാണ്. സമൂഹത്തിൽ വിദ്യാഭ്യാ സത്തിന്റെ ആവശ്യകതയെക്കുറിച്ച് ശരിയായ ബോധ വത്ക്കരണ പരിപാടിയും നടത്തേണ്ടതാണ്. നമ്മുടെ പഞ്ചായ ത്തിൽ ഓരോ വിദ്യാലയങ്ങളിലും പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാരായ കുട്ടികളെ സംബന്ധിക്കുന്ന വിശദാംശ ങ്ങളും എൽ.പി., യു.പി. ഹൈസ്ക്കൂൾ എന്നീ വിഭാഗങ്ങളിൽ പഠിക്കുന്ന പെൺകുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങളുമാണ് താഴയുള്ള മൂന്ന് പട്ടികകളിലായി ചേർക്കുന്നത്. വിവരങ്ങൾ എല്ലാം തന്നെ വിദ്യാലയങ്ങളിൽ നിന്നും ലഭിച്ച ദ്വിതീയ വിവരശേഖരണത്തിലൂടെ ലഭിച്ചവ യാണ്.

ഈ പഞ്ചായത്തിലെ പഠന നിലവാരത്തെക്കുറിച്ച് വളരെയധികം വിശദീകരിക്കേണ്ടതായ ഒരു സാഹചര്യം വന്നതിനാൽ അവയെക്കുറിച്ച് എളുപ്പത്തിൽ മനസ്സിലാക്കു ന്നതിനും പഠനം നിർത്തിയവരേയും സർക്കാർ സ്ക്കൂളിൽ നിലവിലുള്ള ആകെ അധ്യാപകരേയും സംബന്ധിക്കുന്ന പട്ടികകളും ഇതോടൊപ്പം ചേർത്തിട്ടുണ്ട്. ഇവയുടേയും അടിസ്ഥാനം സ്ക്കൂളുകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളാണ്.

## രക്ഷാകർത്തൃബന്ധവും സമാന്തരവിദ്യാഭ്യാസവും:

വിദ്യാഭ്യാസ മേഖലയിൽ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനത്തിന് രക്ഷാകർത്താക്കളുടെ സജീവമായ പങ്കാളിത്തം ആവശ്യമാണ്. ഓരോ വിദ്യാലയത്തിലും നിലവിൽ രക്ഷാകർത്തൃസമിതിയുണ്ട്. എങ്കിലും വിദ്യാഭ്യാസ നിലവാര ത്തിൽ ബോധവാന്മാരായ രക്ഷാകർത്താക്കൾ വിരളമാണ്. വിദ്യാഭ്യാസരംഗത്ത് രക്ഷാകർത്തൃസമിതിയുടെ പങ്ക് വളരെ പ്രധാനപ്പെട്ട ഒന്നാണ്. കാരണം തങ്ങളുടെ കുട്ടികൾ പഠിക്കുന്ന നിലവാരത്തെ വിലയിരുത്തി ആ വിദ്യാലയത്തിന്റെ അപര്യാപ്തത എന്താണെന്ന് കണ്ടെത്തുകയും അവ നികത്താ നുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുമായ വലിയ ചുമതലക്കാ രാണ് രക്ഷാകർത്തൃസമിതി. വിദ്യാലയത്തിലെ ആവശ്യങ്ങൾ വിലയിരുത്തി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ട കാര്യങ്ങൾക്ക് നേതൃത്വം നൽകേണ്ടത് രക്ഷാകർത്തൃസമിതി യാണ്.

നമ്മുടെ വിദ്യാഭ്യാസമേഖലയിൽ വളരെയധികം പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ് സമാന്തര വിദ്യാഭ്യാസമേഖല. നിലവിൽ ഈ സ്ഥാപനങ്ങൾക്ക് ഒരിടത്തും അംഗീകാരം നൽകിയിട്ടില്ല എന്നുള്ളതാണ്. ഇത്തരം സ്ക്കൂളുകൾ ചില വ്യക്തി താല്പര്യങ്ങൾക്കു വേണ്ടി മാത്രം പ്രവർത്തിക്കുന്നവയാണ്. ഈ സ്ഥാപനങ്ങളുടെ ഉദയം മൂലം സർക്കാർ സ്ഥാപനങ്ങളിൽ കുട്ടികൾ പോകുന്നതിന് തടസ്സമായിക്കൊണ്ടിരിക്കുകയാണ. ഊരു കേന്ദ്രമാക്കി പ്രവർത്തിക്കുന്നതിനാൽ രക്ഷിതാക്കൾ അതിലേക്ക് കുട്ടികളെ വിടാൻ നിർബന്ധിതരാവുകയും ആ സ്ഥാപനത്തിൽ നിന്നും പഠിച്ചു വരുന്ന കുട്ടികൾക്ക് പഠന നിലവാരത്തിൽ അംഗീകാരം ലഭിക്കാതെ അവരുടെ വിദ്യാഭ്യാസ ജീവിതം തന്നെ താറുമാറാകുന്നു. ആയതിനാൽ ഇത്തരം സ്ഥാപനങ്ങൾ വിദ്യാഭ്യാസരംഗത്ത് വളരെ ദോഷകരമാണ്.

## ഉന്നതവിദ്യാഭ്യാസം

നൂതന വിജ്ഞാനങ്ങൾ കണ്ടെത്തുകയും വളർത്തു കയും ആവശ്യങ്ങളുടെയും കണ്ടുപിടിത്തങ്ങളുടെയും വെളിച്ച ത്തിൽ പഴയ വിശ്വാസങ്ങളും വിജ്ഞാനവും വ്യാഖ്യാനിക്കുക യും ചെയ്യുന്നതാണ് ഉന്നതവിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്നത്. അട്ടപ്പാടിയെ സംബന്ധിച്ച് ഈ മേഖലയി ലുള്ള വിദ്യാഭ്യാസം ദുർലഭമാണ്. കാരണം ഇത്തരമൊരു സ്ഥാപനമില്ലായ്മതന്നെയാണ് പ്രധാനം. ആയതിന്റെ പരിഹാരമെന്ന നിലയിൽ അട്ടപ്പാടിയുടെ പരിതസ്ഥിതി കണക്കിലെടുത്ത് ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ കോളേജ് സ്ഥാപിക്കുന്നതിന് വേണ്ട സമ്മർദ്ദങ്ങൾ ചെലുത്താൻ പഞ്ചായത്ത് മുൻകൈയെടുത്ത് പ്രവർത്തി ക്കേണ്ടതാണ്. ഉന്നത വിദ്യാഭ്യാസത്തിനായി ഇവിടെ നിന്നും പോകുന്ന വരെ സംബന്ധിക്കുന്ന പട്ടിക ഇതോടൊപ്പം ചേർത്തിട്ടുണ്ട്. അവലംബം സമൂഹസർവ്വേയാണ്.

## പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികൾ

| സ്കൂളിൻെറ പേര് | ആൺ | പെൺ | ആകെ |
|---|---|---|---|
| 1 GTUPS SHOLAYUR | 189 | 202 | 391 |
| 2 GUPS, KOTTATHARA | 225 | 285 | 510 |
| 3 GTUPS, MATTATHUKKAD | 85 | 73 | 158 |
| 4 AROGIAMATHA HS, KOTTATHARA | 30 | 56 | 86 |
| 5 AROGIAMATHA LPS KOTTATHARA | 113 | 115 | 228 |
| 6 GLPS, KOTTAMALA | 43 | 46 | 89 |
| 7 GTS KULUKKUR | 44 | 39 | 83 |
| 8 GTWLPS KATHALAKKANDY | 45 | 47 | 92 |
| | 774 | 863 | 1637 |

## LP., UP., HS വിഭാഗത്തിലെ പെൺകുട്ടികളുടെ കണക്ക്

| ആതെ വിദ്യാർത്ഥികൾ | L.P. | | | U.P. | | | H.S. | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 2880 | 472 | 458 | | 831 | 800 | | 126 | 188 | |

## പട്ടികജാതി വട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

| L.P. | | | U.P. | | | H.S. | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 935 | 592 | | 1631 | 1058 | | 314 | 86 | |
| | | | | | | | ആകെ | |

## പഠനം നിർത്തിയവർ

| പട്ടികജാതി/പട്ടികവർഗ്ഗം | | | മറ്റുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 145 | 115 | 260 | 81 | 64 | 145 |
| | | | | ആകെ | 405 |

## അനൗപചാരിക വിദ്യാഭ്യാസം

വിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞു പോകുന്നവർക്ക് വേണ്ടിയും സ്ക്കൂളുകളില്ലാത്ത പ്രദേശങ്ങളിൽ വസിക്കുന്നവർക്കും മുഴുവൻ സമയവും ഹാജരാകാത്ത പെൺകുട്ടികൾ എന്നിവരുടെ ഉന്നമനത്തിനും വേണ്ടിയുള്ളതാണ് ഈ സമ്പ്രദായം. ഇവരുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുവേണ്ടി യുവജനങ്ങളെ തിരഞ്ഞെടുത്തു പരിശീലനം നൽകി എല്ലാ ആധുനിക സാങ്കേതിക രീതികളും ഉപയോഗിച്ചു പഠിപ്പിക്കുന്നതിനും വേണ്ടി നിലകൊള്ളുന്ന ഇത്തരം സ്ഥാപനങ്ങൾ ഈ പ്രദേശങ്ങളിൽ ഒന്നും തന്നെയില്ല എന്നത് സ്മരണീയമാണ്.

## അംഗൻവാടികളും ശിശുവിദ്യാഭ്യാസ കേന്ദ്രങ്ങളും

ഈ പഞ്ചായത്തിൽ നിലവിൽ 33 ഓളം അംഗൻവാടികളും ബാലവാടികളുമായി പ്രവർത്തിക്കുന്നു. ഇവയുടെയെല്ലാം ലക്ഷ്യമെന്നു പറയുന്നത് ഒന്നാം തരത്തിലേക്ക് പോകുന്നതിനു മുമ്പായി കുട്ടികൾ നേടേണ്ടതായ സിദ്ധികൾ കൈവരിക്കുക എന്നതാണ്. എന്നാൽ നിലവിലുള്ള ഒന്നിലും ഇത്തരം ലക്ഷ്യങ്ങൾ കൈവരിച്ചതായി കാണുന്നില്ല. കാരണം ഓരോ അംഗൻവാടികളും പരിശോധിച്ചാൽ മനസ്സിലാകാവുന്നതാണ്. ആയത് വേണ്ടരീതിയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്തു തലത്തിൽ കൈകൊള്ളേണ്ടതാണ്. ഈ മേഖലയിൽ പോരായ്മകളും ധാരാളമായുണ്ട്. ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനാവശ്യമായത് കെട്ടിട സൗകര്യങ്ങളാണ്. പിഞ്ചു കുഞ്ഞുങ്ങൾക്കായി നിർമ്മിച്ചിരിക്കുന്ന ഇതു പോലുള്ള സ്ഥാപനങ്ങൾ ഏതു സമയത്തും നിലം പൊത്തുന്ന അവസ്ഥയിലാണ്. കൂടാതെ അവയ്ക്കാവശ്യമായ കളിസാധനങ്ങളും മറ്റും അനുവദിക്കുന്നതിനും വേണ്ട നടപടികൾ പഞ്ചായത്തു തലത്തിൽ ഉണ്ടാകേണ്ടതാണ്.

വിദ്യാഭ്യാസരംഗത്ത് സമഗ്രവികസനം കൈവരിക്കുന്നതിനായി ഗ്രാമസഭകളിൽ നിന്നും ഉരുത്തിരിഞ്ഞ പ്രശ്നങ്ങളുടെ അവലോകനത്തിലൂടെ ക്രോഡീകരിച്ച പ്രധാന പ്രശ്നങ്ങളും അവയ്ക്കുള്ള സാധ്യതകളുമാണ് താഴെ ചേർക്കുന്നത്.

## സർക്കാർ സ്കൂളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും വിവരങ്ങൾ

| | |
|---|---|
| ആകെ അദ്ധ്യാപകരുടെ എണ്ണം (പഞ്ചായത്ത്) | 72 |
| 6 സർക്കാർ സ്കൂളിലെ അദ്ധ്യാപകരുടെ എണ്ണം | 43 |
| സർക്കാർ അദ്ധ്യാപകരുടെ എണ്ണം (ശതമാനം) | 60.25 |
| പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | 2880 |
| സർക്കാർ സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം | 1957 |
| ശതമാനം | |

## ഉന്നതവിദ്യാഭ്യാസത്തിനു പോകുന്നവർ

| | |
|---|---|
| പ്രീഡിഗ്രി / +2 | 12 |
| ഡിഗ്രി | 4 |
| ഐ. ടി. ഐ | 1 |
| എൻജിനീയറിംഗ് | - |
| കമ്പ്യൂട്ടർ | - |
| മെഡിസിൻ | - |
| മററുള്ളവ | - |

### പ്രശ്നങ്ങൾ

- ❒ വിദ്യാർത്ഥികളുടെ അനുപാതത്തിനനുസരിച്ച് അധ്യാപകരില്ല
- ❒ അദ്ധ്യാപകരെ നിയമിക്കുന്നതിൽ കാലതാമസം നേരിടുന്നു.
- ❒ വിദ്യാലയങ്ങളിൽ ഭൗതീക സാഹചര്യങ്ങളുടെയും അക്കാദമിക് സൗകര്യങ്ങളുടെയും കുറവ്.
- ❒ ഈ പഞ്ചായത്തിൽ നിലവിലുള്ള സ്ക്കൂളുകളുടെ കുറവും ഒരു ഹൈസ്ക്കൂൾ ഇല്ലായ്മ മൂലമുള്ള ബുദ്ധിമുട്ടുകളും
- ❒ വിദ്യാലയങ്ങൾ തമ്മിലുള്ള അകലം

- ഹോസ്റ്റൽ സൗകര്യങ്ങളുടെ കുറവ്
- ഈ പഞ്ചായത്തിൽ മുഴുവൻ സ്ക്കൂളുകളിലും ആവശ്യമായ ക്വാർട്ടേഴ്സുകളും ഫർണിച്ചറുകളും ഇല്ല
- അനൗപചാരിക വിദ്യാഭ്യാസം, സാക്ഷരത, വയോജന വിദ്യാഭ്യാസം എന്നിവയുടെ അഭാവം.
- ഈ മേഖലയിൽ നൽകിവരുന്ന LSS, USS സ്ക്കോളർഷിപ്പുകൾ, ഉച്ചക്കഞ്ഞി എന്നിവയ്ക്ക് നൽകുന്ന തുക വളരെ അപര്യാപ്തവും യഥാസമയങ്ങളിൽ ലഭിക്കുന്നുമില്ല.
- ആദിവാസികൾക്ക് ഇപ്പോൾ നൽകുന്ന സ്ക്കോളർഷിപ്പ്, ഇൻസെൻറീവ്, ലംസം ഗ്രാൻറ് എന്നിവയുടെ തുക പര്യാപ്തമല്ല.
- അട്ടപ്പാടിയിൽ അദ്ധ്യാപക പരിശീലനം കഴിഞ്ഞവർക്ക് പ്രാദേശിക പ്രാതിനിധ്യം നൽകി നിയമനം നടത്തുക.
- പ്രിപ്രൈമറി തലത്തിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽ വേണ്ടതായ സൗകര്യങ്ങളില്ല.
- വിദ്യാലയങ്ങളിൽ പാഠ്യേതര പ്രവർത്തനങ്ങളുടെയും രക്ഷാകർത്തൃബന്ധത്തിൻെറയും ന്യൂനത.
- അധ്യയനവർഷാരംഭത്തിൽ പാഠപുസ്തകങ്ങൾ കൃത്യമായി ലഭിക്കുന്നില്ല.
- എസ്.എസ്.എൽ.സി.യിലും 8,9 എന്നീ ക്ലാസ്സുകളിലും കുട്ടികൾക്ക് തുടർന്ന് പഠിക്കാനുള്ള സൗകര്യമില്ലായ്മ.
- അട്ടപ്പാടിയിൽ ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ കോളേജിൻെറ അപര്യാപ്തത.

സാധ്യതകൾ

- ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ഓരോ വിദ്യാലയത്തിലും കുട്ടികളുടെയും അദ്ധ്യാപകരുടേയും അനുപാതം വളരെ രൂക്ഷമായിക്കൊണ്ടിരിക്കുന്നതിനാൽ ഓരോ സ്ക്കൂളിലും വിദ്യാർത്ഥികളുടെ അനുപാതം അനുസരിച്ച് ഡിവിഷനുകൾ അനുവദിക്കുകയും അദ്ധ്യാപകരെ നിയമിക്കുകയും ചെയ്യേണ്ടതാണ്.
- അദ്ധ്യാപകരെ നിയമിക്കുന്നതിൽ കാലതാമസം നേരിടുന്നതു മൂലം യഥാസമയങ്ങളിൽ പഠിപ്പിച്ച് തീർക്കേണ്ടതായ പാഠഭാഗങ്ങൾ തീർക്കാൻ പറ്റാതെ വരുന്നു. ഇതു കാരണം വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്താനുള്ള സമയനഷ്ടം സംഭവിക്കുന്നു. ഇത്തരം സ്ഥിതി അനുഭവപ്പെടുമ്പോൾ പഞ്ചായത്തിൽ പഠനത്തിൽ പരിശീലനം നേടിയവരെ ദിവസകൂലിക്കായി നിയമിക്കേണ്ടതാണ്.
- വിദ്യാലയങ്ങളിൽ ഭൗതീക സാഹചര്യത്തിൻെറയും അക്കാദമിക് സൗകര്യങ്ങളുടെ കുറവു മൂലം ഈ പഞ്ചായത്തിലെ ഓരോ സ്ക്കൂളും വളരെയേറെ നിലവാരത്താഴ്ച്ചയ്ക്ക് പാത്രമാവുകയാണ്. ഇത്തരം സാഹചര്യങ്ങൾ പരിഹരിക്കുന്നതിനായി ഇവയുടെ ഭൗതീകവും അക്കാദമികവുമായ കാര്യങ്ങൾ നിറവേറ്റുന്നതിന് പഞ്ചായത്ത് തലത്തിൽ മുൻഗണന നൽകേണ്ടതാണ്.
- വിസ്തൃതമായ ഒരു പഞ്ചായത്തായതിനാൽ വിദ്യാലയങ്ങളുടെ അഭാവം വളരെയധികം പഠനനിലവാരത്തെ സ്വാധീനിക്കുന്നു. നിലവിലുള്ള വിദ്യാലയങ്ങളിൽ എത്തിച്ചേരുവാൻ കുട്ടികൾ ദിനംപ്രതി 9 മുതൽ 10 കി.മീ. സഞ്ചരിക്കേണ്ടി വരുന്നു. ഇവയുടെ പ്രശ്നപരിഹാരമെന്ന നിലയിൽ ഒരോ ഊരുകളിലും ഏകാധ്യാപക വിദ്യാലയങ്ങൾ ആരംഭിക്കുകയും കത്താളക്കണ്ടിGTWLP സക്കൂൾ മലയാള മീഡിയമാക്കി മാറ്റുകയും ചെയ്യേണ്ടതാണ്.
- ഹൈസ്ക്കൂളിൻെറ അഭാവം മൂലം ഏഴാം തരം കഴിഞ്ഞാൽ ഓരോ വർഷവും നിരവധിക്കുട്ടികൾ പഠനം നിർത്തുന്നു. ഇതിൻെറ അപര്യാപ്തത നികത്തുന്നതിനുവേണ്ടി ഷോളയൂർ GTUP സ്ക്കൂളും മട്ടത്തുക്കാട് GTUP സ്ക്കൂളും (തമിഴ്) ഉയർത്തി ഹൈസ്ക്കൂളാക്കേണ്ടതാണ്.
- വിദ്യാലയങ്ങൾ തമ്മിലുള്ള അകലവും ഹോസ്റ്റലുകളുടെ അഭാവവും വിദ്യാഭ്യാസ നിലവാരം ഇടിയുന്നതിനു കാരണമാണ്. ആയതിനാൽ ഓരോ സ്ക്കൂളിനോടനുബന്ധിച്ചും സർക്കാർ തലത്തിൽ പ്രീമെട്രിക് ഹോസ്റ്റലുകൾ ആൺ - പെൺ കുട്ടികൾക്ക് പ്രത്യേകം പ്രത്യേകം നിർമ്മിക്കേണ്ടതാണ്. നിലവിലുള്ള ഹോസ്റ്റലുകളിൽ സൗകര്യങ്ങൾ കൂട്ടേണ്ടതാണ്. അകലെ നിന്നും വരുന്ന എല്ലാ കുട്ടികൾക്കും ഹോസ്റ്റൽ സൗകര്യം നൽകേണ്ടതുമാണ്.
- നിലവിലുള്ള എല്ലാസ്ക്കൂളുകളിലും അധ്യാപകർക്ക് താമസിക്കുന്നതിനാവശ്യമായ ക്വാർട്ടേഴ്സുകളും അവയോടനുബന്ധിച്ചുള്ള കുളിമുറി, കക്കൂസ് മുതലായവയും വിദ്യാലയത്തിലേക്ക് ആവശ്യമായ കസേര, മേശ,

ബഞ്ച്, ഡെസ്ക്ക് തുടങ്ങിയ ഫർണീച്ചറുകളും അതോടൊപ്പം കുടിവെള്ളം, ചുറ്റുമതിൽ എന്നിവയും അനുവദിക്കേണ്ടതാണ്.

☆ അനൗപചാരികവിദ്യാഭ്യാസം, സാക്ഷരതാപ്രവർത്തനം, വയോജനവിദ്യാഭ്യാസം എന്നിവയയെല്ലാം പഞ്ചായത്തിലൂടെ നടപ്പാക്കുകയും വായനാശീലം വളർത്തുന്നതിനായി ഗ്രന്ഥശാലകളും മറ്റും സ്ഥാപിക്കേണ്ടതുമാണ്.

☆ ആദിവാസിമേഖലകളിൽ നൽകിവരുന്ന സ്കോളർഷിപ്പുകൾ മുസ്ലീം സ്കോളർഷിപ്പുകൾ, ലംസംഗ്രാൻറ്, ഇൻസെൻറീവ് ഗ്രാൻറ്, സ്റ്റൈപ്പൻഡ് ഗ്രാൻറ് എന്നിവ വളരെ തുച്ഛമായ തുകയാണ്. ആയത് വർദ്ധിപ്പിച്ച് യഥാസമയങ്ങളിൽ നൽകുകയും വേണം.

☆ അട്ടപ്പാടിമേഖലയിൽ നൽകിവരുന്ന LSS,USS സ്കോളർഷിപ്പുകൾ ഉച്ചക്കഞ്ഞി എന്നിവയ്ക്ക് നൽകുന്ന തുക പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സംബന്ധിച്ച് വളരെ അപര്യാപ്തമാണ്. ആയതു വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

☆ അട്ടപ്പാടി മേഖലയിൽ അധ്യാപക പരിശീലനം സിദ്ധിച്ചവരെ കണ്ടെത്തി പ്രദേശിക മുൻഗണനപ്രകാരവും ഈ മേഖലയിൽ സേവന സന്നദ്ധായവരെ തിരഞ്ഞെടുത്ത് നിയമം നടത്തേണ്ടതാണ്. അധ്യാരക നിയമനം മെയ് 25ന് മുമ്പ് ഇൻറർവ്യൂ നടത്തി ഉത്തരവുനൽകേണ്ടതും ജൂൺ 1ന് മുമ്പായി വിദ്യാലയങ്ങളിൽ പ്രവേശിച്ചിരിക്കേണ്ടതുമാണ്.

☆ പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി വിഭാഗമായ അംഗൻവാടികളിലും ആവശ്യമായ കളിസാധനങ്ങളോ, കെട്ടിട സൗകര്യങ്ങളോ ഇല്ല. ആയത് പഞ്ചായത്തുതലത്തിൽ നികത്തേണ്ടതാണ്.

☆ വിദ്യാലയങ്ങളിൽ പാഠ്യേതര പ്രവർത്തനങ്ങളും രക്ഷാകർത്ത്യബന്ധവും സുസ്ഥിരമാക്കുന്നതിനും സജീവ പ്രവർത്തനം കൈവരിക്കുന്നതിനും പഞ്ചായത്തിലെ ഏതെങ്കിലും ഒരു വിദ്യാലയത്തോടനുബന്ധിച്ച് പഞ്ചായത്ത്തല സ്ക്കൂൾ സംഘാതം ഏർപ്പെടുത്തുകയും അതിൻെറ നേതൃത്വത്തിൽ ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രമായ DIET മായി ബന്ധപ്പെടുത്തി പരശീലനം നൽകുകയും പഠനോപകരണ നിർമ്മാണ പ്രവർത്തനങ്ങളുടെ നിർമ്മാണ സംബന്ധമായ പരിശീലനം പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഈ പ്രവർത്തനമേഖലയിൽ പി.ടി.എ പ്രതിനിധികളെ വിളിച്ചുവരുത്തി അവരെകൂടി പങ്കാളികളാക്കി സ്ക്കൂളുകളിൽ അവരിലൂടെയും സജീവമായ പ്രവർത്തനം കാഴ്ചവയാക്കാവുന്നതാണ് ആയതിനായി പഞ്ചായത്ത് തലത്തിൽ പ്രസിഡൻറ് രക്ഷാധികാരിയായി ഒരു വികസന സമിതി രൂപീകരിച്ച് ഈ പ്രവർത്തനങ്ങളുടെ നടത്തിപ്പ് സുഗമമാക്കാവുന്നതുമാണ്. കൂടാതെ പഞ്ചായത്തിലുള്ള എല്ലാ അധ്യാപകർക്കും മാസത്തിൽ ഒരു ക്ലാസ്സ് എന്ന നിലയിൽ പഞ്ചായത്ത് തലത്തിൽ പരിശീലനം നൽകേണ്ടതാണ്.

☆ അധ്യായന വർഷാരംഭത്തിൽ പാഠപുസ്തകങ്ങൾ ലഭിക്കുന്നില്ല എന്നത് വസ്തുനിഷ്ഠമായ ഒരു കാര്യമാണ്. ആയത് നികത്താനായി പഞ്ചായത്തിൻെറ നേതൃത്വത്തിൽ പഞ്ചായത്ത്തല പുസ്തകസഹകരണ സംഘം രൂപീകരിച്ച് പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും പുസ്തകവിതരണസംവിധാനം ഏർപ്പെടുത്താവുന്നതാണ്.

☆ എട്ടാംതരത്തിലും ഒൻപതാംതരത്തിലും തോറ്റ് പഠനം നിർത്തിയവർ, കൊഴിഞ്ഞുപോയവർ എന്നുവർക്കും എസ്.എസ്.എൽ.സി. യിൽ തോറ്റവർക്കും തുടർന്ന് പഠനസൗകര്യം നൽകാനായി പഞ്ചായത്ത്തലത്തിൽ സർക്കാരിൻെറ അംഗീകാരത്തോടെ ഒരു പഠനപരിശീലന കേന്ദ്രം ആരംഭിച്ച് അതിലൂടെ മേൽ പറഞ്ഞ കുട്ടികളുടെ വിദ്യാഭ്യാസപരവും തൊഴിൽപരവുമായ മേഖലകളിൽ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

☆ അട്ടപ്പാടിയിൽ ഒരു കോളേജ് ഇല്ലാത്തതിൻെറ ബുദ്ധിമുട്ടുകാരണം എസ്.എസ്.എൽ.സി.കഴിഞ്ഞ നിരവധി കുട്ടികൾ പഠനം നിർത്തേണ്ടി വരുന്നു. ദൂരസ്ഥലങ്ങളിലേക്ക് പോയി പഠിക്കാനുള്ള സാമ്പത്തികമായ പിന്നോക്കവസ്ഥയും ഉന്നത വിദ്യാഭ്യാസത്തിൽ പ്രധാന പങ്കുവഹിക്കുന്ന ഒരു മേഖലയാണ്. ആയത് അട്ടപ്പാടിയിൽ അനുവദിക്കുന്നതിന് വേണ്ട സമ്മർദ്ദങ്ങൾ പഞ്ചായത്ത് തലത്തിൽ നിന്ന് സർക്കാരിലേക്ക് നൽകേണ്ടതാണ്.

☆ ഇക്കഴിഞ്ഞ പൊതുവായ NGP യൂണിയൻെറ സംസ്ഥാനതല സമ്മേളനം ഉത്ഘാടനം ചെയ്യാൻ

പാലക്കാട് എത്തിയ നമ്മുടെ ഇന്നത്തെ ബഹു: മുഖ്യമന്ത്രിയും ആദേഹത്തോടൊപ്പമെത്തിയ ബഹു: കേരള വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഷോളയൂർ ജി. ടി. യു.പി. സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്താൻ തീരുമാനിച്ചതായി പ്രഖ്യാപിച്ചതുമാണ്. ആയത് അനുവദിച്ച് നൽകുന്നതിന് പഞ്ചായത്തുതലത്തിൽ നിന്നും സർക്കാരിന്റെ ഭാഗത്തേക്ക് നിർദേശങ്ങൾ നൽകാവുന്നതാണ്.

☆ ഗ്രാമസഭകളിലും ഗ്രൂപ്പു ചർച്ചകളിലും നിന്നുണ്ടായ എല്ലാ നിർദ്ദേശങ്ങൾക്കും പരിഹാരം പ്രാരംഭദശയിൽ പഞ്ചായത്തിനെ മാത്രം ലാക്കാക്കിയാൽ നടക്കില്ല എന്നതിനാൽ അനൗപചാരിക വിദ്യാഭ്യാസം പ്രദാനം ചെയ്യുന്ന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി ഒരു പരിശീലന സാങ്കേതത്തിന് രൂപം നൽകി അതിലൂടെ എല്ലാ വിദ്യാലയങ്ങളേയും ബന്ധപ്പെടുത്തി. ഈ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്ത് പ്രദേശത്ത് എല്ലാവർക്കും വിദ്യാഭ്യാസ പരിസ്ഥിതി ആരോഗ്യം എന്നീ മേഖലകളിൽ നൈപുണി നേടുന്നതിനാവശ്യമായ ഹൃസ്വകാല കോഴ്സുകൾ പഞ്ചയാത്തിലെ ജനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കാവുന്നതാണ്.


☆ മേൽ പ്രസ്താവിച്ച കാര്യങ്ങളിലേക്ക് വിദ്യാസമ്പന്നരായവരെയും വിദഗ്ധരേയും കണ്ടെത്തുന്നതിന് വേണ്ടി പഞ്ചായത്തുതലത്തിൽ ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ശാഖ തുടങ്ങേണ്ടതാണ്.

☆ ഈ മേഖലയുടെ വിദ്യാഭ്യാസരംഗം ത്വരിതപ്പെടുത്തുന്നതിനായി പി.ടി.എയുടെയും മാതൃസംഘടനകളുടെയും പ്രവർത്തനങ്ങൾ സജീവമാക്കികൊണ്ട് വിദ്യാലയങ്ങളിൽ ജനപങ്കാളിത്തത്തോടെ പാഠ്യേതര പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകേണ്ടതാണ്. പാഠ്യേതര പവർത്തനങ്ങൾ ചടുലമാക്കുന്നതോടൊപ്പം തന്നെ പഠനപ്രവർത്തന മേഖലയിലേക്കും നയിക്കേണ്ടതാണ്.

തുടർച്ചയായി ചെയ്യേണ്ടവ

* പ്രതിവാരസാഹിത്യ സമാജം
* ഓരോ വിദ്യാലയങ്ങളിലും കൈയെഴുത്തുമാസിക, ക്ലാസ്സുതലത്തിൽ നടത്തി, അതിൽ നിന്നും തിരഞ്ഞെടുക്കുന്നവ വാർഷികമാസികയായി പ്രസിദ്ധീകരിക്കാവുന്നതാണ്.
* സയൻസ് ക്ലബ്ബ്, ആർട്ട്സ് ക്ലബ്, സോഷ്യൽ ക്ലാസ്, റീഡിംഗ് കോർണർ മുതലായ സംവിധാനങ്ങൾ നിലവിൽ കൊണ്ടുവരിക.
* ചരിത്രപ്രാധാന്യമുള്ള ദിനാചരണങ്ങൾ
* വാർഷികാഘോഷങ്ങൾ
* പഞ്ചായത്തിതല കലാകായിക മത്സരങ്ങൾ
* പ്രതിദിനവാർത്താശേഖരണവും പ്രദർശനവും
* പൂന്തോട്ടങ്ങളും പച്ചക്കറിതോട്ടവും കൃഷിഭവനുകളുമായി ബന്ധപ്പെടുത്തി നടപ്പിലാക്കുക.
* കലാകായികമേഖലകളിൽ പരശീലന പരിപാടികൾ നൽകുക.
* ഓരോ വർഷവും പഠന വിനോദയാത്രകൾ നടത്തുക.
* ഓരോ ക്ലാസിലും മാസാന്തര പരീക്ഷകൾ നടത്തുക.
* വിദ്യാലയ പരിതസ്ഥിതിയിൽ നിന്നുകൊണ്ട് ചെയ്യാവുന്ന എല്ലാപ്രവർത്തനങ്ങളും പി.ടി.എയുടെയും മാതൃസംഗമങ്ങളുടേയും സമുച്ചയമായ പ്രവർത്തനത്തിലൂടെ പഞ്ചായത്ത്, സർക്കാർ തലത്തിലുള്ള വികസന പ്രവർത്തനങ്ങളും ഇണക്കി കൊണ്ട് പോയാൽ ഈ പങ്കാളിത്തത്തോടെ വിദ്യാഭ്യാസരംഗത്ത് ഒരു വിപ്ലവം തന്നെ സൃഷ്ടിക്കാൻ കഴിയും.

* * *




# 5/xiii

# പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം

സാമൂഹ്യസാമ്പത്തിക രംഗത്ത് വളരെയേറെ ചൂഷണങ്ങൾക്ക് വിധേയരായ വിഭാഗങ്ങളാണ് അട്ടപ്പാടിയിലെ ആദിവാസികളും ഹരിജനങ്ങളും. വിദ്യാഭ്യാസ സാമൂഹ്യ മേഖലകളിൽ ഒട്ടും തന്നെ പുരോഗതി കൈവരിക്കുവാൻ ഇത്രയും കാലത്തെ പ്രവർത്തനം കൊണ്ട് സാധിച്ചിട്ടില്ല. എന്നുമാത്രമല്ല, സാമ്പത്തികരംഗത്തും കാർഷികമേഖലയിലും ഈ വിഭാഗങ്ങൾ ഇന്നും വളരെയേറെ പുറകിലാണ്. ഇരുള വിഭാഗത്തിൽപ്പെടുന്ന പട്ടികവർഗ്ഗക്കാരാണ് ഈ പഞ്ചായത്തിൽ കൂടുതലായിട്ടുള്ളത്. മൂത്തിക്കുളം, ചുണ്ടക്കുളം തുടങ്ങിയ ഊരുകളിൽ മുഡുകരും താമസിക്കുന്നു. ഇവരുടെ പ്രാചീന പാരമ്പര്യവൈദ്യം തുടങ്ങിയവ അന്യംനിന്നുകൊണ്ടിരിക്കുകയാണ്. സർക്കാരിന്റെ വിവിധ വകുപ്പുകൾ മുഖേന പലതരം പദ്ധതികൾ നടപ്പാക്കിയിട്ടും പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ജീവിത രീതികളിൽ വലിയചലനങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചില്ല. എന്ന് മാത്രമല്ല പ്രാചീന ജീവിത രീതിയുടെ സവിശേഷത ചോർന്ന് പൊയ്കൊണ്ടിരിക്കുന്നു എന്നുള്ളതാണ് വസ്തുത. ഈ വിഭാഗങ്ങളുടെ ഉയർച്ചയ്ക്ക് വേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന പലപദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലായ്മയും, ചുവപ്പ്നാടക്കുരുക്കും, ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവും ഇടനിലക്കാരുടെയും അമിതലാഭേച്ഛയും ഇടപെടലുകളും മൂലം പദ്ധതികൾ ഫലപ്രദമായി സൃഷ്ടിക്കാൻ സാധിക്കുന്നില്ല എന്ന് മാത്രമല്ല ആരംഭത്തിൽ തന്നെ പാളിപോവുകയും ചെയ്യുന്നു.

സർക്കാർ നൽകുന്ന നിരവധി സൗജന്യ സൗകര്യങ്ങൾ ഈ വിഭാഗത്തിലെ ഒരു ശതമാനം ആളുകൾക്ക് പോലും നേരാംവണ്ണം ഉപയോഗപ്പെടുത്തി നേട്ടങ്ങളാക്കാൻ കഴിഞ്ഞിട്ടില്ല. ഈ സഹായങ്ങൾ അവരെ തീർത്തും അലസരും, മടിയരുമാക്കി മാറ്റിയിരിക്കുന്നു. ഇതിൽ ഷോളയൂർ പഞ്ചായത്തിലെ വെള്ളകുളം, അണക്കാട്, മൂലഗംഗൽ, മൂത്തികുളം, കോഴികൂടം തുടങ്ങിയ ഊരുകളിൽ മേൽ പറഞ്ഞ അഭിപ്രായങ്ങൾ തികച്ചും പരമാർത്ഥം തന്നെ. നിരവധി പ്രശ്നങ്ങൾ, പരിഹാരം തേടി ആരുടെയും കണ്ണിൽപെടാതെ നിറിക്കൊണ്ടിരിക്കുന്നു. നിരന്തരമായ ചൂഷണവും, ചൂഷണത്തിനെതിരായി ഫലപ്രദമായി ഒന്നും ചെയ്യാൻ കഴിയാത്തതും ഈ വിഭാഗങ്ങൾക്കിടയിൽ അസംതൃപ്തി വളർത്തി കൊണ്ടിരിക്കുന്നു.

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ സ്ഥിതി വിവരക്കണക്ക് താഴെ ചേർത്തിരിക്കുന്നു.

## വീട്

നാല് സ്കീമുകൾ മുഖേന വീടുകൾ നൽകുന്നു. നാല് വകുപ്പുകളിലായി നടത്തപെടുന്ന ഈ സ്കീമുകളിൽ ഒരേ കുടുംബത്തിലെ അംഗങ്ങൾ തന്നെ വീടകൾക്കുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കുന്നു വെന്നത് ഒരു ന്യൂനതയാണ്.

| ക്രമ നമ്പർ | വിവരങ്ങൾ | കോളനികളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം | ജനസംഖ്യ | | | | | | കുറിപ്പുകൾ |
|---|---|---|---|---|---|---|---|---|---|---|
| | | | | പു. | % | സ്ത്രീ | % | ആകെ | % | |
| 1. | പട്ടികജാതി | 4 | 2114 | 4386 | 26 | 4189 | 25 | 8575 | | |
| 2. | പട്ടികവർഗ്ഗം | 38 | | | | | | | | |
| 3. | മറ്റുള്ളവർ | Scattered | 3174 | 4037 | 23 | 4482 | 26 | 7402 | | |
| | ആകെ | 42 | 5288 | 8423 | | 8671 | | 17094 | | |

## SC/ST കുടുംബങ്ങളുടെ വിവരം

| | |
|---|---|
| ആകെ വീടുകൾ | 2144 |
| പണിതീർന്ന വീടുകൾ | 1907 |
| പുതിയതായ നിർമ്മിക്കേണ്ട വീടുകൾ | 207 |
| അംഗീകരിച്ച കോളനികൾ | 41 |
| അംഗീകരിക്കേണ്ട കോളനികൾ | 6 |

അതുകൊണ്ട് തന്നെ പാർപ്പിട പ്രശ്നം പൂർണ്ണമായില്ല എന്ന് മാത്രമല്ല പകുതി പോലും പരിഹരിക്കപ്പെട്ടിട്ടില്ല. സർക്കാർ നിർമ്മിച്ചു കൊടുത്ത വീടുകളിൽ പലതും ഇന്ന് കല്ലിൻമേൽ കല്ല് ശേഷിക്കാതെ ഇടിഞ്ഞ് പോയിരിക്കുന്നു. ഒറ്റപെട്ട കുടുംബങ്ങൾക്കോ, സ്വാധീനമില്ലാത്ത കുടുംബങ്ങൾക്കോ പാർപ്പിട സൗകര്യം വേണ്ടത്ര പ്രയോജനം ലഭിച്ചിട്ടില്ല. ഇവരും പല ഏജൻസികളിൽ നിന്നും ലഭിക്കുന്ന വായ്പ എടുത്ത് വലിയ ബാധ്യതയിലേക്കും ചെന്ന് വീണിട്ടുമുണ്ട്. കോൺട്രാക്ട് വ്യവസ്ഥയിൽ പണി തുടങ്ങിയിട്ടുള്ള വീടുകളിലെ അവസ്ഥ വളരെ പരിതാപകരം തന്നെ. ഇത്തരം വ്യവസ്ഥകളിൽ വിവിധ കോളനികളിൽ പൂർത്തികരിക്കാതെ കിടക്കുന്ന വീടുകളുടെ എണ്ണവും അസംഖ്യം തന്നെ. വീട് നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം വീട് പണി നിലച്ച് പോയ കുടുംബങ്ങളും ഒട്ടേറെയുണ്ട്. അട്ടപ്പാടി ഒരു ട്രൈബൽ പ്രൊജെക്ട് പ്രദേശമായിട്ടുപോലും പട്ടികജാതി വിഭാഗക്കാരുടെ പാർപ്പിട സൗകര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല എന്നതാണ് വാസ്തവം. വീട് വെയ്ക്കാൻ സ്ഥലമില്ലാത്ത പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പുനരധിവാസ പദ്ധതി പ്രകാരം വീടിനുള്ള സ്ഥലവും,

**പഞ്ചായത്തിൽ ആകെയുള്ള പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളിലെ വീടുകളുടെ സ്ഥിതി വിവരപട്ടിക.**

| ക്രമ നമ്പർ | വിവരണം | എണ്ണം | കുറിപ്പുകൾ |
|---|---|---|---|
| 1. | ആകെയുള്ള കുടുംബങ്ങൾ | 2114 | 1. ഒരു വീടിനോട് ചേർന്നുള്ള കക്കൂസുകൾ ഒന്നും തന്നെയില്ല.<br>2. ഒരു പ്ലോട്ടിൽ ഒരു വീട് മാത്രം നിർമ്മിക്കേണ്ടതാണ്.<br>3. നിർബന്ധമായും ഓരോ വീടിനോടും ചേർന്ന് കകൂസുകൾ നിർമ്മിക്കേണ്ടത് ശുചിത്വം പാലിക്കുന്നതിനും പകർച്ച വ്യാധികൾ തടയുന്നതിനും അത്യാവശ്യമാണ്. |
| 2. | സർക്കാർ സഹായത്തോടെ നിർമ്മിച്ച വീടുകൾ | 1907 | |
| 3. | ഉപയോഗക്ഷമമല്ലാത്തത് | 2350 | |
| 4. | വീട് ആവശ്യമുള്ളവർ | 557 | |

## പഞ്ചായത്തിൽ നിന്നും SC/STകൾക്ക് നിർമ്മിച്ച് കൊടുത്തിട്ടുളള വീടുകൾ

| വർഷം | IAY | MWS | JRY | UT | ആകെ | Remarks |
|---|---|---|---|---|---|---|
| 1989-90 | - | - | 5 | - | 5 | |
| 90-91 | - | - | 20 | 12 | 32 | |
| 91-92 | - | - | 20 | 2 | 22 | |
| 92-93 | - | 21 | 52 | 2 | 75 | |
| 93-94 | - | 16 | 70 | 4 | 90 | |
| 94-95 | 13 | 26 | 8 | 6 | 53 | |
| 95-96 | 84 | 12 | 10 | 6 | 112 | |
| ആകെ | 97 | 75 | 185 | 32 | 389 | |

## I.T.D.P. മുഖേന നല്കിയ വീടുകളുടെ സ്ഥിതി വിവരപട്ടിക

| വർഷം | JRY | MWS | IAY | UT | ആകെ | Remarks |
|---|---|---|---|---|---|---|
| 1992-93 | 21 | 21 | - | - | 42 | |
| 93-94 | - | 16 | - | - | 16 | |
| 94-95 | 5 | 26 | 13 | - | 44 | |
| 95-96 | - | 12 | 84 | - | 96 | |
| ആകെ | 26 | 75 | 97 | - | 198 | |

ധനസഹായവും അനുവദിച്ച് നിർമ്മിതി പോലുളള നിർമ്മാണ യൂണിറ്റുകളെയോ അല്ലെങ്കിൽ പഞ്ചായത്ത് തല നിർമ്മാണ സഹകരണ സംഘങ്ങൾ ഉണ്ടാക്കി അവയ്ക്കൊ കൈമാറി ഒരു ഊർജ്ജിത ആദിവാസി പാർപ്പിട നിർമ്മാണം നടത്തി പാർപ്പിടപ്രശ്നം സമയബന്ധിത പരിപാടിയാക്കി പ്രശ്നം പരിഹരിക്കേണ്ടതാണ്.

### പാർപ്പിട നിർമ്മാണത്തിലെ അപാകതകൾ

(പ്രശ്നങ്ങൾ)

1. കാലാവസ്ഥയ്ക്ക് അനുയോജ്യമല്ലാത്ത നിർമ്മാണ രീതികളും നിർമ്മാണ വസ്തുക്കളുടെ ഗുണമേന്മ കുറവും.
2. വളരെ കുറഞ്ഞ നിർമ്മാണ തുക (രൂ. 13,500/-)
3. ഒന്നിൽ കൂടുതൽ വീടുകൾ ഒരേ നിരയിൽ പണിയുന്നത്.
4. കരാറുകാരുടെ അമിതലാഭേച്ഛ
5. ഊരു കൺവീനർമാരുടെ പേരിൽ കരാറുകാർക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നല്കുന്നത്. (കരാറുകാരും വികസന ഉദ്യോഗസ്ഥരും തമ്മിലുളള അവിശുദ്ധ കൂട്ടുകെട്ട്.)

പരിഹാരം :

1. പാർപ്പിട നിർമ്മാണത്തിനുള്ള തുക വർദ്ധിപ്പിക്കുക.
2. വീടുകൾ ഒറ്റയ്ക്ക് ഒറ്റയ്ക്ക് കെട്ടുക (ലൈൻ വീട് നിർമ്മാണം ഒഴിവാക്കുക)
3. വീടുകൾ കഴിയുന്നതും RC ആക്കുക (Slope)
4. നിർമ്മിതി/നിർമ്മാണ സഹകരണ സംഘം പോലുള്ള സംഘങ്ങൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നൽകുക.
5. ഊരു കൺവീനർമാർ വീട് പണി ഏറ്റെടുത്താൽ കൺവീനർമാർ/ഉപഭോക്താക്കൾ തന്നെയാണ് പണി ചെയ്യിക്കുന്നതെന്ന് ഉറപ്പാക്കുക.
6. നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിന് അട്ടപ്പാടി കേന്ദ്രമാക്കി ഒരു ഏജൻസിയെ നിയമിക്കുക.
7. നിർമ്മാണ വസ്തുക്കൾ ഏതെങ്കിലും ഒരു സഹകരണ സംഘം മുഖേന വിതരണം ചെയ്യുക.
8. പാർപ്പിട പ്രശ്നം ഒരു തീവ്രയജ്ഞ പരിപാടിയായി പ്രഖ്യാപിച്ച് സമയബന്ധിതമായി തീർക്കുക.

കുടിവെള്ളം.

ഈ പഞ്ചായത്തിലെ എല്ലാ ഊരുകളിലേയ്ക്കും കാര്യമായ പദ്ധതികൾ ആസൂത്രണം ചെയ്താൽ പ്രകൃതി ജലം തന്നെ എത്തിച്ച് കൊടുക്കുവാൻ സാധിക്കും. ചുരിങ്ങിയ ചിലവിൽ കുടിവെള്ളം ശുദ്ധീകരിക്കുവാൻ കഴിയുമായിരുന്നിട്ടും ആയതിനുള്ള ഫലപ്രദമായ ഒരു നീക്കവും നാളിതുവരെ നടന്നിട്ടില്ല. കുടിവെള്ളവും വൈദ്യുതിയും, ഗതാഗത സൗകര്യവും ഏതെല്ലാം ഊരുകളിൽ എത്തി എന്നതിൻെറ വിലയിരുത്തൽ പട്ടിക ചുവടെ കൊടുക്കുന്നു.

വൈദ്യുതി

നാമമാത്രമായി ഊരുകളിൽ വൈദ്യുതി എത്തിയിട്ടിണ്ട്. വൈദ്യുതി എത്തിയ ഊരുകളിൽ തന്നെ മുഴുവൻ വീടുകൾക്കും വൈദ്യുതി ബന്ധം കിട്ടിയിട്ടില്ല (പട്ടിക കാണുക). വൈദ്യുതി കണക്ഷൻ കിട്ടിയസ്ഥലങ്ങളിൽ തന്നെ വോൾട്ടേജ് ഇല്ലാത്തതിനാൽ വൈദ്യുതി ഉള്ളതും ഇല്ലാത്തതും ഒരു പോലെയാണ്.

ശുദ്ധജലവിതരണം പ്രശ്നപരിഹാരം

ഓരോ ഊരുകൾക്കും സമീപപ്രദേശത്ത് കൂടി ഒഴുകുന്ന ഊറ്റുകളിൽ നിന്നോ, അരുവികളിൽ നിന്നോ വളരെ ചിലവ് കുറഞ്ഞ രീതിയിൽ (കൂടിയ ചിലവ് ശരാശരി 50,000/- രൂപ) ഗോഞ്ചിയൂർ ശുദ്ധജല വിതരണ സംവിധാനം മാതൃകയിൽ പണികഴിപ്പിച്ച് ശുദ്ധജല പ്രശ്നത്തിന് വളരെ ലളിതമായ രീതിയിൽ പരിഹാരം കാണാവുന്നതാണ്.

കുടിവെള്ളം 200 മീറ്ററുകൾക്കുള്ളിൽ തന്നെ എത്തിച്ച് കൊടുക്കുക

വൈദ്യുതി

കാറ്റിൽ നിന്നും വൈദ്യുതി എടുക്കാവുന്ന ധാരാളം പ്രദേശങ്ങൾ ഈ പഞ്ചായത്തിൻെറ പരിധിയിൽ ഉണ്ട്. വരടിമല ജലവൈദ്യുതി പദ്ധതി നടപ്പാക്കുകയും, വിൻഢ്ജനറേറ്ററുകൾ സ്ഥാപിക്കുകയും ചെയ്താൽ ഈ പ്രദേശത്തിൻെറ ജലക്ഷാമവും, വൈദ്യുതി ക്ഷാമവും മാറ്റാവുന്നതാണ്. അത് വരെ അട്ടപ്പാടിയിൽ വൈദ്യുതികളുടെ 110 KV സബ് സ്റ്റേഷൻ സ്ഥാപിച്ച് വൈദ്യുതി പ്രശ്നം പരിഹരിക്കാവുന്നതാണ്.

വ്യവസായം

വൻകിട-ചെറുകിട പാരമ്പര്യ വ്യവസായത്തിൽ തുടക്കം കുറിക്കുവാനുള്ള അറിവില്ലായ്മയും പ്രോത്സാഹനകുറവും മൂലം സംഘടിതമായ വ്യവസായ സംരഭങ്ങൾ ഒന്നും തന്നെ ഇല്ല.

കാർഷിക പ്രശ്നം

1. കൃഷിഭൂമികൾ കൈവശമില്ലാത്തത്.
2. മുതൽ മുടക്കുവാനുള്ള ശേഷിയില്ലായ്മ.
3. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത.
4. ലാഭകരമായി നാടൻ കൃഷികൾ ചെയ്യുന്നതിനുള്ള അജ്ഞത.
5. കൃഷി ചെയ്യുന്നതിന് താല്പര്യമുള്ളവർക്ക് അതിനുള്ള പരിജ്ഞാനം പകർന്ന് കൊടുക്കുവാനോ സമയാസമയങ്ങളിൽ ആനുകൂല്യങ്ങൾ എത്തിച്ചു കൊടുക്കുവാനോ സർക്കാരിന് കഴിയുന്നില്ല.

| ക്രമ നമ്പർ | ഊരുകൾ | ശുദ്ധജല വിതരണ സൗകര്യം | ഗതാഗത സൗകര്യം | അംഗൻവാടികൾ | വൈദ്യുതി എത്തിയത് | വൈദ്യുതി കിട്ടിയ വീടുകൾ | വൈദ്യുതി കിട്ടാത്തവ | ആകെ വീടുകൾ | IPPP സെന്ററുകൾ | IPP സെന്റർ പ്രവർത്തനം | ആദിവാസി വിഭാഗം | മറ്റുകാര്യങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | അണക്കാട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - | | 30 | ഇല്ല | - | ഇരുള | വഴിവിളക്കുകൾ കൂടി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കണം. |
| 2. | മൂലഗംഗൽ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - | - | 35 | ഇല്ല | - | " | |
| 3. | വെള്ളകുളം | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | - | - | 85 | ഇല്ല | - | " | |
| 4. | വെച്ചപതി | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | - | - | 75 | ഇല്ല | - | " | |
| 5. | ഗോഞ്ചിയൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 15 | 55 | 70 | ഉണ്ട് | ഇല്ല | " | |
| 6. | വരഗംപാടി | ഭാഗികം | ഉണ്ട് | ഉണ്ട് | ഉണ്ട് | 40 | 34 | 74 | ഇല്ല | - | " | |
| 7. | കത്താളക്കണ്ടി | ഭാഗികം | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 6 | 6 | ഉണ്ട് | ഇല്ല | " | |
| 8. | നല്ലശിങ്ക | ഭാഗികം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 37 | 37 | ഇല്ല | - | " | |
| 9. | വ. കടമ്പാറ | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 52 | 52 | ഉണ്ട് | ഇല്ല | " | |
| 10. | തെ. കടമ്പാറ | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 85 | 85 | ഉണ്ട് | ഇല്ല | " | |
| 11. | ഊത്തുക്കുഴി | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 140 | 140 | ഇല്ല | ഇല്ല | " | |
| 12. | ചാവടിയൂർ | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | 29 | 122 | 151 | ഇല്ല | ഇല്ല | " | |
| 13. | പെട്ടിക്കൽ | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | 10 | 46 | 56 | ഇല്ല | - | " | |
| 14. | വയലൂർ | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | - | 64 | 64 | ഇല്ല | - | " | |
| 15. | കോഴികൂടം | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | - | 30 | 30 | ഉണ്ട് | ഇല്ല | " | |
| 16. | ഷോളയൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 17 | 103 | 120 | ഇല്ല | - | " | |
| 17. | വരടിമല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - | 15 | 15 | ഇല്ല | - | " | |
| 18. | മുത്തിക്കുളം | ഇല്ല | ഭാഗികം | ഉണ്ട് | ഇല്ല | - | 31 | 31 | ഇല്ല | - | മുഡുക | |
| 19. | വെങ്കടവ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - | 63 | 63 | ഇല്ല | - | ഇരുള | |
| 20. | ചുണ്ടകുളം | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | 10 | 70 | 80 | ഇല്ല | - | " | |
| 21. | കോട്ടമല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | - | 25 | 25 | ഇല്ല | - | " | |
| 22. | മേ. സമ്പാർകോട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - | 28 | 28 | ഇല്ല | - | " | |
| 23. | കൂടൻചാള | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - | 14 | 14 | ഇല്ല | - | " | |
| 24. | ത. സമ്പാർകോട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | 57 | 8 | 65 | ഇല്ല | - | " | |
| 25. | വണ്ണാൻതുറ | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | 15 | 20 | 35 | ഇല്ല | - | " | |

| ക്രമ നമ്പർ | ഊരുകൾ | ശുദ്ധജല വിതരണ സൗകര്യം | ഗതാഗത സൗകര്യം | അംഗൻവാടികൾ | വൈദ്യുതി എത്തിയത് | വൈദ്യുതി കിട്ടിയ വീടുകൾ | വൈദ്യുതി കിട്ടാത്തവ | ആകെ വീടുകൾ | IPPP സെന്ററുകൾ | IPP സെന്റർ പ്രവർത്തനം | ആദിവാസി വിഭാഗം | മറ്റുകാര്യങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|---|
| 26. | കാരയൂർ | ഇല്ല | ഭാഗികം | ഉണ്ട് | ഇല്ല | - | 65 | 65 | ഇല്ല | - | " | വഴിവിളക്കുകൾ കൂടി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കണം. |
| 27. | കള്ളക്കര | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 70 | 5 | 75 | ഉണ്ട് | ഇല്ല | " | |
| 28. | വീട്ടിക്കുണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - | 28 | 28 | ഇല്ല | - | " | |
| 29. | കൽമുത്തിയൂർ | ഇല്ല | ഭാഗികം | ഇല്ല | ഇല്ല | - | 12 | 12 | ഇല്ല | - | " | |
| 30. | ചൊറിയന്നൂർ | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | 75 | 1 | 26 | ഇല്ല | - | " | |
| 31. | തേക്ക് മുത്തിയൂർ | ഭാഗികം | ഭാഗികം | ഉണ്ട് | ഇല്ല | - | 17 | 17 | ഇല്ല | - | " | |
| 32. | കുടപ്പെടി | ഇല്ല | - | ഇല്ല | ഇല്ല | - | 15 | 15 | ഇല്ല | - | " | |
| 33. | മട്ടത്ത്ക്കാട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 19 | 4 | 23 | ഇല്ല | - | " | |
| 34. | പുളിയപ്പതി | ഇല്ല | ഭാഗികം | ഉണ്ട് | ഇല്ല | - | 12 | 12 | ഇല്ല | - | " | |
| 35. | ദാസന്നൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 17 | 22 | 29 | ഇല്ല | - | " | |
| 36. | വട്ടലക്കി ഫാം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 72 | 5 | 30 | ഇല്ല | - | " | |
| 37. | ആനക്കട്ടി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 33 | 5 | 38 | ഉണ്ട് | ഇല്ല | " | |
| 38. | വട്ടലക്കി 2nd | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | 30 | - | 32 | ഇല്ല | - | " | |
| 39. | കുലുകൂർ | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | 66 | ഇല്ല | 60 | ഇല്ല | - | " | |
| 40. | ഉറിയൻചാള | ഇല്ല | ഭാഗികം | ഇല്ല | ഇല്ല | ഇല്ല | 26 | 26 | ഇല്ല | - | " | |
| 41. | തുവ | ഇല്ല | ഭാഗികം | ഉണ്ട് | ഉണ്ട് | 16 | 24 | 40 | ഇല്ല | - | " | |
| 42. | മരപ്പാലം | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | - | 15 | 15 | ഇല്ല | - | " | |
| 43. | കീരിപ്പതി | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - | 15 | 15 | ഇല്ല | - | " | |
| 44. | വരഗംപാടി (SC) | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | - | 12 | 12 | ഇല്ല | - | ചൽവിക | |
| 45. | ഷോളയൂർ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | - | 18 | 18 | ഇല്ല | - | " | |
| 46. | വ. കോട്ടത്തറ | ഉണ്ട് | - | ഉണ്ട് | ഇല്ല | - | 20 | 20 | ഇല്ല | - | " | |
| 47. | വട്ടലക്കി | ഉണ്ട് | - | ഉണ്ട് | ഇല്ല | - | 15 | 15 | ഉണ്ട് | ഇല്ല | " | |

പരിഹാരം

1. അർഹതയുള്ളവർക്ക് ന്യായമായരീതിയിൽ നഷ്ടപ്പെട്ട ഭൂമി ഏറ്റെടുത്ത് കൊടുക്കൽ യുദ്ധകാലാടിസ്ഥാനത്തിൽ സമയബന്ധിതമായി നടപ്പാക്കുക.
2. മലയോര പ്രദേശത്തിന് അനുയോജ്യമായ കൃഷി രീതികൾ ചെയ്യുന്നതിന് പ്രോത്സാഹനവും, സഹായവും, അറിവും നൽകുക.
3. സഹായ പദ്ധതികൾ നേടിയെടുക്കുവാനുള്ള അനാവശ്യ

നടപടിക്രമങ്ങളും, കാലവിളംബവും, ബുദ്ധിമുട്ടും ഒഴിവാക്കുക.

4. ഉൽപാദിപ്പിക്കുന്ന വസ്തുവകകൾ വിൽക്കുന്നതിന് സഹകരണ മേഖലയിൽ ഒരു ഏജൻസിയെ ചുമതലപ്പെടുത്തുക.
5. കൂട്ട് കൃഷി സമ്പ്രദായം (കൂട്ടുകുളങ്ങൾ, കൂട്ടുപമ്പ് സെറ്റുകൾ, കൂട്ടുകീട നിയന്ത്രിത സംവിധാനം) പ്രോത്സാഹിപ്പിക്കുക.

## ദാരിദ്ര്യം

കൊടിയ ദാരിദ്ര്യം മൂലം പട്ടിണി മരണങ്ങൾ ഇവിടെ സർവ്വ സാധാരണമാണ്. ഉല്പാദനം കുറഞ്ഞ കൃഷിഭൂമികളും, കാട്ടുമൃഗങ്ങളുടെ ആക്രമണവും, സാമ്പത്തിക ശേഷിയില്ലായ്മയും, ഭൂമിയില്ലായ്മയും കാരണം ബഹുഭൂരിപക്ഷം ആദിവാസി കുടുംബങ്ങളും ദാരിദ്ര്യത്തിലാണ്. ഈ പ്രദേശങ്ങളിലെ ദിവസകൂലിയിലാണ് അവരുടെ നിത്യവൃത്തി. കൃഷിയിടങ്ങളിൽ കൂലി ചെയ്ത് കിട്ടുന്ന തുച്ഛമായ വരുമാനം ഉപയോഗിച്ച് അതുകൊണ്ട് തന്നെ ദിവസത്തിൽ മൂന്ന് നേരം പോയിട്ട് ഒരു നേരം പോലും ഭക്ഷണം കഴിക്കാൻ ബുദ്ധിമുട്ടുന്നു.

## ദാരിദ്ര്യത്തിൻെറ കാരണങ്ങൾ.

1. അന്യം നിന്നുപോയ പ്രാചീന കൃഷിരീതികൾ
2. കൃഷി ഭൂമിയുടെ നഷ്ടം
3. പുതിയ കൃഷി രീതികളെ കുറിച്ചുള്ള അജ്ഞത
4. സാമ്പത്തിക ശേഷിയില്ലായ്മ
5. ഈ കാരണങ്ങൾ അവരെ നിത്യമായി കൂലി പണിയിലേക്ക് തള്ളിവിടുന്നു.
6. കൂലി പണിയിലൂടെ കിട്ടുന്ന അസ്ഥിരവും, തുച്ഛവുമായ പണം കൊടുത്ത് ന്യായമായ രീതിയിലും അളവിലും, തൂക്കത്തിലും ന്യായവില ഷാപ്പുകളിൽ നിന്നും സാധനങ്ങൾ കിട്ടാത്തത് ദാരിദ്ര്യത്തിൻെറ വേറൊരു കാരണമാണ്.

## പരിഹാരം

1. കൃഷിഭൂമികൾ വീണ്ടെടുത്ത് കൃഷിക്ക് ഉപയുക്തമാക്കുക.
2. ആധുനിക കൃഷി രീതികളിൽ പരിശീലനം നല്കുക.
3. കൃഷിക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുക.
4. ജലസേചന സൗകര്യം ഏർപ്പെടുത്തണം.
5. അടിയന്തിരമായി റേഷൻ വിതരണത്തിൽ അഴിമതി ഇല്ലാതാക്കുക.
6. സൗജന്യ നിരക്കിൽ അരിയും മറ്റ് അവശ്യ സാധനങ്ങളും വിതരണം നടത്തുക.

## ITDPയിലൂടെ നല്കുന്ന ധനസഹായങ്ങൾ

IRDPയുടെ സംയോജിത ഗ്രാമ വികസന പദ്ധതി തുടങ്ങിയ ഈ മേഖലകളിൽ പശുവളർത്തൽ, ആട് വളർത്തൽ, കാളവണ്ടി, ഏറ്മാട് വാങ്ങൽ, പെട്ടിക്കടകൾ തുടങ്ങൽ, എന്നിവയ്ക്ക് വായ്പ്പാ സൗകര്യം ചെയ്ത് കൊടുത്ത് വരുന്നു. (പട്ടിക താഴെ ചേർത്തിട്ടുണ്ട്)

## വനിതാ പീഢനം

പുരുഷമേധാവിത്വവും പുരുഷൻെറ അമിതമായ മദ്യപാന ശീലവും ആധുനിക സമൂഹത്തിൻെറ ഉപഭോഗതൃഷ്ണയിൽ ആദിവാസി സ്ത്രീകളെ കഠിനമായ ശാരീരിക പീഡനങ്ങൾക്ക് വിധേയരാക്കുന്നു.

## പരിഹാരം

1. മദ്യം വിൽക്കുന്നത് തടയുക
2. മദ്യം ഉപയോഗിക്കുന്നവർക്കെതിരെ ശിക്ഷണ നടപടികൾ കൈകൊള്ളുക.
3. സ്ത്രീപീഡനങ്ങൾക്കെതിരെ പഞ്ചായത്ത് തല സമിതികൾ സംഘടിപ്പിക്കുക.
4. സ്തീകൾക്കിടയിൽ ബോധവൽക്കരണം നടത്തുക.
5. സ്ത്രീ സംരക്ഷണത്തിനായി വനിതാസെൽ രൂപീകരിക്കുക.

## ആരോഗ്യം

ഷോളയൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് ആശുപത്രികളും കാര്യക്ഷമമല്ല. ആരോഗ്യ പ്രവർത്തകരും മറ്റു ഉദ്യോഗസ്ഥരും ഈ മേഖലയിൽ സേവനമനുഷ്ഠിക്കാൻ വിമുഖതകാണിക്കുന്നതിനാൽ ആരോഗ്യപ്രവർത്തനം വളരെ

| വാർഡ് | സഹായം ലഭിച്ചവർ | ലഭിക്കാത്തവർ | ആകെ | കുറിപ്പുകൾ |
|---|---|---|---|---|
| 1 | 68 | 79 | 147 | വാർഡ് തലത്തിൽ മുൻഗണനാ ക്രമത്തിൽ ഒരു ലിസ്റ്റുണ്ടാക്കി, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. പുതിയ സ്കീമുകൾ വാർഡിലെ ജനങ്ങളുമായി ചർച്ചചെയ്ത് തീരുമാനിക്കേണ്ടതാണ്. കൊടുത്തിട്ടുള്ള പദ്ധതികൾ വിജയമാക്കിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്. |
| 2 | 53 | 70 | 123 | |
| 3 | 59 | 50 | 109 | |
| 4 | 30 | 127 | 157 | |
| 5 | 30 | 136 | 166 | |
| 6 | 48 | 265 | 313 | |
| 7 | 54 | 142 | 196 | |
| 8 | 62 | 178 | 240 | |
| 9 | 64 | 187 | 251 | |
| ആകെ | 468 | 1234 | 1702 | |

മന്ദഗതിയിലാണ്. ആവശ്യമായ കെട്ടിടങ്ങളോ, മരുന്നുകളോ ലഭ്യമല്ല. ആദിവാസികൾക്കിടയിൽ സാംക്രമിക രോഗങ്ങൾ പടർന്ന് പിടിച്ചാൽ പോലും ഓടിയെത്താൻ പേരിന് പോലും ചികിത്സാ വിദഗ്ധരില്ല.

### പരിഹാരം

എല്ലാവിധ സൗകര്യങ്ങളോടും കൂടി ഒരു ആശുപത്രി പഞ്ചായത്ത് കേന്ദ്രമാക്കി അടിയന്തിരമായി നിർമ്മിക്കുക. ഉദ്യോഗസ്ഥർക്ക് താമസിക്കുന്നതിന് ക്വാർട്ടേഴ്സുകൾ പണിയുക. ആവശ്യമായ മരുന്നുകൾ സൗജന്യമായി നൽകുക. എല്ലാ വാർഡുകളിലേക്കും JPHN, JHI എന്നിവരെ നിയമിക്കുക. ആരോഗ്യപ്രവർത്തകർ മാസത്തിലൊരിക്കലെങ്കിലും വീടുകൾ സന്ദർശിക്കുന്നുവെന്നു ഉറപ്പുവരുത്തുന്നതിന് വേണ്ടി വീട്ടു ചുമരിൽ ബോർഡ് സ്ഥാപിച്ച് സമയവും സന്ദർശന തിയ്യതിയും രേഖപ്പെടുത്തുക.

മൂന്നുമാസത്തിൽ ഒരിക്കലെങ്കിലും അലോപതി, ഹോമിയോ, ആയുർവേദ പാരമ്പര്യ ചികിത്സാ വിദഗ്ധർ അടങ്ങുന്നവരുടെ നേതൃത്വത്തിൽ ചികിത്സാ ക്യാമ്പും, ബോധവൽക്കരണ സെമിനാറുകളും സംഘടിപ്പിക്കുക.

മാസത്തിൽ ഒരിക്കലെങ്കിലും ഊരുകൾ കേന്ദ്രീകരിച്ച് ആരോഗ്യ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക. നിലവിലുള്ള IPP സെൻററുകളും മറ്റാരോഗ്യ കേന്ദ്രങ്ങളും വേണ്ടത്ര ജീവനക്കാരേ നിയമിച്ച് പ്രവർത്തനക്ഷമമാക്കുക.

### ശുചിത്വം

വീടുകൾ തിങ്ങിക്കൂടി കോളനിയായി താമിസിക്കുന്നത് മൂലവും, വേണ്ടത്ര ആസൂത്രണമില്ലാത്ത വീടു നിർമ്മാണവും പ്രാഥമിക കാര്യങ്ങൾ നിർവഹിക്കുന്നതിന് സൗകര്യമില്ലാത്തത് മൂലവും വേണ്ടത്ര ശുചിത്വം ഇന്നു നിലവിലുള്ള ഒരു കോളനിയിലുമില്ല. ഇതുമൂലം മാരകമായിട്ടുള്ള സാംക്രമിക രോഗങ്ങൾ വരുവാനും അത് പടർന്നു പിടിക്കാനും കാരണമാകുന്നു.

### പരിഹാരം

- ഒന്നാമതായി വീടുകൾ അവരവരുടെ കൃഷിസ്ഥലങ്ങളിൽ നിർമ്മിക്കുക.
- കോളനിയായിതന്നെ താമസിക്കണമെങ്കിൽ ആസൂത്രണത്തോട് കൂടി ഒറ്റ ഒറ്റയായി വിശാലമായ അങ്കണത്തോട് കൂടി ശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കുക.
- വീടിനോട് ചേർന്ന് കക്കൂസ് നിർമ്മിച്ചുകൊടുക്കുക.
- ഏറ്റവും നല്ലരീതിയിൽ ശുചിയായും ഭംഗിയായും

സൂക്ഷിക്കുന്ന വീടുകൾക്ക് പാരിതോഷികങ്ങൾ ഏർപ്പെടുത്തുക.

- ഊരിനോട് ചേർന്ന് ഒരു കമ്പോസ്റ്റ് കുഴി സ്ഥാപിക്കുക.
- കോളനികൾക്ക് സുരക്ഷാമതിലുകൾ കെട്ടികൊടുക്കുക.
- കോളനികൾക്ക് അഴുക്കുചാലുകൾ നിർമ്മിക്കുക.

## വിദ്യാഭ്യാസം

കോളനികളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളി ലേക്കുള്ള അകലവും, ദാരിദ്ര്യവും മറ്റ് രക്ഷിതാക്കളുടെ അറിവില്ലായ്മയും ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് തടസമാകുന്നു. ഈ പഞ്ചായത്തിന്റെ പ്രത്യേക ഭൂപ്രകൃതിയും കാലാവസ്ഥയും യാത്രാ സൗകര്യങ്ങളുടെ ആവശ്യകതയും കുഞ്ഞുന്നാളിലേ കുട്ടികളുടെ പഠനം നിർത്തുവാൻ കാരണമാകുന്നു.

## പരിഹാരങ്ങൾ

- ❒ അത്യാവശ്യമുള്ള എല്ലാ കോളനികളിലും ഏകാധ്യാപക വിദ്യാലയങ്ങൾ സ്ഥാപിക്കുക
- ❒ നിലവിൽ പഠിച്ചുകൊണ്ടിരിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുക.
- ❒ ഷോളയൂരിൽ ഒരു ഗവ. ഹൈസ്ക്കൂൾ സ്ഥാപിക്കുക.
- ❒ വെച്ചപ്പതിയിലുള്ള കത്താളക്കണ്ടി GTWLP യിൽ മലയാള മീഡിയം അനുവദിച്ച് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുക.
- ❒ അദ്ധ്യായന വർഷാരംഭത്തിൽ തന്നെ മുഴുവൻ അദ്ധ്യാപകരേയു നിയമിക്കുക.
- ❒ വിദ്യാസമ്പന്നരായിട്ടുള്ള ആദിവാസി യുവതീയുവാക്കളെ അദ്ധ്യാപകരായി പോസ്റ്റ് ചെയ്യുക.
- ❒ എല്ലാ സ്കൂളുകളോടനുബന്ധിച്ചും ഹോസ്റ്റലുകൾ സ്ഥാപിക്കുക.
- ❒ സ്കൂളിനോടനുബന്ധിച്ച് ക്വാർട്ടേർസുകൾ സ്ഥാപിക്കുക.
- ❒ സ്കൂളുകൾക്ക് എല്ലാവിധ പഠനോപകരണങ്ങളും നൽകുക.
- ❒ സ്കൂളുകളോടനുബന്ധിച്ച് സുസജ്ജമായ ലൈബ്രറി സ്ഥാപിക്കുക.
- ❒ കൊഴിഞ്ഞുപോകുന്ന കുട്ടികളെ കണ്ടുപിടിച്ച് സ്കൂളിൽ ചേർക്കുന്നതിന് പ്രത്യേകപദ്ധതികൾ ഏർപ്പെടുത്തുക.
- ❒ 10-ാം തരം വരെയുള്ള പഠനോപകരണങ്ങളും, വസ്ത്രവും അദ്ധ്യയന വർഷാരംഭത്തിൽ തന്നെ സൗജന്യമായി നൽകുക.
- ❒ 10-ാംതരം പൂർത്തിയാക്കാൻ കഴിയാത്ത കുട്ടികളെ തിരഞ്ഞുപിടിച്ചു സമയബന്ധിത പരിപാടികൾ ആവിഷ്കരിച്ച് SSLC വിജയകരമായി പൂർത്തീകരിക്കുവാൻ പദ്ധതി ആവിഷ്കരിക്കുക.

1. പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനു വേണ്ടി സാമൂഹ്യ സാംസ്ക്കാരിക ഭരണ രംഗത്തെ ഉന്നതരെ ഉൾപ്പെടുത്തി ഒരു ഹൈപ്പവർ റിവ്യൂ കമ്മിറ്റി രൂപീകരിക്കുക. ഈ കമ്മിറ്റി ആറു മാസത്തിൽ ഒരിക്കൽ കൂടി അതുവരെ നടക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ വിലയിരുത്തി കോട്ടങ്ങൾ പരിഹരിക്കുവാനുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് സമിതി കൂടി 30 ദിവസത്തിനുള്ളിൽ പ്രസിദ്ധീകരിക്കുക.
2. ആദിവാസി ക്ഷേമ പദ്ധതികളിൽ നടക്കുന്ന അഴിമതി അന്വേഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും, അട്ടപ്പാടി കേന്ദ്രമാക്കി ഹൈക്കോടതി ജഡ്ജിയുടെ നേതൃത്വത്തിൽ ഒരു സ്വതന്ത്ര അഴിമതി അന്വേഷണ ജുഡിഷ്യൽ കമ്മിറ്റി രൂപീകരിക്കുക.
3. അവരവരുടെ കൃഷി സ്ഥലങ്ങളിൽ തന്നെ വീടുകൾ നിർമ്മിച്ച് താമസിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
4. വിദ്യാസമ്പന്നരായ ആദിവാസി യുതീയുവാക്കൾക്ക് സമയബന്ധിതമായി അട്ടപ്പാടിയിൽ തന്നെ ജോലി നൽകുക.
5. അട്ടപ്പാടിയിൽ നിന്നും ഒരു മരം പോലും വെട്ടി കടത്താൻ അനുവദിക്കാതിരിക്കുക.
6. മദ്യം, മയക്കുമരുന്ന് വിൽക്കുന്നത് നിരോധിച്ചതുപോലെ ഉപയോഗിക്കുന്നതും നിരോധിക്കുക.
7. അട്ടപ്പാടി പണിഷ്മെൻറ് ഏരിയ എന്നുള്ളതു മാറ്റി സേവന സന്നദ്ധരായ ഉദ്യോഗസ്ഥരെ സംസ്ഥാന വ്യാപകമായി തെരെഞ്ഞെടുത്ത് ഡപ്യൂട്ടേഷനിൽ നിയമിക്കുക.

## ഷോളയൂർ പഞ്ചായത്തിലെ ട്രൈബൽ ഹോസ്റ്റൽ സൗകര്യം

| ക്രമ നമ്പർ | ഹോസ്റ്റലിൻെറ പേര് | അഡ്മിഷൻ സൗകര്യം | | നിലവിലുള്ളത് | | കുറിപ്പുകൾ |
|---|---|---|---|---|---|---|
| | | ആൺ | പെൺ | ആൺ | പെൺ | |
| 1. | ഷോളയൂർ പ്രീമെട്രിക് ഹോസ്റ്റൽ ബോയ്സ് | 60 | - | 59 | - | അക്കോമഡേറ്റ് ചെയ്യാവുന്ന മുഴുവൻ കുട്ടികളേയും ചേർക്കാത്തത് തന്നെ വീഴ്ചയാണ്. |
| 2. | ഷോളയൂർ പ്രീമെട്രിക് ഹോസ്റ്റൽ ഗേൾസ് | - | 60 | - | 58 | |
| 3. | കോട്ടത്തറ പ്രീമെട്രിക് ഹോസ്റ്റൽ | - | 60 | - | 54 | |
| | ആകെ | 60 | 120 | 59 | 112 | |

## ഷോളയൂർ പഞ്ചായത്തിലെ സ്കൂളുകളുടെ വിവരം

| സ്കൂളുകളുടെ പേര് | SC/ST ആൺകുട്ടികൾ | | SC/ST പെൺകുട്ടികൾ | | ആകെ | ജനറൽ | | ആകെ മൊത്തം |
|---|---|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | | ആൺ | പെൺ | |
| 1. ഷോളയൂർ GTUP സ്കൂൾ | 189 | 38.6 | 202 | 40.5 | 391 | 67 | 41 | 499 |
| 2. GUPS, കോട്ടത്തറ | 225 | 25.0 | 285 | 31.66 | 310 | 225 | 165 | 900 |
| 3. GTUPS സ്കൂൾ, മട്ടത്തുക്കാട് | 85 | 36.63 | 73 | 31.46 | 158 | 40 | 34 | 232 |
| 4. ആരോഗ്യമാതാ LPS, കോട്ടത്തറ | 56 | 18.04 | 30 | 9.55 | 86 | 70 | 158 | 314 |
| 5. ആരോഗ്യമാതാ സ്കൂൾ, കോട്ടത്തറ | 113 | 18.83 | 115 | 18.9 | 228 | 191 | 190 | 609 |
| 6. GTUPS, കുലുകൂർ | 43 | 40.56 | 46 | 43.4 | 89 | 10 | 7 | 106 |
| 7. GTWLP, കത്താളക്കണ്ടി | 45 | 46.39 | 47 | 48.45 | 92 | 4 | 1 | 97 |
| 8. GLPS, കോട്ടമല | 44 | 35.77 | 39 | 31.70 | 83 | 15 | 15 | 113 |
| ആകെ | 800 | 27.77 | 837 | 29.6 | 1637 | 622 | 611 | 2807 |

8. (1) ഭൂനിയമം സമയബന്ധിതമായി നീതി പൂർവ്വം നടപ്പാക്കുക.

   (2) വൻകിടക്കാർ കൈവശം വച്ചിരിക്കുന്ന ഭൂമിയെക്കുറിച്ച് അന്വേഷണം നടത്തുക.

9. അനധികൃതമായി വനഭൂമി കൈവശം വച്ചിരിക്കുന്നവരിൽ നിന്നു പിടിച്ചെടുത്ത് ഭൂമിയില്ലാത്തവർക്ക് വിതരണം ചെയ്യുക.

10. ആദിവാസികളുടെ കൃഷിഭൂമി കൃഷി ചെയ്യിക്കുന്നതിനുവേണ്ടി സാക്ഷരതയുമായി ബന്ധപ്പെടുത്തി സമയബന്ധിത പരിപാടി ആവിഷ്കരിക്കുക.

11. ജാതി സർട്ടിഫിക്കറ്റുകളും, വരുമാന സർട്ടിഫിക്കറ്റുകളും പഞ്ചായത്തു തലത്തിൽ വിതരണം ചെയ്യാൻ സംവിധാനം

ഒരുക്കുക.

12. (1) അട്ടപ്പാടിയിലെ ന്യായവില ഷോപ്പുകളിലെ ഇന്നുവരെ യുള്ള പ്രവർത്തനം ജുഡിഷ്യൽ അന്വേഷണ കമ്മിഷനെ നിയമിച്ച് അന്വേഷിക്കുക.

(2) ജുഡിഷ്യൽ അന്വേഷണം നടത്തി റിപ്പോർട്ട് സമയ ബന്ധിതമായി പ്രസിദ്ധപ്പെടുത്തുക.

13. അട്ടപ്പാടി താലൂക്കും, റവന്യൂ ഡിവിഷനും, വിദ്യാഭ്യാസ ജില്ലയും ഉടൻ അനുവദിക്കുക.

14. വന പരിപാലനത്തിന് തദ്ദേശവാസികളുടെ മക്കളെ തെരഞ്ഞെടുത്ത് നിയമിക്കുക.

15. (1) അട്ടപ്പാടി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ അന്വേഷിച്ച് കണക്കുകൾ ആഡിറ്റുചെയ്യുക.

(2) സന്നദ്ധ സംഘടനകളുടെ പ്രവർത്തനം നിയന്ത്രിക്കുക.

16. അട്ടപ്പാടിയിൽ ഊർജ്ജിത ടൂറിസ വികസന പരിപാടികൾ നിരോധിക്കുക.

17. അട്ടപ്പാടിയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥാപിക്കുക.

18. ആദിവാസികളും, ഹരിജനങ്ങളുമായ മുഴുവൻ കുട്ടികൾക്കും ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുക.

19. കലാ സാംസ്കാരിക നിലയങ്ങൾ പഞ്ചായത്തു തലത്തിലും, എല്ലാ ഊരുകളിലും വായനശാലകളും സ്ഥാപിക്കുക.

20. കൊടുങ്കരപ്പള്ളം പുനരുജ്ജീവിപ്പിക്കുക.

21. സംസ്ഥാനതല യുവജനോത്സവ വേദികളിൽ ആദിവാസി ക്കുമ്മിയും, നാടകവും മത്സരയിനമായി ഉൾപ്പെടുത്തുക.

22. നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തുനടത്തു ന്നതിനായി ഒരു സഹകരണ സംഘം രൂപീകരിക്കുക.

23. അലോപതി, ഹോമിയോ, ആയുർവേദ, പാരമ്പര്യ ചികിത്സാ വിഭാഗങ്ങളുടെ സംയുക്ത പഠന ഗവേഷണ ചികിത്സാ കേന്ദ്രം എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടി ഷോളയൂർ കേന്ദ്രമാക്കി സ്ഥാപിക്കുക.

24. കോഴിക്കോട്, കോയമ്പത്തൂർ സ്റ്റേറ്റ് ഹൈവേ മണ്ണാർ ക്കാട്, കാഞ്ഞിരപ്പുഴ, ഒമ്മല, കാരറ, ചിറ്റൂർ, ഷോളയൂർ, വെള്ളകുളം, ഗംഗൽ, ചെമ്പകരവഴി മലയോര ഹൈവേ ഏർപ്പെടുത്തുക.

25. ആദിവാസി കലാ രൂപങ്ങളായ കുമ്മി, കൂത്ത്, നാടൻ ശീലുകൾ എന്നിവ കേരള സംഗീത നാടക അക്കാദമി യിൽ പഠനവിഷയമാക്കുക.

26. അട്ടപ്പാടി കേന്ദ്രമാക്കി കൺസ്യൂമർ പ്രൊട്ടക്ഷൻ ഫോറം രൂപീകരിക്കുവാൻ മുൻകൈ എടുക്കുക.

27. നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധന പരിഹരിക്കാൻ കൺസ്യൂമർ സംഘം രൂപീകരിക്കുക.

28. എല്ലാ കോളനികളിലും കംമ്പോസ്റ്റ് കുഴികൾ നിർമ്മിച്ചു കൊടുക്കുക.

29. വനിതാ പീഡനത്തിനും, ചൂഷണത്തിനും എതിരായി അന്വേഷണം നടത്തി ഊർജ്ജിത നടപടി സ്വീകരി ക്കുന്നതിന് ഒരു സിറ്റിംഗ് ജഡ്ജിയുടെ നേതൃത്വത്തിൽ ഒരു വനിതാ കമ്മീഷനെ നിയമിക്കുക.

✣ ✣ ✣

# 6 ഉപസംഹാരം

ഗ്രാമതല ആസൂത്രണം നമ്മുടെ രാഷ്ട്രപിതാവിൻെറ സ്വപ്നങ്ങളിൽ ഒന്നായിരുന്നു. അത് പ്രവർത്തന പഥത്തിലെത്തിക്കുവാൻ നമുക്ക് ലഭിച്ച അവസരം പാഴാക്കാതെ നോക്കേണ്ടത് ഓരോ ഭാരതീയൻെറ കടമയും കർത്തവ്യവുമാണ്. നമുക്ക് എന്താണുള്ളത് എന്ന് കണ്ടെത്തി നമുക്കുള്ള ഭൂജലവിഭവങ്ങളെ അടിസ്ഥാനപ്പെടുത്തി, നമ്മുടെ പാരമ്പര്യ സംസ്കാരങ്ങളെ നിലനിർത്തികൊണ്ടുതന്നെ കാർഷികമേഖലയിലെ ഉല്പാദന വർദ്ധനവും വ്യാവസായിക മേഖല യിലെ ഉല്പാദനവും അതുവഴി നമ്മുടെ പഞ്ചായത്തിൻെറ രൂക്ഷമായ തൊഴിലില്ലായ്മക്ക് ഒരു ശാശ്വതപരിഹാരമാർഗ്ഗവും നമ്മുടെ ചിന്താധാരയിൽ നിന്ന് ഉരുത്തിരിഞ്ഞ് വർത്തനമേഖലയിൽ എത്തിചേർന്ന്, വികസന സാധ്യതകൾ ഉൾക്കൊള്ളണമെന്നത് ഉത്തരം കിട്ടാത്ത ഒരു സമസ്യയല്ല. അതുകൊണ്ട് തന്നെ നാം ഓരോരുത്തരും അന്വേഷണത്വരയോടെ ഇന്ത്യയുടെ ആത്മാവിനെ കണ്ടെത്താനുള്ള ദിശാപ്രയാണം വളരെ മുമ്പ് തന്നെ ആരംഭിക്കേണ്ടതായിരുന്നു എന്നത് പരമാർത്ഥമാണ്.

അലസതയും അലക്ഷ്യബോധപ്രവർത്തനങ്ങളും, വിവിധ മേഖലകളിലെ ഏകോപന പ്രവർത്തനങ്ങളുടെ സംയോ ജനമില്ലായ്മയും ഒരു പരിധിവരെ നമ്മുടെ പഞ്ചായത്തിൻെറ വികസന ഉല്പാദന മേഖലകളെ പാടേ തകിടം മറിച്ചിരിക്കുകയാണ്. പ്രതിബദ്ധതയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിന് നാം ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സങ്കുചിത ചിന്താഗതിയോടെ യുള്ള ദോഷൈകദൃക്കുകളുടെ ഉപരിപ്ലവമായ കുറ്റപ്പെടുത്തലുകൾക്ക് പകരം പ്രോത്സാഹജനകവും ക്രിയ ാത്മകവും ആയ നിർദ്ദേശങ്ങളാണ് നമ്മുടെ ഇടയിൽ നിന്ന് ഉയർന്നുവരേണ്ടത് എന്നുള്ളത് ഇവിടെ പ്രസ്താവ്യമാണ്.

നിലവിലുള്ള വികസന സമീപനം അശാസ്ത്രീയവും ജനവിരുദ്ധവുമാണ്. ഉല്പാദനവികസന പ്രക്രിയകൾ വീക്ഷണത്തിൽ നിന്നും അന്യം നിൽക്കുകയാണ്. കാർഷിക വ്യവസായിക മേഖലകളുടെ വളർച്ചയിലൂടെ സേവന മേഖല വികസിപ്പിക്കുന്ന വികസിത തന്ത്രമാണ് ഇന്നാവശ്യം. വകുപ്പുകളുടെ വികസനേതര താൽപര്യങ്ങളിൽ കുരുങ്ങിക്കിടക്കുന്ന ഇന്നത്തെ നില പരിപൂർണ്ണമായും മാറ്റിയെ ടുക്കണം. സാർവത്രികമായ അഴിമതിയിൽ നിന്ന് വികസനരംഗം വിമോചിപ്പിക്കപ്പെടണം. ജനപങ്കാളിത്തവും ജനജാഗ്രതയും ഊട്ടിവളർത്തി വികസനപ്രക്രിയ ഊർജ്ജസ്വലമാക്കുകയാണ് ഇനി നാം ചെയ്യേണ്ടത്.

ഫണ്ടില്ലാതെ വികസനം സാധ്യമല്ല. ഫണ്ട് സമാഹരണത്തിന് പുതിയ പാതകൾ വെട്ടിത്തുറക്കുവാൻ നമ്മുടെ പഞ്ചായത്തിനാകണം. പ്രകൃതി വിഭവവും മനുഷ്യവിഭവ ശക്തിയും ധാരാളമുള്ള നമ്മുടെ പഞ്ചായത്തിൻെറ വികസനസ്രോതസ്സ് പ്രധാനമായും ഈ ശക്തികളെ സം യോജിപ്പിച്ച് എങ്ങനെ ഉപയോഗപ്പെടുത്താമെന്നുള്ളതിനെ ആശ്രയിച്ചിരിക്കുന്നു.

പ്രകൃതിവിഭവങ്ങൾ, ജനവിഭവങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി ചരിത്രപരമായ സാമൂഹ്യ ബന്ധങ്ങളെ വിശകലനം ചെയ്ത് പ്രായോഗിക ബുദ്ധിയോടെ നമ്മുടെ പദ്ധതികൾ രൂപപ്പെടുത്തുവാൻ കഴിയണം.

ആസൂത്രണം അടിത്തട്ടിൽ നിന്ന് മേല്പോട്ട് ആവുന്നത് മൂലമുള്ള ജനാധിപത്യപരമായ നേട്ടങ്ങൾക്കൊപ്പമാണ് ഈ വികസനമുന്നേറ്റം നേടാവുന്നത്. ജനക്രീയാസൂത്രണപദ്ധതി, ജനങ്ങളുടെ പ്രത്യാശകളെ ഉണർത്തി നിരാശരാക്കുന്നതിനുപകരം ജനോപകാരപ്രദമായ ജനകീയ പദ്ധതികൾ വളരെ പെട്ടെന്ന് ഫലപ്രദമായി നടപ്പാക്കാനുള്ള സാമൂഹ്യായുധമാണ്.


അതുകൊണ്ട് തന്നെ നമ്മുടെ ഗ്രാമ പഞ്ചായത്തിൻെറ സമഗ്രവികസന രേഖ സമ്പുഷ്ടമാക്കി പദ്ധതികൾ സമ്പൂർണ്ണമായി നടപ്പിലാക്കാനുള്ള പ്രതിബദ്ധത നാം നിലനിർത്തിയേ തീരു എന്ന മത്സരബുദ്ധിയോടെയുള്ള കാഴ്ചപ്പാട് ഉണ്ടാകണം. കക്ഷിരാഷ്ട്രിയത്തിനതീതമായി ജനത ഒറ്റക്കെട്ടായി കർമ്മശേഷിയോടെ നമ്മുടെ പഞ്ചായത്തിൻെറ വികസനപാതകൾ വെട്ടിത്തുറക്കണം.

ഗ്രാമസഭകളുടെ ജനകീയ ശക്തിയിൽ, ഗ്രാമവികസനത്തിന്നൊരു വേലിയേറ്റം സൃഷ്ടിക്കുവാൻ നമുക്ക് കഴിയും, കഴിയണം. ജനശക്തിയുടെ ഗഹനതയിൽ മഹത്തരമായ നമ്മുടെ പ്രതീക്ഷകൾ നിറവേറ്റാൻ വരുംകാലങ്ങളിൽ നമ്മുടെ ക്രിയാത്മകമായ പ്രവർത്തനങ്ങൾക്ക് കഴിയുമെന്ന പ്രത്യാശയോടെ ഈ സമഗ്രവികസനരേഖ ഷോളയൂർ ഗ്രമപഞ്ചായത്ത് വികസനസെമിനാറിന് മുമ്പാകെ സമർപ്പിക്കുന്നു. വിശദമായ വിശകലനത്തിനും ചർച്ചയ്ക്കും പരിഷ്ക്കരണത്തിനും വേണ്ടിയുള്ള നിർദ്ദേശങ്ങൾക്കായി . . . . . .



7

# കൂപ്പുകൈകളോടെ . . . . . . . . . . .



ഷോളയൂർ ഗ്രാമപഞ്ചായത്തിൻെറ സമഗ്രവികസനത്തിന് അടിത്തറയാകേണ്ടുന്ന കരട് വികസന രേഖ പൂർത്തിയായി കഴിഞ്ഞിരിക്കുകയാണ്. കാർഷിക വ്യാവസായിക സേവന മേഖലകളിൽ വളരെയധികം പിറകിൽ നിൽക്കുന്ന പഞ്ചായത്താണിതെന്നുള്ള പരമാർത്ഥം അംഗീകരിക്കുന്നു. ഗ്രാമസഭയിൽ നിന്നും മറ്റ് പ്രവർത്തന തലങ്ങളിൽ നിന്നും ലഭിച്ച ക്രിയാത്മക നിർദ്ദേശങ്ങൾ, മുൻഗണനാക്രമത്തിൽ തന്നെ നടപ്പാക്കുവാൻ ഭരണസമിതി തീരുമാനിച്ചിരിക്കുകയാണ്. ഇത്തരം പ്രവർത്തനം വിജയിപ്പിക്കണമെങ്കിൽ ജനപങ്കാളിത്തവും നടത്തപ്പെടുന്ന പ്രവർത്തനങ്ങളിൽ ജനജാഗ്രതയും ആവശ്യമാണ്. ജനങ്ങളുടെ ആത്മാർത്ഥമായ പങ്കാളിത്തവും, താൽപര്യപൂർവ്വമുള്ള ജാഗ്രതയും, കൂടാതെ സദുദ്ദേശപൂർണ്ണമായ നിർദ്ദേശങ്ങളും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കട്ടെ ! ഗ്രാമസഭകളും ഗ്രാമസഭകളിൽ പങ്കെടുക്കുന്ന ജനങ്ങളും അവരുടെ കർമ്മശേഷിയുമാണ് നമ്മുടെ പ്രവർത്തനങ്ങളുടെ കാതൽ എന്ന് ഒരിക്കൽകൂടി ഓർമ്മിപ്പിക്കട്ടെ. നമുക്ക് ഒത്തുചേർന്ന് നമ്മുടെ പഞ്ചായത്തിൻെറ വികസനപ്രവർത്തനങ്ങളിൽ പങ്കാളികളാവാം.

നടത്തപ്പെടേണ്ട വികസന പ്രവർത്തനങ്ങളുടെ അടിസ്ഥാന പ്രമാണമായ വികസന കരടുരേഖ തയ്യാറാക്കുന്നതിൽ നാം വിജയിച്ചു. ഇതിന് വേണ്ടി പ്രകൃതിപഠനപര്യടനങ്ങൾ, സെമിനാറുകൾ, വാർഡുതല സാമൂഹ്യ സാമ്പത്തിക സർവ്വെ, ഉദ്യോഗസ്ഥതല ചർച്ചകൾ, ദ്വിതീയ സ്ഥിതിവിവര കണക്കുകൾ ശേഖരണം എന്നിവ തയ്യാറാക്കുന്നതിലേക്കായി വളരെ യേറെ പ്രവർത്തനങ്ങൾ നിസ്വാർത്ഥസേവകരായി നമ്മൾ ചെയ്തു തീർത്തത് തന്നെ ആശാവഹമാണ്.

ഇതിന് വേണ്ടി രാപകലില്ലാതെ അദ്ധ്വാനിച്ച ഗ്രാമസഭ കൺവീനർമാരും, എൻ. ആർ. പി.മാരും, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും, അദ്ധ്യാപകരും, ജനപ്രതിനിധികളും, വിവിധ രാഷ്ട്രീയ സാമൂഹ്യ സന്നദ്ധ സംഘടനാ പ്രതിനിധികളും, പഞ്ചായത്ത് ജീവനക്കാരും, ജില്ലാതല പരിശീലനം നേടിയവരോടൊപ്പം പ്രവർത്തിച്ചിട്ടുണ്ട്. നിസ്വാർത്ഥമായി സേവനം കാഴ്ചവച്ച എല്ലാ വിഭാഗത്തിൽ പെട്ടവരോടും ഹൃദയത്തിൻെറ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം വികസന പ്രവർത്തനങ്ങളിൽ നമ്മുടെ പങ്കാളിത്തം പരിപൂർണ്ണമായും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

**ആർ. മോഹനൻ**

പ്രസിഡണ്ട്, ഷോളയൂർ ഗ്രാമ പഞ്ചായത്ത്

# സമഗ്രവികസനരേഖ തയ്യാറാക്കുന്നതിന് സഹായിച്ച കോർഗ്രൂപ്പ് അംഗങ്ങൾ

കൺവീനർ : പി. ജി. ജെയിംസ്

### വനിതാക്ഷേമം, സംസ്കാരം
1. സിസ്റ്റർ. മിനി മാത്യു
2. ശ്രീമതി. ലീലാമ്മ
3. ശ്രീമതി. ത്രേസ്യമ്മ
4. ശ്രീമതി. രാധടീച്ചർ
5. ശ്രീമതി. ധനരക്ഷമി എം. കെ.
6. ശ്രീമതി. ശെൽവി ചാവടിയൂർ

### മണ്ണ് സംരക്ഷണം, കുടിവെള്ളം
1. ശ്രീ. കെ. എസ്. ജോയി
2. ശ്രീ. സോമൻ
3. ശ്രീ. മാധവൻ വണ്ണാന്തറ
4. ശ്രീ. പി. ദേവരാജ്
5. ശ്രീ. ജി. രവീന്ദ്രൻ പിള്ള
6. ശ്രീ. സി. നാരായണൻകുട്ടി
7. ശ്രീ. ജോബി കെ. ഡേവിഡ്

### വിദ്യാഭ്യാസം
1. ശ്രീ. എസ്. എൻ. ദാസൻ
2. ശ്രീ. എ. രാജേന്ദ്രൻ
3. ശ്രീ. ഡി. ക്രിസ്തുദാസ്
4. ശ്രീ. പി. രാമകൃഷ്ണൻ
5. ശ്രീ. സി. ജി. മോഹൻദാസ്
6. ശ്രീ. വി. ഒ. കുമാരൻ

### പട്ടിക ജാതി/പട്ടിക വർഗ്ഗ ക്ഷേമം
1. ശ്രീ. ടി. ആർ. ചന്ദ്രൻ
2. ശ്രീ. കെ. എൽ. കൃഷ്ണൻ
3. ശ്രീ. ടി. എം. ബേബി
4. ശ്രീ. നഞ്ചൻ
5. ശ്രീ. പി. സി. നാരായണൻ
6. ശ്രീ. എം. ആർ. നഞ്ചപ്പൻ
7. ശ്രീ. എൻ. എൽ. പുഷ്പ

### കൃഷി, ജലസേചനം
1. ശ്രീ. കെ. രാധാകൃഷ്ണൻ
2. ശ്രീ. എം. സി. ആറുമുഖൻ
3. ശ്രീമതി. എം. സി. ടെസ്സിജേക്കബ്
4. ശ്രീ. മരുതൻ കടമ്പറ
5. ശ്രീ. കെ. ആർ. സോമനാഥൻ
6. ശ്രീ. കെ. ചന്ദ്രൻ

### വ്യവസായം
1. ശ്രീമതി. എ. ഓമന
2. ശ്രീ. കെ. എൻ. സുകുമാരൻ
3. ശ്രീ. എസ്. പി. രാമചന്ദൻ
4. ശ്രീ. അസൈനാർ
5. ശ്രീ. എ. ജസ്റ്റസ്
6. ശ്രീ. ജവഹർ
7. ശ്രീ. എ. കെ. അച്ചൻകുഞ്ഞ്

### പരിസ്ഥിതി, വിഭവസമാഹരണം
1. ശ്രീ. കെ. ശങ്കരൻ
2. ശ്രീ. രാജൻ ഫിലിപ്പ്
3. ശ്രീമതി. എൻ. പി. മല്ലിക
4. ശ്രീ. എം. ജി. തങ്കമ്മണി
5. ശ്രീ. ടി. കസ്തൂരിഭായി
6. ശ്രീ. ശിവൻ വി. വി.

### സാമൂഹ്യക്ഷേമം, പാർപ്പിടം
1. ശ്രീ. എൻ. ഷൺമുഖൻ
2. ശ്രീമതി. രാജമ്മ
3. ശ്രീ. എം. എം. ഷാജി
4. ശ്രീ. എൻ. നാഗരാജ്
5. ശ്രീ. പി. കെ. കാർത്തികേയൻ
6. ശ്രീ. കെ. രാമകൃഷ്ണൻ

### ആരോഗ്യം, സഹകരണം
1. ശ്രീ. വി. പൗലോസ്
2. ശ്രീ. വി. കെ. രങ്കസ്വാമി
3. ശ്രീ. എൻ. കെ. വിജയൻ
4. ശ്രീ. കെ. വി. ഇലിയാസ്
5. ശ്രീമതി. ആർ. ചെല്ലമ്മ
6. ഡോ. മുരളീധരൻ

### മൃഗസംരക്ഷണം
1. ശ്രീ. എം. എ. സുരേഷ്കുമാർ
2. ശ്രീ. വി. ശെൽവരാജ്
3. ശ്രീ. കെ. സേതുമാധവൻ
4. ശ്രീ. ശശികുമാർ
5. ഡോ. ആർ. എസ്. രാമസ്വാമി VSVD


### ഊർജ്ജം, ഗതാഗതം
1. ശ്രീമതി. അമ്മിണി ജോസഫ്
2. ശ്രീമതി. ബിന്ദുകണ്ണൻ
3. ശ്രീമതി. സൂസമ്മ ടീച്ചർ
4. ശ്രീ. എം. ആർ. ദേവരാജ്
5. ശ്രീ. എ. രവീന്ദ്രൻ
6. ശ്രീ. ചിന്നസ്വാമി
7. ശ്രീ. എം. സി. വേലായുധൻ
8. ശ്രീ. ആബൂബക്കർ സിദ്ദഖ്
9. ശ്രീ. എം. ഇ. ദിവാൻ
10. ശ്രീ. ജെ. പ്രഭാകരൻ

### നാട്ടറിവ്, ചരിത്രം
1. ശ്രീ. വി. ഒ. കുമാരൻ
2. ശ്രീമതി. എൻ. സി. പുഷ്പ
3. ശ്രീമതി. മരുതി
4. ശ്രീ. ചൊറിയമൂപ്പൻ

# അട്ടപ്പാടി ബ്ലോക്ക്


തമിഴ്നാട് - നീലഗിരി
പുതൂർ പഞ്ചായത്ത്
മലപ്പുറം
ജില്ല
കോയമ്പത്തൂർ
കോട്ടത്തറ
ആനകട്ടി
അഗളി
അഗളി പഞ്ചായത്ത്
ഷോളയൂർ
ഗ്രാമ പഞ്ചായത്ത്
മുക്കാലി
മണ്ണാർ-
ക്കാട്
N
W
E
S
തമിഴ്നാട്
വീരപാണ്ഡി
പഞ്ചായത്ത്
സംസ്ഥാന അതിർത്തി
ജില്ലാ അതിർത്തി
റോഡുകൾ

# പാലക്കാട് ജില്ല



കോയമ്പത്തൂർ
ഷോളയൂർ
മലപ്പുറം
തമിഴ്നാട്
മണ്ണാർക്കാട്
മലപ്പുറം
പട്ടാമ്പി
ഒറ്റപ്പാലം
പാലക്കാട്
വാളയാർ
കോയ-മ്പത്തൂർ
ചിറ്റൂർ
പൊന്നാനി
ആലത്തൂർ
പൊള്ളാച്ചി
NH 47
തൃശൂർ
തൃശൂർ
സംസ്ഥാന അതിർത്തി
ജില്ലാ അതിർത്തി
റോഡുകൾ
N
W
E
S